# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കേന്ദ്രാവിഷ്കൃത പദ്ധതികളും

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുക്കാവ്, തൃശൂർ -680581

# തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും കേന്ദ്രാവിഷ്കൃത പദ്ധതികളും

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുക്കാവ്, തൃശൂർ

## Editorial Board

September2012
Chief Editor :
Dr. P. P. Balan
Director,KILA
Editor:
Dr. Peter.M.Raj
Faculty, KILA
Associate Editor:
Sri. M.K.Ravindranathan
Consultant, Help Desk, KILA
D.T.P
VinithaRavi


**Published by**
Kerala Institute of Local Administration
Mulamkunnathukavu, Thrissur – 680581
Phone: 0487-2201768, 2200244 (Office
0487-2201312 (Director)
0487-2201062 (Fax)
e-mail: mail@kilaonline.org
Website : www.kilaonline.org

## എഡിറ്റോറിയൽ ബോർഡ്,

സെപ്റ്റംബർ 2012
ചീഫ് എഡിറ്റർ :
ഡോ. പി.പി. ബാലൻ
ഡയറക്ടർ, കില
എഡിറ്റർ : .
ഡോ. പീറ്റർ.എം.രാജ്
ഫാക്കൽറ്റി , കില
അസോസിയേറ്റ് എഡിറ്റർ
ശ്രി. എം.കെ. രവീന്ദ്രനാഥൻ
കൺസൽട്ടന്റ്, ഹെൽപ്പ് ഡെസ്ക്ക്, കില
ഡി.ടി.പി.
വിനിതരവി

**പ്രസാദനം :**
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനി
സ്ട്രേഷൻ, മുളങ്കുന്നത്തുകാവ്, തൃശൂർ 680581
ഫോൺ : 04872201768, 2200244 (ഓഫീസ്)
04872201312(ഡയറക്ടർ)
04872201062 (ഫാക്സ്)
ഇ-മെയിൽ : mail@kilaonline.org
വെബ്സൈറ്റ്: www.kilaonline.org

## സന്ദേശം




സാമൂഹ്യ നീതിയും ദാരിദ്ര്യ നിർമ്മാർജ്ജവും സാധ്യമാക്കുന്നിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ സുപ്രധാന പങ്കാണ് നിർവ്വഹിക്കുന്നത്. പദ്ധതികളുടെ ആനുകൂല്യങ്ങൾ സാധാരണക്കാരായ ജനങ്ങൾക്ക് യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിൽ ദാരിദ്ര്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട തൊഴിലുറപ്പ് പദ്ധതി, സ്വയംതൊഴിലുമായി ബന്ധപ്പെട്ട ദേശീയ ഗ്രാമീണ ഉപജീവന മിഷൻ, നഗര പ്രദേശങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയായ സ്വർണ്ണ ജയന്തി ഷെഹരി റോസ്ഗാർയോജന, ശുചിത്വവുമായി ബന്ധപ്പെട്ട സമ്പൂർണ്ണ ശുചിത്വമിഷൻ പരിപാടികൾ, വിവിധ സാമൂഹ്യക്ഷേമ പെൻഷനുകളും കുടുംബക്ഷേമ പദ്ധതികളും, വിദ്യാഭ്യാസ രംഗത്തെ സർവ്വ ശിക്ഷ അഭിയാൻ, ആരോഗ്യ രംഗത്തെ ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ പ്രവർത്തനങ്ങൾ, കൃഷിയും മണ്ണ് ജല ജൈവ വൈവിദ്ധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ, ശിശു, വൃദ്ധ, വനിത, വികലാംഗക്ഷേമ പരിപാടികൾ, ദുർബല വിഭാഗങ്ങൾക്കായുള്ള പ്രത്യേകിച്ച് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക പരിപാടികൾ, സാമൂഹ്യ തിൻമകൾ ഉൻമൂലനം ചെയ്യുന്നതിനുള്ള പരിപാടികൾ എന്നിവ ചിലതു മാത്രമാണ്. ഈ പദ്ധതികളുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് നൂറ് ശതമാനവും ഉറപ്പു വരുത്തുന്നതിന് സംസ്ഥാന സർക്കാരുകൾക്കെന്നപോലെ പ്രാദേശിക സർക്കാരുകൾക്കും ബാധ്യതയുണ്ട്. അതുകൊണ്ട് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ചുള്ള അവബോധം തദ്ദേശഭരണസ്ഥാപനങ്ങളിലെ എല്ലാ ജനപ്രതിനിധികൾക്കുമെന്നപോലെ സാധാരണ ജനങ്ങൾക്കും ഉണ്ടാകേണ്ടതാണ്.. അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിൽ പ്രധാന പങ്കു വഹിക്കുന്ന കിലയ്ക്ക് ഇക്കാര്യത്തിൽ പ്രത്യേകം പങ്കു വഹിക്കാനാകും. ഇതിന്റെ ഭാഗമായി ഇത്തരം ഒരു സംരംഭം ഏറ്റെടുക്കുന്ന കിലയെ പ്രത്യേകം അഭിനന്ദിക്കുന്നു. ഈ കൈപുസ്തകം തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഒരു മുതൽ കൂട്ടായിരിക്കുമെന്ന് നിസ്സംശയം പറയാം. കൂടാതെ വികസന കാര്യങ്ങളിൽ നാടിന്റെ ഭാഗവാക്കാകേണ്ട സാധാരണക്കാർക്ക് ഈ പുസ്തകം ഏറെ ഉപകരിക്കും. ഇതിനായി പ്രവർത്തിച്ച കില ഡയറക്ടർ, ഡോക്ടർ. പി.പി. ബാലൻ, ഉദ്യോഗസ്ഥർ, ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവർ എന്നിവരെയെല്ലാം പ്രത്യേകം പ്രത്യേകം അനുമോദിക്കുന്നു.

ഉമ്മൻചാണ്ടി
കേരള മുഖ്യമന്ത്രി.

തിരുവനന്തപുരം
05.09.2012

## അവതാരിക



കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനങ്ങളുടെ വികസനത്തിൽ മുഖ്യമായ പങ്ക് വഹിക്കുന്നുണ്ട്. ദേശീയ തലത്തിലുള്ള നയരൂപീകരണത്തിന്റെ ഭാഗമായാണ് ഈ പദ്ധതികൾ ആവിഷ്ക്കരിക്കുന്നത്. ഇവ നടപ്പിലാക്കുന്നതിൽ സംസ്ഥാനങ്ങൾ പ്രാദേശിക തലത്തിൽ ചില ബുദ്ധിമുട്ടുകൾ നേരിടേണ്ടതായും വരാറുണ്ട്. എന്നാൽ കേന്ദ്രസർക്കാരുമായി നിരന്തര ഇടപെടലുകൾ നടത്തി ആയതിന് സംസ്ഥാന സർക്കാർ പരിഹാരവും കണ്ടുവരുന്നു. ഇതിൽ ഏറ്റവും ശ്രദ്ധയാർജിച്ച ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരളത്തിനനുയോജ്യമായ രീതിയിൽ ഈയിടെ പരിഷ്ക്കരിച്ചത് ശ്രദ്ധേയമാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഇതിന്റെ നടത്തിപ്പിൽ മാതൃകയായാണ് കണക്കാക്കുന്നത്. പ്രധാനപ്പെട്ട പല കേന്ദ്രാവിഷ്കൃത പദ്ധതികളുടേയും നടത്തിപ്പ് ഇന്ന് കേരളത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളിലൂടെയാണ്. തൊഴിലുറപ്പ് പദ്ധതി, ദേശീയ ഗ്രാമീണ ഉപജീവനമിഷൻ വഴിയുള്ള സ്വയംതൊഴിൽ പദ്ധതികൾ, ശുചിത്വമിഷൻ പരിപാടികൾ, വിവിധ ക്ഷേമപെൻഷനുകൾ, സാമൂഹ്യക്ഷേമപെൻഷനുകൾ, സാമൂഹ്യക്ഷേമപരിപാടികൾ എന്നിവ ഇതിൽ ചിലതു മാത്രമാണ്. കേരളത്തിലെ വികേന്ദ്രീകൃത ഭരണത്തിന്റെ ശക്തി ഇത് തെളിയിക്കുന്നു. ഇവിടുത്തെ ശക്തമായ പ്രാദേശിക സർക്കാരുകൾ അതിന് പ്രാപ്തവുമാണ്. ബാക്കിയുള്ള പല പരിപാടികളും വിവിധ സർക്കാർ വകുപ്പുകൾ മുഖേന നിർവ്വഹിക്കപ്പെടുന്നു. എന്നാൽ ഈ പദ്ധതികളും പ്രാദേശിക സർക്കാരുകളുടെ ഇടപെടലുകൾക്കും ചർച്ചകൾക്കും വിധേയമാണ്. സർവ്വശിക്ഷ അഭിയാൻ, ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം, ദുർബല വിഭാഗങ്ങൾക്കായുള്ള പ്രത്യേക പരിപാടികൾ, അടുത്തകാലത്ത് ആരംഭിച്ച ജനനീ ശിശു സുരക്ഷയോജന എന്നിവയുടെ നടത്തിപ്പിലും തദ്ദേശഭരണസ്ഥാപനങ്ങളുടെ ഇടപെടൽ അനിവാര്യമാണ്. കൂടാതെ എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനവും സംയോജനവും തദ്ദേശഭരണസ്ഥാപനങ്ങൾ അവയുടെ വികസന പദ്ധതികൾ തയ്യാറാക്കുവാൻ പരിഗണിക്കേണ്ടതും സമന്വയിപ്പിക്കേണ്ടതും ഗ്രാമസഭയുടെ ചർച്ചയ്ക്കു വിധേയമാക്കേണ്ടതുമാണ്. ആയതിനാൽ തന്നെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ചുള്ള അറിവും അവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളും എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളുടെ സാരഥികളും അതുമായി ബന്ധപ്പെട്ടവരും അനിവാര്യമായി അറിഞ്ഞിരിക്കേണ്ടതുമാണ്.

കില തയ്യാറാക്കിയ ഈ കൈപുസ്തകം പ്രസ്തുത ലക്ഷ്യങ്ങൾ നിറവേറ്റുമെന്നതിൽ എനിക്ക് സന്ദേഹവുമില്ല. ആയതിന് വേണ്ടി പ്രവർത്തിച്ച കില ഡയറക്ടറേയും ബന്ധപ്പെട്ട എല്ലാവരേയും ഞാൻ ഇത്തരുണത്തിൽ അനുമോദനം അറിയിക്കുന്നു. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളെ ക്രോഡീകരിച്ചുകൊണ്ടുള്ള ആദ്യ കൈപുസ്തകം എന്ന നിലയിൽ ഈ സംരംഭത്തിന് പ്രത്യേക പ്രശംസയും ഞാൻ രേഖപ്പെടുത്തുന്നു.

തിരുവനന്തപുരം
05.09.2012

ഡോ.എം.കെ.മുനീർ
പഞ്ചായത്ത് വകുപ്പ് മന്ത്രി

## ആമുഖം



വികേന്ദ്രീകൃത ഭരണം തദ്ദേശഭരണ സ്ഥാപനങ്ങൾക്കു കേരളത്തിൽ പ്രത്യേക ചുമത ലയും വിഹിതവും വേർത്തിരിച്ചു നല്കിയിട്ടുണ്ട്. കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾ അതി നാൽ സുശക്തവുമാണ്. എന്നാൽ വികസനവും ദാരിദ്ര്യ നിർമ്മാർജനവും സമയബന്ധിതമായി കൈവരിക്കുന്നതിന് വേണ്ടവിഭവസമാഹരണം നടത്തുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപന ങ്ങൾക്ക് വേണ്ടത്ര കഴിഞ്ഞിട്ടില്ല. അത് ജനാഭിലാ ഷങ്ങൾ നിറവേറ്റി സാമൂഹ്യ നീതി കൈവരിക്കു ന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. എന്നാൽ പ്രത്യേക ലക്ഷ്യം വെച്ചുകൊണ്ട് കേന്ദ്രസർക്കാർ ദേശീയ തലത്തിൽ പല പരിപാടികൾ നേരിട്ടും സംസ്ഥാനസർക്കാർ വഴിയും നടപ്പിലാക്കിവരുന്നുണ്ട്. അവയിൽ ചിലത് തദ്ദേശഭരണസ്ഥാപനങ്ങളെ നേരിട്ട് നിർവ്വഹണം നടത്തേണ്ടുന്നവയാണ്. എന്നാൽ ഉദ്ദേശിച്ചരീതിയിൽ ഈ പദ്ധതികൾ നിറവേറ്റുന്നതിന് കഴിഞ്ഞിട്ടില്ല. കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ച് വ്യക്തമായ ധാരണ ഇല്ലായ്മ, ഇടപെ ടൽ നടത്തായ്ക, പദ്ധതി ആസൂത്രണത്തിലുള്ള ഏകോപനമില്ലായ്മ, വകുപ്പു കളുടെ താല്പര്യകുറവ്, പദ്ധതി നടത്തിപ്പിലെ ഇരട്ടിപ്പ്, ജനാഭിലാഷം അവഗ ണിച്ചുകൊണ്ടുള്ള വകുപ്പുകളുടെ പദ്ധതി ആസൂത്രണം, നിർവ്വഹണത്തിലെ ജനകീയ പങ്കാളിത്തക്കുറവ്, ജനപങ്കാളിത്തത്തോടുള്ള അവലോകനം നട ത്തായ്ക, മുൻഗണനകൾ, ഗ്രാമസഭവഴി നിശ്ചയിക്കാനുള്ള വൈമനസ്യം എന്നീ കാരണങ്ങളാൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഇക്കാര്യങ്ങൾ പരി പൂർണ്ണമായി നിർവഹിക്കുവാൻ കഴിഞ്ഞിട്ടില്ല. വിവിധ കേന്ദ്രാവിഷ്കൃത പദ്ധ തികളെക്കുറിച്ചുള്ള ലഘു വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു കൈപുസ്തകം തയ്യാറാക്കണമെന്ന നിർദ്ദേശം പ്രാദേശിക സർക്കാർ ജനപ്രതിനിധികളിൽ നിന്ന് നിരന്തരം ഉയർന്നു വരുന്നുണ്ട്. ഈ പശ്ചാത്തലത്തിലാണ് കില വികേ ന്ദ്രീകൃതാസൂത്രണം ശക്തിപെടുത്തുന്നതിന്റെ ഭാഗമായി ഇത്തരത്തിലുള്ള ഒരു യത്നത്തിന് രൂപം നൽകിയതും കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ചു ള്ള കൈപുസ്തകമെന്ന ലക്ഷ്യം പ്രാവർത്തികമാക്കുകയും ചെയ്തീട്ടുള്ളത്. 16 വിഷയമേഖലകലായി 200 ൽപരം സ്കീമുകളാണ് ഇതിൽ പ്രതിപാദിച്ചിട്ടുള ളത്. കൂടുതൽ അപഗ്രഥനത്തിനും വിവരലഭ്യതക്കും ബന്ധപ്പെട്ട വെബ്സൈ റ്റുകളുടെ വിലാസവും കൈപുസ്തകത്തിൽ അനുബന്ധമായി ചേർത്തീട്ടു ണ്ട്. കൂടാതെ പെട്ടെന്നുള്ള ലഭ്യതയ്ക്ക് വിഷയാടിസ്ഥാനത്തിലുള്ള ബന്ധ പ്പെട്ട കോഡുകളും പ്രത്യേകമായി നൽകിയിട്ടുണ്ട്. വിവരണങ്ങൾ ഒഴിവാക്കി നിശ്ചിത പ്രൊഫോർമയിൽ തന്നെയാണ് എല്ലാ സ്കീമുകളും പ്രതിപാദിച്ചിട്ടു ള്ളത്. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ലക്ഷ്യം, ഗുണഭോക്താക്കൾ, അപേക്ഷിക്കേണ്ട വിധം, നിർവ്വഹണം, തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഇടപെ ടാവുന്ന രീതി, തദ്ദേശഭരണസ്ഥാപനത്തിൽ പദ്ധതിയുമായുള്ള ഏകോപന സംയോജന സാധ്യതകൾ, അവലോകനം എന്നിവ ഈ പ്രോഫോർമയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പ്രത്യേക പ്രോജക്ടു കൾ തയ്യാറാക്കി സമർപ്പിക്കാവുന്ന മേഖല സ്കീമുകളും പ്രത്യേകമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആയതിനാൽ തന്നെ ഈ കൈപുസ്തകം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവയുടെ ചുമതലകൾ വിജയകരമായി നിർവ്വഹിക്കുന്ന

തിന് ഒരു മുതൽകൂട്ടാവുമെന്ന് കരുതുന്നു. കേന്ദ്രസർക്കാർ നയമനുസരിച്ചു വരുന്ന പുതിയ സ്കീമുകളും വ്യതിയാനങ്ങളും കാലാകാലങ്ങളിൽ ചേർത്തു കൈപുസ്തകം ഭാവിയിൽ പരിഷ്ക്കരിക്കേണ്ടി വന്നേക്കാം. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ശാക്തീകരണമെന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്ന തിന് ഈ കൈപുസ്തകം വളരെയധികം ഉപകരിക്കും.

കില ഹെൽപ് ഡെസ്ക്കിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഈ കൈപുസ്തകം ചിട്ടപ്പെടുത്തുന്നതിൽ കില ഫാക്കൽടി അംഗങ്ങൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, മറ്റ് ബന്ധപ്പെട്ടവർ തുടങ്ങി എല്ലാവരും പ്രത്യേക പ്രശംസ അർഹിക്കുന്നു.

കില,
07.09.2012

ഡോ.പി.പി.ബാലൻ
ഡയറക്ടർ

# തദ്ദേശഭരണസ്ഥാപനങ്ങളും കേന്ദ്രാവിഷ്കൃത പദ്ധതികളും

**ഒറ്റനോട്ടത്തിൽ**

**I. തദ്ദേശഭരണസ്ഥാപനങ്ങളും കേന്ദ്രാവിഷ്കൃത പദ്ധതികളും -ഏകോപന സംയോജന സാദ്ധ്യതകൾ**

**II.ഗ്രാമവികസനം**

1. സംയോജിത നിർത്തടപരിപാലന പദ്ധതി (IWMP)
2. സ്വർണ്ണജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന (SGSY)
3. ദേശീയ ഗ്രാമീണ ഉപജീവനമിഷൻ (NRLM)
4. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS)
5. ഇന്ദിരാ ആവാസ് യോജന (IAY)
6. പ്രധാനമന്ത്രി ഗ്രാമസഡക് യോജന (PMGSY)
7. നിർമൽ ഭാരത് അഭിയാൻ
8. പിന്നോക്ക മേഖല ഗ്രാന്റ് വിതരണം (BRGF)

**III. കൃഷി**

1. സംസ്ഥാന ഹോൾട്ടികൾച്ചർ മിഷൻ (SHM)
    a. നടീൽ വസ്തുക്കളുടെ ഉല്പാദനം
    b. പുതിയ കൃഷി തോട്ടങ്ങൾ സ്ഥാപിക്കൽ
    c. കൂൺകൃഷി
    d. പുഷ്പകൃഷി
    e. സുഗന്ധ വ്യഞ്ജനങ്ങൾ
    f. പ്ലാന്റേഷൻ വിളകൾ
    g. ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കൽ
    h. സംരക്ഷിതകൃഷി
    i. സംയോജിതകീടരോഗനിയന്ത്രണം
    j. ജൈവകൃഷി
    k. തേനീച്ചവളർത്തൽ
    l. യന്ത്രവത്ക്കരണം
    m. പരിശീലനപരിപാടികൾ
    n. ഉത്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം
    o. വിപണനസൗകര്യങ്ങൾ
2. കാർഷിക മാക്രോ മാനേജ്മെന്റ്
3. അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ATMA)
4. ദേശീയ ബയോഗ്യാസ് വികസന പദ്ധതി
5. കണികജലസേചനവും സ്പ്രിംഗ്ളർ ജലസേചനവും
6. രാഷ്ട്രീയ കൃഷി വികാസ് യോജന
7. ദേശീയഭക്ഷ്യ സുരക്ഷ പദ്ധതി

**IV. മൃഗസംരക്ഷണം**

1. കുളമ്പ് രോഗ നിയന്ത്രണത്തിനുള്ള പരിപാടി

2. ഓപ്പറേഷൻ റിന്റർ പെസ്റ്റ് (ദേശീയ കാലി വസന്ത നിർമ്മാർജ്ജന പരിപാടി)
3. ജന്തു രോഗങ്ങൾ നിയന്ത്രണത്തിനായി സംസ്ഥാനങ്ങൾക്ക് സഹായം (അസ്കാഡ്)
4. ആട്, വസന്ത രോഗ നിർമ്മാർജ്ജന പരിപാടി
5. ദേശീയ ബ്രുസല്ലോസിസ് നിയന്ത്രണ പദ്ധതി
6. കന്നുകാലി രോഗ റിപ്പോർട്ടിംഗ് സമ്പ്രദായം
7. നിലവിലുള്ള മൃഗാശുപത്രി, ഡിസ്പെൻസറി പ്രവർത്തനം ശക്തിപ്പെടുത്തൽ
8. കോഴി, താറാവ് വളർത്തൽ കേന്ദ്രങ്ങൾ
9. ഗ്രാമീണ വീടു പരിസരത്ത് കോഴി വളർത്തൽ വികസന പരിപാടി
10. കേന്ദ്ര തീറ്റപ്പുൽ കൃഷി വികസന പരിപാടി
11. മൃഗസംരക്ഷണ സ്ഥിതി വിവര കണക്കും സാമ്പിൾ സർവ്വേയും
12. സംസ്ഥാന വെറ്ററിനറി കൗൺസിൽ
13. ചെറു മൃഗങ്ങൾക്കും മുയലുകൾക്കും വേണ്ടിയുള്ള സമഗ്ര വികസന പദ്ധതി
14. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അയവിറക്കുന്ന മൃഗങ്ങളുടെ സംരക്ഷണം
15. കന്നുകാലി സെൻസസ്
16. അറവുശാലകളുടെ നവീകരണം.
17. 13-ാം ധനകാര്യകമ്മീഷൻ അവാർഡ്

## V. ക്ഷീരവികസനം

1. രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)
2. പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ്
3. അധിക കേന്ദ്രസഹായ പദ്ധതി (ACA)
4. സംയോജിത ക്ഷീര വികസന പരിപാടി (IDDP)
5. സംശുദ്ധ പാലുൽപാദന പരിപാടി (CMP)

## VI. മത്സ്യവികസനം

1. കടൽ മത്സ്യബന്ധന ഉപകരണങ്ങളുടെ നവീകരണം.
2. മത്സ്യ സുരക്ഷാ ഇൻഷുറൻസ് പദ്ധതി
3. മത്സ്യ ബന്ധന തുറമുഖങ്ങൾ
4. മത്സ്യ ബന്ധന ലാൻഡിങ്ങ് സെന്ററുകൾ
5. മത്സ്യസുരക്ഷാ പദ്ധതി - ഗ്രൂപ്പ് ഇൻഷുറൻസ്
6. ഭവനനിർമ്മാണ പദ്ധതി
7. സമ്പാദ്യ സുരക്ഷാ പദ്ധതി
8. മത്സ്യകൃഷി വ്യാപനം
9. മത്സ്യ മാർക്കറ്റ് നിർമ്മാണവും നവീകരണവും മൂല്യ വർദ്ധിത ഉൽപാദനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കലും.

## VII. വ്യവസായം/സ്വയം തൊഴിൽ

കേരള ഖാദി ആന്റ് വില്ലേജ് ഇന്റസ്ട്രീസ് കമ്മീഷൻ (KVIC)

1. സ്കീം ഓഫ് ഫണ്ട് ഫോർ റീ ജനറേഷൻ ഓഫ് ട്രഡീഷണൽ ഇൻഡസ്ട്രീസ്
2. പ്രൈംമിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (PMEGP)
3. എക്സപെർട്ട് ഇൻസെന്റീവ് സ്കീം

ഖാദി മേഖല
4. ജനശ്രീ ബീമയോജന
5. ഖാദിമേഖലയിലെ തൊഴിലാളികൾക്ക് 'വർക്ക്ഷെഡ്' പദ്ധതി
6. ഖാദി വ്യവസായത്തിന്റേയും തൊഴിലാളികളുടേയും ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും മത്സരാധിഷ്ഠിതമാക്കുന്നതിനും വേണ്ടിയുള്ള പദ്ധതികൾ

## MSME

7. സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കായി ക്ലസ്റ്റർ വികസന പരിപാടി (Micro Small Enterprises Cluster Development Programme - MSE-CDP)
8. സൂക്ഷ്മ ചെറുകിട മാനുഫാക്ചറിംഗ് സംരംഭകർക്കും കയറ്റുമതിക്കാർക്കുംവേണ്ടി വിപണി വികസന സഹായം (ങമിൗമഹ റല്ലഹീുാലിേ അശൈെമിരല)
9. ചെറുകിട സംരംഭകർക്ക് ISO 9000/ISO 1400/HACCP സർട്ടിഫിക്കറ്റ് കിട്ടുന്നതിനുള്ള ധനസഹായം (ISO 9000/ISO 1400/HACCP re-imbursement Scheme)
10. സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കായി ക്രഡിറ്റ് ഗ്യാരന്റി ഫണ്ട്.

### മിനിസ്ട്രി ഓഫ് ഹാന്റി ക്രാഫ്റ്റ്

11. ബാബാസാഹിബ് അംബേദ്ക്കർ ഹസ്ത ശിൽപ വികാസ് യോജന (ആഅഒഢഥ)
ഫുഡ് പ്രൊസസിംഗ്
12. ഭക്ഷ്യസംസ്ക്കരണ മേഖലയിൽ അടിസ്ഥാന സൗകര്യവികസനം കോൾഡ് ചെയിൻ (ശീതികരണ ശൃംഖല) വാല്യു അഡീഷൻ (മൂല്യ വർദ്ധന ഉൽപന്നങ്ങൽ)
ഭക്ഷണ സാധനങ്ങൾ കേടു കൂടാതെ സൂക്ഷിക്കുന്ന പദ്ധതി
കശാപ്പുശാലകളുടെ നവീകരണം
മെഗാ ഫുഡ് പാർക്ക്
കോൾഡ് ശീതികരണ ശൃംഖല, വാല്യു അഡീഷൻ
13. മനുഷ്യ ശക്തി വികസനം

### ടെക്സ്റ്റയിൽസ്

14. സമഗ്ര വൈദഗ്ദ്യ വികസന പരിപാടി
15. സമഗ്ര ടെക്സറ്റയിൽ പാർക്ക് പദ്ധതി
16. ടെക്സ്റ്റൈൽ വർക്കേഴ്സ് റീഹാബിലിറ്റേഷൻ

### കയർ ബോർഡ്

17. റീജനറേഷൻ, മോഡേണൈസേഷൻ & ടെക്നോളജി അപ്ഗ്രഡേഷൻ ഓഫ് ട്രഡീഷണൽ ഇൻഡസ്ട്രീസ്.
18. സ്കീം ഓഫ് ഫണ്ട് ഫോർ റീജനറേഷൻ ഓഫ് ട്രഡീഷണൽ ഇൻഡസ്ട്രീസ് ( പരമ്പരാഗത വ്യവസായ പുനരുജ്ജീവനം)
19. ഉത്പാദന അടിസ്ഥാന സൗകര്യ വികസനം

## (SJSRY)

20. സ്വർണ്ണജയന്തി ഷഹരി റോസ്ഗാർ യോജന (SJSRY)
21. സ്തീകൾക്കായുള്ള സ്വയം സഹായ പദ്ധതി (UWSP)
22. നഗരപ്രദേശങ്ങളിലുള്ളവരെ ജോലിയ്ക്ക് പ്രാപ്തരാക്കാൻ തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം (STEP_UP)

### നാളികേര ബോർഡ്

23. നടീൽ വസ്തുകളുടെ ഉത്പാദനവും വിതരണവും
24. ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടി സമഗ്ര കൃഷി
25. വിപണി വർദ്ധിപ്പിക്കൽ
26. തെങ്ങിന് ഇൻഷുറൻസ് പദ്ധതി
27. ടെക്നോളജി മിഷന്റെ കീഴിലുള്ള ധനസഹായം.

### റബ്ബർ ബോർഡ്

28. റബ്ബർ ബോർഡ് പദ്ധതികൾ
    a. ടാപ്പിംഗ് പരിശീലന പദ്ധതികൾ
    b. ഗുണഭോക്തൃവിഹിതം അടക്കുന്നതിന് ബാങ്ക് ലോൺ
    c. റബ്ബർ പ്രൊഡ്യൂസർ സൊസൈറ്റിയ്ക്കുള്ള അവാർഡ്
    d. നല്ല കർഷകനുള്ള സി.എം. ചാണ്ടി അവാർഡ്
    e. ഗോത്ര വികസനം
    f. സ്ത്രീ ശാക്തീകരണത്തിനുള്ള പദ്ധതി
    g. വില സ്ഥിരതാ ഫണ്ട്

### സ്പൈസസ് ബോർഡ്

29. സംസ്ഥാന ഹോൾട്ടികൾച്ചർ മിഷന്റെ സഹകരണത്തോടെ കേരളത്തിലെ ഇടുക്കി ജില്ലയിൽ കുരുമുളകിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി
30. ഏലത്തോട്ടങ്ങൾ പുനർനടീലിനും പുനർജീവിപ്പിക്കുന്നതിനുമുള്ള പ്രത്യേകഫണ്ട്
31. കയറ്റുമതിയിൽ അധിഷ്ഠിത ഉത്പാദനവും വിളവെടുപ്പിന്ശേഷം സുഗന്ധ വ്യഞ്ജനങ്ങളുടെ ഗുണം മെച്ചപ്പെടുത്തലും.

## VIII. വന സംരക്ഷണം

1. വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം
2. ഔഷധസസ്യത്തോട്ടം
3. ജൈവവൈവിധ്യ സംരക്ഷണം
4. വന്യജീവികളുടെ സ്വാഭാവിക വാസസ്ഥലത്തിന്റെ വികസനം
5. ഇത്തിരി വനവും ഒത്തിരി ജനങ്ങളും
6. ഉദ്ഗ്രഥിത വനസംരക്ഷണം.
7. പശ്ചിമഘട്ട വികസന പരിപാടി
8. പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റുകൾ സ്ഥാപിക്കൽ

## IX നബാർഡ്

1. ഗ്രാമീണ അടിസ്ഥാന വികസന ഫണ്ട് (RIDF)
2. ഗ്രാമീണ സംഭരണ ശാലകൾ (ഗ്രാമീൺ ഭണ്ഡാർ യോജന)
3. കാർഷീക വിപണനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ഉൽപ്പന്നങ്ങൾ തരംതിരിക്കൽ, ഗുണമേന്മ ഉറപ്പുവരുത്തൽ മുതലായവയുടെ വികസനം ലക്ഷ്യമാ

ക്കിയ പദ്ധതി

4. ഡയറി സംരംഭകത്വ വികസന പരിപാടി (DEDS)
5. പൗൾട്രി സബ്സിഡി സ്കീം
6. ആട്-മുയൽ വളർത്തൽ പദ്ധതി
7. പന്നി വളർത്തൽ പദ്ധതി
8. ജൈവവളനിർമ്മാണയൂണിറ്റുകൾ
9. സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകൽ
10. സോളാർ ഗ്രിഡ് സ്ഥാപിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ സബ്സിസിഡി
11. പോത്തുവളർത്തൽ പദ്ധതി.
12. RIDF ൽ ഏറ്റെടുക്കാവുന്ന പ്രവർത്തികൾ - ലിസ്റ്റ്

## X. ആരോഗ്യം

1. വാർഡ്തല ശുചിത്വ പോഷക കമ്മിറ്റി
2. ആയുഷ് (ആയുർവ്വേദ, യുനാനി, സിദ്ധ, ഹോമിയോ)
3. വിദ്യാലയ ആരോഗ്യ പരിപാടി
4. രോഗി കല്ല്യാൺ സമിതി
5. ജീവിതശൈലി രോഗനിർണ്ണയ നിയന്ത്രണ പരിപാടി (NCDCP)
6. ആംഗീകൃത സാമൂഹ്യ ആരോഗ്യ പ്രവർത്തക (ASHA)
7. ദേശീയ വയോജന ആരോഗ്യ പരിപാലന പരിപാടി (NAHCP)
8. സാന്ത്വന പരിചരണ പദ്ധതി
9. ജില്ലാ മാനസീകാരോഗ്യ പദ്ധതി (DMHP)
10. പ്രതിരോധ കുത്തിവെയ്പ്പുകളുടേയും ദേശീയ പരിപാടികളുടേയും ശാക്തീകരണം
11. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ
12. ഐ.പി.എച്ച്.എസ്.(ഇന്ത്യൻ പബ്ലിക്ക് ഹെൽത്ത് സ്റ്റാൻഡേർഡ്സ്/ എൻ.എ.സി എച്ച്/എൻ.എ.സി.എൽ.അക്രഡിറ്റേഷൻ)
13. ജനനീ സുരക്ഷാ യോജന
14. ജനനീ ശിശു സുരക്ഷ പദ്ധതി
15. ജില്ലാ കാൻസർ കെയർ യൂണിറ്റ്
16. സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി രാഷ്ട്രീയ സ്വസ്ഥ്യ ഭീമായോജന (RSBY)

## XI. വിനോദസഞ്ചാരം

## XII. വിദ്യാഭ്യാസം

1. നാഷ്ണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ്
2. പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി
3. സർവ്വ ശിക്ഷ അഭിയാൻ പദ്ധതി
4. രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാൻ
5. ഇൻക്ലൂസീവ് എഡ്യുക്കേഷൻ ഓഫ് ദി ഡിസേബിൾഡ്  അറ്റ് സെക്കൻഡറി സ്റ്റേജ് (IEDSS)
6. ഡയറ്റ് സ്ഥാപിക്കൽ
7. സ്കീം ഫോർ പ്രൊവൈഡിംഗ് ക്വാളിറ്റി എഡ്യുക്കേഷൻ ഇൻ മദ്രസ്സാ (SPQEM)
8. ഇൻസെന്റീവ് ടു ഗേൾസ് ഫോർ സെക്കൻഡറി എഡ്യുക്കേഷൻ
9. ഐ.സി.റ്റി.ഇൻ. സ്കൂൾ
10. ഗേറ്റ് പാസായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
11. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ്
12. നിലവിലുള്ള പോളിടെക്നിക്കുകളുടെ നിലവാരം ഉയർത്തലും പുതിയവ സ്ഥാപി

ക്കലും.

13. വനിതാ ഹോസ്റ്റൽ നിർമ്മാണം
14. കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് ത്രൂ പോളിടെക്നിക്ക് സ്കീം (CDTP)
15. സാങ്കേതിക വിദ്യാഭ്യാസ ഗുണമേൻമ വർദ്ധന പരിപാടി
16. ദേശീയ വിദ്യാഭ്യാസ മിഷനു വേണ്ടി ഐ.സി.റ്റി വഴിയുള്ള കണക്റ്റിവിറ്റി

## XIII. സാമൂഹ്യക്ഷേമം

1. സംയോജിത ശിശു വികസന വികസന പദ്ധതി (ICDS)
2. കുട്ടികളുടെ ക്ഷേമം - കുട്ടികളുടെ സുരക്ഷിതത്വം - സംരക്ഷണം
3. സാധാർ
4. സ്ത്രീകൾക്കുള്ള താത്ക്കാലിക താമസസൗകര്യങ്ങൾ
5. ട്രാഫിക്കിംഗിന് വിധേയമാകുന്ന സ്ത്രീകൾക്കുള്ള സുരക്ഷിതത്വം
6. കുട്ടികളുടെ വികസനം - കൗമാരക്കാരായ പെൺകുട്ടികൾ
7. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ
8. മദ്യം മയക്കുമരുന്ന് ദുരുപയോഗ പ്രതിരോധം
9. വയോജനക്ഷേമം - വൃദ്ധ സദനങ്ങളുടെ നിർമ്മാണം
10. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ വികസനം
11. ഇന്റഗ്രേറ്റഡ് പ്രോഗ്രാം ഫോർ ഓൾഡർ പേഴ്സൺ
12. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ
13. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ സ്കീം
14. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ
15. ദേശീയ കുടുംബക്ഷേമ പദ്ധതി
16. ആം ആദ്മി ഭീമായോജന (AABY)

## XIV.പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക ന്യൂനപക്ഷ വികസനം

A. പട്ടികജാതി വികസനം

1. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം
2. സഫായി കർമ്മചാരി പദ്ധതി
3. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം
4. വിവിധതരം പരിശീലനങ്ങൾ

50% കേന്ദ്രവിഹിതപദ്ധതികൾ

5. പട്ടികജാതി വിഭാഗങ്ങൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയൽ
6. മിശ്ര വിവാഹിതർക്കുള്ള ധനസഹായം
7. ആൺകുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം
8. പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനുള്ള മൂലധന ഓഹരിവക
9. അധിക കേന്ദ്രസഹായം (ACA)
10. പ്രത്യേക കേന്ദ്രസഹായം (SCA)

B. പട്ടികവർഗ്ഗ വികസനം -

വിദ്യഭ്യാസ പരിപാടി

11. വികസനത്തിനുള്ള മൂലധന ആവർത്തന ഫണ്ട്
12. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തൽ
13. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തൽ

14. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
15. പ്രീമെട്രിക് ഹോസ്റ്റലുകളുടെ വികസനം
16. പ്രീ മെട്രിക് ഹോസ്റ്റലുകളുടെ കെട്ടിടനിർമ്മാണം (50% ഇഎ)
17. മോഡൽ റസിഡൻഷ്യൽ/ആശ്രമം സ്ക്കൂൾ (100%/50%)
18. വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്
19. റിസർച്ച് ഫെല്ലോഷിപ്പ്

C. സാമൂഹിക സാമ്പത്തിക ഉന്നമന പരിപാടികൾ

100 % ഫണ്ട്

20. പതിമൂന്നാം ധനകാര്യകമ്മീഷൻ പ്രത്യേക ഫണ്ട്
21. പ്രത്യേക ദുർബല വിഭാഗ വികസനം, പരിപാലനം അടിസ്ഥാന സൗകര്യം വിടവ് നികത്തൽ ഫണ്ട്
22. പ്രത്യേക ദുർബല വിഭാഗക്കാരുടെ ഇൻഷുറൻസ് പദ്ധതി
23. പട്ടികവർഗ്ഗ കോംപ്ലക്സ് നിർമ്മാണം
24. വനാവകാശം നടപ്പിലാക്കൽ ഫണ്ട്
25. പട്ടികവർഗ്ഗ ഉപപദ്ധതി പ്രത്യേക സഹായം
26. കീർത്താഡ്സ് വകുപ്പിനുള്ള അടിസ്ഥാന സൗകര്യ ഫണ്ട്
27. പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനുള്ള ഗ്രാന്റ് ഇൻ എയ്ഡ്

50% ഫണ്ട്

28. പട്ടികവർഗ്ഗക്കാർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമ നടപ്പിലാക്കൽ
29. കീർത്താഡ്സ് വകുപ്പിനുള്ള ഗ്രാൻഡ് ഇൻ എയ്ഡ്
30. പട്ടികജാതി/പട്ടികവർഗ്ഗ കോർപ്പറേഷനുള്ള മൂലധന ഓഹരിയുടെ പങ്ക്

D. കേരള സംസ്ഥാന പട്ടികജാതി - പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴിയുള്ള പദ്ധതികൾ

a. (NSCFDC) പദ്ധതികൾ (10 നമ്പർ)

31. കർഷക തൊഴിലാളികൾക്കുള്ള കൃഷിഭൂമി വായ്പാ പദ്ധതി
32. മിനിവെഞ്ചർ പദ്ധതികൾ
33. ലഘുവ്യവസായ യോജന
34. ത്രീ വീലർ ഓട്ടോ പിക്പ്പ് വാൻ
35. മൈക്രോ ക്രെഡിറ്റ് ഫൈനാൻസ്
36. മഹിളാ സമൃദ്ധി യോജന
37. മഹിളാ കിസാൻ യോജന
38. ശിൽപി സമൃദ്ധി യോജന
39. എസ്.ജി.എസ്.വൈ. ഗ്രൂപ്പ് വായ്പാപദ്ധതി
40. എൻ.എസ്.എഫ്.സി.യുടെ വായ്പാപദ്ധതി

b. (NSTFDC) പദ്ധതികൾ (5 നമ്പർ)

41. ആദിവാസി മഹിളാ ശാക്തീകരൺ യോജന
42. പട്ടികവർഗ്ഗ സംരംഭകർക്കുള്ള വായ്പാ പദ്ധതി
43. ഡീസൽ ഓട്ടോറിക്ഷ
44. സ്മോൾ എന്റർപ്രൈസസ് പദ്ധതി
45. എസ്.ജി.എസ്.വൈ.ഗ്രൂപ്പ് വായ്പ പദ്ധതി

E. കേരള സംസ്ഥാന എസ്.സി/എസ്.ടി വികസന സഹകരണ ഫെഡറേഷൻ (6 നമ്പർ)

46. സംസ്ക്കരണ യൂണിറ്റുകൾ ( ഉദാ. ആയുർധാര)
47. ധാന്യ ബാങ്ക്
48. ഇന്ധന റീടെയിൽ ഔട്ട്ലെറ്റ്
49. തൊഴിലധിഷ്ഠിത വായ്പാ പദ്ധതി
50. ചൂരൽ ശേഖരണവും ഉൽപന്ന വിപണനവും
51. സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി കൺസ്യൂമർ, മാവേലി സ്റ്റോർ എന്നിവയ്ക്കുള്ള സാമ്പത്തിക സഹായം

F. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ

52. കൃഷി അനുബന്ധ പദ്ധതി
53. വിദ്യാഭ്യാസ വായ്പാ പദ്ധതി

G. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

a. മറ്റു പിന്നോക്ക വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ (NBCFDC) - (9 നമ്പർ)

54. സ്വയം തൊഴിൽ പദ്ധതി
55. കാർഷീക വായ്പാ പദ്ധതി
56. വിദ്യാഭ്യാസ പദ്ധതി
57. ലഘു വായ്പാ പദ്ധതി
58. വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ
59. സാക്ഷം ( പ്രൊഫഷണൽ വിദ്യാഭ്യാസ സ്വയം തൊഴിൽ പദ്ധതി)
60. ശിൽപ സമ്പദ (കരകൗശലം)
61. കൃഷി സമ്പദ (കർഷകർക്ക്)
62. മഹിളാ സമൃദ്ധി യോജന (വനിതകൾക്ക്)

b. മതന്യൂനപക്ഷങ്ങൾക്കായുള്ള പദ്ധതികൾ (NMDFC)

63. സ്വയംതൊഴിൽ പദ്ധതി
64. കാർഷിക വായ്പാ പദ്ധതി
65. ലഘുവായ്പാ പദ്ധതി
66. വിദ്യാഭ്യാസ പദ്ധതി

H. പിന്നോക്ക സമുദായ വികസന വകുപ്പ് 50%

67. പ്രീമെട്രിക് സ്കോളർഷിപ്പ്
68. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

## XV. ഭക്ഷ്യവിതരണം.

1. അന്നപൂർണ്ണ യോജന
2. അന്ത്യോദയ അന്നയോജന
3. ബി.പി.എൽ കുടുംബങ്ങൾക്കുള്ള ഭക്ഷ്യ വിതരണം
4. എ.പി.എൽ കുടുംബങ്ങൾക്കുള്ള ഭക്ഷ്യവിതരണം.

## XVI. ഊർജ്ജം.

1. മാലിന്യത്തിൽ നിന്നും ഈർജ്ജോൽപാദനം
2. കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കൽ
3. സൗരോർജ്ജപദ്ധതി
4. ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ

## XVII. സംസ്ക്കാരം

5. യുവകലാകാരൻമാർക്കുള്ള സ്കോളർഷിപ്പ്
6. സീനീയർ/ ജൂനിയർ ഫെല്ലോഷിപ്പ്
7. അവശത അനുഭവിക്കുന്ന കലാകാരൻമാർക്കുള്ള പെൻഷൻ ഗ്രാന്റ്
8. കലാ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ്
9. ടാഗോർ സാംസ്ക്കാരിക സമുച്ചയം

## XVIII. പ്രത്യേക പദ്ധതികൾ

## XIX. ബാങ്കിംഗ് മേഖല

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വിവിധമേഖലകളുമായി ബന്ധപ്പെട്ട സ്കീമുകൾ – റഫറൻസ് കോഡുകൾ

| ക്രമനമ്പർ | മേഖല | റഫറൻസ് കോഡുകൾ |
|---|---|---|
| 1 | കൃഷി | II.(4), II.(7), III.(1), III.(2), III.(3), III.(6), III.(7), IV.(10),VII.(20),VII.(23) - VII.(27),VIII.(2), IX.(1), IX.(3), IX. (8), XIV.(31), XIV.(47), XIV (52), XIV.(55) XIV (61), XIV(64) |
| 2 | മണ്ണ്,ജലസംരക്ഷണം | I1(1), II(4), III.(1),III.(5),VIII.(6)- VIII.(7) , IX.(1) |
| 3 | മൃഗസംരക്ഷണം | IV.(1) - IV.(9), IV.(11)-IV.(15),VII.(20)- VII(22) IX.(1), IX.(3), IX.(5) - IX.(7), IX.(11) |
| 4 | ക്ഷീരവികസനം | IV.(10), V.(1) - V.(5), IX.(1), IX.(3), IX.(4) |
| 5 | മത്സ്യവികസനം | VI.(1) - VI.(9), VII.(12), IX.(1) |
| 6 | ജലസേചനം | II.(1), II.(4), III.(1), III.(5), III.(6), VII.(31), IX.(1) |
| 7 | പരിസ്ഥിതി, വന്യജീവിസംരക്ഷണം | II.(4), VIII.(1) - VIII.(8), XIV.(24), XIV.(29) |
| 8 | വ്യവസായം, സ്വയംതൊഴിൽ, വായ്പ | II.(2), II.(3), II.(4), III.(1),IV.(8), VII.(1) - VII.(31), IX.(1 ) - IX.(5), XIV.(4), XIV.(31) - XIV.(61), XIV.(64) - XIV(88) |
| 9 | അറവുശാല | IV. (16), VII.(12), IX.(1) |
| 10 | കുളങ്ങൾ, തോടുകൾ, ജല സംഭരണികൾ | II.(1), II.(4), III.(1), V.(1), VI.(8), IX.(1) |
| 11 | ഊർജ്ജോത്പാദനം | III.(4), IX.(1), XVI.(1) - XVI.(4) |
| 12 | പൊതുജനാരോഗ്യം | VII.(4), VII.(12), VIII.(1), VIII.(6), IX.(1), X.(1) - X(16), XII.(1), XII.(8)-XII.(11), XII.(16) |

| | | |
|---|---|---|
| 13 | വിദ്യാഭ്യാസം | X.(3), XII.(1) - XII.(16), XIV.(1) - XIV(3), XIV.(7), XIV.(11) - XIV.(19), XIV(53) , XIV(56), XIV(66), XIV(67) -XIV(68) |
| 14 | ഭവനനിർമ്മാണം | II.(5), VI.(6), |
| 15 | കുടിവെള്ളം | II.(1), II.(4),II.(8), III.(1),IX.(1) |
| 16 | ശ്മശാനങ്ങൾ | IX.(1) |
| 17 | ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം | II.(7), VII.(12), IX.(8), IX.(1), X. (1)XVI.(4) |
| 18 | വനിത-ശിശു വികസനം | II.(2), II.(3), II.(5), VII.(20), VII.(21), VII.(28), X.(13), XII.(13), XIII.(1)-XIII.(7), XIII.(13) XIV.(3), XIV.(36), XIV.(37),XIV.(39), XIV.(41), XIV. (58), XIV(62), |
| 19 | സാമൂഹ്യക്ഷേമം | VII.(4), IX.(1), X.(6) - X.(9), X.(13), XII.(7), XII.(13), XIII.(1) - XIII.(16), XIV.(5) - XIV.(6),<br>XIV.(20) - XIV.(40), XIV.(46) - XIV.(66), XV.(1) - XV.(4) |
| 20 | ഭക്ഷ്യവിതരണം | XV.(1) - XV.(4) |
| 21 | പട്ടികജാതി വികസനം | II.(8), IX.(1), XIV.(1) - XIV.(10), XIV.(27) , XIV.(30), XIV.(31) - XIV.(40), XIV.(46) - XIV.(51) |
| 22 | പട്ടികവർഗ്ഗവികസനം | IX.(1), XIV.(11) - XIV.(19), XIV.(20) - XIV.(30), XIV.(31) - XIV.(40), XIV.(41) - XIV.(45), XIV.(46) - XIV.(51) |
| 23 | മറ്റ് പിന്നോക്കവിഭാഗ വികസനം- | XIV.(54) - XIV.(62), XIV.(67) - XIV.(68) |
| 24 | ന്യൂനപക്ഷവികസനം | XIV.(63) - XIV.(66) |
| 25 | വിനോദസഞ്ചാരം | XI.(1) |
| 26 | സംസ്ക്കാരം | XVII (1) - XVII(5) |

| | | |
|---|---|---|
| 27 | കെട്ടിടങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, മാർക്കറ്റുകൾ,ബസ് സ്റ്റാന്റുകൾ | III.(1), IV.(16), VII.(5), VII.(12), VI.(9), IX.(1),IX.(2), IX.(3), XII.(6), XII.(12), XII.(13),XIII.(9), XIV.(7), XIV.(15) - XIV.(18), XIV.(23) ,XVII.(9) |
| 28 | റോഡുകൾ | II. (1),II.(4), II.(6), II.(8), IX.(1) |

CHAPTER

# I



# തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും കേന്ദ്രാവിഷ്കൃത പദ്ധതികളും

## 1. തദ്ദേശഭരണ സ്ഥാപനങ്ങളും കേന്ദ്രാവിഷ്കൃത പദ്ധതികളും

വികേന്ദ്രീകൃത ഭരണം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പല ചുമതലകളും കൈമാറിയിട്ടുണ്ട്. ആയതിനാൽ തന്നെ ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾക്ക് എത്രയും പെട്ടെന്ന് പരിഹാരം കാണേണ്ടതും അവരുടെ ഉത്തരവാദിത്തം പതിന്മടങ്ങ് വർദ്ധിപ്പിച്ചിരിക്കുന്നു. ഓരോ തലത്തിലുള്ള പഞ്ചായത്തുകൾക്കും നഗരസഭകൾക്കും കേരളത്തിൽ ചുമതലകൾ അക്കമിട്ട് നൽകിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് പട്ടിക 3, 4, 5 മുനിസിപ്പൽ ആക്ട് പട്ടിക 1 എന്നിവ ഈ ചുമതലകൾ ഏതൊക്കെയെന്ന് പ്രതിപാദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും അനിവാര്യ ചുമതലകൾ നൽകിയിട്ടുണ്ട്. അവയാകട്ടെ ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുതകുന്നവയാണ്.

എന്നാൽ പ്രാദേശിക സർക്കാരുകൾക്ക് ഭരണഘടനാപരമായി നൽകിയ ചുമതലകൾ യഥാസമയം നിർവ്വഹിക്കുന്നതിന് കഴിഞ്ഞിട്ടില്ല. വിഭവ പരിമിതി, കേന്ദ്ര-സംസ്ഥാന പ്രാദേശിക സർക്കാരുകളുടെ പരിപാടികൾ തമ്മിലുള്ള ഏകോപനമില്ലായ്മ, ആസൂത്രണത്തിലെ അപാകതകൾ, ദീർഘവീക്ഷണക്കുറവ്, ജനപ്രതിനിധി-ഉദ്യോഗസ്ഥ കൂട്ടായ്മക്കുറവ്, അഴിമതി, സുതാര്യതയില്ലായ്മ, വിഭവചോർച്ച, ഗ്രാമസഭകളെ ഉപയോഗപ്പെടുത്താതിരിക്കൽ മുതലായവ ഇതിന് കാരണമാണ്.

### തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഭവങ്ങൾ എങ്ങനെ കണ്ടെത്താം?

ചുമതലകൾ കാര്യക്ഷമമായി നിറവേറ്റുന്നതിനുള്ള പ്രധാന പരിമിതി വിഭവം തന്നെയാണ്. സ്വയാർജ്ജിത വരുമാനവും സർക്കാർ നൽകുന്ന ഗ്രാന്റുകളും വിനിയോഗിച്ചാണ് ചുമതലകൾ നിർവ്വഹിച്ചുവരുന്നത്. അതേസമയം വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ലഭ്യമാക്കാവുന്ന വിഭവങ്ങൾ, എൻ.ജി.ഒ.കൾ വഴി നിർവ്വഹിക്കപ്പെടുന്ന ചുമതലകൾ, സ്വയം ശേഖരിക്കുന്ന വിഭവങ്ങൾ, പ്രാദേശികമായി സമാഹരിക്കാവുന്ന വിഭവങ്ങൾ എന്നിവ പ്രാദേശിക സർക്കാരുകൾക്ക് സമാഹരിക്കുന്നതിനോ അവരുടെ ചുമതലകളുമായി ബന്ധപ്പെടുത്തുന്നതിനോ കഴിയുന്നില്ല.

വിവിധ സർക്കാർ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, അവ പ്രാദേശിക സർക്കാരുകളുടെ പദ്ധതികളുമായി ബന്ധപ്പെടുത്താൻ കഴിയായ്ക, സർക്കാരിതര സംഘടനകൾ വഴി ലഭ്യമാക്കാവുന്ന വിഭവങ്ങളെക്കുറിച്ചുള്ള അജ്ഞത, പ്രാദേശികമായി ശേഖരിക്കാവുന്ന വിഭവങ്ങൾ സമാഹരിക്കുന്നതിനുള്ള താല്പര്യമില്ലായ്മ, എല്ലാ ചുമതലകളും നിറവേറ്റുന്നതിന് ഫണ്ടുകൾ പ്രാദേശിക സർക്കാർ കൂടി തന്നെ വരണമെന്ന തെറ്റായ ധാരണ, വിഭവങ്ങളും പദ്ധതികളും എങ്ങനെ നേരിട്ടും അല്ലാതെയും ബന്ധപ്പെടുത്തി ചുമതലകൾ നിർവ്വഹിക്കാമെന്നുള്ളതിനെക്കുറിച്ചുള്ള ആസൂത്രണമില്ലായ്മ, ആയതിനുള്ള നേതൃത്വം നൽകുന്നതിള്ള പ്രാപ്തിക്കുറവ്, ലഭിച്ച ഫണ്ടുകൾ എങ്ങനെയെങ്കിലും നിശ്ചിതസമയത്തിനകം ചെലവഴിക്കുക മാത്രം ലക്ഷ്യമാക്കിയുള്ള പ്രവർത്തനം, ജനങ്ങളെ വികസന പ്രവൃത്തികളിൽ പങ്കാളികളാക്കുന്നതിന് കഴിയായ്ക എന്നീ കാരണങ്ങളാൽ അവയുടെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് കഴിയാതെവരുന്നു.

### ആയതിനായി എന്തെല്ലാം ചെയ്യണം?

കേരളത്തിലെ ജനങ്ങൾ 5 വർഷം കൂടുമ്പോൾ കേന്ദ്ര, സംസ്ഥാന, ത്രിതല പഞ്ചായത്തുകളിലേക്ക് ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്നുണ്ട് (നഗരസഭകൾ 3 ഉം). ജനങ്ങൾക്ക് സേവനം നൽകുന്നതിന് ഈ അഞ്ചു സർക്കാരുകളും (ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്പഞ്ചായത്ത്, ജില്ലാപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ) ബാധ്യസ്ഥരാണ്. ഭരണഘടനയനുസ

രിച്ച് ജനങ്ങൾക്ക് സാമ്പത്തിക വികസനവും സാമൂഹ്യനീതിയും പ്രദാനം ചെയ്യേണ്ടത് കേന്ദ്ര സംസ്ഥാന സർക്കാരുകളും പ്രാദേശിക സർക്കാരുകളുമാണ്. ഇവരുടെയെല്ലാം താഴെ തട്ടിലുള്ള പ്രവർത്തനമണ്ഡലം ജനങ്ങളും ഗ്രാമപഞ്ചായത്തിലെ അതേ ജനങ്ങൾ തന്നെയാണ്. ഈ അഞ്ച് സർക്കാരുകളും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതും ഇതേ ജനങ്ങൾക്കുവേണ്ടിയാണ്. എല്ലാ സർക്കാരുകളും അവർ ഭരണഘടനാപരമായി വീതിച്ചെടുക്കുന്ന ചുമതലകൾ ജനങ്ങൾക്കുവേണ്ടി നിറവേറ്റുന്നു. എന്നാൽ ഈ അഞ്ച് സർക്കാരുകളും ചെയ്യുന്ന പ്രവർത്തനങ്ങൾ പരസ്പരം അറിയുന്നതിൽ വീഴ്ചവരുകയും ഇവരുടെ പ്രവർത്തനങ്ങളും പദ്ധതികളും ഫണ്ടുകളും തമ്മിലുള്ള ഏകോപനക്കുറവ് പാഴ്ച്ചെലവിനും വികസനത്തിനും വിഘാതമുണ്ടാക്കുകയും ചെയ്യുന്നു. കൂടാതെ വിഭവവിനിയോഗം നിഷ്ഫലമാക്കുകയും ചെയ്യുന്നു. വികേന്ദ്രീകൃത ഭരണത്തിന്റെ ഫലമായി തീരുമാനമെടുക്കേണ്ട വേദികളായി ഗ്രാമസഭകൾ സൃഷ്ടിക്കപ്പെട്ടെങ്കിലും ആസൂത്രണത്തിലും നിർവ്വഹണത്തിലും ഗ്രാമസഭകളേയും ത്രിതല സർക്കാരുകളേയും പങ്കാളികളാക്കുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു. ഓരോ തലത്തിലുള്ള സർക്കാരുകളും ഒന്നിച്ചിരുന്ന് കൂട്ടായി പദ്ധതികളും മുൻഗണനകളും നിശ്ചയിച്ചാൽ മാത്രമേ വികസനവും ദാരിദ്ര്യനിർമ്മാർജ്ജനവും ലക്ഷ്യം കാണുകയുള്ളൂ.

കേന്ദ്ര പദ്ധതികളും സംസ്ഥാന പദ്ധതികളും പ്രാദേശിക സർക്കാരുകളുടെ നേരിട്ടുള്ള പങ്കാളിത്തമില്ലാതെ നടപ്പിലാക്കുമ്പോൾ (ഡിപ്പാർട്ടമെന്റ് വഴി) ആയതിനെക്കുറിച്ച് പ്രാദേശിക സർക്കാരുകളുടെ സമ്മതവും ഗ്രാമസഭകളുടെ അഭിപ്രായവും ആരായാവുന്നതാണ്. അതുപോലെ പ്രാദേശിക സർക്കാരുകളുടെ ചുമതലയുമായി ബന്ധപ്പെട്ട പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് മുന്നോടിയായി കേന്ദ്ര സംസ്ഥാന പദ്ധതികളെക്കുറിച്ചുള്ള ചർച്ചയും കൂടാതെ ത്രിതല സർക്കാരുകൾ തമ്മിലുള്ള പദ്ധതികളുടേയും ഫണ്ടിന്റേയും ഏകോപനവും അനിവാര്യമാണ്.

## എൻ.ജി.ഒ. കളും മറ്റ് ഏജൻസികളും

സന്നദ്ധ സംഘടനകളും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന വിവിധ സർക്കാരിതര സംഘടനകളും ചെയ്യുന്ന പ്രവൃത്തികൾ ഗ്രാമപഞ്ചായത്തിലെ വിവിധ വിഭാഗം ജനങ്ങൾക്കുവേണ്ടിയുള്ളതും പ്രാദേശിക സർക്കാരുകൾ അവരുടെ ജനങ്ങൾക്ക് ചെയ്തുകൊടുക്കുവാൻ ബാധ്യസ്ഥമായ ചുമതലകളുമായി ബന്ധപ്പെട്ടതുമാണ് (ഉദാ: വിവിധ സർക്കാരിതര സംഘടനകൾ ചെയ്യുന്ന സാമൂഹ്യക്ഷേമ പരിപാടികൾ, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, ശിശു-വൃദ്ധ-വികലാംഗ, മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പരിരക്ഷ പ്രവർത്തനങ്ങൾ, വീട് നിർമ്മിച്ച് നൽകൽ, സ്വയം തൊഴിൽ സംരംഭങ്ങൾ, ശരണാലയങ്ങൾ, പാലിയേറ്റീവ് കേന്ദ്രങ്ങൾ മുതലായവ). ആയതിനാൽ തന്നെ പ്രാദേശിക സർക്കാരുകളുടെ പദ്ധതികൾ ഗ്രാമസഭ വഴി തയ്യാറാക്കുമ്പോൾതന്നെ വിവിധ സർക്കാർ പദ്ധതികളും, സർക്കാരിതര സംഘടനാ പ്രവൃത്തികളും പ്രവർത്തനങ്ങളും സന്നദ്ധസേവനവും, പ്രാദേശികമായി ലഭിക്കാവുന്ന വിഭവങ്ങളും സംഭാവനകളും കൂടി കണക്കിലെടുത്തും അറിഞ്ഞും ഇരട്ടിപ്പും പാഴ്ചെലവും വരാതെ തയ്യാറാക്കി നിർവ്വഹണവും മോണിറ്ററിംഗും നടത്തേണ്ടതായിട്ടുണ്ട്. പദ്ധതി ആസൂത്രണം ഈ വിധത്തിൽ പ്രവർത്തികമാക്കേണ്ടതുണ്ട്. എല്ലാതലത്തിലെയും ജനപ്രതിനിധികളേയും വിവിധ ഡിപ്പാർട്ട്മെന്റ് മേധാവികളേയും ഒന്നിച്ചിരുത്തി പദ്ധതികൾ ഏകോപിപ്പിക്കേണ്ടതും ആസൂത്രണം ചെയ്യേണ്ടതുണ്ട്. കൂടാതെ എല്ലാ കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും മോണിറ്ററിംഗിലും പ്രാദേശിക സർക്കാരുകളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും മുൻഗണനകളും (ഗ്രാമസഭയിലേതുൾപ്പെടെ) പരിഗണിക്കേണ്ടതുണ്ട്. ഗുണഭോക്താക്കളെ നിർബന്ധമായും ഗ്രാമസഭാ ലിസ്റ്റിൽ നിന്നും പരിഗണിക്കേണ്ടതാണ്.

**കേന്ദ്രാവിഷ്കൃത പദ്ധതികളും പ്രാദേശിക സർക്കാർ പദ്ധതികളും തമ്മിലുള്ള ഏകോപനം എങ്ങനെ സാധ്യമാക്കാം?**

കേന്ദ്ര സർക്കാരിന്റെ നയസമീപനത്തിൻപ്രകാരം ഭരണഘടന ജനങ്ങൾക്ക് വാഗ്ദാനം ചെയ്തിട്ടുള്ള സാമ്പത്തിക വികസനവും സാമൂഹ്യനീതിയും എല്ലാവർക്കും പ്രദാനം ചെയ്യുന്നതിന് പ്രത്യേക നിയമത്തിൻകീഴിൽ പ്രത്യേക ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് സംസ്ഥാന സർക്കാരുകൾ വഴിയോ സർക്കാരിതര സംഘടനകൾ വഴിയോ നടപ്പിലാക്കുന്ന പദ്ധതികളാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾ. ആയതിനുള്ള ഫണ്ടും കേന്ദ്ര സർക്കാർ നിബന്ധനകളോടെ അവർക്ക് നൽകുന്നു. ഈ പദ്ധതികളിൻകീഴിൽ നടപ്പാക്കുന്ന വിവിധ പരിപാടികളും സ്കീമുകളും പ്രത്യേക ഉദ്ദേശ്യലക്ഷ്യങ്ങൾ സമയബന്ധിതമായി കൈവരിക്കുന്നതിനാണ്. ഉദാ: ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ - എല്ലാ പൗരന്മാർക്കും പൂർണ്ണ ആരോഗ്യം ഉറപ്പുവരുത്തുന്നു. 2 സർവ്വശിക്ഷ അഭിയാൻ (എസ്.എസ്.എ.) എല്ലാവർക്കും പ്രാഥമിക, സെക്കണ്ടറി വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നു. ദുർബ്ബലവിഭാഗങ്ങളുടെ വികസനം സമയബന്ധിതമായി സാധ്യമാക്കുന്നതിന് പട്ടികജാതി, പട്ടികവർഗ്ഗം, ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. വിവേചനവും, അസമത്വവും, ചൂഷണവും തടയുന്നതിനും അവരുടെ അവകാശസംരക്ഷണത്തിനും പ്രത്യേക പരിപാടികൾ വൃദ്ധർ, വികലാംഗർ, കുട്ടികൾ, വനിതകൾ തുടങ്ങിയ വിഭാഗങ്ങൾക്ക് ആവിഷിക്കരിച്ച് നടപ്പിലാക്കുന്നു. ദാരിദ്ര്യനിർമ്മാർജ്ജനം സാധ്യമാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള വിവിധ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. ഉദാ: തൊഴിലുറപ്പ് പദ്ധതി, സ്വയം തൊഴിൽ പരിപാടികൾ (എസ്.ജെ.എസ്.ആർ.വൈ., സ്വർണ്ണ ജയന്തി ഷഹരി റോസ്ഗർ യോജന, എൻ.ആർ.എൽ.എം. മുതലായവ). കൂടാതെ മത്സ്യത്തൊഴിലാളികൾ, കരകൗശല പണിക്കാർ, പരമ്പരാഗത കൈത്തൊഴിലുകാർ മുതലായവരുടെ ഉന്നമത്തിനും വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനും ആവാസവ്യവസ്ഥ സംരക്ഷണത്തിനും വനങ്ങളേയും ജീവികളേയും സംരക്ഷിക്കുന്നതിനും വിവിധ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. ഭക്ഷ്യസുരക്ഷയ്ക്കായി കൃഷി, ഡയറി, മൃഗസംരക്ഷണം, മണ്ണ്-ജലസംരക്ഷണം, മത്സ്യബന്ധനം എന്നീ മേഖലകളിലും വിവിധ പരിപാടികൾ നടപ്പിലാക്കിവരുന്നു. വ്യവസായങ്ങളുടേയും ഉൽപ്പന്നങ്ങളുടേയും പ്രോത്സാഹനത്തിനുതകുന്നതും വരുമാനവർദ്ധനവിനായി ടൂറിസം, ഐ.ടി. മേഖലാ വികസനത്തിനുമുള്ള വിവിധ പരിപാടികളും നടപ്പിലാക്കിവരുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ പതിനൊന്നാം പദ്ധതിയിൽ ഇരുനൂറോളം കേന്ദ്രാവിഷ്കൃത പരിപാടികൾ വിവിധ മേഖലകളിലായി നടപ്പിലാക്കിയിട്ടുണ്ട്. ഓരോ മേഖലയുമായി ബന്ധപ്പെട്ട വിവിധ കേന്ദ്രാവിഷ്കൃത പരിപാടികളെക്കുറിച്ചുള്ള ലഘുവിവരങ്ങൾ ഈ കൈപ്പുസ്തകത്തിൽ പുറകെ വിവരിക്കുന്നുണ്ട്. ഈ പദ്ധതികൾ എല്ലാംതന്നെ ഭാരതമൊട്ടാകെയുള്ള ഗ്രാമപഞ്ചായത്ത്, നഗരസഭകളിലെ പൗരന്മാരെ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് എന്നതുകൊണ്ടുതന്നെ അവ ഏതൊക്കെയാണെന്നും അവയുടെ ലക്ഷ്യങ്ങൾ എന്തെന്നും, ആർക്കുവേണ്ടിയാണെന്നും ആയതിന്റെ മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളും പ്രാദേശിക സർക്കാരുകൾക്ക് ആയതിന്റെ നടത്തിപ്പിലുള്ള പങ്കും, പങ്കാളിത്തവും എന്തെല്ലാമെന്നും അവയെല്ലാം പ്രാദേശിക സർക്കാരുകൾക്ക് നൽകിയിട്ടുള്ള ചുമതലകളുമായി എങ്ങനെയെല്ലാം ബന്ധപ്പെടുത്താമെന്നും പ്രാദേശിക സർക്കാർ പദ്ധതികൾ ആയതുമായി എങ്ങനെ സംയോജിപ്പിക്കാമെന്നും അറിയേണ്ടതുണ്ട്. ആയത് എപ്രകാരമെന്ന് നോക്കാം.

## കേന്ദ്രാവിഷ്കൃത പദ്ധതികളെ എങ്ങനെ തരം തിരിക്കാം?

കേന്ദ്രാവിഷ്കൃത പദ്ധതികളെ നടത്തിപ്പിന്റെ അടിസ്ഥാനത്തിൽ നാലായി തരം തിരിക്കാം.

1. കേന്ദ്ര സർക്കാർ ഡിപ്പാർട്ട്മെന്റ് വഴി നേരിട്ട് നടപ്പാക്കുന്ന പദ്ധതികൾ, പ്രവർത്തനങ്ങൾ. ഉദാ : പോസ്റ്റ് & ടെലിഗ്രാഫ്, റെയിൽവേ മുതലായവ.

2. സംസ്ഥാന സർക്കാരും അവരുടെ വിവിധ ഡിപ്പാർട്ട്മെന്റുകളും വഴി നടപ്പിലാക്കുന്ന പദ്ധതികൾ, പ്രവർത്തനങ്ങൾ. ഉദാ: ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ, സർവ്വശിക്ഷ അഭിയാൻ, പ്രവർത്തനങ്ങൾ മുതലായവ.
3. സർക്കാരിതര സംഘടനകൾ വഴി നടപ്പിലാക്കുന്നവ. ഉദാ: വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ, സ്വയം തൊഴിൽ പരിപാടികൾ മുതലായവ.
4. തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നവ. ഉദാ: തൊഴിലുറപ്പു പദ്ധതി, സാമൂഹ്യസുരക്ഷാ പെൻഷനുകൾ, ശുചിത്വ പരിപാടികൾ, ഭവനനിർമ്മാണം (ഐ.എ.വൈ.) മുതലായവ.

## ഫണ്ടിംഗ്

ഇതിൽ സംസ്ഥാന സർക്കാർ ഡിപ്പാർട്ട്മെന്റുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾക്കും തദ്ദേശഭരണ സ്ഥാപനം വഴി നടപ്പിലാക്കുന്ന പദ്ധതികൾക്കുമായുള്ള ഫണ്ടുകൾ സംസ്ഥാന സർക്കാർ വഴി നൽകുന്നു. എൻ.ജി.ഒ.കൾ വഴിയുള്ള പ്രവൃത്തികൾക്കുള്ള ഫണ്ടുകൾ നേരിട്ടോ ഫണ്ടിംഗ് ഏജൻസികൾ വഴിയോ നൽകുന്നു (പദ്ധതി തിരിച്ചുള്ള വിവരങ്ങൾ അതാത് പദ്ധതിയുടെ വിവരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

## കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനവും തദ്ദേശഭരണ സ്ഥാപനങ്ങളും

ഭരണഘടനയുടെ അനുച്ഛേദം 282 അനുസരിച്ച് സംസ്ഥാന സർക്കാരുകൾ മുഖേന കഴിഞ്ഞ 11 വർഷമായി കേന്ദ്രാവിഷ്കൃത പരിപാടികൾ നടത്തിവരികയാണ്. പതിനൊന്നാം പദ്ധതിക്കാലത്ത് കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ നടത്തിയ പഠനത്തിന്റേയും മന്ത്രിതലത്തിലും സെക്രട്ടറി തലത്തിലുമുള്ള ചർച്ചകളുടേയും അടിസ്ഥാനത്തിൽ സംസ്ഥാന ഡിപ്പാർട്ട്മെന്റുകൾ വഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ കൂടി പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ സൂപ്പർവിഷനും മോണിറ്ററിംഗിനും വിധേയമാകണമെന്ന് പറഞ്ഞിട്ടുണ്ട്. കൂടാതെ പ്രാദേശിക സർക്കാരുകളെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നോഡൽ ഏജൻസിയായി കണക്കാക്കണമെന്നും പറഞ്ഞിട്ടുണ്ട്. പതിനൊന്നാം പദ്ധതിയുടെ ആദ്യ വർഷം നടത്തിയ കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ പഠനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ വെളിപ്പെട്ടു.

1. 99 കേന്ദ്രാവിഷ്കൃത സ്കീമുകൾ പ്രധാനമായം 27 കേന്ദ്രമന്ത്രാലയത്തിൻകീഴിൽ വരുന്നു
2. ആയതിന്റെ 75 ശതമാനം ഫണ്ടും 7 മന്ത്രാലയങ്ങൾക്കുകീഴിൽ വരുന്ന 15 പദ്ധതികൾക്കുമാത്രമാണ്.
3. സംസ്ഥാന സർക്കാരുകൾ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ/ജനകീയ കമ്മിറ്റികളുടെ പങ്കാളിത്തമില്ലാതെയാണ് ആയത് നടപ്പിലാക്കിവരുന്നത് (വെർട്ടിക്കൽ ഇന്റഗ്രേഷൻ മാത്രം).
4. ആയതുമൂലം യഥാർത്ഥ ഗുണഭോക്താവ് തിരസ്കരിക്കപ്പെടുന്നു. പദ്ധതി ലക്ഷ്യം കാണാതെ പാഴ്ചെലവായി മാറുന്നു.
5. ജനപങ്കാളിത്തം ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല.

മന്ത്രിതലത്തിലും സെക്രട്ടറിതലത്തിലുമുള്ള ചർച്ച താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിനും നടപ്പിലാക്കുന്നതിനും സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനും തീരുമാനിക്കുകയുണ്ടായി.

- നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാർഗ്ഗരേഖ പ്രാദേശിക സർക്കാരുകൾക്ക് പ്രാധാന്യം നൽകുന്ന രീതിയിൽ മാറ്റുക.
- കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും മോണിറ്ററിംഗിലും നിലവിലുള്ള നോമിനേറ്റഡ് കമ്മിറ്റികൾക്ക് പകരം പ്രാദേശിക സർക്കാരുകളെ ചുമതലയേൽപ്പിക്കുക.

- നിർവ്വഹണം ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥർ ചെയ്യുന്നു. പക്ഷെ സൂപ്പർവിഷനും മോണിറ്ററിംഗും തദ്ദേശഭരണ സ്ഥാപനങ്ങളും അവരുടെ കമ്മിറ്റികളും ചേർന്ന് നടത്തുക. ഉദാ: സർവ്വശിക്ഷ അഭിയാൻ, എൻ.ആർ.എച്ച്.എം. എന്നിവയിലെ ഡിപ്പാർട്ട്മെന്റ കമ്മിറ്റികൾക്കു പകരം പഞ്ചായത്ത്തല കമ്മിറ്റികൾക്ക് പ്രാധാന്യം നൽകണം.
- ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ഡിപ്പാർട്ട്മെന്റുകൾ വഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ പഞ്ചായത്ത് രാജ്/നഗരപാലികാ സ്ഥാപനങ്ങൾ താഴെ പറയുന്ന ചുമതലകൾ നൽകേണ്ടതാണ്. ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർ (അവർ പ്രാദേശിക സർക്കാരുകളുടെ കൂടി പദ്ധതികളുടെ നിർവ്വഹണോദ്യോഗസ്ഥർ എന്നുള്ളത് കാര്യം സുഗമമാക്കുന്നു). ആയത് പ്രാവർത്തികമാക്കേണ്ടതാണ്.
    1. കൊഴിഞ്ഞുപോയ വിദ്യാർത്ഥികൾ, വൃദ്ധർ, മുതിർന്നവർ, അഗതികൾ, വികലാംഗർ, മറ്റ്പിന്നോക്ക സമുദായാംഗങ്ങൾ, ദുർബ്ബലവിഭാഗങ്ങൾ മുതലായ വിഭാഗങ്ങളുടെ ലിസ്റ്റും രജിസ്റ്ററും ഗ്രാമസഭ വഴി തെരഞ്ഞെടുത്ത് പരിപാലിക്കുക.
    2. ഈ നടപടി ഡിപ്പാർട്ട്മെന്റുകളുടെ ജോലിഭാരം ലഘൂകരിക്കുകയും സത്യസന്ധമായ ഡാറ്റാ ലഭിക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്നു.
- പകർച്ചവ്യാധി സംബന്ധിച്ച വിവരങ്ങൾ, ഹെൽത്ത് സെന്ററുകൾക്ക് സ്ഥലം നിശ്ചയിക്കൽ
- എസ്.സി./എസ്.ടി. വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് നൽകുന്നതിനുള്ള ലിസ്റ്റ് തദ്ദേശഭരണ സ്ഥാപനത്തിന്റെ കുടുംബരജിസ്റ്ററുമായി ഒത്തുനോക്കൽ.
- കൃഷി ഡിപ്പാർട്ട്മെന്റിന്റെ ഡാറ്റാ ഗ്രാമപഞ്ചായത്തിന്റെ ഡാറ്റായുമായി ഒത്തുനോക്കൽ
- വിവിധ വിഷയമേഖലയുമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/നഗരസഭ ഡാറ്റാ ബാങ്കുകൾ നോക്കി പദ്ധതി തയ്യാറാക്കൽ
- പദ്ധതിയെ സംബന്ധിച്ച അവബോധം നൽകൽ, പബ്ലിസിറ്റി നൽകൽ, ഗുണഭോക്താക്കളെ കണ്ടെത്തൽ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി മാത്രം. ഉദാ: പ്രതിരോധ കുത്തിവെപ്പ്, പോഷകാഹാരം നൽകൽ.
- സൂക്ഷ്മതലത്തിലുള്ള തെരഞ്ഞെടുപ്പ് പി.ആർ.ഐ. വഴി നിർവ്വഹിക്കണം. ഉദാ: കുടിവെള്ള സ്കീമുകൾ, ശുചിത്വ സംവിധാനങ്ങൾ, ഇറിഗേഷൻ സ്കീമുകൾ എന്നിവയുടെ തെരഞ്ഞെടുപ്പ്.
- പിന്നീടുള്ള നടത്തിപ്പും മാനേജ്മെന്റും പി.ആർ.ഐ. കമ്മിറ്റികൾ വഴി ചെയ്യണം. ഉദാ: കുടിവെള്ള പദ്ധതികൾ, റോഡുകൾ, ക്രഷസ്, വൃദ്ധസദനങ്ങൾ, ഹോസ്റ്റലുകളുടെ നടത്തിപ്പ് മുതലായവ.
- പദ്ധതികളുടെ മോണിറ്ററിംഗും പരിശോധനയും അങ്കണവാടി, ആശാ വർക്കർമാരുടെ ഹാജർ ഉറപ്പുവരുത്തൽ മുതലായവ പി.ആർ.ഐ.കൾ വഴി.
- അദ്ധ്യാപകരുടെ കഴിവുകൾ, പഠനനിലവാരം എന്നിവ ഗ്രാമസഭ വഴി ഉദ്യോഗസ്ഥർ വിലയിരുത്തണം.
- സ്കൂൾ വിദ്യാർത്ഥികളുടെ മെഡിക്കൽ പിശോധന, പ്രതിരോധ കുത്തിവെപ്പ്, ഉച്ചക്കഞ്ഞി വിതരണം, കുടിവെള്ള വിതരണം കുടിവെള്ള സ്കീമുകൾ എന്നിവ പി.ആർ. ഐ. കൾ വഴി നടത്തിക്കണം.
- പഞ്ചായത്ത്/സ്വകാര്യ കുളങ്ങളിലെ മത്സ്യം വളർത്തൽ പി.ആർ.ഐ. വഴി ഡിപ്പാർട്ട്മെന്റ് നടപ്പിൽ വരുത്തണം.
- എൻ.ജി.ഒ.കൾ വഴി നടപ്പാക്കുന്ന നീതിന്യായ വകുപ്പും, കൃഷി, മൃഗസംരക്ഷണ വകുപ്പുമുഖാന്തിരമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയുള്ള പിന്തുണ ഉറപ്പാക്കുക. ഉദാ: അവ സ്ഥലം, സൗകര്യം ഉറപ്പാക്കുക (തീറ്റപ്പുൽകൃഷി, ഹോസ്റ്റലുകൾ മുതലായവക്ക്), വികലാംഗർക്കുള്ള ഉപകരണങ്ങളുടെ വിതരണം,

ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കൽ മുതലായവ).

- പരിശീലനത്തിനായുള്ള പരിശീലകരെ തെരഞ്ഞെടുത്തു നൽകൽ.
- തദ്ദേശഭരണ സ്ഥാപനത്തിന്റെ നേരിട്ടുള്ള നിർവ്വഹണത്തിൽ വരാത്ത സ്കീമുകളെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുമായി യോജിപ്പിക്കൽ (ഉദാ: ഗ്രാമപഞ്ചായത്തിന് ചുമതലയുള്ള എൽ.പി., യു.പി. സ്കൂളുകളിലെ കുട്ടികളുടെ പഠന സൗകര്യങ്ങൾ, ക്ലാസ് മുറി നിർമ്മാണം, ശുചിത്വ സൗകര്യങ്ങൾ മുതലായവ എസ്.എസ്.എ. യിൽ ഏതെല്ലാമെന്നും ബാക്കിവരുന്ന ഏതെല്ലാം പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തണമന്നും തീരുമാനിക്കുക). അതുപോലെതന്നെ കൃഷി, ആരോഗ്യമേഖലകളിലെ പദ്ധതികളും കണക്കിലെടുത്ത് പദ്ധതി തയ്യാറാക്കൽ.
- ഡിപ്പാർട്ട്മെന്റ് ലെവൽ കമ്മിറ്റികളെ പ്രദേശിക സർക്കാരുകളുടെ സബ് കമ്മിറ്റികളാക്കി മാറ്റുക.
- ആരോഗ്യം,SC/ST ഫിനാൻസ് കോർപ്പറേഷനുകളുടെ കേന്ദ്രാവിഷ്കൃത പദ്ധതികളെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുമായി സംയോജിപ്പിക്കാം (ഉദാ: നാഷണൽ എയ്ഡ് കൺട്രോൾ ഓർഗനൈസേഷൻ (NACO), ഡയറി, സഹകരണ സ്ഥാപനങ്ങൾ, SC/ST ഫിനാൻസ് കോർപ്പറേഷൻ മുതലായവ)
- പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പുമായ പ്രോത്സാഹനത്തിന് നിർമ്മൽ പുരസ്കാർ പോലെയുള്ള പുരസ്കാരങ്ങൾ ഏർപ്പെടുത്തുക.
- സ്കീമുകളുടെ വിവരങ്ങളും നടത്തിപ്പും നേട്ടങ്ങളും ഗ്രാമസഭ/ജങ്കഅവലോകനത്തിന് വിധേയമാക്കുക. ഉദാ: NRHM, SSA, MGNREGS, MIDDAY MEAL പരിപാടി മുതലായവ
- ആയതിനാൽ തന്നെ ഡിപ്പാർട്ട്മെന്റുകൾ വഴി നിർവ്വഹണം നടത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ മേൽ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തദ്ദേശഭരണ സ്ഥാപനതലത്തിൽ കാര്യക്ഷമമായി ഇടപെടുത്തി കൊണ്ട് നിർവ്വഹണം നടത്തുന്നതിന് ഓരോ ഉദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

## തദ്ദേശഭരണ സ്ഥാപനങ്ങൾ എങ്ങനെ ഇടപെടണം

1. തദ്ദേശഭരണ സ്ഥാപനം വഴി ഫണ്ടിങ്ങും നിർവ്വഹണവും നടത്താവുന്നത് തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾകൊള്ളിക്കുക.

2. വിവിധ ഡിപ്പാർട്ട്മെന്റുകൾ വഴി നടത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും ചേർത്ത് പഞ്ചായത്തിന്റെ പദ്ധതിരേഖ പ്രസിദ്ധീകരിക്കുകയും ഈ പ്രവൃത്തികൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അറിവോടെയും തദ്ദേശഭരണ സ്ഥാപനത്തിന്റെ വിവിധ കമ്മിറ്റികൾ മുഖേനയും ഗ്രാമസഭവഴിയും ചെയ്യാവുന്ന ഡാറ്റാ ശേഖരിക്കൽ, ഗുണഭോക്താക്കളെ കണ്ടെത്തൽ, നിർവ്വഹണം മോണിറ്റർ ചെയ്യൽ, അവലോകനം നടത്തൽ, ന്യൂനതകൾ ചൂണ്ടികാണിക്കൽ മുതലായവ ചെയ്യുന്നതിനുള്ള വേദി ഒരുക്കികൊടുക്കുകയും ചെയ്യേണ്ടത് ഡിപ്പാർട്ട്മെന്റ് നിർവ്വഹണോദ്യോഗസ്ഥരുടെ ചുമതലയായി എടുക്കേണ്ടതുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി അവലോകനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഡിപ്പാർട്ട്മെന്റ് വഴിയുള്ള നിർവ്വഹണവും നിർബന്ധമായും ഉൾപ്പെടുത്തുകയും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുകയും ചെയ്യുക.

ഉദാ: വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള തദ്ദേശസ്ഥാപനത്തിന്റെ പദ്ധതിയിൽ ഡിപ്പാർട്ട്മെന്റ് വഴി നടത്തുന്ന SSA പ്രവൃത്തികൾ ഏതെന്നും അത് ഒഴിവാക്കി ഏതെല്ലാം പ്രവൃത്തികളാണ് തദ്ദേശ ഭരണ സ്ഥാപനം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതെന്നും

തീരുമാനിക്കുകയും ഈ പദ്ധതി രേഖയിൽ വ്യക്തമാക്കാവുന്നതും ആണ്. കൂടാതെ ബ്ലോക്ക് ജില്ലാപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രവൃത്തികളും നിശ്ചയിക്കപ്പെടണം. SSA വഴി നടപ്പാക്കുന്ന പദ്ധതികൾ ഗ്രാമസഭയിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വിവിധ കമ്മിറ്റികളിലും ചർച്ചചെയ്യപ്പെടുകയും ഗുണഭോക്താക്കളുടെ ലിസ്റ്റ് PRI വഴി ഗ്രാമസഭയുടെ നിരീക്ഷണത്തിനും മോണിറ്ററിങ്ങിനും വിധേയമാക്കുകയും വേണം. നിർവ്വഹണ ഉദ്യോഗസ്ഥന്മാർ SSA നിർവ്വഹണം സംബന്ധിച്ച കാര്യങ്ങൾ PRI യ്ക്കും ഗ്രാമസഭയ്ക്കും റിപ്പോർട്ട് ചെയ്യപ്പെടണം. ഡിപ്പാർട്ട്മെന്റ് വഴി നിർവ്വഹിക്കപ്പെടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനാവിഷ്കൃത പദ്ധതികളും ഇത്തരത്തിലുള്ള ആസൂത്രണ അവലോകനത്തിനും മോണിറ്ററിംഗിനും വിധേയമാക്കണം. അതുമൂലം സുതാര്യതയും കാര്യക്ഷമതയും നിലനിർത്തി അഴിമതിയും പാഴ്ചെലവും, അനർഹരുടെ വരവും തടയാൻ കഴിയുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിലെ സ്റ്റാന്റിങ്ങ് കമ്മിറ്റികൾക്കും മറ്റ് സ്ഥാപന കമ്മിറ്റികൾക്കും, ഗ്രാമസഭകൾക്കും, അയൽക്കൂട്ടങ്ങൾക്കും ഇതിൽ മുഖ്യമായ പങ്ക് വഹിക്കാനാകും. ആയതിനുള്ള അവസരം സൃഷ്ടിക്കേണ്ടത് അതാതു ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെയും തദ്ദേശഭരണ സ്ഥാപന ഭാരവാഹികളുടെയും ചുമതലയാണ്.

## NGO വഴിയുള്ള നിർവ്വഹണം

വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എൻ.ജി.ഒ. (സർക്കാരിതര സംഘടനകൾ) വഴിയുള്ള നിർവ്വഹണത്തിനും മേൽ വിവരിച്ച പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇടപെടാവുന്നതുമാണ്.

ഉദാ: ഇന്ത്യയിലെ വിവിധ സർക്കാരിതര സംഘടനകൾക്ക് (കഴിവ് തെളിയിച്ച സംഘടനകൾക്ക്) കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കീഴിൽ ഫണ്ട് നൽകുന്നുണ്ട്. അവർ നടത്തുന്ന ധർമ്മപ്രവർത്തനങ്ങളും പാവപ്പെട്ടവരുടെ വിവിധാവശ്യങ്ങൾ നിറവേറ്റുന്നതിനാണ്. സർക്കാരിതര സംഘടനകൾ ലാഭം കൂടാതെ ചെയ്യുന്ന അത്തരം പ്രവൃത്തികൾ (അനുബന്ധമായി നൽകുന്നുണ്ട്) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലകളുടെ ഭാഗം തന്നെയാണ്. ഉദാ: ഭവന നിർമ്മാണം, അനാഥാലയങ്ങൾ നടത്തൽ, വൃദ്ധജനങ്ങളുടെ പരിപാലനം, മാനസിക വൈകല്യമുള്ളവരുടെ പുനരധിവാസം അഗതികളുടെ പുനരധിവാസം, വിവിധ ദുരിതാശ്വാസ പ്രവർത്തനങ്ങൾ മുതലായവ).

തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ പദ്ധതികൾ തയ്യാറാക്കുമ്പോൾ ഈ സ്ഥാപനങ്ങൾവഴി ചെയ്യപ്പെടുന്ന സേവനങ്ങൾ അവരുമായി ചർച്ച ചെയ്തു പദ്ധതി രേഖയിൽ ഉൾപ്പെടുത്തേണ്ടതും അനുവദനീയ സഹായങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തി അവർക്ക് ആയത് നൽകാവുന്നതുമാണ്. അവർ ചെയ്യുന്ന സേവനങ്ങളും ജനങ്ങളുടെ/തദ്ദേശഭരണ സ്ഥാപനങ്ങളുടെ/ഗ്രാമസഭയുടെ അറിവിനും അഭിപ്രായത്തിനുമായി സമർപ്പിക്കാവുന്നതും ഈ സംഘടനകൾക്ക് വേണ്ട ഗുണഭോക്താക്കളെ തദ്ദേശഭരണ സ്ഥാപനത്തിന്റെ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ നിന്നും നൽകാവുന്നതുമാണ്. ഉദാ: സ്വയംതൊഴിലുമായി ബന്ധപ്പെട്ട് പ്രദേശത്തെ എൻ.ജി.ഒ.കൾ ചെയ്യുന്ന പ്രവൃത്തികൾ, സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി എൻ.ജി.ഒ.കൾ ചെയ്യുന്ന പ്രവർത്തനങ്ങൾ പൗരബോധം വളർത്തുന്നതിന്റെ ഭാഗമായി ചെയ്യുന്ന പരിപാടികൾ മുതലായവ.

ചുരുക്കി പറഞ്ഞാൽ 73, 74 ഭരണഘടനാ ഭേദഗതി പ്രാദേശിക സർക്കാരുകളുടെ ചുമതലകൾ വർദ്ധിപ്പിച്ചിട്ടുണ്ട് (പ്രത്യേകിച്ച് കേരളത്തിൽ). ആയതിനാൽ തന്നെ കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾക്ക് ദാരിദ്ര്യനിർമ്മാർജനത്തിലും സാമൂഹ്യനീതി പ്രദാനം ചെയ്യുന്നതിലും പ്രാദേശിക സാമ്പത്തിക വികസനത്തിലും പ്രാധാനമായ പങ്കുവഹിക്കാനുണ്ട്. ആയതിനാൽ

തന്നെ ഗ്രാമപഞ്ചായത്ത്/നഗരസഭ പ്രദേശത്ത് ചെയ്യുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും, സംസ്ഥാനാവിഷ്കൃത പദ്ധതികളും, ത്രിതല പഞ്ചായത്ത് പദ്ധതികളും, സർക്കാരിതര സംഘടനകൾ ചെയ്യുന്ന പ്രവൃത്തികളും മറ്റ് ഏജൻസികൾ ചെയ്യുന്ന പ്രവൃത്തികളും സന്നദ്ധ സേവനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ മൊത്തം പദ്ധതിയുടെ ഭാഗമായി കണക്കാക്കി അവരുമായി ഇടപെട്ട്, ജനകീയ ഇടപെടലുകൾക്ക് അവസരമുണ്ടാക്കി ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉതകുന്നരീതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാപ്തി കൈവരിക്കേണ്ടതുണ്ട്.

തുടർന്നുള്ള ഭാഗങ്ങളിൽ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളും പരിപാടികളും ഏതെല്ലാമാണെന്നും എന്തിനെന്നും ആയതിൽ തദ്ദേശഭരണ സ്ഥാപനത്തിന് എപ്രകാരം ഇടപെടാമെന്നും ആയതിന്റെ നിർവ്വഹണവും ഫണ്ടിംഗും എപ്രകാരമെന്നും ഇനം തിരിച്ച് പ്രതിപാദിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവരുടെ ലക്ഷ്യം എളുപ്പം നിറവേറ്റുന്നതിന് ആയത് വളരെയധികം ഉപകരിക്കുമെന്നും പ്രതീക്ഷിക്കുന്നു.

## പന്ത്രണ്ടാം പദ്ധതിയും കേന്ദ്രാവിഷ്കൃത പദ്ധതികളും

പന്ത്രണ്ടാം പദ്ധതിയിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ വളരെയധികം മാറ്റം വിഭാവനം ചെയ്യുന്നു. സ്കീമുകളുടെ എണ്ണം 59 ആയി കുറയുക എന്നുള്ളതാണ് പ്രാധാന മാറ്റം. കേന്ദ്രാവിഷകൃതപദ്ധതികളുടെ താഴെ പറയുന്ന മാറ്റം വിഭാവനം ചെയ്യുന്നു. വിവിധ പരിപാടികൾ സംയോജിപ്പിച്ച്കൊണ്ട് സ്കീമുകലുടെ എണ്ണം കുറക്കാൻ ഉദ്ദേശിക്കുന്നത്. ഓരോ മന്ത്രാലയം/ഡിപ്പാർട്ട്മെന്റുകൾക്ക് കീഴെ താഴെ പറയുന്ന മാറ്റങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

| മന്ത്രാലയം/ഡിപ്പാർട്ട്മെന്റ് | നടപ്പ് സ്കീമുകൾ എണ്ണം | നിർദ്ദേശിക്കപ്പെട്ടവ എണ്ണം |
|---|---|---|
| കൃഷി & സഹകരണം | 13 | 6 |
| മൃഗസംരക്ഷണം | 15 | 3 |
| ആരോഗ്യം-കുടുംബക്ഷേമം | 11 | 5 |
| ഗ്രാമവികസനം | 6 | 4 |
| തൊഴിൽ | 13 | 2 |
| സ്കൂൾ വിദ്യാഭ്യാസം | 17 | 6 |
| പരിസ്ഥിതി & വനം | 8 | 4 |
| ന്യൂനപക്ഷകാര്യങ്ങൾ | 4 | 1 |
| സെഷ്യൽ ജസ്റ്റീസ് & എംപവർമെന്റ് | 13 | 5 |
| വനിത & ശിശു വികസനം | 9 | 3 |

### പ്രധാനപ്പെട്ട മാറ്റങ്ങൾ

**ആരോഗ്യം :** നിലവിലുള്ള 11 എണ്ണമാക്കി കുറയ്ക്കൽ. ദേശീയ മാനസിക ആരോഗ്യ പരിപാടി,

ദേശീയ ഡയബെറ്റിക് കൺട്രോൾ & പ്രിവൻഷൻ പരിപാടി, കാൻസർ പ്രിവൻഷൻ പരിപാടി, വൃദ്ധജനങ്ങൾക്ക് ആരോഗ്യപരിപാടി എന്നിവ ദേശീയ നോൺ കമ്മ്യൂണറബിൾ ഡിസ് ഈസ് പരിപാടിയിൻ കീഴിലാക്കൽ.

ഗ്രാമവികസനത്തിൻ കീഴിലുള്ള സ്വർണ്ണ ജയന്തി സ്വറോസ്ഗാർ യോജന, ഡി.എൽ.സി.എ വികസന പരിപാടി എന്നിവ ദേശീയ ഉപജീവന മിഷൻ പരിപാടിയിൻ കീഴിലാക്കൽ.

**വനം** : പരിസ്ഥിതി മൻന്ത്രാലയത്തിൻ കീഴിൽ ഉള്ള സംയോജിത വന്യജീവി വികസന പരിപാടിയിൻ കീഴിൽ പ്രോജക്ട് എലിഫന്റ് ഉൾപ്പെടുന്നു.

**പ്രകൃതി വിഭവ സംരക്ഷണം** : പരിസ്ഥിതി സംരക്ഷണ പരിപാടിയിൻ കീഴിൽ പ്രോജക്ട് ടൈഗർ ഉൾപ്പെടുന്നു.
സ്കൂൾ എഡ്യുക്കേഷൻ. സാക്ഷരത എന്നിവ ലേബർ & സോഷ്യൽ ജസ്റ്റീസ് & എംപവർമെന്റിൻ കീഴിലാക്കൽ.
സ്കൂൾ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റിൽ, സ്കൂൾ വികസനം ലഭ്യമാക്കിയുള്ള ഒരു വലിയ സ്കീമുകൾ & ചെറിയ സ്കീമുകൾ ഉൾപ്പെടുന്നു.
ഉദാ. ഭാഷാദ്ധ്യാപക നിയമനം, വയോജന വിദ്യാഭ്യാസം മുതലായവ
തൊഴിൽ പുനരധിവാസ മന്ത്രാലയത്തിൻ കീഴിലുള്ള രാഷ്ട്രീയ സ്വസ്ഥി ഭീമായോജനയ്ക്കു പകരം മറ്റ് 12 സ്കീമുകൾ കൂടി ചേർത്ത് സ്കിൽ ഡവലപ്പ്മെന്റിൻ കീഴിൽ മറ്റൊരു വലിയ പരിപാടി തയ്യാറാക്കൽ
സോഷ്യൽ ജസ്റ്റീസ് & എംപവർമെന്റ് പരിപാടിയിൽ ഉള്ള 13 സ്കീമുകൾ 5 ആക്കി ചുരുക്കാനുള്ള തീരുമാനം.

**************************

CHAPTER

# II



# ഗ്രാമവികസനം

# II. ഗ്രാമവികസനവകുപ്പ്

## I. സംയോജിത നീർത്തട പരിപാലന പരിപാടി (IWMP)

### ആമുഖം

കേരളത്തിൽ നടപ്പിലാക്കിയ നീർത്തടവികസന പരിപാടിക്ക് സംഭവിച്ച ഏറ്റവും വലിയ അപചയം അതിനെ ഒരു പരിസ്ഥിതി പുനസ്ഥാപനത്തിലുള്ള സമ്പൂർണ്ണ സംയോജിത പദ്ധതിയായി കാണുന്നതിന് പകരം ഒറ്റപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പദ്ധതിയായി കണ്ടു എന്നതാണ് . പദ്ധതി നിർവ്വഹണത്തിനുള്ള പ്രത്യേക സംവിധാനത്തിന്റെ അഭാവം ഈ പദ്ധതിയുടെ മറ്റൊരു പരിമിതിയായിരുന്നു. ഇവ തരണം ചെയ്യുന്നതിനുള്ള സമഗ്ര സമ്പൂർണ്ണവു മായ സംയോജിത പദ്ധതിയാണ് 2008 ൽ ആരംഭിച്ച സംയോജിത നീർത്തടപരി പാലനപരിപാടി.

### ഫണ്ട്

കേന്ദ്രസർക്കാർ ജില്ലാപഞ്ചായത്ത് ദാരിദ്ര്യനിർമ്മാർജ്ജന യൂണിറ്റ് വഴി ബ്ലോക്ക് പഞ്ചാ യത്തു കൾക്ക് ഫണ്ട് നല്കുന്നു. ബ്ലോക്ക് പഞ്ചായത്ത് , ഗ്രാമപഞ്ചായത്തുകൾ വഴി നീർത്തടക മ്മിറ്റികൾക്ക് പണം നല്കുന്നു.

ഒരു ഹെക്ടർറിന് മലമ്പ്രദേശങ്ങളിൽ 15,000/ രൂപയും സമതല പ്രദേശങ്ങളിൽ 12,000/ രൂപയും അനുവദിക്കുന്നു.

| | |
|---|---|
| - നീർത്തടവികസന പ്രവർത്തനങ്ങൾക്ക് മൊത്തം പ്രോജക്റ്റിന്റെ | 56% |
| - ജീവനോപാധികൾ നല്കാൻ | 9% |
| - ഉല്പാദനമേഖലയുമായി ബന്ധപ്പെട്ട ലഘുസംരംഭങ്ങൾക്ക് | 10% |
| - ഭരണപരമായ ചെലവുകൾക്ക് | 10% |
| - മോണിറ്ററിംഗ് | 1% |
| - വിലയിരുത്തൽ | 1% |
| - ഡി.പി.ആർ തയ്യാറാക്കൽ | 1% |
| - പ്രാരംഭപ്രവർത്തനങ്ങൾ | 4% |
| സ്ഥാപനപരമായ മെച്ചപ്പെടുത്തൽ | 5% |
| - പൂർത്തീകരണഘട്ടത്തിന് | 3% |
| | ........... |
| ആകെ | 100 |

പദ്ധതി തയ്യാറാക്കി സംസ്ഥാനസർക്കാർ വഴി കേന്ദ്രസർക്കാരിനയച്ച് പദ്ധതി അംഗീക രിച്ചാലാണ് ഫണ്ട് ലഭിക്കുന്നത്.

### നിർവ്വഹണസ്ഥാപനം

ബ്ലോക്ക്പഞ്ചായത്തുകളാണ് പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ ഏജൻസികൾ. ഒന്നിൽ കൂടുതൽ ബ്ലോക്കുകൾ ഉണ്ടെങ്കിൽ കൂടുതൽ പ്രദേശം ഉൾപ്പെടുന്ന ബ്ലോക്ക്പഞ്ചായത്തായി രിക്കും പി.ഐ.എ.

### ലക്ഷ്യങ്ങൾ

1. മണ്ണും ജലവും ജൈവസമ്പത്തും തമ്മിൽ ഉണ്ടാക്കേണ്ട ജൈവബന്ധം നിലനിർത്തു

ന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ക്രമാനുഗതമായും ശാസ്ത്രീയമായും നടപ്പിലാക്കുകയും മണ്ണിലെ ജലസന്തുലിതാവസ്ഥ നിലനിർത്തുകയും ചെയ്യുക.

2. മഴവെള്ളം പരമാവധി സംഭരിക്കാനും മണ്ണിലേക്ക് ഇറക്കാനും ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കി ജലലഭ്യത ഉറപ്പാക്കുകയും ഭൂഗർഭജലവിതരണം ക്രമാനുഗതമായി ഉ.യർത്തികൊണ്ട് വരികയും ചെയ്യുക.
3. മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടപ്പാക്കി കാർഷികവിളകളുടെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക.
4. മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ പ്രകൃതിവിഭവങ്ങളെ ആശ്രയിച്ചു കഴിയുന്ന ജനവിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും ജീവനോപാധികളും ലഭ്യമാക്കുക.

## ഗുണഭോക്താക്കൾ

തെരഞ്ഞെടുക്കപ്പെട്ട സൂക്ഷമ നീർത്തടങ്ങളിലെ എല്ലാ സ്ഥിരതാമസക്കാരും ഭൂമിയുള്ളവരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

## ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

- മണ്ണും ജലവും ജൈവസമ്പത്തും നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
- മഴവെള്ളം പരമാവധി സംഭരിക്കാനും മണ്ണിലേക്ക് ഇറക്കാനും ആവശ്യമായ പ്രവർത്തനങ്ങൾ
- ജൈവസമ്പത്തിന്റെ ശോഷണം തടയുന്നതിന് പരമാവധി സംരക്ഷണം ഉറപ്പുവരുത്തുക
- മണ്ണൊലിപ്പ് തടയുന്നതിനുള്ള പ്രവർത്തനങ്ങൾ
- മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ പ്രകൃതിവിഭവങ്ങളെ ആശ്രയിച്ചു കഴിയുന്ന ജനവിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും ജീവനോപാധികളും ലഭ്യമാക്കൽ
- വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയവയുടെ കാഠിന്യവും രൂക്ഷതയും കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
- തരിശുഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതിനുള്ള പരിപാടികൾ
- നാശോൻമുഖമായി കൊണ്ടിരിക്കുന്ന ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ

## പ്രവർത്തനങ്ങൾ

1. ആദ്യത്തെ 6 മാസത്തിനുള്ളിൽ നടത്തേണ്ട ആസൂത്രണഘട്ടത്തിൽ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (ഡി.പി.യു) തയ്യാറാക്കുന്നു.
2. ആറുമാസത്തിനുശേഷമുള്ള രണ്ടര വർഷമാണ് നിർവ്വഹണഘട്ടം. എല്ലാ പ്രവർത്തികളും ഈ ഘട്ടത്തിൽ നിർവ്വഹിക്കണം.
3. നിർവ്വഹണം കഴിഞ്ഞുള്ള 12 മുതൽ 18 മാസക്കാലം തുടർപ്രവർത്തനങ്ങളുടെ ഘട്ടമാണ്.

## നിർവ്വഹണമോണിറ്ററിംഗ് സംവിധാനങ്ങൾ

### സംഘടനാസംവിധാനങ്ങൾ

ജില്ലാ ആസൂത്രണസമിതി(DPC)
ജില്ലാതല കോർഡിനേഷൻ കമ്മിറ്റി (DLLC)
ബ്ലോക്ക്തല കോർഡിനേഷൻ കമ്മിറ്റി (BLLC)

ഗ്രാമപഞ്ചായത്ത്തല നീർത്തട കമ്മിറ്റി
നീർത്തട കമ്മിറ്റി
നീർത്തട അയൽക്കൂട്ടങ്ങൾ

## സാങ്കേതിക സംവിധാനങ്ങൾ

സംസ്ഥാനതല നോഡൽ ഏജൻസി (SLNA)
ജില്ലാതലവാട്ടർഷെഡ് സെൽ കം ഡാറ്റാ സെന്റർ (WCDC)
ബ്ലോക്ക്തല വാട്ടർഷെഡ് ഡവലപ്പ്മെന്റ് ടീം (WDT)

ഐ.ഡബ്ല്യു.എം.പി യുടെ നിർവ്വഹണഏജൻസിയായ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഡി.പി.ആർ തയ്യാറാക്കുന്നതിനായി ടെക്നിക്കൽ സപ്പോർട്ട് ഓർഗനൈസേഷനായി ഈ മേഖലയിൽ മികവു തെളിയിച്ച സ്ഥാപനങ്ങളെ /സംഘടനകളെ നിയോഗിക്കാവുന്നതാണ്. നീർത്തട അയൽക്കൂട്ടങ്ങളാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ഡി.പി.ആറിന് അംഗീകാരം ലഭിക്കുന്നതോടെ തുടർന്നുള്ള 3 വർഷങ്ങളിൽ പദ്ധതികളുടെ നിർവ്വഹണം നടത്തണം. വിശദമായ പദ്ധതിരേഖയുടെ ഒപ്പം തന്നെ വാർഷികപദ്ധതികളും തയ്യാറാക്കുന്നു. ഓരോ വർഷവും അതാത് പദ്ധതികൾക്ക് ഡി.പി.സി യുടെ പ്രത്യേക അംഗീകാരം വേണം.

പി.ഐ.എ , ഗ്രാമപഞ്ചായത്ത് ഇവയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ നീർത്തട കമ്മിറ്റി, നീർത്തട അയൽക്കൂട്ടം എന്നവരാണ് പ്രാരംഭപ്രവർത്തികൾ ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തികളും നടത്തേണ്ടതാണ്. പ്രവർത്തികൾ സ്ക്കിൽഡ് ലേബർ ഗ്രൂപ്പ് /എം.ജി.എൻ. ആർ.ഇ.ജി.എസ് ലേബർ ടീം ആണ് നിർവ്വഹിക്കേണ്ടത്.

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്

ഈ പരിപാടി പൂർണ്ണ ജനപങ്കാളിത്തത്തോടെ പഞ്ചായത്ത്രാജ് സംവിധാനത്തിലൂടെയാണ് നടപ്പിലാക്കുന്നത്. പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ ത്രിതലപഞ്ചായത്തുകളാണ് നിർവ്വഹിക്കുന്നത്.

നീർത്തട അയൽക്കൂട്ടങ്ങളുടെ രൂപീകരണം , പഞ്ചായത്ത്തല നീർത്തടകമ്മിറ്റി രൂപീകരണം തുടർന്നുള്ള അവയുടെ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തുകൾ നേതൃത്വം നല്കണം.

ബ്ലോക്ക്തല കോർഡിനേഷൻ കമ്മിറ്റി, വാട്ടർഷെഡ് ഡവലപ്പ്മെന്റ് ടീം എന്നിവയുടെ പ്രവർത്തനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തുകൾ നേതൃത്വം നല്കണം .

## പദ്ധതിസംയോജന സാധ്യതകൾ

പ്രകൃതിവിഭവങ്ങളുടെ സംരക്ഷണത്തിലൂടെ സ്ഥായിയായ വികസനത്തിനുള്ള പരിപാടികൾ ആവിഷ്കരിക്കുന്നതിൽ ഐ.ഡബ്ല്യു.എം.പി പദ്ധതി ഉപയോഗപ്പെടുത്താം. തൊഴിലുറപ്പുപദ്ധതി, എസ്.ജി.എസ്.വൈ പദ്ധതി, കൃഷിവകുപ്പ്, മൃഗസംരക്ഷണവകുപ്പ്, ക്ഷീരവികസന വകുപ്പ്, മണ്ണ്സംരക്ഷണവകുപ്പ് എന്നീ വകുപ്പുകളുടെ പദ്ധതികളും സംയോജിപ്പിക്കുവാൻ കഴിയും . ദാരിദ്ര്യലഘൂകരണ പ്രവർത്തനങ്ങളുടെ സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താം.

## II. സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന (എസ്. ജി. എസ്. വൈ)

### ആമുഖം

സ്വാതന്ത്ര്യാനന്തര ഭാരതം അഭിമുഖീകരിയ്ക്കേണ്ടി വന്ന ഏറ്റവും വലിയ പ്രശ്നം ഗ്രാമീണമേഖലയിലെ ദാരിദ്ര്യമായിരുന്നു.ഇത് പരിഹരിക്കുന്നതിനായി പല ദാരിദ്ര്യ നിർമ്മാർജനപദ്ധതികളും കേന്ദ്ര സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. 1999 ഏപ്രിൽ മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് എസ്.ജി.എസ്.വൈ. ഗ്രാമീണമേഖലയിലെ ദരിദ്ര്യ ജനങ്ങളുടെ സ്വതസിദ്ധമായ കഴിവുകൾ പരിപോഷിപ്പിച്ച് ധാരാളം ചെറുകിട സംരംഭങ്ങൾ ആരംഭിച്ച് ഉൽപ്പാദന-സേവന മേഖലകളെ പരിപ്പോഷിപ്പിക്കാം എന്നതാണ് ഈ പദ്ധതിക ളുടെ സവിശേഷത.

### ഫണ്ട്

എസ്.ജി.എസ്.വൈ ഫണ്ടിന്റെ 75% കേന്ദ്ര സർക്കാരും 25% സംസ്ഥാനസർക്കാരു മാണ് വഹിക്കുന്നത്. എസ്.ജി.എസ്.വൈ ഒരു വായ്പാ-സബ്സിഡി പദ്ധതിയാണ്. വായ്പ ക്കാണ് പ്രാധാന്യം നൽകുന്നത്. പ്രോജക്റ്റു അടങ്കലിന്റെ 30% പൊതുവിഭാഗങ്ങൾക്കും 50% പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും പരമാവധി യഥാക്രമം 7500/ രൂപ 10000/ എന്നീ നിരക്കിൽ സബ്സിഡി ലഭിക്കും. ഗ്രൂപ്പുകൾക്ക് ഒരാൾക്ക് 10000/ രൂപയിൽ അധികരിക്കാതെ 1.25 ലക്ഷം രൂപ സബ്സിഡി ലഭിക്കും. ഇറിഗേഷൻ പ്രവർത്തികൾക്ക് പരിധിബാധകമല്ല. സബ്സിഡി ബാക്ക് എൻഡിംഗ് ആണ്. എസ്.ജി.എസ്.വൈ ലക്ഷ്യമിടുന്നത്. ദാരിദ്ര്യകുടുംബങ്ങളെയായ തിനാൽ ആകെ തുകയുടെ 50% പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും. 40% വനിതകൾക്കും, 15% ന്യൂനപക്ഷത്തിനും, 3% വികലാംഗർക്കുമായി മാറ്റിവെച്ചിരിക്കുന്നു.

### നിർവ്വഹണസ്ഥാപനം

ബ്ലോക്ക്പഞ്ചായത്തുകളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.ജില്ലാപഞ്ചായ ത്തിന്റെ ദാരിദ്ര്യനിർമ്മാർജനവിഭാഗം(പി.എ.യു), പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ, ബാങ്കുകൾ, ലൈൻ ഡിപ്പാർട്ട്മെന്റുകൾ എന്നിവയുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്ന ത്. ബ്ലോക്കതല എസ്.ജി.എസ്.വൈ കമ്മിറ്റി, ജില്ലാതല എസ്.ജി.എസ്.വൈ കമ്മിറ്റി എന്നി വയും ഈ പദ്ധതി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു.

### ലക്ഷ്യങ്ങൾ

1. വരുമാനവർദ്ധനവിലൂടെ ദരിദ്രകുടുംബങ്ങളെ സ്ഥിരമായി ദാരിദ്ര്യരേഖയ്ക്ക് മുക ളിൽ കൊണ്ടുവരിക.
2. ദരിദ്രകുടുംബങ്ങളിലെ അംഗങ്ങളെ ചേർത്തുകൊണ്ട് സ്വയംസഹായസംഘങ്ങൾ രൂപീകരിച്ച് അവർക്ക് ആവശ്യമായ പരിശീലനം, ബാങ്ക് വായ്പ, സബ്സിഡി എന്നിവ നല്കി വരുമാനവർദ്ധനവിനും സഹായിക്കുന്ന പുതിയ തൊഴിൽ സംരംഭങ്ങൾ ആരം ഭിക്കുക.
3. സ്വയംസഹായസംഘങ്ങൾക്ക് ആവശ്യമായ വൈദഗ്ധ്യപരിശീലനം, സംരംഭത്തിന്റെ നടത്തിപ്പിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കൽ, വിപണനസംവിധാന ങ്ങൾ ഒരുക്കൽ.

### ഗുണഭോക്താക്കൾ

ബി.പി.എൽ സെൻസസ് ലിസ്റ്റിൽ നിന്നും ഗ്രാമസഭ വഴി കണ്ടെത്തുന്ന ദാരിദ്ര്യരേ ഖയ്ക്ക് താഴെയുള്ള കുടുംബങ്ങളാണ് ഗുണഭോക്താക്കൾ.

വ്യക്തികളേയും ഗ്രൂപ്പുകളേയും ഈ പദ്ധതി വഴി സഹായിക്കാം. ഗ്രൂപ്പ് സമീപനത്തിനാണ് മുൻഗണനസാമൂഹ്യസംഘാടനത്തിലൂടെ ദരിദ്രകുടുംബങ്ങളെ സംഘടിപ്പിച്ച് രൂപീകരിക്കുന്ന ഗ്രൂപ്പുകളാണ് പ്രധാനഗുണഭോക്താകൾ.

ഒരു സഹായസംഘത്തിൽ 10 മുതൽ 20 വരെ അംഗങ്ങളാകാം. എന്നാൽ മരുഭൂമി, മലനിരക്കുകൾ എന്നീ ദുർഘട പ്രദേശങ്ങളിൽ ജീവിക്കുന്നവർ, വികലാംഗർ എന്നിവരുടെ ഗ്രൂപ്പിൽ 5 മുതൽ 20 വരെ അംഗങ്ങൾ മതി. ഗ്രൂപ്പിലെ അംഗങ്ങളിൽ എല്ലാവരും ബിപിഎൽ-ൽ പ്പെട്ടവരായിരിക്കണം. എന്നാൽ 20% മുതൽ 30 % വരെ ബിപിഎല്ലിന് തൊട്ടു മുകളിലുള്ള എ.പി. എല്ലിൽ നിന്നും അംഗങ്ങൾ ആകാം. ഔദ്യോഗിക ഭാരവാഹിത്വത്തിനോ, സബ്സിഡിക്കോ ഇവർ അർഹരല്ല.

## ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

ഉല്പാദന-സേവന മേഖലകളിലെ സംരംഭങ്ങൾ ഏറ്റെടുക്കാം. ഉല്പാദനമേഖലയിൽ കൃഷി, മൃഗസംരക്ഷണം, ചെറുകിടവ്യവസായം തുടങ്ങിയ ഏതു മേഖലയിലെയും സംരംഭങ്ങളാവാം.

## പ്രവർത്തനങ്ങൾ

1. ബിപിഎൽ സെൻസസ് ലിസ്റ്റിൽ നിന്നും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ ഗ്രാമസഭ കണ്ടെത്തുന്നു.
2. സാമൂഹ്യസംഘാടനത്തിലൂടെ ദരിദ്രകുടുംബങ്ങളെ സംഘടിപ്പിച്ച് ഗ്രൂപ്പുകൾ രൂപീകരിക്കുന്നു.
3. ഗ്രൂപ്പ് രൂപീകരിച്ചതിന് ശേഷം 6 മാസം കഴിഞ്ഞാൽ ഗ്രേഡ് ചെയ്യുന്നു.
4. ഗ്രേഡിംഗിൽ വിജയിക്കുന്ന സംഘങ്ങൾക്ക് അവരുടെ കോർപ്പസ് ഫണ്ടിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞത് 5000/- രൂപയും കൂടിയത് 10000/- രൂപയും റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നു. ഗ്രൂപ്പ് കോർപ്പസിന്റെ 4 ഇരട്ടി തുക വായ്പയും പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ 20000/ രൂപ വരെ റിവോൾവിംഗ് ഫണ്ടും അനുവദിക്കാവുന്നതാണ്.
5. റിവോൾവിംഗ് ഫണ്ട് ലഭിച്ച് 6 മാസത്തിനു ശേഷം 2-ാം ഗ്രേഡിംഗ് നടത്തുന്നു.
6. രണ്ടാമത്തെ ഗ്രേഡിംഗിന് വിജയിക്കുന്നവർക്ക് സാമ്പത്തിക പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാ നുള്ള പ്രോജക്റ്റ് തയ്യാറാക്കി ബാങ്കിൽ നല്കുന്നു.
7. ഗുണഭോക്താക്കൾക്ക് ആവശ്യാനുസരണം രണ്ടു തരം പരിശീലനങ്ങൾ നല്കുന്നു. രണ്ട് ദിവസം നീണ്ടുനിൽകുന്ന അടിസ്ഥാന അവബോധപരിശീലനവും പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള വൈദഗ്ധ്യവും പരിശീലനവും നല്കുന്നു.
8. ഗ്രൂപ്പിന് സംരംഭം ആരംഭിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നു.
9. സംരംഭകർ ഉല്പാദിക്കുന്ന ഉല്പന്നങ്ങൾക്ക് വിപണന സൗകര്യം രൂപപ്പെടുത്തുന്നു.

## നിർവ്വഹണമോണിറ്ററിംഗ് സംവിധാനങ്ങൾ

ജില്ലാതലത്തിൽ ജില്ലപഞ്ചായത്ത്, പി.എ.യു ജില്ലാതല എസ്.ജി.എസ്.വൈ കമ്മിറ്റി എന്നിവയും ബോക്ക്തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് ബ്ലോക്ക്തല എസ്.ജി.എസ്.വൈ കമ്മിറ്റി എന്നിയും നിർവ്വഹണ-മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നു.

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്

ദാരിദ്ര്യനിർമ്മാർജനവും പ്രാദേശിക സാമ്പത്തിക വികസനവും പ്രദേശിക സർക്കാ

രുടെ ചുമതലയാണ്. പ്രാദേശികമായും അല്ലാതെയും ലഭ്യമാക്കുന്ന വിഭവങ്ങൾ ഉപയോഗപ്പെടുത്തി മെച്ചപ്പെട്ട സാങ്കേതിക പരിശീലനം നല്കി മികച്ച ഉല്പന്നങ്ങളും നിർമ്മിക്കുന്ന പ്രോജക്റ്റുകൾക്ക് രൂപം നൽകാൻ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ മുൻകൈ എടുക്കണം.

ഗ്രൂപ്പുകളുടെ ഗ്രേഡിംഗ്, പ്രോജക്ടുകളുടെ ആസൂത്രണവും തയ്യാറാക്കലും അടിസ്ഥാനസൗകര്യങ്ങൾ ആസൂത്രണം വൈദഗ്ധ്യ പരിശീലനം, വ്യക്തിഗത സ്വറോസ്ഗാരികളെ കണ്ടെത്തൽ, വായ്പാ അനുവദിക്കുന്നതിന് മുൻപും പിൻപുമുള്ള ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തൽ തുടങ്ങിയ കാര്യങ്ങളിൽ ഫലപ്രദമായ പങ്ക് നിർവ്വഹിക്കുവാൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കഴിയും.

ഉല്പാദനം, സംസ്ക്കരണം, ഗുണനിലവാര പരിശോധന, സംഭരണം ഡിസൈൻ,, വാല്യഅഡിഷൻ, വിപണനം എന്നിവയ്ക്കെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നേതൃത്വം നല്കേണ്ടതുണ്ട്.

### പദ്ധതി സംയോജനസാധ്യതകൾ

ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് സ്വയംസഹായസംഘങ്ങൾ വഴി ഉല്പാദന മേഖലയിലും സേവനമേഖലയിലും സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോജക്റ്റുകൾക്ക് രൂപം നല്കാവുന്നതാണ്. കാർഷിക-മൃഗസംക്ഷണമേഖലകളിൽ ഉല്പാദനവർദധനവിനും,മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും എസ്.ജി.എസ്.വൈ ഉപയോഗപ്പെടുത്താം. പ്രാദേശികസർക്കാരുകളുടെ ജൈവമാലിന്യസംസ്ക്കരണം ഉല്പാദനമേഖലയിലെ പ്രോജക്റ്റുകൾ, സൂക്ഷ്മസംരംഭങ്ങൾ, പ്രാദേശികവികസനപ്രോജക്റ്റുകൾ, സ്ത്രീശാക്തീരണ പ്രോജക്റ്റുകൾ, ദാരിദ്ര്യനിർമ്മാർജന പ്രോജക്റ്റുകൾ തുടങ്ങിയവ ഫലപ്രദമായി എസ്.ജി.എസ്.വൈ പദ്ധതിയുമായി സംയോജിപ്പിക്കാം.

## III. ദേശീയ ഗ്രാമീണ ഉപജിവനമിഷൻ (Nationla Rural Livelihood Mission)

### ആമുഖം

സ്വർണ്ണജയന്തിഗ്രാമറോസ്ഗാർയോജന പ്രവർത്തനത്തെക്കുറിച്ചുള്ള പഠനങ്ങളിൽ നിന്നും മനസ്സിലാക്കിയ പരിമിതികൾ പരിഹരിക്കുവാനാണ് ദേശീയ ഗ്രാമീണ ഉപജിവനമിഷൻ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. സ്വയംസംഘാധിഷ്ഠിതവും വ്യവസ്ഥാപിതവുമായ സാമൂഹ്യസമാഹരണത്തിലൂടെയും കാര്യശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങളിലൂടെയും നൈപുണ്യവികസനത്തിലൂടെയും ദരിദ്രരായ ഗ്രാമീണജനങ്ങളുടെ ജീവിത നിലവാരം സുസ്ഥരമായി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ദേശീയ ഗ്രാമീണ ഉപജിവനമിഷൻ പ്രവർത്തനം ആരംഭിക്കുവാൻ പോകുന്നത്.

### ഫണ്ട്

എൻ ആർ എൽ എം ഒരു ആവശ്യാധിഷ്ഠിത പദ്ധതി ആയിരിക്കും. ഗ്രാമതലം മുതൽ എല്ലാ തലങ്ങളിലുമുള്ള ഫെഡറേറ്റഡ് സംവിധാനം രൂപപ്പെടുത്തുന്നതിനായി താഴെ കാണുന്ന രീതിയിൽ ഒറ്റ തവണ ഗ്രാൻഡ് നൽകുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്ത് തലം | – 10,000/ |
| ബ്ലോക്ക് തലം | – 20,000/ |
| ജില്ലാതലം | – 1,00,000/ |

വായ്പാധിഷ്ഠിത പരിപാടിയായതിനാൽ ചുവടെ ചേർക്കുന്ന തുത്തിൽ സബ്സിഡി നല്കുന്നു.

| വിഭാഗം | തുക (രൂപയിൽ) |
|---|---|
| പൊതുവിഭാഗം | – 15,000/ |
| പട്ടികജാതി ഗുണഭോക്താക്കൾ | – 20,000/ |
| സ്വയംസഹായസംഘം | – 2,50,000/ |
| റിവോൾവിംഗ് ഫണ്ട് | – 15,000/ |

കൂടാതെ പലിശ നിരക്ക് 7 ശതമാനത്തിന് മുകളിൽ വന്നാൽ പലിശ നിരക്കിന് സബ്സിഡി.

### ലക്ഷ്യങ്ങൾ

സ്ഥാപനവത്കരണത്തിലൂടെയും സാമൂഹ്യസമാഹരണത്തിലൂടെയും ദരിദ്രരായ ഗ്രാമീണജനതക്ക് സുസ്ഥിര ഉപജിവനമാർഗ്ഗം സാധ്യമാക്കുന്നു.

### ഗുണഭോക്താക്കൾ

സ്വയം സഹായസംഘങ്ങൾ (ബിപിഎൽ ലിസ്റ്റിൽ ഉൾപ്പെട്ടവർ)

### പ്രവർത്തനങ്ങൾ

- ദേശീയ ഗ്രാമീണ ഉപജിവനമിഷന്റെ പിന്തുണാ സംവിധാനങ്ങൾ രൂപപ്പെടുത്താൻ
- സാർവ്വത്രിക സാമൂഹ്യസമാഹരണം
- ദരിദ്രരുടെ സ്ഥാപനവത്കരണം
- ആവശ്യാധിഷ്ഠിത തന്ത്രം രൂപപ്പെടുത്തൽ
- പരിശീലനവും കാര്യശേഷി വികസനവും
- റിവോൾവിംഗ് ഫണ്ടും മൂലനധ സബ്സിഡിയും അനുവദിക്കൽ
- പലിശ നിരക്കിന് സബ്സിഡി അനുവദിക്കൽ
- പശ്ചാത്തല സൗകര്യ സൃഷ്ടിയും വിപണനപിന്തുണാസംവിധാനവും സൃഷ്ടിക്കൽ
- കാര്യശേഷിവികസനം–തൊഴിൽ സാധ്യതാ പ്രോജക്റ്റുകളുടെ രൂപീകരണം

## IV. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

### ആമുഖം

2005 സെപ്തബർ 5ാം തീയതി ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ അടിസ്ഥാനത്തിൽ 2006 മുതൽ ആരംഭിച്ച പദ്ധതിയാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. തൊഴിൽ ആവശ്യപ്പെടുന്ന വ്യക്തികൾക്കും, കുടുംബത്തിനും, തൊഴിലും വേതനവും സമയബന്ധിതമായി നൽകുക എന്ന ആശയത്തെ നിയമപരമായി ഉറപ്പാക്കുന്നു എന്നതാണ് ഈ നിയമത്തിന്റെ സവിശേഷത. അവകാശധിഷ്ഠിതവും ആവശ്യാധിഷ്ഠിതവുമായ സമീപനം, പ്രകൃതി വിഭവപരിപാലനത്തിന് ഊന്നൽ നൽകികൊണ്ടുള്ള വിഭവ അടിത്തറ ശക്തിപ്പെടുത്തൽ, അതിലുടെ ദാരിദ്ര്യത്തെ അതിജിവിക്കുന്നതിന് ആവശ്യമായ സുസ്ഥിരവികസനം എന്നിവ തൊഴിലുറപ്പ് നിയമത്തിന്റെ അടിസ്ഥാനശിലകളാണ്.

## ഫണ്ട്

ബഡ്ജറ്റ് വിഹിതത്തിൽ അധിഷ്ഠിതമല്ല ഈ പദ്ധതി. തൊഴിലെടുക്കാൻ തയ്യാറായി മുന്നോട്ട് വരുന്നവർക്കെല്ലാം തൊഴിൽ നല്കാനുള്ള ഫണ്ട് ലഭ്യമാക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. തൊഴിലാളികൾക്ക് നല്കേണ്ട കൂലി 100 ശതമാനവും കേന്ദ്രസർക്കാർ നല്കുന്നു. 40 ശതമാനം വരുന്ന സാധനഘടകത്തിന്റെ 75 ശതമാനവും കേന്ദ്രസർക്കാർ നല്കുന്നു. ജില്ലാ പ്രോഗ്രാം കോർഡിനേറ്ററായ ജില്ലാ കളക്ടർ ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് ഫണ്ട് നല്കുന്നു. ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ഗ്രാമപഞ്ചായത്തുകൾക്ക് ആവശ്യാനുസരണം ഫണ്ട് നല്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ ലേബർ ബഡ്ജറ്റ്, വാർഷികകർമ്മപദ്ധതി എന്നിവയുടെ അടിസ്ഥാനത്തിലാണ് ഫണ്ട് നല്കുന്നത്.

## നിർവ്വഹണ സംവിധാനം

തൊഴിലുറപ്പ് പദ്ധതിയിൽ നേതൃത്വപരമായ ഒരു പങ്കാണ് തൊഴിലുറപ്പ് നിയമം പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ളത്. പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ, സോഷ്യൽ ആഡിറ്റ് തുടങ്ങിയ എല്ലാ മേഖലകളിലും മുഖ്യചുമതല ഗ്രാമപഞ്ചായത്തുകൾക്കാണ്.

## ലക്ഷ്യങ്ങൾ

1. ഗ്രാമീണഅവിദഗ്ദ്ധ കുടുംബങ്ങൾക്ക് പ്രതിവർഷം 100 ദിവസം അധികതൊഴിൽ ദിനങ്ങൾ ഉറപ്പു നൽകുക
2. പ്രകൃതി വിഭവ പരിപാലനം
3. സുസ്ഥരവികസനം
4. ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ പ്രക്രിയകളിൽ പങ്കാളിത്തസമീപനം.

## ഗുണഭോക്തക്കൾ

ഗ്രാമപഞ്ചായത്തുകളിൽ സ്ഥിരതാമസ്സക്കാരും 18 വയസ്സ് പൂർത്തീകരിച്ച എല്ലാവർക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാം. ഗ്രാമപഞ്ചായത്തിൽ പേർ രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് ലഭിച്ചാൽ മാത്രമേ തൊഴിലിന് അപേക്ഷ നൽകാൻ കഴിയൂ.തൊഴിലാളികളിൽ മൂന്നിലൊന്ന് ഭാഗം സ്ത്രീ തൊഴിലാളികളായിരിക്കണം.

## ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

1. ജലസംഭരണവും സംരക്ഷണവും
2. വരൾച്ചാനിവരണ പ്രവർത്തനങ്ങൾ
3. ജലസേചനകനാലുകൾ, ചെറുകിടസൂക്ഷമ ജലസേചനതോടുകൾ എന്നിവ അഭിവൃദ്ധിപ്പെടുത്തൽ
4. പട്ടികജാതി, പട്ടികവർഗ്ഗം, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ, മിച്ചഭൂമി കിട്ടിയവർ, ഇന്ദിരാആവാസ് യോജനയുടെ ഗുണഭോക്താക്കൾ, ചെറുകിട കർഷകർ, നാമമാത്രകർഷകർ(അഞ്ച് ഏക്കർവരെ കൃഷി ഭൂമിയുള്ളവർ) എന്നിവരുടെ കൈവശ ഭൂമിയിൽ ജലസേചന സൗകര്യം ഹോട്ടികൾച്ചർപ്ലാന്റേഷൻ, ഭൂവികസന പ്രവർത്തനങ്ങൾ.
5. പരമ്പരാഗത ജലസ്രോതസ്സുകളുടെ അഭിവൃദ്ധിപ്പെടുത്തൽ
6. ഭൂവികസനം
7. വെള്ളപ്പൊക്ക നിവാരണം
8. ഏത് കാലാവസ്ഥയിലും സഞ്ചാരയോഗ്യമായ റോഡുകൾ (ആകെ തുകയുടെ 10% മാത്രം)
9. ഗ്രാമ/ബ്ളോക്ക് പഞ്ചായത്ത് തലത്തിൽ ഭാരത് നിർമ്മാൺ, രാജീവ്ഗാന്ധി

സേവാകേന്ദ്ര നിർമ്മാണം

10. കാർഷിക മേഖലയിലെ വെർമികമ്പോസ്റ്റിംഗ് , എൻ.എ.ഡി.ഇ.പി. കമ്പോസ്റ്റിംഗ്, ദ്രവ്യജൈവവള നിർമ്മാണം
11. വളർത്തുമൃഗ പരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ (കോഴികൂടുകൾ, ആട്ടിൻകൂടുകൾ ,കന്നുകാലിതൊഴുത്തിലെ (എരുത്തിൽ) ഉറപ്പുള്ള തറ നിർമ്മാണം, കന്നുകാലികളുടെ തൊഴുത്തിലെ മൂത്രസംഭരണി നിർമ്മാണം, പുൽതൊട്ടിനിർമ്മാണം, കന്നുകാലികളുടെ പൂരകാഹാരമായ അസോളകൃഷി . കാലികൾക്ക് ആവശ്യമായ എരുത്തിൽ നിർമ്മാണം, കാലികൾക്ക് ആവശ്യമായ കാലിത്തീറ്റ നിർമ്മാണം
12. മത്സ്യബന്ധനം സംബന്ധിച്ച് പൊതുസ്ഥലങ്ങളിലെ സീസൺ അനുസരിച്ചുള്ള മത്സ്യകൃഷി ,
13. തീരപ്രദേശങ്ങളിലെ മത്സ്യബന്ധന പ്രവൃത്തികൾ , മത്സ്യം ഉണക്കുന്നതിനുള്ള യാർഡ് നിർമ്മാണം, തുടങ്ങിയ പ്രവൃത്തികൾ
14. ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ – മലിനജലം സംസ്ക്കരിക്കാനുള്ള സോക്ക്പിറ്റ് നിർമ്മാണം, മഴക്കുഴിനിർമ്മാണം
15. ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ (വ്യക്തിഗത കക്കൂസുകൾ, സ്കൂൾ ടോയ്‌ലെറ്റ്നിർമ്മാണം , അംഗനവാടി ടോയ്‌ലെറ്റ് നിർമ്മാണം , ഖരദ്രവ്യമാലിന്യനിർമ്മാർജ്ജന പ്രവൃത്തികൾ എന്നിവ)
16. സംസ്ഥാന സർക്കാരുമായി ആലോചിച്ച് കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റിതര പ്രവൃത്തികളും

### പ്രവർത്തനങ്ങൾ

- വിപുലമായ പ്രചരണപ്രവർത്തനങ്ങൾ
- തൊഴിലിനു രജിസ്റ്റർ ചെയ്യൽ
- തൊഴിൽ കാർഡ് നൽകൽ
- തൊഴിലിനുള്ള അപേക്ഷ സ്വീകരിക്കൽ
- അപേക്ഷകന് കൈപ്പറ്റ് രസീത് നൽകൽ
- തൊഴിൽ അനുവദിക്കൽ
- ആഴ്ച്ചതോറും വേതനം നൽകൽ
- ആവശ്യമെങ്കിൽ തൊഴിലില്ലായ്മ വേതനം നൽകൽ
- തൊഴിൽ സ്ഥലത്ത് സൗകര്യങ്ങൾ ലഭ്യമാക്കൽ
- വിജിലൻസ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരണം
- അറിയാനുള്ള അവകാശം സംരക്ഷിക്കൽ
- ലേബർ ബഡ്ജറ്റും വാർഷികകർമ്മപദ്ധതിയും തയ്യാറാക്കൽ

### നിർവ്വഹണ മോണിറ്ററിംഗ് സംവിധാനങ്ങൾ

ഗ്രാമപഞ്ചായത്ത് ഭരണസമിതി ഗ്രാമപഞ്ചായത്ത്തല ഉപദേശകസമിതി, ഗ്രാമസഭ തെരഞ്ഞെടുത്ത വിജിലൻസ് മോണിറ്ററിംഗ് കമ്മിറ്റി, ഗ്രാമസഭ നടത്തുന്ന സോഷ്യൽ ഓഡിറ്റ് തുടങ്ങിയവ ഈ പദ്ധതിയുടെ മാത്രം പ്രത്യേകതയാണ്.

മോണിറ്ററിംഗ് നടത്തുന്നതിനായി ഗ്രാമ/ബ്ലോക്ക്/ജില്ല തലങ്ങളിലും, സംസ്ഥാനതല ത്തിലും വിപുലമായ സംവിധാനങ്ങൾ ഉണ്ട്. കൂടാതെ പരാതി പരിഹാരസംവിധാനങ്ങളും ഗ്രാമ/ബ്ലോക്ക്/ജില്ല തലങ്ങളിൽ പ്രവർത്തിച്ചുവരുന്നു. ഓരോ തലത്തിലും ലഭിക്കുന്നപരാതി കൾക്കും 5 ദിവസത്തിനകം അന്വേഷണം നടത്തി 7 ദിവസത്തിനകം തൃപ്തികരമായ മറുപടി നൽകേണ്ടതാണ്.

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്

മുൻകാലതൊഴിൽ പദ്ധതികളിൽ പഞ്ചാത്തുകൾക്ക് ഒരു നിർവ്വഹണ ഏജൻസിയുടെ മാത്രം പദവിയാണ് ഉണ്ടായിരുന്നത്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിൽ നേതൃത്വപരമായ പങ്കാണ് നിയമം പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ളത്. പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ, സോഷ്യൽ ഓഡിറ്റ് തുടങ്ങിയ എല്ലാ മേഖലകളിലും മുഖ്യചുമതല ഗ്രാമപഞ്ചായത്തുകൾക്കായിരിക്കും എന്നാണ് തൊഴിലുറപ്പ് നിയമം വ്യക്തമാക്കുന്നത്. ദാരിദ്ര്യ നിർമ്മാർജ്ജനം , സുസ്ഥിരവികസനം തുടങ്ങിയ പഞ്ചായത്തുകളുടെ ഭരണഘടനാപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിൽ ഈ പദ്ധതിക്ക് വലിയ പങ്ക് വഹിക്കാനാകും.

## പദ്ധതി സംയോജനസാധ്യതകൾ

മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവ സംരക്ഷിക്കുന്ന വിവിധ ഇതര പദ്ധതികളുമായി വളരെ ഫലപ്രദമായി തൊഴിലുറപ്പ്പദ്ധതിയെ സംയോജിപ്പിക്കാം. കാർഷിക-മൃഗസംരക്ഷണ മേഖലയിലെ പ്രോജക്റ്റുകൾക്ക് തൊഴിലുറപ്പ്പദ്ധതിയിലെ സാധ്യതകൾ പ്രയോജനപ്പെടുത്താം. നീർത്തടാധിഷ്ഠിതവികസനം എന്ന സ്വപ്നം യഥാർത്ഥ്യമാക്കുവാൻ ഈ പദ്ധതി അവസരം നല്കുന്നു.

# V. ഇന്ദിരാ ആവാസ് യോജന (IAY)

## ആമുഖം

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് വീട് ആണ്. വീട് ഒരു സാധാരണ പൗരന് സാമ്പത്തികസാമൂഹികസുരക്ഷിതത്വം മാത്രമല്ല അന്തസും പ്രദാനം ചെയ്യുന്നു. 1996 ജനുവരി ഒന്ന് മുതലാണ് ഐ.എ.വൈ ഒരു സ്വതന്ത്രപദ്ധതിയായി തീർന്നത്.

## ഫണ്ട്

കേന്ദ്രസംസ്ഥാന സർക്കാരുകൾ 75:25 എന്ന അനുപാതത്തിൽ തുക പങ്കിടുന്നു. പുതിയ വീടിന്റെ നിർമ്മാണത്തിന് സമതലപ്രദേശങ്ങളിൽ 45000 രൂപയും ദുർഘടപ്രദേശ/മല ്പ്രദേശങ്ങളിൽ 48500 രൂപയും നല്കുന്നു. ഭവനപരിഷ്കരണത്തിന് 15000 രൂപയാണ് നല്കുന്നത്.

എന്നാൽ കേരളത്തിൽ കേന്ദ്രസർക്കാർ ധനസഹായമായ 48500 രൂപയ്ക്ക് പുറമേ ഗ്രാമ/ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ അധിക വിഹിതമായി ഗുണഭോക്താക്കൾക്ക് തുക നൽകുന്നുണ്ട്. ഏറ്റവും പുതിയ നിരക്കനുസരിച്ച് പൊതുവിഭാഗങ്ങൾക്കും, പട്ടികജാതിക്കാർക്കും കേന്ദ്രസഹായമുൾപ്പെടെ 2 ലക്ഷം രൂപയും നൽകുന്നുണ്ട്.

ധനസഹായം കൂടാതെ ഒരു ഐ.എ.വൈ ഗുണഭോക്താവിന് ആവശ്യമെങ്കിൽ 20000 രൂപ ബാങ്ക് വായ്പ ലഭിക്കുന്നതാണ്. ഈ വായ്പക്ക് ഡി.ആർ.ഐ നിരക്കായ 4% പലിശ നൽകിയാൽ മതി.

ആകെ ഐ.എ.വൈ ഫണ്ടിന്റെ 20% ക്രഡിറ്റ്-കം-സബ്സിഡിയനുസരിച്ച് പുതിയ ഭവനനിർമ്മാണത്തിനോ, ഭവനപരിഷ്കരണത്തിനോ വകയിരുത്താം. ക്രഡിറ്റ്-കം-സബ്സിഡി പദ്ധതിപ്രകാരം 12,500 രൂപ ധനസഹായവും 50,000 രൂപ വായ്പയും ലഭിക്കും. ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിന് 10,000 രൂപ ധനസഹായം നല്കാം.
നിർവ്വഹണസ്ഥാപനം

ബ്ലോക്ക് പഞ്ചായത്തുകൾ വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഭവനനിർമ്മാണ

ത്തിന്റെ പുരോഗതിയനുസരിച്ച് നാല് തവണകളായി ഗുണഭോക്താക്കൾക്ക് ധനസഹായം ബ്ലോക്ക്പഞ്ചായത്തിൽ നിന്നും നല്കുന്നു. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ചെക്ക് നൽകുന്നു.

## ലക്ഷ്യങ്ങൾ

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, ന്യൂനപക്ഷവിഭാഗങ്ങൾ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റു വിഭാഗങ്ങൾ, മോചിതരായ അടിമതൊഴിലാളികൾ എന്നിവർക്ക് പുതിയ ഭവന നിർമ്മാണത്തിനോ ഭവനപരിഷ്കരണത്തിനോ ധനസഹായം നല്കുക.

## ഗുണഭോക്താക്കൾ

ബി.പി.എൽ വിഭാഗത്തിൽപ്പെട്ട സ്വന്തമായി രണ്ട് സെന്റെങ്കിലും സ്ഥലമുള്ള വാസ യോഗ്യമായ വീടില്ലാത്തവരാണ് ഗുണഭോക്താക്കൾ.

## മുൻഗണനാക്രമം

- മോചിതരായ അടിമതൊഴിലാളികൾ
- എസ്.സി/എസ്.റ്റി. വിഭാഗങ്ങൾ
- യുദ്ധത്തിൽ വീരചരമം പ്രാപിച്ച ജവാന്മാരുടെ വിധവകൾ/അടുത്ത രക്തബന്ധുക്കൾ
- എസ്.സി/എസ്.റ്റി. വിഭാഗക്കാരല്ലാത്ത ബിപിഎൽ കുടുംബങ്ങൾ
- ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുടുംബം
- വിരമിച്ച സൈനികർ/അർദ്ധസൈനികർ
- വികസനപദ്ധതികളുടെ ഭാഗമായി സ്ഥലം നഷ്ടപ്പെട്ടവർ /പുറമ്പോക്കിൽ താമസിക്കുന്ന വർ

എസ്.സി/എസ്.റ്റി വിഭാഗക്കാർക്ക് 60% ശാരീരിക മാനസികവെല്ലുവിളികൾ നേരി ടുന്നവർക്ക് 3% ന്യൂനപക്ഷസമുദായങ്ങൾക്ക് 15% എന്ന രീതിയിലാണ് ഫണ്ട് വകയിരുത്തുന്ന ത്.

5 വർഷത്തേക്കുള്ള Permanent /waiting list ഗ്രാമസഭ അംഗീകരിച്ച് പ്രസിദ്ധപ്പെടു ത്തണം. എസ്.സി/എസ്.റ്റി, ജനറൽ വിഭാഗങ്ങൾക്ക് പ്രത്യേക ലിസ്റ്റ് തയ്യാറാക്കണം. പി.എ.യു യിൽ ടാർജറ്റ് നിശ്ചയിച്ച് നൽകുന്നതനുസരിച്ച് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഗുണഭോക്താ ക്കളുടെ ലിസ്റ്റ് ബ്ലോക്ക് പഞ്ചായത്തിന് നല്കണം. വനിതഅംഗങ്ങളുടെ പേരിലാണ് വീട് അനു വദിക്കുന്നത്.

## ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

1. പുതിയ ഭവനങ്ങളുടെ നിർമ്മാണം
2. ഭവനപരിഷ്കരണം
3. പുകയില്ലാത്ത അടുപ്പ് നിർമ്മാണം
4. കക്കൂസ് നിർമ്മാണം
5. ഭൂരഹിതർക്ക് ഭൂമിവാങ്ങുന്നതിനുള്ള പദ്ധതി.

## പ്രവർത്തനങ്ങൾ

1. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് ഗ്രാമപഞ്ചായത്തുകൾ ഗുണഭോക്താക്കളുടെ ലിസ്റ്റ് ബ്ലോക്ക്പഞ്ചായത്തുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് നല്കണം
2. ബ്ലോക്ക്പഞ്ചായത്തിൽ കരാർപത്രികയിൽ ഒപ്പിടൽ
3. വിവിധ ഗഡുക്കളായി ബ്ലോക്ക്പഞ്ചായത്തിൽ നിന്നും പണം അനുവദിച്ച് നല്കൽ

4. പുതിയ ഭവനനിർമ്മാണം പൂർത്തീകരിച്ചാൽ കഅഥ ലോഗോയും ബോർഡും വീടുകളിൽ ആലേഖനം ചെയ്യണം.

## നിർവ്വഹണമോണിറ്ററിംഗ് സംവിധാനങ്ങൾ

ബ്ലോക്ക്പഞ്ചായത്തുകളാണ് നിർവ്വഹണ ഏജൻസികൾ. ഗ്രാമ/ബ്ലോക്ക്/ജില്ല പഞ്ചായത്തുകൾ മോണിറ്ററിംഗ് നടത്തുന്നു. ബ്ലോക്ക്/ജില്ല/സംസ്ഥാനതല ഉദ്യോഗസ്ഥർ പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും അവലോകനം നടത്തുകയും ചെയ്യുന്നു. ജില്ലാതല വിജിലൻസ് മോണിറ്ററിംഗ് കമ്മിറ്റി ഓരോ മൂന്ന് മാസം തോറും പ്രവർത്തനം വിലയിരുത്തുന്നു.

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്

സംസ്ഥാനസർക്കാർ അംഗീകരിച്ച് യൂണിറ്റ്കോസ്റ്റ് നൽകുന്നതിനായി ഗ്രാമ/ബ്ലോക്ക്/ജില്ല പഞ്ചായത്തുകൾ 25:50:25 എന്ന അനുപാദത്തിൽ അധികവിഹിതം നല്കുന്നു.ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കുറ്റമറ്റരീതിയിൽ സമയബന്ധിതമായി നടത്തി അർഹരായവരുടെ ലിസ്റ്റ് മുൻഗണനാക്രമത്തിൽ ബ്ലോക്ക്പഞ്ചായത്തുകൾക്ക് നൽകൽ ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ്. ഗുണഭോക്തൃലിസ്റ്റ് ലഭിക്കുന്ന പഞ്ചായത്തുകളിലെ പ്രവർത്തനം സമയബന്ധിതമായി നടപ്പിലാക്കേണ്ടത് ബ്ലോക്ക്പഞ്ചായത്താണ്. നിർവ്വഹണത്തിലെ സുതാര്യത ഉറപ്പാക്കൽ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ചുമതലയാണ്
പദ്ധതി സംയോജനസാധ്യതകൾ

ഗ്രാമപഞ്ചായത്തിന്റെ സമഗ്രഭവനനിർമ്മാണപദ്ധതിയുടെ ഭാഗമായി ഈ പദ്ധതി നടപ്പിലാക്കണം. ഇ.എം എസ് ഭവനപദ്ധതി, എം.ജി.എൻ.ആർ.ഇ.ജി.എസ്, ആർ.ജി.ജി.യു.വൈ, റ്റി.എസ്.സി മറ്റ് വകുപ്പുകളുടെ (എസ്.സി/എസ്.റ്റി, ഫിഷറീസ് etc.) ഭവനനിർമ്മാണപദ്ധതികൾ എന്നിവയുമായി സംയോജിപ്പിക്കാവുന്നതാണ്.

# VI. പ്രധാനമന്ത്രി ഗ്രാമസഡക് യോജനാ (പി.എം.ജി.എസ്സ്.വൈ)

## ആമുഖം

ദാരിദ്ര്യനിർമ്മാർജ്ജനത്തിന്റെ ഭാഗമായി, ഗ്രാമീണമേഖലയിലെ റോഡ് ബന്ധമില്ലാത്ത ആവാസകേന്ദ്രളുമായോ, വ്യാപാരകേന്ദ്രങ്ങളുമായോ എല്ലാ കാലാവസ്ഥയിലും അനുയോജ്യമായ റോഡുമുഖാന്തിരം ബന്ധിപ്പിക്കുന്ന പദ്ധതിയാണിത്. 2000 ലാണ് ഈ പദ്ധതി ആരംഭിച്ചത്.

## ഫണ്ട്

100% കേന്ദ്രസഹായമുള്ള ഒരു പദ്ധതിയാണിത്.

## നിർവ്വഹണസ്ഥാപനം

ദേശീയതലത്തിൽ ഗ്രാമവികസനവകുപ്പിൻ കീഴിൽ നാഷണൽ റുറൽ റോഡ് ഡവലപ്പമെന്റ് ഏജൻസി (NRRDA)യും സംസ്ഥാനതലത്തിൽ തദ്ദേശസ്വയംഭരണവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാനഗ്രാമറോഡ് വികസന ഏജൻസിയുമായാണ് (KSRRDA) പ്രവർത്തന ചുമതല വഹിക്കുന്നത്. KSRRDA മെമ്പർ സെക്രട്ടറി ഗ്രാമവികസന കമ്മീഷണറും എംപവേഡ് ഓഫീസർ ഗ്രാമവികസനവകുപ്പിലെ അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണറുമാണ്. ജില്ലകളിൽ എക്സിക്യൂട്ടീവ് എൻജിനീയർ റാങ്കിലുള്ള ഉദ്യോഗസ്ഥനാണുള്ളത്.

## ലക്ഷ്യങ്ങൾ

1. റോഡ് ബന്ധമില്ലാതെ അവശേഷിക്കുന്ന ആവാസകേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നതിനായി എല്ലാ കാലാവസ്ഥയ്ക്കും ഉപയോഗിക്കാവുന്ന അനുയോജ്യമായ റോഡ് നിർമ്മിക്കുക
2. ദേശീയ ഗുണനിലവാരമുള്ള ഗ്രാമീണറോഡുകളുടെ നിർമ്മാണം

## ഗുണഭോക്താക്കൾ

റോഡ് ബന്ധമില്ലാത്ത ആവാസകേന്ദ്രത്തിലെ ആളുകൾ ആവാസകേന്ദ്രങ്ങളുടെ ജനസംഖ്യ 2001 ലെ കനേഷുമാരി പ്രകാരമാണ് നിശ്ചയിച്ചിരിക്കുന്നത്.

റോഡ് ബന്ധമില്ലാത്ത ആവാസകേന്ദ്രമെന്നാൽ അഞ്ഞൂറോ അതിലധികമോ ജനസംഖ്യയുള്ളതും 500 മീറ്ററോ അതിൽ അധികമോ ദൂരത്തിൽ റോഡ് ബന്ധമില്ലാത്തസ്ഥിതി ചെയ്യുന്നതുമായ ആവാസകേന്ദ്രങ്ങളാണ്.

ഗ്രാമീണ റോഡുകളുടെ പ്ലാനും കോർനെറ്റ്‌വർക്കും പി.എം.ജി.എസ്.വൈ പ്രകാരം റോഡ് ഏറ്റെടുക്കുന്നതിന് അനിവാര്യമാണ്.

കോർനെറ്റ്‌വർക്ക് എന്നാൽ യോഗ്യമായ ആവാസ് കേന്ദ്രങ്ങൾക്ക് ഏക റോഡ് ബന്ധം നല്കുന്ന ചുരുങ്ങിയ റോഡുകളുടെ ശൃംഖലയാണ്. ഇവയിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളെയാണ് പ ി.എം.ജി.എസ്.വൈ പദ്ധതിയിൽ ഏറ്റെടുക്കുന്നത്.

ഈ പദ്ധതിയിൽ ഗ്രാമപ്രദേശങ്ങൾ മാത്രമെ ഉൾപ്പെടുകയൊള്ളു.ഈ പദ്ധതിയിൽ ആവാസകേന്ദ്രങ്ങളെ ബന്ധിപ്പിക്കുവാനായി ഒരു റോഡ് മാത്രമെ ഏറ്റെടുക്കുവാൻ അനുവദിക്കുകയുള്ളു. ഏതെങ്കിലും റോഡുമായി ബന്ധപ്പെട്ട ആവാസകേന്ദ്രമാണെങ്കിൽ ഈ പദ്ധതി പ്രകാരം ഏറ്റെടുക്കുവാൻ കഴിയില്ല.

ഈ പദ്ധതിയിൽ നിർമ്മിക്കുന്ന റോഡുകളെല്ലാം ഇന്ത്യൻ റോഡ് കോൺഗ്രസ് (IRC) നിഷ്കർഷിക്കുന്ന നിലവാരത്തിലായിരിക്കണമെന്നതിനാൽ 6 മീറ്റർ മുതൽ 7.50 മീറ്റർ വരെയാണ് റോഡിന് ആവശ്യമായ ഏറ്റവും കുറഞ്ഞ വീതി.

## ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ

കോർനെറ്റ്‌വർക്കിൽ നിന്നും എല്ലാ വർഷവും മുൻഗണനാപട്ടിക തയ്യാറാക്കുന്നു.. ഈ മുൻഗണനാപട്ടിക തയ്യാറാക്കുമ്പോൾ നിർബന്ധമായും എം.പി മാർ നൽകുന്ന റോഡുകളുടെ പ്രൊപ്പോസലുകൾ ഉൾപ്പെടുത്തിയിരിക്കണം.

## പദ്ധതിപ്രകാരം ഏറ്റെടുക്കാൻ കഴിയാത്ത പ്രവൃത്തികൾ.

1. പി.എം.ജി.എസ്.വൈ പ്രകാരം എല്ലാ പ്രവർത്തികളും ഏറ്റെടുക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്.
2. എല്ലാ കാലാവസ്ഥയിലും ഉപയോഗ്യമായ റോഡുമൂലം ബന്ധപ്പെട്ടു കിടക്കുന്ന ആവാസകേന്ദ്രങ്ങളിലേക്ക് പുതിയ റോഡുകളുടെ നിർമ്മാണം അനുവദനീയമല്ല.
3. അറ്റകുറ്റപണികൾ മാത്രമുള്ള റോഡുകൾ
4. കോർനെറ്റവർക്കിൽ ഉൾപ്പെടാത്ത റോഡുകൾ ഏറ്റെടുക്കുവാൻ കഴിയില്ല.
5. നഗരപ്രദേശങ്ങളിലെ റോഡുകൾ ഏറ്റെടുക്കുവാനാവില്ല.
6. റെയിൽമേൽപ്പാലങ്ങൾ പി.എം.ജി.എസ്.വൈ യിൽ ഉൾപ്പെടുകയില്ല.

പ്രവർത്തനങ്ങൾ

1. കോർനെറ്റ്‌വർക്കിൽ നിന്നും എല്ലാ വർഷവും മുൻഗണനാപട്ടിക തയ്യാറാക്കുന്നു..

2. മുൻഗണനാപട്ടികയുടെ അന്തിമരൂപം തയ്യാറാക്കേണ്ട ചുമതല ജില്ലാപഞ്ചായത്തുകൾക്കാണ്. ഇതിനായി ജില്ലാപഞ്ചായത്തുകൾ ജില്ലയിലെ ത്രിതലപഞ്ചായത്തുകൾ, എംഎൽഎ മാർ, എംപി മാർ എന്നിവരുടെ യോഗം വിളിച്ച് ചേർക്കണം.
3. ജില്ലാപഞ്ചായത്തുകൾ തയ്യാറാക്കിയ മുൻഗണനാപട്ടിക ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ (ടഘഇ) അംഗീകാരത്തിന് ശേഷം വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (ഉജഞ) ജില്ലയിലെ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ (ജകഡ) യൂണിറ്റ് തയ്യാറാക്കുന്നു.
4. ഈ പ്രോജക്റ്റ് റിപ്പോർട്ട് ഗടഞഞഉഅ യുടെ അംഗീകാരത്തോടെ സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിക്ക് പരിശോധനയ്ക്കായി സമർപ്പിക്കുന്നു.
5. ഇവരുടെ സാങ്കേതിക അംഗീകാരത്തോടെ കേന്ദ്രസർക്കാരിന് പദ്ധതികൾ ഓൺലൈനായി സമർപ്പിക്കുന്നു.
6. ചഞഞഉഅ ഇവ പരിശോധിച്ച് പ്രി എംപവേർഡ് കമ്മിറ്റിയുടെ പരിശോധനയും കഴിഞ്ഞ് കേന്ദ്ര എംപവേർഡ് കമ്മിറ്റിക്ക് സമർപ്പിക്കുന്നു.
7. കേന്ദ്ര എംപവേർഡ് കമ്മിറ്റിയുടെ ശുപാർശക്കനുസൃതമായി കേന്ദ്രസർക്കാർ പദ്ധതികൾക്ക് അംഗീകാരം നല്കുന്നു.
8. കേന്ദ്രസർക്കാർ അംഗീകരിച്ച പദ്ധതികൾക്ക് സംസ്ഥാനസർക്കാരിന്റെ ഭരണാനുമതിയോടെ സംസ്ഥാനഗ്രാമീണ റോഡുവികസന ഏജൻസി പ്രവർത്തികൾ ഇ-ടെണ്ടറിംഗ് ചെയ്യുന്നു.

### നിർവ്വഹണ മോണിറ്ററിംഗ് സംവിധാനങ്ങൾ

ദേശീയതലത്തിൽ ഗ്രാമവികസനവകുപ്പിൻ കീഴിൽ ചഞഞഉഅ യും സംസ്ഥനതലത്തിൽ തദ്ദേശസ്വയംഭരണവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗടഞഞഉഅ യുമാണ് നിർവ്വഹണവും മോണിറ്ററിംഗ് നടത്തുന്നത്.

ജില്ലാ, സംസ്ഥാന, ദേശീയതലങ്ങളിലുള്ള ഗുണനിലവാര പരിശോധന ഈ പദ്ധതിയുടെ പ്രത്യേകതയാണ്. ദേശീയതലത്തിൽ ദേശീയ ഗുണനിലവാര പരിശോധകരും (NQM) സംസ്ഥാനതലത്തിൽ സംസ്ഥാന ഗുണനിലവാര പരിശോധകരും ഉണ്ട്.

### തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്

റോഡ് ബന്ധമില്ലാത്ത ആവാസകേന്ദ്രങ്ങൾ കണ്ടെത്തി കോർനെറ്റ് വർക്കിൽ ഉൾപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പ്രധാന പങ്ക് വഹിക്കാനുണ്ട്. മുൻഗണനാപട്ടിക തയ്യാറാക്കേണ്ട ചുമതല ജില്ലാപഞ്ചായത്തുകൾക്കാണ്.

### പദ്ധതി സംയോജനസാധ്യതകൾ

തദ്ദേശഭരണസ്ഥാപനങ്ങളുടെ അടിസ്ഥാനവികസനം ഉൾപ്പെടുന്ന സമഗ്രപദ്ധതികളിൽ പി.എം.ജി.എസ്.വൈ ഉൾപ്പെടുത്താം.റോഡുകൾ പുനരുദ്ധരിക്കുമ്പോൾ, റോഡ ുകളിലെ പൈപ്പ് ലൈനുകൾ, ബിഎസ്എൻഎൽ കേമ്പിളുകൾ, ഇലക്ട്രിക് പോസ്റ്റുകൾ തുടങ്ങിയ യൂട്ടിലിറ്റികൾ മാറ്റുന്നതിനുള്ള പണം മറ്റ് പദ്ധതികളിൽ നിന്നും കണ്ടെത്തണം.

## VII. നിർമൽ ഭാരത് അഭിയാൻ

### ആമുഖം

ഗ്രാമീണ ജനതയുടെ ജീവിതഗുണമേന്മ മെച്ചപ്പെടുത്തുന്നതോടൊപ്പം സ്ത്രീകളുടെ സ്വകാര്യതയും ആത്മാഭിമാനവും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ 1986 ൽ ആരംഭിച്ച

കേന്ദ്രാവിഷ്കൃത പദ്ധതിയാണ് കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടി. വ്യക്തി ശുചിത്വം, ഗൃഹ ശുചിത്വം, സുരക്ഷിതമായ കുടിവെള്ളം, മാലിന്യ പരിപാലനം, മനുഷ്യ മലം നിർമാർജനം, മലിനജല നിർമാർജനം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി ശുചിത്വ ആശയം വികസിപ്പിക്കുകയും തുടർന്ന് 1999 മുതൽ സമ്പൂർണ ശുചിത്വ യജ്ഞം പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഈ സമീപനത്തിന്റെ ഭാഗമായി വിവര വിജ്ഞാന വ്യാപനം, മാനവശേഷി വികസനം എന്നീ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകി ഗ്രാമീണ ജനങ്ങളെ ബോധവത്കരിച്ച് ശുചിത്വ സൗകര്യ സൃഷ്ടിക്കുള്ള ആവശ്യകത ജനിപ്പിച്ചു. സമൂഹത്തിലെ ദരിദ്ര കുടുംബങ്ങൾക്ക് ഗാർഹിക കക്കൂസുകൾ പണിയുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനുപരിയായി സ്കൂളുകളിലും അങ്കണവാടികളിലും കക്കൂസുകൾ പണിയുവാനും സാമൂഹിക ശുചിത്വ സമുച്ചയങ്ങൾ നിർമിക്കുന്നതിനും സഹായം ഉറപ്പാക്കി. ഇവ കൂടാതെ ഖര-ദ്രവ മാലിന്യ പരിപാലനവും പദ്ധതിയുടെ ഘടകമായി കൂട്ടിച്ചേർത്തു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സമ്പൂർണ ശുചിത്വം ഉറപ്പാക്കാൻ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളെ അംഗീകരിക്കുന്നതിനായും സമ്പൂർണ ശുചിത്വ യജ്ഞ പ്രവർത്തനങ്ങൾ ഊർജസ്വലമാക്കുന്നതിനുമായി നിർമൽ ഗ്രാമ പുരസ്കാരവും ഏർപ്പെടുത്തുകയുണ്ടായി.

നിർമൽ ഗ്രാമ പുരസ്കാര പ്രവർത്തനങ്ങളുടെ വിജയാവേശത്തിലാണ് സമ്പൂർണ ശുചിത്വ യജ്ഞം നിർമൽ ഭാരത് അഭിയാൻ എന്ന് പുനർനാമകരണം ചെയ്യപ്പെടുന്നത്. ഓരോ ഗ്രാമത്തിലും സമഗ്രവും സമ്പൂർണമായ ശുചിത്വ സൗകര്യങ്ങൾ ഉറപ്പാക്കുകയെന്നതാണ് നിർമൽ ഭാരത് അഭിയാന്റെ മുഖ്യ സമീപനം.

## ലക്ഷ്യങ്ങൾ

നിർമൽ ഭാരത് അഭിയാന്റെ ലക്ഷ്യങ്ങൾ ചുവടെ സംക്ഷിപ്തപ്പെടുത്താം

1. ഗ്രാമീണ ജീവിത ഗുണമേന്മ വർധിപ്പിക്കുക
2. 2022 ഓടുകൂടി രാജ്യത്തെ എല്ലാ ഗ്രാമങ്ങളിലെയും ശുചിത്വ സൗകര്യങ്ങൾ പൂർണമാക്കി നിർമൽ ഭാരത് എന്ന നേട്ടം കൈവരിക്കുക
3. ബോധവത്ക്കരണം, ആരോഗ്യ വിദ്യാഭ്യാസം എന്നീ പ്രവർത്തനങ്ങളിലൂടെ സമൂഹത്തെയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെയും പ്രോത്സാഹിപ്പിച്ച് ശുചിത്വ സൗകര്യങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുക
4. ഇനിയും ശുചിത്വ സൗകര്യം ഇല്ലാത്ത സ്കൂളുകിലും, അങ്കണവാടികളിലും ശുചിത്വ സൗകര്യം സൃഷ്ടിക്കുക. കുട്ടികൾക്ക് ശുചിത്വ വിദ്യാഭ്യാസം നൽകി അവരിൽ ശുചിത്വ ശീലങ്ങൾ ഉറപ്പിക്കുക
5. പരിസ്ഥിതി സൗഹൃദവും സുരക്ഷിതവുമായ ശുചിത്വ സൗകര്യങ്ങൾ കുറഞ്ഞ ചെലവിലും അനുയോജ്യ സാങ്കേതിക വിദ്യകളുമുപയോഗിച്ച് സൃഷ്ടിക്കുന്നതിന് വേണ്ട പ്രോത്സാഹനം നൽകുക.
6. ഗ്രാമ പ്രദേശങ്ങളിലെ പൊതു ശുചിത്വം ഉറപ്പാക്കുവാനായി ഖര-ദ്രവ മാലിന്യ പരിപാലനത്തിന് പ്രത്യേക ഊന്നൽ നൽകി സമൂഹത്തിന്റെ നേതൃത്വത്തിൽ പരിസര ശുചിത്വ സംവിധാനങ്ങൾ വികസിപ്പിക്കുക.

## ഘടകങ്ങൾ

നിർമൽ ഭാരത് അഭിയാന്റെ പ്രധാന ഘടകങ്ങൾ ചുവടെ പറയുന്നവയാണ്

### എ. പ്രാരംഭ പ്രവർത്തനങ്ങൾ

ശുചിത്വ സ്ഥിതി വിലയിരുത്തുന്നതിനുള്ള അടിസ്ഥാന സർവേ, വിവിധ തലങ്ങളിലുള്ള ബന്ധപ്പെട്ട പ്രധാന പങ്കാളികൾക്കുള്ള അവബോധ പ്രവർത്തനങ്ങൾ,സംസ്ഥാന പദ്ധതി തയ്യാറാക്കൽ തുടങ്ങിയവയാണ് പ്രാരംഭ പ്രവർത്തനങ്ങൾ. പദ്ധതിയിൽ നിന്നും പരമാവധി 10

ലക്ഷം രൂപ വരെ ഇതിനായി ചെലവഴിക്കാൻ കഴിയും.

### ബി . വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

ശുചിത്വ സൗകര്യങ്ങളുടെ ആവശ്യം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനും സൃഷ്ടിക്കപ്പെട്ട ആസ്തികൾ സ്ഥായിയായി ഉപയോഗിക്കുന്നതിനും സംരക്ഷിക്കുന്നതിനും ജനങ്ങളെ പ്രേരിപ്പിക്കുന്നതിനും വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സഹായിക്കും. ഓരോ പ്രദേശത്തിന്റെയും സാമൂഹിക സ്വഭാവമനുസരിച്ച് അനുസൃതമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

ഓരോ ജില്ലയും വാർഷിക കർമ്മ പദ്ധതിയോടൊപ്പം അനുയോജ്യ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് വിവര വിജ്ഞാന വ്യാപന പ്രവർത്തന പ്ളാനും തയ്യാറാക്കേണ്ടതുണ്ട്. ആരോഗ്യകരമായ ശുചിത്വ ശീലങ്ങൾ ജീവിതത്തിന്റെ ഭാഗമക്കുന്നതിനുവേണ്ടി സമൂഹത്തിന്റെ നാനാ തുറയിലുമുള്ള വിഭാഗങ്ങളിലും മനോഭാവം രൂപീകരിക്കുന്നതിനുതകുന്നതായിരിക്കണം വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ. പൊതു സമൂഹത്തിനുള്ള പ്രവർത്തനങ്ങൾക്കൊപ്പം സ്കൂൾ കുട്ടികളെ കേന്ദ്രീകരിച്ച്, അധ്യാപകർ, സ്കൂൾ പി.ടി.എ. എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യാം.

ഓരോ ജില്ലയും തയ്യാറാക്കുന്ന പ്രോജക്ട് അടങ്കലിന്റെ പരമാവധി 15% വരെ ഈ പ്രവർത്തനങ്ങൾക്ക് വേണ്ടി വിനിയോഗിക്കാം. പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള ചെലവും ഇതിൽ ഉൾപ്പെടും.

### സി. ശേഷീവികസനം

വാർഡ് ശുചിത്വാരോഗ്യ സമിതി അംഗങ്ങൾ,പഞ്ചായത്ത് അംഗങ്ങൾ, വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥർ, ആശാ പ്രവർത്തകർ, അങ്കണവാടി പ്രവർത്തകർ, സ്വയം സഹായ സംഘാംഗങ്ങൾ തുടങ്ങി വിവിധ വിഭാഗം പങ്കാളികളുടെ ശേഷി വികസിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്. വിവര വിജ്ഞാന വ്യാപനത്തിനായി നീക്കി വെച്ചിട്ടുള്ള ഫണ്ടിന്റെ 2% ഇതിനായി വിനിയോഗിക്കാം.

### ഡി. വ്യക്തിഗത ഗാർഹിക കക്കൂസുകളുടെ നിർമാണം

ഗാർഹിക സാനിട്ടറി കക്കൂസ് എന്നത് സുരക്ഷിതമായി മനുഷ്യ മലം സംസ്കരിക്കുന്ന ഭാഗവും സൂപ്പർ സ്ട്രക്ചർ അടക്കമുള്ളതാണ്. ഗ്രാമങ്ങളിലെ എല്ലാ കുടുംബങ്ങൾക്കും ഗാർഹിക കക്കൂസ് ഉണ്ടാകണമെന്നതാണ് ലക്ഷ്യം. വ്യക്തിഗത ഗാർഹിക കക്കൂസ് നിർമിക്കുവാനുള്ള സാമ്പത്തിക സഹായം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കും ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവർക്കും ലഭ്യമാക്കാവുന്നതാണ്. ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള കുടുംബങ്ങൾ എന്നത് പട്ടിക ജാതി/വർഗം, ചെറുകിട നാമമാത്ര കർഷകർ, കിടപ്പാടമുള്ള ഭൂരഹിത തൊഴിലാളികൾ, ശാരീരിക വികലതകളുള്ളവർ, സ്ത്രീ ഗൃഹനാഥനായുള്ള കുടുംബങ്ങൾ എന്നീ വിഭാഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

ഒരു ഗാർഹിക കക്കൂസ് നിർമിക്കുന്നതിന് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബത്തിനും, അതുപോലെ നിർണയി മേൽ നിർവചിക്കപ്പെട്ട ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള കുടുംബത്തിനും രൂപ 4600/- ആണ് ബുദ്ധിമുട്ടുള്ളതും കുന്നിൻ പ്രദേശങ്ങളിലും രൂപ 5100/). ഇതിൽ കേന്ദ്ര വിഹിതം രൂപ 3200/ (ബുദ്ധിമുട്ടുള്ളതും കുന്നിൻ പ്രദേശങ്ങളിലും രൂപ 3700/) ആയിരിക്കും. സംസ്ഥാന വിഹിതം രൂപ 1400/. ഗുണഭോക്തൃവിഹിതം രൂപ 900/ പണമായോ അധ്വാനമായോ ഉണ്ടായാൽ മതി. ഗുണഭോക്താക്കളാൽ നിർമിക്കുന്ന ഇന്ദിര ആവാസ് യോജന ഭവനങ്ങൾക്കും, കക്കൂസ് ഘടകം ഇല്ലാത്ത സംസ്ഥാന ഗ്രാമീണ ഭവന പദ്ധതികളുടെ ഭാഗമായ വീടുകൾക്ക് കക്കൂസ് നിർമിക്കുന്നതിനും ഈ സഹായം ലഭ്യമാക്കാം.

മുൻപറഞ്ഞ ധനസഹായത്തിനുപരിയായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം, നിർമൽ ഭാരത് അഭിയാന്റെ ഭാഗമായി ഗാർഹിക കക്കൂസ് നിർമ്മിക്കുന്ന ഓരോ കുടുംബത്തിനും പരമാവധി രൂപ 4500/വരെ, തൊഴിലുറപ്പ് പദ്ധതിയിൽ നിന്നുള്ള സഹായം കൂടി ലഭ്യമാകും.

### ഇ. റൂറൽ സാനിട്ടറി മാർട്ട് &പ്രൊഡക്ഷൻ സെന്റർ

സാനിട്ടറി കക്കൂസുകളും ഇതര ശുചിത്വ സൗകര്യങ്ങളും പണിയുന്നതിനുള്ള സാധന സാമഗ്രികൾ മിത വിലയ്ക്ക് ഗ്രാമീണ ജനങ്ങൾക്ക് ലഭ്യമാക്കുവാനും സേവനോപദേശങ്ങൾ നൽകുന്നതിനുമുള്ള സംരംഭമാണ് റൂറൽ സാനിട്ടറി മാർട്ട് & പ്രൊഡക്ഷൻ സെന്റർ. സാമൂഹിക ലക്ഷ്യം മുൻനിർത്തിയുള്ള വ്യാപാര സ്ഥാപനമാണിതുകൊണ്ട് വിവക്ഷിക്കുന്നത്. വനിതാ സ്വയം സഹായ സംഘങ്ങൾ, പഞ്ചായത്ത്, സന്നദ്ധ സംഘടനകൾ എന്നിവർക്ക് ഈ സ്ഥാപനം നടത്തുവാൻ കഴിയും. ജില്ലയിൽ ലഭ്യമായിട്ടുള്ള റിവോൾവിങ്ങ് ഫണ്ടിൽ നിന്നും പലിശരഹിത വായ്പയായി രൂപ 3.50 ലക്ഷം വരെ ഓരോ യൂണിറ്റിനും നൽകാവുന്നതും പ്രസ്തുത തുക 12-18 മാസങ്ങൾ കൊണ്ട് തിരികെ ഈടാക്കേണ്ടതുമാണ്. ഒരു ജില്ലയിൽ പരമാവധി രൂപ 35 ലക്ഷം വരെ ഈയിനത്തിൽ വിനിയോഗിക്കാം.

### എഫ് . റിവോൾവിങ്ങ് ഫണ്ട്

വായ്പാക്ഷമത ഉറപ്പാക്കിയ സ്വയം സഹായ സംഘങ്ങൾക്ക് തങ്ങളുടെ സംഘാംഗങ്ങൾക്കിടയിൽ ലഘുവായ്പ നൽകുന്നതിനുവേണ്ടി റിവോൾവിങ്ങ് ഫണ്ട് അനുവദിക്കാവുന്നതാണ്. സ്വയം സഹായ സംഘങ്ങളിലെ അംഗ കുടുംബങ്ങളിൽ ശുചിത്വ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രോത്സാഹന സഹായമായാണ് റിവോൾവിങ് ഫണ്ടിൽ നിന്നും വായ്പ അനുവദിക്കുന്നത്. അനുവദിക്കുന്ന വായ്പ 12-18 ഗഡുക്കളായി തിരികെ പിടിക്കണം. വാടക കെട്ടിടങ്ങളിൽ അങ്കണവാടി പ്രവർത്തിക്കുന്നയിടങ്ങളിൽ അങ്കണവാടി കുട്ടികൾക്ക് വേണ്ടി കക്കൂസ് നിർമ്മിച്ചു നൽകുന്നതിലേക്ക് കെട്ടിട ഉടമയ്ക്ക് റിവോൾവിംഗ് ഫണ്ടിൽനിന്നും വായ്പ അനുവദിക്കാം. എന്നാൽ, പ്രതിമാസ വാടകയിൽ നിന്നും ഈ വായ്പ തിരിച്ചടയ്ക്കണമെന്ന ഉറപ്പ് അങ്കണവാടി അധികാരികൾ നൽകേണ്ടതുണ്ട്. ജില്ലയിലെ പോജക്ട് അടങ്കലിന്റെ 5%, പരമാവധി രൂപ 50 ലക്ഷമാണ് റിവോൾവിങ് ഫണ്ടായി വകയിരുത്തുന്നത്.

### ജി. കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ളക്സ് (പൊതു ശുചിത്വ സമുച്ചയം)

വ്യക്തിഗത കക്കൂസുകൾ പണിയുന്നതിന് സൗകര്യമില്ലാത്ത പ്രദേശങ്ങളിൽ പൊതു ശുചിത്വ സമുച്ചയങ്ങൾ പണിയാവുന്നതാണ്. ആവശ്യത്തിന് ടോയ്‌ലറ്റ് സീറ്റുകൾ, കുളിമുറികൾ, കഴുകുവാനുള്ള പ്ളാറ്റ്ഫോറം, വാഷ്ബേസിൻ തുടങ്ങിയ സൗകര്യങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം പൊതു ശുചിത്വ സമുച്ചയം. വൃത്തിയായി സൂക്ഷിക്കുന്നതിനും അറ്റ കുറ്റ പണികൾക്കുമായി ഉപയോക്താക്കളിൽ നിന്നും ചെറിയൊരു ഫീസ് ഈടാക്കാം. ഒരു പൊതു ശുചിത്വ സമുച്ചയത്തിനുള്ള യൂണിറ്റ് കോസ്റ്റ് രൂപ 2 ലക്ഷമാണ്.

### എച്ച്. സ്ഥാപന കക്കൂസുകൾ

1. സ്കൂൾ കക്കൂസുകൾ : എല്ലാ തട്ടിലുമുള്ള സർക്കാർ സ്കൂളുകളിൽ കക്കൂസ് സൗകര്യം ഒരുക്കാവുന്നതാണ്. സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിനാനുപാതികമായി കക്കൂസ് സൗകര്യം ഒരുക്കാം. ആൺകുട്ടികൾക്കും , പെൺകുട്ടികൾക്കും വെവ്വേറെ സൗകര്യം ഉറപ്പാക്കണം. ടോയ്‌ലറ്റുകളും യൂറിനലുകളുമടക്കമുള്ള ഒരു യൂണിറ്റിനുള്ള കോസ്റ്റ് രൂപ 35000/ (ബുദ്ധിമുട്ടുള്ളതും കുന്നിൻ പ്രദേശങ്ങളിലും രൂപ 38500/ ). കേന്ദ്ര സംസ്ഥാന ധനസഹായനുപാതം 70:30 ആ്.

2. അങ്കണവാടി കക്കൂസുകൾ : സർക്കാർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ അങ്കണവാടികളിലും കക്കൂസ് സൗകര്യം ഒരുക്കാവുന്നതാണ്. യൂണിറ്റ് കോസ്റ്റ് രൂപ 8000/ (ബുദ്ധിമുട്ടുള്ളതും കുന്നിൻ പ്രദേശങ്ങളിലും രൂപ 10000/) കേന്ദ്ര - സംസ്ഥാന ധനസഹായാനുപാതം 70;30 ആണ്. കേന്ദ്ര സർക്കാരിൽ നിന്നുമുള്ള സഹായം പരമാവധി രൂപ 5600/- (രൂപ 7000/- കുന്നിൻ പ്രദേശങ്ങളിലും ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിലും) ആയി നിജപ്പെടുത്തിയിട്ടുണ്ട്. അധികം വരുന്ന തുക സംസ്ഥാന, പഞ്ചായത്ത്, എം.പി/എം.എൽ.എ. പ്രാദേശിക വികസന ഫണ്ടുകളിൽ നിന്നും കണ്ടെത്താം.

## ഐ. ഖര-ദ്രവ മാലിന്യ പരിപാലനം

ഓരോ ഗ്രാമ പഞ്ചായത്തിനും പ്രോജക്ട് അടിസ്ഥാനത്തിൽ ഖര-ദ്രവ മാലിന്യ പരിപാലനത്തിനുള്ള സഹായം ലഭ്യമാകും. ഗ്രാമ പഞ്ചായത്തിലെ വീടുകളുടെ എണ്ണത്തിനാനുപാതികമായാണ് സഹായം ലഭ്യമാകുന്നത്. 150 വീടുകൾ വരെ രൂപ 7 ലക്ഷം, 300 വീടുകൾ വരെ രൂപ 12 ലക്ഷം, 500 വീടുകൾ വരെ രൂപ 15 ലക്ഷം. 500 ൽ കൂടുതൽ വീടുകൾ ഉള്ള ഓരോ ഗ്രാമ പഞ്ചായത്തിനും രൂപ 20 ലക്ഷം പരമാവധി സഹായമായി ലഭിക്കും. ഗാർഹികവും പൊതുവുമായ ഖര- ദ്രവ മാലിന്യ സംസ്കരണ സംവിധാന ആസ്തികൾ സൃഷ്ടിക്കുന്നതിനാണ് സഹായം അനുവദിക്കുന്നത്. വ്യക്തിഗത ഗുണഭോക്താവിന് അനുവദിക്കുന്ന സഹായം സംസ്ഥാനം നിർണയിക്കുന്ന സബ്സിഡി മാനദണ്ഡ പ്രകാരമായിരിക്കും. ഇതിനുവേണ്ടി ഗ്രാമ പഞ്ചായത്തുകൾ പ്രത്യേക പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതുണ്ട്.

## എഫ് . റിവോൾവിങ്ങ് ഫണ്ട്

വായ്പാക്ഷമത ഉറപ്പാക്കിയ സ്വയം സഹായ സംഘങ്ങൾക്ക് തങ്ങളുടെ സംഘാംഗങ്ങൾക്കിടയിൽ ലഘുവായ്പ നൽകുന്നതിനുവേണ്ടി റിവോൾവിങ്ങ് ഫണ്ട് അനുവദിക്കാവുന്നതാണ്. സ്വയം സഹായ സംഘങ്ങളിലെ അംഗ കുടുംബങ്ങളിൽ ശുചിത്വ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രോത്സാഹന സഹായമായാണ് റിവോൾവിങ് ഫണ്ടിൽ നിന്നും വായ്പ അനുവദിക്കുന്നത്. അനുവദിക്കുന്ന വായ്പ 12-18 ഗഡുക്കളായി തിരികെ പിടിക്കണം. വാടക കെട്ടിടങ്ങളിൽ അങ്കണവാടി പ്രവർത്തിക്കുന്നയിടങ്ങളിൽ അങ്കണവാടി കുട്ടികൾക്ക് വേണ്ടി കക്കൂസ് നിർമ്മിച്ചു നൽകുന്നതിലേക്ക് കെട്ടിട ഉടമയ്ക്ക് റിവോൾവിംഗ് ഫണ്ടിൽനിന്നും വായ്പ അനുവദിക്കാം. എന്നാൽ, പ്രതിമാസ വാടകയിൽ നിന്നും ഈ വായ്പ തിരിച്ചടയ്ക്കണമെന്ന ഉറപ്പ് അങ്കണവാടി അധികാരികൾ നൽകേണ്ടതുണ്ട്. ജില്ലയിലെ പോജക്ട് അടങ്കലിന്റെ 5%, പരമാവധി രൂപ 50 ലക്ഷമാണ് റിവോൾവിങ് ഫണ്ടായി വകയിരുത്തുന്നത്.

## ജി. കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ളക്സ് (പൊതു ശുചിത്വ സമുച്ചയം)

വ്യക്തിഗത കക്കൂസുകൾ പണിയുന്നതിന് സൗകര്യമില്ലാത്ത പ്രദേശങ്ങളിൽ പൊതു ശുചിത്വ സമുച്ചയങ്ങൾ പണിയാവുന്നതാണ്. ആവശ്യത്തിന് ടോയ്ലറ്റ് സീറ്റുകൾ, കുളിമുറികൾ, കഴുകുവാനുള്ള പ്ളാറ്റ്ഫോറം, വാഷ്ബേസിൻ തുടങ്ങിയ സൗകര്യങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം പൊതു ശുചിത്വ സമുച്ചയം. വൃത്തിയായി സൂക്ഷിക്കുന്നതിനും അറ്റ കുറ്റ പണികൾക്കുമായി ഉപയോക്താക്കളിൽ നിന്നും ചെറിയൊരു ഫീസ് ഈടാക്കാം. ഒരു പൊതു ശുചിത്വ സമുച്ചയത്തിനുള്ള യൂണിറ്റ് കോസ്റ്റ് രൂപ 2 ലക്ഷമാണ്.

## എച്ച്. സ്ഥാപന കക്കൂസുകൾ

1. സ്കൂൾ കക്കൂസുകൾ : എല്ലാ തട്ടിലുമുള്ള സർക്കാർ സ്കൂളുകളിൽ കക്കൂസ് സൗകര്യം ഒരുക്കാവുന്നതാണ്. സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിനാനുപാതി

കമായി കക്കൂസ് സൗകര്യം ഒരുക്കാം. ആൺകുട്ടികൾക്കും , പെൺകുട്ടികൾക്കും വെവ്വേറെ സൗകര്യം ഉറപ്പാക്കണം. ടോയ്‌ലറ്റുകളും യൂറിനലുകളുമടക്കമുള്ള ഒരു യൂണിറ്റിനുള്ള കോസ്റ്റ് രൂപ 35000/ (ബുദ്ധിമുട്ടുള്ളതും കുന്നിൻ പ്രദേശങ്ങളിലും രൂപ 38500/ ). കേന്ദ്ര സംസ്ഥാന ധനസഹായനുപാതം 70:30 ആ്.

2. അങ്കണവാടി കക്കൂസുകൾ : സർക്കാർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ അങ്കണവാടികളിലും കക്കൂസ് സൗകര്യം ഒരുക്കാവുന്നതാണ്. യൂണിറ്റ് കോസ്റ്റ് രൂപ 8000/ (ബുദ്ധിമുട്ടുള്ളതും കുന്നിൻ പ്രദേശങ്ങളിലും രൂപ 10000/) കേന്ദ്ര - സംസ്ഥാന ധനസഹായാനുപാതം 70;30 ആണ്. കേന്ദ്ര സർക്കാരിൽ നിന്നുമുള്ള സഹായം പരമാവധി രൂപ 5600/- (രൂപ 7000/- കുന്നിൻ പ്രദേശങ്ങളിലും ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിലും) ആയി നിജപ്പെടുത്തിയിട്ടുണ്ട്. അധികം വരുന്ന തുക സംസ്ഥാന, പഞ്ചായത്ത്, എം.പി/എം.എൽ.എ. പ്രാദേശിക വികസന ഫണ്ടുകളിൽ നിന്നും കണ്ടെത്താം.

### ഐ. ഖര-ദ്രവ മാലിന്യ പരിപാലനം

ഓരോ ഗ്രാമ പഞ്ചായത്തിനും പ്രോജക്ട് അടിസ്ഥാനത്തിൽ ഖര-ദ്രവ മാലിന്യ പരിപാലനത്തിനുള്ള സഹായം ലഭ്യമാകും. ഗ്രാമ പഞ്ചായത്തിലെ വീടുകളുടെ എണ്ണത്തിനാനുപാതികമായാണ് സഹായം ലഭ്യമാകുന്നത്. 150 വീടുകൾ വരെ രൂപ 7 ലക്ഷം, 300 വീടുകൾ വരെ രൂപ 12 ലക്ഷം, 500 വീടുകൾ വരെ രൂപ 15 ലക്ഷം. 500 ൽ കൂടുതൽ വീടുകൾ ഉള്ള ഓരോ ഗ്രാമ പഞ്ചായത്തിനും രൂപ 20 ലക്ഷം പരമാവധി സഹായമായി ലഭിക്കും. ഗാർഹികവും പൊതുവുമായ ഖര- ദ്രവ മാലിന്യ സംസ്കരണ സംവിധാന ആസ്തികൾ സൃഷ്ടിക്കുന്നതിനാണ് സഹായം അനുവദിക്കുന്നത്. വ്യക്തിഗത ഗുണഭോക്താവിന് അനുവദിക്കുന്ന സഹായം സംസ്ഥാനം നിർണയിക്കുന്ന സബ്സിഡി മാനദണ്ഡ പ്രകാരമായിരിക്കും. ഇതിനുവേണ്ടി ഗ്രാമ പഞ്ചായത്തുകൾ പ്രത്യേക പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതുണ്ട്.

### ജെ. ആസ്തികളുടെ അറ്റകുറ്റപണികൾ

ഗാർഹിക സംവിധാനങ്ങളുടെ അറ്റകുറ്റ പണികൾ അതാത് ഉടമകളും പൊതു സംവിധാനങ്ങളുടെ അറ്റകുറ്റപണികൾ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ/ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ എന്നിവരും നടത്തണം

### കെ. ഭരണചെലവ്

പദ്ധതി മാർഗ നിർദേശത്തിൽ പറഞ്ഞിട്ടുള്ള അനുവദനീയമായ ഘടകങ്ങൾക്ക് മാത്രം ഭരണചെലവ് ഉപയോഗിക്കാം. പ്രോജക്ട് അടങ്കലിന്റെ പരമാവധി 4% വരെയാണ് ഭരണചെലവ് അനുവദിക്കുന്നത്.

## പ്രോജക്ട് ഫണ്ട് വകയിരുത്തൽ

വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തൽ ചുവടെ പറയും പ്രകാരമായിരിക്കണം

| ക്രമ നം. | ഘടകം | നിർമ്മൽ ഭാരത് അഭി യാൻ പ്രോജക്ട് അട ങ്കലിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന തുകയുടെ % | ധന സ്രോതസ് | | |
|---|---|---|---|---|---|
| | | | കേന്ദ്രം | സംസ്ഥാ നം | ഗുണഭോ ക്താവ്/ സമൂഹം |
| a | ഐ.ഇ.സി., പ്രാരംഭ ചെലവ് , ശേഷീ വികസനം | 15% വരെ | 80% | 20% | 0% |
| b | റിവോൾവിങ്ങ് ഫണ്ട് | 5% വരെ പരമാവധി രൂപ 50 ലക്ഷം | 80% | 20% | 0% |
| c | i. ഗാർഹിക കക്കൂസ് | സമ്പൂർണ കവറേജി നായി വേണ്ട യഥാർഥ തുക | രൂപ 3200/- (ബുദ്ധിമുട്ടുള ളതും കുന്നിൻ പ്രദേശങ്ങ ളിലും രൂപ 3700/-) | രൂപ 1400/- | രൂപ 900/- |
| | ii. കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ളക്സ് | സമ്പൂർണ കവറേജി നായി വേണ്ട യഥാർഥ തുക | 60% | 30% | 10% |
| d | സ്ഥാപന കക്കൂസു കൾ സ്കൂൾ & അങ്ക ണവാടി | സമ്പൂർണ കവറേജി നായി വേണ്ട യഥാർഥ തുക | 70% | 30% | 0% |
| e | ഭരണചെലവ് | 4% വരെ | 80% | 20% | 0% |
| f | ഖരദ്രവ മാലിന്യ സംസ്കരണം (ആസ്തി സൃഷ്ടി ക്കൽ) | ആവശ്യമായത്ര, പരമാ വധി 20 ലക്ഷം വരെ | 70% | 30& | 0% |

## നിർവ്വഹണമോണിറ്ററിംഗ് സംവിധാനങ്ങൾ

ഗാമ-ബോക്ക് പഞ്ചായത്തുകളാണ് നിർവ്വഹണസ്ഥാപനങ്ങൾ. വാർഡ് -ഗ്രാമപഞ്ചായത്ത്-ബ്ലോക്ക്തലങ്ങളിലുള്ള ശുചിത്വആരോഗ്യസമിതികൾ നിർവ്വഹണമോണിറ്ററിംഗ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കണം. ജില്ലാതലത്തിൽ ജില്ലാശുചിത്വആരോഗ്യസമിതിയും ജില്ലാതലശുചിത്വമിഷനും പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നു. സംസ്ഥാനതലത്തിൽ സംസ്ഥാനതലശുചിത്വമിഷൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും വിലയിരുത്തുകയും ചെയ്യുന്നു.

## തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

പഞ്ചായത്തുകളെ സംബന്ധിച്ച് 73-ാം ഭരണഘടനാഭേദഗതിപ്രകാരം ശുചിത്വപരിപാ

ലനം 11ാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. അതിനാൽ സമ്പൂർണ്ണശുചിത്വപ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഭരണഘടനാപരമായ ചുമതലയാണ്. ടോയ്‌ലറ്റുകളുടെ നിർമ്മാണം, മാലിന്യങ്ങളുടെ സുരക്ഷിതമായ സംസ്ക്കരണം. എന്നിവയുടെ പ്രവർത്തനങ്ങൾക്കായി ഓരോ ഗ്രാമപഞ്ചായത്തിനും അനുയോജ്യമായ പദ്ധതികൾ ബഹുജനപങ്കാളിത്വത്തോടെ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക എന്നത് ഇന്ന് ഏറ്റവും അടിയന്തിര ശ്രദ്ധ നല്കേണ്ട ഒരു പ്രവർത്തനമാണ്. സൃഷ്ടിക്കപ്പെടുന്ന ഇത്തരം ആസ്തികളും സംവിധാനങ്ങളും ശരിയായ രീതിയിൽ സൂക്ഷിച്ച് ഉപയോഗപ്പെടുത്തുന്നതിന്റെ ചുമതലയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കാണ്.

### പദ്ധതിസംയോജനസാധ്യതകൾ

വ്യക്തിഗത കക്കൂസ്, സ്ക്കൂൾ, അംഗനവാടി, പൊതുശുചിത്വസമുച്ചയം എന്നിവയുടെ നിർമ്മാണത്തിന് ടി.എസ്.ഡി വിഹിതം കൂടാതെ പഞ്ചായത്ത് വിഹിതം കൂടി കൂട്ടിച്ചേർക്കേണ്ടതുണ്ട്. ആയതിനാൽ സംയോജിത പ്രോജക്റ്റുകൾ തയ്യാറാക്കണം.

മഹാത്മാഗാന്ധി തൊഴിലുറപ്പ്പദ്ധതി പ്രയോജനപ്പെടുത്തി നിർവാർച്ച സംവിധാനങ്ങൾ, ഗാർബേജ് പിറ്റുകൾ, കക്കൂസ് കുഴികൾ എന്നിവ നിർമ്മിക്കാം.

പൊതുശുചിത്വസംവിധാനങ്ങൾ നിർമ്മിക്കുന്നതിന് ടി.എസ്.ഡി വിഹിതം, പഞ്ചായത്ത് ഫണ്ട് എന്നിവ കൂടാതെ ശുചിത്വമിഷന്റെ സഹായം പ്രയോജനപ്പെടുത്താം.

റൂറൽ സാനിട്ടറിമാർട്ട്(RSM/ പ്രൊഡക്ഷൻ സെന്റർ(PC) എന്നിവയുമായി ബന്ധപ്പെട്ട് വനിതാമേസൺ പരിശീലനം സംഘടിപ്പിക്കാം. നിർമ്മാണസാമഗ്രികളുടെ ഉല്പാദനം, വിപണനം എന്നിവ എസ്.ജി.എസ്.വൈ/കുടുംബശ്രീ പദ്ധതികളുമായി സംയോജിപ്പിച്ച് നിർവ്വഹിക്കാം.

കൂടാതെ ഒരു സ്ക്കൂളിന്റെ സമഗ്രശുചിത്വപരിപാടിക്ക് രൂപം നൽകുന്നതിന് SSA/ RMSA/ NRHM/ MGNREGS/ Plan Fund എന്നിവ ആവശ്യാനുസരണം വിനിയോഗിക്കാം.

ജൈവമാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ കൃഷിവകുപ്പിന്റെ വിവിധപദ്ധതികളുമായി സംയോജിപ്പിക്കാം. നാളികേരവികസന ബോർഡുകൾ, കയർ ബോർഡ് എന്നിവരുടെ മണ്ണിരകമ്പോസ്റ്റ് നിർമ്മാണപദ്ധതികളുമായി സംയോജിപ്പിക്കാം.

## VIII. പിന്നോക്ക മേഖല ഗ്രാന്റ് വിതരണം (ബി. ആർ. ജി. എഫ്)

### ആമുഖം

ഇന്ത്യയിലെ അവികസിത 200 ജില്ലകൾ തെരെഞ്ഞെടുത്ത് പ്രത്യക ധനസഹായം നൽകി പ്രസ്തുത ജില്ലകളെ മറ്റ് ജില്ലകൾക്കൊപ്പം എത്തിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. പ്രസ്തുത ജില്ലകൾക്ക് വേണ്ടി അതാത് സംസ്ഥാന സർക്കാരുകൾ പദ്ധതി തയ്യാറാക്കി കേന്ദ്രാനുമതി വാങ്ങി പദ്ധതി നടപ്പിലാക്കുന്നു. 2006 – 07 വർഷം മുതൽ ടി പദ്ധതി നടപ്പിലാക്കി വരുന്നു. കേരളത്തിൽ വയനാട്, പാലക്കാട് ജില്ലകളെയാണ് പ്രസ്തുത പദ്ധതിയിൻ കീഴിൽ തെരെഞ്ഞെടുത്തിട്ടുള്ളത്. ഗ്രാമവികസന വകുപ്പ് വഴിയാണ് മറ്റ് സംസ്ഥാനങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമുഖേനയും.

## ഫണ്ടിംഗ്

100% കേന്ദ്രാവിഷകൃത വിഹിതം. രണ്ടു ഗഡുക്കളായി ഓരോ വർഷവും നൽകുന്നു. കേരളത്തിൽ സംസ്ഥാന സർക്കാർ എൽ.എസ്.ജി.ഡി വഴി തുക ജില്ലാകളകടർക്ക് നൽകുന്നു. ജില്ലാകലളക്ടർ ത്രിതല പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും തുക സംസ്ഥാന സർക്കാർ നിർദ്ദേശമനുസരിച്ച് നൽകുന്നു. കേരളത്തിൽ ജനകീയാസൂത്രണ നടപടിക്രമമനുസരിച്ചാണ് പദ്ധതികൾ നടത്തുന്നത്. 6% ഫണ്ട് സി.എം.ഡി പരിശീലനത്തിനായി പരിഗണിക്കും.

## ലക്ഷ്യം

അവികസിത ജില്ലകളെ വികസന വിടവുകൾ കണ്ടുപിടിച്ചു പദ്ധതി തയ്യാറാക്കി മറ്റ് ജില്ലകൾക്കൊപ്പം വികസനം എത്തിക്കൽ. കേരളത്തിലെ പാലക്കാട്, വയനാട് ജില്ലകളുടെ വികസനത്തിന് ആക്കം കൂട്ടി പത്യേകിച്ചും ജനങ്ങളുടെ ജീവിത നിലവാരവർദ്ധനവും ജില്ലയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും.

## നിർവ്വഹണസ്ഥാപനം.

തദ്ദേശസ്വയംഭരണ വകുപ്പ്/ത്രിതല പഞ്ചായത്തുകൾ വഴി നിർവ്വഹണം.

## ഗുണഭോക്താവ്

പാലക്കാട്, വയനാട് ജില്ലകളിലെ മുഴുവൻ ജനങ്ങളും

## പ്രവർത്തനങ്ങൾ

സംസ്ഥാനസർക്കാർ സി.എം.ഡി വഴി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അംഗീകാരം വാങ്ങുന്നു. ഓരോ വർഷവും 150–200% തുകയുടെ പ്രവർത്തികൾക്ക് പദ്ധതി തയ്യാറാക്കി ഡി.പി.സി അംഗീകാരം വാങ്ങുന്നു. ത്രിതല പഞ്ചായത്തുകൾ വഴി ജനകീയാസൂത്രണ നടപടികൾ പ്രകാരം പ്രവർത്തികൾ നടത്തുന്നു. വികസന വിടവ് നികത്തുന്നതിനുള്ള ഏത് പ്രവർത്തിയും ഏറ്റെടുക്കണം. അങ്കണവാടികൾ, സ്കൂൾ കെട്ടിടങ്ങൾ എന്നീ വിഭാഗങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ മുതലായവ ഏറ്റെടുക്കാവുന്നതാണ്. കപ്പാസിറ്റി ബിൽഡിങ്ങിനായി കിലയെ ചുമതലപ്പെടുത്തിയിരിക്കുന്നു.

## തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കൽ, പ്രവർത്തികൾ നിർദ്ദേശിക്കൽ, നടത്തിപ്പ്, മോണിറ്ററിംഗ് എന്നിവ തദ്ദേശഭരണസ്ഥാപനങ്ങൾക്കാണ്. പദ്ധതി തയ്യാറാക്കുന്നത് തദ്ദേശഭരണസ്ഥാപനങ്ങളുടേയും ഗ്രാമപഞ്ചായത്തുകളുടേയും ചർച്ചയും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടാണ് ജനകീയാസൂത്രണ നടപടികൾപാലിച്ചുകൊണ്ടാണ് പദ്ധതികൾ ഡി.പി.സി. അംഗീകരിക്കുന്നത്.

************************

# CHAPTER III



# കൃഷി

# I. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ (State Horticulture Mission (SHM)

## ആമുഖം

2005–06 വർഷത്തിൽ ആണ് ദേശീയ ഹോർട്ടികൾച്ചർ മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചത്, തോട്ടവിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. ദേശീയതലത്തിൽ കേന്ദ്രകൃഷിമന്ത്രി ചെയർമാനായുള്ള ജനറൽ കൗൺസിൽ, കൃഷി-സഹകരണവകുപ്പ് സെക്രട്ടറി ചെയർമാനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയുമാണ് പദ്ധതിയുടെ ചുക്കാൻ പിടിക്കുന്നത്.സംസ്ഥാനതലത്തിൽ കാർഷിക ഉല്പാദന കമ്മീഷണറുടെ നേതൃത്വത്തിൽ സ്റ്റേറ്റ് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റി (SLEC) യ്ക്കാണ് പദ്ധതിയുടെ ചുമതല. സംസ്ഥാനതലത്തിൽ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനുകൾ രൂപീകരിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്.

## ഫണ്ട്

പദ്ധതി തുകയുടെ 85% കേന്ദ്രസർക്കാരും ബാക്കി 15% സംസ്ഥാന സർക്കാരും വഹിക്കുന്നു ജില്ലാതലങ്ങളിലുള്ള പ്രിൻസിപ്പൽ കൃഷി ഓഫീസർക്കാണ് തുക ലഭ്യമാകുന്നത്. ഇത് ബ്ലോക്ക്തലത്തിലുള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ മുഖേന പഞ്ചായത്ത് തല കൃഷിഭവനുകളിലെ കൃഷി ഓഫീസർമാർ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നു.

## നിർവ്വഹണസ്ഥാപനം

ഗ്രാമപഞ്ചായത്ത് തലത്തിൽ കൃഷിഭവനുകൾക്കാണ് പദ്ധതിനിർവ്വഹണ ചുമതല.

## ലക്ഷ്യങ്ങൾ

1. ഹോർട്ടികൾച്ചർ വിളകളുടെ സമഗ്രവികസനം ഉറപ്പുവരുത്തുക.
2. ഹോർട്ടികൾച്ചർ വിളകളുടെ ഉല്പാദനവർദ്ധനവിലൂടെ ഭക്ഷ്യസുരക്ഷയും കർഷക ക്ഷേമവും ഉറപ്പുവരുത്തുക
3. ഹോർട്ടികൾച്ചർ വിളകളുടെ വികസനത്തിനുള്ള വിവിധ പദ്ധതികൾ സംയോജിപ്പിക്കുക.
4. ഹോർട്ടികൾച്ചർ വിളകളുടെ കൃഷിരീതികളിലെ പരമ്പരാഗത അനുഭവസമ്പത്തും ആധുനികശാസ്ത്രീയ അറിവുകളും സമന്വയിപ്പിക്കുക.
5. ഹോർട്ടികൾച്ചർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക
   ഗുണഭോക്താക്കൾ
   പദ്ധതിയിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഘടകത്തിനനുസരിച്ച് വ്യക്തിഗത കർഷകർക്ക്, കർഷകസംഘങ്ങൾക്കും സ്വകാര്യസ്ഥാപനങ്ങൾക്കും സർക്കാർപൊതുമേഖലാസ്ഥാപനങ്ങൾക്കും എൻജിഒ ഗുണഭോക്താക്കളാകാം. പരമാവധി വിളപരിധി 4 വരുമാനത്തിന് യാതൊരു മാനദണ്ഡവുമില്ല.

## ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ

പച്ചക്കറികൾ, വാഴ, ജാതി, കുരുമുളക്, കശുമാവ്, കൊക്കോ,പുഷ്പവിളകൾ, കൂൺകൃഷി തുടങ്ങിയവയുടെ സമഗ്രവികസനത്തിന് ഉതകുന്ന പ്രവൃത്തികളാണ് ഏറ്റെടുക്കുന്നത്.വിത്ത്/നടീൽ വസ്തുക്കളുടെ ഉല്പാദനം മുതൽ സംസ്കരണവും വിപണനവും വരെയുള്ള ഘടകങ്ങൾ ഇതിൽപ്പെടും.

## പ്രവർത്തനങ്ങൾ

### a. ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ഉല്പാദനം

2 മുതൽ 4 ഹെക്ടർവരെയുള്ള വലിയ നഴ്സറികൾ സ്ഥാപിക്കുന്നതിന് പൊതുമേഖലാസ്ഥാപനങ്ങൾക്ക് 100% ഉം സ്വകാര്യമേഖലയ്ക്ക് 50% ഉം ആണ് സബ്സിഡി. ഹെക്ടറിന് 6.25 നക്ഷം രൂപയാണ് ഏകദേശം ചെലവ് കണക്കാക്കിയിരിക്കുന്നത്.ഒരു ഹെക്ടർ വരെ വിസ്തൃതിയുള്ള ചെറുകിട നഴ്സറികൾക്കും ഇതേ നിരക്കിൽ ധനസഹായം ലഭിക്കും. പുതിയ ടിഷ്യുകൾച്ചർ ലാബുകൾ സ്ഥാപിക്കുന്നതിന് 1കോടി രൂപവരെയും നിലവിലുള്ളവ നവീകരിക്കുന്നതിന് 15 ലക്ഷം രൂപയും ധനസഹായം ലഭിക്കുന്ന പച്ചക്കറി വിത്ത് ഉല്പാദനം നടത്തുന്ന സ്ഥാപനങ്ങൾക്കും ഫാമുകൾക്കും ധനസഹായം ലഭ്യമാണ്.

### b. പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കൽ

വാഴപോലുള്ള പഴവർഗ്ഗങ്ങൾ കൃഷിചെയ്യുന്നതിന് ഹെക്ടറിന് 35,000 രൂപ വരെ ധനസഹായം ലഭിക്കും. ഇത് 75:25 എന്ന അനുപാതത്തിൽ രണ്ട് വർഷങ്ങളിലായാണ് നൽകുക. (Ist instalment 26250/ha, II instalment 8750/ha)

മാവ്, പേര തുടങ്ങിയവയുടെ തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ചെലവിന്റെ പകുതി (പരമാവധി ഹെക്ടറിന് 40,000 രൂപ) ധനസഹായമായി ലഭിക്കും. ഇത് 60:20:20 എന്ന അനുപാതത്തിൽ 3 വർഷങ്ങളിലായാണ് നൽകുക. പപ്പായ പോലുള്ള വിളകൾക്ക് ഇതേ രീതിയിൽ ഹെക്ടറിന് 30,000 രൂപ ധനസഹായം ലഭിക്കും. കൃഷിഭവനുകളിൽ സ്റ്റേറ്റ് ഹോട്ടികൾച്ചർ മിഷന്റെ നിർദ്ദിഷ്ടഅപേക്ഷകളിൽ അപേക്ഷിക്കാവുന്നതാണ്. ഭൂപരിധി 4 വമ സബ്സിഡിതുക കർഷകന് നേരിട്ട നൽകുന്നു.

### c. കൂൺകൃഷി

കൂൺകൃഷിയും ഒപ്പം കൂൺവിത്ത് ഉല്പാദനവും കമ്പോസ്റ്റ് നിർമ്മാണവും നടത്തുന്ന യൂണിറ്റുകൾക്ക് 50 ലക്ഷം രൂപവരെ ധനസഹായം ലഭിക്കുന്നു, പൊതുമേഖല/ സർക്കാർ സ്ഥാപനങ്ങൾക്ക് 100% വും സ്വകാര്യമേഖലയിലുള്ള സ്ഥാപനങ്ങൾക്ക് 50 ശതമാനവുമാണ് ധനസഹായം.

### d. പുഷ്പകൃഷി

ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയവ കൃഷി ചെയ്യുന്നതിന് ചെറുകിട നാമമാത്രകർഷകർക്ക് 50ശതമാനവും മറ്റ് കർഷകർക്ക് 33ശതമാനവും ധനസഹായം ലഭിക്കും. ചെടിയൊന്നിന് 35 രൂപയാണ് പരമാവധി സബ്സിഡി.

ഗ്ലാഡിയോലസ് പോലുള്ള വിളകൾക്ക് 45,000 രൂപവരെയും റോസ് ചെണ്ടുമല്ലി പോലുള്ള വിളകൾക്ക് 12,000 രൂപവരെയും ധനസഹായം ലഭ്യമാണ്.
ല. സുഗന്ധവ്യഞ്ജനങ്ങൾ

ഇഞ്ചി, മഞ്ഞൾ മുതലായവ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 12,500 രൂപയും കുരുമുളക്, ഗ്രാമ്പൂ, ജാതി മുതലായവയ്ക്ക് 20,000 രൂപയും (ചെലവിന്റെ പകുതി) ധനസഹായം ലഭിക്കും.

## f. പ്ലാന്റേഷൻ വിളകൾ

കശുമാവ്, കൊക്കോ മുതലായ വിളകൾക്ക് ചെലവിന്റെ പകുതി (പരമാവധി ഹെക്ടറിന് 20,000 രൂപ) മൂന്ന വർഷങ്ങളിലായി നൽകുന്നു. നിലവിലുള്ള തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് ഹെക്ടറിന് 15,000 രൂപവരെ ധനസഹായം ലഭിക്കും.

## g. ജലസേചനസൗകര്യങ്ങൾ ലഭ്യമാക്കൽ

പൊതുകുളങ്ങൾ, ജലസംഭരണികൾ എന്നിവ ലഭിക്കുന്നതിന് 15 ലക്ഷം രൂപവരെ ധനസഹായം ലഭിക്കും. 100% സബ്സിഡി മിനിമം 10 ha നനയ്ക്കുന്നതിനുള്ള കൃഷിസ്ഥലം, 100മീ x 100മീ x 3മീ സൈസിനാണ് 15 ലക്ഷം രൂപ സബ്സിഡി അനുവദിക്കുന്നത്. ഇതിലും കുറഞ്ഞ സൈസിൽ കുളം കുഴിക്കുകയാണെങ്കിൽ അതനുസരിച്ച് സബ്സിഡി ലഭിക്കും.

മഴവെള്ളം സംഭരിക്കുന്നതിന് വ്യക്തിഗത ഗുണഭോക്താക്കൾക്കും സബ്സിഡി നൽകുന്നു. 1 ക്യുബിക്ക് മീറ്ററിന് 100 രൂപ നിരക്കിൽ സബ്സിഡി നൽകുന്നു.. ഇതിനാവശ്യമായ Estimate LSGD എൻജിനീയറോ /ചാർട്ടേർഡ് എൻജിനീയറോ തയ്യാറാക്കി മൂല്യനിർണ്ണയം നടത്താവുന്നതാണ്. സബ്സിഡി തുക നേരിട്ട് കർഷകന് നൽകുന്നു. 2ha വരെയുള്ള കർഷകർ ഗുണഭോക്താക്കളായിരിക്കും. സബ്സിഡി തുകയും ചിലവിന്റെ 50% പരമാവധി 1.20 ലക്ഷം രൂപ / 1 യൂണിറ്റിന് മലമ്പ്രദേശങ്ങളിൽ പരമാവധി 1.38 ലക്ഷം രൂപ.

## h. സംരക്ഷിത കൃഷി

ഗ്രീൻ ഹൗസുകൾ നിർമ്മിക്കുന്നതിന് നിർമ്മാണസാമഗ്രികളുടെ അടിസ്ഥാനത്തിൽ ചതുരശ്ര മീറ്ററിന് 375 രൂപ മുതൽ 1465 രൂപ വരെ ധനസഹായമായി ലഭിക്കും. ചെലവിന്റെ 50% ആണ് സബ്സിഡി.

## i. സംയോജിത കീടരോഗ നിയന്ത്രണം

ചെലവിന്റെ പകുതി പരമാവധി ഹെക്ടറിന് 1000 രൂപ കർഷകർക്ക് ധനസഹായം ലഭിക്കും. ബയോ കൺട്രോൾ ലബോറട്ടറികൾ സ്ഥാപിക്കുന്നത് സർക്കാർ സ്ഥപനങ്ങൾക്ക് 80 ലക്ഷം രൂപവരെയും സ്വകാര്യസ്ഥാപനങ്ങൾക്ക് 40 ലക്ഷം രൂപവരെയും ധനസഹായംലഭിക്കും. പ്ലാന്റ് ഹെൽത്ത് ക്ലീനിക്കുകൾ സ്ഥാപിക്കുന്നതിനും ഇല പരിശോധന ലബോറട്ടറികൾ സ്ഥാപിക്കുന്നതിനും ഇത്തരത്തിൽ സഹായം ലഭ്യമാണ്.

## j. ജൈവകൃഷി

കൃഷിയിടങ്ങളിൽ ജൈവകൃഷി രീതികൾ അവലംബിക്കുന്നതിന് ഹെക്ടറിന് 10000 രൂപ വരെ ധനസഹായമായി ലഭിക്കും. ക്ലസ്റ്റർ രീതിയിലാണ് ജൈവസർട്ടിഫിക്കേഷൻ നൽകുന്നത്. ചെലവിന്റെ പകുതി തുക മൂന്ന് വർഷങ്ങളിലായാണ് നൽകുക. ഓർഗാനിക്ക് സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിനും മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ധനസഹായം ലഭ്യമാണ്. മണ്ണിരകമ്പോസ്റ്റുകൾക്ക് പരമാവധി 30,000 രൂപ സബ്സിഡി ലഭ്യമാണ്.

## k. തേനീച്ച വളർത്തൽ

തേനീച്ചയുള്ള കോളനികൾക്ക് മൊത്തമായും പെട്ടികൾ സ്ഥാപിക്കുന്നതിനും തേനെടുക്കുന്നതിനും സൂക്ഷിക്കുന്നതിനുള്ള ഉപകരണങ്ങൾക്കും സബ്സിഡികൾ ലഭ്യമാണ്. Honey Bee

colony Rs.1400/colony of 4 frames, Hives Rs.1600/hive. 50% സബ്സിഡി ഹോർട്ടികോർപ്പ് മുഖേന നൽകുന്നു.

**l. യന്ത്രവൽക്കരണം**

മരുന്ന് തളിക്കുന്നതിനുളള ഉപകരണങ്ങൾ, പവ്വർ മുതലായവയ്ക്ക് ചെലവിന്റെ പകുതി തുകവരെ ധനസഹായം ലഭ്യമാണ്. ഏതെങ്കിലും ഒരു മെഷീനറി മാത്രമെ ഒരു ഗുണഭോക്താവിന് ലഭ്യമാകുകയുള്ളു. ഞ..17500 മുതൽ 1.5 ലക്ഷം രൂപ വരെ സബ്സിഡി അനുവദിക്കാവുന്നതാണ്..

**പരിശീലനപരിപാടികൾ**

1. ഗാർഡനേഴ്സ് ട്രെയിനിംഗ് -VHSE (Agri) കഴിഞ്ഞിട്ടുള്ള വിദ്യാർത്ഥികൾക്കായി സർക്കാർ ഫാമുകളിൽ ഗാർഡനേഴ്സ് ട്രെയിനിംഗ് നൽകുന്നു. ഇതിനാവശ്യമായ പ്രത്യേക പ്രോജക്റ്റ് തയ്യാറാക്കി നൽകണം. നിശ്ചിത സ്റ്റൈപ്പെന്റും ട്രെനേഴ്സിന് നൽകുന്നു

**കർഷകർക്കുള്ള പരിശീലനം.**

| | | |
|---|---|---|
| 1. ജില്ലയിൽ പരിശീലനത്തിന് | Rs.400 ഒരു ദിവസം | സ്റ്റൈപ്പെന്റ് |
| 2.സംസ്ഥാനത്തിനകത്ത് | Rs.750 ഒരു ദിവസം | |
| 3 .സംസ്ഥാനത്തിന് പുറത്ത് | Rs.1000 ഒരു ദിവസം | |

**പഠനപര്യടനയാത്രകൾ**

| | |
|---|---|
| 1. ജില്ലയ്ക്കകത്ത് | Rs 200 ഒരു ദിവസം |
| 2.സംസ്ഥാനത്തിനകത്ത് | Rs 300 ഒരു ദിവസം |
| 3. സംസ്ഥാനത്തിന് പുറത്ത് | Rs 600 ഒരു ദിവസം |

മേൽപ്പറഞ്ഞ പരിശീലനപരിപാടികൾക്ക് വിശദമായ പ്രോജക്റ്റ് (പോകുന്ന സ്ഥലം, പഠിക്കേണ്ടുന്ന കാര്യങ്ങൾ, എത്രമാത്രം പ്രയോഗത്തിൽ വരുത്താം, ഉല്പാദനം എത്ര കൂട്ടാം, മാർക്കറ്റിംഗ് സംവിധാനം എത്രമാത്രം വിപുലപ്പെടുത്താം, ആധുനിക സാങ്കേതികവിദ്യകൾ, വിവരസാങ്കേതിക വിദ്യ എന്നിവ എങ്ങിനെ ഉപയോഗപ്പെടുത്താം)എന്നിയെല്ലാം പ്രോജക്റ്റിൽ കൃത്യമായി നിർവ്വചിക്കേണ്ടതുണ്ട്.

പൊതുമേഖല സ്ഥാപനങ്ങൾക്ക് വിദേശരാജ്യങ്ങളിൽ നിന്ന് പുതിയതരം യന്ത്രങ്ങൾ ഇറക്കുമതി ചെയ്ത് കർഷകരെ പഠിപ്പിക്കുന്നതിന് 50 ലക്ഷം രൂപ വരെ ധനസഹായം ലഭിക്കും.

## m. പരിശീലന പരിപാടികൾ

കർഷകർക്ക് പരിശീലനങ്ങൾ നടക്കുന്നതിനും പഠനപര്യടനങ്ങൾ സംഘടിപ്പിക്കുന്നതിനും ധനസഹായം ലഭ്യമാണ്.

## n. ഉല്പന്നങ്ങളുടെ സ്റ്റോറേജ് വൈവിധ്യവൽക്കരണം

പാക്ക് ഹൗസുകളും സ്റ്റോറേജ് യൂണിറ്റുകളും സ്ഥാപിക്കുന്നതിന് 3 ലക്ഷം രൂപ വരെ ധനസഹായം നല്കുന്നു. കോൾഡ് സ്റ്റോറേജ്കൾക്കും സഞ്ചരിക്കുന്ന കോൾഡ് സ്റ്റോറേജ്കൾക്കും 10 ലക്ഷം രൂപ വരെ ധനസഹായം നല്കുന്നു. വ്യക്തികൾക്കും, എൻജിഒ മാർക്കും പഞ്ചായത്തീരാജ് സംവിധാനങ്ങൾക്കും പ്രയോജനപ്പെടുത്താം.

## ഠ. വിപണന സൗകര്യങ്ങൾ

പൊതുസ്വകാര്യസംരംഭങ്ങൾ മുഖേന കാർഷിക വിപണികൾ സ്ഥാപിക്കുന്നതിന് 25% 40% ധനസഹായം ലഭിക്കുന്നു. പരമാവധി 50 കോടി രൂപ മൊത്ത വ്യാപാരമാർക്കറ്റുകൾക്കും ചെറുകിട മാർക്കറ്റുകൾക്കും ധനസഹായം ലഭ്യമാണ്.

## നിർവ്വഹണസംവിധാനം

വ്യക്തിഗത ഗുണഭോക്താക്കളെ കൃഷിഭവന മുഖേന തെരഞ്ഞെടുക്കുന്നു.വലിയ പദ്ധതികൾക്ക് പ്രോജക്റ്റ് തയ്യാറാക്കി SLMC യുടെ അനുമതി ലഭിച്ചതിനു ശേഷം നടപ്പിലാക്കുന്നു.

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്

ഗ്രാമപഞ്ചായത്ത്തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വികസനസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവർ അംഗങ്ങളായ കാർഷിക വികസന സമിതികളുടെ അംഗീകാരത്തോടെ പദ്ധതി നിർവ്വഹിക്കുന്നു. ഗ്രാമപഞ്ചായത്ത് നിർവ്വഹണഉദ്യോഗസ്ഥനായ കൃഷി ഓഫീസർ തന്നെയാണ് പദ്ധതിയുടെ ചുമതലക്കാരൻ. ഗ്രാമസഭകൾ മുഖേന പരമാവധി ജനങ്ങളിലേക്ക് ഈ പദ്ധതികളെ പറ്റിയുള്ള വിവരം നല്കുകയും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുകയും ചെയ്യാം.

## സംയോജനസാധ്യതകൾ

ഗ്രാമപഞ്ചായത്ത് പ്രോജക്റ്റുകളുമായി സംയോജിച്ച് സമഗ്ര പദ്ധതികൾ തയ്യാറാക്കാം. ഗ്രാമസഭകൾ മുഖേന പദ്ധതികളെപ്പറ്റിയുള്ള അറിവ് കൂടുതൽ കർഷകരിലേക്ക് എത്തിക്കാനും അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനും സാധിക്കും. കേന്ദ്രാവിഷ്കൃത പദ്ധതികൾ മുൻക്കൂട്ടി മനസ്സിലാക്കി അതേ ഘടകങ്ങൾക്ക് പദ്ധതിവിഹിതം നീക്കി വെയ്ക്കുന്നത് ഒഴിവാക്കാം. മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ പ്രവർത്തനങ്ങൾ സംസ്ഥാന ഹോർട്ടീകൾച്ചർ മിഷൻ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കാവുന്നതാണ്.

അതാത് സ്റ്റാൻഡിംഗ് കമ്മിറ്റികൾ (വികസനം) പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്യാവുന്നതാണ്. കൂടാതെ ഗ്രാമസഭയിൽ കൃഷി ഓഫീസർ യഥാസമയം നിർവ്വഹണ റിപ്പോർട്ടുകൾ വെച്ച് ജനാഭിപ്രായം നേടാവുന്നതാണ്.

| | |
|---|---|
| പാക്ക് ഹൗസ് | പരാമാവധി സബ്സിഡി 1.5 ലക്ഷം 9 മീ ഃ 6മീ |
| Pre cooling unit | പരാമാവധി സബ്സിഡി 6 ലക്ഷം, കപ്പാസിറ്റി 6 MT |
| Mobile Precooling unit | പരാമാവധി സബ്സിഡി 12 ലക്ഷം, കപ്പാസിറ്റി 5 MT |
| Refrigerators Van | പരാമാവധി സബ്സിഡി 12 ലക്ഷം, കപ്പാസിറ്റി 6 MT |
| Ripening Chamber | പരാമാവധി സബ്സിഡി ഞ.2400/ MT |
| Preservation Unit | പുതിയത് തുടങ്ങുന്നതിന് 1 ലക്ഷം രൂപ സബ്സിഡി പഴയത് upgrade ചെയ്യുന്നതിന് 50000 രൂപ സബ്സിഡി |

മേൽപ്പറഞ്ഞ എല്ലാ പ്രോജക്റ്റുകൾക്കും ബാങ്ക് വായ്പ നിർബന്ധമാണ്. പ്രോജക്ട് പ്രത്യേക മായി തയ്യാർ ചെയ്യണം സബ്സിഡി തുക ബാങ്ക് വായ്പ ക്രെഡിറ്റ് ചെയ്യുന്നു.

## II. കാർഷികമാക്രോമാനേജ്മെന്റ് (Macro Management in Agriculture)

### ആമുഖം

2000-01 വർഷത്തിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശങ്ങ ളിലും പ്രവർത്തനമാരംഭിച്ച പദ്ധതിയാണിത്. കേന്ദ്രപദ്ധതികളുടെ തെരഞ്ഞെടുപ്പിലും നടത്തി പ്പില്ല. സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം നൽകുന്ന പദ്ധതിയാണ്.

### ഫണ്ട്

തുകയുടെ 90 ശതമാനം കേന്ദ്രസർക്കാരും 10 ശതമാനം സംസ്ഥാനസർക്കാരുമാണ് വഹിക്കുന്നത്. കൃഷിവകുപ്പ് ഡയറക്ടർമാർക്കാണ് കേന്ദ്രസർക്കാരിന്റെ ഫണ്ട് ലഭിക്കുന്നത്. ഇത് ജില്ലാതലത്തിൽ പ്രൻസിപ്പൽ കൃഷി ഓഫീസർമുഖേന ബ്ലോക്ക്തലത്തിൽ പ്രവർത്തി ക്കു ന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് നല്കുന്നു. കൃഷി ഭവനുകളിൽ നിന്ന് ക്ലെയിം ലഭി ക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് ഡയറക്ടർ തുക വിതരണം ചെയ്യുന്നു.

### നിർവ്വഹണസ്ഥാപനം

ഗ്രാമപഞ്ചായത്ത്തലത്തിൽ കൃഷിഭവനുകൾക്കാണ് പദ്ധതിനിർവ്വഹണ ചുമതല..

### ലക്ഷ്യങ്ങൾ

1. നെല്ല് തുടങ്ങിയ വിളകളുടെ സമഗ്രവികസനം സാധ്യമാക്കുക.
2. കാർഷികയന്ത്രവത്കരണത്തിലൂടെ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുക.
3. നീർത്തടവികസനപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

### ഗുണഭോക്താക്കൾ

നെൽകർഷകരാണ് പദ്ധതിയിലെ മുഖ്യ ഉപഭോക്താക്കൾ. രജിസ്റ്റർ ചെയ്യപ്പെട്ട പാഠ ശേഖരസമിതികൾ മുഖേനയാണ് നെൽകർഷകർക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത്.

### ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ

പ്രധാനമായും 3 തരം പ്രവർത്തനങ്ങളാണ് ഏറ്റെടുക്കാൻ സാധിക്കുന്നത്. നെൽകൃഷി വികസനം, കാർഷീകയന്ത്രവത്കരണം, നീർത്തടവികസനം എന്നിവയാണവ.

### നെൽകൃഷിവികസനം

നെൽകൃഷിവികസനത്തിനായി താഴെ പറയുന്ന ഘടങ്ങളാണ് നടപ്പിലാക്കുന്നത്.

1. കാർഷിക സർവ്വകലാശാല നല്കുന്ന കാർഷിക നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് കൃഷിചെയ്യുന്ന പ്രദർശനകൃഷിയിടങ്ങൾ സ്ഥാപിക്കുക..ഹെക്ടർറിന് 5000 രൂപയാണ് പാഠശേഖരസമിതികൾ മുഖേന ധനസഹായമായി നല്കുന്നത്.
2. ഒറ്റഞാർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഒരേക്കർ വിസ്തൃതിയുള്ള പ്രദർശന പ്ലോ ട്ടുകൾ സ്ഥാപിക്കുന്നു. 4000 രൂപയാണ് ധനസഹായം.

3. അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തുകൾ സംഭരിക്കുന്നതിന് കിലോഗ്രാമിന് 5 രൂപയെന്ന കണക്കിൽ ധനസഹായം നല്കുന്നു.
4. സൂക്ഷമ മൂലകവളങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ഇവയ്ക്ക് ഹെക്ടറിന് 500 രൂപ എന്ന കണക്കിൽ ധനസഹായം നല്കുന്നു.
5. അമ്ലസ്വഭാവമുള്ള മണ്ണിലെ അമ്ലത്വം കുറയ്ക്കുന്നതിനായി ഹെക്ടർറിന് 500 രൂപ ധന സഹായമായി ലഭ്യമാക്കുന്നു.
6. സസ്യസംരക്ഷണമരുന്നുകൾ ഉപയോഗിക്കേണ്ടി വരുമ്പോഴും ജൈവകീടനാശിനി കൾ ഉപയോഗിക്കുമ്പോഴും അവയുടെ വിലയുടെ 50% (പരമാവധി ഹെക്ടർറിന് 500 രൂപ) ധനസഹായമായി ലഭ്യമാക്കുന്നു.
7. നെൽപ്പാടശേഖരങ്ങളിൽ കർഷകരും കൃഷിവിദ്ഗദരും കൂട്ടായി നടത്തുന്ന വയൽ വിദ്യാലയം സംഘടിപ്പിക്കുന്നതിന് 17,000 രൂപ ധനസഹായം നൽക്കുന്നു.
8. കാർഷിക യന്ത്രവൽക്കരണം
   തൊഴിലാളികളുടെ ദൗർലഭ്യം രൂക്ഷമായികൊണ്ടിരിക്കുന്ന കേരളത്തിൽ യന്ത്രങ്ങളെ ആശ്രയിക്കാതെ നെൽകൃഷി ലാഭമായി മുന്നോട്ട് കൊണ്ടു പോകാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് തന്നെ കാർഷിക യന്ത്രവൽക്കരണം അത്യന്താപേക്ഷിതമാണ്.

ട്രാക്കുകൾ, പവ്വർടില്ലുകൾ എന്നിവ സ്വന്തമാക്കുന്നതിന് കർഷകർക്കും കർഷകസം ഘങ്ങൾക്കും 25,000 മുതൽ 45,000 രൂപ വരെ സബ്സിഡി നൽകുന്നു. നടീൽയന്ത്രങ്ങൾ, കൊയ്ത്തുയന്ത്രങ്ങൾ എന്നിവ വാങ്ങുന്നതിനും കർഷകർക്ക് സബ്സിഡി ലഭ്യമാണ്. മെതിയ ന്ത്രങ്ങൾക്ക് 12,000 രൂപ വരെയും ജലസേചനപമ്പുസെറ്റുകൾക്ക് 19,000 രൂപ വരെയയും ധന സഹായം ലഭ്യമാണ്. മരുന്ന് തളിക്കുന്നതിനുള്ള സ്പ്രേയറുകൾക്ക് 800 രൂപ മുതൽ 2000 രൂപ വരെ സബ്സിഡി ലഭിക്കും. കൊയ്ത്തുമെതി യന്ത്രങ്ങൾക്ക് 1,50,000 രൂപ ധനസഹായമായി ലഭിക്കുന്നു.

### നീർത്തടവികസനം

പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുന്നതിനും കാർഷികഉല്പാദനം വർദ്ധിപ്പിക്കുന്ന തിനും ഉള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ധനസഹായം ലഭ്യമാണ്.

## നിർവ്വഹണസംവിധാനം

കൃഷിഭവനുകളിലൂടെ നെൽകൃഷിക്കുള്ള പദ്ധതികൾക്ക് പാടശേഖരസമിതികൾ മുഖേന അപേക്ഷ സ്വീകരിക്കുന്നു. വളം, കളനാശിനികൾ മുതലായവ സഹകരണസംഘങ്ങ ളിൽ നിന്നും പെർമിറ്റ് മുഖേന വിതരണം ചെയ്യുന്നു.

## തദ്ദേശസ്ഥാപനങ്ങളുടെ പങ്ക്

ഗ്രാമപഞ്ചായത്ത് തലത്തിൽ കാർഷിക വികസന സമിതിയുടെ അംഗീകാരത്തോടെ പദ്ധതി നിർവ്വഹിക്കുന്നു. പദ്ധതി വിശദാംശങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിക്കുകയും ഗുണ ഭോക്താക്കളെ കണ്ടെത്തുകയും ചെയ്യാം. കൂടാതെ നിർവ്വഹണവും സംബന്ധിച്ച റിപ്പോർട്ട് ഗ്രാമസഭയുടെയും പഞ്ചായത്തിന്റെയും ചർച്ചയ്ക്ക് വിധേയമാകണം. ഗുണഭോക്താക്കളെ ഗ്രാമസഭ, ഗ്രാമസഭലിസ്റ്റിൽ നിന്നോ തെരഞ്ഞെടുക്കാവുന്നതാണ്.

## സംയോജനസാധ്യതകൾ

ഗ്രാമപഞ്ചായത്ത് / ബ്ലോക്ക്പഞ്ചായത്ത് / ജില്ലാപഞ്ചായത്ത് പ്രോജക്റ്റുകളുമായി

സംയോജിപ്പിച്ച് സമഗ്രപദ്ധതികൾ തയ്യാറാക്കാം. ആയത് പദ്ധതിരേഖയുടെ ഭാഗമാക്കാം. ഗ്രാമ സഭകൾ മുഖേന പദ്ധതികളെ പറ്റിയുള്ള അറിവ് കൂടുതൽ കർഷകരിലേക്ക് എത്തിക്കാനും അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനും സാധിക്കും . തന്നെയുമല്ല പദ്ധതിയുടെ മോണിറ്ററിംഗ് കൂടുതൽ കാര്യക്ഷമമാവും. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ഘടകങ്ങൾ മുൻകൂട്ടി മനസ്സിലാക്കിയാൽ അതേ ഘടകത്തിന് പദ്ധതി വിഹിതം നീക്കിവെയ്ക്കുന്നത് ഒഴിവാക്കാൻ സാധിക്കും. നെൽപ്പാടങ്ങളിൽ നിലമൊരുക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധിപ്പിക്കാവുന്നതാണ്.

## III. അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (Agricultural Technology Management Agency (ATMA)

### ആമുഖം

പത്താം പഞ്ചവത്സരപദ്ധതിക്കാലത്ത് വിവിധ സംസ്ഥാനങ്ങളിലെ കാർഷിക വിജ്ഞ്യാനവ്യാപനപ്രവർത്തനങ്ങളിൽ ക്രിയാത്മക പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായാണ് ജില്ലാതലത്തിൽ അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മേന്റ് ഏജൻസികൾ രൂപീകരിക്കാൻ തീരുമാനിച്ചത്. കാർഷിക അനുബന്ധമേഖലകളായ കൃഷി , മൃഗസംരക്ഷണം, ക്ഷീരോല്പാദനം, മത്സ്യോൽപ്പാദനം, മണ്ണുസംരക്ഷണം തുടങ്ങിയവയിലെ കാർഷിക വിജ്ഞാനവ്യാപന പരിപാടികൾ ആത്മാ മുഖേന ഏകോപിപ്പിച്ച് നടപ്പിലാക്കുന്നു.

### ഫണ്ട്

100% കേന്ദ്രസർക്കാർ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. കൃഷി വകുപ്പ് ഡയറക്ടറാണ് സ്റ്റേറ്റ് നോഡൽ ഓഫീസർ അദ്ദേഹമാണ്. ആത്മ പ്രോജക്റ്റ് ഡയറക്ടർമാർക്ക് തുക കൈമാറുന്നത്. പ്രോജക്റ്റ് ഡയറക്ടർ ബ്ലോക്ക്തല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് തുക കൈമാറുന്നു.

### നിർവ്വഹണസ്ഥാപനം

ജില്ലാകളക്ടറാണ് അതാത് ജില്ലയിലെ ആത്മാ ചെയർമാൻ. ജില്ലാതലത്തിൽ ആത്മാ ഗവേണിംഗ് ബോർഡും ആത്മ മാനേജ്മെന്റ് കമ്മിറ്റിയും പ്രവൃത്തികളുടെ ചുക്കാൻ പിടിക്കുന്നു.ബ്ലോക്ക്തലത്തിൽ അഡ്വൈസറി സെന്റർ പ്രവർത്തന മേൽനോട്ടം നിർവ്വഹിക്കുന്നു. ബ്ലോക്ക് പ്രദേശത്തെ കർഷകരും ഉദ്യോഗസ്ഥരും ഇതിന്റെ ഭാഗമാണ്. ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർക്കാണ് ഇതിന്റെ ചുമതല.

### ലക്ഷ്യങ്ങൾ

1. കൃഷി അനുബന്ധ മേഖലയിലെ വിജ്ഞാന/പരിശീലന ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവ നിറവേറ്റുക.
2. കാർഷിക മേഖലയിലെ വിവിധ ഏജൻസികളുടെ പ്രവർത്തനം സംയോജിപ്പിച്ച് വിജ്ഞാനവ്യാപനപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക.
3. കാർഷികവികസനത്തിൽ സ്വകാര്യപങ്കാളിത്തം ഉറപ്പുവരുത്തുക.

### ഗുണഭോക്താക്കൾ

കർഷകർക്കും കർഷകസംഘങ്ങൾക്കും വനിതാ കർഷകർക്കും പദ്ധതികളുടെ പ്രയോജനം ലഭിക്കും.

## ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ

രാജ്യത്താകമാനമുള്ള വിവിധ കാർഷികഗവേഷണസ്ഥാപനങ്ങളിലേക്കും കൃഷിയിടങ്ങളിലേക്കും മറ്റുമുള്ള പഠനപര്യടനങ്ങൾ, വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സമഗ്ര പരിശീലന പരിപാടികൾ, പ്രദർശനതോട്ടങ്ങൾ (Demonstration plots) വയൽവിദ്യാലയങ്ങൾ (Farmers Field school) മുതലായവ ആത്മയുടെ പ്രവർത്തനങ്ങളിൽ പെടുന്നു.

## പ്രവർത്തനങ്ങൾ

1. ദേശീയ പരിശീലനസ്ഥാപനങ്ങളും IGNOU പോലുള്ള സ്ഥാപനങ്ങളും നടത്തുന്ന പരിശീലന കോഴ്സുകളിൽ പങ്കെടുക്കുന്നതിന് സർക്കാർ , സർക്കാരിത സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ, സംരംഭകർ തുടങ്ങിയവരെ സഹായിക്കുക.
2. കാർഷിക രംഗത്ത് മികച്ച നേട്ടം കൈവരിച്ച അന്യസംസ്ഥാനങ്ങളിലേയ്ക്കുള്ള പഠന പര്യടനങ്ങൾ
3. സംസ്ഥാനതല കാർഷികപ്രദർശനങ്ങൾ ,മേളകൾ, ഫലവർഗ്ഗ പച്ചക്കറി പ്രദർശനങ്ങൾ മുതലായവ സംഘടിപ്പിക്കുക
4. മികച്ച കർഷകർക്ക് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ബ്ലോക്ക്തലത്തിലും അവാർഡുകൾ നല്കുക
5. ജില്ലതലത്തിൽ പഠന/പരിശീലന ആവശ്യങ്ങൾ കണ്ടെറിഞ്ഞ് Strategic Research extension Plan (SREP) തയ്യാറാക്കൽ
6. കർഷകർക്കുള്ള പരിശീലനപരിപാടികൾ -സംസ്ഥാനത്തിനകത്തും പുറത്തും നടത്താവുന്നതാണ്.
7. പ്രദർശനകൃഷിത്തോട്ടങ്ങൾ സ്ഥാപിക്കൽ
8. ഒരേ തരം കൃഷികളിൽ /സംരഭങ്ങളിൽ ഏർപ്പെടുന്ന കർഷകരെ സംയോജിപ്പിച്ച് കർഷക കൂട്ടായ്മകൾ രൂപീകരിച്ച് കൃഷി കൂടുതൽ ലാഭകരമാക്കുക.

## നിർവ്വഹണസംവിധാനം

ഓരോ വർഷവും കാർഷിക വിജ്ഞാനവ്യാപനപ്രവർത്തനങ്ങളുടെ വിശദമായ ചാർട്ട്(Cafetena) തയ്യാറാക്കി ആത്മ ഗവേണിംഗ് ബോർഡിന്റെ അംഗീകാരം നേടുന്നു. ഇത് ബ്ലോക്ക് തലത്തിൽ ഫാർമേഴ്സ് ഇൻഫർമേഷൻ ആന്റ് അഡ്വൈസറി സെന്ററിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്നു.

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്.

ആത്മയുടെ ജില്ലാതലത്തിൽ ബ്ലോക്ക്തലത്തിലുള്ള സമിതികളോട് അംഗീകാരത്തോടെയാണ് ഇപ്പോൾ പദ്ധതികൾ നടപ്പിലാക്കുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഇപ്പോൾ നേരിട്ട് ഇടപെടുന്നില്ല. എന്നാൽ ഗ്രാമസഭകൾ മുഖേന കൂടുതൽ ജനങ്ങളിലേക്ക് ആത്മാപ്രവർത്തനങ്ങൾ എത്തിക്കുകയും ഗുണഭോക്താക്കളെ കണ്ടെത്തുകയും ചെയ്യാൻ കഴിയും. കൂടാതെ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെയും ഗ്രാമസഭകളുടെയും ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്യുക.

## സംയോജനസാധ്യതകൾ

ജില്ല/ബ്ലോക്ക്/പഞ്ചായത്തുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന വിവിധ വികസ

നപ്രവർത്തനങ്ങൾ ഗുണപ്രദമാക്കുന്നതിന് വേണ്ടിവരുന്ന പരിശീലനപരിപാടികൾ, പഠനപര്യട നങ്ങൾ മുതലായവ ആത്മാമുഖേന നിർവ്വഹിക്കാവുന്നതാണ്. ആയത് പദ്ധതിരേഖയിൽ ഉൾപ്പെടുത്താവുന്നതുമാണ്. സംയോജിത പദ്ധതികൾ തയ്യാറാക്കുന്നതിലൂടെ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും കാര്യക്ഷമമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെ ടുത്തുന്നതിനും സാധിക്കും. കൃഷിയിൽ യന്ത്രവൽക്കരണം സാധ്യമാക്കുന്നതരത്തിൽ കർഷക ർക്കും , കാർഷികതൊഴിലാളികൾക്കും വിദഗ്ദ്ധപരിശീലനം നല്കി വിദഗ്ദ്ധ കാർഷികതൊഴി ലാളികളുടെ ലേബർ ബാങ്ക് (വടക്കാഞ്ചേരി മോഡൽ ഗ്രീൻ ആർമി) രൂപീകരിക്കാവുന്നതാണ്.

## IV. ദേശീയ ബയോഗ്യാസ് വികസനപദ്ധതി

### ആമുഖം

പരമ്പരാഗത ഉർജ്ജസ്രോതസ്സുകളുടെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിന് പരമ്പ രാഗതമല്ലാത്ത ഉർജ്ജസ്രോതസ്സുകളുടെ ഉപയോഗം പരമാവധി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 198182 കാലഘട്ടം മുതൽ നേരിയ ഭേദഗതികളോടെ നടപ്പിലാക്കി കൊണ്ടിരി ക്കുന്ന ഒരു പദ്ധതിയാണിത്. പാഴ്വസ്തുക്കളിൽ നിന്നും ഊർജ്ജോല്പാദനം എന്നതാണ് ഈ പദ്ധതിയുടെ സവിശേഷത.

### ഫണ്ട്

പദ്ധതിതുകയുടെ 50 ശതമാനം കേന്ദ്രസർക്കാരും 50 ശതമാനം സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിൽനിന്നും കൃഷി ഡയറ ക്ടർക്ക് ലഭിക്കുന്ന തുക ടാർജറ്റ് അനുസരിച്ച് ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീ സർമാർക്കും അവർ ബോക്ക് തലകൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും കൈമാറുന്നു.

### നിർവ്വഹണസ്ഥാപനം

ഗ്രാമപഞ്ചായത്ത് തലത്തിൽ കൃഷിഭവനുകൾക്കാണ് പദ്ധതി നിർവ്വഹണചുമതല. കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ പ്ലാന്റ് പണി പൂർത്തിയാക്കി കൃഷി ഓഫീസറിൽ നിന്ന് ക്ലെയിം കിട്ടുന്ന മുറയ്ക്ക് ട്രഷറിയിൽ നിന്നും തുക മാറിയെടുത്ത് ഗുണഭോക്താവിന് നൽകു ന്നു.

### ലക്ഷ്യങ്ങൾ

1. മാലിന്യങ്ങളിൽ നിന്നും പാചകവാതകം നിർമ്മിച്ച് ഗാർഹിക ഊർജ്ജഉപയോഗം ചെലവു കണക്കാക്കുക
2. മാലിന്യസംസ്ക്കരണ പരിസ്ഥിതി സൗഹൃദപരമായി നിർവ്വഹിക്കുക
3. ഗുണമേന്മയുള്ള ജൈവവളം ലഭ്യമാക്കുക വഴി ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.

### ഗുണഭോക്താക്കൾ

ചെറുകിടനാമമാത്ര കർഷകരും കർഷകകുടുംബങ്ങൾക്കും പദ്ധതിയുടെ ഗുണഭോ ക്താക്കളാകാം (1 ഹെക്ടർ താഴെ നാമമാത്രകർഷകർ, 12 ഹെക്ടർ–ചെറുകിട കർഷകർ)

### ഏറ്റെടുക്കുന്ന പ്രവൃത്തികൾ

ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുക എന്നതാണ് പ്രധാന പ്രവർത്തനം

## പ്രവർത്തനങ്ങൾ

ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നു 2 ഘനമീറ്റർ മുതൽ 10 ഘനമീറ്റർ വരെ ശേഷിയുള്ള 'ദീനബന്ധു' മോഡൽ പ്ലാന്റുകൾക്കാണ് സബ്സിഡി നൽകുന്നത്. വിദഗ്ദ്ധരായ അംഗീകൃത ഏജൻസികൾ മുഖേനയാണ് പ്ലാന്റുകൾ നിർമ്മിക്കുന്നത്. 3 വർഷത്തേക്ക് ഇവ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന ഉറപ്പുവരുത്തുന്നതിനായി ഈ ഏജൻസികൾക്ക് 700രൂപ ടേൺ കീ ജോബ് ഫീസ് (Turn Key Job Fees) ആയി നൽകുന്നുണ്ട്. ഇപ്പോൾ 8000 ക 25000 മൊത്തം ചെലവ് , 8000 സബ്സിഡി ബാക്കി ഗുണഭോക്തൃവിഹിതം.

## നിർവ്വഹണവിഹിതം

കൃഷിഭവൻ തലത്തിൽ കർഷകരിൽ നിന്നും നേരിട്ട് അപേക്ഷ സ്വീകരിച്ച് ഗുണഭോക്താക്കളെ കണ്ടെത്തുന്നു. വിദഗ്ദ്ധ തൊഴിലാളികളെ ഉപയോഗിച്ച് നിർമ്മാണം പൂർത്തീകരിക്കുന്ന പ്ലാന്റുകൾക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ സബ്സിഡി നൽകുന്നു.

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്.

കൃഷിഭവൻ തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വികസന സ്റ്റന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ അംഗങ്ങളായ കാർഷികവികസന സമിതികളുടെ അംഗീകാരത്തോടെയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഗ്രാമസഭകൾ മുഖേന പദ്ധതികൾ കൂടുതൽ ജനകീയമാക്കുകയും ഗുണഭോക്താക്കളെ കണ്ടെത്തുകയും ചെയ്യാം.

## സംയോജനസാധ്യതകൾ

ജില്ല/ബ്ലോക്ക/ഗ്രാമപഞ്ചായത്ത് തലങ്ങളിൽ മാലിന്യനിർമ്മാജ്ജന പദ്ധതികൾ ബയോഗ്യാസ് ഉല്പാദനവുമായി ബന്ധപ്പെടുത്തി നടപ്പിലാക്കാം. പശു വളർത്തലും ബയോഗ്യാസ് നിർമ്മാണവും സംയോജിപ്പിക്കാൻ സാധിക്കും. ബയോഗ്യാസ് പ്ലാന്റിൽ നിന്നും ഉപോല്പന്നമായി ലഭിക്കുന്ന സ്ലറി (ചാണകവെള്ളം) ജൈവകൃഷിക്ക് ഗുണകരമായി ഉപയോഗിക്കാം. ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുമായും പദ്ധതിയിലും സബ്സിഡി മാർഗരേഖയിലും ഇതേയാവശ്യം ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ അതേ ഗുണഭോക്തൃലിസ്റ്റ് തന്നെ ഇതിനകം ഉപയോഗപെടുത്താവുന്നതും പദ്ധതിരേഖയിൽ ആയത് ഉൾപ്പെടുത്താവുന്നതാണ്.

# V. കണിക ജലസേചനവും സ്പ്രിംഗ്ളർ ജലസേചനവും (Micro Irrigation)

## ആമുഖം

1987 മുതലാണ് കണികജലസേചനവും സ്പ്രിംഗ്ളർ ജലസേചനവും നടത്തുന്നതിന് സബ്സിഡി ആരംഭിച്ചത്. ചെടികളുടെ വേരുപടത്തിലേക്ക് നേരിട്ട് വെള്ളം എത്തിക്കുകയും തദ്വാരാജലോപയോഗം പരമാവധി കുറയ്ക്കുവാൻ സഹായിക്കുകയും ചെയ്യുന്ന ജലസേചന രീതിയാണ് കണിക ജലസേചനം (Drip Irrigation) കൂടുതൽ വെള്ളം ലഭ്യമാവുന്ന സാഹചര്യങ്ങൾ നടപ്പിലാക്കുന്ന സ്പ്രിംഗ്ളർ ജലസേചന രീതിയും വ്യാപകമാ8യി നടപ്പിലാക്കി വരുന്നുണ്ട്.

## ഫണ്ട്

90 ശതമാനം കേന്ദ്രസർക്കാർ വിഹിതവും 10 ശതമാനം സർക്കാർ വിഹിതവുമാണ്. സംസ്ഥാനതലത്തിൽ കൃഷി ഡയറക്ടർ ലഭ്യമാവുന്ന ഫണ്ട് ജില്ലാതലങ്ങളിൽ പ്രൻസിപ്പൽ കൃഷി ഓഫീസർമാർക്ക് കൈമാറുന്നു. ഇവർ ബ്ലോക്ക്തലങ്ങളിലുള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് തുക നൽകുന്നു. അസിസ്റ്റന്റ് ഡയറക്ടർ കൃഷിഭവനുകളിൽ ക്ലയിം കിട്ടുന്ന മുറയ്ക്ക് കർഷകർക്ക് സബ്സിഡി വിതരണം ചെയ്യുന്നു.

## നിർവ്വഹണസ്ഥാപനം

ഗ്രാമപഞ്ചായത്തുതലത്തിൽ കൃഷിഭവനാണ് നിർവ്വഹണചുമതല.

## ലക്ഷ്യങ്ങൾ

1. ലഭ്യമായ ജലത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്തിക്കൊണ്ട് കൂടുതൽ കൃഷിയിടങ്ങൾ ജലസേചന യോഗ്യമാക്കുക
2. ജലോപയോഗം കുറയ്ക്കുക
3. ശാസ്ത്രീയമായ ജലപരിപാലനത്തിലൂടെ കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുക

## ഗുണഭോക്താക്കൾ

5 ഹെക്ടർ വരെ കൃഷി ഭൂമിയുള്ള കർഷകകുടുംബങ്ങൾക്ക് പദ്ധതിയുടെ ഗുണഭോക്താക്കളാകാം.

## പ്രവർത്തനങ്ങൾ

കണികജലസേചനവും സ്പ്രിംഗ്ളർ ജലസേചനവുമാണ് പദ്ധതിയിൽ നടപ്പിലാക്കുന്നത്. യൂണിററ് കോസ്റ്റിന്റെ 90 ശതമാനം വരെ സബ്സിഡി ലഭ്യമാണ്. ഇതിന്റെ വിശദാംശങ്ങൾ പട്ടികയിൽ നൽകിയിട്ടുണ്ട്.

## നിർവ്വഹണസംവിധാനം

കൃഷിഭവൻതലത്തിൽ അപേക്ഷകൾ സ്വീകരിച്ച് അംഗീകാരത്തിനായി ബ്ലോക്ക് തല കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് സമർപ്പിക്കുന്നു. അംഗീകാരം ലഭിച്ച കർഷകർക്ക് ജലസേചന സംവിധാനം നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകുന്നു. സംസ്ഥാനതലത്തിൽ അംഗീകൃത ഏജൻസികൾ മുഖേനയാണ് ഇത് ചെയ്യുന്നത്. കൃഷി ഓഫീസറുടെ ശുപാർശയോടെ ലഭിക്കുന്ന അപേക്ഷകളിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ/ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ തയ്യാറാക്കുന്ന വാലുവേഷന്റെ അടിസ്ഥാനത്തിൽ സബ്സിഡി നൽകുന്നു.

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വികസന സ്റ്റന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ അംഗങ്ങളായ കാർഷികവികസന സമിതികളുടെ അംഗീകാരത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഗ്രാമസഭകളിലൂടെ മൈക്രോഇറിഗേഷൻ പദ്ധതികളെക്കുറിച്ച് കൂടുതൽ കർഷകരെ ബോധവൽക്കരിക്കാനും ഗുണഭോക്താക്കളെ കണ്ടെത്താനും സാധിക്കും.

## സംയോജനസാധ്യതകൾ

ഗ്രാമസഭകൾ മുഖേന പദ്ധതിക്ക് കൂടുതൽ പബ്ലിസിറ്റി നൽകുന്നതും ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് സുതാര്യമാക്കുന്നതിനും സാധിക്കും. പ്രിഡിക്ഷൻ ഫാമിംഗ് പോലുള്ള പ്രവർത്തനങ്ങൾ മൈക്രോഇറിഗേഷൻ പദ്ധതികളുമായി ബന്ധിപ്പിക്കാവുന്നതാണ്. കൂടാതെ ജലസേചനവുമായി ബന്ധപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന പദ്ധതിയിൽ ഈ സ്കീമിന്റെ സാദ്ധ്യതയും പറയുകയും പദ്ധതിരേഖയിൽ ഉൾപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

# VI. രാഷ്ട്രീയ കൃഷി വികാസ് യോജന (Rashtriya Krishi Vikas Yojana-RKVY)

## ആമുഖം

2007-08 മുതലാണ് രാഷ്ട്രീയ കൃഷി വികാസ് യോജന ആരംഭിക്കുന്നത്. സംസ്ഥാനങ്ങൾക്ക് അതാതിടത്തെ കാർഷികപരിസ്ഥിതിക കാലാവസ്ഥാ സാഹചര്യങ്ങൾ കണക്കിലെടുത്ത് പദ്ധതികൾ രൂപീകരിക്കുന്നതിന് കേന്ദ്രം സഹായം നൽകുന്ന പദ്ധതിയാണിത്.

## ഫണ്ട്

സംസ്ഥാന കൃഷി ഡയറക്ടർക്ക് ലഭിക്കുന്ന തുക പദ്ധതി തുകയുടെ ഭാഗമാക്കി ജില്ലാതലങ്ങളിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് കൈമാറുന്നു. ഇവരിൽ നിന്നും കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ മുഖേന കൃഷിഭവനുകൾക്ക് തുക നൽകുന്നു.

## നിർവ്വഹണസ്ഥാപനങ്ങൾ

ഗ്രാമപഞ്ചായത്തുതലത്തിൽ കൃഷിഭവനാണ് നിർവ്വഹണചുമതല.

## ലക്ഷ്യങ്ങൾ

1. സംസ്ഥാനങ്ങൾ കാർഷികമേഖലയിൽ കൂടുതൽ തുക വകയിരുത്താൻ സഹായിക്കുക.
2. പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും സംസ്ഥാനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകുക.
3. ജില്ലാതലങ്ങളിൽ കാർഷിക കാലാവസ്ഥാ സാഹചര്യങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ സാധ്യമാക്കുക.
4. കാർഷികമേഖലയിൽ പ്രാദേശിക പരിഗണനകൾക്ക് മുൻഗണന നൽകുക.
5. പ്രധാന വിളകൾക്ക് പ്രത്യേകം ശ്രദ്ധ നൽകി വിളവ് വർദ്ധിപ്പിക്കുക.
6. കർഷകർക്ക് പരമാവധി വരുമാനം ഉറപ്പു വരുത്തുക.

## ഗുണഭോക്താക്കൾ

സാധാരണയായി കർഷകരും കർഷകകുടുംബങ്ങൾക്കും കർഷകസമിതികളും പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും. ആവശ്യമായ പദ്ധതികൾ നിർദ്ദേശിക്കുന്നതിന് അംഗീകാരം നേടിയെടുക്കുന്നതിന് സാധിക്കും.പാടശേഖരസമിതി മുഖേന (നെൽകൃഷി) വാഴ, മുതലായവ വ്യക്തികൾക്ക് നേരിട്ട് അപേക്ഷിക്കാവുന്നതാണ്.

## പ്രവർത്തനങ്ങൾ

ഓരോ വർഷവും ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചാണ് പദ്ധതികൾ തീരുമാനി

ക്കുന്നത്. അടിസ്ഥാനസൗകര്യത്തിനുള്ള പദ്ധതികൾ, വളം കീടനാശിനി വിതരണം, സംസ്കരണം, യന്ത്രവൽക്കരണം തുടങ്ങി അനേകം പ്രവൃത്തികൾ ഏറ്റെടുക്കാൻ സാധിക്കും.

### നിർവ്വഹണസംവിധാനം

താഴെ തട്ടിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾ പ്രിൻസിപ്പൽ കൃഷി ഓഫീസർ കേന്ദ്രീകരിച്ച് സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. അംഗീകാരം ലഭിച്ചവ ബ്ലോക്ക്തല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്നു.

### മോണിറ്ററിംഗ് സംവിധാനം

കാർഷികവികസനസമിതി മോണിറ്ററിംഗ് സമിതി  നിർഹിക്കുന്നു.

### തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുള്ള പങ്ക്

കൃഷിഭവൻതലത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും പദ്ധതി നടപ്പിലാക്കുന്നതും കാർഷികവികസന സമിതികളുടെ അംഗീകാരത്തോടെയാണ്. ഗ്രാമസഭകൾ മുഖേന പദ്ധതികൾ കൂടുതൽ ജനകീയമാക്കുകയും ഗുണഭോക്താക്കളെ കണ്ടെത്തുകയും ചെയ്യാൻ സാധിക്കും. കൃഷി ഓഫീസർ മുഖേന സ്കീമിനെ പറ്റിയുള്ള അറിവും  പ്രവർത്തന റിപ്പോർട്ടും ഗ്രാമസഭയിൽ അവതരിപ്പിക്കുന്നതും മോണിറ്ററിംഗ്   നടത്താവുന്നതുമാണ്.

### സംയോജനസാധ്യതകൾ

ഗ്രാമ /ബ്ലോക്ക്/ ജില്ലാപഞ്ചായത്ത് പദ്ധതികളിലെ ഫണ്ടിന്റെ കുറവ് ആർ.കെ.വി.വൈ ഫണ്ട് ഉപയോഗിച്ച് സമഗ്രപദ്ധതികൾ രൂപീകരിക്കുക വഴി പരിഹരിക്കാം. അതാത് വർഷങ്ങളിൽ ആർകെവിവൈ പദ്ധതികൾ വ്യക്തമായി മനസ്സിലാക്കിയാൽ അതേ ഘടകങ്ങൾക്ക് വികസനത്തിന് നീക്കിവെയ്ക്കുന്നത് ഒഴിവാക്കാം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി രേഖയിൽ ആർ.കെ.വി.വൈ പ്രവർത്തനങ്ങളും വിവരിക്കാവുന്നതാണ്.

## VII. ദേശീയ ഭക്ഷ്യസുരക്ഷാപദ്ധതി

### ആമുഖം

ഭക്ഷ്യധാന്യങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ 2007-08 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. നെല്ലുൽപാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിൽ പാലക്കാട് ജില്ലയിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

### ഫണ്ട്

കേന്ദ്രസർക്കാർ സംസ്ഥാന കൃഷി വകുപ്പിനും അവിടെ നിന്നും ജില്ലാതലത്തിലുള്ള പ്രിൻസിപ്പൽ കൃഷി ഓഫീസർക്കും അദ്ദേഹം ബ്ലോക്ക്തല കൃ ി അസിസ്റ്റന്റ് ഡയറക്ടർമാർക്കും ഫണ്ട് കൈമാറുന്നു.

### നിർവ്വഹണസ്ഥാപനം

ബ്ലോക്ക്തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും ഗ്രാമപഞ്ചായത്ത് തല

ത്തിൽ കൃഷി ഭവനുകൾക്കുമാണ് നിർവ്വഹണ ചുമതല.

**ലക്ഷ്യങ്ങൾ:**

1. നെല്ലിന്റെ സുസ്ഥിര വികസനം ഉറപ്പുവരുത്തികൊണ്ട് നെല്ലുൽപാദനം വർദ്ധിപ്പിക്കുക
2. കൃഷിയിടങ്ങളുടെ ഫലഭൂയിഷ്ഠിതയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക
3. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക
4. കർഷക ഉല്പാദനം വർദ്ധിപ്പിച്ചുകൊണ്ട് കർഷകന് ആത്മവിശ്വാസം നൽകുക.

## ഗുണഭോക്താക്കൾ:

ചെറുകിട, നാമമാത്ര നെൽകർഷകരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ, പാടശേഖരസമിതികൾ മുഖേനയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

## പ്രവർത്തനങ്ങൾ:

പ്രദർശന കൃഷിയിടങ്ങൾ സ്ഥാപിക്കൽ ആണ് പ്രാധാന പ്രവർത്തനം. ശാസ്ത്രീയ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്ന പ്രദർശനതോട്ടങ്ങൾക്ക് 2500 രൂപ ധനസഹായം നൽകുന്നു. ഒറ്റഞാർ കൃഷി രീതിക്ക് 3000 രൂപയാണ് ധനസഹായം. അത്യുൽപാദനശേഷിയുള്ള നെൽവിത്തിനുങ്ങളുടെ പ്രദർശന കൃഷിയിടങ്ങൾക്ക് 3000 രൂപ നൽകുന്നു.

- വിത്തുൽപാദനത്തിനും വിതരണത്തിനുമുള്ള വിവിധ പദ്ധതികൾ
- സംയോജിത വളപ്രയോഗം
- നെൽപ്പാടങ്ങളിലെ യന്ത്രവത്കരണം
- സംയോജിത കീടരോഗനിയന്ത്രണം
- കർഷകർക്കുള്ള പരിശീലനങ്ങൾ

## നിർവ്വഹണസംവിധാനങ്ങൾ:

സംസ്ഥാനതലത്തിൽ ഭക്ഷ്യസുരക്ഷാമിഷൻ എക്സിക്യൂട്ടീവ് കമ്മറ്റിയും ജില്ലാതലത്തിൽ ആത്മ (ATMA) യും മുഖേനയാണ് പദ്ധതി നിർവ്വഹിക്കുന്നത്.
തദ്ദേശഭരണസ്ഥാപനങ്ങളുടെ പങ്ക്

ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിലും പദ്ധതി നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിലും പഞ്ചായത്തുകളുടെ പങ്ക് ഉറപ്പുവരുത്തേണ്ടതാണ്. പദ്ധതിയേക്കുറിച്ച് ജനങ്ങൾക്ക് അറിവ് നൽകൽ, പ്രചാരണം നൽകൽ എന്നിവയും ചെയ്യാവുന്നതാണ്.

## സംയോജനസാധ്യതകൾ:

ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്ത് പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കാൻ സാധിക്കും. നെൽകൃഷിക്കുള്ള സമഗ്ര പദ്ധതിയും ഇത്തരത്തിൽ തയ്യാറാക്കാം. തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിരേഖയിൽ ടി വിവരങ്ങൾ ഉൾക്കൊള്ളിക്കണം.

************************

CHAPTER

# IV



# മൃഗസംരക്ഷണം

# IV. മൃഗസംരക്ഷണ മേഖല

## ആമുഖം

ആഗോളതലത്തിൽ മൃഗസംരക്ഷണ – ക്ഷീര വികസന രംഗങ്ങളിൽ ശ്രദ്ധേയമായ ഒരു സ്ഥാനമാണ് ഇൻഡ്യയ്ക്കുള്ളത്. ലോകത്ത് ഏറ്റവും കൂടുതൽ പാൽ ഉദ്പാദിപ്പിക്കുന്ന രാജ്യമായി ഇൻഡ്യ വീണ്ടും തുടരുകയാണ്. ഈ രംഗത്തെ വാർഷിക വളർച്ച 7 ശതമാനത്തിലധികമാണ്. 2007–08 ൽ ഇൻഡ്യയിലെ പാലുല്പാദനം 121 ദശലക്ഷം ടൺ ആയിരുന്നു. ആഗോളതലത്തിൽ ഇത് 713.6 ദശലക്ഷം ടണ്ണും. ലോകത്ത് ഉൽപാദിപ്പിക്കുന്ന പാലിന്റെ 17 ശതമാനത്തോളം ഇൻഡ്യയിലാണ് ഉൽപാദിപ്പിക്കുന്നത്. കോഴിയിറച്ചി, മുട്ട എന്നിവയുടെ ഉൽപ്പാദനത്തിൽ ഇൻഡ്യയ്ക്ക് യഥാക്രമം നാലും രണ്ടും സ്ഥാനമാണ്. പോത്തിറച്ചി കയറ്റുമതിയിൽ ഇന്ത്യ ലോകത്ത് ഒന്നാം സ്ഥാനത്താണ്. പാലുല്പന്നങ്ങളുടെ കയറ്റുമതിയിലും ഇൻഡ്യ മുൻപന്തിയിലാണ്.

കേരളത്തിലെ മൃഗസംരക്ഷണ മേഖലയിലും പ്രകടമായ മാറ്റങ്ങൾ ദൃശ്യമായി തുടങ്ങിയിട്ടുണ്ട്. സത്വര സാമ്പത്തിക വളർച്ചയ്ക്ക് കരുത്തു പകരുന്ന രംഗമായി കേരളത്തിന്റെ മൃഗസംരക്ഷണ – ക്ഷീര മേഖല വളരുന്നു. അനന്തമായ സാദ്ധ്യതകളാണ് ഈ മേഖലയിലുള്ളത്. പാൽ,മുട്ട,മാംസം എന്നിവയുടെ ആളോഹരി ആവശ്യകതയും ലഭ്യതയും തമ്മിലുള്ള വർദ്ധിച്ചുവരുന്ന അന്തരം തന്നെവ്യക്തമാക്കുന്നത് ഈ സാദ്ധ്യതകളെയാണ്. ഈ മേഖല സംഭാവന ചെയ്യുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കുള്ള ആവശ്യകതയും വർദ്ധിച്ചുവരുകയാണ്. കേരളത്തിൽ മൃഗസംരക്ഷണം ഇന്ന് ഉപതൊഴിൽ എന്ന സ്ഥിതിയിൽ നിന്ന് ഉപജീവന മാർഗ്ഗമെന്ന സ്ഥിതിയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്നു. 93 ശതമാനത്തിലധികം സങ്കരയിനം കറവമാടുകൾ, പഞ്ചായത്തുതോറുമുള്ള മൃഗചികിത്സാ ശൃംഖല, രോഗനിയന്ത്രണത്തിനുള്ള വിപുലമായ പദ്ധതികൾ, വിപുലമായ രോഗനിർണ്ണയ സൗകര്യങ്ങൾ, സുസജ്ജമായ ബയോളജിക്കൽ പ്രൊഡക്ഷൻ യൂണിറ്റ്, ഉത്പാദനശേഷി കൂടിയ മികച്ചയിനം കറവപ്പശുക്കളെയും എരുമകളെയും വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ,മേൽത്തരം ബീജം ഉൽപ്പാദിപ്പിക്കപ്പെടുന്ന 'എ' ഗ്രേഡ് സെമൻ ബാങ്കുകൾ, കോഴി/മുട്ട ഉൽപ്പാദനത്തിനും വിതരണത്തിനുമുള്ള മികച്ച സംവിധാനങ്ങൾ, സംഭരണ വിതരണ രംഗങ്ങളിലെ സഹകരണ മേഖലയുടെ സജീവ സാന്നിദ്ധ്യം തുടങ്ങിയവ കേരളത്തിലെ മൃഗസംരക്ഷണ മേഖലയ്ക്ക് മുതൽക്കൂട്ടാണ്.

മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് വ്യാവസായിക സംരംഭങ്ങളിലേയ്ക്ക് ഇന്ന് കൂടുതൽ പേർ ആകർഷിക്കപ്പെടുന്നു. അഞ്ചും പത്തും അതിലധികവും പശുക്കളെ വളർത്തുന്ന നിരവധി ഡയറി യൂണിറ്റുകൾ സംസ്ഥാനത്തുണ്ട്. വനിതാസ്വയം സഹായ സംഘങ്ങളുടെ സജീവ സാന്നിദ്ധ്യം മൂലം ഈ രംഗത്ത് വനിതാ പങ്കാളിത്തം എഴുപത് ശതമാനത്തിലധികമാണ്. വീട്ടുമുറ്റത്തെ കോഴിവളർത്തലിനോടൊപ്പം വ്യാവസായികാടിസ്ഥാനത്തിലുള്ള കോഴിവളർത്തലും കാടവളർത്തലും സജീവമായിത്തുടങ്ങിയിരിക്കുന്നു. ഇറച്ചിക്കോഴി വിപണിയും ഉയർത്തെഴുന്നേൽപ്പിന്റെ പാതയിലാണ്.

സംയോജിത,സമ്മിശ്ര, ജൈവ രംഗങ്ങളിലെ സാദ്ധ്യതകളും വർദ്ധിച്ചുവരുകയാണ്. പുതിയ മേഖലകളായ തുകൽ സംസ്കരണം, ശാസ്ത്രീയ ഇറച്ചി സംസ്കരണം, ജന്തുജന്യ രോഗ നിയന്ത്രണം തുടങ്ങിയവയും പ്രാധാന്യമർഹിക്കുന്നു. സ്വകാര്യ–പൊതുമേഖലാ പങ്കാളിത്തം ഏറെ ചർച്ചചെയ്യപ്പെട്ടു വരുന്നു. ഓമന മൃഗങ്ങൾ, അലങ്കാര പക്ഷികൾ എന്നിവയുടെ വിപണന സാദ്ധ്യതകളും വർദ്ധിച്ചുവരുന്നു. ഫാം ടൂറിസം മേഖലയും വലിയ തോതിൽ ജനശ്രദ്ധ ആകർഷിക്കുന്നുണ്ട്.

സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണമെങ്കിൽ, ആഗോളവത്കൃത പശ്ചാത്തലത്തിൽ

ജന്തുജന്യ ഉത്പന്നങ്ങളുടെ ഉല്പാദനം സംസ്കരണം, കയറ്റുമതി തുടങ്ങിയ മേഖലകളിൽ പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. പരമ്പരാഗത രീതികളിൽ കാലോചിത മാറ്റം വരുത്തി നവീന സാങ്കേതിക വിദ്യ സന്നിവേശിപ്പിക്കേണ്ടതും മാംസം, പാൽ ഉൽപ്പന്ന മേഖലകളിൽ ഉൽപ്പാദനം മുതൽ വിപണനം വരെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതും ഉപ ഭോക്തൃ താൽപര്യമനുസരിച്ച് ഉൽപ്പന്ന നിർമ്മാണം നടത്തേണ്ടതും അത്യാവശ്യമാണ്.

## മൃഗസംരക്ഷണ വകുപ്പ്

കേരളത്തിലെ ഏറ്റവും പഴക്കം ചെന്ന വകുപ്പുകളിലൊന്നാണ്. 1956ൽ രൂപീകൃതമാ യതും വളരെ ചുരുക്കം സ്ഥാപനങ്ങളും ജീവനക്കാരുമായി പ്രവർത്തനമാരംഭിച്ചതുമായ ഈ വകുപ്പ് ഇന്ന് കേരളത്തിലെ ഏറ്റവും പ്രമുഖ വികസന വകുപ്പുകളിലൊന്നാണ്. നാലായിരത്തി ലധികം സ്ഥാപനങ്ങളും പതിനായിരത്തോളം ജീവനക്കാരുമുള്ള ഈ വകുപ്പിലെ അറുപത് ശതമാനം പേരും സാങ്കേതിക വിഭാഗത്തിൽപ്പെട്ട വെറ്ററിനറി ഡോക്ടർമാരും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുമാണ്. പഞ്ചായത്ത് രാജ്/നഗരപാലികാ സംവിധാനം 1995 ഒക്ടോബർ 2ന് നിലവിൽ വന്നതോടെ സർക്കാർ ഉത്തരവ് ജി.ഒ.(പി) നമ്പർ 189/95 തീയതി 18/9/1995 പ്രകാരം മൃഗസംരക്ഷണ വകുപ്പിന്റെ ഒട്ടുമിക്ക സ്ഥാപനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. മുഴുവൻ പഞ്ചായത്തുകളിലും മൃഗചികിത്സാ കേന്ദ്രങ്ങളും കൃത്രിമ ബീജാധാന കേന്ദ്രങ്ങളും ഉള്ള ഏക സംസ്ഥാനം കേരളമാണ്. ഇവ കൂടാതെ ഡയറി ഫാമുകളും, കോഴി വളർത്തൽ ഫാമുകളും പന്നിവളർത്തൽ കേന്ദ്രങ്ങളും ആടുവളർത്തൽ യൂണിറ്റുകളും, ടർക്കി വളർത്തൽ കേന്ദ്രം, താറാവ് വളർത്തൽ ഫാം , ബയോളജിക്കൽ പ്രൊഡ ക്ഷൻ യൂണിറ്റ്, രോഗാന്വേഷണ ലബോറട്ടറികൾ, കർഷക പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയ വയും മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

ശാസ്ത്രീയമായി കന്നുകുട്ടികളെ സംരക്ഷിക്കുന്നതിനുള്ള കന്നുകുട്ടി പരിപാലന പദ്ധതി, രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനുള്ള ഗോരക്ഷാ പ്രോജ ക്ട്, ചെക്ക് പോസ്റ്റുകൾ, ഊർജ്ജിത കന്നുകാലി വികസന പദ്ധതി തുടങ്ങിയവയ്ക്കും പ്രത്യേ ക ഭരണ സംവിധാനങ്ങളുണ്ട്.

കേരളത്തിലെ കന്നുകാലി/വളർത്തുപക്ഷി സമ്പത്തിന്റെ ആരോഗ്യ സംരക്ഷണം( Animal Health) കന്നുകാലി വർഗ്ഗോദ്ധാരണ പരിപാടികൾ, (Cattle Breeding), ഭക്ഷ്യ-ഉൽപ്പ ന്നങ്ങളായ പാൽ, മാംസം, മുട്ട എന്നിവയുടെ ഉൽപ്പാദന വർദ്ധനവ് (Augmentation of production of milk, meat and eggs) എന്നിവയാണ് മൃഗസംരക്ഷണ വകുപ്പിന്റെ മുഖ്യ ദൗത്യ ങ്ങൾ. ഈ ദൗത്യങ്ങൾ സാദ്ധ്യമാകുന്നതിന് ഉതകുന്ന തരത്തിലുള്ള നിരവധി പദ്ധതികൾക്ക് വകുപ്പ് നേതൃത്വം നൽകി വരുന്നുണ്ട്. ഉൽപ്പാദന വർദ്ധന കൈവരിക്കുന്നതിന് ഉതകുന്ന ഗുണ മേന്മയുള്ള ഉൽപ്പാദനോപാദികൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നതോടൊപ്പം ഉൽപ്പ ന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്ക് മുൻതൂക്കം നൽകുന്ന പദ്ധതി കളാണ് ആസൂത്രണം ചെയ്യുന്നത്. ഇതിനുപുറമെ രോഗപ്രതിരോധവും ചികിത്സാ സൗകര്യവും മെച്ചപ്പെടുത്തുക, വിജ്ഞാന വ്യാപന പരിശീലന സൗകര്യങ്ങളും ഗവേഷണ സൗകര്യവും വിപുലപ്പെടുത്തുക മുതലായവയ്ക്കും പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. ബഹുജന പങ്കാളിത്തത്തിന്റെ അടിത്തറയിൽ ജനകീയാസൂത്രണ പ്രക്രിയയിൽ കൂടി സാധാരണ ജന ങ്ങൾക്ക് മൃഗപരിപാലനത്തെക്കുറിച്ചുള്ള ശാസ്ത്രീയ പരിജ്ഞാനം ലഭ്യമാക്കുന്നതിനും ഉൽപ്പാദനക്ഷമത കൈവരിക്കുന്നതിനും സ്ത്രീകൾക്ക് വേണ്ടിയുള്ള തൊഴിലവസരങ്ങളും സർവ്വോപരി മൃഗസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുമുള്ള വികസന പ്രവർത്തനങ്ങൾ സമയ ബന്ധിതമായി നടപ്പിലാക്കുകയാണ് ലക്ഷ്യം. ക്ഷീരവികസന വകുപ്പ്, കേരള കന്നുകാലി വിക സന ബോർഡ്, കേരള ഫീഡ്സ്, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, മീറ്റ് പ്രൊഡക്ട് ഓഫ് ഇന്ത്യ., സഹകരണ ക്ഷീര വിപണന ഫെഡറേഷൻ NABARD തുടങ്ങിയ

സ്ഥാപനങ്ങളും, ATMA, KUDUMBASREE തുടങ്ങിയ ഏജൻസികളുമായി സഹകരിച്ചും പദ്ധതികൾ സംയോജിപ്പിച്ചുമാണ് വകുപ്പ് പ്രവർത്തിക്കുന്നതും.

സംസ്ഥാനാവിഷ്കൃത പദ്ധതികൾക്ക് പുറമെ കേന്ദ്രാവിഷ്കൃത പദ്ധതികൾ, കർഷക ആത്മഹത്യ കൂടുതലായ ജില്ലകൾക്കുള്ള സ്പെഷ്യൽ പാക്കേജ്, കുട്ടനാട്/ ഇടുക്കി മേഖല ക്കുള്ള പ്രത്യേക പാക്കേജുകൾ, രാഷ്ട്രീയ കൃഷി വികാസ് യോജന, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ തുടങ്ങിയവയും വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

ഭക്ഷ്യസുരക്ഷയ്ക്കായി 2008-09 മുതൽ പ്രത്യേകം തുക അനുവദിക്കുകയും അത് വഴി 2010-11 വർഷത്തിൽ പാലുല്പാദനം 26.43 ലക്ഷം മെട്രിക് ടണ്ണായും മുട്ടയുല്പാദനം 167.18 കോടിയായും വർദ്ധിപ്പിക്കുന്നതിന് സാധിച്ചു. പശുക്കളേയും എരുമകളേയും ആടുകളേയും വിതരണം ചെയ്യുകയും അടുക്കളമുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക വഴി കന്നുകാലി സമ്പത്തിൽ വർദ്ധനവുണ്ടായി. കർഷകരുടെ ഫാമുകൾ യന്ത്രവൽക്കരിക്കുകയും പാൽ സംഭരണം വിപുലീകരിക്കുകയും ചെയ്തു. കർഷകർക്ക് പലിശ ഇളവനുവദിക്കുകയും ബാങ്ക് വായ്പ ഉദാരമാക്കുകയും ചെയ്യുകയുണ്ടായി. 2011-12 വർഷത്തിൽ ഭക്ഷ്യസുരക്ഷക്കായി 2250 ലക്ഷം രൂപ ചിലവിട്ട് 7992 എണ്ണം പശുക്കളേയും ആടുകളേയും 79920 കോഴികളേയും വിതരണം നടത്തുകയുണ്ടായി.

പാൽ,മുട്ട,മാംസം എന്നിവയുടെ ഉല്പാദനത്തിന്റെ കഴിഞ്ഞ ഏതാനും വർഷങ്ങളിലെ കണക്കുകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| വർഷം | പാലുല്പാദനം (ലക്ഷം ടൺ) | മുട്ട ഉൽപ്പാദനം (കോടി എണ്ണം) | മാംസം ഉല്പാദനം (ആയിരം ടൺ) |
|---|---|---|---|
| 2007-08 | 22.48 | 137.92 | 205.21 |
| 2008-09 | 24.53 | 150.66 | 206.42 |
| 2009-10 | 25.37 | 163.30 | 322.00 |
| 2010-11 | 26.43 | 167.18 | 340.69 |
| 2011-12 | 27.19 | 170.48 | 543.226 |
| 2012-13 അനുമാനം | 27.77 | 173.78 | 560.00 |

പാലുല്പാദനം,മുട്ട ഉല്പാദനം, മാംസോല്പാദനം എന്നീ രംഗത്ത് ക്രമാനുഗതമായ വളർച്ചയുണ്ടാകുന്നുവെങ്കിലും ഇപ്പോഴത്തെ ജനസംഖ്യയ്ക്കനുസരിച്ച് ആളോഹരി ലഭ്യതയുടെ കാര്യത്തിൽ വലിയ അന്തരമുണ്ട്. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ ആളോഹരി ആവശ്യകത ശുപാർശ ചെയ്യപ്പെട്ടിട്ടുള്ളത് ദിനം പ്രതി പാലിന്റെ കാര്യത്തിൽ 280 ഗ്രാമും മാംസത്തിന്റെ കാര്യത്തിൽ 14.8 ഗ്രാമും ആണ്. എന്നാൽ ഇപ്പോഴത്തെ ലഭ്യത യഥാക്രമം 239 ഗ്രാമും, 5.2 ഗ്രാമും ആണ്. മുട്ടയുടെ ആവശ്യകത ആളോഹരി വർഷത്തിൽ 182 ഉം ലഭ്യത 74 മാണ്.

## 2012-13 വർഷത്തിൽ നടപ്പിലാക്കാനുദ്ദേശിച്ചിട്ടുള്ള മൃഗസംരക്ഷണ മേഖലയിലെ പ്രധാന പദ്ധതികൾ

മൃഗസംരക്ഷണ ക്ഷീരവികസന മേഖലയ്ക്ക് 2012-13 വാർഷിക പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന മൊത്തം വിഹിതം 264.22 കോടി രൂപയാണ്. മൃഗസംരക്ഷണ വകുപ്പിന് 2012 -13ൽ 131.42 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

### 1. മൃഗാരോഗ്യ സംരക്ഷണം

സംസ്ഥാനത്ത് മൂന്ന് തലത്തിലുള്ള മൃഗാരോഗ്യപരിപാലന സംവിധാനമാണുള്ളത്. പഞ്ചായത്ത് തലത്തിൽ 210 വെറ്ററിനറി ആശുപത്രികളും 883 വെറ്ററിനറി ഡിസ്പെൻസറികളും താലൂക്ക് തലത്തിൽ 47 വെറ്ററിനറി പോളി ക്ളിനിക്കുകളും ജില്ലാതലത്തിൽ 14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. ഇവ കൂടാതെ സഞ്ചരിക്കുന്ന മൃഗാസ്പത്രികൾ/ജില്ലാതല ക്ളിനിക്കൽ ലാബുകൾ, സംസ്ഥാനതല മുഖ്യ രോഗനിർണ്ണയകേന്ദ്രം, 4 പ്രാദേശിക രോഗ നിർണ്ണയ ലബോറട്ടറികൾ, സംസ്ഥാനതല വന്ധ്യതാ നിവാരണ ഓഫീസ്, സാംക്രമിക രോഗ വിശകലന യൂണിറ്റ്, കന്നുകാലി ഉൽപ്പന്ന പരിശോധനാ ലബോറട്ടറി, അതിർത്തി ചെക്ക് പോസ്റ്റുകൾ എന്നിവയും ഉൾപ്പെടുന്നുണ്ട്.

കർഷകർക്ക് ഗുണമേന്മയുള്ള സേവനം ലഭ്യമാക്കുന്നതിനായി ഇത്തരം കേന്ദ്രങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തേണ്ടതും ആധുനിക രോഗ നിർണ്ണയ/സാങ്കേതിക രീതികൾ അവലംബിക്കേണ്ടതും സമയബന്ധിതമായി രോഗപ്രതിരോധ/ നിയന്ത്രണ പരിപാടികൾ ആവിഷ്കരിക്കേണ്ടതും അത്യന്താപേക്ഷിതമാണ്. 11-ാം പദ്ധതി മുതൽ ഈ ലക്ഷ്യം മുൻനിർത്തിയുള്ള ചില പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയുണ്ടായി. നിരവധി മൃഗചികിത്സാ കേന്ദ്രങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വീഡിയോ എൻഡോസ്കോപ്പി, സ്കാനർ, എക്സ്റേ തുടങ്ങിയ ആധുനിക രോഗനിർണ്ണയ സങ്കേതങ്ങൾ സജ്ജമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഈ വക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ പൂർണ്ണമായും മാതൃകാ റഫറൽ കേന്ദ്രങ്ങളായി ഉയർത്തുകയും 24 മണിക്കൂറും സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളുള്ള കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്യുന്നതാണ്. വ്യാവസായിക ഡയറി ഫാമുകളിൽ പ്രത്യേക പരിശോധന വർഷത്തിൽ രണ്ടുതവണ നടത്തുന്നതാണ്.

രോഗനിർണ്ണയ ക്ളിനിക്കൽ ലബോറട്ടറികളെ മികവുറ്റ കേന്ദ്രങ്ങളാക്കി ഉയർത്തേണ്ടത് രോഗനിയന്ത്രണവും ചികിത്സയും ത്വരിതപ്പെടുത്തുന്നതിന് സഹായകരമായിരിക്കും. ലബോറട്ടറികളെ ജി.എൽ.പി. (GLP) തലത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും പന്നിപ്പനി, പക്ഷിപ്പനി തുടങ്ങിയ മാരകരോഗങ്ങളുടെ രോഗ നിർണ്ണയത്തിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതുമാണ്. ടെലിപ്പതോളജി പോലെയുള്ള ആധുനിക രോഗ നിർണ്ണയ സംവിധാനങ്ങളും എൻഡോസ്കോപ്പി പോലെയുള്ള ഉപകരണങ്ങളും കൂടുതൽ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതാണ്. ജന്തുരോഗങ്ങളെ സംബന്ധിച്ച് പ്രത്യേക പഠനം നടത്തുന്നതാണ്.

മൃഗചികിത്സക്കാവശ്യമായ മരുന്നുകൾ മൃഗാശുപത്രികൾ വഴി സൗജന്യമായി കർഷകർക്ക് ലഭ്യമാക്കുന്ന സംവിധാനം തുടരുകയാണ്. ഇക്കൊല്ലം ഇതിനായി 8 കോടി രൂപയ്ക്കുള്ള മരുന്നുകൾ വാങ്ങി ലഭ്യമാക്കുന്നതാണ്. മൃഗചികിത്സ കർഷകരുടെ കൈയ്യെത്തും ദൂരത്ത് എത്തിക്കുക എന്ന ലക്ഷ്യത്തോടെ വ്യാപകമായി മെഡിക്കൽ ക്യാമ്പുകളും കന്നുകാലി ക്ളിനിക്കുകളും വന്ധ്യതാ നിവാരണ ക്ളിനിക്കുകളും നടത്തുന്നതിന് പദ്ധതിയുണ്ട്. സാമ്പത്തിക പ്രാധാന്യമുള്ള അകിടുവീക്ക രോഗം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള സമഗ്ര പരി

പാടി ഈ വർഷവും തുടരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പേവിഷ ബാധാ നിർമ്മാർജ്ജനത്തിന് നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തിനാവശ്യമായ പ്രതിരോധ മരുന്നുകൾ ഉൽപ്പാദിപ്പിച്ച് മൃഗാശുപത്രികൾ വഴി സൗജന്യമായി കർഷകർക്ക് എത്തിച്ചു കൊടുക്കുന്ന പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽ ജി എം.പി (GMP) നിലവാരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി രാജ്യത്തെ മികച്ച ഗവേഷണ സ്ഥാപനങ്ങളിലൊന്നായി ഉയർത്തുന്നതാണ്. ഇതിനുള്ള പരിശ്രമങ്ങൾ 11-ാം പദ്ധതി കാലത്ത് ആരംഭിച്ചത് തുടർന്ന് ഏറ്റെടുത്തു നടത്തും.

സംസ്ഥാനത്തെ കുളമ്പുരോഗ പ്രതിരോധകുത്തിവയ്പ് പരിപാടി കുറ്റമറ്റതാക്കും. മുഴുവൻ കന്നുകാലികൾക്കും സൗജന്യ നിരക്കിൽ പ്രതിരോധ കുത്തിവയ്പ് നൽകി കുളമ്പ് രോഗത്തെ നിയന്ത്രണ വിധേയമാക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ കൂടി സഹായം വിനിയോഗിച്ചുകൊണ്ട് കേരളത്തിലെ മുഴുവൻ കോഴികൾക്കും താറാവുകൾക്കും വസന്ത രോഗത്തിനെതിരായ കുത്തിവയ്പ് നൽകി സംരക്ഷിക്കും. കൂടാതെ ആടുവസന്ത നിയന്ത്രണ പരിപാടികളും, ബ്രൂസെല്ലാരോഗ നിന്ത്രണപദ്ധതികളും ഈ വർഷം നടപ്പിലാക്കും.

### 2.കന്നുകാലി പ്രജനനം

കേരളത്തിലെ കന്നുകാലികളുടെ വർഗ്ഗോദ്ധാരണത്തിനായി അവലംബിച്ചിട്ടുള്ള മാർഗ്ഗം സങ്കരപ്രജനനമാണ്. (Cross Breeding) സങ്കരപ്രജനനം, കൃത്രിമ ബീജസങ്കലനം (Artificial Insemination) മുഖേനയാണ് നടത്തിവരുന്നത്. സംസ്ഥാനത്ത് സ്വന്തമായ ഒരു പ്രജനന നയം ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിലെ കന്നുകാലികളിൽ 93 ശതമാനവും ഉൽപ്പാദന ശേഷി കൂടിയ സങ്കരവർഗ്ഗമാണ്. മൃഗസംരക്ഷണ വകുപ്പ് പഞ്ചായത്ത് തലത്തിൽ സ്ഥാപിച്ചിട്ടുള്ള കൃത്രിമ ബീജാധാനകേന്ദ്രങ്ങൾ വഴിബീജാധാനം നടത്തിവരുന്നു. 2008 മെയ് ഒന്നുമുതൽ കേരളത്തിൽ കൃത്രിമ ബീജാധാനം സൗജന്യമാണ്. പ്രജനനത്തിനാവശ്യമായ ബീജം കേരളാ കന്നുകാലി വികസന ബോർഡിൽ നിന്നും മൃഗസംരക്ഷണ വകുപ്പ് വാങ്ങി കർഷകർക്ക് സൗജന്യമായി നൽകി വരുന്നു.

സങ്കര പ്രജനന പദ്ധതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ടിരിക്കുന്നു. ബീജാധാന സൗകര്യങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ എത്തിക്കുക എന്നതാണ് ലക്ഷ്യം. ബീജാധാന കേന്ദ്രങ്ങളുടെ പുനഃക്രമീകരണം , ഹേർഡ് ബുക്ക് സ്കീം നടത്തിപ്പ്, വന്ധ്യതാ നിവാരണ പരിപാടികൾ, കറവപ്പശുകൾക്ക് വിരമരുന്നുകളുടെയും ധാതുലവണമിശ്രിതത്തിന്റേയും വിതരണം തുടങ്ങിയ ഘടകങ്ങളും ഏറ്റെടുക്കുന്നതാണ്. ആടുകളിലെ കൃത്രിമ ബീജസങ്കലന പദ്ധതി കൂടുതൽ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്നതാണ്. വയനാട്ടിൽ ഒരു മേഖലാ കൃത്രിമ ബീജാധാന കേന്ദ്രം ആരംഭിക്കുന്നതാണ്.

### 3.വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം

അടിയന്തിരഘട്ടങ്ങളിലും അസമയങ്ങളിലും കർഷകന്റെ വീട്ടുപടിക്കൽ ചികിത്സാ സേവനം എത്തിക്കുന്നതിന് ആധുനിക സൗകര്യങ്ങളോടുകൂടിയ സഞ്ചരിക്കുന്ന മൃഗാശുപത്രികൾ ഏർപ്പെടുത്തുന്നു. ക്ഷീരസംഘങ്ങളുമായി ചേർന്ന് പതിവായ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ഡിസീസ് മാപ്പിങ്ങിനും വിവിധ പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. ഇതിനായി 650 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

### 4.സംരംഭകത്വ വികസന പരിപാടികൾ

തൊഴിലും വരുമാനവും സൃഷ്ടിക്കുന്നതിനുള്ള പുതിയ പദ്ധതി സംരംഭകരെ പരിശീ

ലിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും, മൂലധനസഹായത്തിന് പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുമായി 350 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ടി പദ്ധതികൾ നടപ്പിലാക്കുന്നത് കേരളത്തിലെ പാൽ/മുട്ട ഉൽപ്പാദന രംഗത്ത് ശ്രദ്ധേയമായ വർദ്ധനവിന് സഹായകരമായിരിക്കും.

### 5.മറ്റ് പദ്ധതികൾ

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കോഴി,താറാവ്, ടർക്കി കാട, കന്നുകാലികൾ, പന്നി ആട്, മുയൽ എന്നിവയെ വളർത്തുന്നതിനുള്ള വിവിധ ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഫാമുകളെ ഉൽപ്പാദന യൂണിറ്റുകളാക്കുന്നതോടൊപ്പം പരിശീലനത്തിന്റെയും സാങ്കേതിക വിദ്യയുടേയും പ്രദർശന കേന്ദ്രങ്ങളാക്കി ആധുനികവൽക്കരിക്കുന്നതാണ്. വകുപ്പിന്റെ കീഴിലുള്ള ഹാച്ചറികൾക്കുമായി സമഗ്രമായ ഒരു വികസന പദ്ധതി തയ്യാറാക്കുന്നതാണ്. നാടൻ ഇനങ്ങളുടെ സംരക്ഷണത്തിന് ഫാം സ്ഥാപിക്കുന്നതാണ്. കൂടാതെ ഫാമുകളുടെ ചുറ്റുവട്ടത്ത് സാറ്റലൈറ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്.

കേരളത്തിലെ കന്നുകാലി കർഷകർക്കുള്ള വിജ്ഞാന വ്യാപന സൗകര്യങ്ങൾ അപര്യാപ്തമാണ്. താഴെ തട്ടിലുള്ള വ്യാപന സംവിധാനം സംയോജിപ്പിക്കേണ്ടതും,കന്നുകാലി വളർത്തൽ, കൃഷി, ഗ്രാമീണ ഉപജീവനം മുതലായവയുടെ സാങ്കേതികത ഒരു ഏകീകൃത രൂപത്തിൽ കർഷകനിൽ എത്തിക്കേണ്ടതും അത്യാവശ്യമാണ്. ടച്ച് സ്ക്രീൻ കിയോസ്കുകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള നൂതന വിജ്ഞാന-വ്യാപന പരിപാടികൾ തുടരുന്നതാണ്.

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കുടപ്പനക്കുന്ന്, കൊട്ടിയം,ആലുവ, ചെങ്ങന്നൂർ, മലമ്പുഴ, തലയോലപ്പറമ്പ്, മുണ്ടയാട് എന്നിവിടങ്ങളിൽ കർഷക പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ കേന്ദ്രങ്ങളിൽ വിവിധ മൃഗസംരക്ഷണ വിഷയങ്ങളിൽ കർഷകർക്ക് പരിശീലനം നൽകി വരുന്നു. ഇക്കൊല്ലം ഓഫ്-ക്യാമ്പസ് പരിശീലന പരിപാടികൾക്ക് പ്രാധാന്യം നൽകുന്നതാണ്. കേരളത്തിലെ മൃഗസംരക്ഷണ മേഖല നേരിടുന്ന പ്രശ്നങ്ങളെ നേരിടുന്നതിനും ഗുണമേന്മയുള്ള സേവനം ലഭ്യമാക്കുന്നതിനും ഉതകുന്ന രീതിയിലേയ്ക്ക് വകുപ്പിന്റെ മാനവശേഷിയെ ഉയർത്തുന്നതിനും ലക്ഷ്യമിട്ടിരിക്കുന്നു. ഫീൽഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കണ്ടെത്തുവാനും പഠന ഗവേഷണ വ്യാപനത്തിലൂടെ പരിഹാരം നിർദ്ദേശിക്കുന്നതിനും വെറ്ററിനറി സർവകലാശാലയുടെ സഹായവും തേടുന്നതാണ്. മികച്ച കർഷകരെ അവാർഡുകൾ നൽകി ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും. കർഷകർക്കും വിദ്യാർത്ഥികൾക്കും പഠനയാത്രകളും സംഘടിപ്പിക്കുന്നതാണ്.

കന്നുകാലികളുടെ ആദ്യപ്രസവത്തിന്റെ കാലദൈർഘ്യം കുറയ്ക്കുന്നതിനും പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുന്നതിനും സഹായകമായ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ 100000 പശു/ എരുമക്കുട്ടികളെ ഉൾപ്പെടുത്തുന്നതാണ്. മികച്ച ഉൽപ്പാദന ശേഷിയുള്ള കന്നുകാലികളുടെ തലമുറയെ ഉരുത്തിരിച്ചെടുക്കുന്നതിന് ഉപയുക്തമായ ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതാണ്.

ആലപ്പുഴ, പാലക്കാട് ജില്ലകളിൽ ഒന്നാം ഘട്ടത്തിലും കൊല്ലം, ഇടുക്കി ജില്ലകളിൽ രണ്ടാം ഘട്ടത്തിലും കേന്ദ്ര സർക്കാർ സഹായത്തോടെ സൗജന്യനിരക്കിലുള്ള ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. 11 ജില്ലകളിലേയ്ക്ക് ടി പദ്ധതി വ്യപിപ്പിച്ചത് ഈ വർഷവും തുടരുന്നതാണ്. 2012-13ലെ സംസ്ഥാന പദ്ധതി വിഹിതം വിനിയോഗിച്ച് ബാക്കി മൂന്നു ജില്ലകളിൽ ( പത്തനംതിട്ട, മലപ്പുറം, കാസർഗോഡ്) ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതാണ്.

ആടുവളർത്തലിൽ കേരളത്തിന്റെ തനതു ജനുസ്സായ മലബാറി ഇനം ആടുകളുടെ

സംരക്ഷണത്തിനും പ്രചാരത്തിനുമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. മുട്ട ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് അടുക്കളമുറ്റത്തെ കോഴി വളർത്തൽ പദ്ധതിയുടെ ഭാഗമായി 1042 ലക്ഷം നീക്കി വച്ചിട്ടുണ്ട്. മുട്ട ഉൽപ്പാദനത്തിൽ തിരഞ്ഞെടുത്ത പഞ്ചായത്തുകളെ സ്വയം പര്യാപ്ത മാക്കും.

മൃഗസംരക്ഷണ ക്ഷീരവികസന മേഖലകളിൽ വിദ്യാഭ്യാസ വികസനം, വ്യാപനം, ഗവേഷണം എന്നീ പ്രവർത്തനങ്ങൾക്കായി വയനാട്ടിലെ പൂക്കോട് കേന്ദ്രമാക്കി ഒരു വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവകലാശാല സ്ഥാപിച്ചിട്ടുണ്ട്. ഈ മേഖലയിലെ മേൽത്തരം പ്രൊഫഷണലുകളെ വാർത്തെടുക്കാൻ സ്ഥാപനത്തെ സഹായിക്കുന്നതാണ്.

# കേന്ദ്രാവിഷ്കൃത പദ്ധതികൾ

## 1. കുളമ്പുരോഗനിയന്ത്രണത്തിനുള്ള പരിപാടി

### ആമുഖം:

കുളമ്പുരോഗം മൂലം രാജ്യത്ത് 4000 കോടിയിലധികം രൂപ വാർഷികനഷ്ടം ഉണ്ടാക്കുന്നതായാണ് കണക്കാക്കപ്പെടുന്നത്. കുളമ്പുരോഗം ബാധിക്കാൻ സാദ്ധ്യതയുള്ള കന്നുകാലികൾ പോത്ത്, പന്നി എന്നിവയിൽ 85 ശതമാനം മൃഗങ്ങൾക്കും വാക്സിനേഷൻ നൽകി പ്രതിരോധശേഷിയുള്ള മൃഗസമൂഹമായി മാറ്റുന്നതിന് ലക്ഷ്യമിടുന്ന പ്രവർത്തനം. തന്മൂലം മൃഗോല്പന്നങ്ങളുടെ കയറ്റുമതിയ്ക്കുള്ള സാദ്ധ്യത വർദ്ധിക്കുന്നു. കാമ്പയിൻ മാതൃകയിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

### ഫണ്ട്:

കേന്ദ്ര സർക്കാർ കൃഷി മന്ത്രാലയം വഴി സംസ്ഥാന സർക്കാർ മുഖേന മൃഗസംരക്ഷണ വകുപ്പിന് ലഭ്യമാക്കുന്നു. 100% കേന്ദ്രസഹായം. വർഷത്തിൽ രണ്ട് തവണ രോഗപ്രതിരോധ കുത്തിവയ്പ് നടത്തുന്നതിനാണ് ധനസഹായം നൽകുന്നത്.

### നിർവഹണ സ്ഥാപനം:

മൃഗസംരക്ഷണ വകുപ്പ് മൃഗാശുപത്രികൾ മുഖേന പദ്ധതി നടപ്പിലാക്കുന്നു.

### ലക്ഷ്യങ്ങൾ:

1. കന്നുകാലി, പോത്ത്, പന്നി എന്നീ മൃഗങ്ങളിൽ കുളമ്പുരോഗം നിയന്ത്രണ വിധേയമായമാക്കുക.
2. പാൽ, മാംസം എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുക, അതു വഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക.
3. സംസ്ഥാനം രോഗവിമുക്തമേഖലയാകുന്നതോടെ മൃഗോല്പന്നങ്ങളുടെ കയറ്റുമതി സാദ്ധ്യമാക്കുക.

### ഗുണഭോക്താക്കൾ:

എല്ലാ കന്നുകാലി, പോത്ത്, പന്നി എന്നീ മൃഗങ്ങളുടെ ഉടമസ്ഥർ.

## ഏറ്റെടുക്കുന്ന പ്രവർത്തികൾ:

ഗ്രാമപഞ്ചായത്തിലെ മുഴുവൻ കന്നുകാലികളേയും പന്നികളേയും കുളമ്പുരോഗ പ്രതിരോധ കുത്തിവെപ്പിന് വിധേയമാക്കുകയും, അവയെ തിരിച്ചറിയൽ ടാഗ് അടിച്ച് റിപ്പോർട്ട് ചെയ്യുന്നു.

## പ്രവർത്തനങ്ങൾ:

1. സംസ്ഥാനം, ജില്ല, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ പ്രചാരണം.
2. വാക്സിനും, മറ്റു സാധനസാമഗ്രികളും, ഗ്രാമപഞ്ചായത്ത് മൃഗാശുപത്രികളിൽ എത്തിക്കൽ.
3. വാക്സിനേഷൻ സ്ക്വാഡുകൾ രൂപീകരിക്കൽ.
4. വാക്സിനേറ്റർമാർ വീട് വീടാന്തരം കയറിയിറങ്ങി പ്രതിരോധ കുത്തിവെപ്പ് നടത്തുന്നു.
5. ജില്ലാ തലത്തിലും താലൂക്ക് തലത്തിലും ക്രൈസിസ് മാനേജ്മെന്റ് ടീം രൂപീകരിക്കുന്നു.
6. വാക്സിനേഷനുശേഷം ബന്ധപ്പെട്ട രേഖകളും, കണക്കുകളും റിപ്പോർട്ട് നൽകുന്നു.
7. സംസ്ഥാനതലത്തിൽ ക്രോഡീകരണം നടത്തുന്നു.
8. വർഷത്തിൽ 2 തവണ കുത്തിവെപ്പ് നടത്തുന്നു.
9. തെരെഞ്ഞെടുത്ത ഉരുക്കളുടെ സിറം പ്രതിരോധശക്തി വിലയിരുത്തുന്നതിനായി ബന്ധപ്പെട്ട കേന്ദ്രങ്ങളിലേയ്ക്ക് അയയ്ക്കുന്നു.

## നിർവഹണ – മോണിറ്ററിംഗ് സംവിധാനങ്ങൾ

സംസ്ഥാനതലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റും അതിനുമുകളിൽ പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റിയുമുണ്ട്. ജില്ലാതലത്തിൽ ജില്ലാ കോർഡിനേറ്റർ കൺവീനറായും ജില്ലാ കളക്ടർ വൈസ് ചെയർമാനായും ജില്ലാ തല നിർവഹണ കമ്മിറ്റിയും ത്രിതല പഞ്ചായത്ത് തലത്തിൽ പ്രസിഡണ്ട് ചെയർമാനും മറ്റ് ജനപ്രതിനിധികൾ, ക്ഷീരസംഘം പ്രസിഡണ്ടുമാർ എന്നിവർ അംഗങ്ങളായും , വെറ്ററിനറി ഓഫീസർ കൺവീനറുമായും നിർവഹണ കമ്മിറ്റിയുമുണ്ട്. ജില്ലാ തല നിർവഹണ സമിതി മോണിറ്ററിംഗിന്റെ ചുമതല വഹിക്കും.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ക്യാമ്പുകളുടെ നടത്തിപ്പിനുള്ള സഹകരണം, ബോധവൽക്കരണ പദ്ധതിയുടെ പ്രചാരണ പരിപാടികൾ തുടങ്ങിയവ. പഞ്ചായത്തീരാജ് ആക്ട് പട്ടിക (3) പ്രകാരം രോഗനിയന്ത്രണം ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നതിനാലും പ്രതിവർഷം 450 കോടി സാമ്പത്തിക നഷ്ടം സംഭവിക്കുന്നതിനാലും ത്രിതല പഞ്ചായത്തുകളുടെ ഗൗരവമാർന്ന പങ്കാളിത്തം അനിവാര്യമാണ്.ഗ്രാമപഞ്ചായത്ത് തലത്തിൽ സമ്പൂർണ്ണ വാക്സിനേഷൻ ഉറപ്പാക്കുന്നതിന് സ്റ്റാൻഡിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ്, സൂക്ഷ്മതല സംഘാടന സംവിധാനങ്ങൾ, ക്ഷീരവികസന വകുപ്പ്, മിൽമ, ക്ഷീരസംഘങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹകരണം ഗ്രാമപഞ്ചായത്തുകൾക്ക് ഉറപ്പുവരുത്താവുന്നതാണ്. ഗ്രാമസഭ/സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവലോകന നിപ്പോർട്ട് സമർപ്പിക്കാവുന്നതാണ്.

## പദ്ധതി സംയോജന സാദ്ധ്യതകൾ

ഗ്രാമപഞ്ചായത്ത് വികസന ഫണ്ട് ലഭ്യമാക്കി തയ്യാറാക്കുന്ന രോഗ പ്രതിരോധ പദ്ധതി

കളും, അംഗങ്ങള്‍ പദ്ധതികളുമായും സംയോജിപ്പിച്ച് പ്രചാരണം, ബോധവല്‍ക്കരണം ക്യാമ്പുകളുടെ നടത്തിപ്പ് എന്നീ മേഖലകളില്‍ കൂടുതല്‍ ഫലവത്തായ രീതിയില്‍ പദ്ധതി തയ്യാറാക്കുന്നതാണ്. വനാതിര്‍ത്തി മേഖലകളില്‍ വനം വകുപ്പിന്റെ ഫണ്ടും വനസംരക്ഷണ സമിതികളുടെ സഹകരണവും പ്രതിരോധ കുത്തിവെപ്പ് പദ്ധതികള്‍ക്ക് ലഭ്യമാക്കാവുന്നതാണ്.

## 2. ഓപ്പറേഷന്‍ റിന്റര്‍പെസ്റ്റ് (ദേശീയ കാലിവസന്ത നിര്‍മ്മാര്‍ജ്ജന പരിപാടി)

### ആമുഖം:

ദേശീയ കാലിവസന്താ നിര്‍മ്മാര്‍ജ്ജന പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തു നിന്നും കാലിവസന്ത പൂര്‍ണ്ണമായി നിര്‍മ്മാര്‍ജ്ജനം ചെയ്യുവാന്‍ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു തുടര്‍ പദ്ധതിയാണിത്. കന്നുകാലി, എരുമ, പോത്ത് എന്നീ മൃഗങ്ങളില്‍ 100% മരണം സംഭവിക്കാവുന്ന ഒരു വൈറസ് രോഗബാധയാണിത്.

### ഫണ്ട്:

കേന്ദ്ര സര്‍ക്കാര്‍ കൃഷി മന്ത്രാലയം വഴി സംസ്ഥാന സര്‍ക്കാര്‍ മുഖേന മൃഗസംരക്ഷണ വകുപ്പിന് ലഭ്യമാക്കുന്നു.100% കേന്ദ്രസഹായം.

### നിര്‍വഹണ സ്ഥാപനം

മൃഗസംരക്ഷണ വകുപ്പ് ഫീല്‍ഡ് തല മൃഗാശുപത്രികളിലൂടെയും മേഖലാ തലത്തിലുള്ള ,റിന്‍റര്‍പെസ്റ്റ് ഇറാഡിക്കേഷന്‍ യൂണിറ്റുകളിലൂടെയും നടത്തുന്നു.

### ലക്ഷ്യങ്ങള്‍

1. കാലിവസന്ത രോഗം സംസ്ഥാനത്ത് നിന്നും പൂര്‍ണ്ണമായി നിര്‍മ്മാര്‍ജ്ജനം ചെയ്യുക
2. ക്ഷീരകര്‍ഷകര്‍ക്ക് സാമ്പത്തികനേട്ടം ഉണ്ടാക്കുക.
3. രോഗവിമുക്തമേഖലയാകുന്നതോടെ സംസ്ഥാനത്ത്നിന്ന് മൃഗോല്പന്നങ്ങളുടെ കയറ്റുമതിയ്ക്ക് സാദ്ധ്യത വര്‍ദ്ധിപ്പിക്കുക.

### ഗുണഭോക്താക്കള്‍

സംസ്ഥാനത്തെ മുഴുവന്‍ കന്നുകാലി ഉടമസ്ഥര്‍

### ഏറ്റെടുക്കുന്ന പ്രവര്‍ത്തികള്‍

സംസ്ഥാനമൊട്ടാകെ സ്റ്റോക്ക് റൂട്ട് സെര്‍ച്ച്, വില്ലേജ് സെര്‍ച്ച് പരിപാടികള്‍, പൂര്‍ണ്ണ രോഗനിര്‍മ്മാര്‍ജ്ജനം, സീറോ സര്‍വെയലന്‍സ് തുടങ്ങിയ കാലിവസന്ത രോഗബാധ നിര്‍ണ്ണയിക്കല്‍ പരിപാടികള്‍.

### പ്രവര്‍ത്തനങ്ങള്‍

1. പദ്ധതിയെക്കുറിച്ചുള്ള ബോധവല്‍ക്കരണം കര്‍ഷകര്‍ക്കും ജനപ്രതിനിധികള്‍ക്കും നല്‍കുക.
2. വാര്‍ഡുതല രോഗനിര്‍ണ്ണയ സെര്‍ച്ചുകള്‍ രോഗലക്ഷണങ്ങളെക്കുറിച്ചുള്ള സര്‍വേകള്‍ നടത്തുക
3. കന്നുകാലികളില്‍ പ്രതിരോധ കുത്തിവെപ്പ്.
4. കന്നുകാലികളില്‍ രക്ത പരിശോധന – സീറോ സര്‍വെയലന്‍സ്.
5. റിപ്പോര്‍ട്ടിംഗ്.

## നിർവഹണ –മോണിറ്ററിംഗ് സംവിധാനങ്ങൾ:

സംസ്ഥാനതലത്തിൽ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ റിൻഡർപെസ്റ്റ് ഇറാഡിക്കേഷൻ യൂണിറ്റിന്റെ സ്റ്റോക്ക് റൂട്ട് സെർച്ചും സീറോ സർവയലൻസ് നിരീക്ഷണവും നടത്തുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ വെറ്ററിനറി സർജന്റെ നേതൃത്വത്തിൽ വില്ലേജ് സർച്ച് നടത്തിവരുന്നു. ഗ്രാമപഞ്ചായത്ത് വാർഡുതലത്തിൽ വാർഡ് മെമ്പർമാർ ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രസിഡണ്ട് എന്നിവരുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് നടത്തുന്നു. വർഷത്തിൽ രണ്ടുതവണ ( ഫെബ്രുവരി, ഒക്ടോബർ) വില്ലേജ് സർച്ച് നടത്തുന്നു.

## തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പ്രചാരണം, ബോധവൽക്കരണം, മോണിറ്ററിംഗ്, വില്ലേജ് സെർച്ച് എന്നിവയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം അത്യാവശ്യമാണ്.ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവലോകന റിപ്പോർട്ട് സമർപ്പിക്കാവുന്നതാണ്. ഗ്രാമസഭയിൽ പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടണം.

## പദ്ധതി സംയോജന സാദ്ധ്യതകൾ

ഗ്രാമപഞ്ചായത്ത് വികസന ഫണ്ട് ലഭ്യമാക്കി തയ്യാറാക്കുന്ന രോഗ പ്രതിരോധ പദ്ധതികളും, അറഅ പദ്ധതികളുമായും സംയോജിപ്പിച്ച് പ്രചാരണം, ബോധവൽക്കരണം ക്യാമ്പുകളുടെ നടത്തിപ്പ് എന്നീ മേഖലകളിൽ കൂടുതൽ ഫലവത്തായ രീതിയിൽ പദ്ധതി തയ്യാറാക്കുന്നതാണ്. വനാതിർത്തി മേഖലകളിൽ വനം വകുപ്പിന്റെ ഫണ്ടും പ്രതിരോധ കുത്തിവെപ്പ് പദ്ധതികൾക്ക് ലഭ്യമാണ്. തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിരേഖയിൽ ടി സ്കീമുകൾ വിവരിക്കാവുന്നതാണ്.

# 3. കന്നുകാലി രോഗങ്ങളെ നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള ധനസഹായം ജന്തുരോഗങ്ങൾ നിയന്ത്രിക്കുന്നതിനായി സംസ്ഥാനങ്ങൾക്ക് സഹായം (അസ്കാഡ്)

## ആമുഖം:

സംസ്ഥാനത്തെ കന്നുകാലികളേയും, വളർത്തുപക്ഷികളേയും ബാധിക്കുന്ന പ്രധാനപ്പെട്ട രോഗങ്ങളെ നിയന്ത്രണ വിധേയമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാരിന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് 2003–04 ൽ ആരംഭിച്ച പദ്ധതിയാണിത്. നിലവിലുള്ള പ്രധാനപ്പെട്ട രോഗനിർണ്ണയ ലബോറട്ടറികളും ബയോളജിക്കൽ പ്രൊഡക്ഷൻ സെന്ററുകളും ശക്തിപ്പെടുത്തുന്നതിനും കന്നുകാലികളെ ബാധിക്കുന്ന രോഗങ്ങളെ പ്രതിരോധ കുത്തിവെപ്പിലൂടെ തടയുന്നതിനുമാണ് തുക വകയിരുത്തിയിരിക്കുന്നത്. കൂടാതെ രോഗ നിരീക്ഷണം, നിയന്ത്രണം, രോഗങ്ങൾ മുൻകൂട്ടി അിറയാൻ സംവിധാനം ഉണ്ടാക്കൽ, ഇവയെപ്പറ്റി ജനങ്ങൾക്ക് അറിവ് പകരാൻ ക്യാംപെയിനുകൾ നടത്തുകയെന്നതും പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

## ഫണ്ട്

കേന്ദ്ര സർക്കാർ കൃഷി മന്ത്രാലയം വഴി സംസ്ഥാന സർക്കാർ മുഖേന മൃഗസംരക്ഷണ വകുപ്പിന് ലഭ്യമാക്കുന്നു.75% കേന്ദ്രാവിഷ്കൃത ഫണ്ടും 25% സംസ്ഥാനാവിഷ്കൃത ഫണ്ടും.

## ലക്ഷ്യങ്ങൾ

1. മൃഗങ്ങളുടേയും പക്ഷികളുടേയും രോഗനിയന്ത്രണവും നിരീക്ഷണവും ഉറപ്പാക്കുക

2. രോഗങ്ങളെ സംബന്ധിച്ച വിവര ശേഖരണം നടത്തുക
3. സാംക്രമിക രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തി പ്രതിരോധ നടപടികൾ സ്വീകരിക്കുക
4. സംസ്ഥാനം രോഗവിമുക്ത മേഖലയാക്കുക വഴി മൃഗോല്പന്നങ്ങളുടെ കയറ്റുമതി സാധ്യമാക്കി സാമ്പത്തിക മേഖലയെ ശക്തിപ്പെടുത്തുക.

## ഗുണഭോക്താക്കൾ

സംസ്ഥാനത്തെ മുഴുവൻ മൃഗങ്ങളുടേയും പക്ഷികളുടേയും ഉടമസ്ഥർ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

## നിർവഹണ മോണിറ്ററിംഗ് സംവിധാനം

ജില്ലാതല നിർവ്വഹണ ചുമതല ജില്ലാ മൃഗസംരക്ഷണ ഓഫീസറിലും ബ്ളോക്ക് തലത്തിൽ പ്രത്യേകം ചുമതലപ്പെടുത്തുന്ന സീനിയർ വെറ്ററിനറി സർജനിലും ഗ്രാമപഞ്ചായത്ത് തലത്തിൽ വെറ്ററിനറി സർജനിലും നിക്ഷിപ്തമാണ്. വിവിധതലങ്ങളിൽ വകുപ്പ് മുഖേനയാണ് മോണിറ്ററിംഗ് നിർവ്വഹിക്കുന്നത്.

## നിർവഹണ സ്ഥാപനം

മൃഗസംരക്ഷണ വകുപ്പിന്റെ സംസ്ഥാനതലം മുതൽ ഗ്രാമപഞ്ചായത്ത് തലം വരെയുള്ള സ്ഥാപനങ്ങൾക്ക് പദ്ധതി ഘടകങ്ങളുടെ ചുമതല നൽകിയിട്ടുണ്ട്. പ്രാദേശിക തലത്തിൽ ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ മൃഗാശുപത്രികൾ മുഖേന പദ്ധതി നടപ്പിലാക്കുന്നു.

## ഏറ്റെടുക്കുന്ന പ്രവർത്തികൾ

1. നിലവിലുള്ള സംസ്ഥാന പ്രാദേശിക തല ലാബുകളെ ആധുനിക സൗകര്യങ്ങളോടെ സുസജ്ജമാക്കുന്നു.
2. കന്നുകാലികളിലെ രോഗനിരീക്ഷണവും ക്രമമായ പരിശോധനകളും നടത്തി രോഗ സാദ്ധ്യതാ റിപ്പോർട്ട് തയ്യാറാക്കുകയും സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയും ആയത് പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു.
3. ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി സെമിനാറുകൾ, ശില്പശാലകൾ തുടങ്ങിയവ സംസ്ഥാന തലം മുതൽ ബ്ളോക്ക് തലം വരെ നടപ്പിലാക്കുന്നു.
4. സംസ്ഥാനത്തിനകത്തും പുറത്തും വിദഗ്ദ്ധ പരിശീലനം സംഘടിപ്പിക്കുന്നു.
5. മുൻകൂട്ടിയുള്ള രോഗനിർണ്ണയം വഴി ആവശ്യമായ മുൻകരുതലുകൾക്കുള്ള കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

## തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ഗ്രാമപഞ്ചായത്തിന്റെ പൊതു ചുമതലകളിൽ പെടുന്ന പ്രവർത്തനമായതിനാൽ പ്രചരണം , ബോധവൽക്കരണം, രോഗപ്രതിരോധ നടപടികൾ,മോണിറ്ററിംഗ് തുടങ്ങിയ കാര്യങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം വളരെയേറെ പ്രധാനപ്പെട്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പ്, ലൈൻ ഡിപ്പാർട്ട്മെന്റുകൾ, സൂക്ഷ്മതല സംഘാടന സംവിധാനങ്ങൾ തുടങ്ങിയവയെ പദ്ധതിയുമായി ബന്ധപ്പെടുത്താം. കോഴി, താറാവ് എന്നിവയുടെ പ്രതിരോധ കുത്തിവെയ്പിനുള്ള വാക്സിനേറ്റർമാരെ നിയോഗിക്കുന്നതിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ചുമതലയുണ്ട്.

## പദ്ധതി സംയോജന സാദ്ധ്യതകൾ

പക്ഷിമൃഗാദികളെ രോഗവിമുക്തമാക്കുന്നതിൽ പദ്ധതിക്ക് നിർണ്ണായക പങ്കുള്ളതിനാൽ ഈ പദ്ധതി അടിസ്ഥാന ഘടകമായി സ്വീകരിച്ചുകൊണ്ട് മറ്റു വികസന പദ്ധതികൾ ഏറ്റെ

ടുക്കാവുന്നതാണ്.

## ആമുഖം

ആടുകളെയും ചെമ്മരിയാടുകളേയും ബാധിക്കുന്ന മാരകമായ ഒരു വൈറസ് രോഗമായതുകൊണ്ട് തന്നെ ചികിത്സ ഫലപ്രദമല്ല. അസ്കാഡ് സ്കീമിൽ മൃഗരോഗനിയന്ത്രണ പദ്ധതിയിലൂടെ സംസ്ഥാനത്തെ ആടുകൾക്ക് പ്രത്യേകിച്ച് അതിർത്തി പഞ്ചായത്തുകളിലെ ആടുകൾക്ക് മൃഗസംരക്ഷണ വകുപ്പ് സൗജന്യമായി പ്രതിരോധ കുത്തിവെയ്പ് നടത്തിവരുന്നു. മറ്റു നിയന്ത്രണ മാർഗ്ഗങ്ങളും പ്രതിരോധ കുത്തിവെയ്പും അവലംഭിച്ചാൽ ആടുവസന്തയെ തടയാൻ സാധിക്കും.

## ഫണ്ട്:

100% കേന്ദ്രസഹായം – കേന്ദ്ര സർക്കാർ കൃഷി മന്ത്രാലയം വഴി സംസ്ഥാന സർക്കാർ മുഖേന മൃഗസംരക്ഷണ വകുപ്പിന് ലഭ്യമാക്കുന്നു.

## നിർവഹണ സ്ഥാപനം

മൃഗസംരക്ഷണ വകുപ്പ് മൃഗാശുപത്രികളിലൂടെ പദ്ധതി നടപ്പിലാക്കുന്നു.

## ലക്ഷ്യങ്ങൾ

1. പ്രതിരോധ കുത്തിവെയ്പിലൂടെ ആട് വസന്ത നിർമ്മാർജ്ജനം ചെയ്യുക.
2. മാംസോല്പാദനം വർദ്ധിപ്പിക്കുക
3. രോഗവിമുക്തമേഖലയാകുന്നതോടെ മൃഗോല്പന്നങ്ങളുടെ കയറ്റുമതി സാദ്ധ്യമാക്കുക.
4. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക.

## ഗുണഭോക്താക്കൾ

ആടുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന മുഴുവൻ കർഷകരും

## ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

ഓരോ പഞ്ചായത്തിലേയും മുഴുവൻ ആടുകളേയും രോഗപ്രതിരോധ കുത്തിവയ്പിനു വിധേയമാക്കുക.

## പ്രവർത്തനങ്ങൾ

1. സംസ്ഥാന –ജില്ലാ– ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രചാരണം
2. വാക്സിനുകളും മറ്റു സാധന സാമഗികളും പഞ്ചായത്ത് മൃഗാശുപത്രികളിൽ എത്തിക്കൽ
3. വാക്സിനേറ്റർമാർ വീടുകളിൽ ചെന്ന് കുത്തിവെയ്പു നടത്തുന്നു
4. ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നു.
5. മൃഗാശുപിത്രികളിൽ നിന്നും വാക്സിനേഷൻ റിപ്പോർട്ട് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ക്രോഡീകരിക്കുന്നു
6. സീറോ മോണിറ്ററിംഗ് ഫലപ്രദമായി നടപ്പിലാക്കുന്നു
   നിർവഹണ സംവിധാനങ്ങൾ

കാലിരോഗനിയന്ത്രണ പദ്ധതികളുടെ ഭാഗമായി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും ഏകോപിപ്പിച്ച് കൊണ്ട് മൃഗാശുപത്രികൾ വഴി പ്രതിരോധ പ്രവർത്ത നങ്ങൾ നടത്തുന്നു.ജില്ലാതലത്തിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസർക്കും ഗ്രാമപഞ്ചായത്ത് തലത്തിൽ വെറ്ററിനറി സർജനുമാണ് നിർവ്വഹണ ചുമതല.

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

പഞ്ചായത്ത് തല പ്രചാരണത്തിനും ബോധവൽക്കരണ ക്യാമ്പുകൾ നടത്തുന്നതിനും വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുമുള്ള സഹകരണം. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പദ്ധതി സംബന്ധിച്ച വിശദീകരണവും ഗ്രാമസഭാതലത്തിൽ നിർവ്വഹണം സംബ ന്ധിച്ച റിപ്പോർട്ടിംഗും പദ്ധതിയുടെ ഫലപ്രദമായ വിജയത്തിന് സഹായകരമാണ്. സൂക്ഷ്മതല സംഘടനസംവിധാനങ്ങൾ ഗ്രാമപഞ്ചായത്തുകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

### പദ്ധതി സംയോജന സാദ്ധ്യതകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുടർ പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. പ്രവർത്തനങ്ങൾ പദ്ധതിരേഖയിൽ ഉൾപ്പെടുത്തണം.

## 5. ദേശീയ ബ്രൂസല്ലോസിസ് നിയന്ത്രണ പദ്ധതി

വളർത്തുമൃഗങ്ങളിൽ ബ്രൂസല്ലോസിസ് ഗർഭ അലസൽ, വന്ധ്യത എന്നിവയ്ക്ക് കാര ണമാകുന്നതിനാൽ കർഷകരുടെ സാമ്പത്തിക നഷ്ടത്തിനും കാരണമാകുന്നു. പേവിഷബാധ കഴിഞ്ഞാൽ മൃഗങ്ങളിൽ നിന്നും മനുഷ്യരിലേയ്ക്ക് പകരുന്ന ജന്തുജന്യരോഗങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ബ്രൂസല്ലോസിസ്. ആയതിനാൽ രോഗനിയന്ത്രണം പൊതുജനാരോഗ്യമേ ഖലയുമായും ബന്ധപ്പെട്ടിരിക്കുന്നു.

### ഫണ്ട്

100% കേന്ദ്രാവിഷ്കൃത പദ്ധതി. കേന്ദ്രസർക്കാർ കൃഷി മന്ത്രാലയം വഴി സംസ്ഥാന സർക്കാർ മൂഖേന മൃഗസംരക്ഷണ വകുപ്പിന് ലഭ്യമാക്കുന്നു.

### നിർവഹണ സ്ഥാപനം

മൃഗസംരക്ഷണ വകുപ്പിന്റെ ഗ്രാമ പഞ്ചായത്ത് മുതൽ സംസ്ഥാനതലം വരെയുള്ള വിവിധ സ്ഥാപനങ്ങൾക്ക് പദ്ധതിയുടെ നിർവഹണ ചുമതലയുണ്ട്. ഗ്രാമപഞ്ചായത്ത് തല ത്തിൽ വെറ്ററിനറി സർജനും ജില്ലാ തലത്തിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസറും പദ്ധതി നിർവ്വഹണത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്നു.

### ലക്ഷ്യങ്ങൾ

1. ബ്രൂസെല്ലാ രോഗ നിയന്ത്രണം വഴി കന്നുകാലിസമ്പത്തിന്റെ ശോഷണം തടയുകയും ഉൽപാദനം വർദ്ധിപ്പിക്കുകയും ചെയ്യുക
2. രോഗം തടയുക വഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക.
3. മനുഷ്യനെ സാരമായി ബാധിച്ചേയ്ക്കാവുന്ന ഒരു ജന്തുജന്യരോഗത്തിന്റെ സംക്ര മണം തടയുക
4. രോഗ വിമുക്ത മേഖലയാകുന്നതോടെ മൃഗോല്പന്നങ്ങളുടെ കയറ്റുമതി സാദ്ധ്യമാ കുന്നു

### ഗുണഭോക്താക്കൾ

പൊതു ജനാരോഗ്യവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ മുഴുവൻ ജനങ്ങളും പദ്ധതിയും പ്ര ത്യക്ഷവും പരോക്ഷവുമായുള്ള ഗുണഭോക്താക്കളാണ്.

## ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

1. ഗ്രാമപഞ്ചായത്ത് തലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
2. സമഗ്രമായ രോഗനിർണ്ണയപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
3. സീറോ സർവയലൻസ് പഠനങ്ങൾ നടത്തുന്നു.
4. രോഗവ്യാപനം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു

പ്രവർത്തനങ്ങൾ

1. സെമിനാറുകൾ, ചർച്ചകൾ എന്നിവയിലൂടെ ബോധവൽക്കരണം
2. പാൽ സാമ്പിളുകളുടെ പരിശോധനവഴിയും മൃഗങ്ങളുടെ രക്ത പരിശോധന വഴിയും രോഗനിർണ്ണയം നടത്തൽ
3. തുടർപ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ

## നിർവഹണ സംവിധാനങ്ങൾ

കാലിനിയന്ത്രണ പദ്ധതികളുടെ ഭാഗമായി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും ഏകോപിപ്പിച്ച് കൊണ്ട് മൃഗാശുപത്രികൾ വഴി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നു.

## തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പഞ്ചായത്ത് തല പ്രചാരണത്തിനും ബോധവൽക്കരണ ക്യാമ്പുകൾ നടത്തുന്നതിനും തുടർപ്രവർത്തനം  സംഘടിപ്പിക്കുന്നതിനുമുള്ള സഹകരണം. സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ അവലോകനം സൂക്ഷ്മതല സംഘടനാ സംവിധാനങ്ങൾ, ലൈൻ ഡിപ്പാർട്ട്മെന്റുകൾ, ക്ഷീരസംഘങ്ങൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹകരണം ഉറപ്പാക്കൽ. ഗ്രാമസഭകളിൽ സംശയങ്ങൾ തീർക്കൽ.

## പദ്ധതിസംയോജനസാദ്ധ്യതകൾ

ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനവുമായി സംയോജിച്ച് രോഗനിർണ്ണയവും നിയന്ത്രണവും സാദ്ധ്യമാക്കുക.ആരോഗ്യമേഖലയിലെ വിവിധ വകുപ്പുകളുടെ പദ്ധതികളുമായി സംയോജിപ്പിക്കാം.  പൊതുജനാരോഗ്യവുമായി ബന്ധമുള്ള പ്രവർത്തനമായതിനാൽ ഗ്രാമപഞ്ചായത്തുകൾക്കുള്ള നിർണ്ണായക സ്വാധീനം ചെലുത്തുവാൻ കഴിയും. ഇവയെല്ലാം പദ്ധതിരേഖയുടെ ഭാഗമാക്കുകയും വേണം.

# 6. കന്നുകാലി രോഗ റിപ്പോർട്ടിംഗ് സമ്പ്രദായം

## ആമുഖം.

നൂതന വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ മൃഗസംരക്ഷണ രംഗത്തെ പ്രശ്നങ്ങളും പ്രതിവിധികളും കർഷകർക്ക് സാങ്കേതിക വിദഗ്ദ്ധർക്കും കൃത്യതയോടെ ലഭ്യമാക്കുന്നതിനുള്ള ഒരു സംവിധാനമാണ് കന്നുകാലി രോഗ റിപ്പോർട്ടിംഗ് സമ്പ്രദായം ഗ്രാമപ്രദേശങ്ങളിൽനിന്നു പോലും നേരിട്ട് വിവരങ്ങൾ റിപ്പോർട്ട് ചെയ്യുക വഴി അടിയന്തിര പരിഹാരമാർഗ്ഗങ്ങൾ /നിയന്ത്രണ മാർഗ്ഗങ്ങൾ കലതാമസം കൂടാതെ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും ബ്ളോക്ക് ജില്ലാ സംസ്ഥാനതല കോഓർഡിനേഷൻ വഴി സാദ്ധ്യമാകുന്നു.

## ഫണ്ട്

100% കേന്ദ്രാവിഷ്കൃത ഫണ്ട്. കേന്ദ്രസർക്കാർ കൃഷി മന്ത്രാലയം വഴി സംസ്ഥാന സർക്കാർ മുഖേന മൃഗസംരക്ഷണ വകുപ്പിന് ലഭ്യമാക്കുന്നു.

## നിർവഹണ സ്ഥാപനം

ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ തെരെഞ്ഞെടുക്കപ്പെട്ട മൃഗാശുപത്രികളിലെ സീനിയർ വെറ്ററിനറി സർജനും ജില്ലാ തലത്തിൽ ജില്ലാ കോർഡിനേറ്ററുമാണ് നിർവ്വഹണത്തിന്റെ ചുമതല. ജില്ലാ മൃഗസംരക്ഷണ ഓഫീസർ മോണിറ്ററിംഗിന്റെ ചുമതല വഹിക്കുന്നു.

## ലക്ഷ്യങ്ങൾ

രോഗങ്ങളെക്കുറിച്ചും രോഗസാദ്ധ്യതകളെക്കുറിച്ചും പകർച്ചവ്യാധികളെക്കുറിച്ചും തത്സമയം റിപ്പോർട്ട് ചെയ്യുക വഴി രോഗനിയന്ത്രണ പ്രവർത്തനങ്ങൾ അതിവേഗം പ്രാവർത്തികമാക്കുക, കാലതാമസം ഒഴിവാക്കുക വഴി ചികിത്സ/പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റവും ഫലപ്രദമായും കാര്യക്ഷമമായും ചെയ്യുവാൻ സാധിക്കുക രോഗനിയന്ത്രണം വഴി സാമ്പത്തികനഷ്ടം കുറയ്ക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

## ഗുണഭോക്താക്കൾ

മൃഗസംരക്ഷണ മേഖലയിലെ മുഴുവൻ കർഷകർ പദ്ധതിയിലെ പരോക്ഷഗുണഭോക്താക്കളാണ്. പദ്ധതി രൂപീകരണം പഠന ഗവേഷണ പ്രവർത്തനങ്ങൾ എന്നിവയിൽ സ്ഥിതി വിവര കണക്കുകൾ ഉപയോഗപ്പെടുത്തുന്നു.

## ഏറ്റെടുക്കുന്ന പ്രവർത്തികൾ

ദേശീയതലത്തിൽ മൃഗരോഗങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ശേഖരിച്ച് ഓൺലൈൻ സംവിധാനം വഴി ബ്ലോക്ക്-ജില്ലാ-സംസ്ഥാനതലങ്ങളിൽ ക്രോഡീകരിക്കുന്നു. ദേശീയതലത്തിൽ റിപ്പോർട്ട് ചെയ്യുന്നു.

## പ്രവർത്തനങ്ങൾ

സംസ്ഥാന-ജില്ലാ-ബളോക്ക് തലങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള സർക്കാർ സംവിധാനം വഴിയും കർഷകന് സ്വന്തമായും വിവരങ്ങൾ നൽകുവാൻ സാധിക്കുന്നു. സംസ്ഥാനത്തെ മുഴുവൻ ഗ്രാമപ്രദേശങ്ങളേയും ഓൺലൈൻ ശൃംഖല വഴി ബന്ധിപ്പിക്കുന്നുണ്ട്.

## നിർവഹണ സംവിധാനങ്ങൾ

ബ്ലോക്ക് ജില്ലാ തല മൃഗസംരക്ഷണ ഉദ്യോഗസ്ഥർ ജില്ലാ ഇൻഫർമാറ്റിക് സെന്ററിന്റെ സാങ്കേതിക സഹായത്തോടെ നിർവഹിക്കുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

വിവരങ്ങൾ ലഭ്യമാക്കുന്നതിന് കുടുംബശ്രീ പോലുള്ള സൂക്ഷ്മതല സംഘടനസംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താം. ക്ഷീരസഹകരണ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ, ഗ്രാമസഭകൾ എന്നിവ മുഖേന വിവരശേഖരണം നടത്താം. പ്രവർത്തനങ്ങൾ ചർച്ചയ്ക്ക് വിധേയമാക്കാവുന്നതുമാണ്.

## പദ്ധതി സംയോജന സാദ്ധ്യതകൾ

രോഗനിർണ്ണയത്തിനുശേഷം തുടർപ്രവർത്തനങ്ങൾക്കായി ർരോഗപ്രതിരോധ പദ്ധതി

കളുമായും ആവശ്യമെങ്കിൽ മൃഗചികിത്സ പദ്ധതികളുമായും ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങളുമായും സംയോജിപ്പിക്കാം.

## 7. നിലവിലുള്ള മൃഗാശുപത്രികളുടേയും ഡിസ്പെൻസറികളുടേയും പ്രവർത്തനം ശക്തിപ്പെടുത്തൽ

### ആമുഖം

ഭക്ഷ്യോൽപാദന വർദ്ധനവിനും മേഖലയെ സുസ്ഥിരപ്പെടുത്തുന്നതിനും മൃഗചികിത്സ കേന്ദ്രങ്ങളുടെ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും നവീകരണവും അത്യന്താപേക്ഷിതമാണ്. മൃഗചികിത്സക്കും രോഗനിർണ്ണയത്തിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുകയാണ് മൃഗാശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക വഴി ലക്ഷ്യമിടുന്നത്. ഇതിലൂടെ കർഷകർക്ക് വളരെ കുറഞ്ഞ ചിലവിൽ മെച്ചപ്പെട്ടസേവനം ലഭ്യമാകുന്നു.

### ഫണ്ട്

75% കേന്ദ്ര സഹായം കേന്ദ്രസർക്കാർ കൃഷി മന്ത്രാലയം വഴി സംസ്ഥാന സർക്കാർ മുഖേന മൃഗസംരക്ഷണ വകുപ്പിന് ലഭ്യമാക്കുന്നു.25% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നു.

### നിർവഹണ സ്ഥാപനം

ഉപകരണങ്ങൾ വാങ്ങൽ മൃഗസംരക്ഷണ സ്ഥാപനങ്ങൾ വഴിയും നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ് /തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും നിർവ്വഹിക്കുന്നു.

### ലക്ഷ്യങ്ങൾ

മൃഗസംരക്ഷണസ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് മൃഗചികിത്സ രംഗത്ത് മികച്ച സേവനം നൽകുക

### ഗുണഭോക്താക്കൾ

മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മുഴുവൻ കർഷകരും.

### ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

1. മൃഗാശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം
2. ആധുനിക ചികിത്സാ രോഗ നിർണ്ണയ സംവിധാനം ലഭ്യമാക്കൽ

പ്രവർത്തനം

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പ്ലാൻ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നു
2. മൃഗസംരക്ഷണ വകുപ്പ് ഉപകരണങ്ങളുടെ പട്ടിക തയ്യാറാക്കുന്നു.
3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നു.
4. പദ്ധതി നടപ്പിലാക്കുന്നു.
5. നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുക
6. ആധുനിക സൗകര്യങ്ങളോടുകൂടിയ അടിസ്ഥാന സൗകര്യം ഒരുക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നു.

## നിർവഹണ മോണിറ്ററിംഗ് സംവിധാനങ്ങൾ

മൃഗസംരക്ഷണ വകുപ്പും തദ്ധേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി വിവിധ തലങ്ങളിൽ മോണിറ്ററിംഗ് നിർവ്വഹിക്കുന്നു. കുറവുകൾ ഗ്രാമ /വാർഡ് സഭകളിൽ ചർച്ച ചെയ്യപ്പെടണം. പദ്ധതിരേഖയിൽ കേന്ദ്ര-സംസ്ഥാന പദ്ധതികൾ അവലോകനം ചെയ്യപ്പെടുകയും വിടവുകൾ നികത്തുന്നതിനുള്ള പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുകയും ചെയ്യണം.

# 8. കോഴി താറാവു വളർത്തൽ കേന്ദ്രങ്ങൾ

## ആമുഖം

മൃഗസംരക്ഷണ വകുപ്പിനു കീഴിൽ കോഴി താറാവ് എന്നിവയും വളർത്തുന്ന വിവിധ ഫാമുകളുണ്ട്. ഈ ഫാമുകളെ ഉൽപാദന യൂണിറ്റുകളാകുക്കുന്നതോടൊപ്പം പരിശീലനത്തിന്റേയും സാങ്കേതികവിദ്യയുടേയും പ്രദർശനകേന്ദ്രങ്ങളാക്കി ആധുനികവൽക്കരിക്കുന്നതാണ്. കൂടാതെ ഫാമുകളുടെ സമീപപ്രദേശങ്ങളിൽ ചുറ്റുവട്ടത്ത് സാറ്റലൈറ്റ് യൂണിറ്റുകൾ സ്ഥാപിക്കുകകൂടി ചെയ്യുന്നതോടെ മുട്ട മാംസോൽപാദനം വർദ്ധിപ്പിക്കാൻ സാധിക്കും.

## ഫണ്ട്

80% കേന്ദ്രസഹായം കേന്ദ്രസർക്കാർ കൃഷി മന്ത്രാലയം വഴി സംസ്ഥാനസർക്കാർ മുഖേന മൃഗസംരക്ഷണ വകുപ്പിന് ലഭ്യമാക്കുന്നു. 20% സംസ്ഥാന വിഹിതമായി തുക വിലയിരുത്തിയിരിക്കുന്നു.

## നിർവഹണ സ്ഥാപനം

മൃഗസംരക്ഷണ വകുപ്പിലെ ഫാമുകളുടെ മേധാവികൾക്കാണ് പദ്ധതി നിർവ്വഹണ ചുമതല. ജില്ലാതലമേഖലാ തല ഫാമുകൾ ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്.

## ലക്ഷ്യങ്ങൾ

കോഴി വളർത്തൽ ഫാമുകളും താറാവ് വളർത്തൽ ഫാമുകളും വിപുലീകരിക്കുക. വിജ്ഞാന വ്യാപന മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുക. നല്ലയിനം കോഴി താറാവ് കുഞ്ഞുങ്ങളെ കർഷകർക്ക് ആവശ്യാനുസരണം ലഭ്യമാക്കുക.

## ഗുണഭോക്താക്കൾ

കോഴി-താറാവ് വളർത്തലിൽ താൽപര്യമുള്ള കർഷകർ

ഏറ്റെടുക്കാവുന്ന പ്രവർത്തികൾ/പ്രവർത്തനങ്ങൾ

1. വകുപ്പിന്റെ കോഴി താറാവു ഫാമുകളുടെ ആധുനികവൽക്കരണം
2. കൂടുതൽ മെച്ചപ്പെട്ട ഉൽപാദനയൂണിറ്റുകളാക്കൽ
3. ഈ ഫാമുകളെ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റുക
4. നാടൻ ഇനങ്ങളുടെ സംരക്ഷണം

## നിർവഹണ സംവിധാനങ്ങൾ

പൊതുവേ ജില്ലാപഞ്ചായത്ത് മുഖേന പദ്ധതി നിർവ്വഹണം നടത്തുന്നു. ഏതാനും പദ്ധതി മൃഗസംരക്ഷണ വകുപ്പ് നേരിട്ട് നിർവഹിക്കുന്നു

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

സ്ഥാപനത്തിന്റെ ആസൂത്രണം, ഉല്പാദനം തുടങ്ങിയ കാര്യങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി കൂടിയാലോചിച്ച് നിർവഹിക്കാവുന്നതാണ്. ആസ്തികളുടെ സംരക്ഷണവും നവീകരണവും വിപുലീകരണവും കൈമാറിക്കിട്ടിയ സ്ഥാപനമെന്നനിലയിൽ ജില്ലാ പഞ്ചായത്തിന്റെ ചുമതലയാണ്. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി വിടവ് നികത്തുന്നതിന് മുൻഗണന നൽകണം.

### പദ്ധതി സംയോജന സാദ്ധ്യതകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ലൈൻ ഡിപ്പാർട്ട്മെന്റുകൾ , കുടുംബശ്രീ തുടങ്ങിയവയുടെ മാംസ-മുട്ടയുല്പാദന പദ്ധതികളുമായി ഫാമുകളുടെ അടിസ്ഥാനസൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താം. ത്രിതല പഞ്ചായത്തും കേന്ദ്ര-സംസ്ഥാനാവിഷ്കൃതപദ്ധതികളുടെ ഏകോപനവും പദ്ധതിരേഖയുടെ ഭാഗമാക്കുകയും ഗ്രാമസഭ ചർച്ചയ്ക്ക് വിധേയമാക്കുകയും വേണം.

## 9. ഗ്രാമീണമേഖലയിൽ വീട്ടുപരിസരത്ത് കോഴി വളർത്തൽ വികസന പരിപാടി

### ആമുഖം

കണക്കുകൾ പ്രകാരം കേരളത്തിലെ മുട്ട ഉൽപാദനത്തിനെ അപേക്ഷിച്ച് ഉപഭോഗം കൂടുതലാണ്. ഉയർന്ന തീറ്റ വിലയും വിപണനസഹായത്തിന്റെ അഭാവവും മൂലം മുട്ട ഉൽപാദനം കുറഞ്ഞു വരുന്നു. ഗ്രാമപ്രദേശങ്ങളിൽ കോഴിയുൽപാദനം വർദ്ധിപ്പിക്കാൻ വിവിധ തരത്തിലുള്ള സഹായ സംവിധാനങ്ങളിൽക്കൂടിയുള്ള സർക്കാർ ഇടപെടലുകൾ ആവശ്യമാണ്. പ്രസ്തുത പദ്ധതി മുട്ടയുൽപാദനം വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു.

### ഫണ്ട്

കേന്ദ്രസർക്കാർ കൃഷി മന്ത്രാലയം വഴി സംസ്ഥാന സർക്കാർ മുഖേന മൃഗസംരക്ഷണ വകുപ്പിന് ലഭ്യമാക്കുന്നു. 100% കേന്ദ്രസഹായം

### നിർവഹണ സ്ഥാപനം

മൃഗസംരക്ഷണ വകുപ്പിന്റെ ഗ്രാമപഞ്ചായത്ത് തലത്തിലുള്ള വെറ്ററിനറി സർജൻ/സീനിയർ വെറ്ററിനറി സർജനാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല.

### ലക്ഷ്യങ്ങൾ

1. മുട്ട ഉൽപാദനം വർദ്ധിപ്പിക്കുക.
2. മുട്ടയ്ക്കും മാംസത്തിനും വേണ്ടി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന പ്രവണത നിറുത്തി സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കൽ
3. അടുക്കള അവശിഷ്ടങ്ങളും പ്രാദേശികമായി ലഭ്യമായ തീറ്റവസ്തുക്കളും ഫലപ്രദമായി ഉപയോഗപ്പെടുത്തൽ
4. പ്രാദേശികമായി ജൈവവള ലഭ്യത വർദ്ധിപ്പിക്കൽ
5. ഗ്രാമീണ മേഖലയിലെ പാവപ്പെട്ട ജനങ്ങൾക്ക് പോഷകാഹാര ലഭ്യത ഉറപ്പു വരുത്തുക

### ഗുണഭോക്താക്കൾ

കോഴി വളർത്തലിൽ താൽപര്യമുള്ളവർ നേരിട്ട് ഗുണഭോക്താക്കളാകുമ്പോൾ ഭക്ഷ്യ സ്വയംപര്യാപ്തത വഴി മുഴുവൻ ഉപഭോക്താക്കളും പരോക്ഷ ഗുണഭോക്താക്കളാകുന്നു.

### ഏറ്റെടുക്കുന്ന പ്രവർത്തികൾ

അടുക്കളമുറ്റത്തെ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കൽ

### പ്രവർത്തനങ്ങൾ

1. ഗ്രാമീണ മേഖലയിൽ താൽപര്യമുള്ള കർഷകർക്ക് നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നു
2. ചെറിയ യൂണിറ്റുകൾക്കുള്ള കൂടും തീറ്റയും ലഭ്യമാക്കുന്നു
3. രോഗപ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവല്ക്കരണവും പരിശീലനവും നൽകുന്നു

### നിർവഹണ സംവിധാനങ്ങൾ

മൃഗസംരക്ഷണ  വകുപ്പിലെ ഗ്രാമ പഞ്ചായത്ത് തലത്തിലുള്ള വെറ്ററിനറി/സീനിയർ വെറ്ററിനറി സർജനാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ബോധവൽക്കരണ ക്യാമ്പുകളും മറ്റും സംഘടിപ്പിക്കാവുന്നതാണ്.  ഗ്രാമീണർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ പ്രാദേശിക വിപണനത്തിനായി സംവിധാനങ്ങൾ ഒരുക്കാവുന്നതാണ്. പദ്ധതി സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവലോകനം നടത്തുക.  ഗുണഭോക്തൃ പട്ടിക ഗ്രാമസഭയിൽ അവതരിപ്പിക്കാം. താത്പര്യമുള്ള മുഴുവൻ ഗുണഭോക്താക്കളേയും കണ്ടെത്തി നൽകുക, പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക, നിർദ്ദേശങ്ങൾ നൽകുക എന്നിവ ഏറ്റെടുക്കണം.

### പദ്ധതി സംയോജന സാദ്ധ്യതകൾ

ഗ്രാമ പഞ്ചായത്ത് തലത്തിൽ ഉൽപാദനമേഖലയിലെ മൃഗസംരക്ഷണ പ്രോജക്ടുമായി ബന്ധിപ്പിക്കാം.  ദാരിദ്ര്യലഘൂകരണം, വനിതാ വികസനം എന്നീ മേഖലകളിൽ ഉൽപാദനം, വിപണനം എന്നീ പ്രോജക്ടുകൾ ഏറ്റെടുക്കാം.  രോഗപ്രതിരോധ പ്രവർത്തന പ്രോജക്ടുകളുമായി ബന്ധപ്പെടുത്താം. പൗൾട്രിക്ളബുകൾ രൂപീകരിക്കാം. അടുക്കളമുറ്റത്തെ കോഴിവളർത്തൽ മട്ടുപ്പാവിലെ കോഴി വളർത്തൽ എന്നിവയിലൂടെ ഖര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കാം.

## 10. കേന്ദ്ര തീറ്റപ്പുൽകൃഷി വികസന പരിപാടി

### ആമുഖം

കാലിത്തീറ്റയുടെ നിത്യേനയുള്ള വില വർദ്ധനവ് ക്ഷീരകർഷകർ ഈ രംഗത്തുനിന്നും കൊഴിഞ്ഞുപോകുന്നതിനുള്ള സാദ്ധ്യതയേറുന്നു.  ഈ അവസരത്തിൽ തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിച്ച് നല്ലയിനം തീറ്റപ്പുല്ല് ഉരുക്കൾക്ക് ലഭ്യമാക്കി ഉല്പാദനം വർദ്ധിപ്പിക്കാനും ക്ഷീരകർഷകരെ ഈ രംഗത്ത് നിലനിർത്താനും ക്ഷീരോല്പാദനം ലാഭകരമാക്കാനും ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്.

**ഫണ്ട്:** 75% കേന്ദ്രാവിഷ്കൃത പദ്ധതി – 25% സംസ്ഥാന സർക്കാർ വിഹിതം

**നിർവഹണ സ്ഥാപനം:** ഗ്രാമ പഞ്ചായത്ത് തലത്തിലുള്ള മൃഗാശുപത്രികൾ

**ഗുണഭോക്താക്കൾ:** ക്ഷീരകർഷകർ

**ലക്ഷ്യങ്ങൾ:**

1. പോഷകമൂല്യമുള്ള തീറ്റപ്പുൽകൃഷി പ്രചരിപ്പിക്കലും നടീൽ വസ്തുക്കൾ വിതരണം ചെയ്യലും
2. പാലുല്പാദന ചെലവ് കുറയ്ക്കൽ
3. കന്നുകാലികളുടെ ആരോഗ്യം മെച്ചപ്പെടുത്തൽ

**പ്രവർത്തനങ്ങൾ:**

1. പദ്ധതി സംബന്ധിച്ച പ്രചാരണപ്രവർത്തനങ്ങൾ നടത്തുന്നു.
2. തീറ്റപ്പുൽ നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നു.
3. ഗുണഭോക്താക്കൾ പുൽക്കൃഷി നടപ്പിലാക്കുകയും തീറ്റപ്പുല്ല് ഉപയോഗപ്പെടുത്തു കയും ചെയ്യുന്നു.

**തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്:**

1. പ്രദേശത്ത് തരിശായികിടക്കുന്നതും പുൽക്കൃഷി ചെയ്യാൻ സൗകര്യപ്പെടുന്നതുമായ സ്ഥലങ്ങൾ കണ്ടെത്തുകയെന്നത് പഞ്ചായത്തിന്റെ പൊതുചുമതലകളിൽപ്പെടുന്നു.
2. പുൽകൃഷിക്ക് വേണ്ട മുന്നൊരുക്ക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക
3. ഗുണഭോക്തൃ തെരെഞ്ഞെടുപ്പിന് മോണിറ്ററിംഗിനും സഹായിക്കൽ
4. പ്രവർത്തനങ്ങൾ ഗ്രാമസഭ/വാർഡ്സഭയിൽ ചർച്ച ചെയ്യപ്പെടണം.

**പദ്ധതി സംയോജന സാദ്ധ്യതകൾ:**

1. പ്രാഥമിക ക്ഷീരകർഷക സംഘങ്ങളുമായി സഹകരിച്ച് നടപ്പിലാക്കാം.
2. കുടുംബശ്രീ സ്വയം സഹായ സംഘങ്ങൾക്ക് പ്രധാന പങ്ക് വഹിക്കുവാൻ കഴിയും. കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കുക
3. ഗ്രാമപഞ്ചായത്ത് ലൈൻ ഡിപ്പാർട്ട്മെന്റുകൾ എന്നിവയുടെ പദ്ധതികളുമായി സംയോജിപ്പിക്കൽ
4. പദ്ധതി രേഖയിൽ എല്ലാവരുടേയും പ്രവർത്തികൾ ഉൾപ്പെടുത്തണം.

## 11. മൃഗസംരക്ഷണ സ്ഥിതിവിവര കണക്കും സാമ്പിൾ സർവേയും

**ആമുഖം:**

വിവിധതരം കന്നുകാലി ഉല്പന്നങ്ങളുടെ ഉല്പാദനം തിട്ടപ്പെടുത്തുന്നതിനായി നടത്തി വരുന്ന സംയോജിത സാമ്പിൾ സർവെകൾ തുടർന്ന് നടത്തുന്നതിനും പ്രത്യേക പഠന ങ്ങൾ നടത്തുന്നതിനും ലക്ഷ്യമിട്ടുള്ള പദ്ധതി

**ഫണ്ട്:**

50% കേന്ദ്രസഹായം – സർവേയുമായി ബന്ധപ്പെട്ടുള്ള ഉദ്യോഗസ്ഥന്മാർക്കുള്ള ശമ്പള

ത്തിന്റെ സംസ്ഥാനവിഹിതവും മറ്റു ചെലവുകളും സംസ്ഥാന സർക്കാർ വഹിക്കണം
നിർവഹണ സ്ഥാപനം
ജില്ലാ മൃഗസംരക്ഷണ ഓഫീസർക്കാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല

## ലക്ഷ്യങ്ങൾ

1. മൃഗസംരക്ഷണ മേഖലയിലെ പക്ഷിമൃഗാദികളുടെ എണ്ണം, ഉൽപാദനക്ഷമത തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിക്കുക
2. മൃഗോല്പന്നങ്ങളുടെ വിലനിലവാരം ശേഖരിച്ച് ലഭ്യമാക്കുക.

## പ്രവർത്തനങ്ങൾ

1. കന്നുകാലി ഉല്പന്നങ്ങളുടെ ഉല്പാദനം തിട്ടപ്പെടുത്തുന്നതിന് നടത്തുന്ന സംയോജിത സാമ്പിൾ സർവെകൾ നടത്തൽ
2. പുതിയ പഠനങ്ങൾ ആരംഭിക്കൽ
3. വിവരശേഖരണ വിശകലനരീതികൾ മെച്ചപ്പെടുത്തൽ
4. വിവരങ്ങളുടെ ക്രോഡീകരണവും പ്രസിദ്ധീകരണവും

## തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

സർവേ ജോലികൾക്ക് ആവശ്യമായ അടിസ്ഥാന വിവരങ്ങൾ ലഭ്യമാക്കുക. ലഭ്യമായ വിവരങ്ങൾ പദ്ധതി ആസൂത്രണത്തിന് ഉപയോഗപ്പെടുത്തൽ. മുഴുവൻ പേരെയും സർവ്വേയിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പുവരുത്തൽ. സർവ്വെ ഫലങ്ങൾ പദ്ധതിയ്ക്ക് വേണ്ടി ഉപയോഗപ്പെടുത്തൽ. ഗ്രാമസഭ/വാർഡ്സഭ ചർച്ചയ്ക്ക് വിധേയമാക്കൽ.

## പദ്ധതി സംയോജന സാദ്ധ്യതകൾ

സ്ഥിതി വിവരകണക്കുകളുടെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ലൈൻ ഡിപ്പാർട്ടുമെന്റുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ പദ്ധതികളുമായി സംയോജിപ്പിക്കേണ്ടതാണ്. പദ്ധതിരേഖയിൽ വിവരങ്ങൾ രേഖപ്പെടുത്തുകയും വിടവ് നികത്തുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കുകയും ചെയ്യണം.

# 12. സംസ്ഥാനവെറ്ററിനറി കൗൺസിൽ

## ആമുഖം

മൃഗചികിത്സാ പ്രവർത്തനങ്ങള നിയന്ത്രിക്കുന്നതിന് 1988 ൽ രൂപീകരിച്ചതാണ് കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ. ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സഹായം നൽകുന്ന പദ്ധതിയാണിത്.

## ഫണ്ട്

50% കേന്ദ്രസഹായം – കൗൺസിലിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനും ഓഫീസ് ചെലവുകൾക്കും അറ്റകുറ്റപണികൾക്കുമായിട്ടുള്ള സംസ്ഥാന വിഹിതം, മൃഗചികിത്സകർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ സുസജ്ജമായ ഒരു ലൈബ്രറി സ്ഥാപിക്കൽ തുടങ്ങിയവയ്ക്കായി ഫണ്ട്.

## നിർവഹണ സ്ഥാപനം

തിരുവനന്തപുരം പേരൂർക്കട ആസ്ഥാനമായുള്ള സംസ്ഥാന വെറ്ററിനറി കൗൺസിൽ

## ലക്ഷ്യങ്ങൾ

1. സംസ്ഥാനത്തെ മൃഗചികിത്സാ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക
2. പരിശീലന പരിപാടികൾ നടത്തുക
3. മൃഗചികിത്സാ രോഗ നിയന്ത്രണ പരിപാടികളുടെ ഗുണമേന്മ ഉറപ്പാക്കുക
4. സാങ്കേതിക വിദഗ്ദ്ധരുടെ പ്രവർത്തനഗുണനിലവാരം മോണിറ്റർ ചെയ്യുക

## ഗുണഭോക്താക്കൾ

സംസ്ഥാനത്ത് മൃഗചികിത്സയിൽ ഏർപ്പെട്ടിട്ടുള്ളവരും സംസ്ഥാന വെറ്ററിനറി കൗൺസിലിൽ അംഗത്വമുള്ളവരും

ഏറ്റെടുക്കാവുന്ന പ്രവർത്തികൾ/പ്രവർത്തനങ്ങൾ.

സംസ്ഥാനത്തെ മൃഗചികിത്സാ വിദഗ്ദ്ധരുടെ രജിസ്ട്രേഷൻ, ചികിത്സാ പ്രവർത്തന നിയന്ത്രണ പരിപാടികൾ, പരിശീലന പരിപാടികളും തുടർ വിദ്യാഭ്യാസ പരിപാടികളും സംഘടിപ്പിക്കൽ

## നിർവഹണ സംവിധാനങ്ങൾ

സംസ്ഥാന വെറ്ററിനറി കൗൺസിൽ

## തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

സംസ്ഥാന വെറ്ററിനറി കൗൺസിലിന്റെ പ്രവർത്തനങ്ങളിൽ സഹായിക്കലും കൗൺസിലിൽ ലഭ്യമായ വിവരങ്ങൾ വൈദഗ്ദ്ധ്യം തുടങ്ങിയവ ഉപയോഗപ്പെടുത്തലും.

# 13. ചെറുമൃഗങ്ങൾക്കും മുയലുകൾക്കും വേണ്ടിയുള്ള സമഗ്ര വികസന പദ്ധതി

## ആമുഖം

മൃഗസംരക്ഷണമേഖലയിലൂടെ ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കുന്നതിന് ചെറുമൃഗങ്ങളേയും മുയലുകളേയും വളർത്തൽ വളരെ ഗുണകരമാണ്. ദുർബ്ബല വിഭാഗത്തിൽ പെട്ടവർക്കും സ്ഥലപരിമിതി മൂലം വലിയ സംരംഭങ്ങൾ സാധിക്കാത്തവർക്കും അവരവരുടെ അഭിരുചിക്കനുസരിച്ച് തെരഞ്ഞെടുക്കാവുന്നതും ഭക്ഷ്യോല്പാദന വർദ്ധനവിന് സഹായകമാകുന്നതുമായ മേഖലയാണിത്. കർഷകർക്ക് ലാഭകരമായി കുറഞ്ഞ മുതൽമുടക്കിൽ ആരംഭിക്കാവുന്ന പദ്ധതികളാണ് ചെറുമൃഗങ്ങളുടേയും മുയലുകളുടേയും പരിപാലനം

## ഫണ്ട്

100% കേന്ദ്രസഹായമുള്ള പദ്ധതി കേന്ദ്രത്തിന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് പദ്ധതി നടപ്പിലാക്കും.

## ലക്ഷ്യങ്ങൾ

1. മാംസോല്പാദനം വർദ്ധിപ്പിക്കുക, ഭക്ഷ്യസ്വയംപര്യാപ്തതയിലേയ്ക്ക് നയിക്കുക
2. കുറഞ്ഞ മുതൽ മുടക്കിലും ലാഭകരമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുക
3. സാധാരണക്കാരുടേയും ദുർബ്ബല വിഭാഗക്കാരുടേയും പോഷകാഹാര ലഭ്യതയ്ക്ക് സഹായകമാക്കുക.

## ഗുണഭോക്താക്കൾ

മൃഗസംരക്ഷണ മേഖലയിലും മൃഗപരിപാലനത്തിലും താൽപര്യമുള്ള കർഷകർ

## നിർവഹണ സ്ഥാപനം

ഗ്രാമപഞ്ചായത്ത് തലത്തിലുള്ള മൃഗാശുപത്രികളിലൂടെ പദ്ധതി നിർവ്വഹിക്കുന്നു.

## തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ഗ്രാമപഞ്ചായത്തിന്റെ പൊതു ചുമതലയിൽപ്പെടുന്ന പ്രവർത്തനമാണിത്. ഗുണഭോക്താക്കളുടെ പട്ടിക സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭ്യമാക്കുക, പ്രവർത്തന പുരോഗതി റിപ്പോർട്ട് ചെയ്യാവുന്നതും പദ്ധതിയുടെ മോണിറ്ററിംഗ് നിർവ്വഹിക്കാവുന്നതുമാണ്. സൂക്ഷ്മതല സംഘടന സംവിധാനങ്ങളുടെ സഹകരണം തദ്ദേ ശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉറപ്പിക്കാം. തദ്ദേശഭരണസ്ഥാപനങ്ങളുടെ ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിലെ ഗുണഭോക്താക്കളെ ഇതിന് വേണ്ടി നൽകാം. ഗ്രാമസഭകൾ ചർച്ചയ്ക്ക് വിധേയമാക്കണം.

## പദ്ധതി സംയോജന സാദ്ധ്യതകൾ

ഗ്രാമപഞ്ചായത്തുകളുടെ ഉല്പാദന–സേവന പദ്ധതികളുമായി മാംസോല്പാദനത്തെ ബന്ധിപ്പിക്കാവുന്നതാണ്. കൂടാതെ മൃഗസംരക്ഷണ വകുപ്പിെ ന്റ മറ്റു പ്രവർത്തനങ്ങളുമായി പദ്ധതി സംയോജിപ്പിച്ച് നിർവഹിക്കുക. കുടുംബശ്രീ/സ്വയം തൊഴിൽ ഗ്രൂപ്പുകൾ/വ്യക്തികൾ എന്നിവരുടേയും തൊഴിൽ പദ്ധതികൾ ഇവയുമായി സംയോജിപ്പിക്കണം. വിടവുകൾ പരസ്പരം പദ്ധതിയിൽ പരിഹരിക്കണം.

# 14. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അയവിറക്കുന്ന മൃഗങ്ങളുടെ സംരക്ഷണം, വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അപൂർവ്വ ഇനത്തിൽ പ്പെട്ട ചെറിയ മൃഗങ്ങളുടെ (അയവിറക്കുന്ന മൃഗങ്ങൾ) സംരക്ഷണം.

## ആമുഖം

ആധുനിക ശാസ്ത്രസങ്കേതങ്ങളിലൂടെ ഉരുത്തിരിഞ്ഞ പുതിയ ഇനങ്ങളുടെ പ്രചരണത്തോടെ കാലാവസ്ഥയ്ക്കനുയോജ്യമായതും രോഗപ്രതിരോധശേഷി കൂടിയതുമായ നമ്മുടെ തനത് ജനുസ്സുകൾ വംശനാശഭീഷണിയിലാണ്. ഇവയെ ആധുനിക ശാസ്ത്രീയ സംരക്ഷണ ഉപാധികളായ ബീജം, അണ്ഡം,ഭ്രൂണം എന്നിവയുടെ ക്രയോപ്രിസർവേഷൻ ഉപാധികൾ ഉപയോഗിച്ച് സംരക്ഷിക്കുന്നതിന് കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതി. അട്ടപ്പാടി ബ്ളാക്ക്, മലബാറി എന്നീ ഇനം ആടുകൾ വിവിധ നാടൻ ഇനത്തിൽപ്പെട്ട താറാവുകൾ എന്നിവയെ ഈ പദ്ധതി വഴി സംരക്ഷിക്കും.

## ഫണ്ട്

100% കേന്ദ്രസഹായം

## ലക്ഷ്യങ്ങൾ

നാടൻ ഇനങ്ങങ്ങളിൽപ്പെട്ടതും വംശനാശഭീഷണി നേരിടുന്നതുമായ ആട്, താറാവ് എന്നീ ഇനങ്ങളുടെ സംരക്ഷണവും പ്രോത്സാഹനവും

### ഗുണഭോക്താക്കൾ

വംശനാശഭീഷണിയുള്ള മേൽപ്പറഞ്ഞ ഇനം മൃഗങ്ങളെ സംരക്ഷിക്കുന്ന കർഷകർ. ഈ രംഗത്തേക്ക് താല്പര്യത്തോടെ കടന്നുവരുന്ന കർഷകർ

### ഏറ്റെടുക്കുന്ന പ്രവർത്തികൾ

1. ഇനങ്ങളെ തിരിച്ചറിഞ്ഞ് സംരക്ഷണം ഉറപ്പുവരുത്തുക
2. ഇത്തരം അപൂർവ്വ ഇനങ്ങളുടെ വർഗ്ഗ വർദ്ധനവിനായുള്ള പ്രവർത്തനങ്ങൾ നടത്തുക
3. ബീജം, ഭ്രൂണം മുതലായവ ഗാഢശീതീകരണം നടത്തി സൂക്ഷിക്കുകയും വംശ വർദ്ധനവിന് സഹായിക്കുകയും ചെയ്യുക

### പ്രവർത്തനങ്ങൾ

1. നാടൻ ഇനങ്ങളെ കണ്ടെത്തി വിവര ശേഖരണം നടത്തണം
2. ഇവയുടെ സംരക്ഷണക്കിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു.
3. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി വംശവർദ്ധനവ് പ്രോത്സാഹിപ്പിക്കുക

### നിർവഹണ സംവിധാനങ്ങൾ

മൃഗസംരക്ഷണ വകുപ്പിന്റെ മൃഗാശുപത്രികൾക്കാണ് നിർവഹണത്തിന്റെ പ്രധാന ചുമതല.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്.

ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ്, ഉരുക്കളുടെ സംരക്ഷണം, വംശവർദ്ധനവിനുള്ള പ്രോത്സാഹനം, ഡോക്യുമെൻന്റേഷൻ മോണിറ്ററിംഗ് തുടങ്ങിയ കാര്യങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്ക് വളരെയേറെ സഘഹായങ്ങൾ നൽകുവാൻ കഴിയും. സർക്കാരിന്റെ ഏജൻസികളുടെ സേവനവും ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തണം. ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കണം.

### പദ്ധതി സംയോജന സാദ്ധ്യതകൾ

ഗ്രാമപഞ്ചായത്തിന്റെ പ്ളാൻ ഫണ്ട്, ഗവേഷണസ്ഥാപനങ്ങളുടെ സൗകര്യങ്ങൾ എന്നിവ ഫലപ്രദമായി സംയോജിപ്പിക്കാം. തദ്ദേശരണസ്ഥാപനത്തിന്റെ പദ്ധതിരേഖയിൽ ടി സ്കീമുകൾ പ്രതിപാദിക്കണം.

## 15. കന്നുകാലി സെൻസസ്

### ആമുഖം

മൃഗസംരക്ഷണ മേഖലയുടെ സമഗ്ര പുരോഗതിക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ മൃഗസംരക്ഷണ വകുപ്പു മുഖേനയും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും വിവിധ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഈ പദ്ധതികളുടെ ഫലം വിലയിരുത്തുന്നതിനും പ്രയോജനപ്രദമായ പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും മറ്റും കൃത്യമായ ഇടവേളകളിൽ കന്നുകാലി സെൻസസ് ആവശ്യമാണ്.

### ഫണ്ട്

100% കേന്ദ്രസഹായത്തോടെയുള്ള പദ്ധതി കേന്ദ്രസർക്കാരിൻെറ മാർഗ്ഗ നിർദ്ദേശങ്ങള

നുസരിച്ച് നടത്തുന്നു. 5 വർഷം കൂടുമ്പോൾ സെൻസസ് നടത്തുന്നു

### ലക്ഷ്യങ്ങൾ

1. കന്നുകാലികളുടെയും മറ്റ് പക്ഷിമൃഗാദികളുടെയും സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുക
2. കേരളത്തിലെ കന്നുകാലി/വളർത്തുപക്ഷി സമ്പത്തിന്റെ ആരോഗ്യസംരക്ഷണം, കന്നുകാലി വർഗ്ഗോദ്ധാരണ പരിപാടികൾ എന്നിവയുടെ പുരോഗതി വിലയിരുത്തുക
3. വിവിധ പദ്ധതികൾ നടപ്പിലാക്കുക വഴി സംസ്ഥാനത്തെ കന്നുകാലി സമ്പത്തിൽ വർദ്ധനയുണ്ടായോ എന്ന് പരിശോധിക്കുക

### പ്രവർത്തനങ്ങൾ

സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡടിസ്ഥാനത്തിൽ കന്നുകാലികളുടെ എണ്ണം, എന്യൂമറേറ്റർമാർ ശേഖരിക്കുന്നു. വാർഡ്-ഗ്രാമപഞ്ചായത്ത് ജില്ലാ - സംസ്ഥാനാടിസ്ഥാനത്തിൽ വിവരങ്ങൾ ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കുന്നു.

### നിർവഹണ സ്ഥാപനം

സംസ്ഥാനസർക്കാർ മൃഗസംരക്ഷണ വകുപ്പ് ഗ്രാമ പഞ്ചായത്ത് മുതൽ സംസ്ഥാന തലം വരെയുള്ള സ്ഥാപനങ്ങൾ പദ്ധതി നിർവഹണം നടത്തുന്നു.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

ത്രിതല പഞ്ചായത്തുകളുടെ പദ്ധതി ആസൂത്രണപ്രവർത്തനങ്ങളിൽ സ്ഥിതി വിവര കണക്കുകൾ അത്യന്താപേക്ഷിതമാണ്. ആയതിനാൽ പ്രചാരണം, പരിശീലനം, നിർവഹണം, എന്യൂമറേറ്റർമാരെ തെരെഞ്ഞെടുക്കൽ തുടങ്ങിയ കാര്യങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വളരെയേറെ സഹായിക്കുവാൻ കഴിയും. ലഭ്യമായ വിവരങ്ങൾ പദ്ധതി പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താം. ഗ്രാമ സഭകളിൽ മൃഗസമ്പത്തിന്റെ വ്യതിയാനങ്ങൾ റിപ്പോർട്ട് ചെയ്യാം. 100% കുടുംബങ്ങളും ഉൾപ്പെടുത്തിയെന്ന് ഉറപ്പുവരുത്തണം.

### പദ്ധതി സംയോജനം

മൃഗസംരക്ഷണ ക്ഷീരവികസന മേഖലകളിലെ പദ്ധതി ആസൂത്രണത്തിന്റെ അടിസ്ഥാന രേഖയായി സെൻസസ് റിപ്പോർട്ട് പരിഗണിക്കേണ്ടതാണ്. തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതി രൂപീകരണത്തിനും മറ്റ് കേന്ദ്രസംസ്ഥാന സ്കീമികൾക്കും ഈ രേഖ തന്നെ ആധികാരികമായി ഉപയോഗപ്പെടുത്തണം.

## 16. അറവുശാലകളുടെ നവീകരണം

### ആമുഖം

കേരളത്തിൽ മാംസത്തിനുവേണ്ടി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന പ്രവണതയാണ് ഇന്നുള്ളത്. ഇവിടെ ഉല്പാദിപ്പിക്കുന്ന മാംസമാകട്ടെ ഭൂരിഭാഗവും അംഗീകാരമില്ലാത്തതോ താൽക്കാലികമായോ ആയ അറവുശാലകളിൽ തികച്ചും അശാസ്ത്രീയമായി ഉല്പാദിപ്പിക്കുന്നതാണ്. മൃഗങ്ങളെ അറക്കുന്നതിനുമുൻപ് അതിനുശേഷവും പരിശോധനയ്ക്ക് വിധേയമാക്കി അസുഖമോ മറ്റ് പൊതുവിപണിയിൽ ലഭ്യമാക്കാൻ ഇവിടെ ശാസ്ത്രീയമായ അറവുശാലകളുടെ പ്രാധാന്യം ഏറെയാണ്. കേരള പഞ്ചായത്തീരാജ് ആക്ട് വകുപ്പ് 229, 230 എന്നിവയും അനുബന്ധ ചട്ടങ്ങളും ബഹു കേരള ഹൈക്കോടതിയും അറവ് മാംസോല്പാദനം

എന്നിവ സംബന്ധിച്ച് വ്യക്തമായി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

## നിർവഹണ സ്ഥാപനം

സംസ്ഥാന മൃഗസംരക്ഷണ വകുപ്പ്

## ലക്ഷ്യങ്ങൾ

1. ശുചിയായ മാംസോല്പാദനം ഉറപ്പുവരുത്തുക
2. ശാസ്ത്രീയമായ അറവുശാലകൾ പ്രോത്സാഹിപ്പിക്കുക
3. കശാപ്പു മൃഗങ്ങളെ മനുഷ്യത്വപരമായി കൈകാര്യം ചെയ്യുക
4. ഉല്പാദന നിർമ്മാണം പ്രോത്സാഹിപ്പിക്കുക
5. ശീതീകരണ സൗകര്യം നടപ്പിലാക്കുക
6. മാംസത്തിനും ഉപോത്പന്നങ്ങൾക്കും മെച്ചപ്പെട്ട വിപണി ഉറപ്പുവരുത്തുക

## ഗുണഭോക്താക്കൾ

മുഴുവൻ ജനങ്ങളും

## പ്രവർത്തനങ്ങൾ

1. പ്ളാന്റ് നിർമ്മാണം
2. നിലവിലുള്ള പ്ളാന്റുകളുടെ നവീകരണം
3. യന്ത്രങ്ങൾക്കും മറ്റ് സാധന സാമഗ്രികൾക്കും സഹായം
4. ടെക്നിക്കൽ, സിവിൽവർക്കുകൾ, ലാബ് കോൾഡ് സ്റ്റോറേജ്, ചില്ലർ, ഫ്രീസർ, ട്രീറ്റ്മെന്റ് പ്ളാൻ
5. ജല വൈദ്യുതി വിതരണത്തിനുള്ള സംവിധാനം, ലെംമഴല ൃേലമമോലിേ, മഴവെള്ള സംഭരണം തുടങ്ങിയവയ്ക്ക് സഹായം
6. മാംസ വിതരണ സംവിധാനം, വിപണന സംവിധാനം എന്നിവ

## നിർവ്വഹണ സംവിധാനം

അതാത് തദ്ദേശഭരണസ്ഥാപനങ്ങൾ മൃഗസംരക്ഷണവകുപ്പിലെ വെറ്ററിനറി ഡോക്ടറുടെ സഹകരണത്തോടെ നടപ്പിലാക്കണം.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

സ്ഥലം നൽകൽ, സ്ഥാനം നിർണ്ണയിക്കൽ, അറവുശാല സംവിധാനമൊരുക്കൽ, മാലിന്യ നിർമ്മാർജ്ജന യൂണിറ്റ് ഒരുക്കൽ, മെയിന്റനൻസ് എന്നിവ തദ്ദേശ ഭരണസ്ഥാപനത്തിന്റെ ചുമതലയിൽപ്പെടുന്നു.

## സംയോജനസാധ്യതകൾ

ഗ്രാമപഞ്ചായത്തിന്റെ നഗരസഭകളുടേയും ചുമതലകളിൽപ്പെട്ട ഏറ്റവും പ്രധാന ചുമതല. ആയതിനാൽ തന്നെ തദ്ദേശഭരണസ്ഥാപനങ്ങളുടെ അറവുശാലയുമായി ബന്ധപ്പെട്ട മാംസവില്പന സ്റ്റാളുകളുമായി ബന്ധപ്പെടുത്താവുന്നതും ശുദ്ധമാംസം പ്രദാനം ചെയ്യുന്നതിന് സഹായിക്കുകയും ചെയ്യും. ബ്ലോക്കടിസ്ഥാനത്തിലോ, വിവിധ തദ്ദേശഭരണസ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതി നടപ്പിലാക്കാവുന്നതാണ്. തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിരേഖയിൽ ഇവ പ്രതിപാദിക്കണം.

## 17. 13–ാം ധനകാര്യ കമ്മീഷൻ അവാർഡ് – മൃഗസംരക്ഷണ വകുപ്പ്.

13–ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 15 കോടി രൂപ വീതം ചെലവഴിച്ച് 2011 –12 മുതൽ 4 വർഷം തുടർച്ചയായി വർഷം തോറും 12500 പശുക്കുട്ടികൾക്ക് സൗജന്യ നിരക്കിൽ തീറ്റയും ഇൻഷുറൻസ് പരിരക്ഷയും ലഭ്യമാകുന്ന കന്നുകുട്ടി സംരക്ഷണ പദ്ധതി നടപ്പിലാക്കുന്നു.

കന്നുകാലി രോഗ ചികിത്സയും, ഗവേഷണവും ത്വരിതപ്പെടുത്തുന്നതിനായി 5 കോടി രൂപ ചെലവഴിച്ച് തിരുവനന്തപുരം ജില്ലയിൽ അത്യാധുനിക മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ക്ലിനിക് തുടങ്ങും. അതിന്റെ ആദ്യഘട്ടമായി 3 കോടി രൂപ ഇക്കൊല്ലം വകയിരുത്തിയിട്ടുണ്ട്.
പാലോട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഫാർമസ്യൂട്ടിക്കൽ ഉൽപ്പാദന യൂണിറ്റ് ആരംഭിക്കും.

വിതുര, കുരിയോട്ടുമല എന്നീ ഫാമുകൾ ഹൈടെക് ഫാമുകളായി ഉയർത്തും.
കന്നുകുട്ടി സംരക്ഷണ പദ്ധതി – സുരഭിരക്ഷ.

### ആമുഖം:

13–ാം ധനകാര്യ കമ്മീഷന്റെ 63 കോടി രൂപയുടെ കേന്ദ്ര സഹായത്തോടെ 2011–12 മുതൽ തുടർച്ചയായി 4 വർഷങ്ങളിലായി 12500 കന്നുകുട്ടികൾ വീതം മൊത്തം 50000 കന്നുകുട്ടികൾക്ക് ശാസ്ത്രീയമായ പരിപാലന പദ്ധതിയാണിത്. ഈ പദ്ധതിപ്രകാരം പഞ്ചായത്തിൽ ജനിക്കുന്ന ഓരോ പശുക്കുട്ടിയേയും അതാത് മൃഗാശുപത്രിയിൽ രജിസ്റ്റർ ചെയ്യുന്നു. ആ മാസം മുതൽ 32 മാസംവരെ ആനുകൂല്യം ലഭിക്കും.

### ഫണ്ട്:

കേന്ദ്ര സർക്കാർ കൃഷി മന്ത്രാലയം വഴി സംസ്ഥാന സർക്കാർ മുഖേന മൃഗസംരക്ഷണ വകുപ്പിന് ലഭ്യമാകുന്ന 50% കേന്ദ്ര സഹായം.

### നിർവ്വഹണ സ്ഥാപനം:

മൃഗസംരക്ഷണ വകുപ്പ് മൃഗാശുപത്രികൾ മുഖേന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി സംവിധാനത്തിലൂടെ നടപ്പിലാക്കുന്നു.

### ലക്ഷ്യങ്ങൾ:

1. കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനത്തിന് സഹായം നൽകുക.
2. 6 മാസം വരെ കന്നുകുട്ടികൾക്ക് പ്രത്യേക തീറ്റ – കാഫ് സ്റ്റാർട്ടർ നൽകുക.
3. 15 മാസത്തിനുള്ളിൽ പശുക്കുട്ടിയെ പ്രായപൂർത്തിയെത്തിക്കുക.
4. ആദ്യപ്രസവ പ്രായം 24–26 മാസത്തിനുള്ളിൽ നടക്കുക.
5. പ്രസവങ്ങൾ തമ്മിലുള്ള കാലയളവ് കുറയ്ക്കുക
6. സങ്കരവർഗ്ഗ പശുക്കുട്ടികളെ ജനിതക ഉല്പാനദക്ഷമത പൂർണ്ണമായി ചൂഷണം ചെയ്യുക.
7. അത്യുല്പാദന ശേഷിയുള്ള നല്ലയിനം കന്നുകാലികളെ വാർത്തെടുക്കുക.

### ഗുണഭോക്താക്കൾ:

ക്ഷീരകർഷകർ ( 10% ഗുണഭോക്താക്കൾ എസ്.സി/എസ്.ടി വിഭാഗത്തിൽപെടുന്നു.

എസ്.സി.എസ്.ടി വിഭാഗത്തിലുള്ളവരുടെ അഭാവത്തിൽ മറ്റുള്ളവരെ പരിഗണിക്കും.
പദ്ധതി ഗ്രാമപഞ്ചായത്തുകളിൽ മാത്രം നടപ്പിലാക്കുന്നു.
പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളെ ജില്ലാ മൃഗസംരക്ഷണ ഓഫീസർ ജില്ലാ പ്ലാനിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം നേടുന്നു.

## ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ:

കന്നുകാലി ഉടമസ്ഥർ തങ്ങളുടെ പശുക്കൾ പ്രസവിക്കുന്ന പശുക്കുട്ടികളെ ഏറ്റവും അടുത്ത ദിവസം തന്നെ അതാത് മൃഗാശുപത്രികളിൽ രജിസ്റ്റർ ചെയ്യുന്നു. ഒരു കർഷകനു 3 പശുക്കുട്ടികളെ വരെ രജിസ്റ്റർ ചെയ്യാം. പശുക്കുട്ടികൾക്ക് വിരമരുന്ന്, വൈറ്റമിൻ, മിനറൽ മിക്സ്ചർ എന്നിവ നൽകുന്നു. വിവരങ്ങൾ രേഖപ്പെടുത്തിയ പാസ്സ് ബുക്ക് പശുക്കുട്ടികളുടെ ഉടമസ്ഥന് നൽകുന്നു. തീറ്റ വിതരണം ക്ഷീരസംഘങ്ങളിലൂടെ നടത്തുന്നു.

## നിർവ്വഹണ മോണിറ്ററിംഗ് സംവിധാനങ്ങൾ:

തീറ്റവിതരണം നിലവിലുള്ള പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതിയുടെ നിയമാവലി അനുസരിച്ചായിരിക്കും. 3 മാസത്തിലൊരിക്കൽ പരിശോധനയുണ്ടായിരിക്കും. 26 മാസത്തിനുള്ളിൽ പശുക്കുട്ടി ഗർഭം ധരിച്ചില്ലെങ്കിൽ നിയമപ്രകാരമുള്ള ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പദ്ധതിയുടെ മോണിറ്ററിംഗ് സംവിധാനമുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്:

പദ്ധതി വിശദാംശങ്ങൾ ക്ഷീരകർഷകരിൽ എത്തിക്കുന്നതിനും താല്പര്യമുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും സഹായിക്കുക. പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക, നിർദ്ദേശങ്ങൾ നൽകുക എന്നിവ ഏറ്റെടുക്കും.

## പദ്ധതി സംയോജന സാദ്ധ്യതകൾ:

ഗ്രാമപഞ്ചായത്ത് തലത്തിൽ ഉല്പാദനമേഖലയിലെ മറ്റു മൃഗസംരക്ഷണ പദ്ധതികളുമായി ബന്ധിപ്പിക്കാം.

*************************

# CHAPTER V



# ക്ഷീരവികസനം

# V. ക്ഷീര വികസനവും കേന്ദ്രാവിഷ്കൃത പദ്ധതികളും

**ആമുഖം:**

കേരളത്തിൽ ഉപജീവന മാർഗ്ഗമായി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്ന ഒരു മേഖലയാണ് ക്ഷീരവികസനം. ഇത് സംസ്ഥാനത്തിന്റെ മൊത്തം കാർഷിക ഉല്പാദനത്തിന്റെ 40 ശതമാനം സംഭാവന നൽകുന്നു. പശുവളർത്തലിന് കാർഷിക വിളകളുടെ ഉല്പാദനവുമായി അഭേദ്യമായ ബന്ധമുണ്ട്. അതുകൊണ്ട് കാർഷിക മേഖലയുടെ വളർച്ചക്കും സുസ്ഥിരതയ്ക്കും ക്ഷീരവികസന മേഖല പ്രോത്സാഹിക്കപ്പെടേണ്ടത് അത്യന്താപേക്ഷിതമാണ്. രാസവളങ്ങളുടെ അമിതമായ വിലവർദ്ധനവ് ചെലവുകുറഞ്ഞ ചാണകത്തിന്റെ ഉപയോഗത്തിലൂടെ ഒരു പരിധി വരെ പരിഹരിക്കാം. കൂടാതെ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിലൂടെ ആവർത്തന ചെലവില്ലാതെ പാചക വാതകവും ഗ്രാമീണ ഭവനങ്ങളിൽ ഉല്പാദിപ്പിക്കാം. ക്ഷീരവികസനമേഖല ഫലപ്രദമായി രൂപകൽപന ചെയ്യുന്നപക്ഷം പരിസ്ഥിതി സംരക്ഷണവും സാധ്യമാക്കാം. ജൈവകൃഷി, നല്ല കൃഷി സമ്പ്രദായം (Good Agricultural Practice) എന്നിവയ്ക്ക് ചാണകം ഗോമൂത്രം എന്നിവ ഒഴിച്ചുകൂടാനാവാത്തതാണ്.

കേരളത്തിലെ കന്നുകാലി സമ്പത്ത് 2003 21.22 ലക്ഷം ആയിരുന്നത് 2007 ആയപ്പോഴേക്കും 17.40 ലക്ഷമായി കുറഞ്ഞു. എന്നാൽ പാലുൽപ്പാദനം 2009-10 ൽ 25.37 ലക്ഷം ടണ്ണായി വർദ്ധിച്ചു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ 2008-09 ലെ കണക്കുകൾ പ്രകാരം ഏറ്റവും കുറഞ്ഞ പ്രതിശീർഷ പ്രതിദിന പാൽ ലഭ്യത സംസ്ഥാനത്തിന്റേതാണ്. (കേരളം 197 ഗ്രാം - ആന്ധ്ര 317 ഗ്രാം ) പ്രതിദിനം ഏതാണ്ട് 10 ലക്ഷം ലിറ്റർ പാൽ വരെ അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യേണ്ടതായി വരുന്നുവെന്നത് നമ്മുടെ പാൽ ക്ഷാമം എത്രമാത്രം രൂക്ഷമാണെന്നും ഉപഭോക്താക്കൾ എത്രമാത്രം ആശങ്കാകുലരാണെന്നും പോഷകസുരക്ഷ എത്രമാത്രം ദുർബലമാണെന്നും തിരിച്ചറിയേണ്ടതുണ്ട്. ഇതിനുപുറമേ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ പാലുൽപ്പന്നങ്ങളുടെ മെച്ചപ്പെട്ട വിപണിയായ കേരളത്തിൽ സംഘടിത മേഖലയുടെ സംഭാവന കേവലം 10 ശതമാനത്തിൽ താഴെമാത്രമാണ്. പാലുൽപ്പന്ന വിപണനത്തിലൂടെ ക്ഷീരകർഷകർക്ക് മെച്ചപ്പെട്ട വിലനൽകാനാവും.

ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുക, പാലിന്റെ സംഭരണവും വിപണനവും ശക്തിപ്പെടുത്തുക, ക്ഷീരോൽപ്പാദകർക്ക് ആവശ്യമായ ഉൽപ്പാദനോപാധികൾ ലഭ്യമാക്കുക, ക്ഷീരസഹകരണസംഘങ്ങളുടെ ഭരണനിയന്ത്രണവും നവീകരണവും ശാക്തീകരണവും നിർവ്വഹിക്കുക, പാലിന്റെ ഗുണമേൻമ മെച്ചപ്പെടുത്തുക, ഭക്ഷ്യസുരക്ഷാഗുണനിലവാരം ഉറപ്പാക്കുന്നതിന് ക്ഷീരസംഘങ്ങളെ പ്രാപ്തരാക്കുക, ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ നടപ്പാക്കുക, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഏറ്റെടുക്കുക തുടങ്ങിയ ദൗത്യമാണ് ക്ഷീരവികസനവകുപ്പിൽ നിക്ഷിപ്തമായിട്ടുള്ളത്.

ക്ഷീരമേഖലയുടെ അഭിവൃദ്ധിക്കും സുസ്ഥിരതക്കുംവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിവിധ വികസനവകുപ്പുകളേയും ഏജൻസികളേയും ഏകോപിപ്പിച്ച് കേന്ദ്ര -സംസ്ഥാനാവിഷ്കൃത പദ്ധതികൾ കൂടുതൽ ഫലപ്രദമായി നിർവ്വഹിക്കപ്പെടേണ്ടതുണ്ട്. ക്ഷീരവികസന വകുപ്പ്, മിൽമ തുടങ്ങിയ ഏജൻസികൾ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ ചേർക്കുന്നു.

## 1. രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ. കെ. വി. വൈ)

**ആമുഖം:**

കാർഷികാനുബന്ധ മേഖലകളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതിയാണ് രാഷ്ട്രീയ കൃഷിവികാസ് യോജന. പ്രാദേശികാടിസ്ഥാനത്തിൽ ഉൽപ്പാദനമേഖലയിലെ സാധ്യതകൾ, പരിമിതികൾ, വികസനവിടവുകൾ എന്നിവ തിരിച്ചറിഞ്ഞ് ആയത് പരിഹരിക്കുന്നതിനുള്ള ക്രിയാത്മകവും പ്രായോഗികവുമായ പദ്ധതികൾ തയ്യാറാക്കുകയെന്ന ഉദ്ദേശത്തോടെ ആവിഷ്കരിച്ച പദ്ധതി.

ഫണ്ട്

കേന്ദ്ര കൃഷിമന്ത്രാലയം മുഖേന ആവശ്യമായ ധനസഹായം അനുവദിക്കും. ധനസഹായം സ്വീകരിച്ച് ക്ഷീരവികസന വകുപ്പിൽ സംസ്ഥാന സർക്കാർ മുഖേന അംഗീകൃത പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു. ഉൽപ്പാദന വർദ്ധനവ് , അടിസ്ഥാന സൗകര്യവികസനം എന്നീ മേഖലകളിൽ പദ്ധതികൾ ഏറ്റെടുക്കുന്നു. ക്ഷീരകർഷകർക്കും ക്ഷീരസംഘങ്ങൾക്കും ധനസഹായ പരിധി നിശ്ചയിക്കപ്പെട്ടിട്ടില്ലെങ്കിലും പൊതുവേ 50 മുതൽ 75 ശതമാനം വരെ സബ്സിഡി നൽകി വരുന്നു.

### നിർവ്വഹണ സ്ഥാപനം

ക്ഷീരവികസനവകുപ്പ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന ഡയറക്ട്രേറ്റ് മുഖേന ജില്ലാതല ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഫണ്ട് ലഭ്യമാക്കുന്നു. ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന സർവ്വീസ് യൂണിറ്റുകൾ പദ്ധതി നിർവ്വഹണത്തിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നു.

### ഉദ്ദേശ ലക്ഷ്യങ്ങൾ

1. ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുക.
2. പാലുൽപാപദന ചെലവ് കുറയ്ക്കുകയും തീറ്റവസ്തുക്കളുടെ ലഭ്യത വർദ്ധിപ്പിക്കുകയും ചെയ്യുക.
3. പശുവളർത്തൽ, പാൽസംഭരണം സംസ്ക്കരണം, വിപണനം എന്നീ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഗുണനിലവാരം വർദ്ധിപ്പിക്കുകയും ചെയ്യുക.
4. പാലിന്റെ ഗുണനിലവാരം കൂടുതൽ മെച്ചപ്പെടുത്തുക.
5. ഗ്രാമീണ ക്ഷീര വിജ്ഞാന വ്യാപനപരിപാടികൾ നടപ്പിലാക്കുക.
6. റീ ചെൻഷൻ ഓഫ് ഫീമെയിൽ കാഫ് ഓഫ് ഹൈ ഈൽഡ് ആനിമൽസ്.

### ഗുണഭോക്താക്കൾ

ക്ഷീരകർഷകർ,ക്ഷീരസഹകരണസംഘങ്ങൾ എന്നിവയാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർ, കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്നവർ, വനിതകൾ,പട്ടിക വിഭാഗക്കാർ എന്നിവർക്ക് വ്യക്തിഗത പ്രൊജക്ടുകളിൽ മുൻഗണന നൽകും. പദ്ധതിയുടെ പ്രയോജന സാധ്യതകളാണ് ക്ഷീരസംഘങ്ങളുടെ തെരഞ്ഞെടുപ്പിനുള്ള മാനദണ്ഡം.

### ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

പശുവളർത്തൽ, കിടാരിവളർത്തൽ, കാലിത്തൊഴുത്ത് നിർമ്മാണം തീറ്റപ്പുൽകൃഷി, ഉൽപ്പാദനോപാധികളുടെയും, കാലിത്തീറ്റയുടെയും വിതരണം, ഉയർന്ന ഉൽപാദനക്ഷമതയു

ളള പശുകളുടെ കുട്ടികളെ പരിപാലിക്കൽ, തീറ്റപ്പുൽകൃഷി ജലസേചനം ക്ഷീരകർഷകരുടെയും സംഘങ്ങളുടെയും അടിസ്ഥാന സൗകര്യവികസനം, ആവശ്യാധിഷ്ടിത ധനസഹായം, നൂതന സാങ്കേതിക വിദ്യകൾ, ക്ഷീരസംഘങ്ങളുടെ നവീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ ആർ.കെ.വി.വൈ പദ്ധതിമുഖേന ഏറ്റെടുക്കാം. ഇതോടൊപ്പം തന്നെ നാഷണൽ മിഷൻ ഫോർ പ്രോട്ടീൻ സപ്ലിമെന്റ് മിഷൻ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന വികസനബ്ലോക്കുകളിൽ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പാൽ സംഭരണം, സംസ്ക്കരണം, വിപണനം എന്നിവ മെച്ചപ്പെടുത്തുന്നതിനുമുള്ള സമഗ്ര പ്രോജക്ടുകളും നടപ്പാക്കാം.

## പ്രവർത്തനങ്ങൾ

ആർ.കെ.വി.വൈ പദ്ധതി മാർഗ്ഗ നിർദ്ദേശ പ്രകാരം പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി സംസ്ഥാനതലത്തിൽ പ്രോജക്ട് പ്രിപ്പറേഷൻ ആന്റ് മോണിറ്ററിംഗ് സെൽ മുഖേന അംഗീകാരം വാങ്ങുന്നു. ഗുണഭോക്തൃ തെരഞ്ഞെടുപ്പിനാവശ്യമായ പ്രചരണം നൽകുന്നു. ബ്ലോക്ക് തലത്തിലുള്ള ക്ഷീരവികസന യൂണിറ്റിന്റെ നേതൃത്വത്തിൽ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നു. ക്ഷീരവികസനവകുപ്പിന്റെ ജില്ലാതലത്തിൽ പട്ടിക അന്തിമമാക്കുകയും ഡെപ്യൂട്ടി ഡയറക്ടർ പട്ടിക അംഗീകരിക്കുകയും ചെയ്യുന്നു. ആഴശ്യമെങ്കിൽ ക്ഷീരവികസന യൂണിറ്റിന്റെ കീഴിൽ ഗുണഭോക്താക്കൾ, ഗുണഭോക്തൃ ക്ഷീരസംഘങ്ങൾ, പർച്ചേസ് കമ്മറ്റി എന്നിവ പദ്ധതി നിർവ്വഹണത്തിന്റെ ചുമതല വഹിക്കുന്നു. പദ്ധതി നിർവ്വഹണത്തിനുശേഷം വകുപ്പിന്റെ നേതൃത്വത്തിൽ പരിശോധന നടത്തി ശുപാർശയുടെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നു.

## നിർവ്വഹണ മോണിറ്ററിംഗ് സംവിധാനങ്ങൾ

ബ്ലോക്ക്തലത്തിൽ ക്ഷീരവികസനയൂണിറ്റും ജില്ലാതലത്തിൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയവും സംസഥാനതലത്തിൽ ക്ഷീരവികസനവകുപ്പ് ഡയറക്ടറേറ്റുമാണ് നിർവ്വഹണ ചുമതല വഹിക്കുന്നത്.

## തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതി നിർവ്വഹണത്തിന്റെ ചുമതല ക്ഷീരവികസനവകുപ്പിൽ നിക്ഷിപ്തമാണെങ്കിലും കേരള പഞ്ചായത്തിരാജ് ആക്ടിലെ പട്ടിക 3, പട്ടിക 4, പട്ടിക 5 എന്നിവ പ്രകാരം ക്ഷീരോൽപ്പാദനം, തീറ്റപ്പുൽകൃഷി വ്യാപനം, ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണം എന്നിവ യഥാക്രമം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയുടെ പൊതുചുമതലകളിൽപ്പെടുന്ന കാര്യങ്ങളായതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആർകെ.വി.വൈ പദ്ധതിയിൽ വളരെയേറെ സഹായിക്കുവാൻ കഴിയും. ഇതോടൊപ്പം തന്നെ ത്രിതല പഞ്ചായത്ത് പദ്ധതികളുമായി ഏകോപിപ്പിക്കുന്നതിനും കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിനും പദ്ധതി നിർവ്വഹണത്തിന്റെ തടസ്സങ്ങൾ നീക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധ്യമാകുന്നതാണ്. ഇക്കാര്യത്തിൽ ഗ്രാമ ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾക്ക് നിർണ്ണായക പങ്ക് വഹിക്കുവാനുണ്ട്. നടപ്പിലാക്കേണ്ട ഞഗഢഥ പദ്ധതികളുടെ ഫലപ്രാപ്തിക്കായി ആവസ്യമെങ്കിൽ, അതത് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അധിക പഠന സഹായം കൊടുക്കാവുന്നതാണ്.

## പദ്ധതി സംയോജന സാധ്യതകൾ

ആർ.കെ.വി.വൈ പദ്ധതിയോടൊപ്പം ത്രിതല പഞ്ചായത്തുകൾ, ലൈൻഡിപ്പാർട്ടുമെന്റുകൾ, മിൽമ, ധനകാര്യസ്ഥാപനങ്ങൾ എന്നിവയുടെ പദ്ധതികളുമായി ഫലപ്രദമായി സംയോജിപ്പിക്കുന്നപക്ഷം ക്ഷീരവികസനമേഖലയുടെ സുസ്ഥിരതയ്ക്ക്

കൂടുതൽ സാധ്യതകൾ കണ്ടെത്തുവാനാകും. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ ഇക്കാര്യത്തിൽ വളരെയേറെ പ്രാധാന്യം കൽപ്പിക്കുന്നുണ്ട്.

## 2. പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ്

### ആമുഖം

പതിമൂന്നാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അവാർഡ് പ്രകാരം ക്ഷീരവികസന മേഖലയ്ക്ക് അനുവദിച്ചഫണ്ടാണിത്. ക്ഷീരവികസനമേഖലയുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനാണ് ഈ പദ്ധതി വിനിയോഗിക്കുന്നത്.

### ഫണ്ട്

കേന്ദ്രധനകാര്യമന്ത്രാലയം മുഖേന ആവശ്യമായ ധനസഹായം സംസ്ഥാന സർക്കാർ വഴി ക്ഷീരവികസന വകുപ്പിന് ലഭ്യമാക്കുന്നു.

### നിർവ്വഹണ സ്ഥാപനം

ക്ഷീരവികസന വകുപ്പ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ജില്ലാ ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടർക്കാണ് നിർവ്വഹണ ചുമതല നൽകിയിട്ടുള്ളത്. ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകൾ പദ്ധതി നിർവ്വഹണത്തിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു.

### ഉദ്ദേശ ലക്ഷ്യങ്ങൾ

1. ക്ഷീരവികസന മേഖലയിലെ വികസന വിടവുകൾ നികത്തുക
2. പാൽ സംഭരണവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക
3. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുകയും ചെയ്യുക

### ഗുണഭോക്താക്കൾ

ക്ഷീരവികസന വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ക്ഷീരസഹകരണ സംഘങ്ങളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ക്ഷീരവികസനവകുപ്പിന്റെ വിവിധ ഓഫീസുകളുടെ നവീകരണത്തിനും ഫണ്ട് ഉപയോഗപ്പെടുത്തുന്നു.

### ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

1. പാൽ സംഭരണം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഓട്ടോമാറ്റിക് മിൽക്ക് കലക്ഷൻ സെന്ററുകൾ സ്ഥാപിക്കുക.
2. ക്ഷീരസഹകരണ സംഘങ്ങൾ, ക്ഷീരവികസന ഓഫീസുകൾ, ക്ഷീരപരിശീലന കേന്ദ്രങ്ങൾ, കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് എന്നിവയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കമ്പ്യൂട്ടർവൽക്കരണം പോലുള്ള പരിപാടികൾ ഏറ്റെടുക്കുക.

### പ്രവർത്തനങ്ങൾ

മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രോജക്ടുകൾ തയ്യാറാക്കി ഡിപ്പാർട്ട്മെന്റ് വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം വാങ്ങുന്നു. സ്റ്റോർ പർച്ചേസ് റൂൾസ് പ്രകാരം പർച്ചേസ്

കമ്മറ്റികൾ മുഖേന സാധന സാമഗ്രികൾ വാങ്ങുന്നു. ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നു.

## നിർവ്വഹണ – മോണിറ്ററിംഗ് സംവാധാനങ്ങൾ

ജില്ലാതലത്തിൽ ഡെപ്യൂട്ടി ഡയറക്ടറും ബ്ലോക്ക് തലത്തിൽ ക്ഷീരവികസന ഓഫീസറുമാണ്, പ്രോജക്ടിന്റെ നിർവ്വഹണത്തിന് നേതൃത്വം വഹിക്കുന്നത്. ഗുണഭോക്തൃ തെരഞ്ഞെടുപ്പിലും പദ്ധതി നിർവ്വഹണത്തിലും മോണിറ്ററിംഗിലും ബ്ലോക്ക് തലത്തിലുള്ള ക്ഷീരസഹകരണ സംഘങ്ങൾ ഉൾപ്പെടുന്ന അവലോകനസമിതി പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. പ്രത്യേക പ്രദേശങ്ങളുടെ വികസനത്തിന് പ്രാധാന്യം നൽകികൊണ്ടാണ് പ്രോജക്ടുകൾ തയ്യാറാക്കുന്നത്.

## തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതി നിർവ്വഹണത്തിനന്റെ ചുമതല ക്ഷീരവികസനവകുപ്പിന് ആണെങ്കിൽകൂടിയും കേന്ദ്രസർക്കാരിന്റെ പൊതുവായ മാനദണ്ഡ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കാര്യമായ സംഭാവനകൾ നൽകുവാൻ കഴിയും. മാത്രമല്ല കേരള പഞ്ചായത്തീരാജ് നിയമത്തിലെ  പട്ടിക 3,4,5 പ്രകാരം മേൽ പറഞ്ഞ പ്രവർത്തനങ്ങൾ ത്രിതല പഞ്ചായത്തുകളുടെ പൊതുചുമതലകളിൽ നിർവ്വചിച്ചിട്ടുള്ള പ്രവർത്തനങ്ങളാണ്. ആയതിനാൽ പദ്ധതി സംബന്ധിച്ച് ജില്ലാ - ബ്ലോക്ക് വികസനസ്റ്റാൻഡിംഗ് കമ്മറ്റികൾക്ക് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും തുടർനടത്തിപ്പിനും സഹായിക്കാവുന്നതാണ്. ഈ പദ്ധതിയിൽ തെരെഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പൂർണ്ണലിസ്റ്റ് മേൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് സമർപ്പിക്കേണ്ടതാണ്.

## പദ്ധതി സംയോജന സാധ്യതകൾ

സംസ്ഥാന സർക്കാരിന്റെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങളോടൊപ്പം പ്രാദേശിക സർക്കാരുകളുടെ മുൻ-പിൻ ബന്ധങ്ങൾ ഉറപ്പാക്കിയുള്ള പ്രോജക്ടുകൾ പദ്ധതിയുടെ സുസ്ഥിരതയെ ത്വരിതപ്പെടുത്തുന്നതാണ്.

# 3. അധിക കേന്ദ്രസഹായ പദ്ധതി (ACA)

## ആമുഖം:

ക്ഷീരവികസന മേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി കേന്ദ്രസർക്കാരിന്റെ അധിക കേന്ദ്രസഹായ പദ്ധതിയിൽ (Additional Central Assistance) ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കിവരുന്നു.

## ഫണ്ട്

കേന്ദ്ര കൃഷിമന്ത്രാലയത്തിൽ നിന്നും സംസ്ഥാന സർക്കാർ മുഖേന അംഗീകരിച്ച പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ ക്ഷീരവികസന വകുപ്പിന് ധനസഹായം ലഭ്യമാക്കുന്നു. 100 ശതമാനം കേന്ദ്രാവിഷ്കൃത ഫണ്ട്.

## നിർവ്വഹണ സ്ഥാപനം

ക്ഷീരവികസനവകുപ്പിന്റെ സംസ്ഥാനതലത്തിലുള്ള ഡയറക്ട്രേറ്റ് ഓഫ് ഡയറി ഡവലപ്മെന്റാണ് പദ്ധതി നിർവ്വഹണ സ്ഥാപനം. ജില്ലാ ക്ഷീരവികസന ഓഫീസ് പദ്ധതി

നിർവ്വഹണത്തിന് പിന്തുണ നൽകുന്നു.

### ഉദ്ദേശലക്ഷ്യങ്ങൾ:

1. പ്രത്യേക പ്രദേശത്തിന് ഊന്നൽ നൽകി ക്ഷീരവികസന മേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
2. ക്ഷീരകർഷകർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക.
3. ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.

### ഗുണഭോക്താക്കൾ:

ക്ഷീരവികസനവകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന ക്ഷീരസഹകരണസംഘങ്ങളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

### ഏറ്റെടുക്കാവുന്ന പ്രവർത്തികൾ:

ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടർവൽക്കരണം, അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ സംവിധാനം, കമ്പ്യൂട്ടർശൃംഖല (Net working) സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കാം.

### പ്രവർത്തനങ്ങൾ:

ജില്ലാ അടിസ്ഥാനത്തിൽ ഗുണഭോക്തൃ ക്ഷീരസംഘങ്ങളെ തെരഞ്ഞെടുക്കുന്നു. സംസ്ഥാനാടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നു. ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നു.. തുടർ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നു.

### നിർവ്വഹണ മോണിറ്ററിംഗ് സംവിധാനം:

ജില്ലാ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിനും സംസ്ഥാന അടിസ്ഥാനത്തിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റിനുമാണ് പദ്ധതി നിർവ്വഹണ ചുമതല. ഉന്നതാധികാരസമിതി പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നു.

### തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്:

ക്ഷീരവികസന വകുപ്പിനാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല. എന്നാൽ പഞ്ചായത്തീരാജ് ആക്ട് പ്രകാരം ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നത് ത്രിതല പഞ്ചായത്തുകളുടെ പൊതുവായ ചുമതലകളിൽപ്പെടുന്നു. ആയതിനാൽ പദ്ധതി സംബന്ധിച്ച് ആസൂത്രണത്തിൽ ജില്ലാ പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മറ്റിയുമായി കൂടിയാലോചിക്കാവുന്നതാണ്. തെരെഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ പട്ടിക, പുരോഗതി റിപ്പോർട്ട് എന്നിവ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ചർച്ചചെയ്യാവുന്നതാണ്.

### പദ്ധതി സംയോജന സാധ്യതകൾ:

ക്ഷീരസഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെ കർഷകർക്ക് പ്രയോജനം ലഭിക്കണമെങ്കിൽ ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾകൂടി അനുബന്ധമായി ഏറ്റെടുക്കണം. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലഭ്യമായ ഫണ്ട് ഉപയോഗപ്പെടുത്താവുന്നതാണ്.

ഒപ്പംതന്നെ കൈമാറപ്പെട്ട സ്ഥാപനമായ മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികളുമായും ഏകോപിപ്പിക്കാം. ഇപ്രകാരമുള്ള പരസ്പര ബന്ധിതമായ വികസനപ്രവർത്തനങ്ങൾ ഉൽപ്പാദനമേഖലയുടെ സുസ്ഥിരതയ്ക്ക് അത്യന്താപേക്ഷിതമാണ്.

## 4. സംയോജിത ക്ഷീരവികസന പരിപാടി- IDDP

### ആമുഖം:

കേന്ദ്ര സർക്കാർ 1993-94 വർഷം മുതൽ "നോൺ ഓപ്പറേഷൻ ഫ്ളഡ് " പ്രദേശങ്ങളിൽ സംയോജിത ക്ഷീരവികസനപരിപാടി നടപ്പിലാക്കി വരുന്നു. 2005 മുതൽ പദ്ധതിയിൽ ഗണ്യമായ പരിഷ്കാരങ്ങൾ വരുത്തി പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീരമേഖലയെ സുസ്ഥിരപ്പെടുത്തുന്നതിനുമാണ് ഊന്നൽ നൽകുന്നത്.

### ഫണ്ട്:

കേന്ദ്ര കൃഷിമന്ത്രാലയം മുഖേന ആവശ്യമായ ധനസഹായം സംസ്ഥാന സർക്കാരിന് ലഭ്യമാക്കുന്നു. ക്ഷീരവികസനവകുപ്പ്, അതിന്റെ ഭരണ മുഖേന മലബാർ മേഖല ക്ഷീരോൽപ്പാദക സഹകരണ യൂണിയന് കൈമാറുന്നു. 100 ശതമാനം ഗ്രാന്റ് ഇൻ എയ്ഡ്. അടിസ്ഥാന സൗകര്യങ്ങൾക്ക് 80 % വരെ പരമാവധി ധനസഹായം നൽകുന്നു.

### നിർവ്വഹണ സ്ഥാപനം:

കേരളത്തിൽ മലബാർ പ്രദേശം മാത്രം നോൺ ഓപ്പറേഷൻ ഫ്ളഡ് പദ്ധതി പ്രദേശം. ആയതിനാൽ മലബാർ മേഖല ക്ഷീരോൽപ്പാദക സഹകരണ യൂണിയനാണ് പദ്ധതി നിർവ്വഹണത്തിന്റെ ചുമതല. ഇതിനുപുറമേ എറണാകുളം മേഖലയുടെ കീഴിൽ ഇടുക്കിജില്ലയിലും പദ്ധതി നടപ്പിലാക്കി വരുന്നു.

### ലക്ഷ്യങ്ങൾ:

1. ഉൽപ്പാദനോപാധികൾ, വിജ്ഞാന വ്യാപനം എന്നീ മേഖലകളിലെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.
2. പാൽ സംഭരണം,സംസ്ക്കരണം,വിപണനം എന്നീ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
3. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക.
4. പിന്നോക്ക മേഖലകളിൽ സാമൂഹികം, സാമ്പത്തികം, പോഷക നിലവാരം, എന്നീ കാര്യങ്ങളിൽ മുന്നേറ്റം ഉണ്ടാക്കുക.

### ഗുണഭോക്താക്കൾ:

ക്ഷീരകർഷകർ, ക്ഷീരസഹകരണ സംഘങ്ങൾ, മേഖലാ യൂണിയനുകൾ എന്നിവ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. വ്യക്തിഗത ഗുണഭോക്താക്കളെ ക്ഷീരസംഘം മുഖേന തെരഞ്ഞെടുക്കുന്നു.

### ഏറ്റെടുക്കാവുന്ന പ്രവർത്തികൾ:

സംശുദ്ധ പാലുൽപ്പാദന പരിപാടി, പരിശീലനങ്ങൾ, പഠനയാത്രകൾ, കാലിത്തൊഴുത്ത് നിർമ്മാണം, ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ സ്ഥാപിക്കൽ, പാൽ ക്യാനുകളുടെ വിതരണം, പാൽ പരിശോധനാ ഉപകരണങ്ങളുടെ വിതരണം, പാൽ

ശീതീകരണികൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

### പ്രവർത്തനങ്ങൾ:

പദ്ധതി അംഗീകാരത്തിനുശേഷം ഗുണഭോക്താക്കളെ ക്ഷീരസംഘം മുഖേന തെരെഞ്ഞെടുക്കുന്നു. പർച്ചേസ് ആവശ്യമുള്ള പ്രോജക്ടുകളിൽ മേഖലായൂണിയൻ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വാങ്ങി വിതരണം ചെയ്യുന്നു. നിർവ്വഹണം പൂർത്തിയാക്കുന്നു. പരിശീലനങ്ങളും പഠനയാത്രകളും സംഘടിപ്പിക്കുന്നു.

### നിർവ്വഹണ – മോണിറ്ററിംഗ് സംവിധാനങ്ങൾ:

മലബാർ മേഖലായൂണിയനാണ് നിർവ്വഹണ ചുമതല. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന യൂണിയന്റെ പി. & ഐ വിഭാഗമാണ് നിർവ്വഹണം നടത്തുന്നത്. യൂണിയന്റെ നേതൃത്വത്തിലുള്ള ഇന്റേണൽ മോണിറ്ററിംഗ് സംവിധാനത്തിന് പുറമേ തിരുവനന്തപുരം ആസ്ഥാനമായുള്ള സെന്റർ ഫോർ മാനേജ്മെന്റ് ആന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനവും മോണിറ്ററിംഗിന്റെ ചുമതല നിർവ്വഹിക്കുന്നു.

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്:

കേരള പഞ്ചായത്തരാജ് ആക്ട് പട്ടിക 3,4,5 പ്രകാരം ത്രിതല പഞ്ചായത്തുകളുടെ പൊതുചുമതലകളിൽ നിർവ്വചിച്ചിട്ടുള്ള കാര്യമായതിനാൽ ജില്ലാ പഞ്ചായത്തുകൾക്ക് പദ്ധതിയിൽ സഹായിക്കുവാൻ കഴിയും. പദ്ധതി സംബന്ധിച്ച് ചർച്ച, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് തുടങ്ങിയ കാര്യങ്ങളിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അഭിപ്രായം ആരായാവുന്നതാണ്. അതത് ജില്ലാ ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയുടെ പകർപ്പ് ജില്ലാ പഞ്ചായത്തിന് സമർപ്പിക്കണം. ടി പദ്ധതികൾ ഫലവത്താകുന്നതിന്, അതത് ജില്ലാ ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, ക്വാളിറ്റി കൺട്രോൾ ഓഫീസർ, മിൽമ പി & ഐ ഉദ്യോഗസ്ഥർ, ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തിയ മോണിറ്ററിംഗ് കമ്മിറ്റി ടി പദ്ധതിയുടെ പുരോഗതി വിലയിരുത്തേണ്ടതാണ്.

### പദ്ധതി സംയോജന സാധ്യതകൾ:

ത്രിതല പഞ്ചായത്തുകൾ, ക്ഷീരവികസനവകുപ്പ്, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ പദ്ധതികളുമായി സംയോജിപ്പിക്കുന്നപക്ഷം കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്നവിധം വിജയപ്രദമാകുന്നതാണ്.

## 5. സംശുദ്ധ പാലുൽപ്പാദന പരിപാടി ( CMP)

### ആമുഖം:

പാലിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച സമഗ്രവികസന പദ്ധതിയാണ് സംശുദ്ധ പാലുൽപ്പാദനപരിപാടി. മെച്ചപ്പെട്ട ഗുണനിലവാരമുള്ള പാലുൽപ്പാദനത്തിലൂടെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാലിന് കൂടുതൽ വില ലഭിക്കുക, ഉപഭോക്താക്കളുടെ താൽപര്യം സംരക്ഷിക്കുക എന്നതാണ് പദ്ധതിയുടെ കാതലായ ലക്ഷ്യങ്ങൾ.

### ഫണ്ട്:

കേന്ദ്ര കൃഷിമന്ത്രാലയം മുഖേന 100 ശതമാനം ഫണ്ടും സംസ്ഥാന സർക്കാരിന് ലഭ്യമാകുന്നു. ക്ഷീരവികസനവകുപ്പ് മുഖേന വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ വരുന്ന മേഖലാസഹകരണ ക്ഷീരോൽപ്പാദക യൂണിയനുകൾ/മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന് ധനസഹായം അനുവദിക്കുന്നു. പാൽ ശീതീകരിണികൾ സ്ഥാപിക്കുന്നതിന് 75 ശതമാനം ധനസഹായം നൽകുന്നു.

### നിർവ്വഹണ സ്ഥാപനം:

മലബാർ, എറണാകുളം, തിരുവനന്തപുരം എന്നീ മേഖലാസഹകരണ ക്ഷീരോൽപ്പാദക യൂണിയനുകൾക്കാണ് പദ്ധതി നിർവ്വഹണത്തിന്റെ ചുമതല.

### ലക്ഷ്യങ്ങൾ:

1. ക്ഷീര കർഷക തലത്തിൽ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിച്ച് സംശുദ്ധവും ഗുണനിലവാരവുമുള്ള പാൽ ഉൽപ്പാദിപ്പിക്കുക.
2. പാലുൽപ്പാദനം വർദ്ധിപ്പിക്കുക.
3. പരിശീലനങ്ങളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ച് സംശുദ്ധ പാലുൽപ്പാദനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുക.
4. പാൽ കൈകാര്യം ചെയ്യുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുകയും പാൽ ശീതീകരണ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക വഴി പാലിന്റെ പരിശുദ്ധി കാത്തുസൂക്ഷിക്കുക.

### ഗുണഭോക്താക്കൾ:

ക്ഷീരസഹകരണസംഘത്തിൽ പാലളക്കുന്ന കർഷകർ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.

### ഏറ്റെടുക്കാവുന്ന പ്രവർത്തികൾ:

1. ക്ഷീരകർഷക പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ
2. പരിശീലനം പൂർത്തിയാക്കിയ ക്ഷീരകർഷകർക്ക് സംശുദ്ധ പാലുൽപ്പാദന കിറ്റുകൾ നൽകൽ
3. കന്നുകാലിത്തൊഴുത്തുകൾ നിർമ്മിക്കൽ
4. പാൽ കറവയന്ത്രങ്ങൾ സ്ഥാപിക്കൽ
5. പാൽസംഭരണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പാൽ ക്യാനുകൾ, സ്റ്റയിൻലെസ് സ്റ്റീൽ പാൽസംഭരണ ഉപകരണങ്ങൾ എന്നിവ വാങ്ങൽ, ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകളും പാൽശീതീകരണികളും (ബൾക്ക് മിൽക്ക് കൂളറുകൾ ) സ്ഥാപിക്കൽ

### പ്രവർത്തനങ്ങൾ:

പദ്ധതി അംഗീകാരത്തിനുശേഷം വ്യക്തിഗത ഗുണഭോക്താക്കളെ ക്ഷീരസംഘം മുഖേന തെരഞ്ഞെടുക്കുന്നു. ആവശ്യാധിഷ്ഠിതമായി ക്ഷീരസഹകരണസംഘങ്ങളെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നു. നിയമാനുസൃതം സാധനസാമഗ്രികൾ വാങ്ങി സ്ഥാപിക്കുന്നു.

### നിർവ്വഹണ – മോണിറ്ററിംഗ് സംവിധാനങ്ങൾ:

മലബാർ മേഖലായൂണിയനാണ് നിർവ്വഹണ ചുമതല ഗുണഭോക്തൃ തെരഞ്ഞെടുപ്പ്

ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന യൂണിയന്റെ പി. & ഐ വിഭാഗമാണ് നിർവ്വഹിക്കുന്നത്. യൂണിയന്റെ നേതൃത്വത്തിലുള്ള ഇന്റേണൽ മോണിറ്ററിംഗ് സംവിധാനത്തിന് പുറമേ തിരുവനന്തപുരം ആസ്ഥാനമായുള്ള സെന്റർ ഫോർ മാനേജ്മെന്റ് ആന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനവും മോണിറ്ററിംഗിന്റെ ചുമതല നിർവ്വഹിക്കുന്നു.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്:

കേരള പഞ്ചായത്തരാജ് ആക്ട് പ്രകാരം ത്രിതല പഞ്ചായത്തുകളുടെ പൊതുചുമതലകളിൽ നിർവ്വചിച്ചിട്ടുള്ള കാര്യമായതിനാൽ ജില്ലാ പഞ്ചായത്തുകൾക്ക് പദ്ധതിയിൽ സഹായിക്കുവാൻ കഴിയും. പദ്ധതി സംബന്ധിച്ച് ചർച്ച, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് തുടങ്ങിയ കാര്യങ്ങളിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അഭിപ്രായം ആരായാവുന്നതാണ്. അതത് ജില്ലാ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയുടെ പകർപ്പ് ജില്ലാ പഞ്ചായത്തിന് സമർപ്പിക്കണം.

ടി പദ്ധതികൾ ഫലവത്താകുന്നതിന്, അതത് ജില്ലാ ക്ഷീര വികസനവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, ക്വാളിറ്റി കൺട്രോൾ ഓഫീസർ, മിൽമ പി & ഐ ഉദ്യോഗസ്ഥർ, ജില്ലാപഞ്ചായത്ത് പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ടി പദ്ധതികളുടെ മാസാന്ത്യപുരോഗതി റിപ്പോർട്ട് മിൽമയുടെ പി & ഐ വിഭാഗം അതത് ജില്ലാ ക്ഷീര വികസനവകുപ്പ് ക്വാളിറ്റി കൺട്രോൾ ഓഫീസർ മുഖാന്തിരം സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

## പദ്ധതി സംയോജന സാധ്യതകൾ:

ത്രിതല പഞ്ചായത്തുകൾ, ക്ഷീരവികസനവകുപ്പ്, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ പദ്ധതികളുമായി സംയോജിപ്പിക്കുന്നപക്ഷം കേന്ദ്രസർക്കാർ പദ്ധതിയിൽ വിഭാവനം ചെയ്തവിധം വിജയപ്രദമാകുന്നതാണ്.

മേൽപ്പറഞ്ഞ പദ്ധതികൾക്ക് പുറമേ പിന്നോക്ക ജില്ലകളിൽ ബി.ആർ.ജി.എഫ്, പ്രത്യേക പാക്കേജുകൾ എന്നിവയിലൂടെ ക്ഷീരവികസനത്തിന് കേന്ദ്രസഹായം ലഭ്യമാകുന്നുണ്ട്. ഇതോടൊപ്പം തന്നെ കുടുംബശ്രീമിഷൻ, എം.എൻ.ആർ.ഇ.ജി.എ, ആത്മ, കെസ്റു (KESRU),എസ്.ജി.എസ്.വൈ, എസ്.ജി.എസ്.ആർ.വൈ, പി.എം.ഇ.ജി.പി തുടങ്ങിയ പദ്ധതികളും ക്ഷീരവികസന മേഖലയുടെ സമഗ്രവികസനത്തിന് ഉപയോഗപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാതൃകാപരമായ വികസനം ഉറപ്പാക്കാം.

*************************

CHAPTER

# VI



# മത്സ്യവികസനം

# VI. മത്സ്യവികസനം

## ആമുഖം

സംസ്ഥാന ജനസംഖ്യയുടെ 3.62% പേർ മത്സ്യത്തൊഴിലാളികളാണ്. 590 കി.മീ. വരുന്ന കടൽ തീരവും 226274 ഹെക്ടറോളം വരുന്ന ശുദ്ധജലാശയങ്ങളും 143696 ഹെക്ട റോളം വരുന്ന ഓരുജലാശയങ്ങളും കേരളത്തിന്റെ മത്സ്യമേഖലയെ സമ്പുഷ്ടമാക്കുന്നു.
മത്സ്യമേഖല കേരളത്തിന്റെ സമ്പദ്ഘടനയിൽ ഗണ്യമായ പങ്കു വഹിക്കുന്നു. 2010 -11 ലെ കേരളത്തിന്റെ മത്സ്യോത്പാദനം 6.82 ലക്ഷം ടണ്ണാണ്. സംസ്ഥാനത്തിന്റെ ആകെ പ്രതിശീർഷ വരുമാനത്തിന്റെ 1.2% മത്സ്യമേഖലയുടെ സംഭാവനയാണ്. കൂടാതെ ഇന്ത്യയുടെ ആകെ മത്സ്യ കയറ്റുമതിയുടെ 15% കേരളത്തിൽ നിന്നുമാണ്. ഇതിലൂടെ 2002 കോടിയോളം രൂപയുടെ (2010-11) വിദേശനാണ്യം കേരളത്തിനു നേടാനായി.

സാമൂഹികമായും സാമ്പത്തികമായും ഏറെ പിന്നോക്കം നിൽക്കുന്ന ഒരു ജനവിഭാഗ മാണ് മത്സ്യത്തൊഴിലാളി സമൂഹം. മത്സ്യമേഖലയുടെയും മത്സ്യത്തൊഴിലാളി സമൂഹത്തി ന്റെയും ഉന്നമനത്തിനായി വിവിധ പദ്ധതികൾ മത്സ്യബന്ധന വകുപ്പ് നടപ്പാക്കി വരുന്നു. മത്സ്യ മേഖലയിലെ വിഭവ സംരക്ഷണ പരിപാലന നടപടികൾ ഫലപ്രദമായി നടപ്പിലാക്കുക, കടൽ കായൽ ജലാശയങ്ങൾ, ജലസംഭരണികൾ എന്നിവിടങ്ങളിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുക, മത്സ്യ സമ്പത്തിനും പരിസ്ഥിതിക്കും ഹാനികരമാകുന്ന മത്സ്യബന്ധനരീതികൾ തടയുക, മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുക, നൂതന സാങ്കേതിക വിദ്യകൾ മത്സ്യബന്ധന മേഖലയിൽ നടപ്പിലാ ക്കുക, പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക, മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ക്ഷേമത്തിനും സർവ്വതോൻമുഖമായ പുരോഗതിക്കും ആവശ്യമായ സാമൂഹിക സാമ്പത്തിക പദ്ധതികൾ ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക എന്നീ പ്രവർത്തികൾക്കായിട്ടാണ് ബഡ്ജറ്റിൽ തുക വകയിരുത്തി യിരിക്കുന്നത്. മത്സ്യബന്ധന വകുപ്പ് നേരിട്ടും, വകുപ്പിന് കീഴിൽ വരുന്ന അഡാക്ക്, മത്സ്യഫെ ഡ്, ഫണ്ട് ബോർഡ്, മത്സ്യകർഷക വികസന ഏജൻസികൾ, ഫിർമ, തീരദേശ വികസന കോർപ്പറേഷൻ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കടാശ്വാസ കമ്മീഷൻ എന്നീ ഏജൻസി കൽ വഴിയും പദ്ധതികൽ നടപ്പിലാക്കുന്നതിനു വേണ്ടി വരുന്ന ചെലവുകൾക്കായി തതതകക മത്സ്യബന്ധനം എന്ന ധനാഭ്യാർത്ഥനയിൽ 2012-13 ലേക്ക് 34066.58 ലക്ഷം രൂപ വകയിരുത്തിയി രിക്കുന്നു.

# I. കടൽ മത്സ്യബന്ധന ഉപകരണങ്ങളുടെ നവീകരണം

## ആമുഖം

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങൾ യന്ത്രവത്കൃതമാക്കുന്നതിനുള്ള പദ്ധതിയാണിത്. കഴിഞ്ഞ പത്ത് വർഷങ്ങളായി പദ്ധതി തുടർന്ന് വരുന്നു. മത്സ്യം ലഭിക്കുന്ന സ്ഥലത്ത് (ഫിഷിംഗ് ഗ്രൗണ്ട്) എത്തിചേരുന്നതിന് പാരമ്പര്യ സമ്പ്രദായങ്ങൾ അനുസരിച്ചുള്ള തുഴച്ചിൽ മാറ്റി യന്ത്രങ്ങളുടെ സഹായത്തോടെ സ്ഥലത്ത് എത്തിച്ചേരുന്നതിനും യാത്രസമയം ഉൾപ്പെടെ മത്സ്യബന്ധനത്തിന് ഉപകരിക്കണം എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച പദ്ധതിയാണിത്.

## ഫണ്ട്

കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാരിനു കൈമാറുന്ന ഫണ്ട് മത്സ്യഫെഡ് ഗുണഭോക്താവിന് സബ്സിഡി കിഴിവായി നൽകി വരുന്നു. 10 HP ക്ക് താഴെയുള്ള ഔട്ട്ബോർഡ് മോട്ടോറുകൾ മാറ്റിവെക്കാൻ അവയുടെ വിലയുടെ 50 % അല്ലെങ്കിൽ 30,000 രൂപ വരെ ലഭിക്കുന്നു. 50% ഗുണഭോക്താവ് വഹിക്കേണ്ടതാണ്.

## നിർവ്വഹസ്ഥാപനം

മത്സ്യത്തൊഴിലാളി സഹകരണ സ്ഥാപനമായ മത്സ്യഫെഡാണ് നിർവ്വഹണം നടത്തുന്നത്. ഈ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള വ്യാസാ സ്റ്റോറുകൾ വഴി എഞ്ചിനുകൾ ലഭിക്കും. മത്സ്യഫെഡിന്റെ പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗത്വമുള്ളവർക്ക് ഈ പദ്ധതിക്ക് അർഹതയുണ്ട്.

## ലക്ഷ്യങ്ങൾ

1. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അവരുടെ യാനങ്ങളെ യന്ത്രവത്ക്കരിക്കാൻ സഹായം നൽകുക.
2. മത്സ്യബന്ധന സ്ഥലങ്ങളിൽ പരമാവധി വേഗത്തിൽ എത്തിച്ചേരാനും കൂടുതൽ സമയം മത്സ്യബന്ധനം നടത്തുവാനും സഹായിക്കുക.
3. കായികാദ്ധ്വാനം കുറയ്ക്കുവാൻ സഹായിക്കുക,

## ഗുണഭോക്താക്കൾ

ഒന്നിൽ കൂടുതൽ പ്രാവശ്യം ആനുകൂല്യം ലഭിക്കില്ല. സൊസൈറ്റികളിൽ വായ്പാ തിരിച്ചടവ് കുടസ്സികയില്ലാത്തവർക്ക് മുൻഗണന ലഭിക്കും. സംസ്ഥാന മത്സ്യത്തൊഴിലാളി സഹകരണസ്ഥാപനമായ മത്സ്യഫെഡിൽ അംഗത്വമുള്ളവരും, ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്തീട്ടുള്ള വഞ്ചിയുള്ളവർക്കും, മത്സ്യഫെഡിന്റെ ലേല സംവിധാനത്തിൽ സ്ഥിരമായി പങ്കെടുത്ത് മത്സ്യവിപണനം നടത്തുന്നവർക്കും പദ്ധതിയുടെ ഗുണഭോക്താക്കളാകാം.
ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

10 HP ക്കു താഴെയുള്ള എഞ്ചിനുകൾക്ക് പരമ്പരാഗത വള്ളങ്ങളിൽ ഘടിപ്പിക്കുന്ന പ്രവർത്തി മാത്രമെ ഉൾപ്പെടുന്നു.ള്ളു.

## പ്രവർത്തനങ്ങൾ

1. മത്സ്യഫെഡിന്റെ ക്ലസ്റ്റർ ഓഫീസറായ പ്രോജക്ട് ഓഫീസർക്ക് എഞ്ചിൻ വാങ്ങിയതിന്റെ ബില്ല് സഹിതം എഞ്ചിൻ സബ്സിഡിക്കായി വെള്ളക്കടലാസിൽ അപേക്ഷിക്കണം.
2. മത്സ്യഫെഡിന്റെ അംഗത്വം, ലേലസംവിധാനത്തിലുള്ള പങ്കാളിത്തം, വായ്പ കുടിശ്ശിക, സഹകരണ പ്രസ്താനത്തിലുള്ള സഹകരണം തുടങ്ങിയവ പരിശോധിക്കുന്നു.
3. സബ്സിഡിക്കായി ജില്ലാ ഓഫീസിലേക്ക് ശുപാർശ ചെയ്യുന്നു. സബ്സിഡി പാസ്സാകുന്ന മുറക്ക് തൊഴിലാളികൾക്ക് നല്കുന്നു.
   നിർവ്വഹണ മോണിറ്ററിംഗ് സംവിധാനങ്ങൾ

സംസ്ഥാനതലത്തിൽ ഫിഷറീസ് സെക്രട്ടറി, ഡയറക്ടർ, മത്സ്യഫെഡ് ഭരണസമിതി തുടങ്ങിയവയുടെ തലത്തിൽ കൃത്യമായ വിലയിരുത്തൽ നടത്തി വരുന്നു. പ്രാദേശിക സർക്കാർതലത്തിൽ പ്രത്യേക മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു നിലവിലുള്ള

വിഷയനിർണ്ണയ സമിതികൾക്കും,ജാഗ്രതാ സമിതികൾക്കും മോണിറ്ററിംഗ് കാര്യക്ഷമമായി നടത്താൻ കഴിയും.

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെയും നിർവ്വഹണസ്ഥാപനത്തിന്റെയും പങ്ക്

പദ്ധതിക്കാവശ്യമായ ഫണ്ട് സ്വരൂപിക്കലും, അതിനാവശ്യമായ പദ്ധതികൾ ചട്ടങ്ങൾക്കനുസരിച്ച് തയ്യാറാക്കി സർക്കാരിനു സമർപ്പിക്കുക, ആവശ്യമായ എഞ്ചിനുകളിടെ ലഭ്യത ഇറക്കുമതി വഴി ഉറപ്പാക്കി വ്യസ സ്റ്റോർ യഥാസമയം എത്തിക്കുക എന്നിവക്കെല്ലാം നിർവ്വഹണ ഏജൻസിയുടെ ഉത്തരവാദിത്വങ്ങളാണ്. മേൽ പദ്ധതിയുടെ പ്രാദേശികമായ പ്രചരണം നൽകാനും, പ്രാദേശികമായിട്ടുള്ള ആവശ്യങ്ങൾ വിലയിരുത്തി സമയാസമയങ്ങളിൽ മത്സ്യഫെഡിനെ അറിയിക്കുവാനും ഗുണഭോക്താക്കളെ നിശ്ചയിച്ചിട്ടുള്ളതിനു വന്ന അപാകതകൾ ചൂണ്ടികാണിക്കുവാനും പദ്ധതി നിർവ്വഹണത്തിൽ വന്നീട്ടുള്ള വീഴ്ച്ചകളും, മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും വേണ്ടപ്പെട്ടവരെ അറിയിക്കുവാനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സാധിക്കും, നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പദ്ധതി പ്രവർത്തനങ്ങൾ ഗ്രാമസഭയിലും, സ്റ്റാന്റിംഗ് കമ്മിറ്റിയിലും വിശദീകരിക്കാവുന്നതും, നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതുമാണ്. കൂടാതെ ഗുണഭോക്താക്കളുടെ വിവരം പഞ്ചായത്തുകൾക്ക് അറിവിലേക്കായി കൈമാറാവുന്നതുമാണ്. നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി പ്രവർത്തനങ്ങളെ കുറിച്ച് ഗ്രാമസഭയിലും സ്റ്റാന്റിംഗ് കമ്മിറ്റികളിലും അറിവ് നൽകേണ്ടതും നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതുമാണ്.

### പദ്ധതി സംയോജന സാധ്യതകൾ

ഗുണഭോക്താക്കളുടെ യോഗ്യത നിശ്ചയിക്കുന്നത് കണക്കിലെടുത്ത് ലോക്കൽ പ്ലാൻ തയ്യാറാക്കുകയും, ഇംപ്ലിമെന്റ്ഷൻ ഉത്തരവാദിത്വം മത്സ്യഫെഡിനെ ഏല്പ്പിക്കുകയും ചെയ്യാവുന്നതാണ്. പദ്ധതിരേഖയിൽ ഈ പദ്ധതിയുടെ വിശദാംങ്ങൾ ഉൾപ്പെടുത്താവുന്നതും, മറ്റ് അനുബന്ധഘടകങ്ങൾക്കായി പദ്ധതി ഉണ്ടാക്കാവുന്നതുമാണ്.

## II. മത്സ്യസുരക്ഷാ ഇൻ്ുറൻസ് പദ്ധതി: മത്സ്യസുരക്ഷ ഉപകരണങ്ങൾക്ക്

### ആമുഖം

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികളായ വള്ളം, എഞ്ചിൻ എന്നിവക്കുണ്ടാകുന്ന അപകടങ്ങൾക്കും നാശനഷ്ടങ്ങൾക്കും പരിരക്ഷ നല്കുന്നതിനായി ആവിഷക്കരിച്ചിരിക്കുന്ന പദ്ധതിയാണിത്.ലോകത്തിൽ ഏറ്റവും ദുഷ്ക്കരമായതും, അപകട സാദ്ധ്യത കൂടുതലുള്ളതുമാണെന്ന് എഫ്.എ.ഒ അംഗീകരിച്ച മത്സ്യബന്ധന മേഖലയിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾ വളരെ കൂടുതലാണെന്നുള്ള കണ്ടെത്തലുകളെ അടിസ്ഥാനപ്പെടുത്തിയാണ് ഈ പദ്ധതി കഴിഞ്ഞ 5 വർഷങ്ങളായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

### ഫണ്ട്

കേന്ദ്രത്തിൽ നിന്നും 75% വിഹിതം ലഭിക്കും. പ്രകൃതി ക്ഷോഭത്താലും, മറ്റ് അപകടങ്ങളാലും വള്ളം, എഞ്ചിൻ എന്നിവ നഷ്ടപ്പെടുകയോ സാരമായ കേടുപാടുകൾ സംഭവിക്കുകയോ ചെയ്താൽ ആനുകൂല്യം ലഭിക്കുന്നതാണ്. 2 ലക്ഷം രൂപക്ക് ഉള്ളിലുള്ള ഉപകരണങ്ങളുടെ മതിപ്പുവില മത്സ്യത്തൊഴിലാളികൾക്കു തന്നെ നിശ്ചയിക്കാം. മതിപ്പു വിലയുടെ 1.8% തുക പ്രീമിയമായി നൽകണം. അതില് 25% തുക ഗുണഭോക്താവ് നൽകണം.

10,000 രൂപക്കു മുകളിലുള്ള എല്ലാ നഷ്ടങ്ങൾക്കും ക്ലെയിം ലഭിക്കും. കടലിലെ ദുരന്തങ്ങളാൽ യാനവും എഞ്ചിനും, വലയും കടലിൽ വെച്ച് നഷ്ടപ്പെടുന്നപക്ഷം മേൽ തുക കൂടാതെ വലക്ക് പ്രീമിയം ഇല്ലാതെ തന്നെ പരമാവധി 20,000 രൂപവരെ നല്കുന്നു. കടലിൽ വെച്ച് യാനത്തിനോ എഞ്ചിനോ കേടുപാടുകൾ സംഭവിക്കുകയാണെങ്കിൽ ആയതിന്റെ റിപ്പയർ ചെലവ് നിശ്ചയിച്ച വിലയുടെ 50% മുതൽ 80% വരെയാണെങ്കിൽ യഥാർത്ഥ റിപ്പയർ ചെലവിന്റെ 75% തുക ഇൻഷുറൻസായി ലഭിക്കും.

### നിർവ്വഹസ്ഥാപനം

പദ്ധതി നടപ്പാക്കുന്നത് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡും ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയും ചേർന്നാണ്.

### ലക്ഷ്യങ്ങൾ:

1. തൊഴിൽ ഉപകരണങ്ങളുടെ നഷ്ടത്തിനായി പരമാവധി സഹായം നൽകുക
2. സാമ്പത്തിക പരാധീനതകൾക്ക് ഒരളവ് വരെ ആശ്വാസം നൽകുക.
3. കടക്കെണി ഒഴിവാക്കുവാൻ ഒരു കൈതാങ്ങ് നൽകുക.

### ഗുണഭോക്താക്കൾ:

മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുളളവർക്കും ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്ത വള്ളം ഉടമകൾക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി ചേരാവുന്നതാണ്.

### ഏറ്റെടുക്കാവുന്ന പ്രവർത്തികൾ:

കടൽ, കായൽമേഖലകളിൽ മത്സ്യബന്ധനത്തിൽ ഉപയോഗിക്കുന്ന ചെറുകിട യാനങ്ങൾ, അനുബന്ധമായിട്ടുള്ള ഔട്ട്ബോർഡ് എഞ്ചിനുകൾ, വലകൾ എന്നിവ പദ്ധതിയിലുൾപ്പെടുത്താം. വല മ ാത്രമായി പദ്ധതിയിലുൾപ്പെടുത്താനാവില്ല.

### പ്രവർത്തനങ്ങൾ:

1. വള്ളവും മറ്റ് അനുബന്ധ ഉപകരണങ്ങളും ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റുകൾ വാങ്ങുക.
2. ഇൻഷുർ ചെയ്യുന്നതിനുള്ള പ്രത്യേക ഫോമുകൾ അതാത് മത്സ്യത്തൊഴിലാളി ഗ്രാമത്തിലെ ഫിഷറീസ് ഓഫീസുകളിൽ നിന്നും വാങ്ങി പൂരിപ്പിച്ച്, നിശ്ചയിക്കപ്പെട്ട പ്രീമിയത്തിന്റെ 25% തുക സഹിതം അതേ ഓഫീസിൽ എല്പിക്കുക.
3. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്  മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വം സംബന്ധിച്ച പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവയും ഉളളടക്കം ചെയ്യണം.
4. പൂർത്തീകരിച്ച അപേക്ഷയും  ബാക്കി 75% പ്രീമിയം തുകയും ചേർത്ത് ഓറിയന്റൽ ഇൻഷുറൻസ് കമ്പനിക്ക് അയച്ച് ഇൻഷുർ ചെയ്തതായി ഉറപ്പുവരുത്തുന്നു.
5. നാശനഷ്ടങ്ങൾ സംഭവിച്ചാൽ ഫിഷറീസ് ഓഫീസിൽ നിന്നു ലഭിക്കുന്ന പ്രത്യേക ഫോമിൽ പൂരിപ്പിച്ച് അവിടെ തന്നെ നല്കിയാൽ മതിയാകും.
6. കമ്പനിയിൽ നിന്നുള്ള തുടരന്വേഷണത്തിന്റെയും മറ്റ് നടപടി ക്രമങ്ങളുടെയും പൂർത്തികരണത്തിനുശേഷം നഷ്ടപരിഹാരം നൽകുന്നതാണ്.
   നിർവ്വഹണ മോണിറ്ററിംഗ് സംവിധാനങ്ങൾ

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡാണ് ഈ പദ്ധതി നടപ്പിൽ വരുത്തുന്നത്. ക്ഷേമനിധിയുടെ ഫിഷറീസ് ഓഫീസർമാരുടെ ഓഫീസ് വഴി ലഭിക്കുന്ന

അപേക്ഷാഫോറത്തിൽ അപേക്ഷിക്കാം. പ്രീമിയവും അതേ ഓഫീസിൽ അടക്കാവുന്നതാണ്. നഷ്ടം സംഭവിച്ചാൽ ഉടൻതന്നെ വിവരം അടുത്തുള്ള ഫിഷറീസ് ഓഫീസിൽ അറിയിക്കേടതും, തൊട്ടടുത്ത ദിവസം തന്നെ നിശ്ചിത ഫോറത്തില് ന,്ടപരിഹാരത്തിന് അപേക്ഷിക്കേണ്ടതുമാണ്. ആയത് മത്സ്യബോർഡിന്റെ കേന്ദ്ര ഓഫീസും ഇൻഷുറൻസ് കമ്പനിയുമായിട്ടുള്ള നടപടികളിൽ അർഹമായ നഷ്ടപരിഹാരം ഫിഷറീസ് ഓഫീസുകൾ വഴി തന്നെ ചെക്കായി ഗുണഭോക്താവിന് ലഭിക്കുന്നതുമാണ്. പ്രദാശിക സർക്കാർ തലത്തിൽ പ്രത്യേക മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചോ നിലവിലുള്ള വിഷയനിർണ്ണയസമിതികൾക്കും, ജാഗ്രതാസിതികൾക്കും മോണിറ്ററിംഗ് കാര്യക്ഷമമായി നടത്താൻ കഴിയും.

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെയും നിർവ്വഹണസ്ഥാപനത്തിന്റെയും പങ്ക്:

പദ്ധതി രൂപീകരണത്തിനും നിർവ്വഹണത്തിനും ആവശ്യമായ എല്ലാ മുന്നൊരുക്കങ്ങളും, നടപടിക്രമങ്ങളും ക്ഷേമനിധി ബോർഡ് നേരിട്ട് നിർവ്വഹിക്കുന്നതാണ്. മേൽ പദ്ധതിക്ക് പ്രാദേശികമായ പ്രചരണം നൽകാനും, പ്രദേശികമായിട്ടുള്ള ആവശ്യങ്ങൾ വിലയിരുത്തി സമയാസമയങ്ങളിൽ മത്സ്യബോർഡിനെ അറിയിക്കുവാനും ഗുണഭോക്താക്കളെ നിശ്ചയിച്ചിട്ടുള്ളതിനും വന്ന അപാകതകൾ ചൂണ്ടിക്കാണിക്കുവാനും, പദ്ധതി നിർവ്വഹണത്തിൽ വന്നിട്ടുള്ള വീഴ്ചകളും, മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും വേണ്ടപ്പെട്ടവർക്ക് നൽകുവാനും സാധിക്കുന്നു.

### പദ്ധതി സംയോജന സാധ്യതകൾ:

പദ്ധതിയുടെ വിശദാംശങ്ങൾ പദ്ധിതിരേഖയിലുൾപ്പെടുത്തുന്നതിനും ഗുണഭോക്താക്കളുടെ ഇടയിൽ പ്രചരണം നടത്തുന്നതിനും താത്പര്യമുള്ളവരുടെ വിവരം ബോർഡിന് കൈമാറി പദ്ധതിയിലുൾപ്പെടുത്തുവാനും സാധിക്കും.

## III. മത്സ്യബന്ധന തുറമുഖങ്ങൾ

### ആമുഖം

ഏതു കാലാസ്ഥയിലെയും മത്സ്യബന്ധന യാനങ്ങൾക്ക് സുരക്ഷിതമായി കരക്കടുക്കുന്നതിനും മത്സ്യവിപണനം നടത്തുന്നതിനുമായിട്ടുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങലും ലഭിക്കുന്ന രീതിയിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന പദ്ധതിയാണ്. കഴിഞ്ഞ 50 വർഷങ്ങളായി തുടർന്നുവരുന്ന പദ്ധതിയാണ്.

### ഫണ്ട്

ഈ വർഷം മുതൽ പുതുതായി തുടങ്ങുന്ന മത്സ്യബന്ധ തുറമുഖങ്ങൾക്ക് സുരക്ഷിതമായി 75% കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവുമായിരിക്കും. എന്നാൽ 2011-2012 വരെ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾക്ക് 50 % മാത്രമെ കേന്ദ്രവിഹിതം ലഭിക്കുകയുള്ളു.

കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാന സർക്കാരുകൾക്കു മാത്രമെ ഫണ്ട് ലഭിക്കുകയുള്ളു. ആയത് നിർമ്മാണ ഏജൻസികൾക്ക് കൈമാറുന്നു.

### നിർവ്വഹസ്ഥാപനം

ഹാർബർ നിർമ്മാണത്തിൽ വൈദഗ്ദ്ധ്യമുള്ള ഏജൻസി എന്ന നിലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പാണ് ഇപ്പോൾ പദ്ധതി നിർവ്വഹണം നടത്തുന്നത്.

## ലക്ഷ്യങ്ങൾ:

1. ഏത് പ്രതികൂല കാലവസ്ഥയിലും മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനുശേഷം സുരക്ഷിതമായി തിരിച്ചെത്തുവാനുള്ള സൗകര്യം ഒരുക്കുക.
2. സുരക്ഷിതമായി മത്സ്യബന്ധന യാനങ്ങൾ മത്സ്യബന്ധനത്തിനുശേഷം കെട്ടിയിട്ട് സൂക്ഷിക്കുവാൻ കഴിയുന്നു.
3. വിപുലമായ വിപണന സൗകര്യങ്ങൾ ലഭിക്കുന്നു.
4. കേന്ദ്രീകൃതമായ ലേല സൗകര്യങ്ങൾ ലഭിക്കുന്നു.
5. റിപ്പയർ, സ്പെയർപാർട്ട്സ് സൗകര്യങ്ങൾ ലഭിക്കുന്നു.
6. മത്സ്യത്തൊഴിലാളികൾക്ക് വിശ്രമസൗകര്യങ്ങൾ ലഭിക്കുന്നു.

## ഗുണഭോക്താക്കൾ

എല്ലാ മത്സ്യത്തൊഴിലാളികളും അനുബന്ധത്തൊഴിലാളികളും, ലേലക്കാരും മറ്റ് വിപണന മേഖലയിൽ പ്രവർത്തിക്കുന്നവരും ഗുണഭോക്താക്കളിൽപ്പെടുന്നു. പ്രാദേശികമായി ഉയർന്നുവരുന്ന ആവശ്യങ്ങളുടെ അടിസ്ഥാനത്തിലും, മറ്റ് ഫിഷിംഗ് ഹാർബറുകളിൽ നിന്നുമുള്ള ദൂരവ്യത്യാസം, മത്സ്യബന്ധന യാനങ്ങളുടേയും, മത്സ്യത്തൊഴിലാളികളുടേയും എണ്ണം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ഫീസിബിലിറ്റി പഠനം നടത്തി സംസ്ഥാന സർക്കാർ മുൻഗണന നിശ്ചയിച്ചാണ് പദ്ധതി പ്രദേശം നിശ്ചയിക്കുന്നത്.

## ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

1. നിലവിലുള്ള ചെറിയ സെന്ററുകളെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഹാർബർ പദവിയിലേക്ക് ഉയർത്തൽ
2. പുതുതായി ഫിഷറീസ് ഹാർബറിനു സാദ്ധ്യതയുള്ള പ്രദേശങ്ങളെ കണ്ടെത്തലും ശുപാർശ ചെയ്യലും.
3. നിലവിലുള്ള ഫിഷിംഗ് ഹാർബറുകളുടെ സൗകര്യങ്ങൾ യൂറോപ്യൻ യൂണിയൻ നിഷ്ക്കർഷിക്കുന്ന നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നവീകരണ പദ്ധതികൾ ഏറ്റെടുക്കൽ

## പ്രവർത്തനങ്ങൾ

1. പദ്ധതി പ്രദേശം കണ്ടെത്തി സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നു.
2. പദ്ധതിയുടെ അനുയോജ്യതയും, ഫീസിബിലിറ്റിയും, സൂക്ഷ്മതലത്തിൽ വിദഗ്ദ്ധ സ്ഥാപനങ്ങളെ കൊണ്ട് പഠന വിഷയമാക്കുന്നു.
3. ആയതിന്റെ വിശദമായ പ്ലാൻ എസ്റ്റിമേറ്റ്, പരിതസ്ഥിതി, ആഘാതപഠനം എന്നിവ തയ്യാറാക്കുന്നു.
4. സർക്കാർ അനുമതിയോടെ കേന്ദ്രസർക്കാരിലേക്ക് കേന്ദ്രാനുമതിക്കായും പദ്ധതി വിഹിതത്തിനുമായി അയക്കുന്നു.
5. അനുമതി ലഭിക്കുന്ന മുറക്ക് നിർമ്മാണം നടത്തുന്നു.

## നിർവ്വഹണ മോണിറ്ററിംഗ് സംവിധാനങ്ങൾ

പദ്ധതിയുടെ വലിപ്പചെറുപ്പമനുസരിച്ച് വിദഗ്ദ്ധരായവരെ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് വഴി നിർവ്വഹണം നടത്തുന്നു.

നിലവിൽ സർക്കാർ തല സംവിധാനങ്ങൾ മാത്രമെയുള്ളു. ഫിഷറീസ് ഡയറക്ടർ, സെക്രട്ടറി, മിനിസ്റ്റർ എന്നീ വിവിധ തലങ്ങളിൽ മോണിറ്റർ നടക്കുന്നു. പ്രാദേശിക

സർക്കാരുകൾക്ക് നിലവിലുള്ള കമ്മിറ്റി മുഖാന്തിരം നിർവ്വഹണം സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തി കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നിർദ്ദേശങ്ങൾ സർക്കാരിലേക്ക് നൽകുന്നതിനും സാധിക്കും.

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

നിർവ്വഹണത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നിലവിൽ പങ്കാളിത്തം ഇല്ല. എന്നാൽ പദ്ധതി പ്രദേശം തെരെഞ്ഞെടുക്കുന്നതിലുള്ള ചർച്ചകളിൽ ലോക്കൽ പങ്കാളിത്തം ഉറപ്പാക്കാറുണ്ട്.

പദ്ധതിയിൽ സാമ്പത്തികമായി ഉൾപ്പെടാൻ കഴിയില്ലെങ്കിലും പദ്ധതി പ്രദേശത്തിന്റെ തെരെഞ്ഞെടുപ്പ്, തുടർന്ന് വരുന്ന പ്രാദേശിക വികസനത്തിന്റെ സാദ്ധ്യതകൾ മുൻകൂട്ടികണ്ടുകൊണ്ട് വ്യാവസായിക പ്രാധാന്യമുള്ള സംരംഭങ്ങൾ ആവിഷ്ക്കരിക്കാനും, പദ്ധതിയുടെ നടത്തിപ്പിന് സൂക്ഷ്മ നിരീക്ഷണം നടത്താനും യഥാസമയം ഇടപെടലുകൾ നടത്തി മനപ്പൂർവ്വമായ വീഴ്ചകൾ പരിഹരിക്കാനും കഴിയും.

### പദ്ധതി സംയോജന സാധ്യതകൾ

ബഹുവർഷ പദ്ധതികളായതിനാലും, പദ്ധതി ചിലവ് വളരെ കൂടുതലായതിനാലും പ്രാദേശിക സർക്കാരുകളുടെ പദ്ധതിയുടെ നടത്തിപ്പിന് നേരിട്ടുള്ള സംയോജനത്തിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. എന്നാൽ മത്സ്യവിപണനം, ഹാർബർ പദ്ധതിയിലുൾപ്പെടുന്ന റോഡുകൾ ജലവിതരണ സംവിധാനം, മത്സ്യബന്ധന ഉപകരണങ്ങളുടെ വിപണനം, ചെ ുകിടയന്ത്രങ്ങളുടെ റിപ്പയർ, ചെറിയ കച്ചവട സംവിധാനങ്ങൾ എന്നിവക്ക് പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

## IV. മത്സ്യബന്ധന ലാന്റിംഗ് സെന്ററുകൾ

### ആമുഖം

പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് സുരക്ഷിതമായി കരക്കടുക്കുന്നതിന് ഉദ്ദേശിച്ചുട്ടുള്ളതാണ് ലാന്റിംഗ് സെന്ററുകൾ. മത്സ്യബന്ധന തുറമുഖങ്ങളിലുണ്ടാകുന്ന അത്രയും അടിസ്ഥാന സൗകര്യങ്ങളും, അനുബന്ധ സൗകര്യങ്ങളും ലാന്റിംഗ് സെന്ററുകളി ഉണ്ടായിരിക്കണമെന്നില്ല. നിലവിൽ 15 ലാന്റിംഗ് സെന്ററുകൾക്ക് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്.

### ഫണ്ട്

ഈ കേന്ദ്രസർക്കാർ 50% സാമ്പത്തിക ചിലവ് വഹിക്കുന്ന പദ്ധതിയാണിത്. 50% സംസ്ഥാന സർക്കാർ വഹിക്കുന്നു.

### നിർവ്വഹണസ്ഥാപനം

ലാന്റിംഗ് സെന്ററുകളുടെ നിർമ്മാണവും പരിപാലനവും ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളതാണ്.

ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്, കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്നീ സർക്കാർ ഏജൻസികൾ വഴി നിർവ്വഹണം നടത്താവുന്നതാണ്.

## ലക്ഷ്യങ്ങൾ

1. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾ ഏത് പ്രതികൂല കാലാവസ്ഥയിലും കരക്കടുപ്പിക്കാൻ കഴിയുന്നു.
2. മെച്ചപ്പെട്ട ശുചിത്വ സൗകര്യങ്ങളിൽ മത്സ്യം കൈകാര്യം ചെയ്യാൻ സൗകര്യമുള്ളതിനാലർഹമായ വില ലഭിക്കും.
3. വല റിപ്പയർ ചെയ്യാനും, സെറ്റ് ചെയ്യാനും, യാനങ്ങൾ സുരക്ഷിതമായി കരയ്ക്കു കയറ്റി വെക്കുന്നതിനും സാധിക്കും.

## ഗുണഭോക്താക്കൾ

പരമ്പരാഗത മത്സ്യത്തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ, മറ്റ് അനുബന്ധ ത്തൊഴിലാളികൾ എന്നിവരെല്ലാം ഗുണഭോക്താക്കളാണ്.

## ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

1. നിലവിൽ അടുക്കുന്ന വള്ളങ്ങൾ, ചെറുവഞ്ചികൾ തുടങ്ങിയ ഫിഷിംഗ് ഗ്യാപ്പുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉയർത്താൻ കഴിയും.
2. മത്സ്യബന്ധന ഉപകരണങ്ങളായ വള്ളവും മറ്റും കരയ്ക്കു കയറ്റി വക്കാൻ സാധിക്കുന്ന വിധത്തിൽ സൗകര്യങ്ങളെർപ്പെടുത്താം അല്ലെങ്കിൽ കെട്ടിയിടാനുള്ള സൗകര്യ ങ്ങളുണ്ടാക്കാം.
3. വലയും യന്ത്രങ്ങളും സൂക്ഷിച്ചുവെക്കാനുള്ള സ്റ്റോർ റൂമുകളുണ്ടാകും.
4. മത്സ്യത്തൊഴിലാളികൾക്ക് വിശ്രമിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നതോടൊപ്പം പൊതുവായി ഒത്തുചേരുന്നതിനുള്ള സൗകര്യങ്ങളുമുണ്ടാക്കിയെടുക്കാം.

## പ്രവർത്തനങ്ങൾ

1. പ്രാദേശികമായി മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ കണക്കെടുപ്പ് നടത്തുക
2. നിലവിൽ ഏറ്റവുമടുത്തുള്ള സൗകര്യങ്ങളും, അവയുടെ പോരായ്മകളും, ചർച്ചചെയ്ത് പദ്ധതിയുടെ അനിവാര്യത സ്ഥിരീകരിക്കുക.
3. നിലവിലുള്ള ഫിഷിംഗ് ഗ്യാപ്പുകളെ വികസിപ്പിക്കുന്നതിനുള്ള സ്ഥല ലഭ്യത, പരിമിതികൾ, മറ്റ് അനുയോജ്യ ഘടകങ്ങൾ എന്നിവ ചർച്ചകളിലൂടെ നിജപ്പെടുത്തുക.
4. ചെറുകിട ലാന്റിംഗ് സെന്ററുകളുടെ നിർമ്മാണവും പരിപാലനവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതാണ്. ഗ്രാമസഭയിൽ ലാന്റിംഗ് സെന്ററിനുള്ള ആവശ്യങ്ങൾ ഉന്നയിക്കുക.

## നിർമ്മാണ മോണിറ്ററിംഗ് സംവിധാനങ്ങൾ- സഹായം ലഭിക്കുന്ന സ്ഥലങ്ങൾ ഏജൻസികൾ

മൈനർ ഇറിഗേഷൻ, കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കമ്പനി, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവയ്ക്ക് ചെറുകിട ലാന്റിംഗ് സെന്ററുകളുടെ നിർമ്മാർമത്തിനാ വശ്യമായ പ്ലാൻ, എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാ പ്ലാനിംഗിന്റെ അനുമതിയോടുകൂടി ചെയ്യാനാകും. ബന്ധപ്പെട്ട നിർമ്മാണ ഏജൻസിയെ വിളിച്ചുവരുത്തി പ്രാദേശിക സർക്കാരുകൾ ചുമതലപ്പെടുത്തുന്ന ഒരു സംവിധാനത്തിന് യഥാസമയം മോണിറ്ററിംഗ് നിർവ്വഹിക്കാനാകും.

## തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

പദ്ധതിരേഖയിലുൾപ്പെടുത്തി സാദ്ധ്യതാപ്രദേശങ്ങളുടെ ലിസ്റ്റ് സംസ്ഥാന

സർക്കാരുകൾക്ക് കൈമാറുകയും അംഗീകാരം വാങ്ങി സർക്കാർ ഏജൻസികളെ കൊണ്ട് ചെയ്യിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയോ പദ്ധതികളേറ്റെടുത്ത് സർക്കാർ നിർവ്വഹണ ഏജൻസികളെ ഉപയോഗപ്പെടുത്തി നടപ്പിൽ വരുത്തുകയോ ചെയ്യാം.

## പദ്ധതി സംയോജന സാധ്യതകൾ

നിർമ്മാണപ്രവർത്തനങ്ങളാണ് കൂടുതലും. ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായിട്ടുള്ള സംയോജനം സാദ്ധ്യമാണ്.

# V. മത്സ്യസുരക്ഷ പദ്ധതി – മത്സ്യ തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി

## ആമുഖം

അപകട സാഹചര്യങ്ങളെ തീർത്തും അവഗണിച്ചുകൊണ്ട് ജീവ സന്ധാരണത്തിനും നാടിന്റെ നൻമക്കും വേണ്ടി പണിയെടുക്കുവാൻ ബാദ്ധ്യസ്ഥരായ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബ ഭദ്രത ഉറപ്പുവരുത്തുന്നതിനുവേണ്ടി മത്സ്യബോർഡിന്റെ തുടക്കം മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണിത്. 7122007 മുതൽ മത്സ്യസുരക്ഷ പദ്ധതിയ്ക്ക് കീഴിൽ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യ തൊഴിലാളികളേയും ഈ പദ്ധതി പ്രകാരം ഇൻഷുർ ചെയ്തീട്ടുണ്ട്. ഇൻഷുറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്നില്ലയെന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

## ഫണ്ട്

50% കേന്ദ്രവും 50% സംസ്ഥാന സർക്കാരും വഹിക്കുന്നു.
ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക്/അവരുടെ നിയമാനുസൃത ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം താഴെ പറയുന്ന പ്രകാരമായിരിക്കും.

| | |
|---|---|
| അപകടമരണം | 3 ലക്ഷം രൂപ |
| മത്സ്യബന്ധനവേളയിലെ അപകടം മൂലം കാണാതാകൽ | 3 ലക്ഷം രൂപ |
| സ്ഥിരവും പൂർണ്ണവുമായ അവശത | 3 ലക്ഷം രൂപ |
| സ്ഥിരവും ഭാഗികവുമായ അവശത | 1.5 ലക്ഷം രൂപ |
| അപകടമരണമടഞ്ഞ മത്സ്യത്തൊളിലാളികളുടെ കു'ികൾക്ക് വിദ്യാഭ്യാസ സഹായം | 5000 രൂപ പ്രകാരം പരമാവധി 10000 രൂപ (2 കുട്ടികൾക്കായി) |
| ശവസംസ്ക്കാര ചടങ്ങിന് ധനസഹായം | 2000 രൂപ (പരമവധി) |

## നിർവ്വഹണസ്ഥാപനം

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡും നാഷ്ണൽ ഇൻഷുറൻസ് കമ്പനിയും സംയുക്തമായി നിർവ്വഹണം നടത്തുന്നു.

## ലക്ഷ്യങ്ങൾ

ഏറ്റവും കൂടുതൽ അപകടസാദ്ധ്യതുള്ള മത്സ്യബന്ധനം തൊഴിലാക്കിയവരുടെ ജീവൻ നഷ്ടപ്പെട്ടു പോകുന്നവരുടെ കുടുംബങ്ങളുടെ ഭദ്രത ഉറപ്പാക്കുക

## ഗുണഭോക്താക്കൾ

മത്സ്യതൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ളവരും, 60 വയസ്സിനു താഴെയുള്ളവരും, പെൻഷനേഴ്സ് അല്ലാത്തവരുമായ എല്ലാ മത്സ്യത്തൊഴിലാളികളും, അനുബന്ധത്തൊഴിലാളികളും പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

## പ്രവർത്തനങ്ങൾ

എല്ലാ വർഷവും ഡിസംബർ മാസത്തിൽ എല്ലാ ഗുണഭോക്താക്കളേയും ഇൻഷുർ ചെയ്യുന്നതിനുള്ള തുക സർക്കാർ ക്ഷേമനിധി ഓഫീസ് വഴി ഇൻഷുറൻസ് കമ്പനിക്ക് കൈമാറുന്നു.

അപകടമുണ്ടായാലുടനെ തന്നെ വിവരം പോലീസ് സ്റ്റേഷനിലും മത്സ്യബോർഡ് ഫിഷറീസ് ഓഫീസറേയും അറിയിക്കണം. മരണം സംഭവിച്ചാൽ മൃതശരീരം പോസ്റ്റുമോർട്ടം നടത്തേണ്ടതാണ്. നഷ്ടപരിഹാര തുക ലഭിക്കുന്നതിന് നിശ്ചിത ഫോറത്തിൽ ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം കഴിയുന്നത്ര വേഗം അപേക്ഷ തയ്യാറാക്കി ( 2 പകർപ്പുകൾ) ഫിഷറീസ് ഓഫീസർക്ക് കൊടുക്കണം. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ സമർപ്പിക്കണം.

**മരണമാണെങ്കിൽ**

1. മരണ സർട്ടിഫിക്കറ്റ് – അസ്സൽ
2. പോലീസ് സ്റേറഷനിലെ പ്രഥമ വിവര റിപ്പോർട്ടിന്റെ ( എഫ്.ഐ.ആർ) പകർപ്പ്
3. പോസ്റ്റുമോർട്ടം സർട്ടിഫിക്കറ്റിന്റെയും ഇൻക്വസ്റ്റ് റിപ്പോർട്ടിന്റെയും പകർപ്പ്.
4. പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ ശരീര ഭാഗങ്ങൾ രാസപരിശോധനയ്ക്കായി രേഖപ്പെടുത്തിയാൽ രാസപരിശോധന റിപ്പോർട്ടും സമർപ്പിക്കേണ്ടതാണ്.

**അവശതയാണെങ്കിൽ**

1. ആശുപത്രിയിലെ കേസ് സർട്ടിഫിക്കറ്റ്
2. ഡോക്ടറുടെ സർട്ടിഫിക്കറ്റ് നിശ്ചിത ഫോറത്തിൽ

അപകടം മൂലം കാണാതാവുകയാണെങ്കിൽ

1. പോലീസ് സ്റ്റേഷനിൽ നിന്നുള്ള റിപ്പോർട്ട്
2. കളക്ടർ/ആർ.ഡി.ഒ നൽകുന്ന സർട്ടിഫിക്കറ്റ്
3. മാർഗ്ഗരേഖപ്രകാരമുള്ള അവകാശികളുടെ സത്യപ്രസ്താവന നോട്ടറി സാക്ഷ്യപ്പെടുത്തിയത്

**ശ്രദ്ധിക്കുക.**

1. ശാശ്വതവും പൂർണ്ണവുമായ അവശത എന്നാൽ 2 കണ്ണുകളുടേയും കാഴ്ച പൂർണ്ണമായി നഷ്ടപ്പെടുക, ഇരു കൈകളോ, ഇരുകാലുകളോ പൂർണ്ണമായി ഉപയോഗശൂന്യമാകുക, അലെങ്കിൽ ഒരു കണ്ണിന്റെ കാഴ്ച ശക്തി നഷ്ടപ്പെടുകയും ഒരു കൈയോ ഒരു കാലോ ഉപയോഗ ശൂന്യമാകുകയും ചെയ്യുക എന്നാണർത്ഥം. ശാശ്വതവും ഭാഗികവുമായ അവശത എന്നാൽ ഒരു കണ്ണിന്റെ കാഴ്ച പൂർണ്ണമായി നഷ്ടപ്പെടുക, അല്ലെങ്കൽ ഒരു കൈയോ, ഒരുകാലോ പൂർണ്ണമായി ഉപയോഗശൂന്യമാകുകയെന്നർത്ഥം

2. നിത്യ ജീവിതത്തിന് ജോലിചെയാൻ പറ്റാത്ത എല്ലാ പൂർണ്ണ/ഭാഗിക അവശതകളും അവശതയിലുൾപ്പെടും.
3. ഇൻഷുറൻസ് വകുപ്പിന്റെ നിയമപ്രകാരമുള്ള അന്വേഷണങ്ങളും നടപടി ക്രമങ്ങളും പൂർത്തിയാക്കിയ ശേഷം മാത്രമെ നഷ്ടപരിഹാര തുക ലഭിക്കുകയുള്ളു. ആയതിനാൽ അപേക്ഷയും രേഖകളും കാലതാമസം കൂടാതെ ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം.

### നിർവ്വഹണ മോണിറ്ററിംഗ് സംവിധാനങ്ങൾ

ബോർഡിന്റെ ഭരണസമിതി കൃത്യമായി പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മോണിറ്ററിംഗ് നടത്തിവരുന്നു. പദ്ധതിയുടെ ഗുണങ്ങൾ എത്തിച്ചേരേണ്ടിടത്ത് എത്തുന്നുണ്ടോയെന്നും, അറിവില്ലായ്മ കൊണ്ട് യഥാർത്ഥ മത്സ്യത്തൊഴിലാളികൾ അംഗത്വം എടുക്കാത്തതുകൊണ്ട് മരണം സംഭവിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ടും ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടാതിരിക്കാനും പ്രത്യേക സമിതികളെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ചുമതലപ്പെടുത്താവുന്നതാണ്.

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

പദ്ധതി രൂപീകരണത്തിന്റെ മുന്നൊരുക്കങ്ങൾ തുടങ്ങി നിർവ്വഹണം വരെ ക്ഷേമനിധി ബോർഡോ ഏറ്റെടുത്ത് ചെയ്യുന്നതാണ്. നിർവ്വഹണ ഉദ്യോഗസ്ഥന് പദ്ധതിയുടെ വിശദവിവരങ്ങൾ ഗ്രാമസഭകളിലും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ മുമ്പാകെയും അവതരിപ്പിക്കാവുന്നതും പദ്ധതിരേഖയിലുൾപ്പെടുത്താവുന്നതും, ക്ഷേമനിധിയിൽ അംഗത്വമെടുക്കുവാനും പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുവാൻ സഹായിക്കാവുന്നതുമാണ്.

### പദ്ധതി സംയോജന സാധ്യതകൾ

പദ്ധതിയുടെ വിശദാംശങ്ങൾ താഴെത്തട്ടിൽ എത്തിക്കുന്നതിനാവശ്യമായ പ്രചരണ പരിപാടികൾ, ബോധവത്ക്കരണ പദ്ധതികളിൽ ഉൾപ്പെടുത്താവുന്നതാണ്.

## VI. ഭവന നിർമ്മാണ പദ്ധതി

### ആമുഖം

മാതൃകാ ഗ്രാമീണ വികസന പദ്ധതിയുടെ കീഴിൽ മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിക്കുന്നതിനുള്ള പദ്ധതിയാണിത്. ഇതിൻ പ്രകാരം 50,000 രൂപ ഗ്രാന്റായി മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കും. ഇതിലെ 50 % കേന്ദ്രസർക്കാരും 50 % കേരള സർക്കാരും വഹിക്കും.

### ഫണ്ട്

ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നും 50% തുകയും സംസ്ഥാന ബജറ്റിൽ 50% തുകയും വകയിരുത്തിയിട്ടുണ്ട്. 100% സബ്സിഡി ആണ്. 3 ഗഡുക്കളായി ഗുണഭോക്താക്കൾക്ക് തുക ചെക്കായി ലഭിക്കും.

### നിർവ്വഹണസ്ഥാപനം

ഫിഷറീസ് ജില്ലാ ഓഫീസ്.

## ലക്ഷ്യങ്ങൾ

മത്സ്യബന്ധനമേഖലയിലെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണുക.

## ഗുണഭോക്താക്കൾ

സ്വന്തമായി വാസയോഗ്യമായ വീടില്ലാത്തവരും ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾ എന്നിവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. സ്വന്തമായി 3 സെന്റ് സ്ഥലമെങ്കിലും വേണമെന്ന് നിഷ്ക്കർഷയുണ്ട്. അല്ലാത്തവർക്ക് പാരമ്പര്യമായി ലഭിക്കാൻ സാദ്ധ്യതയുള്ള ഭൂസ്വത്തിൽ വീട് വെക്കാനുള്ള സമ്മതപത്രം സമർപ്പിക്കണം. മറ്റ് പദ്ധതികളിൽ നിന്നും വീട് ലഭിച്ചുട്ടുള്ളവരെ ഗുണഭോക്താവായി കണക്കാക്കുകയില്ല. ലഭിച്ച അപേക്ഷയിൽ അന്വേഷണം അർഹരായരുടെ പട്ടിക തയ്യാറാക്കുകയും ജില്ലാകളക്ടർ ചെയർമാനും ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, എം.എൽ.എമാർ തുടങ്ങിയവരടങ്ങിയ ഒരു സമിതി നറുക്കെടുപ്പിലൂടെയാണ് ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നത്. ഇതിൽ 10% ഗുണഭോക്താക്കളെ സർക്കാർതലത്തിൽ തീരുമാനിക്കുന്നു. ഫിഷറീസ് വകുപ്പുകളിൽ നിന്നും ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ പരിശോധനാ കുറിപ്പിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് തുക ലഭിക്കും. അതുപയോഗിച്ച് ചുരുങ്ങിയത് 36 സ്ക്വയർ ഫീറ്റ് മീറ്റർ തറവിസ്തീർണ്ണം ഉള്ള വീട് പണിഞ്ഞിരിക്കണം.

## ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

ഭവന നിർമ്മാണം മാത്രം.

## പ്രവർത്തനങ്ങൾ

1. ഫിഷറീസ് ഓഫീസുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷൾ, ഫോമുകൾ മത്സ്യഭവനുകൾ വഴി വിതരണം ചെയ്യുകയും, പൂരിപ്പിച്ച് ജില്ലാ ഓഫീസിലെത്തിക്കുക.
2. അപേക്ഷകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും പ്രത്യകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ വഴി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുക.
3. ആയതിനെ അടിസ്ഥാനപ്പെടുത്തി അർഹതാ ലിസ്റ്റ് തയ്യാറാക്കുക.
4. ആയത് പ്രസിദ്ധപ്പെടുത്തി ജനപ്രതിനിധികൾക്ക് കൈമാറുക.
5. നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നു.
6. ഗുണഭോക്താക്കൾ എഗ്രിമെന്റ് വെച്ച് ആദ്യം തറ പണിതു കഴിഞ്ഞാൽ ആദ്യഗഡു നൽകും.
7. 6 മാസം കൊണ്ട് പണി തീരുന്ന മുറക്ക് മുഴുവൻ തുകയും കൈമാറും.

## നിർവ്വഹണ മോണിറ്ററിംഗ് സംവിധാനങ്ങൾ- സഹായം ലഭിക്കുന്ന സ്ഥലങ്ങൾ ഏജൻസികൾ

ജില്ലാതലത്തിൽ കളക്ടർ, സംസ്ഥാനതലത്തിൽ ഫിഷറീസ് ഡയറക്ടർ സെക്രട്ടറി എന്നിവർ മോണിറ്ററിംഗ് യഥാസമയം നടത്താറുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പദ്ധതിയുടെ വിവിധ തലങ്ങളിൽ ക്രിയാത്മകമായി ഇടപെടാൻ കഴിയും. ഗുണഭോക്താക്കളുടെ അർഹതയ നിശ്ചയിക്കുന്നതിനും ഉണ്ടാകാനിടയുള്ള പാകപ്പിഴകൾ യഥാസമയം ജില്ലാതെരെഞ്ഞെടുപ്പ് സമിതിയെ അറിയിക്കുന്നതിനും കുറ്റമറ്റ രീതിയിൽ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിന് സഹായിക്കാൻ സാധിക്കും.

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും നിർവ്വഹണ ഏജൻസിയുടേയും പങ്ക്

നിലവിലുള്ള പദ്ധതിയനുസരിച്ച് ഫണ്ട് ലഭ്യമാകുന്നതുതൊട്ട് പദ്ധതി പൂർത്തികരണം

വരെയുള്ള കാര്യങ്ങൾ നിർവ്വഹണ ഏജൻസിയാണ് ചെയ്യുന്നത്. വീടിനോട് അനുബന്ധിച്ചുള്ള ശുചിത്വ സൗകര്യം, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ അനുബന്ധ ഘടകങ്ങൾ നല്കുന്നതിനും, സ്വന്തമായി ഭൂമി ഇലാത്ത മത്സ്യത്തൊഴിലാളികൾക്ക് അത് നല്കുന്നതിനും പങ്കാളിത്തം വഹിക്കാവുന്നതാണ്.

### പദ്ധതി സംയോജന സാധ്യതകൾ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ മൊത്തം പാർപ്പിടാവശ്യങ്ങൾ കണക്കാക്കി പദ്ധതിരേഖ തയ്യാറാക്കുമ്പോൾ ഈ പദ്ധതിയുമായി സംയോജിപ്പിക്കാവുന്നതാണ്. കൂടാതെ സമ്പൂർണ്ണ ശുചിത്വ പദ്ധതി, ആർ.ജി.ജി.വൈ തുടങ്ങിയവയുമായി സംയോജിപ്പിക്കാവുന്നതാണ്.

## VII. സമ്പാദ്യ സുരക്ഷാ പദ്ധതി

### ആമുഖം

പഞ്ഞമാസങ്ങളായ മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് സഹായം ലഭ്യമാകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തീട്ടുള്ള മത്സ്യത്തൊഴിലാളികൾ നിക്ഷേപിക്കുന്ന തുകയ്ക്ക് തുല്യവിഹിതം 50% സംസ്ഥാനസർക്കാരും 50% കേന്ദ്രസർക്കാരും തുല്യഗഡുക്കളായി തിരിച്ചു നല്കുന്നു. കഴിഞ്ഞ 25 വർഷകാലമായി തുടർന്നുവരുന്ന പദ്ധതിയാണ്.

### ഫണ്ട്

ഗുണഭോക്താവിന് തിരിച്ചു നൽകുന്ന തുകയുടെ മൂന്നിൽ രണ്ടു ഭാഗം സർക്കാർ വഹിക്കുന്നു. ഇതിൽ 50% കേന്ദ്രസർക്കാർ വിഹിതവും 50% സംസ്ഥാനസർക്കാർ വിഹിതവുമാണ്.

### നിർവ്വഹണസ്ഥാപനം

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറാണ് പദ്ധതി നിർവ്വഹിക്കുന്നത്..

### ലക്ഷ്യങ്ങൾ

1. മത്സ്യത്തൊഴിലാളികൾ സ്വയം സമ്പാദ്യശീലം വളർത്തുക..
2. വരുമാനം കുറഞ്ഞ പഞ്ഞമാസങ്ങളിൽ ചെറിയ അളവിൽ ആശ്വസം എത്തിക്കുക.

### ഗുണഭോക്താക്കൾ

മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ളവരും, ദാരിദ്യരേഖയ്ക്കു താഴെയുള്ള വരും, 60 വയസ്സ് കഴിയാത്തവരുമായ എല്ലാ മത്സ്യത്തൊഴിലാളികളും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

### ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

പഞ്ഞമാസങ്ങളിൽ ആശ്വാസ ധനമെത്തിക്കുക

### പ്രവർത്തനങ്ങൾ

1. പദ്ധതിയുടെ പ്രവർത്തനത്തെക്കുറിച്ച് മാദ്ധ്യമങ്ങളിൽ പരസ്യപ്പെടുത്തുന്നു. അപേക്ഷ

വിതരണം ചെയ്യും.

2. ഗുണഭോക്താക്കളുടെ വിഹിതം ശേഖരിക്കുന്ന ദിവസം, സ്ഥലം, ഉദ്യോഗസ്ഥർ എന്നിവ മുൻകൂട്ടി പ്രസിദ്ധപ്പെടുത്തുന്നു.
3. ആഗസ്റ്റ് മാസം മുതൽ തുടർച്ചയായി 8 മാസക്കാലം 75 രൂപ നിരക്കിൽ 600 രൂപ നിക്ഷേപമായി സ്വീകരിച്ച് കാർഡിൽ രേഖപ്പെടുത്തി കൊടുക്കുന്നു.
4. കേന്ദ്രസർക്കാർ, സംസ്ഥാനസർക്കാർ എന്നിവയും കൂടി ചേർന്ന് 1800/- രൂപ മൂന്ന് തുല്ല്യഗഡുക്കളായി മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ തൊഴിലാളി വിഹിതം സ്വീകരിച്ച അതേ സ്ഥലത്ത് വെച്ച് മുൻകൂട്ടി അറിയിച്ച് പണമായി തിരിച്ചുനല്കുന്നു.

### നിർവ്വഹണ മോണിറ്ററിംഗ് സംവിധാനങ്ങൾ

പ്രധാന നിർവ്വഹണ ഉദ്യോഗസ്ഥർ അതാത് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറാണ്. അദ്ദേഹം പ്രത്യേക ഉത്തരവ് വഴി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ ആണ് ഗുണഭോക്താക്കളെ ചേർക്കുന്നതു തുടങ്ങി പദ്ധതി വിതരണം ചെയ്യുന്നതുവരെയുള്ള പ്രവർത്തികൾ നിർവ്വഹിക്കുന്നു. പ്രസ്തുത പ്രവർത്തികൾ യഥാസമയങ്ങളിൽ ഫിഷറീസ് ഡയറക്ടർ, സെക്രട്ടറി എന്നവർ മോണിറ്റർ ചെയ്യുന്നു. പ്രാദേശിക സർക്കാരുകൾക്ക് പ്രത്യേകം രൂപീകൃതമായ കമ്മിറ്റികൾ വഴിയോ, ഈ പദ്ധതിയുടെ നടത്തിപ്പ്, ഗുണഭോക്താക്കളുടെ യോഗ്യത സംബന്ധിച്ച കാര്യങ്ങൾ, പദ്ധതി നടത്തിപ്പിനിടയിലുണ്ടാകാൻ സാദ്ധ്യതയുള്ള പാകപ്പിഴകൾ എന്നിവയിൽ സാന്ദർഭികമായ ഇടപെടലുകൾ നടത്താനും അങ്ങിനെ പദ്ധതിയുടെ സുതാര്യത വർദ്ധിപ്പിക്കാനും സാധിക്കും.

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെയും നിർവ്വഹണ സ്ഥാപനത്തന്റെയും പങ്ക്

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന ക്ഷേമനിധി അംഗത്വമുള്ളവരെ മുഴുവനും ഈ പദ്ധതിയിൽ കൊണ്ടുവരത്തക്ക രീതിയിൽ പദ്ധതിരേഖയിലാവശ്യമായ ഇടപെടലുകൾ നടത്താവുന്നതാണ്. അനർഹർ പദ്ധതിയിലുൾപ്പെട്ടിട്ടുണ്ടോ എന്നുള്ള പരിശോധനയിൽ പ്രമുഖ പങ്ക് വഹിക്കാനും സാധിക്കും. ആയതിലേക്ക് ഗുണഭോക്താക്കളുടെ പേര് വിവരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറിയാൽ മതിയാകും. പദ്ധതിയിലാവശ്യമായ പ്രവർത്തനങ്ങൾ മുഴുവൻ നിർവ്വഹണ ഏജൻസിയിൽ നിക്ഷിപ്തമാണ്.

### പദ്ധതി സംയോജന സാധ്യതകൾ

പദ്ധതി സംബന്ധമായ കാര്യങ്ങൾ സ്വയംഭരണ സ്ഥാപനങ്ങളുടെ മറ്റ് പ്രചരണ പരിപാടികളോടും യോഗങ്ങളോടും അനുസരിച്ച് നടപ്പിലാക്കാവുന്നതുമാണ്.

## VIII. മത്സ്യകൃഷി വ്യാപനം

### ആമുഖം

സംസ്ഥാനത്തെ ചെറുതും വലുതുമായ എല്ലാ ജലാശയങ്ങളും മത്സ്യകൃഷിക്ക് ഉപയുക്തമാക്കുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. 75% പദ്ധതി ചിലവ് കേന്ദ്രസർക്കാർ വഹിക്കും. മത്സ്യകൃഷിക്കാവശ്യമായ എല്ലാ ഘടകങ്ങൾക്കും കർഷകർക്ക് ബാക്ക് എൻഡ് സബ്സിഡി ലഭിക്കും. നിലവിൽ പല ഗ്രാമപഞ്ചായത്തുകളും മത്സ്യകൃഷിയിൽ പദ്ധതികളേറ്റെടുത്ത് നടത്തുന്നുണ്ട്.

## ഫണ്ട്

കേന്ദ്രസർക്കാർ 75% സംസ്ഥാനസർക്കാർ 25% വീതവും പദ്ധതിക്കായി ചിലവഴിക്കുന്നു. പദ്ധതിയിലെ വിവിധഘട്ടങ്ങൾക്ക് വിവിധ നിരക്കിൽ സബ്സിഡി നൽകും. ആയത് താഴെ വിവരിക്കുന്നു. പദ്ധതി നിർവ്വഹണം കഴിഞ്ഞതിനുശേഷം ബാക്ക് എൻഡ് സബ്സിഡിയാണ് നൽകിവരുന്നത്. ഏറ്റെടുത്ത്നടത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതി ഘടകങ്ങളുടെ വിശദമായ പ്ലാനും എസ്റ്റിമേറ്റും അതാത് ജില്ലാ ഫിഷറീസ് ഓഫീസിൽ നിന്നും ലഭ്യമാകുന്ന പ്രത്യേ അപേക്ഷാഫോമിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. സ്ഥല പരിശോധനയുടേയും, പദ്ധതി വിജയസാദ്ധ്യതകൾ അവലോകനം ചെയ്തതിനുശേഷം ജില്ലാതല കമ്മിറ്റി പദ്ധതി അംഗീകരിക്കുന്നു.

## നിർവ്വഹണസ്ഥാപനം

എല്ലാ ജില്ലകളിലെയും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്/അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജില്ലാ മത്സ്യകൃഷി വികസന ഏജൻസികളാണ് പദ്ധതി നിർവ്വഹിക്കുന്നത്. അപേക്ഷാഫോം, സാങ്കേതിക ഉപദേശങ്ങൾ, സ്റ്റൈപെന്റോടു കൂടിയ സൗജന്യപരിശീലന പരിപാടികൾ, ഫീൽഡ് സന്ദർശിച്ച് കർഷകരുമായി ഇടപെടൽ, ഭൗതിക രാസപരിശോധന സൗകര്യങ്ങൾ എന്നിവ ഇവിടെ നിന്നും സൗജന്യമായി ലഭിക്കും.

## ലക്ഷ്യങ്ങൾ

1. മത്സ്യഉത്പാദനം പരമാവധി വർദ്ധിപ്പിക്കുക.
2. സാധ്യമായ എല്ലാ ജലാശയങ്ങളും മത്സ്യകൃഷിക്ക് ഉപയുക്തമാക്കുക.
3. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് പരമാവധി പങ്കാളിത്തം ഉറപ്പാക്കുക.
4. ജലാശയങ്ങൾ പുനരുദ്ധരിക്കുക.
5. തൊഴിലവസരങ്ങൾ കൂടുതല് സൃഷ്ടിക്കുക.
6. വിവിധതരം മത്സ്യകൃഷി രീതികൾ വ്യാപിപ്പിക്കുക.

## ഗുണഭോക്താക്കൾ

സ്വന്തമായി കുളങ്ങൾ ഉള്ളവർക്കും പാടശേഖരസമിതികൾക്കും പദ്ധതി ആനുകൂല്യത്തിന് അർഹതയുണ്ട്. ചുരുങ്ങിയത് 5 വർഷത്തേക്ക് പാട്ടത്തിന് എടുത്തവർക്കും അപേക്ഷിക്കാം. പദ്ധതിയുടെ അനുയോജ്യത കണക്കാക്കിയാണ് ഗുണഭോക്താക്കളെ നിശ്ചയിക്കുന്നത്. ആയതിനാൽ എല്ലാവർക്കും പദ്ധതിയിൽ ചേരാൻ അവസരമുണ്ട്.

## ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

1. പാഴായിക്കിടക്കുന്ന ജലാശയങ്ങളുടെ പുനരുദ്ധാരണം
2. ഇഷ്ടിക കളങ്ങൾ തുടങ്ങിയവ മത്സ്യകൃഷിക്ക് അനുയോജ്യമായ രീതിയിൽ രൂപപ്പെടുത്തിയെടുക്കൽ
3. കരിങ്കൽ ക്വാറികൾ ഉത്പ്പാദനത്തിന് ഉപയുക്തമാക്കൽ
4. തോടുകളിലും, ആഴംകൂടിയ ജലാശയങ്ങളിലും കൂടുകൃഷിയും പെൻകൾച്ചറും വ്യപിപ്പിക്കൽ
5. പൊതുകുളങ്ങളുടെ അറ്റകുറ്റപണികൾ ഏറ്റെടുക്കൽ
6. മത്സ്യാഹാരം ഉണ്ടാക്കുന്ന ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കൽ

## പ്രവർത്തനങ്ങൾ

1. മത്സ്യ കർഷക വികസന ഏജൻസിയിൽ അംഗത്വമെടുക്കുക.

2. ജലാശയങ്ങളുടെ പ്രാഥമിക വിവരങ്ങൾ നൽകുക.
3. ജലാശയങ്ങളുടെ അനുയോജ്യത സാങ്കേതികമായിട്ടുള്ള പരിശോധനകൾ വഴി പൂർത്തീകരിക്കുക.
4. ഏജൻസിയിൽ നിന്നുള്ള വിവരങ്ങൾ അനുസരിച്ച് ആവശ്യമായ പ്രവർത്തികൾ ഉണ്ടെങ്കിലായതിന്റെ പ്ലാനും, എസ്റ്റിമേറ്റും തയ്യാറാക്കി ഒരു അംഗീകൃത എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അംഗീകാരത്തോടുകൂടി എജൻസിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങൽ.
5. ഏജൻസി ബാങ്കുകൾ വഴിയോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതിയിലുൾപ്പെടുത്തിയോ ധനസഹായം ലഭ്യമാക്കുക.
6. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് സബ്സിഡി ബാങ്കുകൾക്ക് കൈമാറുന്നു.
7. ഏജൻസിയിലെ സാങ്കേതിക വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ തന്നെ മത്സ്യകൃഷി നടത്തുകയും സാങ്കേതിക സഹായങ്ങൾ, പരിപാലന പരിപാടികൾ തുടങ്ങിയവ നടത്തുന്നു.
8. വിപണനത്തിനും സഹായം നല്കുന്നു.

## നിർവ്വഹണ മോണിറ്ററിംഗ് സംവിധാനങ്ങൾ

ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായിട്ടുള്ള ഏജൻസിയുടെ ഭരണസമിതി യഥാസമയങ്ങളിൽ ജില്ല അടിസ്ഥാനത്തിൽ നിർവ്വഹണവും തുടർന്നുള്ള മോണിറ്ററിംഗും കാര്യക്ഷമമായി തന്നെ നടത്തിവരുന്നു. ഫീൽഡ് തലത്തിൽ ഏജൻസിയിൽ ലഭ്യമായിട്ടുള്ള എക്സ്റ്റൻഷൻ ഓഫീസർമാർ പദ്ധതികളുടെ രൂപീകരണത്തിലും, നടത്തിപ്പിലും സജീവ പങ്കാളിത്തം വഹിക്കുന്ന സംവിധാനം നിലവിലുണ്ട്.

## തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

നിലവിൽ ജില്ലാ പഞ്ചായത്തിന് ജില്ലയിലെ മത്സ്യകഷി സംബന്ധമായ എല്ലാ പ്രവർത്തനങ്ങളും ആവിഷ്ക്കരിക്കുന്നതിനും, നടപ്പിലാക്കുന്നതിനും പൂർണ്ണ അധികാരമുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തുകൾ മത്സ്യകൃഷിയിൽ പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിൽ നടക്കുന്ന വിവിധ തലങ്ങളിൽ പദ്ധതി സംബന്ധമായ പരിശീലനപരിപാടികൾ സംഘടിപ്പിച്ചാൽ ഏജൻസി സൗജന്യമായി നടപ്പിലാക്കി കൊടുക്കും. പഞ്ചായത്ത് തലത്തിലുള്ള ജലാശയങ്ങളുടെ വിവരശേഖരണം ഏജൻസികൾക്ക് കൈമാറിയാൽ അവരെ ഗുണഭോക്താക്കളാക്കാൻ ഏജൻസിക്ക് കഴിയും.

## പദ്ധതി സംയോജന സാധ്യതകൾ

വളരെയേറെ സംയോജന സാദ്ധ്യതകളുണ്ട്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കൃഷിക്ക് മുന്നോടിയായിട്ടുള്ള തയ്യാറെടുപ്പുകൾ നടത്താം. ഉത്പാദനമേഖലയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾക്ക് ഏജൻസിയിലെ ധനസഹായം ലഭ്യമാക്കാം. സംസ്ഥാന പദ്ധതികളുമായി സംയോജിപ്പിച്ച് സ്ത്രീകൾക്ക് മത്സ്യമൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പദ്ധതികളും, അവക്കുള്ള പരിശീലന പരിപാടികളും നടപ്പിലാക്കാൻസാധിക്കും.

## പദ്ധതികളും സബ്സിഡി നിരക്കുകളും

| പദ്ധതി വിവരണം | യൂണിറ്റ് കോസ്റ്റ് | സബ്സിഡി വിവരണം |
|---|---|---|
| പുതിയ കുളം നിർമ്മിക്കുന്നതിന് | 3 ലക്ഷം /ഹെക്ടർ | 20% പരമാവധി 60000 രൂപ എല്ലാകർഷകർക്കും. എസ്.സി/എസ്.ടി വിഭാഗത്തിപ്പെട്ടവർക്ക് 25% നിരക്കിൽ പരമാവധി 75000 രൂപക്ക് അർഹതയുണ്ട് |

| | | |
|---|---|---|
| നിലവിലുള്ള കുളങ്ങളുടെ അറ്റകുറ്റപണികളും, പുനരുദ്ധാരണവും | 75000/ ഹെക്ടർ | 20% പരമാവധി 15000 രൂപ എല്ലാ കർഷകർക്കും. എസ്.സി/എസ്.ടി വിഭാഗത്തിപ്പെട്ടവർക്ക് 25% നിരക്കിൽ പരമാവധി 18750 രൂപക്ക് അർഹതയുണ്ട്. |
| മത്സ്യ കുഞ്ഞുങ്ങൾ, മത്സ്യതീറ്റ തുടങ്ങിയ ഇൻപുട്ട് കോസ്റ്റ് | 5000/ഹെക്ടർ മത്സ്യ കൃഷിക്ക് | മത്സ്യകൃഷിക്ക് 20% സബ്സിഡി പരമാവധി 10000/ ഹെക്ടർ. എസ്.സി./എസ്.ടി വിഭാഗത്തിൽ പ്പെട്ടവർക്ക് 25% നിരക്കിൽ 12500/ വരെ ലഭിക്കും. |
| | 1.8ലക്ഷം/ഹെക്ടർ. കുദ്ധകൊഞ്ച് കൃഷി | 20% നിരക്കിൽ പരമാവധി 36000/-ഹെക്ടർ. എസ്.സി./എസ്.ടി വിഭാഗത്തിൽപ്പെട്ടവർക്ക് 25% നിരക്കില് 45000/ഹെക്ടർ. |
| ശുദ്ധജല മത്സ്യകുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്ന ഹാച്ചറികൾ സ്ഥാപിക്കൽ | 100 ലക്ഷം കുഞ്ഞുങ്ങളെ ഉത്പ്പാദന ശേഷിയുള്ള ഹാച്ചറിക്ക് 12 ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കും. | 10% നിരക്കില് പരമാവധി 1.20 ലക്ഷം രൂപ സബ്സിഡി ലഭിക്കും. |
| | അലങ്കാര മത്സ്യ കുഞ്ഞുങ്ങളെ കൂടി ഉൾപ്പെടുത്തിയാൽ 15 ലക്ഷം യൂണിറ്റ് കോസ്റ്റ്. | 1.50 ലക്ഷം രൂപ വരെ സബ്സിഡി ലഭിക്കും. |
| മത്സ്യതീറ്റ നിർമ്മാണം | പ്രതിദിനം 1.2 ക്വിന്റൽ ഉത്പ്പാദനശേഷിയുള്ള യൂണിറ്റുകൾക്ക് 7.5 ലക്ഷം രൂപ. | 20% നിരക്കില് പരമാവധി 1.5 ലക്ഷം രൂപ സബ്സിഡി ലഭിക്കും. |

## IX. മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണവും, നവീകരണവും, മൂല്യവർദ്ധിത ഉൽപ്പാദനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കലും.

**ആമുഖം.**

നിലവിലുള്ള പൊതുമാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു കൊണ്ട് മത്സ്യവും ഇതര ഉൽപ്പന്നങ്ങളും ആരോഗ്യവും ശുചിത്വവുമായ അന്തരീക്ഷത്തിൽ കച്ചവടം നടത്തുന്നതിന് സജ്ജമാക്കലാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട അടിസ്ഥാന മൂലധനത്തിന്റെ 90% സർക്കാർ സ്ഥാപനങ്ങൾക്കും അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ലോക്കൽ ബോഡീസ് എന്നിവർക്കും ലഭിക്കും. കൂടാതെ മൂല്യ വർദ്ധിത മത്സ്യഉത്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുവാനുള്ള പൊതു അടിസ്ഥാന കേന്ദ്രങ്ങൾ ഉണ്ടാ

ക്കുവാനും ഈ പദ്ധതി വഴി ഫണ്ട് ലഭിക്കും. കഴിഞ്ഞ 5 വർഷമായി ഈ പദ്ധതി തുടർന്നുവരുന്നു.

### ഫണ്ട്

ഹൈദ്രബാദ് ആസ്ഥാനമായിട്ടുള്ള നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡ് എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിൽ നിന്നും ഇനി പറയുന്ന പദ്ധതികൾക്ക് ഫണ്ട് ലഭിക്കും.

| പദ്ധതികൾ | യൂണിറ്റ് കോസ്റ്റ് | പദ്ധതി സഹായ വിവരണം |
|---|---|---|
| 1. മൊത്തവ്യാപാര മാർക്കറ്റുകളുടെ നവീകരണം | 5 ലക്ഷം | 90% ഗ്രാന്റ് 10% ഏജൻസികളുടെ വിഹിതം |
| 2. ചെറുകിട മാർക്കറ്റുകളുടെ നിർമ്മാണം, വിതരണ കേന്ദ്രം സ്ഥാപിക്കൽ തുടങ്ങിയവ | 5 മുതൽ 10 ലക്ഷം വരെ | 90% ഗ്രാന്റ് 10% ഏജൻസികളുടെ വിഹിതം |
| 3. ആധുനിക രീതിയിൽ ചെറുകിട മത്സ്യ വിതരണം കേന്ദ്രം സ്ഥാപിക്കൽ | പരമാവധി 10 ലക്ഷം രൂപ വരെ | 25% സബ്സിഡി വ്യക്തികൾക്കും 30% സബ്സിഡി എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക്. |
| 4. മത്സ്യവിപണന, വിതരണം മത്സ്യത്തൊഴിലാളി വനിതകൾക്ക് | പരമാവധി 10 ലക്ഷം രൂപ വരെ | 40% സബ്സിഡി |
| 5. മത്സ്യം ഉണക്കുന്നതിനുള്ള സോളാർ ഡ്രൈയിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ | 100 കെജി/ഡെ ഉണക്കുന്നതിന് യൂണിറ്റ് കോസ്റ്റ് 6 ലക്ഷം രൂപ വരെ | 90% ഗ്രാന്റ് സർക്കാർ സ്ഥാപനങ്ങൾക്കും 25% സബ്സിഡി ഷ.ട.ഒ.ഏ കൾക്കും മറ്റ് സംരംഭകർക്കും ലഭിക്കും. |
| 6. മത്സ്യം ഉണക്കുന്നതിനുള്ള പ്ലാറ്റ്ഫോം നിർമ്മിക്കൽ | 150 സ്ക്വയർ ഫീറ്റിൽ 35000/ രൂപ വരെ | 90 % ഗ്രാന്റ് സർക്കാർ സ്ഥാപനങ്ങൾ വഴിയും 25% സബ്സിഡി സംരംഭങ്ങൾക്കും, എസ്എച്ച്ജികൾക്കും ലഭിക്കും. |
| 7. മത്സ്യം. മത്സ്യ ഉൽപ്പന്നങ്ങൾ ഏറ്റവും ശാസ്ത്രീയമായി ഉണക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള പരിശീലനം | പദ്ധതി സമർപ്പിക്കുന്നതിനനുസരിച്ച് | 100% ഗ്രാന്റ് |

### നിർമ്മാണസ്ഥാപനം:

കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കമ്പനി.
ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്.

**ലക്ഷ്യങ്ങൾ:**

1. ഭക്ഷ്യവസ്തു എന്ന നിലയിൽ ഏറ്റവും ശുചിത്വത്തോടു കൂടിയ രീതിയിൽ വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.
2. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യവിതരണം അടിസ്ഥാനമാക്കിയുള്ള തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.
3. ഉണക്ക മത്സ്യനിർമ്മാണത്തിൽ ശുചിത്വമുള്ളതും കൂടുതൽ ഗുണമേന്മ ഉറപ്പാക്കുന്നതിലൂടെ വരുമാന വർദ്ധനവ് സാധിക്കുക.
4. മത്സ്യങ്ങൾ, മത്സ്യ ഉൽപ്പന്നങ്ങൽ എന്നിവയുടെ നിർമ്മാണം, കൈകാര്യം ചെയ്യുന്ന രീതികൾ എന്നിവയിൽ അശ്രദ്ധമൂലം ഉണ്ടാകുന്ന വരുമാന നഷ്ടം ഒഴിവാക്കുന്നതിനു വേണ്ട പരിശീലനം നൽകി കൂടുതൽ വരുമാനം ഉറപ്പാക്കുക.

## ഗുണഭോക്താക്കൾ

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
2. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾ
3. മത്സ്യബന്ധനമേഖലയിലെ വ്യവസായസംരംഭകർ
4. മത്സ്യത്തൊഴിലാളി സ്ത്രീകളും, അവരുടെ സഹകരണ സംഘങ്ങൾ തുടങ്ങിയവ.

## ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

1. മാർക്കറ്റുകളുടെ നവീകരണവും നിർമ്മാണവും
2. അടിസ്ഥാന ശുചിത്വ സൗകര്യങ്ങൾ ഉണ്ടാക്കുകയും ഉള്ളവ നവീകരിക്കലും.
   ചെറുകിട വിതരണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ
3. സോളാർ ഡ്രൈയിംഗ് യൂണിറ്റുകൾ - വ്യക്തിഗത/ ഗ്രൂപ്പ് അടിസ്ഥാനത്തിൽ സ്ഥാപിക്കുക.

## പ്രവർത്തനങ്ങൾ

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ വരുന്ന മാർക്കറ്റുകളുടെ നിലവിലുള്ള സൗകര്യങ്ങൾ വിലയിരുത്തൽ.
2. പുതുതായി നിർമ്മിക്കുന്നതിന് സ്ഥലലഭ്യത, സഞ്ചാര ഗതാഗതി സൗകര്യങ്ങൾ വിലയിരുത്തൽ.
3. പദ്ധതിയുടെ രൂപരേഖ തയ്യാറാക്കൽ, വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ധനകാര്യസ്ഥാപനത്തിന് നേരിട്ടു സമർപ്പിക്കുകയോ, സംസ്ഥാന സർക്കാരുകൾ വഴി ഏറ്റെടുത്തു നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കൽ.

## നിർവ്വഹണ മോണിറ്ററിംഗ് സംവിധാനങ്ങൾ

സംസ്ഥാന ഫിഷറീസ് വകുപ്പ് വഴി ഏറ്റെടുക്കുന്ന പദ്ധതികൾ ഹാർഹർ എഞ്ചിനീയറിംഗ് വകുപ്പ്, കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നീ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഏജൻസി വഴിയാണ് നിർമ്മാണം നിർവ്വഹിക്കുന്നത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി പ്രസ്തുത ഏജൻസികളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. പഞ്ചായത്തുകൾ നിശ്ചയിക്കുന്ന പ്രത്യേക സംവിധാനങ്ങൾ വഴിക്കൊ, നിലവിലുള്ള ഏതെങ്കിലും സമിതികൾ വഴിക്കൊ മോണിറ്ററിംഗ് നടത്താവുന്നതാണ്. പഞ്ചായത്തുകളുടെ എഞ്ചിനീയറിംഗ് വിഭാഗത്തിനും പദ്ധതികളുടെ നിർമ്മാണം ഏറ്റെടുത്ത് നടത്താവുന്നതേയുള്ളു.
തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പദ്ധതിയുടെ സാദ്ധ്യതാപഠനം നടത്തി പദ്ധതിരേഖയിൽ ഉൾപ്പെടുത്തി ൮-ാം ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്ന വിധത്തിൽ

നിർമ്മാണം നിർവ്വഹിച്ച് പങ്കാളിത്തം ഉറപ്പാക്കാവുന്നതാണ്.

## സംയോജന സാദ്ധ്യതകൾ

ധനകാര്യ സ്ഥാപനം നിഷക്കർഷിക്കുന്ന രീതിയിൽ 10 % തുക വകയിരുത്തി സർക്കാർ ഏറ്റെടുത്തിരിക്കുന്ന പദ്ധതിയിലുൾപ്പെടുത്തി ചെയ്യാവുന്നതാണ്. കൂടാതെ പദ്ധതിരേഖയിൽ ഉൾപ്പെട്ടിട്ടുള്ള വനിത ഘടക പദ്ധതിയിലും, ഗ്രൂപ്പുകൾക്കായിട്ടുള്ള ഉത്പാദന മേഖലയിലെ പദ്ധതികളും ഉൾപ്പെടുത്തി സംയോജനം സാദ്ധ്യമാക്കാവുന്നതാണ്.

*************************

CHAPTER
# VII



# വ്യവസായം

# VII.വ്യവസായം

## കേരള ഖാദി ആന്റ് വില്ലേജ് ഇന്റസ്ട്രീസ് കമ്മീഷൻ (KVIC)

### 1. പദ്ധതിയുടെ പേര് : സ്കീം ഓഫ് ഫണ്ട് ഫോർ റിജനറേഷൻ ഓഫ് ട്രഡീഷണൽ ഇൻഡസ്ട്രീസ്. (പരമ്പരാഗത വ്യവസായങ്ങളുടെ പുനർജീവനത്തിനായുള്ള പദ്ധതി)

**ആമുഖം**

ഈ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2005-2006 കാലഘട്ടത്തിലാണ്. പരമ്പരാഗത വ്യവസായങ്ങൾ അന്യം നിന്നു പോകാതെ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കാൻ പരമ്പരാഗത വ്യവസായങ്ങളെ പ്രാപ്തമാക്കാനാണ് ഈ പദ്ധതി രൂപികരിച്ചത്.

**ഫണ്ട്:**

- നിലവിലുള്ള ചർക്കകളും തറികളും പുന:സ്ഥാപിക്കുക- -50 ലക്ഷം (ഗ്രാന്റ് - 75%, ഗുണഭോക്തൃ വിഹിതം - 25%)
- കോമൺ ഫെസിലിറ്റി സെന്റർ (CFC) നടപ്പിൽ വരുത്താൻ ഒരു ക്ലസ്റ്ററിന് ഏറ്റവും കൂടിയത് -15 ലക്ഷം (ഗ്രാന്റ് - 75%, ഗുണഭോക്തൃ വിഹിതം - 25%)
- ഉത്പന്ന വൈവിധ്യവത്കരണം - 4 ലക്ഷം (ഗ്രാന്റ് - 75%, ഗുണഭോക്തൃ വിഹിതം - 25%)
- വിപണി വർദ്ധനവ് - 1.5 ലക്ഷം (ഗ്രാന്റ് 100%)
- പരിശീലന പരിപാടികൾ - 15 ലക്ഷം (ഗ്രാന്റ് 100%)
- ഇംപ്ലിമെന്റിങ്ങ് ഏജൻസി - 10 ലക്ഷം (ഗ്രാന്റ് 100%)
- സി.ഡി. ഇ കോസ്റ്റ് - 10 ലക്ഷം (ഗ്രാന്റ് 100%)
- ടെക്നിക്കൽ ഏജൻസി (TA) - 4 ലക്ഷം (ഗ്രാന്റ് 100%)
- സർവ്വെ & സ്റ്റഡി - 1.2 ലക്ഷം (ഗ്രാന്റ് 100%)

**നിർവഹണ സ്ഥാപനം**

**ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ**

**ലക്ഷ്യങ്ങൾ**

- രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പരമ്പരാഗത വ്യവസായങ്ങളുടെ ക്ലസ്റ്റർ സ്ഥാപിക്കുക.
- പരമ്പരാഗത വ്യവസായങ്ങളെ കൂടുതൽ ഉത്പാദനക്ഷമവും ലാഭകരവും വിപണിയധിഷ്ഠിതവുമാക്കുക
- പരമ്പരാഗത വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് തൊഴിൽ ഉറപ്പാക്കുക.
- പ്രാദേശിക ഉപഭോക്താക്കളെ കൂടുതലായി പദ്ധതിയുടെ നടത്തിപ്പിന് വേണ്ടിയുള്ള ആലോചനയിൽ പങ്കാളികളാക്കുക.
- ഗുണഭോക്താക്കളുടെ കാര്യക്ഷമത വർദ്ധിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
- പരമ്പരാഗത വ്യവസായങ്ങൾ കൂടുതലായി നടത്തുന്ന മറ്റ് സ്ഥലങ്ങളിൽ പോയി കാണാനുള്ള സംവിധാനം ഉണ്ടാക്കുക.

## ഗുണഭോക്താക്കൾ

പരമ്പരാഗത കയർ വ്യവസായത്തിലുൾപ്പെടുന്ന ഒരു ജില്ലയിലോ/താലൂക്കിലോ വരുന്ന 500 ഗുണഭോക്തൃ കുടുംബങ്ങളുടെ ക്ലസ്റ്റർ ആണ് ഈ പദ്ധതി പ്രകാരം ഉണ്ടാക്കുക.

## നിർവ്വഹണ സംവിധാനങ്ങൾ

പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി അഞ്ച് ഏജൻസികളുണ്ട്.

- നോഡൽ ഏജൻസി

ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷനാണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി.

- ഇംപ്ലിമെന്റിങ്ങ് ഏജൻസി

ഇംപ്ലിമെന്റിങ്ങ് ഏജൻസിയെ തിരഞ്ഞെടുത്ത് നിയമിക്കുന്നത് നോഡൽ ഏജൻസിയാണ്.

- ക്ലസ്റ്റർ ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവ്

ഓരോ ഇംപ്ലിമെന്റിങ്ങ് ഏജൻസിയും ഓരോ ക്ലസ്റ്ററിലേക്കും ഒരു മുഴുവൻ സമയ ക്ലസ്റ്റർ ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവിനെ നിയമിക്കും. ഈ പദ്ധതിയുടെ നടത്തിപ്പിന്റെ ഉത്തരവാദിത്വം അദ്ദേഹത്തിനായിരിക്കും.

- ടെക്നിക്കൽ ഏജൻസി (TA)

ദേശീയതലത്തിൽ പ്രശസ്തമായ ക്ലസ്റ്റർ വികസനത്തിൽ മുൻപരിചയമുള്ള സ്ഥാപനത്തെയാണ് ടെക്നിക്കൽ ഏജൻസിയായി നിയമിക്കുന്നത്. നോഡൽ ഏജൻസിക്കും, ഇംപ്ലിമെന്റിങ്ങ് ഏജൻസിക്കും ക്ലസ്റ്റർ നടത്തിപ്പിനാവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുക്കാനും ഇഉള്ള ട്രെയിനിങ്ങ്, ക്ലസ്റ്റർ നടത്തിപ്പിൽ വരുത്തുമ്പോൾ ഇഉള്ള ക്കു വേണ്ട സഹായം ചെയ്യാനും ഠഅ യുടെ സഹായം ആവശ്യപ്പെടാം.

## തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക് :

- ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാൻ സഹായിക്കുക
- കാര്യക്ഷമമായ നടത്തിപ്പിനായി ഓരോ ഘട്ടത്തിലും ഇടപെടൽ നടത്തുക.
- പരമ്പരാഗത വ്യവസായങ്ങൾ ഏതെന്ന് തിരിച്ചറിഞ്ഞ് ക്ലസ്റ്റർ രൂപീകരണത്തിന് സഹായിക്കുന്ന പ്രവർത്തനങ്ങൾ ഗ്രാമസഭയിൽ വിലയിരുത്തുക.

## പദ്ധതി സംയോജന സാധ്യതകൾ:

പരമ്പരാഗത വ്യവസായങ്ങളെ ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങളെ ക്ലസ്റ്ററിൽ ഉൾപ്പെടുത്തുക. സ്വയം തൊഴിലുമായി ബന്ധപ്പെട്ട് ക്ലസ്റ്ററുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുക. വിടവുകൾ നികത്തുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുക.

# 2. പദ്ധതിയുടെ പേര് : പ്രൈം മിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (PMEGP)

## ആമുഖം

പ്രൈം മിനിസ്റ്റേഴ്സ് റോസ്ഗാർ യോജന (ജങഞഥ)യും റൂറൽ എംപ്ലോയ്മെന്റ്

ജനറേഷൻ പ്രോഗ്രാം (ഞജഎജ) ഉും സംയോജിപ്പിച്ചു കൊണ്ട് 2008 ലാണ് ജങഋഎജ നിലവിൽ വന്നത്. നഗര പ്രദേശങ്ങളിലും, ഗ്രാമപ്രദേശങ്ങളിലും സൂക്ഷമ സംരംഭങ്ങൾ സ്ഥാപിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്.

**ഫണ്ട്:**

| ഗുണഭോക്താക്കൾ | ഗുണഭോക്തൃ വിഹിതം ( ആകെ പദ്ധതി തുകയുടെ) | സബ്സിഡി നിരക്ക് | |
|---|---|---|---|
| പ്രദേശം | | നഗരം | ഗ്രാമം |
| പൊതുവിഭാഗം | 10% | 15% | 25% |
| പ്രത്യേക വിഭാഗം (SC, ST, OBC, സ്ത്രീകൾ, ന്യൂനപക്ഷം,സർവ്വീസിൽ നിന്ന് വിരമിച്ചവർ, അംഗവൈകല്ല്യമുള്ളവർ) | 05% | 25% | 35% |

*Note: നിർമാണ മേഖലയിൽ ഒരു പ്രൊജക്ടിന്റെ പദ്ധതി തുക ഏറ്റവും കൂടിയത് 25 ലക്ഷം രൂപയും സേവന മേഖലയിൽ ഏറ്റവും കൂടിയത് 10 ലക്ഷം രൂപ വരെയും മാത്രമെ ഒരു പ്രൊജക്ടിന് പാടുള്ളൂ. ഈ പദ്ധതി ബാങ്ക് വായപയിൽ അധിഷ്ഠിതമാണ്.*

## നിർവ്വഹണ സ്ഥാപനങ്ങൾ

സംസ്ഥാനങ്ങളിൽ പദ്ധതി നിർവ്വഹണത്തിന് നേതൃത്വം നൽകുന്നത് ഗഢകഇ യുടെ സംസ്ഥാന ഡയറക്ടറേറ്റും, സംസ്ഥാന ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡും,ജില്ലാ വ്യവസായ കേന്ദ്ര വുമാണ്.

നഗരപ്രദേശങ്ങളിൽ പദ്ധതി നടത്തിപ്പിന് നേതൃത്വം കൊടുക്കുന്നത് ജില്ലാ വ്യവസായ കേന്ദ്രങ്ങളും, ഗ്രാമ പ്രദേശങ്ങളിൽ KVICയും ആണ്.

## ലക്ഷ്യങ്ങൾ

- രാജ്യത്തെ ഗ്രാമപ്രദേശങ്ങളിലും , നഗരപ്രദേശങ്ങളിലും സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
- ഗ്രാമപ്രദേശങ്ങളിലും , നഗരപ്രദേശങ്ങളിലും ഉള്ള യുവജനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടു വന്ന് അവരുടെ തന്നെ പ്രദേശത്ത് സ്വയം തൊഴിലിനുള്ള അവസരങ്ങൾ ഉണ്ടാക്കി കൊടുക്കുക.
- തുടർച്ചയുള്ളതും സുസ്തിരമായതുമായ തൊഴിലവസരങ്ങൾ യുവജനങ്ങൾക്ക് നൽകി നഗരങ്ങളിലേക്കുള്ള അവരുടെ ഒഴുക്ക് നിയന്ത്രിക്കുക.

## ഗുണഭോക്താക്കൾ

- 18 വയസ്സിന് മുകളിലുള്ള ഏതൊരു വ്യക്തിക്കും.
- ഏത് വരുമാന പരിധിയിൽ പെട്ടവർക്കും ഈ പദ്ധതിയ്ക്ക് അപേക്ഷിക്കാം

- നിർമാണ മേഖലയിൽ 10 ലക്ഷത്തിന് മുകളിൽ പദ്ധതി തുകയുള്ള പ്രൊജക്ടിന് അപേക്ഷിക്കുന്നവർക്കും, സേവന മേഖലയിൽ 5 ലക്ഷത്തിന് മുകളിൽ പദ്ധതി തുകയുള്ള പ്രൊജക്ടിന് അപേക്ഷിക്കുന്നവർക്കും ഏറ്റവും ചുരുങ്ങിയത് 8ാം ക്ലാസ് വിദ്യാഭ്യാസ യോഗ്യതയെങ്കിലും ഉണ്ടായിരിക്കണം.
- പുതിയ പ്രൊജക്ടിന് മാത്രമെ PMEGP യിൽ ഗുണഭോക്താവാകാൻ കഴിയൂകയുള്ളൂ.
- സ്വയം സഹായ സംഘങ്ങൾക്ക് (ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും ലഭിയ്ക്കാത്ത സ്വയം സഹായ സംഘങ്ങൾക്ക്) അപേക്ഷിക്കാം.
- സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് 1860 അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ
- ഉത്പാദന സഹകരണ സംഘം
- ചാരിറ്റബിൾ ട്രസ്റ്റ്

## ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ

ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് ഗഢകഇ, ഗഢകആ, ഉകഇ, ആമിസ എന്നിവയിൽ നിന്നുള്ള പ്രതിനിധികൾ ചേർന്നുള്ള ഗ്രൂപ്പാണ് . ജില്ലാ മജിസ്ട്രേറ്റോ, ഡെപ്യൂട്ടി കമ്മീഷണറോ, കളക്ടറോ ആയിരിക്കും ഈ ഗ്രൂപ്പിന്റെ തലവൻ. ബാങ്കുകൾ തുടക്കം മുതലെ തിരഞ്ഞെടുപ്പിൽ പങ്കാളികളാകുന്നതിനാൽ അപ്ലിക്കേഷൻ കുമിഞ്ഞ് കൂടുന്നത് ഒഴിവാക്കാൻ സാധിക്കും. EDP, SDP. ESDP എന്നീ പ്രോഗ്രാമുകളിൽ പങ്കെടുത്തിട്ടുള്ളവർക്ക് ബാങ്കുകളിൽ നേരിട്ട് അപേക്ഷ സമർപ്പിക്കാം.

സബ്സിഡി കൂടുതൽ ലഭിയ്ക്കുന്നതിനായി പദ്ധതി തുക കൂട്ടി കാണിക്കുന്നത് അനുവദിക്കുകയില്ല. ഗഢകഇ ഉണ്ടാക്കിയിട്ടുള്ള ഒരു സ്കോർ കാർഡ് അടിസ്ഥാനമാക്കിയാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. പഞ്ചായത്തി രാജ് സ്ഥാപനങ്ങളും തിരഞ്ഞെടുപ്പ് പ്രക്രിയിൽ പങ്കാളികളാകുന്നുണ്ട്.

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്

ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുക. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ആരൊക്കെ ഈ സ്കീമിൽ ഉൾപ്പെടുമെന്ന് ഉറപ്പ് വരുത്തി വേണ്ട അവബോധം നൽകുക. ഈ സ്കീമിൽ ഉൾപ്പെടാത്തവരെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ ചേർക്കുക. സ്കീമിം പ്രവർത്തനങ്ങൾ ഗ്രാമസഭയിൽ ചർച്ച ചെയ്യുക.

## പദ്ധതി സംയോജനം

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി രൂപീകരണ സമയത്ത് ഏജൻസികളുമായി ചർച്ച ചെയ്ത് വിടവുകൾ നികത്തുന്നതിന് തദ്ദേശസ്വയംഭരണ തലത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുക. ഈ സ്കീമിൽ ഉൾപ്പെടാത്തവർക്ക് മറ്റ് സ്വയം തൊഴിൽ പദ്ധതികൾ ആസൂത്രണം ചെയ്യുക.

# 3. പദ്ധതിയുടെ പേര് : എക്സ്പോർട്ട് ഇൻസെന്റീവ് സ്കീം (Export Incentive Scheme)

## ആമുഖം

ഖാദി/ ഗ്രാമീണ ഉത്പന്നങ്ങൾ നിർമ്മിച്ച് കയറ്റുമതി ചെയ്യുന്ന സംരംഭകരെ

സഹായിക്കാനുള്ളതാണ് ഈ പദ്ധതി

**ഫണ്ട് :**

അന്തർദേശീയ എക്സിബിഷനിൽ പങ്കെടുക്കുന്നവർക്കും വിൽപ്പനയ്ക്കും, പഠനയാത്രയ്ക്കും പോകുന്ന KVIC അംഗീകരിച്ച യൂണിറ്റുകൾക്കും സംരംഭകർക്കും വിമാനയാത്രയ്ക്ക് എക്കണോമിക് ക്ലാസ് ടിക്കറ്റിന് 90% ഇളവ് ലഭിക്കും.

ഉത്പന്നത്തിന്റെ പ്രചരണത്തിനായി വിദേശയാത്ര നടത്തുന്നവർക്ക് ആകെ ചെലവിന്റെ 25% അല്ലെങ്കിൽ ഏറ്റവും കൂടിയത് 15000 രൂപ കിട്ടും.

### നിർവ്വഹണ സ്ഥാപനം

ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ

### ലക്ഷ്യങ്ങൾ

ഖാദി ഗ്രാമീണ ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭകരെ പ്രോത്സാഹിപ്പിക്കുക

### ഗുണഭോക്താക്കൾ

KVIC നാമനിർദ്ദേശം ചെയ്ത ഖാദി/ ഗ്രാമീണ വ്യവസായ സ്ഥാപനങ്ങൾ/ KVIC രജിസ്റ്റർ ചെയ്ത PMEGP യൂണിറ്റുകൾ തുടങ്ങിയവയ്ക്ക് എക്സിബിഷൻ, സ്റ്റഡി ടൂർ, എന്നിവയിൽ പങ്കെടുത്താൽ സഹായം ലഭിയ്ക്കും.

### തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്

- സംരംഭകരെ തിരഞ്ഞെടുക്കുക.
- പദ്ധതിയെ കുറിച്ച് സംരംഭകർക്കിയടയിൽ ബോധവത്കരണം നടത്തുക.
- വിൽപ്പനയ്ക്കും പഠന യാത്രയ്ക്കും പോകേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കുക
- ഗ്രാമസഭ സീം ചർച്ച ചെയ്ത് സംശയങ്ങൾ ദൂരീകരിക്കുക

### പദ്ധതി സംയോജനം

വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി ആസൂത്രണ സമയത്ത് ടി.പദ്ധതി പ്രവർത്തനങ്ങൾ കൂടി കണക്കിലെടുത്ത് മറ്റ് സ്വയം തൊഴിൽ പദ്ധതികൾ ആസൂത്രണം ചെയ്യുക.

## ഖാദി മേഖല

## 4. പദ്ധതിയുടെ പേര് : ജനശ്രീ ബീമ യോജന

### ആമുഖം

ഖാദി മേഖലയിലെ തൊഴിലാളികൾക്കായി രൂപ വത്കരിച്ച ഇൻഷൂറൻസ് പദ്ധതിയാണിത്.

### ആനുകൂല്യങ്ങൾ:

മരണാനന്തരം: സ്വാഭാവിക മരണം – 20,000 രൂപ

| | | |
|---|---|---|
| അപകടമരണം/ സ്ഥിര അംഗവൈകല്ല്യം | - | 50,000 രൂപ |
| ഭാഗിക അംഗവൈകല്ല്യം | - | 25,000 രൂപ |

9 മുതൽ 12ാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി സ്കോളർഷിപ്പ് (വർഷത്തിൽ ഒരു കുടുംബത്തിൽ ഏറ്റവും കൂടിയത് ഒരു വർഷത്തിൽ 2 കുട്ടികൾക്ക് )- 1200 രൂപ.

## പ്രീമിയം

ഒരാൾക്ക് 200 രൂപ. ഇതിൽ 100 രൂപ സോഷ്യൽ സെക്യൂരിറ്റി ഫണ്ടിൽ നിന്നും കേന്ദ്ര ഗവൺമെന്റും, 50 രൂപ ഖാദി ഇൻസ്റ്റിറ്റ്യൂഷനും, 25 രൂപ KVICയും ബാക്കി 25 രൂപ ഖാദി തൊഴിലാളിയും എടുക്കും

## ഗുണഭോക്താക്കൾ

18 നും 59 നും ഇടയിൽ പ്രായമുള്ള ഖാദി തൊഴിലാളി
ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർ

## നിർവ്വഹണ സ്ഥാപനം

KVIC യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഖാദി സ്ഥാപനങ്ങൾ

## ക്ലെയിം പ്രൊസീജർ

- മരിച്ചയാളുടെ നോമിനി ഖാദി സ്ഥാപനത്തിലൂടെ എൽ.ഐ.സി. യുടെ പെൻഷൻ ഗ്രൂപ്പ് ഡിപ്പാർട്ട്മെന്റിൽ അപേക്ഷ സമർപ്പിക്കണം.
- അപകട മരണമാണെങ്കിൽ പോലീസ് ഇൻക്വസ്റ്റ് റിപ്പോർട്ടും പോസ്റ്റ് മാർട്ടം റിപ്പോർട്ടും സമർപ്പിക്കണം
- നോമിനിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് എൽ.ഐ.സി യിൽ നിന്ന് നേരിട്ട് ചെക്കുകൾ അയക്കും.

## നിർവ്വഹണ സംവിധാനം

എൽ.ഐ.സി യുടെ പെൻഷൻ ഗ്രൂപ്പ് ഡിപ്പാർട്ട്മെന്റിലൂടെ ഈ പദ്ധതി നടപ്പിൽ വരുത്തുന്നു.

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്

- ഖാദി തൊഴിലാളികൾക്കിടയിൽ പദ്ധതിയെ കുറിച്ച് ബോധവത്കരണം നടത്തുക.
- ഖാദി തൊഴിലാളികളെ ഗഢകഋ യുമായി ബന്ധപ്പെടുത്തികൊടുക്കുക
- ഖാദി തൊഴിലാളികളെ മുഴുവൻ സ്കീമിൽ അംഗമാക്കുക
- ഗ്രാമസഭ വഴി അവബോധവും ചർച്ചയും നടത്തുക.

## പദ്ധതി സംയോജനം

ഖാദി തൊഴിലാളികളെ മുഴുവൻ സ്കീമിൽ അംഗങ്ങളാക്കുകയും മറ്റ് സ്വയം തൊഴിൽ ഗുണഭോക്താക്കൾക്ക് വിവിധ ഇൻഷ്വറൻസ് സ്കീമിൽ അംഗങ്ങളാക്കുകയും ആയതിനുള്ള പ്രൊജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്യുക.

## 5. പദ്ധതിയുടെ പേര് : ഖാദി മേഖലയിലെ തൊഴിലാളിയ്ക്ക് വർക്ക് ഷെഡ്'പദ്ധതി (Workshed scheme foor Khadi Artisans)

### ആമുഖം

വർക്ക് ഷെഡ് പണിയാൻ ധനസഹായം നൽകുന്നതിലൂടെ ഖാദിയിലെ പിരി നെയ്ത്ത് തൊഴിലാളികളുടെ വികസനത്തിനായിണ് ഈ പദ്ധതി നിലവിൽ വന്നത്.

### ഫണ്ട്

20 ചതുരശ്രമീറ്റർ വർക്ക് ഷെഡ് നിർമ്മിക്കുന്നതിനായി ഏറ്റവും കൂടിയത് 25000 രൂപ അല്ലെങ്കിൽ വർക്ക് ഷെഡിന്റെ ചെലവിന്റെ 75%. 5 മുതൽ 15 പേരടങ്ങുന്ന ഖാദി തൊഴിലാളികളുടെ ഗ്രൂപ്പിനും ഈ പദ്ധതിൽ ഗ്രൂപ്പ് വർക്ക് ഷെഡ് നിർമ്മിക്കാം. 15 ചതുരശ്ര മീറ്റർ വരുന്ന ഷെഡിന് 15000 രൂപ അല്ലെങ്കിൽ നിർമ്മാണ ചെലവിന്റെ 75 % ലഭിയ്ക്കും.

### നിർവ്വഹണ സ്ഥാപനം

ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ

### ലക്ഷ്യങ്ങൾ

ജോലി ചെയ്യുന്നതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക

### ഗുണഭോക്താക്കൾ

ഖാദി മേഖലയിൽ ജോലി ചെയ്യുന്ന ബി.പി.എൽ വിഭാഗത്തിലെ തൊഴിലാളികൾ

### നിർവ്വഹണ സംവിധാനങ്ങൾ

പദ്ധതി നടത്തിപ്പിനായി ഒരു ഖാദി സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നു. ഈ സ്ഥാപനം ഗുണഭോക്താക്കളുടെ ലിസ്റ്റ് KVIC സംസ്ഥാന ഡയറക്ടറേറ്റിൽ കൂടി ഗഢകഇ യ്ക്ക് നൽകുന്നു. ലിസ്റ്റിനോടൊപ്പം ഓരോ അപേക്ഷകരുടേയും പ്രൊപ്പോസൽ നൽകേണ്ടതാണ്. ഗഢകഇ യുടെ ധനകാര്യ വിഭാഗം പ്രൊപ്പോസൽ പരിശോധിച്ച് അർഹരാണെന്ന് ബോധ്യപ്പെട്ടാൽ 50% പണം ആദ്യം നൽകുന്നതാണ്. ഷെഡിന്റെ പണി പൂർത്തിയായതിന് ശേഷം ഗഢകഇ സംസ്ഥാന ഡയറക്ടറേറ്റ് സാക്ഷ്യപ്പെടുത്തിയാൽ ബാക്കി തുക നൽകുന്നതാണ്.

### തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്

- അർഹരായ തൊഴിലാളികളെ തെരഞ്ഞെടുക്കുവാൻ നിർവ്വഹണ സ്ഥാപനങ്ങളെ സഹായിക്കുക.
- ഗ്രമാസഭയിൽ ചർച്ച നടത്തുക

### പദ്ധതി സംയോജനം

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി തയ്യാറാക്കുമ്പോൾ ടി. സ്കീം. ചർച്ചയ്ക്ക് വിധേയമാക്കണം. വിടവുകൾ നികത്തുന്നതിനുള്ള പദ്ധതികൾ തദ്ദേശസ്വയംഭരണ പദ്ധതിയിൽ ഉൾപ്പെടുത്തണം.

## 6. പദ്ധതിയുടെ പേര്: ഖാദി വ്യവസായത്തിന്റേയും തൊഴിലാളികളുടേയും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മത്സരാധിഷ്ഠിതമാക്കുന്നതിനും വേണ്ടിയുള്ള പദ്ധതികൾ ( Scheme for enhancing productivity and competitiveness of Khadi industry and Artisan)

**ആമുഖം**

ഖാദി വ്യവസായത്തെ കൂടുതൽ ഉത്പാദനക്ഷമവും മത്സരാധിഷ്ഠിതവുമാക്കുന്നതിനായി രാജ്യത്തെ ഏകദേശം 200 ഓളം ഖാദി സ്ഥാപനങ്ങളുടെ സമഗ്രമായ വികസനത്തിനായി രൂപം കൊണ്ട പദ്ധതിയാണിത്.

**ധനസഹായം**

| | | ആകെ പദ്ധതി തുക | ഗവൺമെന്റ് | സ്ഥാപനം |
|---|---|---|---|---|
| 1 | ചർക്കകളും തറികളും മാറ്റി സ്ഥാപിക്കുന്നതിന് | 12 ലക്ഷം | 75%<br>9 ലക്ഷം | 25%<br>3 ലക്ഷം |
| | ടഇ/ടഠ വിഭാഗത്തിന് | | 90%<br>10.8 ലക്ഷം | 10%<br>1.2 ലക്ഷം |
| 2 | വാർപ്പിന് വേണ്ടിയുള്ള സെർവ്വീസ് സെന്റർ | 9 ലക്ഷം | 75%<br>6.75 ലക്ഷം | 25%<br>2.25 ലക്ഷം |
| | SC/ST വിഭാഗത്തിന് | | 90%<br>8.10 ലക്ഷം | 10%<br>.9 ലക്ഷം |
| 3 | പ്രൊഡക്ട് ഡെവലപ്പ്മെന്റ്, ഡിസൈൻ ഇന്റർവെൻഷൻ& പാക്കിംഗ് (ഒരു സ്ഥാപനത്തിന്) | 2 ലക്ഷം | 75%<br>1.5 ലക്ഷം | 25%<br>50 ലക്ഷം |
| | SC/ST വിഭാഗത്തിന് | | 90%<br>1.8 ലക്ഷം | 10%<br>.2 ലക്ഷം |
| 4 | വിപണി വിപുലീകരണം (ഒരു സ്ഥാപനത്തിന്) | 8 ലക്ഷം | 90%<br>7.20 ലക്ഷം | 10%<br>.80 ലക്ഷം |
| 5 | കപ്പാസിറ്റി ബിൽഡിങ്ങ് മെഷർസ് (ഒരു സ്ഥാപനത്തിന്) | 5 ലക്ഷം | 90%<br>4.5 ലക്ഷം | 10%<br>.50 ലക്ഷം |
| 6 | റിപ്പോർട്ടിംഗ്, ഡോക്യുമെന്റിംഗ് (ഒരു സ്ഥാപനത്തിന്) | 1 ലക്ഷം | 100%<br>1 ലക്ഷം | |

### പദ്ധതി നിർവ്വഹണം

KVIC നിയോഗിച്ച നോഡൽ ഓഫീസറാണ് പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിയ്ക്കുന്നത്.

### ലക്ഷ്യങ്ങൾ

- വിപണിയധിഷ്ഠിതവും, ലാഭകരവുമായ ഉത്പന്നങ്ങൾ ഉണ്ടാക്കിയും, കാലഹരണപ്പെട്ട മെഷിനറികൾ മാറ്റിയും, നിലവിലുള്ള മെഷിനറികൾ പുതുക്കിയും ഖാദി തൊഴിലാളികൾക്കും സർവ്വീസ് പ്രൊവൈഡേഴ്സിനും തൊഴിൽ ഉറപ്പു വരുത്തുകയും, ഖാദി മേഖലയെ കൂടുതൽ മത്സരാധിഷ്ഠിതവുമാക്കുക.
- ഖാദി മേഖലയിലെ നിർമ്മാണം, വിതരണം, പ്രചരണം തുടങ്ങിയ മേഖലകളിൽ ആവശ്യാനുസരണമായ സഹായം നൽകുക
- വിപണന മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ആവശ്യമായ പ്രോത്സാഹനം നൽകുക
- തുണി നിർമ്മാണം വരെയുള്ള ഘട്ടങ്ങളാണ് ഈ പദ്ധതിയുടെ കീഴിൽ വരുന്നത്.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

- സ്കീമിനെ കുറിച്ചുള്ള അവബോധം ഗുണഭോക്താക്കൾക്ക് നൽകുക.
- മുഴുവൻ ആളുകളേയും സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക.
- ഗ്രാമസഭകളിൽ സ്കീം ചർച്ചയ്ക്ക് വിധേയമാക്കുക.

### പദ്ധതിസംയോജനം

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി തയ്യാറാക്കുമ്പോൾ ടി. സ്കീം ചർച്ചയ്ക്ക് വിധേയമാക്കി വിടവുകൾ നികത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ പദ്ധതികൾ ആവിഷ്കരിക്കുക.

## MSME മന്ത്രാലയത്തിന്റെ പദ്ധതികൾ

### 7. പദ്ധതിയുടെ പേര് :സൂക്ഷമ ചെറുകിട സംരംഭങ്ങൾക്കായി ക്ലസ്റ്റർ വികസന പരിപാടി(Micro & Small Enterprises Cluster Development Programme)(MSE-CDP)

### ആമുഖം

സൂക്ഷ്മവും ചെറുതുമായ സംരംഭങ്ങളുടെ ഉത്പാദനക്ഷമതയും, കാര്യക്ഷമതയും വർദ്ധിപ്പിച്ച് വ്യവസായങ്ങളെ കൂടുതൽ മത്സരാധിഷ്ഠിതമാക്കുന്നതിനാണ് ക്ലസ്റ്റർ വികസന സമീപനം ഒടങ്ങള്ള മന്ത്രാലയം സ്വീകരിച്ചിരിക്കുന്നത്. ഒറ്റയ്ക്കു നിൽക്കുന്നതിനേക്കാൾ കൂട്ടായ്മയിലൂടെ ചെയ്യുമ്പോൾ ബാങ്കുകൾ അസംസ്കൃത വസ്തുക്കളുടെ നിർമ്മാതാക്കൾ , കച്ചവടക്കാർ മുതലായവരെ കൂടുതലായി ആകർഷിക്കുവാനും കാര്യക്ഷമത വർദ്ധിപ്പിക്കുവാനും സാധിക്കും.

### ഫണ്ട്

- ഡയഗ്നോസ്റ്റിക് സ്റ്റഡി – ഏറ്റവും കൂടിയത് 2.50 ലക്ഷം രൂപ
- സോഫ്റ്റ് ഇന്റർവെൻഷൻ – ഏറ്റവും കൂടിയത് 25 ലക്ഷം രൂപ. ഇതിൽ 75%

ഗവൺമെന്റ് വിഹിതം

- CFC സ്ഥാപിക്കുക - ഏറ്റവും കൂടിയത് 15 കോടി രൂപ. ഇതിൽ 70% ഗവൺമെന്റ് വിഹിതം

## നിർവ്വഹണ സ്ഥാപനങ്ങൾ

| | പ്രവൃത്തി | നിർവ്വഹണ സ്ഥാപനം |
|---|---|---|
| 1 | ഡയഗ്നോസ്റ്റിക് സ്റ്റഡി | MSME മന്ത്രാലയത്തിന്റെ ഓഫീസ് സംസഥാന ഗവൺമെന്റ്, സൂക്ഷമ ചെറുകിട സംരംഭങ്ങളുടെ വികസനത്തിനായുള്ള ദേശീയ അന്തർദേശീയ സ്ഥാപനങ്ങൾ. |
| 2 | സോഫ്റ്റ് ഇന്റർവെൻഷൻ | |
| 3 | ഇഎഇ സ്ഥാപിക്കുക | |
| 4 | അടിസ്ഥാന സൗകര്യ വികസനം | സംസഥാന ഗവൺമെന്റ് ഏജൻസികളിൽ ഈ പദ്ധതി മുൻപരിചയമുള്ള ഏജൻസികൾ |

## ലക്ഷ്യങ്ങൾ

- പുതിയ യന്ത്രങ്ങൾ സ്ഥാപിക്കുകയും വിദഗ്ദത, ഗുണമേൻമ, വിപണി, മൂലധനം, തുടങ്ങിയവ ഉറപ്പുവരുത്തി സൂക്ഷമ ചെറുകിട സംരംഭങ്ങളുടെ സുസ്തിരതയും വളർച്ചയും പ്രോത്സാഹിപ്പിക്കുക.
- സ്വയം സഹായ സംഘങ്ങളുടെ കൺസോർഷ്യം, നിലവിലുള്ള അസോസിയേഷനുകളെ ശക്തിപ്പെടുത്തുക വഴി സൂക്ഷമ ചെറുകിട സംരംഭങ്ങളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുക
- അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക
- കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുക

## ഗുണഭോക്താക്കൾ

സൂക്ഷ ചെറുകിട യൂണിറ്റുകളുടെ ക്ലസ്റ്ററുകൾ

## ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ

- ഡയഗ്നോസ്റ്റിക് സ്റ്റഡി
- സാങ്കേതിക വിദ്യ ലഭ്യമാക്കുക
- യന്ത്ര നിർമ്മാതാക്കളിൽ നിന്നും തൊഴിലാളികളിലേക്ക് യന്ത്രങ്ങൾ എത്തിക്കുക
- കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുക
- റിസേർച്ചുകൾ സംഘടിപ്പിക്കുക
- വർക്ക് ഷോപ്പുകൾ, സെമിനാറുകൾ, പരിശീലന പരിപാടികൾ പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കുക

## അപേക്ഷിക്കേണ്ടണ്ട വിധം

ഇതിന്റെ അപേക്ഷകൾ ങടങ്ങളുക യുടെ ഓഫീസിൽ സമർപ്പിക്കണം. സ്റ്റിയറിംഗ് കമ്മറ്റി പരിശോധിച്ച് അർഹമായത് തെരഞ്ഞെടുക്കുന്നതാണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

- ക്ലസ്റ്ററുകൾ തിരഞ്ഞെടുക്കാൻ സഹായിക്കുക
- ക്ലസ്റ്ററിന്റെ നേട്ടങ്ങളെ കുറിച്ച് ബോധവത്കരണം നടത്തുക
- ക്ലസ്റ്ററിന്റെ ശരിയായ നടത്തിപ്പിനായി തുടർച്ചയായ ഇടപെടൽ നടത്തുക
- എല്ലാവരേയും ക്ലസ്റ്ററിൽ ഉൾകൊള്ളിച്ചു എന്ന് ഉറപ്പു വരുത്തുക.
- ഗ്രാമസഭയിൽ സ്കീമുകൾ ചർച്ചയ്ക്കും അവലോകനത്തിനും വയ്ക്കുക

## പദ്ധതിസംയോജനം

തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ സ്വയംതൊഴിൽ പദ്ധതികളുമായി ഏകോപിപ്പിക്കുക. സ്കീമുകൾ പദ്ധതിശാഖയിൽ ഉൾപ്പെടുത്തുക.

## 8. പദ്ധതിയുടെ പേര് : സൂക്ഷമ ചെറുകിട മാനുഫാക്ചറിംഗ് സംരംഭകർക്കും, കയറ്റുമതിക്കാർക്കും വേണ്ടണ്ടി വിപണി വികസന സഹായം (Market Development Assistance)

## ആമുഖം

ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും പുതിയ വിപണികൾ കണ്ടെത്തി യൂണിറ്റിന്റെ സുസ്ഥിരത ഉറപ്പു വരുത്തുന്ന പദ്ധതിയാണിത്.

## ഫണ്ട്

ഈ പദ്ധതി പ്രകാരം താഴെ പറയുന്ന കാര്യങ്ങൾക്കാണ് ഫണ്ട് നൽകുന്നത്.

- അന്തർദേശീയ വിപണന മേളകളിലും, എക്സിബിഷനുകളിലും സൂക്ഷമ ചെറുകിട നിർമ്മാണ സംരംഭകർക്ക് പങ്കെടുക്കുന്നതിനുള്ള ചെലവ്.
- ഓരോ മേഖലയിലും പ്രത്യേകം വിപണി പഠനങ്ങൾ നടത്തുന്നതിനുള്ള ചെലവ്
- വൺ ടൈം രജിസ്ട്രേഷന്റെ ചെലവിന്റെ 75% ഉും, ആദ്യ മൂന്ന് വർഷങ്ങളിൽ ബാർ കോഡിംഗിനു വേണ്ടി ഏടക യിൽ അടക്കേണ്ട ഫീസിന്റെ 75% ഉും ലഭിയ്ക്കും.

### സബ്സിഡി നിരക്ക്

- വിമാന യാത്രാ ചെലവിന്റെ 75% ഉും സ്ഥലത്തിന്റെ വാടകയുടെ 50% ഉും സബ്സിഡിയായി ലഭിയ്ക്കും. (ഏറ്റവും കൂടിയത് ഒരു യൂണിറ്റിന് 1.25 ലക്ഷം രൂപ)
- സ്ത്രീ സംരംഭകർ, SC/ST എന്നിവർക്ക് വിമാന യാത്രാ ചെലവിന്റെ 100% ഉും സ്ഥലത്തിന്റെ വാടകയുടെ 100% ഉും ലഭിയ്ക്കും.

## നിർവഹണ സ്ഥാപനം

ഡെവല്പ്പ്മെന്റ് കമ്മീഷണർ(MSME)

## ലക്ഷ്യങ്ങൾ

- പുതിയ വിപണികൾ കണ്ടെത്തുന്നതിനും വിപണി വികസിപ്പിക്കുന്നതിനും സൂക്ഷമ ചെറുകിട കയറ്റുമതിക്കാരെ സഹായിക്കുക.
- അന്തർദേശീയ വിപണന മേളകളിലും, എക്സിബിഷനുകളിലും ഞടങ്ങള

ഇൻഡ്യയുടെ കീഴിലുള്ള സ്റ്റാളുകൾ സൂക്ഷ്മ ചെറുകിട നിർമ്മാണ സംരംഭകരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക.

- സൂക്ഷ്മ ചെറുകിട നിർമ്മാണ സംരംഭങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുക
- ബാർ കോഡിംഗ് ഉപയോഗിക്കുന്നതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുക.

### ഗുണഭോക്താക്കൾ

- അന്തർദേശീയ വിപണന മേളകളിലും, എക്സിബിഷനുകളിലും സൂക്ഷ്മ ചെറുകിട നിർമ്മാണ സംരംഭകർക്ക് പങ്കെടുക്കുന്നതിന്.
- വ്യവസായ ഡയറക്ടറേറ്റിൽ നിന്നും സ്ഥിര രജിസ്ട്രേഷനുള്ള സംരംഭകർ
- ഉത്പന്നങ്ങളുടെ വിതരണവും, മേളയുടെ തീമും സ്ഥല ലഭ്യതയുമനുസരിച്ചാണ് യൂണിറ്റുകളെ തിരഞ്ഞെടുക്കുന്നത്.
- വർഷത്തിൽ ഒരു പ്രാവശ്യം മാത്രമെ ഒരു യൂണിറ്റിന് വിപണന മേളകളിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.
- ഒരു യൂണിറ്റിൽ നിന്ന് ഒരാൾക്ക് മാത്രമെ വിമാനയാത്രക്ക് ധനസഹായം ലഭിയക്കൂ.

### ചെലവിനുള്ള ധനസഹായം/ ചെലവായ തുക കിട്ടുന്നതിനുള്ള നടപടി ക്രമം

അപേക്ഷ MSME-DI ഓഫീസ് വഴി DC(MSME) ഓഫീസിൽ സമർപ്പിക്കണം. അപേക്ഷയോടൊപ്പം ജില്ലാവ്യവസായ കേന്ദ്രത്തിൽ ടടക രജിസ്ട്രേഷന്റെ രേഖകളും സ്ഥലത്തിന്റെ വാടകയുടെ 50% മേളകളിൽ പങ്കെടുക്കുന്നവരുടെ പാസ്പോർട്ടിന്റെ കോപ്പിയും SC/ST/ സ്ത്രീ സംരംകരാണെങ്കിൽ യൂണിറ്റിന്റെ ഉടമസ്ഥത തെളിയിക്കുന്ന സർട്ടിഫിക്കേറ്റും ഹാജരാക്കണം.

മേളയിൽ പങ്കെടുത്ത് വന്നതിന് ശേഷം ബില്ലുകളുടെ കോപ്പി , തിരിച്ചു വന്നതിന് ശേഷമുള്ള പാസ്പോർട്ടിന്റെ കോപ്പി, വിമാനയാത്രാ ടിക്കറ്റിന്റെ ഒറിജിനൽ കോപ്പി, ഫീഡ് ബാക്ക് റിപ്പോർട്ട് തുടങ്ങിയവയും സമർപ്പിക്കണം. ധനസഹായത്തിനുള്ള അപേക്ഷ ഇൻഡ്യയിലെത്തി ഒരു മാസത്തിനുള്ളിൽ സമർപ്പിക്കണം.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

- ഈ പദ്ധതിയെ കുറിച്ച് സംരംഭകർക്ക് അറിവ് കൊടുക്കുക.
- വിപണന മേളകളിൽ പങ്കെടുക്കുന്നതിന് പ്രോത്സാഹിപ്പിക്കുക
- ഗ്രാമസഭകളിൽ സ്കീം ചർച്ചയ്ക്ക് വിധേയമാക്കുക

### പദ്ധതിസംയോജനം

തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ മറ്റ് സ്വയംതൊഴിൽ പദ്ധതികളുമായി ഏകോപിപ്പിക്കുക. പദ്ധതിരേഖയിൽ ടി.സ്കീം ഉൾപ്പെടുത്തുക.

## 9. പദ്ധതിയുടെ പേര് : ചെറുകിട സംരംഭങ്ങൾക്ക് ISO 9000/ ISO 14001/HACCP സർട്ടിഫിക്കറ്റ് കിട്ടുന്നതിനുള്ള ധനസഹായം (ISO 9000/ISO 14001/HACCP reimbursement scheme)

### ആമുഖം

ചെറുകിട വ്യവസായങ്ങളെ കൂടുതൽ മത്സരാധിഷ്ഠിതമാക്കുന്നതിന് ഗുണമേൻമ

വർദ്ധിപ്പിച്ച് മികച്ച സാങ്കേതികവിദ്യ ഉപയോഗിക്കുവാനും സംരംഭകരെ പ്രാപ്തരാക്കാനുമാണ് ഈ പദ്ധതി നിലവിൽ വന്നത്. ISO 9000/ISO 14001/HACCP സർട്ടിഫിക്കറ്റുകൾ ലഭിയ്ക്കുന്ന യൂണിറ്റുകൾക്ക് ഈ പദ്ധതി വഴി ധനസഹായം ലഭിയ്ക്കുന്നു.

### ഫണ്ട്

ISO 9000/ISO 14001/HACCP യൂണിറ്റുകൾക്ക് ചെലവിന്റെ 75% ഏറ്റവും കൂടിയത് 75,000 രൂപ വരെ ലഭിയ്ക്കും.

### നിർവ്വഹണ സ്ഥാപനം

ഡെവലപ്പ്മെന്റ് കമ്മീഷണർ (MSME) മിനിസ്ട്രി ഓഫ് ഏഡങ്ങള, ഗവൺമെന്റ് ഓഫ് ഇൻഡ്യ

### ഗുണഭോക്താക്കൾ

സ്ഥിരം രജിസ്ട്രേഷൻ ലഭിച്ച സ്മോൾ സ്കെയിൽ / ആൻസിലറി/ ടൈനി/ സ്മോൾ സ്കെയിൽ സർവ്വീസ് ബിസിനസ്സ് എന്റർപ്രൈസസ് യൂണിറ്റുകൾ

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

- ISO 9000/ISO 14001/HACCP സർട്ടിഫിക്കറ്റ് കിട്ടിയാലുള്ള നേട്ടങ്ങളെ കുറിച്ച് സംരംഭകരെ ബോധ്യപ്പെടുത്തുക
- സർട്ടിഫിക്കറ്റ് എളുപ്പത്തിൽ ലഭിയ്ക്കുവാൻ പഞ്ചായത്തിൽ നിന്നും ഇടപെടലുകൾ നടത്തുക.
- അർഹരായ എല്ലാ സംരംഭകർക്കും ടി.സ്കീമിൽ കൊണ്ടുവന്നു എന്ന് ഉറപ്പുവരുത്തുക.
- ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കുക

### പദ്ധതിസംയോജനം

തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പദ്ധതി തയ്യാറാക്കുമ്പോൾ ടി. സ്കീം വിലയിരുത്തി പദ്ധതി രേഖയുടെ ഭാഗമാക്കുക.

## 10. പദ്ധതിയുടെ പേര്:സൂക്ഷമ ചെറുകിട സംരംഭങ്ങൾക്കായി ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട്

### ആമുഖം

സൂക്ഷമ ചെറുകിട സംരംഭങ്ങൾ നേരിടുന്ന പ്രശ്നങ്ങളിലൊന്നാണ് മിതമായ പലിശനിരക്കിൽ അത്യാവശ്യ സമയത്ത് വേണ്ടത്ര ലോൺ ലഭിയ്ക്കാത്തത്. ഈ സംരംഭങ്ങളുടെ അനിശ്ചിതാവസ്ഥയും ഈടിന്റെ അഭാവവും ഈ സംരംഭകരെ ലോണിനായി പരിഗണിക്കുന്നതിൽ നിന്ന് ബാങ്കുകാരെ വിലക്കുന്നു. ഇതിനൊരു പരിഹാരമായാണ് ഈടില്ലാതെ സൂക്ഷമ ചെറുകിട സംരംഭങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിനായി ദി ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് സ്കീം ഫോർ മൈക്രോ & സ്മോൾ എന്റർപ്രൈസസ് നിലവിൽ വന്നത്.

### ഫണ്ട്

ഇൻഡ്യാ ഗവൺമെന്റും , സിഡ്ബിയും 4:1 എന്ന അനുപാതത്തിൽ 1906.55 കോടി രൂപയുടെ കോർപ്പസ് ഫണ്ടണ്ട് 2010 മാർച്ചിൽ രൂപ വത്കരിച്ചിട്ടുണ്ടണ്ട്.

## നിർവ്വഹണ സ്ഥാപനം

ദി ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് ട്രസ്റ്റ് സ്കീം ഫോർ മൈക്രോ & സ്മോൾ എന്റർപ്രൈസസ് (MSME മന്ത്രാലയവും SIDBI യും ചേർന്ന് നിർമ്മിച്ച ട്രസ്റ്റ് )

## ലക്ഷ്യം

ഈടില്ലാതെ സൂക്ഷമ ചെറുകിട സംരംഭങ്ങൾക്ക് വായ്പ ലഭ്യമാക്കുക

## ഗുണഭോക്താക്കൾ

സൂക്ഷമ ചെറുകിട സംരംഭങ്ങൾ

## ഫീസ്

ട്രസ്റ്റിന് കൊടുക്കേണ്ടണ്ട ഫീസ്

| | | |
|---|---|---|
| **5 ലക്ഷത്തിന് മുകളിൽ** | | |
| വൺ ടൈം ഗ്യാരന്റി ഫീ | : | 1.5% |
| ആനുവൽ സർവ്വീസ് ഫീ | : | 0.75% |
| | | |
| **5 ലക്ഷം വരെ** | : | |
| വൺ ടൈം ഗ്യാരന്റി ഫീ | : | 1% |
| ആനുവൽ സർവ്വീസ് ഫീ | : | 0.5% |

## ഗ്യാരന്റി കവർ

അനുവദിച്ച ലോൺ തുകയുടെ 75% ഗ്യാരന്റി കവർ നൽകും. 5 ലക്ഷം വരെ ലോണുള്ള യൂണിറ്റുകൾക്കും , സ്ത്രീകൾ നടത്തുന്ന യൂണിറ്റുകൾക്കും 80% ഗ്യാരന്റി കവർ ലഭിയ്ക്കും.

## തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

- അർഹതപ്പെട്ട എല്ലാ ചെറുകിട സംരംഭകർക്കും ക്രെഡിറ്റ് ലഭ്യമാക്കി എന്ന് ഉറപ്പ് വരുത്തുക
- വേണ്ടത്ര അവബോധം നൽകുക
- ഗ്രാമസഭയിൽ ചർച്ചയ്ക്ക് വയ്ക്കുക
- ബാങ്കുകളുമായി ചർച്ച നടത്തുക

## പദ്ധതി സംയോജനം

സ്കീമിന്റെ വിഭവ സ്രോതസ്സുകളെ കുറിച്ചുള്ള വിവരണം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി രേഖയിൽ ഉൾകൊള്ളിക്കണം. മറ്റ് സൂക്ഷമ സംരംഭങ്ങൾ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ ഭാഗമാണ്.

# മിനിസ്ട്രി ഓഫ് ഹാന്റി ക്രാഫ്റ്റ്സ്

## 11. പദ്ധതിയുടെ പേര് : ബാബാ സാഹിബ് അംബേദ്കർ ഹസ്ത ശിൽപ് വികാസ് യോജന (BAHVY)

### 1. ആമുഖം

തീർത്തും അസംഘടിത മേഖലയായ കരകൗശല തൊഴിലാളികളെ ഒരു കുടക്കീഴിൽ കൊണ്ടണ്ടുവന്ന് സുസ്തിരതയിലേക്കും ശാക്തീകരണത്തിലേക്കും നയിക്കുക എന്ന ഉദ്ദ്യേശത്തോടു കൂടിയാണ് ഈ പദ്ധതി 2000-01 ൽ തുടങ്ങിയത്. ഈ പദ്ധതിയ്ക്ക് പ്രധാനമായും അഞ്ച് ഘടകങ്ങളുണ്ടണ്ട്.

1. സാമൂഹിക ഇടപെടൽ
2. യന്ത്രവത്കൃത ഇടപെടൽ
3. വിപണന ഇടപെടൽ
4. ധനപരമായ ഇടപെടൽ
5. ക്ലസ്റ്ററിന്റെ അടിസ്ഥാന സൗകര്യവികസന ഇടപെടൽ

### 2. ഫണ്ട്

#### a സാമൂഹിക ഇടപെടൽ

- ഡയഗ്നോസ്റ്റിക് സർവ്വേ, പ്രെജക്ട് റിപ്പോർട്ട് തയ്യാറാക്കലും: 5 0 0 പേരുള്ള ഒരു ക്ലസ്റ്ററിന് ഏറ്റവും കൂടിയത് 1.50 ലക്ഷം രൂപ. 50% തുക അഡ്വാൻസ് ആയി നൽകുന്നു.
- ഐഡന്റിറ്റി കാർഡ് വിതരണം: ഒരു കാർഡിന് 25 രൂപ വച്ച് ധനസഹായം ലഭിയ്ക്കും.

#### b യാന്ത്രിക ഇടപെടൽ

| | |
|---|---|
| ആധുനിക ഉപകരണങ്ങളുടെ വിതരണം | ഒരു ടൂൾ കിറ്റിന് 50 രൂപ ധനസഹായം ലഭിയ്ക്കും |
| ഡിസൈൻ, സാങ്കേതിക വിദ്യ വികസനം, ട്രെയിനിംഗ് (15 ദിവസത്തെ ട്രെയിനിങ്ങിന് 30 കരകൗശല തൊഴിലാളികൾക്ക് പങ്കെടുക്കാം) | ഒരു ട്രെയിനിംഗിന് 1,80,000 രൂപ ധനസഹായം ലഭിയ്ക്കും. |

#### c വിപണന ഇടപെടൽ

| | | |
|---|---|---|
| a | എക്സിബിഷൻ സംഘടിപ്പിക്കുക - | 1,88,750 |
| b | പരസ്യത്തിനായുള്ള സഹായം - | ചെലവ് 75: 25 എന്ന അനുപാതത്തിൽ ഗവൺമെന്റും NGOയും വഹിയ്ക്കും |

| | | |
|---|---|---|
| c | വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക (കേന്ദ്ര സംസ്ഥാന കരകൗശല കോർപ്പറേഷൻ , അപെക്സ് സഹകരണ സംഘങ്ങൾ, കരകൗശല തൊഴിലാളികളുടെ കൂട്ടായ്മ, തുടങ്ങിയ സ്ഥാപനങ്ങളൊക്കെ ഇതിന് അർഹരാണ്) | ഏറ്റവും കൂടിയത് 23 ലക്ഷം |
| d | മാർക്കറ്റ് സ്റ്റഡി ടൂർ | 4,00,000 |
| e | സമഗ്രമായ ഡിസൈൻ , സാങ്കേതിക വിദ്യ വികസന പരിശീലനം (6 മാസം ദൈർഘ്യമുള്ള 50 കരകൗശല തൊഴിലാളികൾക്കുള്ള പരിശീലനം) | 10,00,000 ട്രെയിനിംഗ് നടത്തുന്നതിന് ധനസഹായം ലഭിയ്ക്കും. |
| f | കാർപ്പറ്റ് ഒഴികെ മറ്റ് കരകൗശല വസ്തുക്കളുടെ പരിശീലനം (4 മാസം, 20 കരകൗശല തൊഴിലാളികൾ) | 1,81,000 |
| g | കാർപ്പറ്റ് പരിശീലനം (6 മാസം, 40 തൊഴിലാളികൾ) | 5,75,000 (ഇതിൽ 64,000 ഇംപ്ലിമെന്റിങ്ങ് ഏജൻസി വഹിക്കണം.) ഏറ്റവും കൂടിയത് 6,70,000 ലഭിയ്ക്കും |
| h | സെമിനാർ & സിംപോസിയം സംഘടിപ്പിക്കുക | |
| i | റിസേർച്ച് | 5,00,000 |
| j | വെയർ ഹൗസും, കോമൺ വർക്ക് ഷെഡും സ്ഥാപിക്കുക | ഏറ്റവും കൂടിയത് 1,00,000 രൂപ. |
| k | സംരംഭകത വികസന പരിശീലനങ്ങൾ സംഘടിപ്പിക്കുക (20 കരകൗശല തൊഴിലാളികളുടെ ഗ്രൂപ്പിന്) | 2,00,000 രൂപ |

**d ധനപരമായ ഇടപെടൽ**

- മാർജിൻ മണി

  ക്ലസ്റ്റർ ലെവലിലുള്ള കരകൗശല വിദഗ്ദരുടെ കൂട്ടായ്മയ്ക്ക് പ്രവർത്തന മൂലധനം കൊടുക്കുക. ഒരു തൊഴിലാളിക്ക് 4000 രൂപ വച്ച് ഏറ്റവും കൂടിയത് 5,00,000 രൂപ കിട്ടും.

- ക്ലസ്റ്റർ മാനേജർക്കുള്ള കൂലി

  ക്ലസ്റ്ററിന്റെ അനുദിന പ്രവർത്തനങ്ങൾക്കായുള്ള സേവനത്തിന് ഒരു മാസം 2756 രൂപ വച്ച് 60 മാസത്തേക്ക് ലഭിയ്ക്കും.

- ഇംപ്ലിമെന്റിംഗ് ഏജൻസികൾക്കുള്ള നടത്തിപ്പ് ചെലവ്
25 ലക്ഷം രൂപ വരെയുള്ള പദ്ധതികൾ നടപ്പിലാക്കിയവർക്ക് 1 ലക്ഷം രൂപയും, 25 ലക്ഷം രൂപയ്ക്ക് മുകളിൽ പദ്ധതികൾ നടപ്പിലാക്കിയവർക്ക് 1.5 ലക്ഷം രൂപയും ലഭിയ്ക്കും.
- ഗൈഡിംഗ് & മോണിറ്ററിങ്ങ് കൺസൾട്ടൻസി ചാർജ്
കൺസൾട്ടൻസി സർവ്വീസിന് സഹായിക്കുന്ന ആൾക്ക് വർഷത്തിൽ ഒരു ലക്ഷം രൂപ വച്ച് അഞ്ച് വർഷത്തേക്ക് 5 ലക്ഷം രൂപ ധനസഹായം ലഭിയ്ക്കും.
- കരകൗശല തൊഴിലാളികൾക്കായുള്ള ക്രെഡിറ്റ് ഗ്യാരന്റി സ്കീം
ലോൺ തുകയുടെ 75 % ഏറ്റവും കൂടിയത് 18.75 രൂപ ധനസഹായം ലഭിയ്ക്കും.

e **ക്ലസ്റ്ററിന്റെ അടിസ്ഥാന സൗകര്യ വികസനം**

- അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ഉണ്ടണ്ടാക്കുക
രണ്ട് കോടി രൂപ 3 തവണകളിലായി ലഭിയ്ക്കും.
- കോമൺ ഫെസിലിറ്റി സെന്ററുകൾ ഉണ്ടാക്കുക
ഏറ്റവും കൂടിയത് 60 ലക്ഷം രൂപ വരെ ധനസഹായം ലഭിയ്ക്കും.
- AHVY പദ്ധതിയിൽ ഉൾപ്പെടാത്ത കയറ്റുമതിക്കാർക്കും/ സംരംഭകർക്കുമായുള്ള ഫെസിലിറ്റി സെന്ററുകൾ

ഗവൺമെന്റും, കയറ്റുമതിക്കാർ/ സംരംഭകർ 30:70 എന്ന അനുപാതത്തിൽ ചെലവുകൾ വഹിക്കണം. ഏറ്റവും കൂടിയത് 18,00,000 ലക്ഷം രൂപ ഗ്രാന്റായി ഗവൺമെന്റിൽ നിന്നും ലഭിയ്ക്കും.

## നിർവ്വഹണ സ്ഥാപനം

ഓഫീസ് ഓഫ് ദി ഡെവലപ്പ്മെന്റ് കമ്മീഷണർ (ഹാന്റിക്രാഫ്റ്റ്)

## ലക്ഷ്യങ്ങൾ

- **സാമൂഹിക ഇടപെടൽ**

a തിരഞ്ഞെടുത്ത ക്ലസ്റ്ററുകളിൽ ഡയഗ്നോസ്റ്റിക് സ്റ്റഡി നടത്തി ക്ലസ്റ്ററിനെ സുസ്ഥിരമക്കാൻ എന്തെല്ലാം ഘടകങ്ങൾ ആവശ്യമാണെന്ന് പരിശോധിക്കുക.
b ഗുണഭോക്താക്കളെ സംഘടിപ്പിക്കുക, ഗുണഭോക്താക്കളുടെ സ്വയം സഹായ സംഘങ്ങൾ, ത്രിഫ്റ്റ്, ക്രെഡിറ്റ്, പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുക.
c തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുക

- **യന്ത്രവത്കൃത ഇടപെടൽ**

a കരകൗശല തൊഴിലാളികളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ആധുനിക ഉപകരണങ്ങൾ വിതരണം ചെയ്യുക
b വിപണിക്കാവശ്യമുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുക
c നിലവിലുള്ള ക്ലസ്റ്ററിന്റെ അവസ്ഥ മനസ്സിലാക്കുക
d പുതിയ ഉപകരണങ്ങൾ, ഉത്പാദന പ്രക്രിയ തുടങ്ങിയവ വികസിപ്പിക്കുക
e പുതിയ ഉത്പന്നങ്ങളെ ടെസ്റ്റ് മാർക്കറ്റ് ചെയ്യുക

f	പുതിയ ഉത്പന്നങ്ങൾക്കായി പരിശീലനങ്ങൾ സംഘടിപ്പിക്കുക

- **വിപണന ഇടപെടൽ**

a	എക്സിബിഷനുകൾ സംഘടിപ്പിക്കുക
b	ഇന്ത്യക്ക് അകത്തും പുറത്തും കരകൗശല ഉത്പന്നങ്ങളെ കുറിച്ച് ബോധവത്കരണം നടത്തുക.
c	വിൽപ്പന കേന്ദ്രങ്ങൾ സ്ഥാപിക്കുക
d	ഇതേ ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന മറ്റ് സ്ഥലങ്ങൾ സന്ദർശിക്കുക.
e	ഉൽപ്പന്നങ്ങൾക്കും അസംസ്കൃത വസ്തുക്കൾക്കും സ്റ്റോറേജ് സ്ഥലം ലഭ്യമാക്കുക.
f	സംരംഭകത്വ ഗുണങ്ങൾ വളർത്തുന്നതിന് വേണ്ടണ്ടി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

- **ധനപരമായ ഇടപെടൽ**

a	പ്രവർത്തന മൂലധന സഹായങ്ങൾ
b	നിർവ്വഹണ സ്ഥാപനങ്ങൾക്ക് ക്ലസ്റ്ററിൽ ജോലി ചെയ്യുന്നതിന് സർവ്വീസ് ചാർജ് നൽകുക.
c	ക്ലസ്റ്റർ മാനേജർമാർക്ക് വേജ് കോപൻസേഷൻ നൽകുക.
d	കരകൗശല തൊഴിലാളികൾക്ക് ഇടനിലക്കാരന്റെ സഹായമില്ലാതെ ലോൺ കിട്ടുന്നതിനുള്ള സംവിധാനമുണ്ടാക്കുക.

- **അടിസ്ഥാന സൗകര്യ വികസനം**

a	ഗുണമേൻമയുള്ള അസംസ്കൃത വസ്തുക്കൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുക
b	കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുക
c	റോ മെറ്റീരിയൽ ബാങ്ക് സ്ഥാപിക്കുക
d	കയറ്റുമതിക്കാർക്കും , സംരംഭകർക്കും ഉയർന്ന യന്ത്ര സൗകര്യങ്ങൾ നൽകുക.

## ഗുണഭോക്താക്കൾ

- NGOs , സഹകരണ സ്ഥാപനങ്ങൾ, ട്രസ്റ്റ്സ്
- പ്രശസ്തമായ സ്ഥാപനങ്ങൾ:- യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ്സ്, DRDAs, EDIs മുതലായവ
- കേന്ദ്ര സംസ്ഥാന കൈത്തറി/ കരകൗശല വികസന കോർപ്പറേഷൻ
- NGO ഫെഡറേഷൻ, അപെക്സ് സൊസൈറ്റി, SHG കൺസോർഷ്യം , സംരംഭക കൺസോർഷ്യം, കയറ്റുമതിക്കാർ
- സെക്ഷൻ 25 കംപനി ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ

## ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ

a	സാമൂഹിക ഇടപെടൽ

- ഡയഗ്നോസ്റ്റിക് സ്റ്റഡി നടത്തുക
- പ്രൊജക്ട് റിപ്പോർട്ട് ഉണ്ടാക്കുക
- കരകൗശല തൊഴിലാളികളുടെ സ്വയം സഹായ സംഘങ്ങൾ ഉണ്ടാക്കുക.

- പദ്ധതിയുടെ കീഴിൽ വരുന്ന കരകൗശലക്കാർക്ക് ഐഡന്റിറ്റി കാർഡ് നൽകുക

**b** **യന്ത്രപരമായ ഇടപെടൽ**

ആധുനിക ഉപകരണങ്ങളുടെ വികസനവും വിതരണവും

- ഡിസൈൻ, ടെക്നോളജി ഡെവലപ്പ്മെന്റ് എന്നിവയുടെ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക
- റിസേർച്ചുകൾ സംഘടിപ്പിക്കുക

**c** **വിപണന ഇടപെടൽ**

- എക്സിബിഷൻ സംഘടിപ്പിക്കുക
- പരസ്യങ്ങൾ കൊടുക്കുക
- വിൽപ്പന കേന്ദ്രങ്ങൾ സ്ഥാപിക്കുക
- മറ്റ് ക്ലസ്റ്ററുകൾ സന്ദർശിക്കുക/പഠനയാത്രകൾ സംഘടിപ്പിക്കുക
- വെയർ ഹൗസിംഗ് ഫെസിലിറ്റിയും പൊതുവായ വർക്ക് ഷെഡും ഉണ്ടാക്കുക
- സംരംഭകത്വ വികസന പരിപാടികൾ സംഘടിപ്പിക്കുക

**d** **ധനപരമായ ഇടപെടൽ**

- മാർജിൻ മണി സഹായം നൽകുക
- ക്ലസ്റ്റർ മാനേജർക്ക് വേജ് കോംപൻസേഷൻ നൽകുക.
- നിർവ്വഹണ സ്ഥാപനങ്ങൾക്ക് സർവ്വീസ് ചാർജ് നൽകുക
- ആവശ്യക്കാർക്ക് വേണ്ടണ്ട നിർദ്ദേശങ്ങളും സംവിധാനങ്ങളും നൽകുക
- കരകൗശല തൊഴിലാളികൾക്ക് ക്രെഡിറ്റ് ഗ്യാരന്റി പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുക

**e** **ക്ലസ്റ്ററിന്റെ അടിസ്ഥാന സൗകര്യ വികസനം**

- റോ മെറ്റീരിയൽ ബാങ്ക് സ്ഥാപിക്കുക
- കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക
- AHVY പദ്ധതിയിൽ ഉൾപ്പെടാത്തവർക്കും ഉന്നതനിലവാരമുള്ള യന്ത്ര സംവിധാന സൗകര്യങ്ങൾ ഒരുക്കി കൊടുക്കുക.

## നിർവ്വഹണ സംവിധാനങ്ങൾ

AHVY പദ്ധതിയിലുൾപ്പെടുന്നതിന് വേണ്ടി ഓഫീസ് ഓഫ് ഡെവലപ്പ്മെന്റ് കമ്മീഷണറിന്റെ (ഹാന്റിക്രാഫ്റ്റ്സ്) അംഗീകാരം കിട്ടിയ സ്ഥാപനങ്ങളിലൂടെയാണ് ഈ പദ്ധതി നിർവ്വഹിക്കുന്നത്. ഗുണഭോക്താക്കളായ കരകൗശല തൊഴിലാളികളെ ഈ സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുന്നു.

## തദ്ദേശ സ്ഥാപനങ്ങളുടെ പങ്ക്

- കരകൗശല മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള ആൾക്കാരെ കണ്ടണ്ടുപിടിച്ച് ഈ പദ്ധതിയുടെ പരിധിയിൽ കൊണ്ടണ്ടുവരിക.
- പദ്ധതി നടത്തുന്ന നിർവ്വഹണ സ്ഥാപനങ്ങളുമായി ആളുകളെ ബന്ധപ്പെടുത്തിക്കൊടുക്കുക.

- പദ്ധതിയുടെ ക,ര്യക്ഷമമായ നടത്തിപ്പിന് ഓരോ ഘട്ടത്തിലും ഇടപെടുക.
- പദ്ധതി പ്രവർത്തനം ഗ്രാമസഭ ചർച്ചയ്ക്ക് വിധേയമാക്കണം

### പദ്ധതി സംയോജനം

പ്രവർത്തനങ്ങൾ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പദ്ധതി രേഖയിൽ ഉൾപ്പെടുത്തുക. മറ്റ് സ്വയംതൊഴിൽ പദ്ധതികളുമായി സംയോജിപ്പിക്കുക.

## സ്കീം – മിനിസ്ട്രി ഓഫ് ഫുഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രീസ്

### 12. പദ്ധതിയുടെ പേര് : ഭക്ഷ്യസംസ്കരണ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം

### 1. ആമുഖം

അടിസ്ഥാന സൗകര്യമില്ലായ്മയാണ് കാർഷിക/ഭക്ഷ്യ മേഖലകളിലെ ഏറ്റവും പ്രധാന പ്രശ്നം. ഇതിനു പരിഹാരമായി മിനിസ്ട്രി ഓഫ് ഫുഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രീസ് മൂന്ന് പദ്ധതികൾക്ക് രൂപം കൊടുത്തു.

- മെഗാ ഫുഡ് പാർക്ക്
- കശാപ്പുശാലകളുടെ ആധുനിക വത്കരണം
- കോൾഡ് ചെയിൻ(ശീതികരണ ശൃംഖല), വാല്യൂ അഡിഷൻ (മൂല്യവർദ്ധന ഉത്പന്നങ്ങൾ), ഭക്ഷണ സാധനങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ

### 2. ഫണ്ട്

- മെഗാഫുഡ് പാർക്ക്
  ഏറ്റവും കൂടിയത് 50 കോടി രൂപ അല്ലെങ്കിൽ പദ്ധതി ചെലവിന്റെ 50% ആണ് ഒരു മെഗാ ഫുഡ് പാർക്ക് തുടങ്ങുവാനായി ലഭിയ്ക്കുന്നത്.
- ഫുഡ് പാർക്ക്
  ഏറ്റവും കൂടിയത് 4 കോടി രൂപ അല്ലെങ്കിൽ പദ്ധതി ചെലവിന്റെ 25% ആണ് ഒരു ഫുഡ് പാർക്ക് തുടങ്ങുവാനായി ലഭിയ്ക്കുന്നത്.
- കോൾഡ് ചെയിൻ(ശീതികരണ ശൃംഖല), വാല്യൂ അഡിഷൻ(മൂല്യവർദ്ധന ഉത്പന്നങ്ങൾ),ഭക്ഷണ സാധനങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള പദ്ധതി.
  യന്ത്ര സംവിധാനങ്ങൾക്കും ഉപകരണങ്ങൾക്കുമായി വേണ്ടി വരുന്ന തുകയുടെ 50% അല്ലെങ്കിൽ ഏറ്റവും കൂടിയത് 10 ലക്ഷം രൂപ.
- കശാപ്പുശാലകളുടെ ആധുനിക വത്കരണം
  പദ്ധതി ചെലവിന്റെ 50% അല്ലെങ്കിൽ ഏറ്റവും കൂടിയത് 15 കോടി രൂപ ഓരോ പ്രൊജക്ടിനും ലഭിയ്ക്കുന്നതാണ്.

### 3. നിർവ്വഹണ സ്ഥാപനം

മിനിസ്ട്രി ഓഫ് ഫുഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രീസ്.

### 4. ലക്ഷ്യങ്ങൾ

**മെഗാഫുഡ് പാർക്ക് :**

- രാജ്യത്തെ തിരഞ്ഞെടുത്ത ക്ലസ്റ്ററുകളിൽ ഫുഡ് പ്രോസസ്സിംഗ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക.
- കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധന പ്രോത്സാഹിപ്പിക്കുക.
- ഓരോ ക്ലസ്റ്ററിലും അസംസകൃത വസ്തുക്കളുടെ ലഭ്യത ഉറപ്പു വരുത്തുക.
- പുതിയ സാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കുക.

**കോൾഡ് ചെയിൻ(ശീതികരണ ശൃംഖല), വാല്യൂ അഡിഷൻ(മൂല്യവർദ്ധന ഉത്പന്നങ്ങൾ),ഭക്ഷണ സാധനങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള പദ്ധതി:**

- സമഗ്രമായ അടിസ്ഥാന സ്യകര്യങ്ങൾ ഒരുക്കി കൊടുക്കുക
- ഉത്പാദകരെ വിപണിയുമായി സ്ഥിരമായി ബന്ധപ്പെടുത്തി കൊടുക്കുക.

**കശാപ്പുശാലകളുടെ നവീകരണം:**

- കശാപ്പുശാലകളിലെ മാലിന്യങ്ങൾ നല്ല രീതിയിൽ സംസ്കരിക്കുക
- കശാപ്പ് ശാലകളുടെ അടിസ്ഥാന സൗകര്യ വികസനം

## 5. ഗുണഭോക്താക്കൾ:

- **മെഗാഫുഡ് പാർക്ക് :**

  തിരഞ്ഞെടുത്ത ക്ലസ്റ്ററുകൾ

- **കോൾഡ് ചെയിൻ(ശീതികരണ ശൃംഖല), വാല്യൂ അഡിഷൻ(മൂല്യവർദ്ധന ഉത്പന്നങ്ങൾ),ഭക്ഷണ സാധനങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള പദ്ധതി.**

  പ്രൈവറ്റ്/പബ്ലിക് സ്ഥാപനങ്ങൾ

- **കശാപ്പുശാലകളുടെ നവീകരണം**

  PPP മോഡലിലാണ് നടപ്പിലാക്കുന്നത്.

## 6 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

- കശാപ്പുശാലകളിലെ മാലിന്യ നിർമ്മാർജ്ജന പരിപാടി ഈ പദ്ധതിയുമായി ചെയ്യുക
- കശാപ്പുശാലകളുടെ ആധുനിക വത്കരണത്തിനുള്ള പരിപാടി പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുക.
- സ്ഥാപനങ്ങളെ സ്കീമിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട അവബോധവും അറിവും പ്രദാനം ചെയ്യുക.
- സ്കീമിൽ ഉൾപ്പെടുത്താവുന്ന എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി എന്ന് ഉറപ്പ് വരുത്തുക.
- ഗ്രാമസഭകളിൽ സ്കീം ചർച്ചയ്ക്കും അവലോകനത്തിനും വിധേയമാക്കുക.

## 7 പദ്ധതി സംയോജനം

തദ്ദേശസ്വയംഭരണസ്ഥാപനത്തിനുള്ളിലെ ഭക്ഷ്യസംസ്കരണ സ്ഥാപനങ്ങൾ പദ്ധതി

ആസൂത്രണത്തിൽ ചർച്ചയ്ക്ക് വിധേയമാക്കണം. തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ അനിവാര്യമായ ചുമതലകൾ സ്കീമുമായി ബന്ധപ്പെടുത്തി വിടവ് നികത്തുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുക.

## 13. പദ്ധതിയുടെ പേര് : മനുഷ്യശക്തി വികസനം (Human Resource Development)

### 1. ആമുഖം

വളർന്ന് വികസിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യവസായമാണ് ഫുഡ് പ്രോസസ്സിംഗ് അതുകൊണ്ട് തന്നെ പരിശീലനം സിദ്ധിച്ച വിദഗ്ദരായ പരിശീലകരും, സംരംഭകരും, സാങ്കേതിക വിദഗ്ദരും വിദഗ്ദ ജോലിക്കാരുമൊക്കെ ഉണ്ടാവേണ്ടത് ഈ വ്യവസായത്തിന്റെ ആവശ്യമാണ്. ഗ്രാമങ്ങളിലേക്കും ഭക്ഷ്യ സംസ്കരണ വ്യവസായം വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണ് മനുഷ്യശക്തി വികസനം. ഇതിന് പ്രധാനമായും രണ്ട് ഘടകങ്ങളുണ്ട്.

- ഫുഡ് പ്രോസസ്സിംഗ് & ട്രെയിനിംഗ് സെന്റർ
- സംരംഭകത്വ വികസന പരിപാടി(ഇ.ഡി.പി)(പരിശീലന കാലയളവ്- ആറാഴ്ച, പരിശീലനാർത്ഥികൾ- 25)

### 2. ഫണ്ട്

- ഫുഡ് പ്രോസസ്സിംഗ് & ട്രെയിനിംഗ് സെന്റർ

യന്ത്രസംവിധാനങ്ങളും ഉപകരണങ്ങളും വാങ്ങാൻ 4 ലക്ഷം രൂപയും പ്രവർത്തന മൂലധനമായി 2 ലക്ഷം രൂപയും ഒരു ഫുഡ് പ്രോസസ്സിംഗ് & ട്രെയിനിംഗ് സെന്റർ തുടങ്ങാനായി ലഭിയ്ക്കും.

- ഇ.ഡി.പി

ഒരു ഇ.ഡി.പി യ്ക്ക് രണ്ട് ലക്ഷം രൂപ

### 3. നിർവ്വഹണ സ്ഥാപനം

മിനിസ്ട്രി ഓഫ് ഫുഡ് പ്രോസസ്സിംഗ്

### 4. ലക്ഷ്യങ്ങൾ

1. ഫുഡ് പ്രോസസ്സിംഗ് & ട്രെയിനിംഗ് സെന്റർ

   - ഗ്രാമീണ സംരംഭകത്വം(റൂറൽ എന്റർപ്രണേർഷിപ്പ്) പ്രോത്സാഹിപ്പിക്കുക
   - ഗ്രാമീണ മേഖലയിൽ ലഭ്യമായിട്ടുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് സംരംഭങ്ങൾ വളർത്തിയെടുക്കുക.

2. ഇ.ഡി.പി.(ആറാഴ്ച നീണ്ട്

   - പരിശീലനാർത്ഥികളെ ഭക്ഷ്യമേഖലയിൽ അധിഷ്ഠിതമായ വ്യവസായങ്ങൾ തുടങ്ങാൻ പ്രാപ്തമാക്കുക.

5. ഗുണഭോക്താക്കൾ

- ഫുഡ് പ്രോസസ്സിംഗ് & ട്രെയിനിംഗ് സെന്റർ
  കേന്ദ്ര,സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങൾ, പരിശീലന സ്ഥാപനങ്ങൾ, ഐ.ടിഐ, എൻ.ജി.ഒ, സഹകരണ സ്ഥാപനങ്ങൾ

- ഇ.ഡി.പി.

കേന്ദ്ര/സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങൾ,റിസേർച്ച് വികസന സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റീസ്, എൻ.ജി.ഒ

**6 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്**

- പഞ്ചായത്ത് അടിസ്ഥാനത്തിൽ ഫുഡ് പ്രോസസ്സിംഗ് & ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുക.
- മറ്റ് സ്ഥലങ്ങളിൽ വച്ച് നടത്തുന്ന പരിശീലനങ്ങളിൽ പങ്കെടുക്കുവാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുക.
- ഇതുമായി ബന്ധപ്പെട്ട സ്വയംതൊഴിൽ അപേക്ഷകരെ മുഴുവൻ പരിശീലനം നൽകി പ്രാപ്തരാക്കുക.
- ഗ്രമസഭയിൽ ചർച്ചയ്ക്ക് വിധേയമാക്കുക.

**7 പദ്ധതിസംയോജനം**

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സ്വയംതൊഴിൽ പദ്ധതിയുമായി ടി. സ്കീം സംയോജിപ്പിക്കണം.

## സ്കീം – മിനിസ്ട്രി ഓഫ് ടെക്സ്റ്റയിൽസ്

## 14. പദ്ധതിയുടെ പേര് : സമഗ്രമായ വൈദഗ്ദ്യ വികസന പദ്ധതി (Integrated skill Development scheme for the textiles and apparel sector including jute & Handicrafts)

**1. ആമുഖം**

തുണിവ്യവസായത്തിലെ വിദഗ്ദ തൊഴിലാളികളുടെ കുറവ് നികത്തുന്നതിന് വേണ്ടി കൂടുതൽ പരിശീലനം നൽകി കൂടുതൽ ആളുകളെ തുണി വ്യവസായത്തിലേക്ക് ആകർഷിപ്പിക്കുകയണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്.

**2. ഫണ്ട്:**

239.70 കോടി രൂപ 2 വർഷത്തെ വിദഗ്ദ പരിശീലനത്തിനായി മാറ്റി വച്ചിരിക്കുന്നു.

**3. നിർവ്വഹണ സ്ഥാപനം:**

ടെക്സ്റ്റൈൽ മന്ത്രാലയം

**4. ലക്ഷ്യങ്ങൾ**

- കൂടുതൽ ആൾക്കാരെ ഈ വ്യവസായത്തിലേക്ക് ആകർഷിച്ച് വ്യവസായത്തെ കൂടുതൽ മത്സരാധിഷ്ഠിതമാക്കുക.
- വ്യവസായത്തിന്റെ ആവശ്യത്തിന് അനുസരിച്ച് ആൾക്കാരെ പരിശീലിപ്പിച്ചെടുക്കുക.
- മികച്ച പരിശീലകരുടെ കൂട്ടായ്മ ഉണ്ടാക്കുക.

## 5. ഗുണഭോക്താക്കൾ

5 വർഷം കൊണ്ട് 26.75 ലക്ഷം പേർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു.

## 6. ഈ പദ്ധതിയുടെ കീഴിൽ വരുന്ന വ്യവസായങ്ങൾ

- തുണി
- കരകൗശലം
- കൈത്തറി
- ചണം
- പട്ടുനൂൽ പുഴു വളർത്തൽ

## 7. ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ

ഓരോ വ്യവസായ മേഖലയ്ക്കും ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കാം.

താഴെ പറയുന്ന പ്രധാനപ്പെട്ട പരിശീലന പരിപാടികളാണ് ഈ പദ്ധതി വഴി നടപ്പിലാക്കുക

- അടിസ്ഥാനപരിശീലനം
- വൈദഗ്ദ്യ വികസന പരിശീലനം
- പുതിയ സാങ്കേതികവിദ്യകളെ കുറിച്ചുള്ള പരിശീലനം
- പരിശീലകർക്കായുള്ള പരിശീലനം
- മാനേജ്മെന്റ് വൈദഗ്ദ്യം
- സംരംഭകത്വ വികസനം

## 8. നിർവ്വഹണ സംവിധാനങ്ങൾ

നിലവിൽ ടെക്സ്റ്റൈൽ മന്ത്രാലയവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും ജജജ മാതൃകയിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തവും ഈ പദ്ധതി നടപ്പിൽ വരുത്താൻ ഉപയോഗിക്കുന്നു.

## 9. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

- പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ള ആളുകളെ കണ്ടുപിടിച്ച് പരിശീലനം കൊടുക്കുന്ന സ്ഥാപനവുമായി ബന്ധപ്പെടുത്തി കൊടുക്കുക.
- പദ്ധഹളയുടെ കാര്യക്ഷമമായ നടത്തിപ്പിന് വേണ്ടി ഓരോ ഘട്ടത്തിലും ഇടപെടുക.
- പരിശീലനം കഴിഞ്ഞവർക്ക് ഈ മേഖലയിലെ തൊഴിൽ ദാതാക്കളുടെ വിവരം നൽകുക
- ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കുക

## 10. പദ്ധതി സംയോജന സാധ്യതകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയംതൊഴിൽ പദ്ധതികളുമായി ടി.സ്കീം

സംയോജിപ്പിക്കണം.

## 15. പദ്ധതിയുടെ പേര് : സമഗ്രമായ ടെക്സ്റ്റൈൽ പാർക്കിനുള്ള പദ്ധതി (scheme for integrated textile park)

### 1. ആമുഖം

അപ്പാരൽ പാർട്ട് ഫോർ എക്പോർട്ട് സ്കീം (APES) ഉും ടെക്സ്റ്റൈൽസ് സെന്റർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് സ്കീം (TCIDS) ഉും സംയോജിപ്പിച്ചാണ് സമഗ്രമായ ടെക്സ്റ്റൈൽ പാർക്കിനുള്ള പദ്ധതി രൂപപ്പെട്ടത്.

### 2. ഫണ്ട്

പദ്ധതി തുകയുടെ 40% അല്ലെങ്കിൽ 40 കോടി രൂപ.

### 3. നിർവ്വഹണ സ്ഥാപനം

ടെക്സ്റ്റൈൽസ് മന്ത്രാലയം

### 4. ലക്ഷ്യം

തുണി നിർമ്മാണ യൂണിറ്റുകൾക്ക് ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൊടുക്കുകയാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്.

### 5. ഗുണഭോക്താക്കൾ

പദ്ധതി വഴി വളരാൻ സാധ്യതയുള്ള വ്യവസായ ക്ലസ്റ്റർ/ പ്രദേശങ്ങളെയാണ് പരിഗണിക്കുന്നത്. ഓരോ ഇൻഡസ്ട്രിയൽ പാർക്കിലും ഏറ്റവും ചുരുങ്ങിയത് 50 യൂണിറ്റെങ്കിലും ഉണ്ടായിരിക്കണം. ഓരോ ഇൻഡസ്ട്രിയൽ പാർക്കിലുംഓരോ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രജിസ്റ്റർ ചെയ്യും. ഗ്രാന്റ് ലഭിയ്ക്കുന്നത് ടജഢക്കായിരിക്കും.

### 6. പ്രവർത്തനങ്ങൾ

ഓരോ പാർക്കിലേയും സംരംഭകരുടെ എണ്ണവും പദ്ധതി നിക്ഷേപവും, ഓരോ പദ്ധതിയിലുംവ്യത്യാസമായിരിക്കും. ആകെ എല്ലാ സംരംഭകരുടേയും ഭൂമിയ്ക്കും കെട്ടിടത്തിനും യന്ത്രസംവിധാനത്തിനും ചെലവിടുന്ന തുക എപ്പോഴും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള തുകയുടെ ഇരട്ടിയായിരിക്കണം.

### 7. നിർവ്വഹണ സംവിധാനം

പദ്ധതി നടത്തിപ്പിൽ വരുത്തുന്നതിനായി ടെക്സ്റ്റൈൽസ് മന്ത്രാലയം പ്രൊഫഷണൽ ഏജൻസികളെ തിരഞ്ഞെടുത്ത് പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടൻസായി നിയമിക്കുന്നു. പദ്ധതികളുടെ വേഗത്തിലുള്ള നിർവ്വഹണം നടത്തേണ്ടത് ഈ പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടൻസാണ്. പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിന്റെ മറ്റു ചുമതലകൾ താഴെ പറയുന്നവയാണ്.

- പാർക്കുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ തിരഞ്ഞെടുക്കുക
- SPV രൂപീകരിക്കുന്നതിന് നേതൃത്വം വഹിക്കുക
- പാർക്കിന് വേണ്ടിയുള്ള ബിസിനസ്സ് പ്ലാൻ ഉണ്ടാക്കുക.
- പ്രൊജക്ടിന്റെ നടത്തിപ്പിനായി SPVക്ക് മറ്റ് ഏജൻസികളുമായുള്ള

സഹകരണം ഉറപ്പാക്കുക.

- പ്രവർത്തിക്കാനാവശ്യമായ ആക്ഷൻ പ്ലാൻ ഉണ്ടാക്കുക
- ധനകാര്യ ആവശ്യങ്ങൾ നേടുന്നതിന് ടജഢയെ  സഹായിക്കുക.
- പ്രോഗ്രസ്സ് റിപ്പോർട്ടുകൾ ടെക്സ്റ്റൈൽ മന്ത്രാലയത്തിന് സമർപ്പിക്കുക.
- പദ്ധതിയുടെ സമയ ബന്ധിതമായ നടത്തിപ്പ് ഉറപ്പു വരുത്തുക

## 8. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

- പദ്ധതികൾക്ക് വേണ്ട സ്ഥലം തിരഞ്ഞെടുത്ത് കൊടുക്കുക
- പദ്ധതികൾക്ക് വേണ്ട ലൈസൻസുകൾ, പെർമിറ്റുകൾ തുടങ്ങിയവ ശരിയാക്കി കൊടുക്കുക
- അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, റോഡ്, വെള്ളം തുടങ്ങിയവക്കുള്ള അംഗീകാരം വേഗത്തിൽ ശരിയാക്കി കൊടുക്കുക.
- പദ്ധതികൾക്ക് വേണ്ട മനുഷ്യവിഭവം പ്രദാനം ചെയ്യുക
- അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക.

## 9. പദ്ധതിയുമായുള്ള സംയോജനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയംതൊഴിൽ പദ്ധികളുമായി സംയോജിപ്പിക്കണം

# 16. പദ്ധതിയുടെ പേര് : ടെക്സ്റ്റൈൽസ് വർക്കേഴ്സ് റിഹാബിലിറ്റേഷൻ ഫണ്ട് സ്കീം

## 1. ആമുഖം

ടെക്സ്റ്റൈൽസ് യൂണിറ്റ് ഏതെങ്കിലും കാരണത്താൽ അടച്ചു പൂട്ടുകയാണെങ്കിൽ അർഹരായ തൊഴിലാളികൾക്ക് വേറൊരു ജോലി കിട്ടുന്നതു വരെ അവരുടെ കൂലിയ്ക്ക് സമാനമായ തുക കൊടുത്ത് അവരെ സഹായിക്കാനായി രൂപപ്പെടുത്തിയ ഫണ്ടാണിത്.

## 2. റിലീഫ് ഫണ്ട്  (ആശ്വാസ നിധി)

മൂന്ന് വർഷത്തേക്കാണ് ഈ ഫണ്ട് ലഭിയ്ക്കുന്നത്.

ആദ്യ വർഷത്തിൽ ഒരു വർഷത്തെ കൂലിയുടെ 75% ഉം രണ്ടാമത്തെ വർഷത്തിൽ ഒരു വർഷത്തെ കൂലിയുടെ 50% ഉം മൂന്നാമത്തെ വർഷത്തിൽ ഒരു വർഷത്തെ കൂലിയുടെ 25% ആണ് ലഭിയ്ക്കുന്നത്.

## 3. നിർവ്വഹണ സ്ഥാപനം

ഓഫീസ് ഓഫ് ടെക്സ്റ്റൈൽസ് കമ്മീഷണർ ഇതിന്റെ റീജിയണൽ ഓഫീസുകളിൽ കൂടിയും മറ്റ് സ്റ്റേറ്റ് ഗവൺമെന്റ് സ്ഥാപനങ്ങൾ, പ്രൊവിഡന്റ് ഫണ്ട് ഓഫിസുകൾ, ട്രേഡ് യൂണിയൻ ഓഫിസുകൾ , ബാങ്ക് എന്നിവരുടെ സഹകരണത്തിൽ കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ജോലിക്കാരെ കുറിച്ചുള്ള വിവരങ്ങൾ ടെക്സ്റ്റൈൽസ് ഉടമകളിൽ നിന്നോ/ പ്രൊവിഡന്റ് ഫണ്ട് ഓഫീസിൽ നിന്നോ ശേഖരിച്ച് അർഹമായവരുടെ ലിസ്റ്റുണ്ടാക്കി ടെക്സ്റ്റൈൽസ് കമ്മീഷണറുടെ റീജിയണൽ ഓഫീസിൽ സമർപ്പിക്കുന്നു. റീജിയണൽ ഓഫീസിൽ നിന്നും അപേക്ഷകൾ വിശദമായി പരിശോധിച്ച് അർഹമായവർക്ക് ബാങ്ക് അക്കൗണ്ടിലേക്ക് അയച്ചു കൊടുക്കുന്നു.

### 4. ഗുണഭോക്താക്കൾ:

അഞ്ച് വർഷമോ അതിൽ കൂടുതലോ തുടർച്ചയായി ഒരു സ്ഥാപനത്തിൽ ജോലി ചെയ്തിട്ടുള്ള 3500 / അതിൽ താഴെയോ ശമ്പളമുള്ള PFൽ അംഗമായവർക്കാണ് ഈ ആനുകൂല്യം ലഭിയ്ക്കുക.

### 5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

- അർഹരായ ആളുകൾക്ക് സഹായമെത്തിച്ച് കൊടുക്കുക.
- ജോലി നഷ്ടപ്പെട്ട ആൾക്കാർക്ക് പഞ്ചായത്തിന്റെ മറ്റ് പദ്ധതികൾക്കുൾപ്പെടുത്തി ജോലി ഉറപ്പു വരുത്തുക.

### 6. പദ്ധതിയുമായുള്ള സംയോജനം

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സ്വയംതൊഴിൽ പദ്ധതികൾ ഇവർക്കായി സംയോജി പ്പിക്കുക.

## കയർ ബോർഡ്

കയർ വ്യവസായത്തിന്റെ ഉന്നതിക്കും വികസനത്തിനുമായി കയർ ഇൻഡസ്ട്രീസ് ആക്ട്, 1953 അനുസരിച്ച് ഇൻഡ്യ ഗവൺമെന്റ് രൂപം കൊടുത്ത സ്റ്റാറ്റ്യൂട്ടറി ബോഡിയാണ് കയർ ബോർഡ്. കയർ വികസനത്തിനായി കയർ ബോർഡ് ധാരാളം പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. പ്രധാനപ്പെട്ട പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു.

## 17.. പദ്ധതിയുടെ പേര് : റിജുവനേഷൻ, മോഡേണൈസേഷൻ ആന്റ് ടെക്നോളജി അപ്പ്ഗ്രഡേഷൻ ഓഫ് ട്രഡിഷണൽ ഇൻഡസ്ട്രീസ് (റിമോട്ട്) (പരമ്പരാഗത വ്യവസായങ്ങളുടെ പുനർജീവനത്തിനും ആധുനിക വത്കരണം, യന്ത്രവത്കരണം എന്നിവയ്ക്കായി തുടങ്ങിയ പദ്ധതി)

### 1. ആമുഖം

കയർ മേഖലയുടെ പുനരുദ്ധാരണത്തിനായി 2007-2008 വർഷത്തിലാണ് ഈ പദ്ധതി പ്രവർത്തനം ആരംഭിച്ചത്. കയർപിരി മേഖലയിലും, ചെറുകിട കയർ നെയ്തുകാർക്കും പുതിയ യന്ത്ര തറികളും ആധുനീക സജ്ജീകരണങ്ങളും തയ്യാറാക്കി കൊടുത്ത് കയർ മേഖലയെ സുസ്തിരമാക്കാനാണ് ഈ പദ്ധതി പ്രധാനമായും ലക്ഷ്യമിടുന്നത്. കൂടാതെ വർഷം മുഴുവൻ അസംസ്കൃത സാധനങ്ങൾ കയർതൊഴിലാളികൾക്ക് കൊടുത്ത് വർഷം മുഴുവൻ കയറിന്റെ ലഭ്യത ഉറപ്പുവരുത്താൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

### 2. സാമ്പത്തിക സഹായം

ഈ പദ്ധതി പ്രകാരം കയർപിരി യൂണിറ്റുകൾക്കും, ചെറുകിട നെയ്ത്ത് യൂണിറ്റുകൾക്കുമാണ് സാമ്പത്തിക സഹായം നൽകുന്നത്.

- കയർപിരി യൂണിറ്റുകൾ:

എട്ട് പേരടങ്ങിയ കയർ തൊഴിലാളികളുടെ സ്വയം സഹായ സംഘങ്ങൾക്കാണ്

പദ്ധതി സഹായം ലഭിക്കുന്നത്. ഏറ്റവും കുറഞ്ഞത് 2 സെന്റ് സ്ഥലം സ്വന്തമായി ഉള്ളതിന്റെ രേഖയോ അല്ലെങ്കിൽ 10 വർഷത്തേക്ക് പാട്ടക്കരാർ തയ്യാറാക്കിയതിന്റെ പകർപ്പോ അപേക്ഷയോടൊപ്പം സമർപ്പിക്കണം. ഏറ്റവും കൂടിയത് 80,000 രൂപ അല്ലെങ്കിൽ ആകെ പദ്ധതി ചെലവിന്റെ 40% ഒരു യൂണിറ്റിന് സബ്സിഡിയായി ലഭിയ്ക്കും.

- **ചെറുകിട നെയ്ത്ത് യൂണിറ്റുകൾ :**

ആറ് പേരടങ്ങിയ കയർ തൊഴിലാളികളുടെ സ്വയം സഹായ സംഘത്തിന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുവാനാണ് ഈ പദ്ധതി വഴി ധനസഹായം ലഭിക്കുന്നത്. ഏറ്റവും കുറഞ്ഞത് 3 സെന്റ് സ്ഥലം സ്വന്തമായി ഉള്ളതിന്റെ രേഖയോ അല്ലെങ്കിൽ 10 വർഷത്തേക്ക് പാട്ടക്കരാർ തയ്യാറാക്കിയതിന്റെ പകർപ്പോ അപേക്ഷയോടൊപ്പം സമർപ്പിക്കണം. പദ്ധതി ചെലവിന്റെ 40% അല്ലെങ്കിൽ 2,00,000 രൂപയാണ് ഈ പദ്ധതി പ്രകാരം ലഭിയ്ക്കുക.

## 3. നിർവ്വഹണ സ്ഥാപനം

കയർബോർഡാണ് ഈ പദ്ധതിയുടെ നിർവ്വഹണ സ്ഥാപനം. പദ്ധതി നടത്തിപ്പിനായി ഒരു പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. യന്ത്രങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾക്കായി കയർ ബോർഡിന്റെ റിസേർച്ച് സെന്ററുകളെ സമീപിക്കാവുന്നതാണ്. ഈ പദ്ധതി മോണിറ്ററിങ്ങ് ചെയ്യുന്നത് കയർബോർഡ് തന്നെയാണ്.

## 4. ലക്ഷ്യങ്ങൾ

- കയർപിരി/ നെയ്ത്ത് മേഖലയിൽ ആധുനിക യന്ത്ര സംവിധാനങ്ങളുപയോഗിച്ച് കയർ വ്യവസായത്തെ ആധുനീകവത്കരിക്കുക.
- ഉത്പാദനക്ഷമതയും, ഗുണമേൻമയും വർദ്ധിപ്പിക്കാൻ നിലവിലുള്ള ഉത്പാദന രീതി മെച്ചപ്പെടുത്തുക.
- കാര്യക്ഷമതയും ഉത്പാദനക്ഷമതയും വർദ്ധിപ്പിച്ച് കയർപിരി/ നെയ്ത്ത് മേഖലയിലെ തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുക.
- തൊണ്ടിന്റെ ഉപയോഗം വർദ്ധിപ്പിക്കുക
- ഗ്രാമീണ മേഖലയിൽ കയറിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

## 5. ഗുണഭോക്താക്കൾ

| | | |
|---|---|---|
| കയർപിരി യൂണിറ്റുകൾ | : | എട്ട് പേരടങ്ങിയ കയർ തൊഴിലാളികളുടെ സ്വയംസഹായ സംഘം |
| ചെറുകിട നെയ്ത്ത് യൂണിറ്റുകൾ | : | ആറ് പേരടങ്ങിയ കയർ തൊഴിലാളികളുടെ സ്വയംസഹായ സംഘം |

അപേക്ഷകർ കയർബോർഡിലും ബാങ്കിലും അപേക്ഷ സമർപ്പിക്കേണ്ടതാണ്. സ്റ്റിയറിങ്ങ് കമ്മിറ്റി(സ്റ്റിയറിങ്ങ് കമ്മിറ്റി അംഗങ്ങൾ-കയർ ബോർഡ് ചെയർമാൻ, കയർ ബോർഡ് സെക്രട്ടറി, ബാങ്ക് പ്രതിനിധി, സംസ്ഥാന ഗവൺമെന്റ് പ്രതിനിധി, കയർ പിരി/നെയ്ത്ത് മേഖലയിലുള്ള രണ്ട് പ്രതിനിധികൾ, കയർ ബോർഡ് ജോയിന്റ് ഡയറക്ടർ(പ്ലാനിംഗ്)) പരിശോധിച്ച് അർഹരായ അപേക്ഷകർക്ക് ലോൺ നൽകുന്നതാണ്. ലോൺ തുക ഗഡുക്കളായി പലിശയോടു കൂടി തിരിച്ചടക്കേണ്ടതാണ്.

## 6. നിർവ്വഹണ സംവിധാനങ്ങൾ

സെക്രട്ടറി, MSME ചെയർമാനായ ഹൈ ലെവൽ അപെക്സ് കമ്മിറ്റിയും, കയർ ബോർഡ് ചെയർമാൻ ചെയർമാനായ ഇവാല്യുവേഷൻ & സ്റ്റീയറിങ്ങ് കമ്മിറ്റിയും,

റീജിയണൽ ഓഫീസർ, കയർ ബോർഡ് ചെയർമാനായ റീജിയണൽ ലെവൽ സെലക്ഷൻ കമ്മിറ്റിയും, എക്സ്റ്റൻഷൻ സർവ്വീസ് ഓഫീസർ, ചെയർമാനായ സബ് റീജിയണൽ ലെവൽ സെലക്ഷൻ കമ്മിറ്റിയും ഈ പദ്ധതിയ്ക്കു വേണ്ടി പ്രവർത്തിക്കുന്നു.

### 7. യന്ത്രങ്ങൾ വാങ്ങേണ്ടത് എവിടെ നിന്ന്

യൂണിറ്റിനാവശ്യമായ യന്ത്രങ്ങൾ കയർബോർഡ് അംഗീകരിച്ച യന്ത്രനിർമ്മാതാക്കളിൽ നിന്നും വാങ്ങേണ്ടതാണ്.

### 8. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

കയർ, നെയ്ത്ത് തൊഴിലാളികൾക്ക് വേണ്ടി പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ കയർ ബോർഡുമായി ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ളവർക്ക് ബന്ധപ്പെട്ട സഹായ ധനത്തെക്കുറിച്ച് ഗ്രാമസഭവഴി ഉത്ബോധനം നൽകാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതിന്റെ പദ്ധതിരേഖ തയ്യാറാക്കുമ്പോഴും, സ്റ്റേക്ക് ഹോൾഡർ മീറ്റിങ്ങുകളിലും കയർബോർഡ് പ്രതിനിധികളുമായി ചർച്ച ചെയ്യാവുന്നതാണ്.

### 9. പദ്ധതി സംയോജന സാധ്യതകൾ

കയർ, നെയ്ത്ത് തൊഴിലാളികൾക്ക് കയർ ബോർഡ് മുഖേന ധനസഹായം കണ്ടറിഞ്ഞ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ അവരുടെ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ എന്നിവയുടെ സൂക്ഷമ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളുമായി സംയോജിപ്പിക്കാം.

## 18. പദ്ധതിയുടെ പേര് : സ്കീം ഓഫ് ഫണ്ട് ഫോർ റിജനറേഷൻ ഓഫ് ട്രഡീഷണൽ ഇൻഡസ്ട്രീസ്. (പരമ്പരാഗത വ്യവസായങ്ങളുടെ പുനർജീവനത്തിനായുള്ള പദ്ധതി)

### 1. ആമുഖം

ഈ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2005-2006 കാലഘട്ടത്തിലാണ്. പരമ്പരാഗത വ്യവസായങ്ങൾ അന്യം നിന്നു പോകാതെ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കാൻ പരമ്പരാഗത വ്യവസായങ്ങളെ പ്രാപ്തമാക്കാനാണ് ഈ പദ്ധതി രൂപികരിച്ചത്.

### 2. ഫണ്ട്:

- കോമൺ ഫെസിലിറ്റി സെന്റർ (CFC) നടപ്പിൽ വരുത്താൻ ഒരു ക്ലസ്റ്ററിന് ഏറ്റവും കൂടിയത് -30 ലക്ഷം (ഗ്രാന്റ് - 75%, ഗുണഭോക്തൃ വിഹിതം - 25%)
- ഉത്പന്ന വൈവിധ്യവത്കരണം - 4 ലക്ഷം (ഗ്രാന്റ് - 75%, ഗുണഭോക്തൃ വിഹിതം - 25%)
- വിപണി വർദ്ധനവ് - 1.5 ലക്ഷം (ഗ്രാന്റ് 100%)
- പരിശീലന പരിപാടികൾ - 15 ലക്ഷം (ഗ്രാന്റ് 100%)
- ഇംപ്ലിമെന്റിങ്ങ് ഏജൻസി - 10 ലക്ഷം (ഗ്രാന്റ് 100%)
- സി.ഡി. ഇ കോസ്റ്റ് - 10 ലക്ഷം(ഗ്രാന്റ് 100%)
- ടെക്നിക്കൽ ഏജൻസി (TA) - 4 ലക്ഷം (ഗ്രാന്റ് 100%)
- സർവ്വെ & സ്റ്റഡി - 1.2 ലക്ഷം(ഗ്രാന്റ് 100%)

## 3. നിർവഹണ സ്ഥാപനം- കയർ ബോർഡ്

## 4. ലക്ഷ്യങ്ങൾ

- രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പരമ്പരാഗത വ്യവസായങ്ങളുടെ ക്ലസ്റ്റർ സ്ഥാപിക്കുക.
- പരമ്പരാഗത വ്യവസായങ്ങളെ കൂടുതൽ ഉത്പാദനക്ഷമവും ലാഭകരവും വിപണിയധിഷ്ഠിതവുമാക്കുക
- പരമ്പരാഗത വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് തൊഴിൽ ഉറപ്പാക്കുക.
- പ്രാദേശിക ഉപഭോക്താക്കളെ കൂടുതലായി പദ്ധതിയുടെ നടത്തിപ്പിന് വേണ്ടിയുള്ള ആലോചനയിൽ പങ്കാളികളാക്കുക.
- ഗുണഭോക്താക്കളുടെ കാര്യക്ഷമത വർദ്ധിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
- പരമ്പരാഗത വ്യവസായങ്ങൾ കൂടുതലായി നടത്തുന്ന മറ്റ് സ്ഥലങ്ങളിൽ പോയി കാണാനുള്ള സംവിധാനം ഉണ്ടാക്കുക.

## 5. ഗുണഭോക്താക്കൾ

പരമ്പരാഗത കയർ വ്യവസായത്തിലുൾപ്പെടുന്ന ഒരു ജില്ലയിലോ/താലൂക്കിലോ വരുന്ന 500 ഗുണഭോക്തൃ കുടുംബങ്ങളുടെ ക്ലസ്റ്റർ ആണ് ഈ പദ്ധതി പ്രകാരം ഉണ്ടാക്കുക.

## 6. നിർവ്വഹണ സംവിധാനങ്ങൾ

പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി നാല് ഏജൻസികളുണ്ട്.

- **നോഡൽ ഏജൻസി**

  കയർ ബോർഡാണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി.

- **ഇംപ്ലിമെന്റിങ്ങ് ഏജൻസി**

  ഇംപ്ലിമെന്റിങ്ങ് ഏജൻസിയെ തിരഞ്ഞെടുത്ത് നിയമിക്കുന്നത് നോഡൽ ഏജൻസിയാണ്.

- **ക്ലസ്റ്റർ ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവ്**

  ഓരോ ഇംപ്ലിമെന്റിങ്ങ് ഏജൻസിയും ഓരോ ക്ലസ്റ്ററിലേക്കും ഒരു മുഴുവൻ സമയ ക്ലസ്റ്റർ ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവിനെ നിയമിക്കും. ഈ പദ്ധതിയുടെ നടത്തിപ്പിന്റെ ഉത്തരവാദിത്വം അദ്ദേഹത്തിനായിരിക്കും.

- **ടെക്നിക്കൽ ഏജൻസി (TA)**

  ദേശീയതലത്തിൽ പ്രശസ്തമായ ക്ലസ്റ്റർ വികസനത്തിൽ മുൻപരിചയമുള്ള സ്ഥാപനത്തെയാണ് ടെക്നിക്കൽ ഏജൻസിയായി നിയമിക്കുന്നത്. നോഡൽ ഏജൻസിക്കും, ഇംപ്ലിമെന്റിങ്ങ് ഏജൻസിക്കും ക്ലസ്റ്റർ നടത്തിപ്പിനാവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുക്കാനും CDE ട്രെയിനിങ്ങ്, ക്ലസ്റ്റർ നടത്തിപ്പിൽ വരുത്തുമ്പോൾ CDE ക്കു വേണ്ട സഹായം ചെയ്യാനും TA യുടെ സഹായം ആവശ്യപ്പെടാം.

## 7. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക് :

പരമ്പരാഗത വ്യവസായങ്ങളെ വേർത്തിരിച്ചറിഞ്ഞ് മേൽ ഏജൻസിയുടെ സഹായത്തിന് അവരെ പ്രാപ്തരാക്കുന്നതിനും ഗുണഭോക്താക്കളെ കണ്ടു പിടിച്ച് നൽകുന്നതിനും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് പങ്ക് വഹിക്കാവുന്നതാണ്. ഗ്രാമസഭയിൽ സ്കീമിനെ കുറിച്ച് ഉത്ബോധനം നടത്താവുന്നതുമാണ്.

**8. പദ്ധതി സംയോജന സാധ്യതകൾ:**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം നടക്കുമ്പോൾ ടി. സ്കീമുകളും അതിന്റെ ഗുണഭോക്താക്കളേയും കണ്ടറിഞ്ഞ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളൾ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

## 19. പദ്ധതിയുടെ പേര് : ഉത്പാദന അടിസ്ഥാന സൗകര്യ വികസനം (Production InfrastructureDevelopment)

**1. ആമുഖം.**

ഏഴാം പഞ്ചവത്സര പദ്ധതി മുതലാണ് ഈ സ്കീം പ്രവർത്തനമാരംഭിച്ചത്. കയർ മേഖലയുടെ സുസ്ഥിര വികസനത്തിനുവേണ്ടി അടിസ്ഥാന സൗകര്യ വികസനമാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്. പുതിയ കയർ യൂണിറ്റുകൾ സ്ഥാപിക്കുകയും, നിലവിലുള്ള യൂണിറ്റുകൾ ആധുനീകവത്കരിക്കുകയും വഴി കയർ മേഖലയുടെ സുസ്ഥിരവികസനമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

**2. ധനസഹായം**

| | പുതിയ യൂണിറ്റുകൾക്ക് : (ഉപകരണങ്ങളുടെ വിലയുടെ 25 % (അടിസ്ഥാന സൗകര്യവികസനം അടക്കം) ഏറ്റവും കൂടിയത്. | യൂണിറ്റുകളുടെ ആധുനീകവത്കരണത്തിന് : ആധുനീകവത്കരണത്തിന് ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ വിലയുടെ 25 % (അടിസ്ഥാന സൗകര്യവികസനം അടക്കം), ഏറ്റവും കൂടിയത്. |
|---|---|---|
| ഡിഫൈബറിങ്ങ് / ഡിക്കോർട്ടികേറ്റിങ്ങ് യൂണിറ്റ്. | 6,00,000 | 2,00,000 |
| ഓട്ടോമാറ്റിക് (യന്ത്രവത്കൃത കയർ പിരി യൂണിറ്റ്) | 4,00,000 | 2,00,000 |
| മറ്റ് എല്ലാ യൂണിറ്റുകൾക്കും | 5,00,000 | 2,00,000 |

**3. നിർവ്വഹണ സ്ഥാപനം :**

കയർ ബോഡ്

**2. ലക്ഷ്യങ്ങൾ**

- ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടി ആധുനികരീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉത്പാദന യൂണിറ്റുകൾക്ക് നൽകുക.
- കയർമേഖല കൂടുതൽ വ്യാപിപ്പിക്കാൻ സാധ്യമായ പ്രദേശങ്ങളിലേക്ക്

വ്യാപിപ്പിക്കുക.

- ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിക്കുക
- കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പ്രധാനമായും ഗ്രാമപ്രദേശങ്ങളിലെ സ്ത്രീകൾക്കിടയിൽ
- പുതിയ തലമുറയെ ഈ വ്യവസായത്തിലേക്കാകർഷിക്കുക
- നിലവിലുള്ള കയർ യൂണിറ്റുകളെ ആധുനീകവത്കരിക്കുക
- ഉപഭോക്താക്കൾക്ക് ആവശ്യമായ ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുക
- കയർവ്യവസായത്തെ കൂടുതൽ മത്സരാധിഷ്ഠിതമാക്കുക
- പ്രകൃതിക്ക് അനുയോജ്യമായ ഉത്പാദന സമ്പ്രദായം സ്വീകരിക്കുക
- കയർവ്യവസായത്തെ മലിനീകരണമില്ലാത്ത വ്യവസായമാക്കി മാറ്റുക

### 3. ഗുണഭോക്താക്കൾ

ജില്ലാവ്യവസായ കേന്ദ്രത്തിലും, കയർബോർഡിൽ (കയർ ഇൻഡസ്ട്രി രജിസ്ട്രേഷൻ റൂൾ, 2008 അനുസരിച്ച്) രജിസ്റ്റർ ചെയ്തിട്ടുള്ള പദ്ധതി തുക 5 ലക്ഷത്തിലധികം വരുന്ന പുതിയ കയർ യൂണിറ്റുകൾക്ക് ഈ പദ്ധതി പ്രകാരം സഹായം ലഭിയ്ക്കുന്നതാണ്.

### 4. നിർവ്വഹണ സംവിധാനങ്ങൾ

കൊച്ചി കയർ ബോർഡാണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി. പദ്ധതി നടപ്പിലാക്കുന്നത് കയർ ബോർഡിന്റെ റീജിയണൽ /സബ് റീജിയണൽ ഓഫീസുകളുടേയും ജില്ലാവ്യവസായ കേന്ദ്രത്തിന്റേയും സഹകരണത്തോടെയാണ്. യന്ത്രങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് കയർബോർഡിന്റെ തന്നെ റിസേർച്ച് സെന്ററുകളെ സമീപിക്കാവുന്നതാണ്.

### 5. യന്ത്രങ്ങൾ വാങ്ങേണ്ടത് എവിടെ നിന്ന്

യൂണിറ്റിനാവശ്യമായ യന്ത്രങ്ങൾ കയർബോർഡ് അംഗീകരിച്ച യന്ത്രനിർമ്മാതാക്കളിൽ നിന്നും വാങ്ങേണ്ടതാണ്.

### 6. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

കയർ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നവർക്കും ഉപകരണങ്ങളുടെ ആധുനിക വത്കരണത്തിനും അർഹതയുള്ളവരെ കണ്ടു പിടിച്ച് മാർഗ്ഗനിർദ്ദേശങ്ങളും കയർ ബോർഡിന്റെ ധനസഹായവും നേടികൊടുക്കുക. സ്റ്റേക്ക് ഹോൾഡർ മീറ്റിംങ്ങ്, ഗ്രാമസഭ എന്നിവയിലേക്ക് കയർ ബോർഡ് അംഗങ്ങളെ ക്ഷണിക്കുക.

### 7. പദ്ധതി സംയോജന സാധ്യതകൾ

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി രൂപീകരണത്തിൽ ടി. സ്കീമുകൾ കൂടി പറയുക. വർക്കിംഗ് ഗ്രൂപ്പ് ഇതുമായി ബന്ധപ്പെട്ട പ്രൊജക്ട് തയ്യാറാക്കുമ്പോൾ ടി.സ്കീം ഒഴിച്ചുള്ളവർക്ക് മാത്രമായി പദ്ധതി തയ്യാറാക്കുക.

## 20. സ്വർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന.(SJSRY)

### 1. ആമുഖം

കേന്ദ്ര ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയായ SJSRY 1997 ലാണ് രൂപം കൊണ്ടത്. നെഹ്റു റോസ്ഗാർ യോജന (NRY), അർബൻ ബെയ്സിക് സർവീസസ് ഫോർ ദി പുവർ

(UBSP), പ്രൈം മിനിസ്റ്റേഴ്സ് ഇൻന്റഗ്രേറ്റഡ് അർബൻ പോവർട്ടി ഇറാഡിക്കേഷൻ പ്രോഗ്രാം(PMIUPEP) തുടങ്ങിയ മൂന്ന് പദ്ധതികൾ സംയോജിപ്പിച്ചാണ് SJSRY രൂപം കൊണ്ടത്. ഈ പദ്ധതിക്ക് താഴെ പറയുന്ന ഘടകങ്ങൾ ഉണ്ട്.

- നഗര സ്വയം തൊഴിൽ പദ്ധതി (Urban Self Employment Programme - USEP)
- നഗരപ്രദേശങ്ങളിലെ സ്ത്രീകൾക്കായി സ്വയം സഹായ പദ്ധതി (Urban Woman Self Help Programme -UWSP)
- നഗരപ്രദേശങ്ങളിലുള്ളവരെ ജോലിയ്ക്ക് പ്രാപ്തരാക്കൻ തൊഴിൽ വൈദഗ്ദ്യ പരിശീലനം (Skill Training for Employment Promotion Amongst Urban Poor STEP-UP)
- നഗരപ്രദേശങ്ങളിലെ ജനങ്ങൾക്കായി വേയ്ജ് എംപ്ലോയിമെന്റ് പദ്ധതി (UWEP)

  നഗരസഭയുടെ പരിധിയിൽ വരുന്ന പൊതു ഉടമസ്ഥതയിലുള്ള ആസ്തികൾ നിർമ്മിക്കാൻ ദാരിദ്ര രേഖയ്ക്ക് താഴെയുള്ള മറ്റ് തൊഴിലിലേർപ്പെടാൻ കഴിയാത്ത അവിദഗ്ദ തൊഴിലാളികളെ പരിഗണിക്കുന്നു.
- നഗരപ്രദേശങ്ങളിൽ ജന സമൂഹ കൂട്ടായ്മ.(Urban Community Development Net Work-UCDN)

  നഗര ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി അയൽകൂട്ടങ്ങളും, അയൽകൂട്ട കമ്മിറ്റികളും , കമ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികളും ഉണ്ടാക്കി പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുക.

**2. ഫണ്ട്:**

SJSRY പദ്ധതിയുടെ വിഹിതം കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും 75:25 എന്ന അനുപാതത്തിൽ വഹിക്കും

## 20. നഗര സ്വയം തൊഴിൽ പദ്ധതി (Urban Self Employment Programme -USEP)

- **സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സഹായം**

  2 ലക്ഷം വരെ പദ്ധതി തുകയുള്ള യൂണിറ്റുകൾക്ക് സഹായം ലഭിയ്ക്കുന്നത് പദ്ധതി തുകയുടെ 25% അല്ലെങ്കിൽ ഏറ്റവും കൂടിയത് 50000 രൂപ വരെ സബ്സിഡി ലഭിയ്ക്കും. ഗുണഭോക്തൃവിഹിതം 5% ആണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് ഈ പദ്ധതിയുടെ പങ്കാളികളാകാം. പ്രത്യേക വിദ്യഭ്യാസ നിലവാരത്തിന്റെ ആവശ്യമില്ല.

- **സാങ്കേതിക വിദ്യ, വിപണനം, മറ്റ് ആവശ്യമായ സഹായങ്ങൾ**

  നിലവിലുള്ള യൂണിറ്റുകൾക്ക് സാങ്കേതിക വിദ്യ, വിപണനം, മറ്റ് ആവശ്യമായ സഹായങ്ങൾ എന്നിവയ്ക്കായി മൈക്രോ ബിസിനസ്സ് സെന്ററുകൾ(MBC) സ്ഥാപിക്കാം. ഒരു ങആഇ ക്കായി 80ലക്ഷം രൂപ വരെ ധനസഹായം ലഭിയ്ക്കും. ഇതിൽ 60 ലക്ഷം രൂപ മൂലധനമായിട്ടും 20 ലക്ഷം രൂപ നടത്തിപ്പ് ചെലവുമാണ്.

## 21. നഗരപ്രദേശങ്ങളിലെ സ്ത്രീകൾക്കായി സ്വയം സഹായ പദ്ധതി (Urban Woman Self Help Programme -UWSP)

- **സ്വയം തൊഴിൽ തുടങ്ങുവാനുള്ള ധനസഹായം**

  ഗ്രൂപ്പ് സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്കുള്ള പദ്ധതിയാണിത്. ഗ്രൂപ്പുകളാണ് ഇതിന്റെ ഗുണഭോക്താക്കൾ. ഗ്രൂപ്പ് സംരംഭം ആകണമെങ്കിൽ ഏറ്റവും കുറഞ്ഞത് അഞ്ച് പേരെങ്കിലും ഉൾപ്പെടണം. ഒരാൾക്ക് 60000 എന്ന നിരക്കിൽ 3 ലക്ഷം രൂപ അല്ലെങ്കിൽ പദ്ധതി ചെലവിന്റെ 35% ഇതിൽ ഏതാണോ കുറവ് അത് സബ്സിഡിയായി ലഭിക്കും. ഗുണഭോക്തൃ വിഹിതം-5%

- **റിവോൾവിങ്ങ് ഫണ്ട്**

  നിലവിലുള്ള തൊഴിലധിഷ്ഠിത യൂണിറ്റുകൾക്ക് 25000 രൂപ പ്രവർത്തന മൂലധന മായി കൊടുക്കുന്നു

## 22. നഗരപ്രദേശങ്ങളിലുള്ളവരെ ജോലിക്ക് പ്രാപ്തരാക്കൻ തൊഴിൽ വൈദഗ്ദ്യ പരിശീലനം (Skill Training for Employment Promotion Amongst Urban Poor STEP-UP)

സ്വയം തൊഴിൽ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും വെയ്ജ് എംപ്ലോയിമെന്റിൽ ഏർപ്പെടാൻ ആഗ്രഹിക്കുന്നവർക്കും പരിശീലനത്തിൽ പങ്കെടുക്കാം. വിദഗ്ദ തൊഴിൽ പരിശീലനത്തിനായി 10000 രൂപ ഒരു ട്രെയിനിങ്ങ് നടത്തുന്നതിനായി നൽകും.

### 3. നിർവഹണ സ്ഥാപനം

കേരളത്തിൽ കുടുംബശ്രീയാണ് ഈ പദ്ധതിയുടെ നിർവഹണ സ്ഥാപനം.

### 4. ലക്ഷ്യങ്ങൾ

സ്വയം തൊഴിലിൽ കൂടിയോ, കൂലി തൊഴിലിൽ കൂടിയോ നഗര പ്രദേശങ്ങളിലെ തൊഴിലില്ലായ്മ നീക്കി വരുമാനം ഉറപ്പു വരുത്തുകയാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്.

### 5. ഗുണഭോക്താക്കൾ

- നഗരപ്രദേശങ്ങളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനങ്ങൾ
- ആകെ ഗുണഭോക്താക്കളിൽ 30 % സ്ത്രീകളും 3% പേർ വികലാംഗരും ആയിരിക്കണം. പട്ടിക ജാതി/പട്ടിക വർഗ്ഗക്കാരും ഗുണഭോക്താക്കളിൽ ഉണ്ടായിരിക്കേണ്ടതാണ്.

### 6. ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ

- നഗരപ്രദേശങ്ങളിൽ ജനങ്ങളുടെ കൂട്ടായ്മ ഉണ്ടാക്കുക. അയൽകൂട്ടങ്ങളും, അയൽകൂട്ട കമ്മിറ്റികളും, കമ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികളും ഉണ്ടാക്കുക.
- വിഭവങ്ങളുടെ ലഭ്യത മനസ്സിലാക്കുക.
- തൊഴിൽ സാധ്യതകൾ മനസ്സിലാക്കുക

- വെയ്ജ് എംപ്ലോയിമെന്റിന് വേണ്ടിയുള്ളവർക്ക് തൊഴിലുടമകളെ പരിചയപ്പെടുത്തി കൊടുക്കുന്നതിനൊപ്പം തൊഴിൽ പരിശീലനവും നൽകുക.
- സ്വയം തൊഴിൽ തുടങ്ങുന്നവർക്ക് ബിസിനസ്സ് അവസരങ്ങളും സംരംഭവികസന പരിശീലനവും, തൊഴിൽ പരിശീലനവും നൽകുക. വിപണിയുമായി ബന്ധപ്പെടുത്തി കൊടുക്കുക. ഉപദേശങ്ങളും സഹായങ്ങളും ചെയ്യുക. ബിസിനസ്സ് പ്ലാൻ തയ്യാറാക്കി കൊടുക്കുക തുടങ്ങിയവ ഈ പദ്ധതിയിലൂടെ ലഭിക്കുന്നു.

## 7. നിർവഹണ സംവിധാനങ്ങൾ

ഓരോ നഗര സഭകളിലും/മുൻസിപ്പാലിറ്റികളിലും എക്സിക്യൂട്ടിവ് ഓഫിസർ അല്ലെങ്കിൽ കമ്മിഷണറുടേയോ കീഴിൽ ഒരു ടൗൺ അർബൻ പോവർട്ടി അലീവിയേഷൻ സെൽ രൂപികരിക്കും. ജില്ലകളിൽ ഡിസ്ട്രിക്ട് അർബൻ ഡെവല്പ്പ്മെന്റ് ഏജൻസിയും , സംസ്ഥാനത്ത് കുംടുബശ്രീയും മേൽനോട്ടം വഹിക്കും.

## 8. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്:

ഇവയെല്ലാം തന്നെ നഗരസഭകളുടെ പദ്ധതിയുടെ ഭാഗമാക്കാം. കുടുംബശ്രീയുടെ കർമ്മ പദ്ധതികൾക്കും നഗരസഭകളുടെ മറ്റ് സ്വയം തൊഴിൽ പദ്ധതികൾക്കും വേണ്ട ഗുണഭോക്താക്കളെ വാർഡ് സഭവഴി തെരഞ്ഞെടുക്കുക. മറ്റ് ഡിപ്പാർട്ട്മെന്റുകൾ ഏജൻസികൾ എന്നിവയ്ക്കും ഇതേ ലിസ്റ്റ് ഉപയോഗപ്പെടുത്തുക.

നഗരപ്രദേശങ്ങളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനങ്ങളെ ഏകോപിപ്പിച്ച് എല്ലാവരെയും ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുക.

## 9. പദ്ധതി സംയോജന സാദ്ധ്യതകൾ

താഴെ പറയുന്ന വിവിധ സ്കീമുകളുമായി ബന്ധപ്പെടുത്തി ഇത് നടപ്പാക്കാവുന്നതാണ്.

- ജവഹർ ലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ (JNNURM)
- പ്രൈം മിനിസ്റ്റേഴ്സ് എംപ്ലോയിമെന്റ് ജനറേഷൻ പ്രോഗ്രാം. (PMEGP)
- ആം ആദ്മി ബിമ യോജന (AABY)
- രാഷ്ട്രീയ സ്വസ്ത്യ ബീമ യോജന (RSBY)
- നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (NRHM)
- സർവ്വ ശിക്ഷ അഭിയാൻ (SSA)
- മിഡ് –ഡെ മീൽസ് സ്കീം (MMS)
- ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്പ്മെന്റ് സ്കീം.(ICDS)
- ജനനി സുരക്ഷ യോജന (JSS)
- നാഷണൽ സോഷ്യൽ അസിസ്റ്റൻസ് പ്രോഗ്രാം (NSAP)
- സ്കിൽ ഡെവലപ്പ്മെന്റ് ഇനീഷിയേറ്റീവ് സ്കീം (SDIS)
- മോഡുലാർ എംപ്ലോയബിൾ സ്കിൽസ് (MES)

## 10. മറ്റ് സംയോജന സാദ്ധ്യതകൾ:

- NABARD/SIDBI എന്നിവ നടത്തുന്ന EDPകൾ
- ദേശിയ കൃഷി വികസന ഡിപ്പാർട്ട്മെന്റ് നടത്തുന്ന Food processing EDPകൾ
- കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രാലയം നടത്തുന്ന 'Technical EDP'
- സംസ്ഥാന സർക്കാർ നടത്തുന്ന EDPകൾ

ഈ പദ്ധതികളെല്ലാം തന്നെ നഗര സഭയുടെ വിവിധ മേഖല പ്രൊജക്ടുകളും, സ്വയംതൊഴിൽ പ്രൊജക്ടുകളും, പരിശീലന പ്രൊജക്ടുകളുമായി ബന്ധപ്പെടുത്താം. കൂടാതെ മറ്റ് ഡിപ്പാർട്ട്മെന്റ്/ഏജൻസികളുടെ പദ്ധതികളും പദ്ധതി രേഖയിൽ വിശദീകരിക്കാവുന്നതും വിടവുകൾ രണ്ട് പേർക്കും നികത്താവുന്നതും, പ്രവർത്തികൾ ജനകീയ ചർച്ചയ്ക്കും മോണിറ്ററിങ്ങിനും വിധേയമാക്കേണ്ടതുമാണ്.

# കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ് (നാളികേരവികസന ബോർഡ്)

കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ കീഴിൽ നാളികേര ഉത്പാദനത്തിന്റേയും ഉപയോഗത്തിന്റേയും സമഗ്ര വികസനത്തിനു വേണ്ടണ്ടി 1981 ജനുവരി 12 ന് കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ് നിലവിൽ വന്നു.

## 23. പദ്ധതിയുടെ പേര് : നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും

ഗുണമേൻമയുള്ള വിത്തിന്റേയും, നടീൽ വസ്തുക്കളുടേയും ഉത്പാദനവും വിതരണവും വർദ്ധിപ്പിക്കുക എന്ന ഉദ്ദ്യേശത്തോടു കൂടി നിലവിൽ വന്ന പദ്ധതിയാണിത്. ഇതിന് പ്രധാനമായും അഞ്ച് ഘടകങ്ങൾ ഉണ്ട്.

1 **7 വിത്തുൽപ്പാദന പ്രദർശന കൃഷിസ്ഥങ്ങൾ സ്ഥാപിക്കുക (ഡെമോൺട്രേഷൻ കം സീഡ് പ്രൊഡക്ഷൻ ഫാം DSP)**
ഗുണമേൻമയുള്ള വിത്തിനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് വേണ്ടി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ 240 ഹെക്ടർ വിസ്തൃതിയുള്ള ഫാമുകൾ നിർമ്മിക്കുക. ശാസ്ത്രീയ രീതിയിലുള്ള തെങ്ങു കൃഷിയുടെ പ്രദർശന ശാലകൾ കൂടിയാണ് ഈ ഫാമുകൾ.

2 **DSP ഫാമിനോട് ചേർന്ന് നാളികേര നഴ്സറി സ്ഥാപിക്കുക**
ഓരോ പ്രദേശത്തിനും അനുയോജ്യമായ വ്യത്യസ്ത ഇനങ്ങളുടെ ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ കർഷകർക്ക് ന്യായവിലയിൽ ലഭ്യമാക്കുക.

3 **രജിസ്ട്രേഡ്/ പ്രൈവറ്റ്/ അംഗീകാരം ലഭിച്ച നാളികേര നഴ്സറികൾക്കുള്ള സഹായം**
ധനസഹായം: ഉത്പാദന ചെലവിന്റെ 25%, അല്ലെങ്കിൽ 2 ലക്ഷം രൂപ, ഏതാണോ കുറവ് അത്. ഒരു വർഷത്തിൽ 25 സെന്റിൽ നിന്ന് 6250 തൈകൾ ഉത്പാദിപ്പിക്കുന്നതിന് ലഭിയ്ക്കുന്ന 50,000 രൂപയാണ് ഏറ്റവും കുറഞ്ഞ ധനസഹായം. കൂടിയ ധനസഹായം ഒരേക്കറിൽ നിന്ന് 25,000 തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുന്നതിന് ലഭിക്കുന്ന 2 ലക്ഷം രൂപയാണ്.

4 **റീജിയണൽ കോക്കനട്ട് നഴ്സറി**
സ്റ്റേറ്റ് ഗവൺമെന്റിന്റെ കോക്കനട്ട് നഴ്സറി പദ്ധതിയെ പരിപോഷിപ്പിക്കുന്നതിന് വേണ്ടിയാണിത്. പരമ്പരാഗത മേഖലയല്ലാത്ത സ്ഥലങ്ങളിൽ റീജിയണൽ കോക്കനട്ട് നഴ്സറിക്കു വേണ്ടിയുള്ള ഉയർന്ന ധനസഹായം ഉത്പാദന ചെലവിന്റെ 50% ആറ്.

5 **ന്യൂക്ലിയർ സീഡ് ഗാർഡൻ സ്ഥാപിക്കുക**

പ്രൈവറ്റ്/ രജിസ്ട്രേഡ്/ കോപ്പറേറ്റീവ് സൊസൈറ്റി ആയിട്ടോ, കർഷക കൂട്ടായ്മയായിട്ടോ രജിസ്റ്റർ ചെയ്തവർക്കുള്ള സഹായം.ഏറ്റവും കൂടിയത് : 6 ലക്ഷം രൂപ ധനസഹായമായി ലഭിയ്ക്കും. മൂന്ന് വർഷമാണ് ഇതിന്റെ കാലാവധി. ആദ്യത്തെ വർഷം 3 ലക്ഷവും, രണ്ടും മൂന്നും വർഷങ്ങളിൽ 1.5 ലക്ഷം വീതവും ആണ് ലഭിയ്ക്കുക. സ്ഥലത്തിന്റെ വിസ്തീർണം (4 ഹെക്ടറിൽ കുറവ്) അല്ലെങ്കിൽ സീഡ് ഗാർഡൻ തുടങ്ങാനാവശ്യമായ പദ്ധതി ചെലവിന്റെ 25% ആണ് ധനസഹായത്തിനായി പരിഗണിക്കപ്പെടുന്നത്.

## 24. പദ്ധതിയുടെ പേര് : ഉത്പാതദനക്ഷത വർദ്ധിപ്പിക്കുന്നതിന് വേണ്ടി സമഗ്രകൃഷി

ഓരോ കേര കർഷകന്റേയും നാളികേര ഉത്പാദനവും, ഉത്പാദനക്ഷമതയും വർദ്ധിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സമഗ്രമായൊരു സമീപനമാണിത്. ഇതിൽ താഴെ പറയുന്ന പ്രോഗ്രാമുകൾ ഉൾപ്പെടുന്നു.

### 1. മാതൃകാ തോട്ടങ്ങളുടെ വികസനം

മാതൃകാ തോട്ടങ്ങളുടെ വികസനത്തിലൂടെ ഫലവത്തായ ഉത്പാദന രീതി സ്വീകരിക്കുവാനും, കർഷകർക്ക് കൂടുതൽ പ്രചേദനം നൽകുവാനും ഇത് ലക്ഷ്യമിടുന്നു.
അസുഖം ബാധിച്ച ചെടികൾക്ക് വേണ്ട പരിചരണങ്ങൾ ചെയ്ത് രോഗവിമുക്തമാക്കുന്നവക്ക് രണ്ട് തവണകളിലായി ഒരു ഹെക്ടറിന് 35,000 രൂപ ലഭിയ്ക്കും. അസുഖം ബാധിച്ച ചെടികളിൽ പുതിയ സാങ്കേതികവിദ്യ ഉപയോഗിക്കാൻ കർഷകരെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

### 2. സമഗ്രകൃഷിയിലൂടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ക്ലസ്റ്റർ സമീപനം.

അനുയോജ്യമായ നൂതന മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഓരോ കർഷകന്റേയും കൃഷിയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്നതാണ് ഈ പരിപാടി കൊണ്ട് ഉദ്ദ്യേശിക്കുന്നത്. ഇതിനായി കർഷകരുടെ കൂട്ടായ്മ ഉണ്ടാക്കുകയും എല്ലാവരുടേയും പങ്കാളിത്തത്തോടു കൂടി തുടർ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയാണ് ചെയ്യുന്നത്.25 മുതൽ 50 ഹെക്ടവരെ സ്ഥലത്താണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

### 3. ജൈവ വള യൂണിറ്റുകൾക്കുള്ള സഹായം

ജൈവവളങ്ങളായ മണ്ണിര കംപോസ്റ്റ്, ചകിരി ചോറ് കംപോസ്റ്റ്, മറ്റു കംപോസ്റ്റുകൾ എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഒരു ജൈവവള യൂണിറ്റ് നിർമ്മിക്കുന്നതിനായി 20,000 രൂപ അല്ലെങ്കിൽ നിർമ്മാണ ചെലവിന്റെ 50% ലഭിയ്ക്കും.

## 25. പദ്ധതിയുടെ പേര് : വിപണി വർദ്ധിപ്പിക്കൽ

- വിപണിയെ കുറിച്ചുള്ള വിവരങ്ങൾ
- ഉത്പാദന പ്രക്രിയയുടെ ആധുനീക വത്കരണം- കൊപ്ര ഡ്രൈയറും മറ്റ് യന്ത്രങ്ങളും വാങ്ങുന്നതിന് വേണ്ടി ഉപകരണങ്ങളുടെ ചെലവിന്റെ 25% അല്ലെങ്കിൽ 10,000 രൂപ ഏതാണോ കുറവ് അത്.

## 26. പദ്ധതിയുടെ പേര് : തെങ്ങിന് ഇൻഷൂറൻസ് പദ്ധതി

### ലക്ഷ്യങ്ങൾ

- പ്രകൃതിദത്തമായോ മറ്റ് പ്രശ്നങ്ങനങ്ങളാലോ തെങ്ങ് നഷ്ടപെടാൻ ഇടയായാൽ കർഷകരെ സഹായിക്കുക.
- പെട്ടന്ന് തെങ്ങ് നഷ്ടപ്പെടുന്നതു മൂലം ഉണ്ടാകുന്ന വരുമാന കുറവിൽ നിന്ന് കർഷകരെ രക്ഷിക്കുക.
- തെങ്ങിന്റെ പുനർനടീൽ വഴിയും, പുനർജ്ജീവിപ്പിക്കുന്നതു വഴിയും വരുമാനദായകമാക്കുക.

### ഗുണഭോക്താക്കൾ

ഏറ്റവും കുറഞ്ഞത് 10 തെങ്ങെങ്കിലും ഉള്ള കർഷകൻ/ കർഷകർ. Dwarf, Hybrid തരം തെങ്ങുകൾക്ക് 4-60 വർഷവും Tall തരങ്ങൾക്ക് 7-60 വർഷവും പ്രായമുണ്ടായാൽ മാത്രമെ ഈ പദ്ധതിയിലേക്ക് പരിഗണിക്കപ്പെടുകയുള്ളു.

### പ്രീമിയം

| തെങ്ങിന്റെ വയസ്സ് | അടയ്ക്കേണ്ട തുക (തെങ്ങ്/ വർഷം) | ഒരു തെങ്ങിന് കിട്ടുന്ന തുക |
|---|---|---|
| 4-15 | 4.69 | 600 |
| 16-60 | 6.35 | 1150 |

### പ്രീമിയം സബ്സിഡി

| | | |
|---|---|---|
| കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ് | : | 50% |
| സംസഥാന സർക്കാർ | : | 25% |
| ഗുണഭോക്താവ് | : | 25% |

## 27. പദ്ധതിയുടെ പേര് : ടെക്നോളജി മിഷന്റെ കീഴിലുള്ള ധനസഹായം

പദ്ധതി തുകയുടെ 25%, ഏറ്റവും കൂടിയത് 50 ലക്ഷ ം രൂപ.

### ഗുണഭോക്താക്കൾ

തെങ്ങുകൃഷിയുമായി ബന്ധമുള്ള പുതിയ യൂണിറ്റുകൾ സ്ഥാപിക്കാനും, നിലവിലുള്ള യൂണിറ്റ് ആധുനികവത്കരിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും ടെക്നോളജി മിഷനിൽ അപേക്ഷിക്കാം.ഈ പദ്ധതികൾ ബാങ്കിൽ കൂടിയാണ് സമർപ്പിക്കേണ്ടത്. ഏറ്റവും ചുരുങ്ങിയത് പദ്ധതി തുകയുടെ 40% ലോണായിരിക്കണം. വിപണനത്തിനായും ധനസഹായം ലഭിയ്ക്കുന്നു.

വിപണന മേളകളിൽ പങ്കെടുക്കാനും സൂപ്പർമാർക്കറ്റുകളിൽ പ്രദർശനത്തിനായി

സ്ഥലം വാടകയ്ക്കെടുക്കാനുമൊക്കെയായി ആകെ പദ്ധതി തുകയുടെ 50% ഏറ്റവും കൂടിയത് 10 ലക്ഷം രൂപ ഒരു വ്യക്തിയ്ക്കും, 25 ലക്ഷം വരെ സഹകരണസ്ഥാപനങ്ങൾക്കും കൊടുക്കുന്നു

## 28. പദ്ധതിയുടെ പേര് : ഇന്ത്യയുടെ പരമ്പരാഗത മേഖലകളിൽ തെങ്ങിൻ തോപ്പ്' (Coconut Garden) പുനർനടീലും പുനർജ്ജീവിപ്പിക്കലും

ഉത്പാദനക്ഷമതയില്ലാത്തതും പഴയതും അസുഖം ബാധിച്ചതുമായ ചെടികൾ വെട്ടിമാറ്റി പകരം ഉത്പാദനക്ഷമത കൂടിയ ചെടികൾ വയ്ക്കാനും, നിലവിലുള്ള ഗാർഡൻ പുനർജ്ജീവിപ്പിക്കാനുമുള്ള പദ്ധതിയാണിത്. ഇതിന്റെ പ്രധാനപ്പെട്ട ഘടകങ്ങൾ താഴെ പറയുന്നവയാണ്.

പഴയ ചെടികൾ വെട്ടിമാറ്റി പുതിയവ സ്ഥാപിക്കൽ – ഒരു ഹെക്ടറിൽ 32 തെങ്ങിനാണ് ഈ സഹായം ലഭിയ്ക്കുന്നത്. ആദ്യത്തെ 20 തെങ്ങുകൾക്ക് 500 രൂപ വച്ചും, ബാക്കി 12 തെങ്ങുകൾക്ക് 250 രൂപ വീതവുമാണ് നൽകുന്നത്.

നിലവിലുള്ള തോട്ടം പുനർജ്ജീവിപ്പിക്കൽ : ഒരു ഹെക്ടറിന് 2 വർഷത്തേക്ക് 15,000 രൂപ.
പുനർനടീലി നുള്ള സഹായം : ഓരോ തൈയ്ക്കും 20 രൂപ വെച്ച്

### നിർവ്വഹണ സ്ഥാപനം :

കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ്, കൊച്ചി

### തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്:

തെങ്ങ് കർഷകരുടെ ലിസ്റ്റും ആവശ്യങ്ങളും ബോർഡിന് നൽകാം. ടി. സ്കീമുകളും പദ്ധതികളും ജനകീയവത്കരിച്ചും, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടേയും മോണിറ്ററിംഗിന് വിധേയമാക്കാം. ടി. പദ്ധതികൾ ഒഴിവാക്കിയോ, വിടവ് നികത്തുന്നതിന് മാത്രമോ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് പദ്ധതികൾ നടപ്പാക്കിയാൽ മതി.

### പദ്ധതി സംയോജനം

ടി.സ്കീമുകൾ തന്നെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രൊജക്ടുകളുമായി ബന്ധപ്പെടുത്താവുന്നതാണ്. ഇരുകൂട്ടർക്കും പൊതുവായ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിനെ ആശ്രയിക്കാവുന്നതാണ്. ടി.പദ്ധതികൾ എല്ലാം തന്നെ കൃഷിഭവൻ, സ്വയം തൊഴിൽ പദ്ധതികളുമായി ബന്ധപ്പെടുത്തി വേണം തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ പദ്ധതി തയ്യാറാക്കാൻ.

തെങ്ങുമായി ബന്ധപ്പെട്ട വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം സ്വയം സഹായ സംഘങ്ങളുടേയും, കുടുംബശ്രീയുടേയും സ്വയംതൊഴിൽ സംരംഭങ്ങളുമായി ആസൂത്രണം ചെയ്യാവുന്നതാണ്. ടഖടഞഥ, ടഏടഥ തുടങ്ങിയ പദ്ധതികളുമായി ഫലപ്രദമായി സംയോജിപ്പിക്കാം.

## 29. റബ്ബർ ബോർഡ് പദ്ധതികൾ

രാജ്യത്തെ റബ്ബർ വ്യവസായത്തിന്റെ വ്യാപനത്തിനും വികസനത്തിനുമായി റബ്ബർ ആക്ട് 1947 അനുസരിച്ച് ഇൻഡ്യ ഗവൺമെന്റ് രൂപം കൊടുത്ത സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്

റബ്ബർ ബോർഡ്. റബ്ബർ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

## A. പദ്ധതിയുടെ പേര് :ടാപ്പിംഗ് പരിശീലന പദ്ധതികൾ

**1. ആമുഖം.**

ടാപ്പിംഗ് പരിശീലന പദ്ധതിയുടെ ഭാഗമായി ടാപ്പിംഗ് പ്രദർശനം, ടാപ്പിംഗ് പരിശീലന കേന്ദ്രം, കൂടുതൽ ഗാഢവും വിപുലവുമായ ടാപ്പിങ്ങ് പരിശീലനം കുറഞ്ഞ കാലയളവിൽ, സമഗ്രമായ ടാപ്പിംഗ് പരിശീലനം, ടാപ്പേഴ്സ് ബാങ്ക് എന്നീ പ്രവർത്തനങ്ങളാണ് നടത്തുന്നത്.

a. **ടാപ്പിംഗ് പ്രദർശനം**

ഓരോ തോട്ടത്തിലും എത്തി ബന്ധപ്പെട്ട ആളുകൾക്ക് 'ടാപ്പിംഗ്', റെയിൻ ഗാർഡിങ്ങ്, റബ്ബർ ഷീറ്റ് ഉണ്ടാക്കുന്ന വിധം തുടങ്ങിയവയൊക്കെ റബ്ബർ ബോർഡിൽ നിന്നുള്ള ഉദ്യോഗസ്ഥർ കാണിച്ചു കൊടുക്കുന്നു. ഇവരുടെ സേവനം തികച്ചും സൗജന്യമാണ്.

b. **ടാപ്പിംഗ് പരിശീലന കേന്ദ്രം**

വിദഗ്ദമായ റബ്ബർ ടാപ്പിംഗ് ഉത്പാദനം വർദ്ധിപ്പിക്കുവാനും, റബ്ബർ തോട്ടത്തിന്റെ ജീവിത കാലയളവ് വർദ്ധിപ്പിക്കുവാനും സഹായിക്കും. ഇതിനുള്ള 30 ദിവസത്തെ വിദഗ്ദ പരിശീലനം റബ്ബർ ബോർഡിന്റെ റീജിയണൽ ഓഫീസിനോട് ചേർന്നുള്ള ടാപ്പിംഗ് പരിശീലന കേന്ദ്രത്തിൽ നിന്ന് ലഭിയ്ക്കും. 75 രൂപ പരിശീലനാർത്ഥിക്ക് സ്റ്റൈഫന്റ് ആയി ലഭിയ്ക്കും.

c. **കൂടുതൽ ഗാഢവും വിപുലവുമായ ടാപ്പിങ്ങ് പരിശീലനം കുറഞ്ഞ കാലയളവിൽ.**

ടാപ്പിങ്ങിന്റെ വിദഗ്ദ രീതികളെ കുറിച്ചുള്ള എട്ട് ദിവസം നീണ്ടു നിൽക്കുന്ന പരിശീലനം റബ്ബർ ബോർഡ് നടത്തികൊടുക്കുന്നു. തോട്ടം ഉടമയ്ക്കോ, ആശ്രിതർക്കോ ഇതിൽ പങ്കെടുക്കാം. 75 രൂപയാണ് പരിശീലനാർത്ഥിക്ക് സ്റ്റൈഫന്റ് ആയി നൽകുന്നത്. വിജയിക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

d. **സമഗ്രമായ ടാപ്പിംഗ് പരിശീലനം**

കേരളത്തിൽ വിദഗ്ദരായ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരളത്തിന് പുറത്തുള്ള യുവാക്കളെ ടാപ്പിംഗ് പരിശീലിപ്പിക്കുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി 2010-11 ലാണ് ആരംഭിച്ചത്.

e. ടാപ്പേഴ്സ് ബാങ്ക്

റബ്ബർ ടാപ്പിംഗിംന് സാമൂഹിക അംഗീകാരം, ആകർഷകമായ ശമ്പളം, ജോലി, സ്ഥിരത, തുടങ്ങിയ കാര്യങ്ങൾ ഉറപ്പുവരുത്താനാണ് 'റബ്ബർ ടാപ്പേഴ്സ് ബാങ്ക്' രൂപീകരിച്ചത്. വിദഗ്തരായ തൊഴിലാളികളെ ഈ മേഖലയിൽ തന്നെ നിലനിർത്താനും മറ്റുള്ളവരെ ഇതിലേക്ക് ആകർഷിപ്പിക്കുവാനും ഈ പദ്ധതി വഴി ലക്ഷ്യമിടുന്നു.

## B. പദ്ധതിയുടെ പേര് :ബാങ്ക് ലോൺ

ബോർഡിന്റെ ധനസഹായം ലഭിയ്ക്കുന്നതിനായി ഗുണഭോക്തൃവിഹിതം എടുക്കേണ്ടിവരുമ്പോൾ ഗുണഭോക്താവിന്റെ കൈയ്യിൽ പണം ഇല്ലാത്ത അവസ്ഥയിലാണെങ്കിൽ ഈ ആവശ്യത്തിനായും, തോട്ടം നടത്തിപ്പിനായും ഗുണഭോക്താവിന് ദീർഘകാല ലോണിനായും നബാർഡിനെ സമീപിക്കാവുന്നതാണ്. ഒരു ഹെക്ടറിന് നബാർഡും, റബ്ബർ ബോർഡും നിശ്ചയിക്കുന്ന തുകയ്ക്ക് തുല്ല്യമായ തുകയാണ്

ലോണായി ഏറ്റവും കൂടിയത് ഒരു ഗുണഭോക്താവിന് ലഭിക്കുക.

### C. പദ്ധതിയുടെ പേര് : ഏറ്റവും നല്ല റബ്ബർ പ്രൊഡ്യൂസർ സൊസൈറ്റിക്കുള്ള അവാർഡ്:

രണ്ട് വർഷത്തിലൊരിക്കലാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്ന റബ്ബർ പ്രൊഡ്യൂസർ സൊസൈറ്റിക്ക് 'സുവർണ സംഗമം അവാർഡ്' നൽകുന്നത്. 1997ലാണ് ഇത് തുടങ്ങിയത്. 2 ലക്ഷം രൂപയാണ് അവാർഡ് തുക. കൂടുതൽ നന്നായി പ്രവർത്തിക്കാൻ പ്രചോദനം നൽകുക എന്നതാണ് ഈ അവാർഡിന്റെ ലക്ഷ്യം.

### D. പദ്ധതിയുടെ പേര് :ഏറ്റവും നല്ല കർഷകനുള്ള സി.എം ചാണ്ടി അവാർഡ്

ഇന്ത്യയിലെ ഏറ്റവും നല്ല റബ്ബർ കർഷകർക്കുള്ള അവാർഡ് രണ്ട് വർഷത്തിലൊരിക്കലാണ് നൽകുന്നത്. 2 ലക്ഷം രൂപയാണ് സമ്മാന തുക.

### E. പദ്ധതിയുടെ പേര് :ഗോത്ര വികസനം

കേരള സംസ്ഥാനത്ത് ഗോത്ര വികസനത്തിനായി ഉയർന്ന സാങ്കേതിക വിദ്യയിലൂടെ വികസിപ്പിച്ചെടുത്ത റബ്ബർ തൈകൾ ഗോത്ര വർഗ്ഗക്കാരുടെ സഹായത്തോടെ അവരുടെ കൈവശം ഉള്ള സ്ഥലങ്ങളിൽ നട്ട് റബ്ബർ കൃഷി വ്യാപിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം. തോട്ടം പണികൾക്ക് മേൽനോട്ടം വഹിയ്ക്കുന്നത് റബ്ബർ ബോർഡും, പണികൾ ചെയ്യുന്നത് ഗോത്ര വർഗ്ഗക്കാരുമായിരിക്കും. അവരുടെ പണി കൂലിക്കായിട്ടാണ് പരിഗണിക്കുന്നത്. കേരളത്തിലെ ട്രൈബൽ ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് ചിലവിന്റെ ഒരു പങ്ക് വഹിക്കും.

### F. പദ്ധതിയുടെ പേര് : സ്ത്രീ ശാക്തീകരണത്തിനായുള്ള പദ്ധതി

കുറച്ച് സ്ഥലം കൈവശമുള്ള സ്ത്രീകളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. സ്ത്രീകളുടെ പങ്കാളിത്തം റബ്ബർ കൃഷിയിൽ ഉറപ്പാക്കി അവർക്ക് കൂടുതൽ ഗുണങ്ങൾ ഉണ്ടാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി 'പ്രൊജക്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി'കളിലൂടെയാണ് നടപ്പിലാക്കുന്നത്. പരിശീലനപരിപാടികൾ, സ്ത്രീകളുടെ കൂട്ടായ്മ വരുമാനദായക പ്രവൃത്തികൾ, ആരോഗ്യ പരിപാടികൾ എന്നീ പ്രവർത്തനങ്ങളിൽ കൂടി സ്ത്രീകളെ കൂടുതൽ സമുന്നദ്ധരാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

### G. പദ്ധതിയുടെ പേര് :വില സ്ഥിരതാ ഫണ്ട്

റബ്ബറിന്റെ വില ക്രമാതീതമായി താഴ്ന്ന് പോകുമ്പോൾ റബ്ബർ കർഷകർക്ക് വേണ്ട പിൻതുണ നൽകാനാണ് വില സ്ഥിരതാ ഫണ്ട് നബാർഡിന്റെ നേതൃത്വത്തിൽ രൂപീകരിച്ചിരിക്കുന്നത്. 500 കോടിയാണ് ഈ ഫണ്ടിലുള്ളത്. ഇതിന്റെ 482.88 കോടി രൂപ കേന്ദ്രസർക്കാറും 17.12 കോടി രൂപ റബ്ബർ കർഷകരുമാണ് സംഭാവന ചെയ്തിട്ടുള്ളത്. ഇതിന്റെ പലിശയാണ് അടിയന്തിര ഘട്ടത്തിൽ റബ്ബർ കർഷകർക്ക് നൽകുന്നത്. റബ്ബർ വിലയ്ക്ക് അനുസരിച്ച് കർഷകരും സംഭാവന ചെയ്യണം. 7വർഷത്തെ അന്താരാഷ്ട്ര വിലയുടെ അടിസ്ഥാനത്തിൽ ഒരു ബാന്റ് നിശ്ചയിച്ചിട്ടുണ്ട്. ഈ വിലയുടെ 20%ത്തിൽ താഴെ റബ്ബർവില വരുമ്പോൾ കർഷകർക്ക് ഈ ഫണ്ടിൽ നിന്ന് നിശ്ചിത തുക ലഭിയ്ക്കും. വില 20% മുകളിലാകുമ്പോൾ കർഷകർ സംഭാവന ഫണ്ടിലേക്ക് അടയ്ക്കണം.

### 2. നിർവഹണസ്ഥാപനം:

റബ്ബർ ബോഡ്

### 3. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്:

സ്കീമുകളെ കുറിച്ച് റബ്ബർ കർഷകർക്ക് വേണ്ട ഉത്ബോധനം നൽകുക. സഹായം ലഭ്യമാക്കുന്നതിന് റബ്ബർ ബോർഡുമായി ബന്ധപ്പെടുത്തൽ. ഗ്രാമസഭ വഴിയുള്ള ഗുണഭോക്തൃ ലിസ്റ്റ് നൽക്കുക.

### 4. പദ്ധതി സംയോജന സാധ്യതകൾ:

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റേയും, കുടുംബശ്രീയുടെയും മറ്റ് ഏജൻസികളുടേയും സ്വയം തൊഴിൽ പരിപാടികളുമായി സംയോജിപ്പിക്കാം. പദ്ധതി രേഖയിൽ ടി. സ്കീം വഴിയുള്ള പ്രവൃത്തികളെ കുറിച്ച് പ്രതിപാദിക്കാം. വിടവുകൾ നികത്താം.

# സ്പൈസസ് ബോർഡ്

സ്പൈസസ് ബോർഡ് ആക്റ്റ് 1986 അനുസരിച്ച് 1986 ഫെബ്രുവരി 26 ന് സ്പൈസസ് ബോർഡ് നിലവിൽ വന്നു. ഇൻഡ്യൻ സുഗന്ധവ്യഞ്ജനങ്ങളെ ലോകത്താകെ പ്രചരിപ്പിക്കുക എന്നതാണ് ഇതിന്റെ ഉദ്ദ്യേശം. താഴെ പറയുന്ന പദ്ധതികൾ സ്പൈസസ് ബോർഡ് നടപ്പിലാക്കുന്നുണ്ട്.

## 29. സംസ്ഥാന ഹോർട്ടി കൾച്ചർ മിഷന്റെ സഹകരണത്തോടെ കേരളത്തിലെ ഇടുക്കി ജില്ലയിൽ കുരുമുളകിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.(Project on Improving Production and Productivity of Pepper in Idukki District of Kerala assisted under NHM)

### 1. ആമുഖം:

കറുത്ത സ്വർണ്ണം, അല്ലെങ്കിൽ 'സുഗന്ധവ്യഞ്ജനങ്ങളുടെ രാജാവ്' എന്നറിയപ്പെടുന്ന കുരുമുളക് കേരളത്തിൽ പ്രധാനമായും ഇടുക്കി, വയനാട് ജില്ലകളിലാണ് ഉത്പാദിപ്പിക്കപ്പെടുന്നത് . രാജ്യത്തെ ആകെ ഉത്പാദനത്തിന്റെ 80–90 ശതമാനവും ഉത്പാദിപ്പിക്കുന്നത് കേരളത്തിലാണ്. 2002ൽ 80,000 ടൺ ഉത്പാദിപ്പിച്ച സ്ഥാനത്ത് 2007ൽ 50,000 ടൺ മാത്രമാണ് ഉത്പാദിപ്പിച്ചത്. ഇടുക്കിയിലാണെങ്കിൽ 2003– 2004 ൽ 68,595 ഹെക്ടറിൽ നിന്ന് 36,417 ടൺ ആയിരുന്നു ഉത്പാദനം. 2007 –2008 ആയപ്പോൾ 65,333 ഹെക്ടറിൽ നിന്ന് 23,311 ടൺ ആണ് ഉത്പാദനം. അതിനാൽ കുരുമുളകിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കാനാണ് ഈ പദ്ധതി രൂപം കൊടുത്തിരിക്കുന്നത്.

### 2. ഫണ്ട്

ആകെ ഈ പദ്ധതിക്കായി 230.58 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ഇതിൽ 120 കോടി രൂപ നാഷണൽ ഹോർട്ടി കൾച്ചർ മിഷൻ ധനസഹായം നൽകും. ഇതിന്റെ വിശദാംശം താഴെ കൊടുത്തിരിക്കുന്നു.

| | പ്രവർത്തനങ്ങൾ | എണ്ണം (ഒരു ഹെക്ടർ) | ആകെ ചെലവ് കോടി , 5 വർഷം | ചഒങ്ങ സഹായം 5 വർഷം | തുക (കോടിയിൽ) |
|---|---|---|---|---|---|
| 1 | ചെറിയ നഴ്സറികൾ സ്ഥാപിക്കുക | 300 എണ്ണം | 9.00 | 50% | 4.50 |
| 2 | കാലഹരണപ്പെട്ട ചെടികൾ പുനഃസ്ഥാപിക്കുക | 60000 ഹെക്ടർ | 180 | 50% | 90.00 |
| 3 | ജൈവ കൃഷി രീതി വർദ്ധിപ്പിക്കുക മണ്ണിര കംപോസ്റ്റ് യൂണിറ്റ് നിർമ്മിക്കുക | 3680 | 22.08 | 50% | 11.00 |
| 4 | സമഗ്ര കീട നിയന്ത്രണ പരിപാടി | 50,000 ഹെക്ടർ | 10.00 | 50% | 5.00 |
| 5 | മനുഷ്യവിഭവ വികസനം | 25,000 വ്യക്തികൾ | 1.00 | 100% | 1.00 |
| 6 | ഫങ്ങ്ഷണൽ ഇൻഫ്രാസ്ട്രക്ചർ, കുരുമുളക് ശേഖരണം, തരംതിരിക്കൽ | 3 യൂണിറ്റ് | 2.50 | 100% | 2.50 |
| 7 | നിർവ്വഹണ ചെലവ് | – | 6.00 | 100% | 6.00 |
| | ആകെ | | 230.58 | | 120.00 |

**3. നിർവ്വഹണ സ്ഥാപനം :**

സ്പൈസസ് ബോർഡ്, കൊച്ചിൻ

**4. ലക്ഷ്യം:**

2009–2014 കാലഘട്ടത്തിൽ ഇടുക്കി ജില്ലയിലെ കുരുമുളകിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക

**5. ഗുണഭോക്താക്കൾ:**

a. ചെറിയ നഴ്സറികൾ സ്ഥാപിക്കുക

പ്ലാസ്റ്റിക് കവറിലാക്കിയ വേരോടു കൂടിയ തണ്ടുകൾ 5000 എണ്ണം ഉള്ള കർഷകരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഇത്തരത്തിൽ കവറിലാക്കിയ ഒരു തണ്ടിന് 75 പൈസ സബ്സിഡി ലഭിയ്ക്കും.

b. കാലഹരണപ്പെട്ട ചെടികളുടെ പുനർജ്ജീവിപ്പിക്കൽ/ പുനഃസ്ഥാപിക്കൽ

ഏറ്റവും കുറഞ്ഞത് 100 ചെടികളും ഏറ്റവും കൂടിയത് 1080 ചെടിയും (ഒരു ചുവടിൽ 2 എണ്ണം വീതം) ഉള്ളവർക്ക് ഇതിൽ അംഗങ്ങളാകാം. ഒരു ഹെക്ടറിന് ഏറ്റവും കൂടിയത് 15,000 രൂപയാണ് സബ്സിഡിയായി ലഭിയ്ക്കുക. ഒരു ചെടിയ്ക്ക് 28 രൂപയാണ് ലഭിയ്ക്കുന്നത്. നടുന്ന വർഷത്തിൽ 16 രൂപയും അടുത്ത വർഷത്തിൽ 12 രൂപയും എന്ന നിരക്കിൽ രണ്ട് തവണകളായിട്ടാണ് സബ്സിഡി ലഭിയ്ക്കുക. കുരുമുളക് കർഷകർ സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖ ധനസഹായം ലഭിക്കുന്നതിനു വേണ്ടി ഹാജരാക്കണം.

c. ജൈവ കൃഷിരീതി വർദ്ധിപ്പിക്കുക- മണ്ണിര കംപോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുക.

2.70 മീറ്റർ നീളവും .90 മീറ്റർ വീതിയും .90 മീറ്റർ പൊക്കവുമുള്ള ടാങ്കാണ് നിർമ്മിക്കേണ്ടത്. ഒരു ടാങ്കിന് 6000 രൂപയാണ് ആകെ ചെലവ് വരുന്നത്. ഇതിന്റെ 50% (3000 രൂപ) സബ്സിഡിയായി ലഭിയ്ക്കും.

d. അസുഖം/ കീടനിയന്ത്രണ പദ്ധതികൾ വർദ്ധിപ്പിക്കുക(Integrated Pest/disease Management-IPM)

അസുഖം/ കീടനിയന്ത്രണത്തിനായി ഏറ്റവും കുറഞ്ഞത് 10 എണ്ണവും ഏറ്റവും കൂടിയത് 2160 എണ്ണവും ഉള്ള ഗുണഭോക്താക്കൾക്കാണ് പദ്ധതി വിഹിതം ലഭിയ്ക്കുന്നത്. വർഷത്തിലൊരിക്കൽ വച്ച് 3 വർഷത്തേക്കാണ് ഈ വിഹിതം ലഭിയ്ക്കുന്നത്. സബ്സിഡി നിരക്ക് കജങ കിറ്റിന്റെ 50% അല്ലെങ്കിൽ 1000–4000 രൂപ.540 ചെടികൾ വരെയുള്ളവർക്ക് 1000 രൂപ.

e. മനുഷ്യവിഭവ വികസനം

- ടെക്നോളജി ഗ്യാപ്പ് ബ്രിഡ്ജിങ്ങ് ഗ്രൂപ്പ് – 2 ദിവസം, സ്റ്റൈഫന്റ് – 100 രൂപ വീതം
- മാസ്റ്റർ ട്രെയിനിംഗ് പ്രോഗ്രാം(ഇടുക്കി ജില്ലയിൽ സ്പൈസസ് ബോർഡിലും, കൃഷി വകുപ്പിലും ജോലിചെയ്യുന്ന എല്ലാ സ്റ്റാഫിനും) – 3 ദിവസം
- കർഷകർക്കുള്ള ട്രെയിനിങ്ങ് – ജൈവകൃഷി രീതി ഉപയോഗിച്ചുള്ള ഉത്പാദനത്തിന്റെ പരിശീലനം.

f. അടിസ്ഥാനസൗകര്യ വികസനം – കുരുമുളക് ശേഖരിയ്ക്കുന്നതിനും തരം തിരിക്കുന്നതിനുമായി

100 % കെട്ടിടത്തിനും യന്ത്രസംവിധാനത്തിനും അല്ലെങ്കിൽ .83 കോടി ഏതാണോ കുറവ് അത് ലഭിയ്ക്കും. ഗുണഭോക്താവിന് ഏറ്റവും കുറഞ്ഞത് ഒരേക്കർ സ്ഥലം സ്വന്തമായിട്ടുണ്ടാകണം.

**6. പദ്ധതി പ്രദേശം:**

ഇടുക്കി ജില്ല, കേരളം

**7. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്:**

ഗുണഭോക്താക്കളെ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് നൽകാം. സ്കീമുകളെ കുറിച്ച് കർഷകർക്ക് കൃഷിഭവൻ, ഗ്രാമസഭ വഴി ഉൽബോധനം നൽകാം.

**8. പദ്ധതി സംയോജന സാധ്യതകൾ:**

തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ കൃഷി പദ്ധതികളുമായി ബന്ധിപ്പിക്കാം. വർക്കിംഗ് ഗ്രൂപ്പ്, സ്റ്റേക്ക് ഹോൾഡർ യോഗങ്ങൾ, ഗ്രാമസഭ എന്നിവയിൽ ടി.സ്കീമുകൾ ചർച്ചയ്ക്ക് വിധേയമാക്കണം. പരസ്പരം വിടവുകൾ നികത്തുക. തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെടുത്തണം. നഴ്സറി സ്ഥാപനം ങഏചഞഋഏട പദ്ധതിയുമായി സംയോജിപ്പിക്കാം.

## 30. പദ്ധതിയുടെ പേര്: ഏലത്തോട്ടങ്ങൾ പുനർ നടീലിനും പുനർജ്ജീവിപ്പിക്കു ന്നതിനുമുള്ള പ്രത്യേക ഫണ്ട്.

**1. ആമുഖം**

ഏലത്തോട്ടങ്ങളുടെ പുനർനടീലിനും, പുനർജ്ജീവനത്തിനും, ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനമായി ആവിഷ്കരിച്ച പദ്ധതിയാണിത്. കേരളം, കർണ്ണാടകം, തമിഴ്നാട്, സിക്കിം , പശ്ചിംബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**2. ഫണ്ട്**

- **പുനർനടീൽ**

  സബ്സിഡി രണ്ട് തവണകളായിട്ടാണ് നൽകുന്നത്.

| യോഗ്യത | സബ്സിഡി % | സബ്സിഡി (രൂപ/ ഹെക്ടർ) | ആകെ സബ്സിഡി | |
|---|---|---|---|---|
| 4 ഹെക്ടർ വരെ | 33% | 17,780 | 17,036 | 34,816 |
| 4 ഹെക്ടർ മുതൽ 8 ഹെക്ടർ വരെ | 25% | 13,470 | 12,905 | 26,375 |

- **പുനർജ്ജീവനം**

നിലവിലുള്ള തോട്ടത്തിൽ ഉത്പാദനക്ഷമത കുറഞ്ഞ ചെടികൾ മാറ്റി ഉത്പാദനക്ഷമത കൂടിയ തൈകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. 4 ഹെക്ടർ വരെ സ്ഥലം സ്വന്തമായി ഉള്ള ഗുണഭോക്തക്കളാണ് ഇതിന്റെ പരിധയിൽ വരുന്നത്. 83% അല്ലെങ്കിൽ 13,300/ രൂപയാണ് സബ്സിഡിയായി ലഭിയ്ക്കുന്നത്. ഇതിൽ സബ്സിഡി ഒറ്റ തവണയായിട്ടാണ് ലഭിയ്ക്കുന്നത്.

- **നടീൽ വസ്തുക്കളുടെ ഉത്പാദനം**

ഉയർന്ന ഗുണമേൻമയുള്ളതും ആരോഗ്യമുള്ള നടീൽ വസ്തുക്കൾ സ്പൈസസ് ബോർഡിലെ വിദഗ്ദരുടെ സഹായത്തോടെ വികസിപ്പിച്ചെടുക്കുക. ഓരോ മുളയ്ക്കും 1.75 രൂപ ലഭിയ്ക്കും.

**3. നിർവ്വഹണ സ്ഥാപനം :**

സ്പൈസസ് ബോർഡ്, കൊച്ചിൻ

**4. ലക്ഷ്യങ്ങൾ**

- ഏലത്തോട്ടങ്ങളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് വേണ്ടി പഴയതും ഉത്പാദനക്ഷമത കുറഞ്ഞതുമായ ഏലത്തോട്ടങ്ങൾക്ക് പകരം പുതിയവ സ്ഥാപിക്കുക.

- ബോർഡിന്റെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലൂടെ അംഗീകാരമുള്ള നഴ്സറികളിൽ നിന്ന് രോഗവിമുക്തമായതും, ആരോഗ്യമുള്ളതുമായ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുക

**3. ഗുണഭോക്താക്കൾ**

ഏലതൈകൾ പുതുതായി നട്ടതോ, നിലവിലുള്ള തോട്ടത്തിൽ ഉത്പാദനക്ഷമത കുറഞ്ഞ ചെടികൾ മാറ്റി ഉത്പാദനക്ഷമത കൂടിയ തൈകൾ സ്ഥാപിച്ചതോ, നടീൽ വസ്തുക്കൾ വികസിപ്പിച്ചെടുത്തതോ ആയ കർഷകർ.

**5. ഏറ്റെടുക്കാവുന്ന പ്രവർത്തികൾ**

- ഏലതൈകൾ പുതുതായി നടുക
- തോട്ടത്തിൽ ഉത്പാദനക്ഷമത കുറഞ്ഞ ചെടികൾ വെട്ടിമാറ്റി ഉത്പാദനക്ഷമത കൂടിയ തൈകൾ സ്ഥാപിക്കുക
- ഗുണമേൻമയുള്ള നടീൽ വസ്തുക്കൾ വികസിപ്പിച്ചെടുക്കുക

**5. തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്**

ഏലകൃഷിക്കാർക്ക് മേൽ പറഞ്ഞ സ്കീമുകളെ കുറിച്ച് അവബോധം നൽകി ആവശ്യക്കാരെ തിരിച്ചറിഞ്ഞ് നൽകുക. സ്കീമുകൾ ഗ്രാമസഭകളിലും ജനകീയ കമ്മറ്റികളിലും ടി. സ്കീമുകൾ ചർച്ചയ്ക്ക് വിധേയമാക്കുക.

**6. പദ്ധതി സംയോജനം**

തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ കൃഷി മേഖലയിലെ പ്രൊജക്ടുകളുമായി ടി. സ്കീമുകൾ എല്ലാം തന്നെ ബന്ധിപ്പിക്കാവുന്നതാണ്. നടീൽ വസ്തുക്കൾ തൊഴിലുറപ്പു പദ്ധതിയുമായി സംയോജിപ്പിക്കാം. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് പദ്ധതി വിടവുകൾ ഇതുവഴി നികത്താം.

## 31. പദ്ധതിയുടെ പേര്: കയറ്റുമതിയിൽ അധിഷ്ഠിതമായ ഉത്പാദനവും വിളവെടുപ്പിന് ശേഷം സുഗന്ധവ്യഞ്ജനങ്ങളുടെ ഗുണം മെച്ചപ്പെടുത്തലും (Export Oriented Production & Post Harvest Improvement of Spices)

**1. ആമുഖം:**

സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കാനും വിളവെടുപ്പിനുശേഷം ഗുണം മെച്ചപ്പെടുത്താനുമുള്ള പദ്ധതിയാണിത്.

## 2. ഫണ്ട്

| ക്രമ നം. | പരിപാടി | പ്രവർത്തനം | യോഗ്യത | സഹായം |
|---|---|---|---|---|
| അ | ഏലം (ചെറുത്) | | | |
| 1 | ജലസേചനവും ഭൂ വികസനവും (സബ്സിഡിയുടെ മുഴുവൻ തുകയും സ്പൈസസ് ബോർഡ് വിതരണം ചെയ്യുന്നതാണ്) | ജലസേചന ഉപകരണങ്ങളുടെ നിർമ്മാണം | 4 ഹെക്ടർ വരെ | ആകെ ചെലവിന്റെ 50% അല്ലെങ്കിൽ 16000 രൂപ, ഏതാണോ കുറവ് അത്. |
| | | | 4 മുതൽ 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 25% അല്ലെങ്കിൽ 16000 രൂപ, ഏതാണോ കുറവ് അത്. |
| | | ഐ.പി സെറ്റ് | 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 25% അല്ലെങ്കിൽ 5000 രൂപ, ഏതാണോ കുറവ് അത്. |
| | | സ്പ്രിൻഗ്ലർ | 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 25% അല്ലെങ്കിൽ 21,175 രൂപ, ഏതാണോ കുറവ് അത്. |
| | | ജലസേചനത്തിനായുള്ള ടാങ്ക് | 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 25% അല്ലെങ്കിൽ 1250 രൂപ, ഏതാണോ കുറവ് അത്. |
| | | ജലസേചനത്തിനായുള്ള പൈപ്പ് | 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 25% അല്ലെങ്കിൽ 1250 രൂപ, ഏതാണോ കുറവ് അത്. |
| | | മണ്ണ് പരിരക്ഷ (5-15 % ചരിവ്) | 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 25% അല്ലെങ്കിൽ 7500 രൂപ, ഏതാണോ കുറവ് അത്. |
| 2 | മഴവെള്ള സംഭരണം | മഴവെള്ള സംഭരണി സ്ഥാപിക്കുക | 8 ഹെക്ടർ വരെ | 200 ക്യുബിക് മീറ്റർ കപ്പാസിറ്റിയുള്ള ഉപകരണത്തിന് ആകെ ചെലവിന്റെ 33.33% അല്ലെങ്കിൽ 8000/രൂപ, ഏതാണോ കുറവ് അത്. |

| | | | | |
|---|---|---|---|---|
| 3 | ഏലം സംരംക്ഷിക്കുന്ന ഉപകരണങ്ങൾ | ക്യുവറിങ്ങ് ഡിവൈസസ് സ്ഥാപിക്കുക | 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 33.33% അല്ലെങ്കിൽ 60000/രൂപ, വീതം ഓരോ മെഷീനും ഏതാണോ കുറവ് അത്. |
| **B** | **മറ്റുള്ള സുഗന്ധവ്യഞ്ജനങ്ങൾക്ക്** | | | |
| 1 | മുളക്- മഴവെള്ള സംഭരണം | മഴവെള്ള സംഭരണിയുടെ നിർമ്മാണം. | 8 ഹെക്ടർ വരെ | 200 ക്യുബിക് മീറ്റർ കപ്പാസിറ്റിയുള്ള ഉപകരണത്തിന് ആകെ ചെലവിന്റെ 33.33% അല്ലെങ്കിൽ 8000/രൂപ, ഏതാണോ കുറവ് അത്. |
| 2 | ധാന്യം വേർത്തിരിയ്ക്കുന്ന യന്ത്രം | വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിയ്ക്കുന്ന മെതിയന്ത്രം | 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 50% അല്ലെങ്കിൽ 50,000/രൂപ, ഏതാണോ കുറവ് അത്. |
| | | മനുഷ്യശക്തി ഉപയോഗിച്ച് പ്രവർത്തിക്കുന്ന മെതിയന്ത്രം | 8 ഹെക്ടർ വരെ | ആകെ ചെലവിന്റെ 50% അല്ലെങ്കിൽ 15,000/രൂപ, ഏതാണോ കുറവ് അത്. |
| 3 | പെപ്പർ | കുരുമുളക് മെതിയന്ത്ര വിതരണം | 8 ഹെക്ടർ വരെ | യന്ത്രത്തിന്റെ കപ്പാസിറ്റി അനുസരിച്ച് 7000 രൂപ നിരക്കിൽ |
| | | മുളകൊണ്ടുള്ള പായകളുടെ വിതരണം | 51 മുതൽ 100 ചെടികൾ വരെയുള്ളവർക്ക് ഒരു പായയും 100ൽ കൂടുതൽ ഉള്ളവർക്ക് മൂന്ന് വർഷത്തിലൊരിക്കൽ 2 പായയും വിതരണം ചെയ്യും. | ഗോത്ര വർഗ്ഗത്തിൽ പെട്ടവർക്ക് ചെലവിന്റെ 90% ഉം മറ്റുള്ളവർക്ക് 50% വും സബ്സിഡി ലഭിയ്ക്കുന്നു. |

| | | | | |
|---|---|---|---|---|
| 4 | മഞ്ഞൾ | തിളപ്പിക്കുന്നതിനുള്ള പാത്രം | 8 ഹെക്ടർവരെ | ആകെ ചെലവിന്റെ 50% അല്ലെങ്കിൽ 4000/രൂപ, ഏതാണോ കുറവ് അത്. |
| | | മഞ്ഞൾ സംസ്കരണം | 8 ഹെക്ടർവരെ | ആകെ ചെലവിന്റെ 50% അല്ലെങ്കിൽ 16,000/രൂപ, ഏതാണോ കുറവ് അത്. |
| 5 | പുതിന | പുതിന വാറ്റിയെടുക്കുന്നതിനുള്ള ഉപകരണം | 8 ഹെക്ടർവരെ | 2000 നും 6000 നും ഇടയിൽ കപ്പാസിറ്റിയുള്ള യൂണിറ്റിന് ആകെ ചെലവിന്റെ 32.50 % അല്ലെങ്കിൽ 1.30 ലക്ഷം രൂപ സബ്സിഡി ആയി ലഭിയ്ക്കും. |
| C | Post Harvest Improvement of Spices | | | |
| | ഉണക്കുവാനുള്ള കളം | ആരോഗ്യപരമായ കാലാവസ്ഥയിൽ മുളക്, ഇഞ്ചി, മഞ്ഞൾ, കുരുമുളക് ഉണക്കുവാനുള്ള കളം | 4 ഹെക്ടർവരെ | പട്ടിക വർഗ്ഗക്കാർക്ക് ചതു.മീറ്ററിന് 540 രൂപ വീതം അല്ലെങ്കിൽ ആകെ ചെലവിന്റെ 90%<br>പട്ടിക ജാതിക്കാർക്ക് ചതു.മീറ്ററിന് 300 രൂപ വീതം അല്ലെങ്കിൽ ആകെ ചെലവിന്റെ 50%<br>ജനറൽ വിഭാഗത്തിന് ചതു.മീറ്ററിന് 150 രൂപ വീതം അല്ലെങ്കിൽ ആകെ ചെലവിന്റെ 25% |
| 2 | പോളിത്തീൻ ഷീറ്റ് | സബ്സിഡി നിരക്കിൽ പോളിത്തീൻ ഷീറ്റിന്റെ വിതരണം | 4 ഹെക്ടർവരെ. 1 ഹെക്ടർവരെ ഉള്ളവർക്ക് രണ്ട് ഷീറ്റ്. മുതൽ 4 ഹെക്ടർ വരെയുള്ളവർക്ക് 3 ഷീറ്റ് വീതം | ഗോത്ര വർഗ്ഗക്കാർക്ക് 50% മറ്റുള്ളവർക്ക് 33.33%വും സബ്സിഡി നൽകുന്നു. സ്പൈസസ് ബോർഡ് മൊത്തത്തിൽ വാങ്ങി വിതരണം ചെയ്യുന്നു. |
| | മോയ്സ്ചർ മീറ്റർ | ഉത്പന്നത്തിൽ ഈർപ്പത്തിന്റെ അളവ് കണ്ടുപിടിക്കുന്നതിന് മോയ്സ്ചർ മീറ്റർ വിതരണംചെയ്യുന്നു | 8 ഹെക്ടർവരെ | ആകെ ചെലവിന്റെ 32% അല്ലെങ്കിൽ 2500 രൂപ, ഏതാണോ കുറവ് അത്. |

| | | | | |
|---|---|---|---|---|
| D | ജൈവകൃഷി | | | |
| 1 | ഓർഗാനിക് സർട്ടിഫിക്കേഷൻ | ഫാമുകൾക്കും , പ്രോസസിങ്ങ് യൂണിറ്റുകൾക്കും ഓർഗാനിക് സർട്ടിഫിക്കേഷനു വേണ്ടി സഹായിക്കുക | | കർഷകരുടെ കൂട്ടം, ചഏഛ, സൊസൈറ്റി എന്നിവയ്ക്ക് ആകെ ചെലവിന്റെ 50% അല്ലെങ്കിൽ 75000 രൂപ, ഏതാണോ കുറവ് അത്.<br><br>കർഷകർക്കും, ഉത്പാദകർക്കും ആകെ ചെലവിന്റെ 50% അല്ലെങ്കിൽ 25000 രൂപ, ഏതാണോ കുറവ് അത്. |
| 2 | ബയോ ഏജന്റ് യൂണിറ്റ് | ബയോ ഏജന്റ് യൂണിറ്റ് ഉണ്ടാക്കുന്നതിന് NGOsf സഹായിക്കുക. ഈ യൂണിറ്റ് ഒരു ട്രെയിനിങ്ങ് സെന്റർ കൂടെ ആയിരിക്കും. | തെരഞ്ഞെടുക്കപ്പട്ട NGOs ആയിരിക്കും ഇതിന് യോഗ്യത | ആകെ ചെലവിന്റെ 50% അല്ലെങ്കിൽ 1.30 ലക്ഷം രൂപ, ഏതാണോ കുറവ് അത്. |
| 3 | സുഗന്ധ വ്യഞ്ജനങ്ങൾ ഓർഗാനിക് കൃഷിയിലൂടെ | സുഗന്ധവ്യഞ്ജനങ്ങളുടെ ജൈവകൃഷി രീതി | 8 ഹെക്ടർ വരെ | ഒരു കർഷകന് 4250 രൂപ |
| 4 | മണ്ണിര കംപോസ്റ്റ് യൂണിറ്റ് | മണ്ണിര കംപോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുക | 8 ഹെക്ടർവരെ. 4 ഹെക്ടർവരെ ഉള്ളവർക്ക് രണ്ട് ഷീറ്റ്. 4 മുതൽ 8 ഹെക്ടർ വരെയുള്ളവർക്ക് 3 (ഒരു ടൺ കപ്പാസിറ്റി ഉള്ളത്) | ആകെ ചെലവിന്റെ 33.33 അല്ലെങ്കിൽ 2,000 രൂപ, ഏതാണോ കുറവ് അത് |

### 3. നിർവ്വഹണ സ്ഥാപനം :

സ്പൈസസ് ബോർഡ്, കൊച്ചിൻ

### 2. ലക്ഷ്യങ്ങൾ

- ഏലത്തിന്റെ ഉത്പാദനക്ഷമതയും ഗുണമേൻമയും വർദ്ധിപ്പിക്കുക
- വിളവെടുപ്പിന് ശേഷം തോട്ടത്തിൽ വച്ച് സുഗന്ധവ്യഞ്ജനങ്ങളെ മെച്ചപ്പെടുത്തുക
- സുഗന്ധവ്യഞ്ജനങ്ങൾക്കിടയിൽ ജൈവ കൃഷി രീതി പ്രോത്സാഹിപ്പിക്കുക
- കീട നിയന്ത്രണത്തിന് മാതൃകാ രീതികൾ വികസിപ്പിക്കുക
- സുഗന്ധവ്യഞ്ജന കർഷകർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുക

### 3. ഗുണഭോക്താക്കൾ:

8 ഹെക്ടർവരെ സ്ഥലമുള്ള ഏലകർഷകർ

### 4. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

സുഗന്ധവ്യഞ്ജന കർഷകരുടെ പ്രശ്നങ്ങൾക്ക് ടി.സ്കീമുകൾ പരിഹാരം കാണുന്നവയാകയാൽ അവയെ കുറിച്ചുള്ള അവബോധം പ്രാദേശിക സർക്കാറുകൾക്ക് ഗ്രാമസഭ വഴി ബന്ധപ്പെട്ടവർക്ക് നൽകാം. ഗുണഭോക്താക്കളുടെ ലിസ്റ്റ് ഇതിനായി വിനിയോഗിക്കുക.

### 5. പദ്ധതി സംയോജന സാധ്യതകൾ

ഈ പദ്ധതികൾ എല്ലാം തന്നെ സുഗന്ധവ്യഞ്ജനങ്ങളുടെ ഉത്പാദനവും സൂക്ഷിക്കലും സംബന്ധിച്ചാണ്. ഇതെല്ലാം തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുമായി ബന്ധപ്പെടുത്തി രണ്ടു പേർക്കും പരസ്പരം വിടവുകൾ നികത്താവുന്നതാണ്. സ്റ്റേക്ക് ഹോൾഡർ യോഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പുകൾ , ഗ്രാമസഭകൾ എന്നിവയിൽ സംയോജന സാധ്യതകൾ വിലയിരുത്തണം. തൊഴിലുറപ്പു പദ്ധതിയുമായും, സ്വയം തൊഴിൽ പദ്ധതിയുമായും ഇവയെ ബന്ധിപ്പിക്കാവുന്നതാണ്.

*************************

CHAPTER

# VIII



# വനസംരക്ഷണം

# VIII. വനം വകുപ്പ് വഴി നടപ്പിലാക്കപ്പെടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

## I. വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം

**ആമുഖം**

വന്യ ജീവികളുടെ ആക്രമണത്താൽ കൃഷി നാശം സംഭവിക്കുകയോ പരിക്കേൽക്കുകയോ അംഗവൈകല്യം സംഭവിക്കുകയോ മരിക്കുകയോ ചെയ്യുന്നവർക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഇൻഷുറൻസ് ആവശ്യമില്ല എന്നതാണ് ഇതിന്റെ പ്രത്യേകത.

**ഫണ്ട്**

കേന്ദ്ര സർക്കാരിന്റെ ഗ്രാന്റാണ് ഇതിൽ വകയിരുത്തിയിരിക്കുന്നത്.

| | | |
|---|---|---|
| 1. | അപകട ചികിത്സ | 5,000 രൂപ വരെ (അയ്യായിരം) |
| 2. | അംഗവൈകല്യം | 25,000 രൂപ വരെ (ഇരുപത്തയ്യായിരം) |
| 3. | മരണം | 3,00,000 രൂപ (മൂന്ന് ലക്ഷം) |
| 4. | റിസർവ്വ് വനത്തിനു പുറത്ത് വെച്ച് പാമ്പുകടിയേറ്റാണ് മരണമെങ്കിൽ | 1,00,000 രൂപ (ഒരുലക്ഷം) |
| 5. | കൃഷി നാശം | 50,000 രൂപ വരെ (അമ്പതിനായിരം) |
| 6. | വീടിന് നാശം | 50,000 രൂപ വരെ (അമ്പതിനായിരം) |
| 7. | കന്നുകാലി നാശം | 50,000 രൂപ വരെ (അമ്പതിനായിരം) |

എന്ന നിരക്കിലാണ് ധനസഹായം നൽകുന്നത്. ഓരോ വർഷവും അനുവദിക്കുന്ന തുകയുടെ അടിസ്ഥാനത്തിലാണ് സഹായ വിതരണം.

**നിർവ്വഹണ സ്ഥാപനം**

കേരള വനം വകുപ്പിലെ ഡിവിഷണൽ ഫോറസ്റ്റാഫീസർമാരാണ് നിർവ്വഹണ ഉദ്യോഗസ്ഥർ

**ലക്ഷ്യം**

1. വന്യ ജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് ചികിത്സാ സഹായം നൽുകക
2. അംഗവൈകല്യം സംഭവിക്കുന്നവർക്കും മരണപ്പെടുന്നവർക്കും സഹായം നൽകുക
3. വീട്,കൃഷി, കന്നുകാലി എന്നിവ നശിച്ചവരെ സഹായിക്കുക

**ഗുണഭോക്താക്കൾ**

അർഹതാ മാനദണ്ഡങ്ങൾ

വനം കേസുകളിൽപ്പെട്ടവർ, വനഭൂമി കയ്യേറിയവർ, തോക്ക് ലൈസൻസ് ഉള്ളവർ എന്നിവർക്കൊഴികെ എല്ലാവർക്കും അർഹതയുണ്ട്.

**ഏറ്റെടുക്കാവുന്ന പ്രവർത്തികൾ**

ഇല്ല

### പ്രവർത്തനങ്ങൾ

1. സംഭവം നടന്ന് മൂന്ന് മാസത്തിനകം നിർദ്ദിഷ്ട ഫോറത്തിൽ ഏറ്റവും അടുത്ത റെയിഞ്ചാഫീസിലോ, ഡിവിഷണൽ ഫോറസ്റ്റാഫീസിലോ അപേക്ഷ സമർപ്പിക്കുക
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്പരിശോധന നടത്തുന്നു.
3. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ധനസഹായം അനുവദിക്കുന്നു.

### ആവശ്യമായ രേഖകൾ

1. അപകടചികിത്സയ്ക്കും, അംഗവൈകല്യത്തിനും
   സർക്കാർ സർവ്വീസിലുള്ള സിവിൽ സർജന്റെ മെഡിക്കൽ സർട്ടിഫിക്കറ്റ്
2. മരണമാണെങ്കിൽ
   1. മരണ സർട്ടിഫിക്കറ്റ്
   2. മരണ കാരണം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ചികിത്സ നടത്തിയ ഡോക്ടർ നൽകിയത്)
   3. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
3. കൃഷി, വീട്, കന്നുകാലി എന്നിവ നശിച്ചാൽ
   1. കൃഷി ഓഫീസറുടെ റിപ്പോർട്ട്
   2. സ്ഥലത്തിന്റെ ഉടമസ്ഥാവകാശ രേഖകൾ

### മോണിറ്ററിംഗ്

വനംവകുപ്പിന്റെ മേഖല/സംസ്ഥാന തലങ്ങളിൽ പദ്ധതി നടപ്പിന്റെ പുരോഗതി വിലയിരുത്തുന്നുണ്ട്.

### തദ്ദേശ ഭരണസ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയുടെ വിശദാംശങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള പ്രചാരണ പരിപാടികൾ നടത്താവുന്നതാണ്.

### സംയോജന സാധ്യതകൾ

തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിരേഖയിൽ ഈ വിവരങ്ങൾ കൂടി ഉൾപ്പെടുത്തുക. മറ്റ് വകുപ്പ് വഴി നൽകുന്ന നഷ്ടപരിഹാരങ്ങളുമായുള്ള വിടവുകൾ നികത്തുക.

## 11. ഔഷധ സസ്യത്തോട്ടങ്ങൾ

### ആമുഖം

ആയുർവ്വേദ മരുന്ന് നിർമ്മാണത്തിനാവശ്യമായ ഔഷധ സസ്യങ്ങൾ ആവശ്യാനുസരണം ലഭ്യമല്ലാത്ത സ്ഥിതിയാണിന്നുള്ളത്. ഇത് ആവശ്യാനുസരണം ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി. പരിസ്ഥിതി സംരക്ഷണവും ജനങ്ങൾക്ക് തൊഴിലും വരുമാനവും ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

### ഫണ്ട്

നാഷ്ണൽ മെഡിസിനൽ പ്ലാന്റ് ബോർഡാണ് ഈ പദ്ധതിക്ക് ഫണ്ട് നൽകുന്നത്.

### നിർവ്വഹണം

വനം വകുപ്പിന്റെ ഡിവിഷണൽ ഫോറസ്റ്റാഫീസർമാരാണ് നിർവ്വഹണ ഉദ്യോഗസ്ഥർ

**ലക്ഷ്യം**

1. ആയുർവ്വേദ ഔഷധ നിർമ്മാണത്തിനുള്ള ഔഷധ സസ്യങ്ങൾ ലഭ്യമാക്കുക
2. പരിസ്ഥിതി പുന:സ്ഥാപനം
3. ജനങ്ങൾക്ക് തൊഴിലും വരുമാനവും

**ഗുണഭോക്താക്കൾ**

മുഴുവൻ ജനങ്ങളും

**ഏറ്റെടുക്കുന്ന പ്രവൃത്തികൾ**

പ്രവർത്തനങ്ങൾ

എ. നഴ്സറി തയ്യാറാക്കുക

ബി. 2.5 മീറ്റർ അകലത്തിൽ 30 സെ.മീ. താഴ്ചയിൽ കുഴിയെടുത്ത് (ഒരു ഹെക്ടറിൽ 1600 തൈകൾ) തൈകൾ നടുക.

സി. 5 വർഷം വരെ തോട്ടം പരിപാലിക്കുക

**മോണിറ്ററിംഗ്**

വനം വകുപ്പിലെ വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥരാണ് മോണിറ്റർ ചെയ്യുന്നത്.

**തദ്ദേശ സ്ഥാപനത്തിന്റെ പങ്ക്**

ഔഷധ സസ്യങ്ങൾക്ക് ആവശ്യക്കാർ ധാരാളമുള്ളതിനാൽ തദ്ദേശ സ്ഥാപനങ്ങൾക്കും ഈ പദ്ധതി അനുകരിക്കാവുന്നതാണ്. ഗ്രാമസഭയിൽ ടി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക. ജനകീയ പങ്കാളിത്തം ഉറപ്പാക്കുകയും ബയോഡൈവേഴ്സിറ്റി രജിസ്റ്ററുമായി ബന്ധപ്പെടുത്തുകയും വേണം.

**സംയോജന സാധ്യതകൾ**

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ തൊഴിലുറപ്പ് പദ്ധതിയുമായി ഇതിനെ ബന്ധിപ്പിക്കാവുന്നതാണ്. വനംവകുപ്പ് നടത്തുന്ന പദ്ധതികൾ തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിരേഖയിൽ പ്രതിപാദിക്കുക, മെഡിസിനൽ പ്ലാന്റുകൾക്കായുള്ള പദ്ധതികൾ തദ്ദേശഭരണസ്ഥാപനത്തിന്റെ ബന്ധപ്പെട്ട പദ്ധതിയുമായി ബന്ധപ്പെടുത്തുകയും ചെയ്യാം.

## 111. ജൈവ വൈവിധ്യ സംരക്ഷണം

**ആമുഖം:**

വനം വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജൈവ വൈവിധ്യ സംരക്ഷണപരിപാടികളിലെ ഒരു ഘടകമാണ് കടലാമ സംരക്ഷണം. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന കടലാമകളെ സംരക്ഷിച്ച് വംശം പരിപോഷിപ്പിച്ചു നിലനിർത്തേണ്ടത് മനുഷ്യന്റേയും മറ്റു ജീവികളുടേയും നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.

**ഫണ്ട്**

കേന്ദ്ര സർക്കാരാണ് ഈ പദ്ധതിക്കായി പണം നൽകുന്നത്

## നിർവ്വഹണം

വനം വകുപ്പിലെ ഡിവിഷണൽ ഫോറസ്റ്റോഫീസർമാർ വന സംരക്ഷണ സമിതികൾ വഴി നിർവ്വഹിക്കുന്നു.

## ലക്ഷ്യം

1. കടലാമകളുടെ വംശം അന്യം നിന്നുപോകാതെ സംരക്ഷിക്കുക.
2. പരിസ്ഥിതി സംരക്ഷണം
3. തീരപ്രദേശ ജൈവ വൈവിധ്യപോഷണം.

## ഗുണഭോക്താക്കൾ

വ്യക്തിഗത ഗുണഭോക്താക്കൾ ഇല്ല
തീരദേശ പഞ്ചായത്തുകളിലെ മുഴുവൻ ജനങ്ങളും

## ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ

1. കണ്ടൽ സംരക്ഷണ പ്രവർത്തനങ്ങൾ
2. ബെൽറ്റ് പ്ലാനിംഗ്
3. ദേശാടനകിളികളുടെ സംരക്ഷണം

എന്നിവ തദ്ദേശഭരണസ്ഥാപനങ്ങളിൽ ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളാണ്

## പ്രവർത്തനങ്ങൾ

1. കടലാമയുടെ മുട്ടകൾ മോഷ്ടിക്കുന്നത് തടയുക
2. ആമ മുട്ടയുള്ള കുഴികൾ കണ്ടെത്തി വല കെട്ടി സംരക്ഷിക്കുക
3. മുട്ട വിരിയുന്ന സ്ഥലത്തു കുഞ്ഞുങ്ങളെ കടലിൽ എത്തിക്കുക

## മോണിറ്ററിംഗ്

വനം വകുപ്പ് ഉദ്യോഗസ്ഥർ, വി.എസ്.എസ് കമ്മിറ്റി

## തദ്ദേശ സ്ഥാപനത്തിന്റെ പങ്ക്

1. വ്യാപകമായ ബഹുജന വിദ്യാഭ്യാസം
2. കൂടുതൽ പ്രദേശത്തേക്ക് വ്യാപനം
3. മുട്ട സംരക്ഷിക്കുന്നവർക്ക് പാരിതേഷികം നൽകുക
4. മുട്ട വിൽപ്പന കേന്ദ്രങ്ങൾ കണ്ടെത്തി തടയുക
5. ഗ്രാമസഭ വഴിയുള്ള പ്രചരണം , ഉൽബോധനം
6. അവലോകനം -ഗ്രാമസഭ, ജനകീയ കമ്മറ്റികൾ വഴി

## സംയോജനസാധ്യതകൾ

കടലാമ സംരക്ഷണത്തിനുള്ള പ്രചരണ പരിപാടികൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തണം. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിരേഖയിൽ ആയത് ഉൾപ്പെടുത്തണം.

## ആമുഖം

വനപ്രദേശത്തിനു പുറത്ത് പരിസ്ഥിതി പ്രാധാന്യമുള്ള നിരവധി സ്ഥലങ്ങൾ ഉണ്ട്. ഇവയിൽ പ്രധാനപ്പെട്ട ഒന്നാണ് കോൾ പാടങ്ങൾ. കോൾ നിലങ്ങൾ നിരവധി ദേശാടനപക്ഷികളുടെ പ്രജനന കേന്ദ്രമാണ്. ഇതിന്റെ സംരക്ഷണത്തിന് വേണ്ടിയുള്ളതാണീ പദ്ധതി.

## ഫണ്ട്

പൂർണ്ണമായും കേന്ദ്രാവിഷ്കൃത ഫണ്ടാണ് ഇതിന് ഉപയോഗിക്കുന്നത്.

## നിർവ്വഹണം

പദ്ധതി പ്രദേശത്തെ ഡിവിഷണൽ ഫോറസ്റ്റാഫീസർമാർ പാടശേഖരണ സമിതികളുടെ പങ്കാളി ത്തത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

## ലക്ഷ്യം

1. ദേശാടന പക്ഷികളുടെ പ്രജനന കേന്ദ്രങ്ങൾ സംരക്ഷിക്കുക
2. ദേശാടന പക്ഷികളെ വേട്ടയാടുന്നത് തടയുക
3. പരിസ്ഥിതി സംരക്ഷണം, പുന:സ്ഥാപനം

## ഗുണഭോക്താക്കൾ

വ്യകതിഗത ഗുണഭോക്താക്കൾ ഇല്ല

## ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

1. പദ്ധതിയുടെ പ്രാധാന്യത്തെപ്പറ്റിയുള്ള ബോർഡുകൾ സ്ഥാപിക്കുക
2. ക്ലാസുകൾ സംഘടിപ്പിക്കുക
3. പക്ഷികളുടെ സർവ്വെ നടത്തുക
4. നോട്ടിസ്, ബ്രോഷർ എന്നിവ തയ്യാറാക്കുക
5. സെമിനാറുകൾ സംഘടിപ്പിക്കുക

## പ്രവർത്തനകൾ

പദ്ധതി രൂപരേഖ തയ്യാറാക്കുക
വൈൽഡ് ലൈഫ് വാർഡന് സമർപ്പിച്ച് അംഗീകാരം വാങ്ങുക

## മോണിറ്ററിംഗ്

വിവിധതലങ്ങളിലെ വനം വകുപ്പ് ഉദ്യോഗസ്ഥർ

## തദ്ദേശ സ്ഥാപനത്തിന്റെ പങ്ക്

1. പദ്ധതിയെ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക
2. ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുക
3. ജനപങ്കാളിത്തം ഉറപ്പാക്കുക
4. പക്ഷി സങ്കേതമായി നിലനിർത്തുന്നതിനുള്ള പ്രവൃത്തികൾ ചെയ്യുക

## സംയോജന സാധ്യതകൾ

ടൂറിസത്തിനുള്ള സാധ്യതകൾ പരിശോധിച്ച് ആയതിന് വേണ്ട അടിസ്ഥാന സൗകര്യ ങ്ങൾ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾക്കൊളളിക്കുക. വനം, ടൂറിസം വകുപ്പു മായി സംയോജിപ്പിച്ചു പ്രവർത്തനങ്ങൾക്ക് രൂപം നൽകുക. പരിസ്ഥിതി സംരക്ഷണ പ്രോജ ക്ടുകൾ തയ്യാറാക്കുക, തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി പദ്ധതി ആവിഷ്ക്കരിക്കു ക, വിടവുകൾ അന്വേഷിച്ച് നികത്തുക.

## V. ഇത്തിരി വനവും ഒത്തിരി ജനങ്ങളും

### ആമുഖം

കേരളത്തിന്റെ ജീവനാഡികളായ 14 നദികൾക്ക് ജന്മം നൽകി നിലനിർത്തുന്ന മഴക്കാ ടുകൾ സംരക്ഷിച്ച് പരിപാലിക്കേണ്ടതിന്റെ പ്രസക്തിയും, ആവശ്യകതയും ഏറെയാണ്. വന ങ്ങൾ നൽകുന്ന സേവനം കേവലം പ്രാദേശികമോ സംസ്ഥാനത്തിനുള്ളിൽ ഒതുങ്ങുന്നതോ അല്ല. ഈ ഭൂമിയിലെ സകല ചരാചരങ്ങളുടെ നിലനിൽപ്പും സംരക്ഷണവുമാണ് വനം വകു പ്പിന്റെ ലക്ഷ്യം. ഈ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന സർക്കാർ മിഷനറിയായ വനം വകു പ്പിന് ജനങ്ങളുടെ പൂർണ്ണ സഹകരണം ഉറപ്പുവരുത്തുന്ന പ്രവർത്തനമായിരിക്കണം പഞ്ചായ ത്തുകളുടേയും കർമ്മങ്ങൾ.

### ഫണ്ട്

സർക്കാരിന്റെ സംസ്ഥാന ബജറ്റ് ഫണ്ടും കേന്ദ്ര സർക്കാരിന്റെ ഗ്രാന്റും ലഭ്യമാകുന്നു ണ്ട്.

### നിർവ്വഹണ സ്ഥാപനം

കേരള വനം വന്യജീവി വകുപ്പിന്റെ ജില്ലാതലത്തിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീ സർമാരും, വൈൽഡ്ലൈഫ് വാർഡൻമാരും, സോഷ്യയൽ ഫോറസ്റ്ററി അസി. കൺസർവേ റ്റർമാരുമാണ് നിർവ്വഹണ ഉദ്യോഗസ്ഥർലക്ഷ്യം.

1. വൃഷ്ടി പ്രദേശങ്ങളുടെ വനാവരണവും വൃക്ഷാവരണവും മെച്ചപ്പെടുത്തി അണക്കെ ട്ടുകളിലേക്കുളള ജല പ്രവാഹം സമൃദ്ധമാക്കുക.
2. വനത്തിനകത്തും അരികിലും താമസിക്കുന്ന ആദിവാസികളുടേയും, സ്ത്രീകളുടേ യും, മറ്റ് ദുർബല വിഭാഗങ്ങളുടേയും സമഗ്ര ക്ഷേമം ഉറപ്പുവരുത്തി സംസ്ഥാനത്തെ മറ്റ് ജനവിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക നിലവാരത്തിലേക്ക് അവരെ ഉയർത്തി ക്കൊണ്ടുവരത്തക്കരീതിയിൽ വനങ്ങൾ പരിപാലിക്കുക.
3. വനങ്ങൾ പൊതുവായും, വനത്തോട്ടങ്ങൾ പ്രത്യേകിച്ചും അന്തർദ്ദേശീയ നിലവാര ത്തിലേക്ക് ഉയർത്തി അവയുടെ ഉത്പാദന-വിഭവശേഷി വർദ്ധിപ്പിക്കുക.
4. ജൈവവൈവിദ്ധ്യസംരക്ഷണം, വിഭവ ഉത്പാദനം എന്നീ കാര്യങ്ങളിൽ കേരളത്തെ ഉന്നത നിലവാരത്തിൽ എത്തിക്കുക.
5. സാമൂഹ്യ-സാസംസ്ക്കാരിക മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും സമ്പന്നമാക്കുന്ന തിനും ഉതകുന്ന തരത്തിൽ വനങ്ങൾ പരിപാലിക്കുക
6. ആദിവാസി സമൂഹങ്ങളുടെ തനതു സംസ്ക്കാരം നിലനിർത്തുകയും പരിപോഷിപ്പി ക്കുകയും ചെയ്യുക.
7. പരമ്പരാഗത വനമേഖലകളുടെ മൂല്യശോഷണം തടയുകയും, അനുയോജ്യമായ പ്രവൃത്തികളുടെ ഗതകാല മൂല്യം പുനരാർജ്ജിക്കുകയും ചെയ്യുക.
8. കണ്ടൽ വനങ്ങൾ, കാവുകൾ തുടങ്ങി അതീവ പ്രാധാന്യമുള്ള ഇക്കോവ്യൂഹങ്ങളുടെ

സംരക്ഷണവും, വ്യപനവും നടത്തുക.

9. തണ്ണീർതടങ്ങളുടേയും ജലസ്രോതസ്സുകളുടേയും സംരക്ഷണവും, പരിപാലനവും വഴി നീരുറവ വർദ്ധിപ്പിക്കുന്നതിനും ഭൂമിയുടെ ജല സ്വാംശീകരണ ശേഷി കൂട്ടുന്നതിനുള്ള അടിസ്ഥാന പ്രവർത്തനങ്ങൾ നടത്തുക.
10. വന്യജീവികളുടെ ആവാസ കേന്ദ്രങ്ങൾ സംരക്ഷിക്കുകയും പരിപാലിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക.
11. ആഗോള താപനത്തിന്റെ ദൂഷ്യഫലങ്ങൾ പരമാവധി കുറയ്ക്കുന്നതിനായി വനേതര ഭൂമികളിലും, വനത്തിനു പുറത്ത് ലഭ്യമായ മറ്റ് അനുയോജ്യമായ പ്രദേശങ്ങളിലും പരമാവധി മരങ്ങൾ വെച്ചു പിടിപ്പിക്കുക.
12. ദേശാടന പക്ഷികളേയും അവയുടെ ആവാസ സ്ഥലങ്ങളേയും സംരക്ഷിക്കുക.
13. പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാര പദ്ധതികളും ബോധവത്ക്കരണ പരിപാടികളും മുഖേന ജനങ്ങളിൽ പരിസ്ഥിതി സംരക്ഷണ അവബോധം സൃഷ്ടിക്കുക.

### ഗുണഭോക്താക്കൾ

ഈ ഭൂമിയിലെ എല്ലാ ജീവജാലങ്ങളും വ്യക്തികളും
ജനങ്ങൾക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

1. പ്രകൃതിയേയും, പ്രകൃതി വിഭവങ്ങളേയും സംരക്ഷിക്കുന്നതിന് നിലവിലുള്ള നിയമങ്ങളെ ആദരിക്കുകയും അതിന് അനുഗുണമായി പ്രവർത്തിക്കുകയും ചെയ്യുക.
2. പ്രകൃതി വിഭവ സംരക്ഷണ താൽപ്പര്യം ഉൾക്കൊള്ളുകയും, പ്രകൃതി നിയമങ്ങളെ മാനിക്കുകയും ചെയ്യുക.
3. വനം വകുപ്പുമായി വിവരങ്ങൾ പങ്കുവെയ്ക്കുകയും പ്രകൃതി സംരക്ഷണത്തിന്റേയും, സുസ്ഥിര വികസനത്തിന്റെയും സന്ദേശം വ്യാപിപ്പിക്കാൻ വനം വകുപ്പിനെ സഹായിക്കുകയും ചെയ്യുക.
4. വനം വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും നൽകുക വഴി പൗരന്റെ ഉത്തരവാദിത്വവും കടമകളും നിറവേറ്റുക.
5. വന്യജീവി ആക്രമണ സാധ്യതയുള്ള സ്ഥലങ്ങളിൽ സൗരോർജ്ജവേലി, കിടങ്ങ്, ജൈവവേലി മുതലായവ നിർമ്മിച്ച് വന്യജീവി ആക്രമണ സാധ്യത ഇല്ലാതാക്കുക.

### മോണിറ്ററിംഗ്

വനം വകുപ്പിന്റെ മേഖല/ജില്ല/സംസ്ഥാന തലങ്ങളിൽ പദ്ധതി നടപ്പിന്റെ പുരോഗതി വിലയിരുത്തുന്നുണ്ട്.

### തദ്ദേശസ്ഥാപനത്തിന്റെ പങ്ക്

വനം വകുപ്പ് നടപ്പിലാക്കുന്ന ജനക്ഷേമ പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള പ്രചരണ പരിപാടികൾ നടത്താവുന്നതാണ്. ഗ്രാമസഭവഴി ഉൽബോധനം നൽകാം.

1. തദ്ദേശസ്ഥാപനത്തിന്റെ പദ്ധതി രേഖയിൽ മനുഷ്യന് വന്യജീവികൾ മൂലമുണ്ടാക്കുന്ന കൃഷി, വാസസ്ഥലം എന്നിവക്ക് ഉണ്ടാക്കുന്ന നാശനഷ്ടങ്ങൾക്ക് സർക്കാർ അംഗീകരിച്ച നഷ്ടപരിഹാരവും, വന്യജീവികൾ മൂലമുണ്ടാകുന്ന അപകടം, മരണം എന്നിവക്ക് ധനസഹായവും നൽകി വരുന്നത് ഗുണഭോക്താക്കളിലേക്ക് എത്തിക്കുക.
2. അഗ്നി പ്രതിരോധ പ്രവർത്തനങ്ങളിൽ വനത്തിന് സമീപം താമസിക്കുന്ന ആളുകളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക.
3. വനത്തിന് പുറത്തും, മറ്റ് അനുയോജ്യമായ പ്രദേശങ്ങളിലും പരമാവധി മരങ്ങൾ വെച്ച് പിടിപ്പിക്കുന്നതിന് വേണ്ട പ്രോത്സാഹനം നൽകുക.

4. പ്രകൃതിയുടെ ആവാസ വ്യവസ്ഥക്ക് വന്യജീവികൾ ഒരു പ്രധാന ഘടകമാണ്. വന്യജീവികൾ ജനവാസ/കൃഷി സ്ഥലങ്ങളിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജവേലി, ജൈവവേലി, കിടങ്ങ്, മതിൽ എന്നിവ നിർമ്മിക്കാവുന്നതാണ്.

**സംയോജന സാധ്യതകൾ**

തദ്ദേശഭരണസ്ഥാപനത്തിന് തൊഴിലുറപ്പ് പദ്ധതിയുമായി ഇതിനെ ബന്ധപ്പെടുത്താവുന്നതും ആയതു വഴി പദ്ധതിയുടെ ഭാഗമാക്കാവുന്നതും വിടവുകൾ ദൂരീകരിക്കാവുന്നതുമാണ്. പദ്ധതിരേഖയിൽ ഈ പ്രവർത്തികൾ കൂടി ഉൾപ്പെടുത്താവുന്നതാണ്.

## VI. ഉദ്ഗ്രഥിത വനസംരക്ഷണം.

**ആമുഖം**

കാട്ടുതീയിൽ നിന്ന് വനത്തെ സംരക്ഷിക്കുക എന്നത് പരമപ്രധാനമാണ്. ഇതിനായി ഫയർലൈൻ തെളിയിക്കുകയും വാച്ചർമാരെ നിയോഗിക്കുകയും ചെയ്യേണ്ടതുണ്ട്.

**ഫണ്ട്.**

75% കേന്ദ്രഫണ്ടും 25 % സംസ്ഥാനഫണ്ടും ആണ് ഇതിന് വിനിയോഗിക്കുന്നത്

**നിർവ്വഹണം**

വനം വകുപ്പിന്റെ ഡിവിഷണൽ ഫോറസ്റ്റോഫീസർമാരാണ് നിർവഹണ ഉദ്യോഗസ്ഥർ

**ലക്ഷ്യം**

വനത്തിൽ കാട്ടുതീ കയറാതെ സംരക്ഷിക്കുക

**ഗുണഭോക്താക്കൾ**

വ്യക്തിഗത ഗുണഭോക്താക്കളില്ല

**ഏറ്റെടുക്കാവുന്ന പ്രവർത്തികൾ**

ഇല്ല

**പ്രവർത്തനങ്ങൾ**

1. നവംബർ-ഡിസംബർ മാസങ്ങളിൽ ഫയർ ലൈൻ തെളിയിക്കുക
2. വാച്ചർമാരെ നിയോഗിക്കുക

**മോണിറ്ററിംഗ്**

വനം വകുപ്പ് ഉദ്യോഗസ്ഥർ

**തദ്ദേശസ്ഥാപനത്തിന്റെ പങ്ക്**

കാട്ടുതീക്കെതിരായ പ്രചരണം. സമീപവാസികൾക്കും നിവാസികൾക്കും പരിശീല

നവും അവബോധവും ഉണ്ടാക്കാം. ഗ്രാമസഭകൾ ചർച്ചയ്ക്ക് വേദിയാക്കാം.

**സംയോജന സാധ്യതകൾ**

തദ്ദേശഭരണസ്ഥാപനത്തിന്റെ തൊഴിലുറപ്പ് പദ്ധതിയുമായി ഇതിനെ ബന്ധിപ്പിക്കാം. തദ്ദേശഭരണസ്ഥാപനം തയ്യാറാക്കിയിട്ടുള്ള ബയോഡൈവേഴ്സിറ്റി രജിസ്റ്ററിലുള്ള ജീവജാലങ്ങളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ വനംവകുപ്പുമായി ചേർന്ന് ആസൂത്രണം ചെയ്യാം. തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിരേഖയിൽ വനംവകുപ്പ് പരിപാടികൾകൂടി ഉൾപെടുത്തി വിടവുകൾ നികത്തണം.

## VII. പശ്ചിമഘട്ട വികസന പരിപാടി

**ആമുഖം.**

പശ്ചിമഘട്ടത്തെ ലോക പൈതൃകത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. വംശനാശം സംഭവിച്ചു കൊണ്ടിരിക്കിന്ന നിരവധി ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയാണ് പശ്ചിമഘട്ടം. ഇത് സംരക്ഷിക്കേണ്ടത് മാനവസമൂഹത്തിന്റെ ഉത്തരവാദിത്വമാണ്.

**ഫണ്ട്.**

100% കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്.

**നിർവ്വഹണം.**

കേരള വനം വകുപ്പിലെ ഡിവിഷണൽ ഫോറസ്റ്റോഫീസർമാരാണ് നിർവ്വഹണ ഉദ്യോഗസ്ഥർ

**ലക്ഷ്യം**

പശ്ചിമഘട്ട മലനിരകളിൽ തീ കയറാതെ സംരക്ഷിക്കുക

**ഗുണഭോക്താക്കൾ**

മാനവ സമൂഹമാകെ ഇതിന്റെ ഗുണഭോക്താക്കളാണ്.

**ഏറ്റെടുക്കാവുന്ന പ്രവർത്തികൾ**

ഫയർലൈൻ എടുത്ത് തീ കയറാതെ സംരക്ഷിക്കുക എന്നതാണ് ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

**പ്രവർത്തനങ്ങൾ**

1. നവംബർ-ഡിസംബർ മാസങ്ങളിൽ ഫയർ ലൈൻ എടുക്കുക
2. വാച്ചർമാരെ നിയോഗിക്കുക
3. ഫയർ ഗാംഗ് രൂപവൽക്കരിക്കുക

**മോണിറ്ററിംഗ്**

വനംവകുപ്പ് ഉദ്യോഗസ്ഥർ

**തദ്ദേശസ്ഥാപനത്തിന്റെ പങ്ക്**

കാട്ടുതീക്കെതിരായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ, സമീപവാസികൾക്ക് പരിശീലനം, ഗ്രാമസഭ വഴിയുള്ള ഉൽബോധനം.

#### സംയോജന സാധ്യതകൾ

തദ്ദേശഭരണസ്ഥാപനങ്ങളുടെ ബയോഡൈവേഴ്സിറ്റി രജിസ്റ്ററുമായി ജീവജാലങ്ങളെ ബന്ധപ്പെടുത്തി അവയുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് വനംവകുപ്പുമായി ബന്ധപ്പെടുന്ന പ്രവർത്തികൾ ആസൂത്രണം ചെയ്യാം. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി പ്രവർത്തികൾ ചെയ്യാം. പദ്ധതിരേഖയിൽ എല്ലാ പ്രവർത്തികളും സൂചിപ്പിക്കണം.

## VIII. പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റുകൾ സ്ഥാപിക്കൽ

#### ആമുഖം

ചെറുകിട വ്യവസായങ്ങളിൻ നിന്നുള്ള മലീനികരണം കുറയ്ക്കുന്നതിന് വളരെയധികം സാമ്പത്തികം വരുന്നതിനാൽ, മലീനീകരണ നിയന്ത്രണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അവർക്ക് കഴിയുന്നില്ല. ആയതിനാൽ തന്നെ മലിനീകരണം അവിടെ ഒരു പ്രശ്നമായി അവശേഷിക്കുന്നു. ചെറുകിട ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യം തിരിച്ചറിഞ്ഞ് ആയതിന് വേണ്ടി മിനിസ്ട്രി ഓഫ് ഫോറസ്റ്റ് & എൻവയേൺമെന്റ് വഴി ഈ സ്ഥലങ്ങളിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതിനും ഫണ്ട് ഉപയോഗിക്കാം.

#### ഫണ്ടിംഗ്.

50 % കേന്ദ്രവിഹിതം – ഏറ്റവും കൂടിയത് 20 കോടി

25% സംസ്ഥാനവിഹിതം

25% ഗുണഭോക്താക്കൾ

#### ലക്ഷ്യം

ചെറുകിട വ്യവസായങ്ങളിൽ നിന്നുള്ള മലിനീകരണം കുറയ്ക്കൽ

#### ഗുണഭോക്താക്കൾ

പ്രദേശത്തെ ജനങ്ങൾ

#### അർഹത

ഗുരുതരമായ മലിനീകരണം പുറപ്പെടുവിക്കുന്ന യൂണിറ്റുകൾ/എസ്റ്റേറ്റുകൾ

#### പ്രവർത്തനങ്ങൾ

1. ഗുണഭോക്താവുമായി കരാർ
2. പ്രോജക്ട് ഐ.ഐ.ടി/സി.എസ്/ആർ.ഐ പരിശോധിച്ച് റിപ്പോർട്ട് നൽകണം.
3. ബാങ്ക് വഴി പ്രൊപ്പോസൽ നൽകണം
4. ഭൂമി കണ്ടെത്തണം.
5. മുൻപിൻ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ സഹായം ഉറപ്പുവരുത്തുക.
6. പ്ലാന്റ് ഓപ്പറേറ്റർമാർ പങ്കാളികളായ വ്യവസായ യൂണിറ്റുകളുമായി എം.ഒ യുടെ ഒപ്പു

വാങ്ങുക.

7. അപ്ഗ്രഡേഷന് ഡിപിആറിനോടൊപ്പം പിസിസിയുടെ പ്രൊപ്പോസലും അടക്കം മിനിസ്ട്രി ഓഫ് ഫോറസ്റ്റ് & എൻവയേൺമെന്റിന് നൽകണം.
8. അപ്രൂവൽ ലഭ്യമാക്കൽ
9. സംസ്ഥാന ഫണ്ടിനോടൊപ്പം കേന്ദ്ര ഫണ്ടും റിലീസ് ചെയ്യൽ

**നിർവ്വഹണ സ്ഥാപനം**

ബന്ധപ്പെട്ട ട്രീറ്റ്മെന്റ് പ്ലാൻ ഓപ്പറേറ്റർ

**തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്**

പരിധിയിലുള്ള വ്യവസായ എസ്റ്റേറ്റ്/യൂണിയനുകളിൽ മലിനീകരണ ട്രീറ്റ്മെന്റ് പ്ലാനുകൾ സ്ഥാപിക്കുന്നതിന് അവബോധവും മാർഗ്ഗനിർദ്ദേശവും നൽകുക.

**പദ്ധതി സംയോജനം**

പരിസ്ഥിതി സംരക്ഷണ പ്രോജക്ടുകളുമായി ഇതിനെ ബന്ധപ്പെടുത്താവുന്നതാണ്.

*************************

CHAPTER

# IX



# നബാർഡ്
# (NABARD)

# IX. നബാർഡ് (NABARD)

ഗ്രാമവികസനം, ഗ്രാമീണവായ്പ എന്നീ മേഖലകളിൽ ഇന്ത്യയൊട്ടാകെ ശക്തമായ പ്രവർത്തനം കാഴ്ച്ചവയ്ക്കുന്നതും കേന്ദ്രസർക്കാരിന്റെ കീഴിൽ മുംബൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്നതുമായ സ്ഥാപനമാണ്. നബാർഡ്. വിവിധ പദ്ധതികളിലൂടെ ഗ്രാമങ്ങളുടെ വികസന അസന്തുലിതാവസ്ഥ ലഘൂകരിക്കുന്നതിനും ഗവേഷണ-വികസന പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനും നബാർഡ് ലക്ഷ്യമിടുന്നു. ഇതിനുപുറമേ മൈക്രോ ഫിനാൻസ്, നീർത്തട വികസനം, പട്ടിക വർഗ്ഗവികസനം, സാങ്കേതിക സഹായങ്ങൾ നൽകൽ, ക്രഡിറ്റ് പ്ലാൻ തയ്യാറാക്കൽ – മോണിറ്ററിംഗ്, കൺസൾട്ടൻസി സർവ്വീസ് തുടങ്ങിയവയും നബാർഡിന്റെ ചുമതലകളിൽപ്പെടുന്നു.

## I. ഗ്രാമീണ അടിസ്ഥാന വികസന ഫണ്ട് (RIDF)

**ആമുഖം:**

1995 -96 മുതൽ നബാർഡ് RIDF പദ്ധതി നടപ്പിലാക്കിവരുന്നു. ഇന്ത്യയിൽ 2006.07 വർഷം വരെ 61,540 കോടി രൂപാ പദ്ധതിക്ക് വേണ്ടി ചെലവഴിച്ചു. സംസ്ഥാന സർക്കാരിന് അടിസഥാന സൗകര്യങ്ങളുടെ വികസനത്തിനായി ഏതാണ്ട് 31 ഇനങ്ങൾക്ക് സഹായം നൽകിവരുന്നു.

**ഫണ്ട്**

കാർഷിക അനുബന്ധ പ്രോജക്ടുകൾക്ക് 95 ശതമാനവും സാമൂഹ്യമേഖലാ പ്രോജക്ടുകൾക്ക് 85 ശതമാനവും, റോഡുകൾക്ക് 80 ശതമാനവും മറ്റുള്ളവയ്ക്ക് 95 ശതമാനവും പണം അനുവദിക്കുന്നത്. പ്രോജക്ട് അടിസ്ഥാനത്തിൽ സാധാരണയായി 7 വർഷത്തെ വായ്പയാണ് സംസ്ഥാന സർക്കാരിന് അനുവദിക്കുന്നത്. കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ മുഖേന വാർഷിക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച തുകയും ഭാരതീയ റിസർവ്വ് ബാങ്കിൽ നിന്നും നബാർഡിന് പണം ലഭിക്കുന്നു. നബാർഡ് ഫണ്ട് സംസ്ഥാന സർക്കാർ ധനകാര്യ വകുപ്പ് വഴി ലൈൻ ഡിപ്പാർട്ടുമെന്റുകൾക്ക് തുക അനുവദിക്കുന്നു. സർക്കാർ ഗ്യാരണ്ടി മുഖേന വായ്പാതിരിച്ചടവ് ഉറപ്പാക്കുന്നു. വാണിജ്യബാങ്കുകൾ മുൻഗണനാ മേഖലയിൽ ചെലവഴിക്കേണ്ട പണത്തിൽ മിച്ചം വരുന്ന തുകയാണ് ആർ.ഐ.ഡി.എഫിൽ ഉപയോഗപ്പെടുത്തുന്നത്.

**നിർവ്വഹണ സ്ഥാപനം**

ബന്ധപ്പെട്ട വകുപ്പുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമാണ് നിർവ്വഹണത്തിന്റെ ചുമതല. ഗ്രാമീണതലത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് ഫണ്ട് അനുവദിക്കും. ധ ഗ്രാമീണ റോഡുകൾ, പാലങ്ങൾ, ജലസേചനം, വിപണന സൗകര്യങ്ങൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മണ്ണ് – ജലസംരക്ഷണ പ്രവർത്തനങ്ങൾ, കുടിവെള്ളം, അംഗൻവാടികൾ, കാർഷിക – അനുബന്ധ മേഖലകൾ, സാമൂഹ്യമേഖല, വിവരസാങ്കേതിക വിദ്യ തുടങ്ങിയവയുടെ അടിസ്ഥാന സൗകര്യങ്ങൾക്കായി പണം അനുവദിക്കുന്നു.പ

**ലക്ഷ്യങ്ങൾ**

- ഉൽപ്പാദനം, സേവനം, പശ്ചാത്തലം എന്നീ മേഖലകളിൽ ഗ്രാമതലത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
- ഗ്രാമവികസനം ഉറപ്പാക്കുക.

## ഗുണഭോക്താക്കൾ

പൊതു ആസ്ഥികളുടെ രൂപീകരണ പ്രവർത്തനമായതിനാൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന സമൂഹമാണ് ആർ.ഐ.ഡി.എഫ് പ്രോജക്ടുകളുടെ ഗുണഭോക്താക്കൾ.

## ഏറ്റെടുാവുന്ന പ്രവർത്തികൾ

താഴെ പറയുന്നവയുടെ അടിസ്ഥാന സൗകര്യവികസന പദ്ധതികൾ ഏറ്റെടുക്കാം

- ഗ്രാമീണ റോഡുകൾ, പാലങ്ങൾ
- ജലസേചനം കുടിവെള്ളം
- വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ
- മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ
- കാർഷിക അനുബന്ധ മേഖലയിലെ പ്രവർത്തനങ്ങൾ ( ഉദാ: ഭക്ഷ്യ പാർക്കുകൾ, ഹെർബൽ പാർക്കുകൾ, ഡയറി പാർക്കുകൾ, ലൈവ് സ്റ്റോക്ക് സെന്ററുകൾ, ഫിഷറീസ് മുതലായവ)
- വിപണന സൗകര്യങ്ങൾ ഗ്രാമീണ സംഭരണ ശാലകൾ, അറവ് ശാലകൾ മുതലായവ.
- സാമൂഹ്യമേഖലയിലെ പ്രവർത്തനങ്ങൾ (ഉദാ:അംഗൻവാടി നിർമ്മാണം)
- മറ്റ് ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ

## പ്രവർത്തനങ്ങൾ

- കേന്ദ്ര ബഡ്ജറ്റിൽ തുക വകയിരുത്തുന്നു. അടിസ്ഥാന സൗകര്യങ്ങൾ, ഗ്രാമീണ ജനസംഖ്യ, ഭൂവിസ്തൃതി, മുൻപ് അനുവദിച്ച പദ്ധതികൾ, ധനസഹായം ഉപയോഗപ്പെടുത്തൽ എന്നീ ഘടകങ്ങൾ പരിഗണിച്ച് സംസ്ഥാന സർക്കാരുകൾ ഫണ്ടിന്റെ ലക്ഷ്യം നിശ്ചയിക്കുന്നു.
- സംസ്ഥാന സർക്കാർ വിവിധ വകുപ്പുകൾ വഴി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നിശ്ചിത മാതൃകയിൽ നബാർഡിന് സമർപ്പിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാമ വികസന വകുപ്പ് മുഖേന തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് ഫിനാൻസ് വകുപ്പ് മുഖേന പ്രോജക്ട് നബാർഡിന് കൈമാറുന്നു.
- പദ്ധതിയുടെ സാങ്കേതിക - സാമ്പത്തിക സാധ്യത പരിഗണിച്ച് വിശദമായ പരിശോധകൾക്ക് ശേഷം നബാർഡ് അംഗീകാരം നൽകുന്നു. അംഗീകാരത്തിന് മുമ്പ് നിർവ്വഹണ സ്ഥാപനത്തിന്റെ കാര്യക്ഷമതയും ശേഷിയും വിലയിരുത്തപ്പെടുന്നു.
- നിയമാനുസൃതം പദ്ധതി നിർവ്വഹണം നടത്തുന്നു.
- ഫണ്ട് അനുവദിക്കുന്നു.
- മോണിറ്ററിംഗ് നിർവ്വഹിക്കുന്നു.

## നിർവ്വഹണ - മോണിറ്ററിംഗ് സംവിധാനങ്ങൾ

ബന്ധപ്പെട്ട നിർവ്വഹണ സ്ഥാപനങ്ങൾ പദ്ധതി നടപ്പിലാക്കണം. ഇന്റേണൽ മോണിറ്ററിംഗിന് പുറമേ നബാർഡിന്റെ ജില്ലാ ഓഫീസ്, സംസ്ഥാനതല ഓഫീസ് എന്നിവ മോണിറ്ററിംഗ് നിർവ്വഹിക്കുന്നു.

## തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ത്രിതല പഞ്ചായത്തുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി വളരെയധികം ഉപയോഗപ്പെടുത്താവുന്ന പദ്ധതിയാണിത്. കേവലം ഗവൺമെന്റ് വിഹിതം മാത്രം ഉപയോഗിച്ച് പ്രാദേശിക സർക്കാരുകൾക്ക് വായ്പാബന്ധിതമായി വിവിധ പദ്ധതികൾ

ഏറ്റെടുക്കാം.കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ രൂപീകരണ ഘട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിക്കുന്നത് ഉചിതമായിരിക്കും. ഇതോടൊപ്പംതന്നെ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളിൽ പുരോഗതി വിലയിരുത്തപ്പെടേണ്ടതാണ്. പ്രാദേശിക സർക്കാരുകളുടെ സഹകരണം പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ നീക്കുന്നതിനും ഗുണനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പദ്ധതിയിൽ നിന്നും പരമാവധി പ്രയോജനം ലഭിക്കുന്നതിനും ഇടയാകും.

### പദ്ധതി സംയോജന സാധ്യതകൾ

അടിസ്ഥാന സൗകര്യ വികസനമെന്ന നിലയിൽ ആർ. ഐ.ഡി.എഫ് പദ്ധതിയോടൊപ്പം നിരവധി സംയോജന സാധ്യതകൾ നിലനിൽക്കുന്നു. ഉദാഹരണത്തിന് ഉൽപ്പാദന മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾക്കൊപ്പം ഉൽപ്പാദന വർദ്ധന പരിപാടികളും ഏറ്റെടുക്കാം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വളരെ ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്ന പദ്ധതിയാണിത്.

## II. ഗ്രാമീണ സംഭരണ ശാലകൾ ( ഗ്രാമീൺ ഭണ്ഡാർ യോജന)

### ആമുഖം:

ഗ്രാമപ്രദേശങ്ങളിലുള്ള ചെറുകിട കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വിൽക്കണമെങ്കിൽ വിപണിയിൽ മെച്ചപ്പെട്ട വില ലഭിക്കുന്നകാലമത്രയും സംഭരിച്ചുവയ്ക്കേണ്ടതുണ്ട്. ഗ്രാമീണ സംഭരണ ശാലകൾ (Rural Godowns) കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും ആയതിന്റെ ഗുണനിലവാരശോഷണം തടയുന്നതിനും സഹായിക്കുന്നു. ഇതിനുപുറമേ ഗോഡൗണുകളിൽ സംഭരിച്ചുവച്ചിട്ടുള്ള ഉൽപ്പന്നങ്ങൾക്ക് ആനുപാതികമായി വായ്പ ലഭ്യമാക്കുക വഴി (Pledge loan) കർഷകർക്ക് ആശ്വാസം നൽകുവാനും കഴിയുന്നു. ഇത് കർഷരുടെ വിൽപ്പന സമ്മർദ്ദം (Distress sales ) ലഘൂകരിക്കുന്നതിനും കാരണമാകുന്നു. 2001 – 12 വർഷം മുതൽ പദ്ധതി നടപ്പിലാക്കിവരുന്നു.

### ഫണ്ട്

കേന്ദ്ര കൃഷി മന്ത്രാലയം മുഖേന നബാർഡിന് ഫണ്ട് ലഭ്യമാക്കുന്നു. നബാർഡിന്റെ സംസ്ഥാനതല ഓഫീസ് മുഖേന ധനസഹായം ബാങ്കുകൾക്ക് ലഭിക്കുന്നു. പൂർണ്ണമായും വായ്പാബന്ധിത പദ്ധതിയാണിത്.

### നിർവ്വഹണ സ്ഥാപനം

കേന്ദ്ര കൃഷി മന്ത്രാലയത്തിലെ കൃഷി - സഹകരണ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഡയറക്ടറേറ്റ് ഓഫ് മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ (DMI) എന്ന സ്ഥാപനം നബാർഡ് എൻ.ഡി.സി.സി. എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത് . വിവിധ ബാങ്കുകൾ വഴി അംഗീകരിച്ച പ്രോജക്ടുകൾക്ക് നബാർഡ് മുഖേനയാണ്. ധനസഹായം ലഭ്യമാക്കുന്നത്. സഹകരണ മേഖലയിലുള്ള പ്രോജക്ടുകൾക്ക് എൻ.ഡി.സി.സി. മുഖേന ധനസഹായം നൽകുന്നു. ഡി.എം.ഐ നോഡൽ ഏജൻസിയായ് പ്രവർത്തിക്കുന്നു.

### ലക്ഷ്യങ്ങൾ

- കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങളും കൃഷി ചെയ്യുന്നതിനാവശ്യമായ നിക്ഷേപ വസ്തുക്കളും (Agricultural Inputs) ശാസ്തീയമായി സംഭരിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക.
- കാർഷികോൽപ്പന്നങ്ങളുടെ തരംതിരിക്കൽ (Grading) ഗുണസമാനീകരണ (Standisation) ഗുണനിയന്ത്രണം എന്നിവ പ്രോൽസാഹിക്കുക.

**ഗുണഭോക്താക്കൾ**

വ്യക്തികൾ, കർഷകർ, കർഷക ഗ്രൂപ്പുകൾ, പങ്കാളിത്ത/ഉടമസ്ഥ സ്ഥാപനങ്ങൾ, സർക്കാതിര സംഘടനകൾ, സ്വയംസഹായ സംഘങ്ങൾ, കമ്പനികൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ, സഹകരണ വിപണന ബോർഡുകൾ, കാർഷിക സംസ്ക്കരണ കോർപ്പറേഷനുകൾ, എന്നിവർക്ക് പദ്ധതിയിൽ ഗുണഭോക്താക്കൾ ആകാവുന്നതാണ്.
ഏറ്റെടുക്കാവുന്ന പ്രവർത്തികളും ധനസഹായ നിരക്കും

ശാസ്തീയമായി നിർമ്മിക്കുന്ന 100 ടൺ മുതൽ 10,000 ടൺ വരെ സംഭരണ ശേഷിയുള്ള ഗോഡൗണുകളാണ്. പദ്ധതിയിൽ ഏറ്റെടുക്കുന്നത്. ഇതോടൊപ്പം അനുബന്ധ പ്രവർത്തനങ്ങളായ ഇന്റേണൽ റോഡുകൾ, ഡ്രൈനേജ്, വൈദ്യുതി കണക്ഷൻ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ പ്രവർത്തനങ്ങളും ഏറ്റെടുക്കാം. ഗോഡൗൺ പുനരുദ്ധാരണ പ്രവർത്തനങ്ങലൾ (Rennovation) സഹകരണ മേഖലയ്ക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. ഒരു പ്രമോട്ടർക്ക് വിവിധ സ്ഥലങ്ങളിൽ സംഭരണ കേന്ദ്രങ്ങളിൽ നിർമ്മിക്കുന്നതിന് ധനസഹായം ലഭിക്കുന്നതാണ്.

കർഷകർ, കാർഷിക ബിരുദധാരികൾ എന്നിവർക്ക് 25 സതമാനം
(പരമാവധി 46.87 ലക്ഷം രൂപാ) ധനസഹായം ലഭിക്കും. സംരംഭകർ, കോർപ്പറേറ്റുകൾ, പങ്കാളിത്ത സ്ഥാപനങ്ങൾ (partnership) എന്നിവർക്ക് 15 ശതമാനവും (പരമാവധി 28.12 ലക്ഷം രൂപാ) വനിതകൾ, സ്വാശ്രയ സംഘങ്ങൾ, SC/ST വിഭാഗക്കാർ എന്നിവർക്ക് 33.33 ശതമാനവും ( പരമാവധി 62.50 ലക്ഷം രൂപാ) ധനസഹായമായി ലഭിക്കും. 1000 ടൺ വരെ ശേഷിയുള്ള ഗോഡൗണുകൾക്ക് ടണ്ണിന് 2500 രൂപയും ( 1000 ടൺ വരെ ശേഷി)അതിന് മുകളിൽ സംഭരണ ശേഷിയുള്ളവയ്ക്ക് ടണ്ണിന് 1875 രൂപയുമായി യൂണിറ്റ് നിരക്ക് നിജപ്പെടുത്തിയിരിക്കുന്നു.

**പ്രവർത്തനങ്ങൾ**

വിശദമായി പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബാങ്ക് വായ്പ ലഭ്യമാക്കുന്നു. കുറഞ്ഞത് 50 ശതമാനം തുക വായ്പയായി സ്വരൂപിക്കണം. ബാങ്ക് വായ്പയുടെ ഒന്നാംഗഡു നൽകിയ ശേഷം നബാർഡ് സംസ്ഥാനതല ഓഫീസിന് ധനസഹായത്തിനായി ബാങ്ക് അപേക്ഷിക്കുന്നു. നബാർഡ് 50 ശതമാനം ധനസഹായം അനുവദിക്കുന്നു. പദ്ധതി പൂർത്തീകരണത്തിന് തൊട്ടുമുമ്പായി സംരംഭകൻ ബാങ്കിനെ വിവരമറിയിക്കുകയും നബാർഡ്, ഡി.എം.ഐ, ബാങ്ക് എന്നിവയുടെ സംയുക്ത പരിശോധനയ്ക്ക് ശേഷം നബാർഡിന് അപേക്ഷിക്കുന്നു. നബാർഡ് ശേഷിക്കുന്ന ധനസഹായം ബാങ്കുകൾക്ക് ലഭ്യമാക്കുന്നു.

**നിർവ്വഹണ – മോണിറ്ററിംഗ് സംവിധാനങ്ങൾ**

നബാർഡിന്റെ ജില്ലാ ഓഫീസുകൾ, നബാർഡിന്റെയും എൻ.സി.ഡി.സിയുടേയും സംസ്ഥാനതല ഓഫീസുകൾ, വായ്പാ സ്ഥാപനങ്ങൾ എന്നിവ നിർവ്വഹണ - മോണിറ്ററിംഗിന്റെ ചുമതല വഹിക്കുന്നു. സമയബന്ധിതമായി പദ്ധതി പൂർത്തീകരണത്തിന്റെ

ചുമതല ഗുണഭോക്താക്കൾക്കും ഗുണഭോക്തൃ സംഘങ്ങൾക്കുമാണ്.

### തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയുടെ മിക്കവാറും എല്ലാ ഘടകങ്ങളും ഗ്രാമപഞ്ചായത്തിന്റെ പൊതുചുമതലകളിൽപ്പെടുന്നവയാണ്. ആയതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് നേരിട്ട് ഏറ്റെടുക്കാവുന്നതാണ്. ഇപ്രകാരം നിർവ്വഹിക്കുന്നപക്ഷം ഗ്രാമപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതും തദ്വാര കർഷകർക്കും മറ്റ് ഗ്രാമീണ ജനവിഭാഗങ്ങൾക്കും മെച്ചപ്പെട്ട വരുമാനവും സേവനവും ഉറപ്പിക്കാവുന്നതുമാണ്. വിവിധ ഏജൻസികൾ നടപ്പിലാക്കുന്ന പദ്ധതികളുടെ റിപ്പോർട്ടിംഗും അവലോകനവും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റികൾ നിർവ്വഹിക്കേണ്ടതാണ്.

### പദ്ധതി സംയോജന സാധ്യതകൾ

ഗ്രാമീണ അടിസ്ഥാനവികസനമെന്ന നിലയിൽ പദ്ധതിക്ക് വൻ പ്രാധാന്യമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉൽപ്പാദന വർദ്ധനാ പരിപാടികളും സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതികളും കാര്യക്ഷമമായി ബന്ധിപ്പിക്കുന്നപക്ഷം അടിസ്ഥാന സൗകര്യങ്ങളുടെ പൂർണ്ണമായ സേവനം ഉപയോഗപ്പെടുത്താവുന്നതാണ് ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതല നിസ്തുലമാണ്.

## III. കാർഷിക വിപണനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ഉൽപ്പന്നങ്ങളുടെ തരംതിരിക്കൽ, ഗുണമേൻമ ഉറപ്പുവരുത്തൽ മുതലായവയുടെ വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതി

### ആമുഖം :

കാർഷിക വിപണന രംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണിത്. 2004 05 വർഷം മുതൽ പദ്ധതി നടപ്പിലാക്കിവരുന്നു.

### ഫണ്ട്

കേന്ദ്ര കൃഷിമന്ത്രാലയം മുഖേന ഫണ്ട് നബാർഡിന് ലഭ്യമാക്കുന്നു. നബാർഡിന്റെ സംസ്ഥാനതല ഓഫീസ് മുഖാന്തിരം ബന്ധപ്പെട്ട ബാങ്കുകളിലേക്ക് പണം നൽകുന്നു. 100 ശതമാനം കേന്ദ്രഫണ്ട് അനുവദിക്കും വായ്പാ ബന്ധിത പദ്ധതിയായി നടപ്പിലാക്കുന്നു. പദ്ധതി മുടക്കുമുതലിന്റെ 25 ശതമാനം (പരമാവധി 50 ലക്ഷം രൂപാ) ധനസഹായം ലഭിക്കും . എന്നാൽ മലമ്പ്രദേശങ്ങൾ, (സമുദ്രനിരപ്പിൽ നിന്നും 1000 മീറ്റർ ഉയരം) പട്ടികജാതി/പട്ടികവർഗ്ഗ സംരംഭകർ, അവരുടെ സംഘങ്ങൾ എന്നിവയുടെ കാര്യത്തിൽ 33.33 ശതമാനം (പരമാവധി 60 ലക്ഷം രൂപാ) സബ്സിഡി ലഭിക്കുന്നത്. വായ്പാതിരിച്ചടവ് കാലാവധി പരമാവധി 11 വർഷം വരെ സർക്കാർ അധീനതയിലുള്ള പദ്ധതികൾക്ക് പരിധിയില്ല.

### നിർവ്വഹണ സ്ഥാപനം

കേന്ദ്ര കൃഷി മന്ത്രാലയത്തിലെ കൃഷി - സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡയറക്ടറേറ്റ് ഓഫ് മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ (DMI) നബാർഡ്,

എൻ.സി.ഡി.സി എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. വാണിജ്യബാങ്കുകൾ, ഗ്രാമീണ ബാങ്കുകൾ എന്നിവയിലൂടെ അനുവദിച്ച പ്രോജക്ടുകൾക്ക് നബാർഡ് മുഖേനയും സഹകരണ മേഖലയിലുള്ള പ്രോജക്ടുകൾക്ക് എൻ.സി.ഡി.സി വഴിയും സബ്സിഡി അനുവദിക്കും.

**ലക്ഷ്യങ്ങൾ**

1. വിപണിയിൽ എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്ന കാർഷിക അധികോൽപ്പന്നങ്ങൾ, പാൽ, പാലുൽപ്പന്നങ്ങൾ, മാംസം, മുട്ട, മൽസ്യം തുടങ്ങിയ കാർഷികാനുബന്ധ വിഭവങ്ങളുടെ വിപണനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക.
2. കാർഷിക വിപണിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക വഴി ഉൽപ്പാദനം മെച്ചപ്പെടുത്തുകയും ഗുണനിലവാരം ഉറപ്പാക്കുകയും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുക.
3. കാർഷിക വിപണിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുകയും ചെയ്യുക.
4. കാർഷികോൽപ്പന്നങ്ങളുടെ തരംതിരിക്കൽ, (Grading) ഗുണ സമാനീകരണം (Standadisation) ഗുണമേൻമ സാക്ഷ്യപ്പെടുത്തൽ (Certification) എന്നിവയിലൂടെ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പട്ട വില ഉറപ്പാക്കുക. ഉൽപ്പന്നങ്ങളുടെ സംഭരണത്തിലൂടെ ഈടിന്മേൽ കടം (Plede financing). ഭാവി വിപണി എന്നിവ ആവിഷ്ക്കരിക്കുക.
5. തരംതിരിക്കൽ, ഗുണസമാനീകരണം, ഗുണമേൻമ സാക്ഷ്യപ്പെടുത്തൽ തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകുക.

**ഗുണഭോക്താക്കൾ**

വ്യക്തികൾ, ഉൽപ്പാദകർ, കർഷകസംഘങ്ങൾ, ഉപഭോക്താക്കൾ പങ്കാളിത്ത / ഉടമസ്ഥ സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ, സ്വയം സഹായ സംഘങ്ങൾ, കമ്പനികൾ, കോർപ്പറേഷനുകൾ, സഹകരണ സംഘങ്ങൾ, സഹകരണ വിപണന ഫെഡറേഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കാർഷിക വിഭവ വിപണന സമിതികൾ, വിപണന ബോർഡുകൾ തുടങ്ങിയവർക്ക് അനുയോജ്യമായ പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

**ഏറ്റെടുക്കാവുന്ന പ്രവർത്തികൾ**

- സംഭരണം, തരംതിരിക്കൽ, ഗുണസമാനീകരണം, ഗുണമേൻമ സാക്ഷ്യപ്പെടുത്തൽ, ലേബലിംഗ്, പായ്ക്കിംഗ്, പഴുപ്പിക്കാനുള്ള അറകൾ, മൊത്ത - ചെറുകിട വ്യാപാരം, ഉൽപ്പന്നങ്ങളുടെ രൂപത്തിൽ മാറ്റം വരുത്താതെയുള്ള മൂല്യവർദ്ധിത സൗകര്യങ്ങൾ മുതലായവ.
- വിപണി ഉപയോഗിക്കുന്നവർക്ക് വേണ്ടി പദ്ധതി പ്രദേശത്തുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കടകൾ, ഓഫീസുകൾ, കയറ്റിയിറക്കിനുള്ള പ്ലാറ്റ് ഫോമുകൾ, സംഭരിക്കുന്നതിനും ലേലം ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൽ, പാർക്കിംഗ് ഷെഡ്, വിപണന കേന്ദ്രത്തിന്റെ കോമ്പൗണ്ടിലുള്ള ഇന്റേണൽ റോഡുകൾ, ഖരമാലിന്യസംസ്ക്കരണ സൗകര്യങ്ങൾ, ചുറ്റുമതിൽ, കുടിവെള്ളം, ആരോഗ്യരക്ഷാ സൗകര്യങ്ങൾ, അളവ് തൂക്കങ്ങൾക്കുള്ള സംവിധാനങ്ങൾ, യന്ത്ര സഹായത്തോടെ ചരക്ക് കൈകാര്യം ചെയ്യാനുള്ള ഉപകരണങ്ങൾ മുതലായവ.
- ഉൽപ്പാദകരിൽ നിന്ന് ഉപഭോക്താവ്, സംസ്ക്കരണ ശാലകൾ, മൊത്തവ്യാപാരികൾ എന്നിവർക്ക് നേരിട്ട് വിപണനം നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ.
- ഉൽപ്പാദന സാമഗ്രികളും സേവനങ്ങളും ലഭ്യമാക്കുന്നതിനും,

ഇ - ട്രേഡിംഗ്, മാർക്കറ്റ് ഇന്റലിജൻസ് തുടങ്ങിയവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ.

### പ്രവർത്തനങ്ങൾ

സാധ്യതയുള്ള പ്രവർത്തനങ്ങൾ കണ്ടെത്തുന്നു. പ്രാഥമിക പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നു. വിശദമായ പ്രോജക്ട് റിപ്പോർട്ട് നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കുന്നു. ബാങ്ക് വായ്പ ലഭ്യമാക്കുന്നു. പ്രവർത്തി ആരംഭിക്കുന്നു. ധനകാര്യസ്ഥാപനങ്ങൾ പ്രോജക്ട് റിപ്പോർട്ടുകൾ ധനസഹായത്തിനായി നബാർഡിന് സമർപ്പിക്കുന്നു. ഡി.എം.ഐ യുടെ സഹായത്തോടെ പ്രോജക്ട് വിലയിരുത്തി നബാർഡ് അംഗാകാരം നൽകുന്നു. നബാർഡ്, ഡി.എം.ഐ, ധനസഹായ സ്ഥാപനം എന്നിവരുടെ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ ധനസഹായം ഗഡുക്കളായി അനുവദിക്കുന്നു.

### നിർവ്വഹണ – മോണിറ്ററിംഗ് സംവിധാനങ്ങൾ

നബാർഡിന്റെ ജില്ലാ ഓഫീസുകൾ, നബാർഡിന്റെയും എൻ.സി.ഡി.സിയുടേയും സംസ്ഥാനതല ഓഫീസുകൾ, വായ്പാ സ്ഥാപനങ്ങൾ എന്നിവ നിർവ്വഹണ - മോണിറ്ററിംഗിന്റെ ചുമതല വഹിക്കുന്നു. സമയബന്ധിതമായി പദ്ധതി പൂർത്തീകരണത്തിന്റെ ചുമതല ഗുണഭോക്താക്കൾക്കും ഗുണഭോക്തൃ സംഘങ്ങൾക്കുമാണ്.

### തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയുടെ മിക്കവാറും എല്ലാ ഘടകങ്ങളും ഗ്രാമപഞ്ചായത്തിന്റെ പൊതുചുമതലകളിൽപ്പെടുന്നവയാണ്. ആയതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് നേരിട്ട് ഏറ്റെടുക്കാവുന്നതാണ്. ഇപ്രകാരം നിർവ്വഹിക്കുന്നപക്ഷം ഗ്രാമപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതും തദ്വാര കർഷകർക്കും മറ്റ് ഗ്രാമീണ ജനവിഭാഗങ്ങൾക്കും മെച്ചപ്പെട്ട വരുമാനവും സേവനവും ഉറപ്പിക്കാവുന്നതുമാണ്. വിവിധ ഏജൻസികൾനടപ്പിലാക്കുന്ന പദ്ധതികളുടെ റിപ്പോർട്ടിംഗും അവലോകനവും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ്കമ്മറ്റികൾ നിർവ്വഹിക്കേണ്ടതാണ്. കാർഷികോൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കാവുന്ന പദ്ധതിയാണിത്. ഘടക സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളും ഗ്രാമപഞ്ചായത്ത്തലത്തിൽ മോണിറ്ററിംഗ് നിർവ്വഹിക്കാവുന്നതും നിർവ്വഹണത്തിൽ സഹായിക്കാവുന്നതുമാണ്.

### പദ്ധതി സംയോജന സാധ്യതകൾ

ഗ്രാമീണ അടിസ്ഥാനവികസനമെന്ന നിലയിൽ പദ്ധതിക്ക വൻ പ്രാധാന്യമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉൽപ്പാദന വർദ്ധനാ പരിപാടികളും സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതികളും കാര്യക്ഷമമായി ബന്ധിപ്പിക്കുന്നപക്ഷം അടിസ്ഥാന സൗകര്യങ്ങളുടെ പൂർണ്ണമായ സേവനം ഉപയോഗപ്പെടുത്താവുന്നതാണ് ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതല നിസ്തുലമാണ്.

## IV. ഡയറി സംരംഭകത്വ വികസനപരിപാടി (DEDS)

### ആമുഖം:

പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും വേണ്ടി കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നബാർഡ് ആവിഷ്ക്കരിച്ച പദ്ധതിയാണ്

ഡയറി സംരംഭകത്വ വികസന പരിപാടി . 2010 മുതൽ പദ്ധതി നടപ്പിലാക്കിവരുന്നു.

### ഫണ്ട്

കേന്ദ്രസർക്കാർ കൃഷി (മൃഗസംരക്ഷണ വകുപ്പ്) മന്ത്രാലയംമുഖേന നബാർഡിലേക്ക് ഫണ്ട് ലഭ്യമാക്കുന്നു. നബാർഡിന്റെ സംസ്ഥാനതല ഓഫാസ് മുഖേന ഫണ്ട് ബാങ്കുകൾക്ക് അനുവദിക്കുന്നു. രണ്ട് മുതൽ 10 പശുക്കൾ വരെ വാങ്ങുന്നതിന് 25 ശതമാനം ധനസഹായം അനുവദിക്കും. പരമാവധി യൂണിറ്റ് കോസ്റ്റ് 5 ലക്ഷം രൂപാ പൂർണ്ണമായും വായ്പാബന്ധിത പദ്ധതിയാണ്. ഗുണഭോക്തൃ വിഹിതമായി 10 ശതമാനം തുക സമാഹരിക്കണം.

### നിർവ്വഹണ സ്ഥാപനം

നബാർഡിന്റെ സംസ്ഥാനതല മേഖലാ ഓഫീസുകൾക്കാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല.

### ലക്ഷ്യങ്ങൾ

- മാതൃകാ ഡയറി ഫാമുകൾ സ്ഥാപിച്ച് സംശുദ്ധമായ പാൽ ഉൽപ്പാദിപ്പിക്കുക.
- കിടാരി വളർത്തലിലൂടെ ഗുണനിലവാരമുള്ള കന്നുകാലികളുടെ ലഭ്യത ഉറപ്പാക്കുക.
- ക്ഷീരമേഖലയിലെ സാങ്കതിക ഗുണമേൻമ ഉറപ്പാക്കുകയും പരമ്പരാഗത അറിവുകൾ പ്രോത്സാഹിപ്പിക്കുകയും വാണിജ്യാടിസ്ഥാനത്തിൽ പാലുൽപ്പാദനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- ക്ഷീരമേഖലയിലൂടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക.

### ഗുണഭോക്താക്കൾ

വ്യക്തികൾ, സംരംഭകൾ, സർക്കാരിതര ഏജൻസികൾ, കമ്പനികൾ,ഗ്രൂപ്പുകൾ, ക്ഷീരസംഘങ്ങൾ, മിൽക്കയൂണിയനുകൾ, മിൽക്ക് ഫെഡറേഷനുകൾ എന്നിവർക്ക് പദ്ധതിയിൽ ഗുണഭോക്താവാകാം. വ്യക്തികൾക്ക് ഒരിക്കൽ മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ. എന്നാൽ ഒരു കുടുംബത്തിലെ ഒന്നുലധികം അംഗങ്ങൾക്ക് പദ്ധതി സ്ഥലം 500 മീറ്ററിൽ അധികമാണെങ്കിൽ അധിക പ്രോജക്ടുകൾ ഏറ്റെടുക്കാം

.

### ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

| ക്രമ .നം | ഇനം | പരമാവധി യൂണിറ്റ് നിരക്ക് | ധനസഹായം |
|---|---|---|---|
| 01 | പശുവളർത്തൽ (സങ്കരവർഗ്ഗവും അത്യുൽപ്പാദന ശേഷിയുള്ള നാടൻ ഇനങ്ങളും) | 10 പശു യൂണിറ്റിന് 5 ലക്ഷം രൂപാ അടങ്കൽ 2 മുതൽ 10 പശുക്കളെ വളർത്തുന്നതിനുള്ള പ്രോജക്ടുകൾ | 25% പൊതുവിഭാഗം SC/ST 33.33% |

| | | | |
|---|---|---|---|
| 02 | കിടാരി വളർത്തൽ | 20 കിടാരി യൂണിറ്റിന്റെ പരമാവധി അടങ്കൽ 4.8 ലക്ഷം രൂപാ മുതൽ 20 വരെയുള്ള കിടാരി യൂണിറ്റുകൾ | 25% പൊതുവിഭാഗം SC/ST 33.33% |
| 03 | പാൽകറവ യന്ത്രങ്ങൾ/മിൽക്കോ ടെസ്റ്റർ/പാൽ ശീതീകരിണികൾ(2000 ലിറ്റർ ശേഷി | 18 ലക്ഷം രൂപാ വരെ | 25% പൊതുവിഭാഗം SC/ST 33.33% |
| 04 | പാൽസംസ്ക്കരണ ഉപകരണങ്ങൾ/മൂല്യവർദ്ധന ഉപകരണങ്ങൾ | 12 ലക്ഷം രൂപാ വരെ | 25% പൊതുവിഭാഗം SC/ST 33.33% |
| 05 | പാൽ, പാലുൽപ്പന്നങ്ങൾ എന്നിവ സംഭരിക്കാനുള്ള കോൾഡ് സ്റ്റോറേജുകൾ | 30 ലക്ഷം | 25% പൊതുവിഭാഗം SC/ST 33.33% |
| 06 | പാൽ, പാലുൽപ്പന്നങ്ങൾ എന്നിവയുടെ ട്രാൻസ്പ്രോട്ടേഷൻ | 24 ലക്ഷം | 25% പൊതുവിഭാഗം SC/ST 33.33% |
| 07 | സ്വകാര്യ മൃഗചികിൽസാകേന്ദ്രങ്ങൾ | 2.4 ലക്ഷം മൊബെൽ ക്ലിനിക്ക്, 1.8 ലക്ഷം ക്ലിനിക്ക് | 25% പൊതുവിഭാഗംS C/ST 33.33% |
| 08 | ഡയറി വിപണന കേന്ദ്രങ്ങൾ /മിൽക്ക് പാർലറുകൾ | 56000 | 25% പൊതുവിഭാഗം SC/ST 33.33% |

**പ്രവർത്തനങ്ങൾ**

വിവിധ ഏജൻസികളുടെ സഹായത്തോടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നു. പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബാങ്കുകളുടെ വായ്പ മാനദണ്ഡ പ്രകാരം ലോൺ അനുവദിക്കുന്നു. പദ്ധതി നിർവ്വഹണത്തിനുശേഷം ധനകാര്യസ്ഥാപനം സർക്കുലറിന്റെ അനുബന്ധ രേഖകളോടൊപ്പം ധനസഹായത്തിനായി നബാർഡിന്റെ സംസ്ഥാനതല ഓഫീസിലേക്ക് അപേക്ഷിക്കുന്നു. ധനസഹായം ബാങ്കിലേക്ക് നിക്ഷേപിക്കുന്നു. ധനസഹായതുക കിഴിച്ചുള്ള വായ്പാതുകയും പലിശ അടയ്ക്കുന്ന മുറക്ക് ലോൺ പൂർത്തീകരിക്കുന്നു. 3 വർഷം കുറഞ്ഞത് വായ്പാകാലാവധി.
നിർവ്വഹണ മോണിറ്ററിംഗ് സംവിധാനങ്ങൾ

നബാർഡിന്റെ സംസ്ഥാനതല ഓഫീസ് മുഖേന പദ്ധതി നടപ്പിലാക്കുന്നു. നബാർഡിന്റെ ജില്ലാതല ഓഫീസുകൾ ജില്ലാ തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.. നബാർഡിന്റെ നേതൃത്വത്തിലുള്ള സംസ്ഥാനതല സമിതിയാണ് പദ്ധതിയുടെ അംഗീകാരം

നൽകുന്നത്. സംസ്ഥാനതല സംയുക്ത മോണിറ്ററിംഗ് സമിതിയാണ് പദ്ധതിയുടെ ഗതി നിയന്ത്രണം നിർവ്വഹിക്കപ്പെടുന്നത്.

### തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പങ്ക്

ത്രിതല പഞ്ചായത്തിന്റെ പൊതു ചുമതലയിൽ നിർവ്വഹിച്ചിട്ടുള്ള കാര്യമായതിനാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പരമാവധി പേർക്ക് പദ്ധതികൾ ഉപയോഗപ്പെടുത്തുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കുവാൻ കഴിയും. തൽപരരായ ഗുണഭോക്താക്കളെ കണ്ടെത്തൽ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സേവനം ഉപയോഗപ്പെടുത്തൽ, ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ, ധനകാര്യ സ്ഥാപനങ്ങളുമായുള്ള ചർച്ച തുടങ്ങിയ കാര്യങ്ങളിൽ പ്രാദേശിക സർക്കാരുകൾക്ക് സഹായം നൽകുവാൻ കഴിയും. അതുപോലെതന്നെ പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിനും പദ്ധതി പരമാവധി പ്രയോജനപ്പെടുത്താം . ക്ഷീരസംഘങ്ങളേയും പദ്ധതിയുമായി ബന്ധിപ്പിക്കാം

### പദ്ധതി സംയോജന സാധ്യതകൾ

ക്ഷീരവികസന വകുപ്പിന്റെ തീറ്റപ്പുൽ കൃഷി-ബോധവൽക്കരണ പരിപാടി, മൃഗസംരക്ഷണവകുപ്പിന്റെ കന്നുകുട്ടി പരിപാലനം, കൃഷിവകുപ്പിന്റെ ആത്മ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട്, ഇതര അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ എന്നിവയുമായി സംയോജിപ്പിക്കാം. ക്ഷീരസഹകരണ സംഘവുമായി സഹകരിച്ച് വിപണിയും വായ്പാതിരിച്ചടവും ഉറപ്പാക്കാം. ഭക്ഷ്യസുരക്ഷ, സ്വയംതൊഴിൽ എന്നീ മേഖലകളിൽ പദ്ധതി ഫലപ്രദമായി പ്രയോജനപ്പെടുത്താവുന്ന ഏറ്റവും ഉചിതമായ പദ്ധതികളിലൊന്നാണിത്.

## V. പൗൾട്രി വെഞ്ചർ കാപ്പിറ്റൽ ഫണ്ട് സബ്സിഡി

### ആമുഖം

രാജ്യത്തെ പൗൾട്രി വികസനം ലക്ഷ്യമാക്കി കേന്ദ്രസർക്കാരിന്റെ സബ്സിഡിയോടെ ആവിഷ്ക്കരിച്ച് നബാർഡ് വഴി നടപ്പിലാക്കുന്ന സ്കീമാണ് പൗൾട്രി വികസനം. പലിയരഹിത വായ്പയും സബ്സിഡിയും ചേർന്നാണ് ഈ സ്കീം നടപ്പിലാക്കി വരുന്നത്. ആയതിൻ കീഴിൽ അഞ്ച് തരത്തിലുള്ള സ്കീമികൾ ലക്ഷ്യമിടുന്നു.

### ഫണ്ടിംഗ്

കേന്ദ്രസർക്കാരിന്റെ വിവധ രീതിയിലുള്ള സബ്സിഡിയും പലിശരഹിത വായ്പയും ബാങ്ക് വായ്പയും ചേർന്നതാണ് ഫണ്ടിംഗ്.

### ലക്ഷ്യം

കോഴി, താറാവ് മുതലായ വളർത്തുപക്ഷികളെ വളർത്തി മുട്ടയുത്പാദനവും മാംസയുത്പാദനവും വർദ്ധിപ്പിക്കുക, സ്വയംതൊഴിൽ ലഭ്യമാക്കുക. നഗര പ്രദേശത്തുള്ളവർക്ക് ശുചിത്വമുള്ള ഇറച്ചി ലഭ്യമാക്കുക, പുതിയ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുക, മറ്റ് ഇനം പക്ഷി വളർത്തലും പ്രോത്സാഹിപ്പിക്കുക.

ഗുണഭോക്താക്കൾ

കർഷക സന്നദ്ധ സംഘടനകൾ, സഹകരണസ്ഥാപനങ്ങൾ, കമ്പനികൾ, സ്വയം

സഹായസംഘങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ എന്നിവർ, ചുരുങ്ങിയത് 500 മീറ്റർ ദൂരം രണ്ട് ഫാമുകൾ തമ്മിൽ ഉണ്ടാകേണ്ടതാണ്.

അർഹത

നബാർഡ് നിബന്ധനകൾ അനുസരിക്കാൻ തയ്യാറുള്ള മേൽ വിവരിക്കുന്ന ഗുണഭോക്താക്കൾ. ഒരു കുടുംബത്തിലെ വെവ്വേറെ വ്യക്തികൾക്ക് സംരംഭം തുടങ്ങാം. പക്ഷെ യൂണിറ്റുകൾ വിവിധ സ്ഥലങ്ങളിലും വെവ്വേറെ യൂണിറ്റുകളുമായി തുടങ്ങണം. സബ്സിഡിയ്ക്ക് ഒരു തവണ മാത്രം അർഹത.

നിർവ്വഹണസ്ഥാപനം

മൃഗസംരക്ഷണ, ക്ഷീരവികസന,മത്സ്യവകുപ്പുകളും കാർഷീക മന്ത്രാലയവുമാണ്. സ്കീം ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള നോഡൽ ഏജൻസികൾ.

## പുതുക്കിയ സ്കീം വിവരണം. (1-4-2011 മുതൽ)

| ക്ര. ന | ഇനം | പൗൾട്രിവെഞ്ചർ മൂലധന ഫണ്ട് PLC പലിശരഹിത ലോൺ) | പൗൾട്രിവെഞ്ചർ മൂലധന ഫണ്ട് (സബ്സിഡി) |
|---|---|---|---|
| 1 | വർദ്ധിപ്പിച്ച സഹായം | പലിശരഹിത വായ്പ അടങ്കലിന്റെ 50% | മൂലധന സബ്സിഡി - അടങ്കലിന്റെ 25% (SC/ST33.33% യക്ക്) |
| 2 | പലിശ സബ്സിഡി | സാധാരണ അക്കൗണ്ടിന്റെ കാര്യത്തിൽ 50% റീ ഇംപേഴ്സ്മെന്റ് | പലിശ സബ്സിഡി ഇല്ല |
| 3 | പുതിയഘട കങ്ങൾ | | 5000 പക്ഷികൾ വരെയുള്ള വാണിജ്യ ബ്രോയ്ലർ യൂണിറ്റുകൾ, മറ്റു പക്ഷികളെ വളർത്തൽ, പൗൾട്രി ഇനങ്ങളുടെ ശീതീകരണം, വലിയ പ്രോസസ്സിംഗ് യൂണിറ്റുകൾ ഫെതർ പ്രോസസ്സിംഗ് യൂണിറ്റ്, സാങ്കേതിക മികവ് വർദ്ധിപ്പിക്കൽ മുതലായവ ഉൾക്കൊള്ളിച്ചിരിക്കുന്നു |
| 4 | IFL/സബ് സിഡി വിതരണം | ബാങ്ക് പ്രോജക്ടാനുമതി നല്കുന്നു, നബാർഡ് അനുമതി ലഭ്യമാക്കുന്നു, നബാർഡിൽ നിന്ന് കഎഘ ലഭ്യമാക്കുന്നു,ബാങ്ക് ലോണും പലിശ രഹിത സബ്സിഡിയും റിലീസ് ചെയ്യുന്നു. | ബാങ്ക് ലോണിന്റെ ആദ്യഗഡു സാംഗ്ഷൻ ചെയ്യുന്നു. അതിന്ശേഷം സബ്സിഡി റിലീസ് ചെയ്യുന്നതിനുള്ള അനുമതിയ്ക്കായി നബാർഡിനെ സമീപിക്കുന്നു. |
| 5 | തിരിച്ചടവ് | പലിശരഹിത ലോണിന്റെ തിരിച്ചടവ് പ്രോറേറ്റഅടി സ്ഥാനത്തിൽ നബാർഡിന് തിരിച്ചടക്കുന്നു. | നബാർഡിന് മടക്കി നൽകേണ്ടതില്ല. ബാക്ക് എൻഡ് സബ്സിഡി അവസാനം മാത്രം അഡ്ജസ്റ്റ് ചെയ്യുന്നു. |

## പ്രവർത്തനങ്ങൾ

1. 2011-12 മുതൽ സ്കീം നടപ്പിലാക്കുന്നു.
2. മേൽ വിവിരിച്ച ഗുണഭോക്താക്കൾക്ക് സ്കീമിന് വേണ്ടി ബാങ്കിന് അപേക്ഷ നൽകാം.
3. ബാങ്ക് ലോൺ സാംഗ്ഷൻ ചെയ്യുന്ന മുറയ്ക്ക് നബാർഡിന്റെ അനുമതിയും സബ്സിഡിയും ലഭ്യമാക്കുന്നു.
4. സബ്സിഡി രണ്ട് ഗഡുവായി ബാങ്കിന് നല്കുന്നു.
5. ആയത് റിസർവ്വ് ഫണ്ടായി സൂക്ഷിക്കുന്നു.
6. പലിശ റിസർവ്വ് ബാങ്ക് നിർദ്ദേശമനുസരിച്ച് ഈടാക്കാം
7. ഒരു വർഷത്തിനുള്ളിൽ പ്രവർത്തനം മുഴുമിപ്പിക്കണം.
8. ജോയിന്റ് മോണിറ്ററിംഗ് കമ്മിറ്റി ഇടക്കിടെ മോണിറ്റർ ചെയ്യുന്നു.

## സബ്സിഡികൾ

| SL. No. | Component | Unit Cost (Rs) | Pattern of Assistance |
|---|---|---|---|
| 1 | Breeding Farms for Low input Technology. Birds like turkey, ducks, Japanese qualis, enu etc | Rs 30,00 lakh - Varies depending on the species and unit size. | 25 % of the outlay ( 33.33% for SC/ST farmers and NE States including Sikkim) as back ended capital subsidy subject to a ceiling of Rs 7.50 lakh ( Rs. 10.00 lakh for SC/ST farmers and NE States incliding Sikkim) |
| 2 | Central Grower Units (CGU) - upto 16000 layer chicks per batch | Rs.40.00 lakh for a unit of 16000 layer chicks per batch (three batches a year) - Varies with Size. | 25 % of the outlay ( 33.33% for SC/ST farmers and NE States including Sikkim) as back ended capital subsidy subject to a ceiling of Rs 10 lakh for a batch of 16000 birds (Rs. 13.33 lakh for SC/ST farmers and NE States incliding Sikkim). Subsidy shall be restricted on a prorata basis depending on the unit size. permississible maximum. Permissible maximum unit size under the scheme is 16000 layer chicks per batch. |
| 3 | Hybrid Layer (chicken) Units - upto 5000 layer | Rs.8.00 lakh for 2000 layer unit - Varies with the size. | 25 % of the outlay ( 33.33% for SC/ST farmers and NE States including Sikkim) as back ended capital subsidy subject to a ceiling of Rs 1.00 lakh for 1000 birds ( 1.33 lakh for SC/ST farmers and NE States incliding Sikkim). Subsidy shall be restricted on a prorata basis depending on the unit size subject to a ceiling of Rs. 5 lakh (Rs. 6.65 lakh for SC/ST farmers and NE States including Sikkim) for a 5000 layer unit. Permissible maximum unit size under the scheme is 5000 layers. |

| | | | |
|---|---|---|---|
| 7 | Transport Vehicles - open cage | Rs.8.00 lakh | 25 % of the outlay ( 33.33% for SC/ST farmers and NE States including Sikkim) as back ended capital subsidy subject to a ceiling of Rs 2.00 lakh ( 2.66 lakh for SC/ST farmers and NE States incliding Sikkim). |
| 4 | Hybrid Broiler chicken) Units - upto 5000 birds. Can be weekly, fortnightly, monthly, all-in-all-out batches. Birds strength at any point of time should not exceed 5000 birds. | Rs.2.24 lakh for abatch of 1000 broilers - Varies with unit size | 25 % of the outlay ( 33.33% for SC/ST farmers and NE States including Sikkim) as back ended capital subsidy subject to a ceiling of Rs 56,000/- for a unit of 1000 birds ( Rs. 74,000/- for SC/ST farmers and NE States incliding Sikkim). Subsidy shall be restricted on a prorata basis depending on the unit size subject to a ceiling of Rs. 2.80 lakh (Rs. 3.73 lakh for SC/ST farmers and NE States including Sikkim) for a 5000 broiler unit. Permissible maximum unit size is 5000 broilers at any point of time. |
| 5 | Regarding other species of Poultry ( Other than commercial layer and broiler chicken) | Rs.10 Lakh varies with the species and unit size | 25 % of the outlay ( 33.33% for SC/ST farmers and NE States including Sikkim) as back ended capital subsidy subject to a ceiling of Rs 2.50 lakh 3.33 lakh for SC/ST farmers and NE States incliding Sikkim). |
| 6 | Feed Mixing units (FMU) - 1.0 ton per hour Disease Investigation Lab (DIL) | Rs. 16.00 lakh | 25 % of the outlay ( 33.33% for SC/ST farmers and NE States including Sikkim) as back ended capital subsidy subject to a ceiling of Rs 4.00 lakh ( 5.33 lakh for SC/ST farmers and NE States incliding Sikkim). |
| 8 | Transport Vehicles - Refrigerated | Rs. 15.00 lakh | 25 % of the outlay ( 33.33% for SC/ST farmers and NE States including Sikkim) as back ended capital subsidy subject to a ceiling of Rs 3.75 lakh ( 5 lakh for SC/ST farmers and NE States incliding Sikkim). |
| 9 | Retail outlets - Dressing units | Rs. 600 lakh | 25 % of the outlay ( 33.33% for SC/ST farmers and NE States including Sikkim) as back ended capital subsidy subject to a ceiling of Rs 1.50 lakh (2.00 lakh for SC/ST farmers and NE States incliding Sikkim). |

| | | | |
|---|---|---|---|
| 10 | Retail outles - marketing units | Rs. 6.00 lakh | 25 % of the outlay ( 33.33% for SC/ST farmers and NE States including Sikkim) as back ended capital subsidy subject to a ceiling of Rs 1.50 lakh ( 2.00 lakh for SC/ST farmers and NE States incliding Sikkim). |
| 11 | Mobile marketing units | Rs.8.00 lakh | 25 % of the outlay ( 33.33% for SC/ST farmers and NE States including Sikkim) as back ended capital subsidy subject to a ceiling of Rs 1.50 lakh ( 2.00 lakh for SC/ST farmers and NE States incliding Sikkim). |
| 12 | Cold storage for poultry products | Rs. 20.00 lakh | 25 % of the outlay ( 33.33% for SC/ST farmers and NE States including Sikkim) as back ended capital subsidy subject to a ceiling of Rs 5.00 lakh ( 6.66 lakh for SC/ST farmers and NE States incliding Sikkim). |
| 13 | Egg/Broiler Carts | Rs. 10,000/- | 25 % of the outlay ( 33.33% for SC/ST farmers and NE States including Sikkim) as back ended capital subsidy subject to a ceiling of Rs 2500/- ( 3300/- lakh for SC/ST farmers and NE States incliding Sikkim). |
| 14 | Large Processing Units 2000-4000 birds per hour | Rs 500 lakh | 25 % of the outlay ( 33.33% for SC/ST farmers and NE States including Sikkim) as back ended capital subsidy subject to a ceiling of Rs 125.00 lakh ( 166.65lakh for SC/ST farmers and NE States incliding Sikkim). |
| 15 | Emu Processing units | Varies with unit size | 25 % of the outlay ( 33.33% for SC/ST farmers and NE States including Sikkim) as back ended capital subsidy. |
| 16 | Feather Processing units | Varies with unit size | 25 % of the outlay ( 33.33% for SC/ST farmers and NE States including Sikkim) as back ended capital subsidy. |
| 17 | Technology upgradation | Varies with the component | 25 % of the outlay ( 33.33% for SC/ST farmers and NE States including Sikkim) as back ended capital subsidy. |

**തദ്ദേശസ്വയംഭരണത്തിന്റെ പങ്ക്**

തദ്ദേശഭരണസ്ഥാപനം സ്കീമിനെ ക്കുറിച്ചുള്ള അവബോധവും പ്രചാരണവും സംഘടിപ്പിക്കുന്നു. ഗ്രാമസഭയിൽ വിവരങ്ങൾ നല്കുന്നു. ഗുണഭോക്താക്കളെ കണ്ടെത്തി

ബാങ്കിന് നൽകുന്നു.

### പദ്ധതി സംയോജനം

തദ്ദേശഭരണസ്ഥാപനത്തിന്റെ മൃഗസംരക്ഷണ, ക്ഷീര വികസന പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കാം. വിടവുകൾ തദ്ദേശഭരണസ്ഥാപനത്തിന്റെ പ്രോജക്ടുകൾ വഴി നികത്താം. പദ്ധതി രേഖയിൽ ഇതെല്ലാം വിവരിക്കാം.

## VI. ആട് - മുയൽ വളർത്തൽ പദ്ധതി

### ആമുഖം:

നമ്മുടെ സംസ്ഥാനത്ത് വളരെയധികം സാധ്യതയുള്ളതും സാധാരണക്കാർക്ക് ഏറ്റവും അനുയോജ്യവുമായ തൊഴിൽ സംരംഭങ്ങളാണ് ആടുവളർത്തലും മുയൽ വളർത്തലും. പട്ടികജാതി/പട്ടിക വിഭാഗക്കാർ, വനിതകൾ, പ്രായംകൂടിയവർ, വിദ്യാർത്ഥികൾ എന്നിവർക്ക് ഏറ്റെടുക്കാവുന്ന തൊഴിൽ സംരംഭമെന്ന നിലയിൽ മേൽപ്പറഞ്ഞ ഗ്രാമീണ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഉപകരിക്കും.

### ഫണ്ട്

കേന്ദ്രസർക്കാർ, കൃഷി (മൃഗസംരക്ഷണ വകുപ്പ്) മന്ത്രാലയം മുഖേന നബാർഡിന് ഫണ്ട് ലഭ്യമാകുന്നു. നബാർഡിന്റെ സംസ്ഥാനതല ഓഫീസ് മുഖേന ധനസഹായം ബാങ്കുകൾക്ക് നൽകുന്നു. പൂർണ്ണമായും വായ്പാബന്ധിത പദ്ധതിയാണിത്.

### നിർവ്വഹണ സ്ഥാപനം

നബാർഡിന്റെ സംസ്ഥാനതല ഓഫീസാണ് നിർവ്വഹണ സ്ഥാപനം. ജില്ലാതല ഓഫീസുകൾ പദ്ധതി നിർവ്വഹണത്തിന് പിന്തുണ നൽകുന്നു. അർഹതയുള്ള ഗുണഭോക്താക്കൾക്ക് വായ്പ നൽകേണ്ട ചുമതല ബാങ്കുകൾക്കാണ്.

### ലക്ഷ്യങ്ങൾ

- ഗ്രാമപ്രദേശങ്ങളിൽ ആട്, മുയൽ വളർത്തൽ പ്രോത്സാഹിപ്പിച്ച് മാംസോൽപ്പാദനം സാധ്യമാക്കുക.
- ഗ്രാമീണ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക.
- ഗുണമേൻമയുള്ള മാംസത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുക

### ഗുണഭോക്താക്കൾ

വ്യക്തികൾ, ഉൽപ്പാദക കമ്പനികൾ, പാർട്ടനർഷിപ്പ് സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സർക്കാതിര ഏജൻസികൾ, സ്വാശ്രയസംഘങ്ങൾ, സംയുക്തബാധ്യതഗ്രൂപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പദ്ധതിയിൽ ഗുണഭോക്താക്കളാകുന്നതിന് അർഹതയുണ്ടായിരിക്കും.

### ഏറ്റെടുക്കാവുന്ന പ്രവർത്തികളും ധനസഹായ നിരക്കും

| ക്രമ .നം | പ്രോജക്ട് | പരമാവധി യൂണിറ്റ് നിരക്ക് | ധനസഹായം |
|---|---|---|---|
| 01 | ആട് വളർത്തൽ (40 + 2) | 1 ലക്ഷം രൂപ | 25 % ധനസഹായം (പരമാവധി 0.25 ലക്ഷം രൂപാ) SC/ST 33.33 % (പരമാവധി 0.33 ലക്ഷം രൂപ ) |
| 02 | ആട്പ്രജനന യൂണി റ്റുകൾ ( 500 + 25) | 25 ലക്ഷം രൂപ | 25 % ധനസഹായം പരമാവധി 6.25 ലക്ഷം രൂപ SC/ST 33.33 % ( പരമാവധി 8.33 ലക്ഷം രൂപ) |
| 03 | മുയൽ വളർത്തൽ പദ്ധതി | 2.25 ലക്ഷം രൂപ | 25 % ധനസഹായം ( പരമാവധി 0.56 ലക്ഷം ) SC/ST 33.33 % പരമാവധി 0.75 ലക്ഷം രൂപ |

### പ്രവർത്തനങ്ങൾ

വിവിധ ഏജൻസികളുടെ സഹായത്തോടെ ഗുണഭോക്താക്കളെ തെരഞ്ഞടുക്കുന്നു. വിശദമായ പ്രോജക്ടുകളുടെ അടിസ്ഥാനത്തിലും ബാങ്കുകളുടെ നിബന്ധയനുസരിച്ചും വായ്പ ലഭ്യമാക്കുന്നു. വായ്പ ഉപയോഗപ്പെടുത്തി ഗുണഭോക്താവ് പദ്ധതി പൂർത്തീകരിക്കുന്നു. വായ്പാതിരിച്ചടവ് ആരംഭിക്കുന്നു. ധനസഹായത്തുക പ്രത്യേക റിസർവ്വ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു. ടി തുകയ്ക്ക് പലിശ ഗുണഭോക്താവ് അടയ്ക്കേണ്ടതില്ല. ധനസഹായത്തുക കിഴിച്ചുള്ള മുതലും പലിശയും യഥാസമയം അടയ്ക്കുന്നതോടുകൂടി വായ്പാ തിരിച്ചടവ് പൂർണ്ണമാകുന്നു.

### നിർവ്വഹണ – മോണിറ്ററിംഗ് സംവിധാനങ്ങൾ

നബാർഡിന്റെ ആഭിമുഖ്യത്തിലുള്ള സംസ്ഥാനതല അംഗീകാര - മോണിറ്ററിംഗ് സമിതിയാണ് പദ്ധതിക്ക് അംഗീകാരം നൽകുന്നതും മോണിറ്ററിംഗിന്റെ ചുമതല നിർവ്വഹിക്കുകയും ചെയ്യുന്നത്. പ്രാദേശികതലത്തിൽ നബാർഡിന്റെ ജില്ലാ ഓഫീസുകൾ മോണിറ്ററിംഗിന് സഹായിക്കുന്നു.

### തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉൽപ്പാദനമേഖലയിൽ വളരെയേറെ ഉപയോഗിക്കാവുന്ന ഒരു പ്രോജക്ടാണിത്. വർക്കിംഗ് ഗ്രൂപ്പുകളിൽ ചർച്ചചെയ്ത് പദ്ധതിയിൽ ഉൾപ്പെടുത്തി മാംസോൽപ്പാദനത്തിനായി മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ പദ്ധതി നടപ്പിലാക്കാം. വനിതാഘടക പദ്ധതി, പട്ടിക വർഗ്ഗ ഉപപദ്ധതി, പട്ടികജാതി വികസന പദ്ധതി എന്നീ മേഖലകളിലും തൊഴിൽ വരുമാന വർദ്ധനവിന് ഉപയോഗപ്പെടുത്താം. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ ബാങ്കുകളുമായി ചർച്ച ചെയ്ത് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കാം. പ്രാദേശികമായി മേൽപ്പറഞ്ഞ സമിതികൾക്ക് മോണിറ്ററിംഗിന്റെ ചുമതലയും നിർവ്വഹിക്കാം. ഇപ്രകാരം ചെയ്യുന്നപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താം.

### പദ്ധതി സംയോജന സാധ്യതകൾ

തീറ്റപ്പുൽകൃഷി, വനിതാഘടക പദ്ധതി, ഗിരിവർഗ്ഗ ഉപപദ്ധതി, പട്ടികജാതി വികസന പദ്ധതി, വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പരിപാടി, പ്രായംചെന്നവർക്ക് വേണ്ടിയുള്ള പ്രത്യേക വരുമാന വർദ്ധനാപരിപാടികൾ എന്നിവയുമായി പദ്ധതി ബന്ധിപ്പിക്കാവുന്നതാണ്. ഇതോടൊപ്പം തന്നെ സംഭരണ – വിപണന പ്രോജക്ടുകളും ഏറ്റെടുക്കാം.

## VII. പന്നി വളർത്തൽ പദ്ധതി

### ആമുഖം:

കേരളത്തിൽ പന്നി വളർത്തലിന് വളരെയേറെ സാധ്യതയുണ്ട്. ഏതു കാലാവസ്ഥയിലും വളരുന്ന മൃഗമാണിത്. ഏറ്റവും നല്ല വരുമാന സാധ്യതയുള്ള തൊഴിലുകളിലൊന്നാണ് പന്നി വളർത്തൽ. കേരളത്തിൽ ഖരമാലിന്യസംസ്ക്കരണം വളരെയേറെ പ്രയാസകരമായ സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളിലൊന്നാണെന്ന് മാത്രമല്ല ഇതിൽ നിന്നും പോഷക മൂല്യമുള്ള ഉൽപ്പന്നമാക്കി മാറ്റുന്നുവെന്ന പ്രത്യകതയും കൂടിയുണ്ട്. എന്നാൽ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മുൻകരുതലുകൾ, ചില പ്രദേശങ്ങളിലുള്ള സാമൂഹ്യ പ്രശ്നങ്ങൾ എന്നിവ പരിമിതികളാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

### ഫണ്ട്

കേന്ദ്രസർക്കാർ കൃഷി (മൃഗസംരക്ഷണ വകുപ്പ്) മന്ത്രാലയം മുഖേന നബാർഡിന് ഫണ്ട് ലഭ്യമാക്കുന്നു. നബാർഡിന്റെ സംസ്ഥാനതല ഓഫീസ് മുഖേന ധനസഹായം ബാങ്കുകൾക്ക് ലഭിക്കുന്നു. പൂർണ്ണമായും വായ്പാബന്ധിത പദ്ധതിയാണിത്. പന്നി പ്രജനന യൂണിറ്റുകൾ, പന്നിവളർത്തൽ യൂണിറ്റുകൾ, റീട്ടെയിൽ വിപണന കേന്ദ്രങ്ങൾ, ലൈവ് മാർക്കറ്റ് സ്ഥാപിക്കൽ എന്നിങ്ങനെ നാല് ഇനങ്ങളിലായി പ്രോജക്ടുകൾ തെരഞ്ഞെടുക്കാം. 100 ശതമാനം കേന്ദ്രസഹായം ലഭിക്കുന്നു. 2010 – 11 മുതൽ പദ്ധതി നടപ്പിലാക്കിവരുന്നു.

### നിർവ്വഹണ സ്ഥാപനം

നബാർഡിന്റെ സംസ്ഥാനതല ഓഫീസാണ് നിർവ്വഹണ സ്ഥാപനം. ജില്ലാതല ഓഫീസുകൾ പദ്ധതി നിർവ്വഹണതിതന് പിന്തുണ നൽകുന്നു. വായ്പ നൽകേണ്ട ഉത്തരവാദിത്വം ബാങ്കുകളിൽ നിക്ഷിപ്തമാണ്.

### ലക്ഷ്യങ്ങൾ

- ഗ്രാമപ്രദേശങ്ങളിൽ പന്നിവളർത്തൽ പ്രോൽസാഹിപ്പിച്ച് മാംസോൽപ്പാദനം സാധ്യമാക്കുക.
- ഗ്രാമീണ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക.

### ഗുണഭോക്താക്കൾ

വ്യക്തികൾ, ഉൽപ്പാദക കമ്പനികൾ, പാർട്ട്നർഷിപ്പ് സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സർക്കാതിര ഏജൻസികൾ, സ്വാശ്രയസംഘങ്ങൾ, സംയുക്തബാധ്യതഗ്രൂപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പദ്ധതിയിൽ ഗുണഭോക്താക്കളാകുന്നതിന് അർഹതയുണ്ടായിരിക്കും.

| ക്രമ. നം | പ്രോജക്ടിന്റെ പേര് | പരമാവധി യൂണിറ്റ് നിരക്ക് | ധനസഹായം |
|---|---|---|---|
| 01 | പന്നി പ്രജനന യൂണിറ്റുകൾ- 20 പെൺ + 4 ആൺ) | 6 ലക്ഷം രൂപ | 25 % ധനസഹായം ( പരമാവധി 1.5 ലക്ഷം രൂപാ). മലമ്പ്രദേശങ്ങളിൽ 33.33 % ( പരമാവധി 2 ലക്ഷം രൂപാ |
| 02 | പന്നിവളർത്തൽ മാംസോൽപ്പാദന യൂണിറ്റുകൾ ( 3 പെൺ + 1 ആൺ) | 0.76 ലക്ഷം രൂപാ | 25 % ധനസഹായം ( പരമാവധി 19000 രൂപാ). മലമ്പ്രദേശങ്ങളിൽ 33.33 % ( പരമാവധി 25300 രൂപാ |
| 03 | റീട്ടെയിൽ വിപണന കേന്ദ്രങ്ങൾ | 10 ലക്ഷം രൂപാ | 25 % ധനസഹായം ( പരമാവധി 2.5 ലക്ഷം രൂപാ). മലമ്പ്രദേശങ്ങളിൽ 33.33 % ( പരമാവധി 3.33 ലക്ഷം രൂപാ |
| 04 | ലൈവ് മാർക്കറ്റുകളുടെ സ്ഥാപനം | ജില്ലയിൽ 2 എണ്ണം വരെ മാത്രം 5 ലക്ഷം രൂപാ | 50 % ധനസഹായം ( പരമാവധി 2.5 ലക്ഷം രൂപാ) |

മേൽപ്പറഞ്ഞ ധനസഹായത്തോടൊപ്പം പ്രോജക്ടുമായി ബന്ധപ്പെട്ട ഗുണഭോക്തൃ പരിശീലനം, പ്രചരണം, സ്ഥിതി വിവര കണക്കുകളുടെ ശേഖരണം, മോണിറ്ററിംഗ് എന്നിവയ്ക്കും ധനസഹായം ലഭ്യമാണ്. മലമ്പ്രദേശങ്ങൾ എന്നത് സമുദ്രനിരപ്പിൽ നിന്നും ശരാശരി 1000 മീറ്റർ ഉയരമുള്ള പ്രദേശം എന്നാകുന്നു.

## പ്രവർത്തനങ്ങൾ

വിവിധ ഏജൻസികളുടെ സഹായത്തോടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. വിശദമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ബാങ്കുകളുടെ നിബന്ധന പ്രകാരം വായ്പ ലഭ്യമാക്കുന്നു. വായ്പ ഉപയോഗപ്പെടുത്തി ഗുണഭോക്താവ് പ്രോജക്ട് തൃപ്തികരമായി പൂർത്തിയാക്കുന്നു. പദ്ധതി പ്രദേശം, തീറ്റവസ്തുക്കളുടെ ലഭ്യത, മാലിന്യസംസ്ക്കരണം തുടങ്ങിയ കാര്യങ്ങൾ പ്രത്യേകം പരിഗണിക്കപ്പെടുന്നു. ഒന്നാംഗഡു വായ്പ നൽകികഴിഞ്ഞാൽ ബാങ്കുകൾ ധനസഹായത്തിനായി നബാർഡിന്റെ സംസ്ഥാനതല ഓഫീസിലേക്ക് അപേക്ഷിക്കുന്നു. ധനസഹായം അനുവദിക്കുന്നു. പ്രത്യേകം അക്കൗണ്ടിൽ ധനസഹായം നിക്ഷേപിക്കുന്നു. 5 വർഷം മുതൽ 6 വർഷം വരെ തിരിച്ചടവ് കാലാവധി. നിശ്ചിത കാലാവധിക്കകം ധനസഹായത്തുക കിഴിച്ച് മുഴുവൻ വായ്പാ സംഖ്യയും പലിശയും അടയ്ക്കുന്നതോടുകൂടി വായ്പ പൂർണ്ണമായും തിരിച്ചടച്ചതായി കംക്കാക്കുന്നു.

## നിർവ്വഹണ – മോണിറ്ററിംഗ് സംവിധാനം

നബാർഡിന്റെ ആഭിമുഖ്യത്തിലുള്ള സംസ്ഥാനതല അംഗീകാര - മോണിറ്ററിംഗ് സമിതിയാണ് പദ്ധതിക്ക് അംഗീകാരം നൽകുന്നതും മോണിറ്ററിംഗിന്റെ ചുമതല നിർവ്വഹിക്കുകയും ചെയ്യുന്നത്. പ്രാദേശികതലത്തിൽ നബാർഡിന്റെ ജില്ലാ ഓഫീസുകൾ മോണിറ്ററിംഗ് നടത്തുന്നു.

### തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉൽപ്പാദന മേഖലയിൽ വളരെയേറെ ഉപയോഗപ്പെടുത്താവുന്ന ഒരു പ്രോജക്ടാണിത്. വർക്കിംഗ് ഗ്രൂപ്പിൽ പദ്ധതി രൂപീകരണ ചർച്ചകളിൽ പന്നിവളർത്തലിന് അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്താവുന്നതും മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ്, ആരോഗ്യവകുപ്പ്, നബാർഡ്, ലീഡ്ബാങ്ക് ഏജൻസികളുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതും പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഖരമാലിന്യം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പാരിസ്ഥിതികമായ പ്രവർത്തനങ്ങളുംകൂടി ഇതോടൊപ്പം ഏറ്റെടുക്കുവാൻ കഴിയും. വളരെ ലാഭകരമായ പ്രവർത്തനമെന്ന നിലയിൽ സംരംഭകർക്ക് വളരെയേറെ സാമ്പത്തികമായി മെച്ചമുണ്ടാകുന്നതും മാംസത്തിന്റെ ലഭ്യത പ്രാദേശികമായി വർദ്ധിക്കുന്നതുമാണ്. പ്രോജക്ടുമായി ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം ബന്ധിപ്പിക്കുക വഴി ആവർത്തന ചെലവില്ലാതെ പാചകവാതകം ഉൽപ്പാദിപ്പിക്കാവുന്നതും പരിസരമലിനീകരണം നിയന്ത്രിക്കാവുന്നതാണ്. വിസകന സ്റ്റാന്റിംഗ് കമ്മറ്റി, ലൈൻ ഡിപ്പാർട്ടുമെന്റുകൾ എന്നിവർക്ക് സംയുക്തമായി പ്രോജക്ടിന്റെ മോണിറ്ററിംഗ് നിർവ്വഹിച്ച് സംരംഭകരെ സഹായിക്കാം. ഇപ്രകാരം നിർവ്വഹിക്കുന്നപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താം.

### പദ്ധതിസംയോജന സാധ്യതകൾ

ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, ഖരമാലിന്യ നിർമ്മാർജ്ജനം, വിപണനം തുടങ്ങിയവയുമായി പ്രോജക്ട് ബന്ധപ്പെടുത്താം. കൂടാതെ മൃഗസംരക്ഷണവകുപ്പ്, തൊഴിൽ വകുപ്പ്, വ്യവസായവകുപ്പ് തുടങ്ങിയവയുടെ പദ്ധതികളുമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏകോപിപ്പിക്കാം.

| ഡി.എം.ഐ. ഓഫീസുകൾ | | |
|---|---|---|
| സീനിയർ മാർക്കറ്റിംഗ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ<br>ന്യൂവേ ബിൽഡിംഗ്<br>റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡ്<br>സെൻട്രൽ ടെലഗ്രാഫ് ഓഫീസിന് പിൻവശം<br>കോഴിക്കോട്<br>ഫോൺ - 0495- 2302054 | ഡെപ്യൂട്ടി അഗ്രികൾച്ചർ മാർക്കറ്റിംഗ് അഡ്വൈസർ, ഡയറക്ടറേറ്റ് ഓഫ് മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ | സീനിയർ മാർക്കറ്റിംഗ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ, കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ബിൽഡിംഗ്, തിരുവനന്തപുരം -1<br>ഫോൺ : 0471-2471134 |

## VIII. ജൈവവള ഉൽപാദനത്തിനുളള സബ്സിഡി സ്കീം

### ആമുഖം:

വർദ്ധിച്ചുവരുന്ന രാസവളപ്രയോഗം മണ്ണിന്റെ ഫലഭൂയിഷ്ഠിത ഇല്ലാതാക്കിയിരിക്കുന്നു. ഇതിനുളള പ്രതിവിധിയാണ് ജൈവവളപ്രയോഗം കാര്യക്ഷമമാക്കി മണ്ണിന്റെ ഫലഭൂയിഷ്ഠിതയും അതുവഴി ഉല്പാദനവർദ്ധനവും സ്ഥാപിച്ചെടുക്കൽ. പരിസ്ഥിതിയ്ക്ക് ആഘാതമ

കാത്ത ജൈവവള പ്രയോഗം ആയതിനാൽ തന്നെ പ്രാധാന്യമർഹിക്കുന്നു. ആയതിനായി ദേശീയതലത്തിലുള്ള ഓർഗാനിക്ക് ഫാമിംഗ് പ്രോജക്ടിൽ വാണിജ്യപരമായ ജൈവവള ഉത്പാദനയൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് നബാർഡ് വഴി കേന്ദ്ര സർക്കാർ നൽകുന്ന സബ്സിഡി പ്രയോജനം ചെയ്യും.

## ലക്ഷ്യങ്ങൾ

1. ജൈവവളം,മണ്ണിര കമ്പോസ്റ്റ്, വെജിറ്ററയിൽ കമ്പോസ്റ്റ് നിർമ്മാണം വഴി ജൈവവള ഉൽപാദനം പ്രോത്സാഹിപ്പിക്കൽ
2. പരിസ്ഥിതിക്കും മണ്ണിനും ആഘാതമാകാതെ കാർഷികോല്പാദനം വർദ്ധിപ്പിക്കുക
3. വെർമി കമ്പോസ്റ്റിന് വേണ്ട മണ്ണിരകളെ ഉല്പാദിപ്പിക്കൽ
4. ജൈവവളമാലിന്യം സസ്യവളമാക്കി മാറ്റൽ
5. പരിസ്ഥിതിയും മലിനീകരണവും സംരക്ഷിക്കപ്പെടുന്നു.

## ഗുണഭോക്താക്കൾ

വ്യക്തികൾ, കർഷകർ, കമ്പനികൾ, സഹകരണസ്ഥാപനങ്ങൾ, വളനിർമ്മാണശാല കൾ, എൻ.ജി.ഒ കൾ, കോർപ്പറേഷൻ മുതലായവ (ജൈവവളയൂണിറ്റുകൾ), സ്വയംസഹായ സംഘങ്ങൾ (വെർമി ഹാച്ചറീസ്),സ്വകാര്യസംരംഭകർ(മാലിന്യ കമ്പോസ്റ്റ് യൂണിറ്റ്)

## നിർവ്വഹണ ഏജൻസി

നാഷ്ണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ്(ചഇഛഎ)ഗസിയാബാദും നബാർഡും സംസ്ഥാന കൃഷി സഹകരണ ഡിപ്പാർട്ട്മെന്റും കൂടി ബാങ്ക് വഴി നിർവ്വഹണം നട ത്തുന്നു.

## പ്രവർത്തനങ്ങൾ

1. അനുയോജ്യമായ സ്ഥലം തെരെഞ്ഞെടുക്കുന്നു.(ലീസിനും എടുക്കാം)
2. പ്രമോട്ടർ പ്രൊപ്പോസൽ ആയി ബാങ്കിന് നൽകുന്നു. ബാങ്ക് ആദ്യഗഡു ലോൺ നൽകി ക്ലെയിമും ആവശ്യമായ അടിസ്ഥാന സൗകര്യം ഉറപ്പുവരുത്തുന്നു.
3. പ്രൊമോട്ടറുമായി മെമ്മോറാണ്ടം ഒപ്പുവെക്കുന്നു.
4. സബ്സിഡിയും മാർജിൻമണിയും ലോണും ബാങ്ക് വഴി നൽകുന്നു.
5. ബാങ്കിന്റെ അനുമതിപത്രം സബ്സിഡി റിലീസ് ചെയ്യുന്നതിനായി നബാർഡിന്റെ റീജി യണൽ ഓഫീസിന് നൽകുന്നു.
6. പരമാവധി ഒരു വർഷത്തിനകം പ്രവർത്തി പൂർത്തിയാക്കുന്നു.
7. നബാർഡ് 50% സബ്സിഡി മുൻകൂറായും ബാക്കി ജോയിന്റ് മോണിറ്ററിംഗ് കമ്മിറ്റി യുടെ പരിശോധനയ്ക്ക്ശേഷവും നൽകുന്നു.(നബാർഡ്, എൻ.സി.ഒ.എഫ്, കൃഷി സഹകരണ ഡിപ്പാർട്ട്മെന്റ്, ഡിഎസി, കേന്ദ്രസർക്കാർ പ്രതിനിധികൾ എന്നിവരട ങ്ങിയ കമ്മിറ്റി)
8. ബാങ്ക് നബാർഡിന് വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്നു.

| | ബയോഫർട്ടിലൈസർ യൂണിറ്റ് | വെർമികൾച്ചർ | പഴം പച്ചക്കറി കമ്പോസ്റ്റ് യൂണിറ്റ് |
|---|---|---|---|
| സബ്സിഡി (യൂണിറ്റിന്) | പ്രോജക്ടിന്റെ 25% മോ 20 ലക്ഷമോ ഏതാണോ കുറവ് | പ്രോജക്ടിന്റെ 25% മോ 40 ലക്ഷമോ ഏതാണോ കുറവ് | പ്രോജക്ടിന്റെ 25% മോ 20 ലക്ഷമോ ഏതാണോ കുറവ് |

| | | | |
|---|---|---|---|
| മാർജിൻ മണി | ചെലവിന്റെ 25% | ചെലവിന്റെ 25% | ചെലവിന്റെ 25% |
| ലോൺ തുക | അടങ്കലിന്റെ 50% | അടങ്കലിന്റെ 50% | അടങ്കലിന്റെ 50% |
| റീപേമെന്റ് പിരീഡ് | പരമാവധി 10 വർഷം (2 വർഷം ഗ്രേസ് പിരീഡ്) | പരമാവധി 8 വർഷം (1 വർഷം ഗ്രേസ് പിരീഡ്) | പരമാവധി 10 വർഷം (2 വർഷം ഗ്രേസ് പിരീഡ്) |
| പൂർത്തീകരണം (ലോൺ അനുമതിക്ക് ശേഷം) | 12 മാസത്തിനുള്ളിൽ | 6 മാസത്തിനുള്ളിൽ | 12 മാസത്തിനുള്ളിൽ |

**മറ്റ് നിബന്ധനകൾ :**

ലോണിന്റെ പലിശ ബാങ്കിന് നിശ്ചയിക്കാം. ആസ്തി ഇൻഷുർ ചെയ്യണം. മോണിററിംഗ് റിപ്പോർട്ട് നബാർഡിന്റെയോ എൻ.സി.ഡി.സിയുടേയോ വഴി കേന്ദ്ര കൃഷി ഡിപ്പാർട്ട്മെൻറിന് പാദവാർഷികമായി അയക്കണം. സബ്സിഡി തുകയ്ക്ക് പലിശ ഈടാക്കുന്നതല്ല.

**തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്:**

ഗുണഭോക്താക്കൾക്ക് വേണ്ട അവബോധം നൽകൽ, പരമാവധി ആളുകളെ സ്കീമിൽ കൊണ്ടുവരുന്നതിനുള്ള പ്രയത്നം, ഗ്രാമസഭവഴിയുള്ള പ്രചാരണം എന്നിവ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നടത്താവുന്നതാണ്.

**പദ്ധതി സംയോജനം:**

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ മാലിന്യനിർമ്മാർജ്ജന പദ്ധതിയും കൃഷി പ്രോജക്ടുകളും സ്വയം തൊഴിൽ പ്രോജക്ടുകളുമായി ഇതിനെ ബന്ധിപ്പിക്കാവുന്നതാണ്.

## IX. സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകൽ

**ആമുഖം**

ജവഹർലാൽ നെഹ്റു സോളാർ മിഷന് കീഴിൽ (JNNSM) സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി സോളാർ ലൈറ്റിംഗ് & പി,വി സിസ്റ്റങ്ങൾക്ക് പുതുക്കിയ സബ്സിഡി 2012 മാർച്ച് മുതൽ നൽകുന്നു. ഈ സ്കീമിൽ രണ്ടു തരത്തിലുള്ള വാട്ടർ ഹീറ്റിംഗ് സിസ്റ്റം ഉൾക്കൊള്ളിച്ചിട്ടുണ്ട്. മിനിസ്ട്രി ഓഫ് ന്യൂ ആന്റ് റിന്യൂവബിൾ എനർജി പരമാവധി സബ്സിഡി 40 % ആയി നിജപ്പെടുത്തിയിരിക്കുന്നു.ഗ്രാമനഗര പ്രദേശങ്ങളിലും സ്ഥാപിക്കാം.

**ഫണ്ടിംഗ്**

നബാർഡ് വഴി ബാങ്ക് ലോണും കേന്ദ്രസർക്കാർ സബ്സിഡിയും

ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നു. പരമാവധി കേന്ദ്രസർക്കാർ സബ്സിഡി 40%.

### ഗുണഭോക്താക്കൾ

വ്യക്തികൾ, ഗ്രൂപ്പുകൾ, സ്വയംസഹായ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, ഫാർമേഴ്സ് ക്ലബ്ബുകൾ എന്നിവർ. സ്വകാര്യ പൊതുമേഖല കമ്പനികളും, കോർപ്പറേഷനുകളും യോഗ്യരല്ല.

### നിർവ്വഹണസ്ഥാപനം

ഷെഡ്യൂൾഡ് കമേഴ്സ്യൽ ബാങ്കുകളും ഗ്രാമീണ ബാങ്കുകളും വഴി ഗുണഭോക്താവിന് ലോണും സബ്സിഡി തുകയും ലഭ്യമാക്കുന്നു.

### പ്രവർത്തനങ്ങൾ

1. പ്രോജക്ടാനുമതിക്ക് ഗുണഭോക്താവ് ബാങ്കിന് അപേക്ഷിക്കുന്നു.
2. ധനകാര്യ സാങ്കേതിക അനുയോജ്യത പരിശോധിച്ച് ബാങ്ക് പ്രോജക്ടിന് അർഹത നിശ്ചയിക്കുന്നു.
3. യൂണിറ്റ് സ്ഥാപിച്ചശേഷം പരിശോധന നടത്തി ബാങ്ക് ഗുണഭോക്താവിന് ഫണ്ട് ലഭ്യമാക്കുന്നു.
4. ലോൺ അനുമതി കഴിഞ്ഞാൽ ബാങ്ക് നിശ്ചിത ഫോറത്തിൽ നബാർഡിനെ സമീപിച്ച് സബ്സിഡി ലഭ്യമാക്കുന്നു (കേന്ദ്രസർക്കാരിൽ നിന്നുള്ള ഫണ്ട് പരിഗണിച്ച്)
5. സബ്സിഡി ഗുണഭോക്താവിന്റെ അക്കൗണ്ടിൽ റിസർവ്വ് ഫണ്ടായി സൂക്ഷിക്കുന്നു (പലിശയില്ല)
6. സബ്സിഡി ബാക്ക് എൻഡ് ആയി നല്കുന്നു. ലോക്ക് ഇൻ പിരീഡ് 3 വർഷമാണ്. 3 വർഷം മുമ്പ് ലോൺ തിരിച്ചടച്ചാൽ സബ്സിഡിക്ക് അർഹതയില്ല.
7. റീപേമെന്റ് പിരിഡ് 5 വർഷം
8. മൂന്ന് മാസത്തിനുള്ളിൽ വിനിയോഗസർട്ടിഫിക്കറ്റ് നബാർഡിന് നൽകണം.

### മോണിറ്ററിംഗ്

സംസ്ഥാനതലത്തിലുള്ള നബാർഡ് രൂപീകരിക്കുന്ന മോണിറ്ററിംഗ് കമ്മിറ്റി സ്കീം നിർവ്വഹണം മോണിറ്റർ ചെയ്യുന്നു. സി.ജി.എം, നബാർഡ്, എം.എൻ.ആർ.ഇ.യ്ക്കു പുറമെ ടഘആഇ കൺവീനറും ചെയർമാൻമാരും അടങ്ങുന്നതാണ് കമ്മിറ്റി.

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

ഗ്രാമസഭ വഴി വേണ്ട പ്രചാരണം നൽകുക, ആവശ്യക്കാരെ കണ്ടുപിടിച്ച് അപേക്ഷിപ്പിക്കുക, അവബോധം വളർത്തുക, സബ്സിഡിയും ലോണും ലഭ്യമാക്കുന്നതിന് ഇടപെടുക, സൗരോർജ്ജ ഉപയോഗം വർദ്ധിപ്പിക്കുവാൻ വേണ്ട അവബോധം നൽകുക.

### പദ്ധതി സംയോജനം:

ഊർജ്ജോത്പാദനവുമായി ബന്ധപ്പെട്ട പ്രോജക്ടുകളുമായി സംയോജിപ്പിക്കാം, പദ്ധതിരേഖയിൽ വിവരണം നല്കാം, സ്റ്റേറ്റസ് റിപ്പോർട്ടിന്റെ ഭാഗമാക്കാം.

## 10. സോളാർ ഓഫ് ഗ്രിഡ് വാട്ടർ ഹിറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള സബ്സിഡി സ്കീം

**ആമുഖം**

ഈ സ്കീമിൽ 2 തരത്തിലുള്ള വാട്ടർ ഹിറ്റിംഗ് സംവിധാനം ഉണ്ട്. (1) ഫ്ളാറ്റ് പ്ളേറ്റ് കളക്ടർ സിസ്റ്റം. (2) ഇവാക്വവേറ്റഡ് ട്യൂബലാർ കളക്ടർ സിസ്റ്റം. ആയതനുസരിച്ച് ഗുണഭോക്താവിന് 30% /60% സബ്സിഡി അപേക്ഷിക്കുകയോ അല്ലെങ്കിൽ കുറവ് പലിശയോടുകൂടിയ ലോണിന് അപേക്ഷിക്കുകയോ ചെയ്യാവുന്നതാണ്. സബ്സിഡി ലഭ്യമാക്കുന്ന ഗുണഭോക്താവിന് പലിശ സബ്സിഡിയ്ക്ക് അർഹതയില്ല.വറ്റാത്ത ഉറവിടമായ സൗരോർജ്ജം ഉപയോഗപ്പെടുത്തി പരിസ്ഥിതി മലിനീകരണം കുറയ്ക്കുക, പാരമ്പര്യ ഊർജ്ജോത്പാദനം കുറയ്ക്കുകയും ചെയ്ത് മലിനീകരണം കുറയ്ക്കുക, പാരമ്പര്യ ഊർജ്ജത്തിന് പകരമായി പാരമ്പര്യേതര ഊർജ്ജം ഉപയോഗപ്പെടുത്തുക എന്നിവയാണ് ഈ സ്കീമിൽ ലക്ഷ്യമിടുന്നത്. മേൽ വിവരിച്ച 2 തരത്തിലുള്ള സംവിധാനങ്ങൾക്കുമായി സബ്സിഡി താഴെ ടേബിളിൽ കാണിച്ചിട്ടുണ്ട്..

**വിവിധതരം സഹായങ്ങൾ**

### A.Model 1 : Flat Plate Collector based system
### (i) For a General Category States

| Technical specification | Benchmark cost (Unit cost) | Subsidy at 30% | Margin money at 20% | Bank Loan at 50% of unit cost |
|---|---|---|---|---|
| MinimumCapacity of a system : 100 liters per day at 60 Deg C - collector Area : 2 sq.m. for a system of 100 liters capacity capacity of a domestic system : Varies from 100 litter to 400 liters | Rs.22000 | Rs. 6600/- | Rs. 4400/- | Rs.11000/- |
| | | OR | OR | OR |
| | | Subsidy | Margin Moneyat 20% | Bank Loan at 80% of unit cost |
| | | Nil | Rs.4400/- | Rs. 17600/- |

### B. Model 11 : Evacuated Tubular Collector based system
### (ii) For a General Category States

| Technical specification | Benchmark cost (Unit cost) | Subsidy at 30% | Margin money at 20% | Bank Loan at 50% of unit cost |
|---|---|---|---|---|
| MinimumCapacity of a system : 100 liters per day at 60 Deg C - collector Area : 1.5 sq.m. for a system of 100 liters capacity capacity of a domestic system : Varies from 100 litter to 400 liters | Rs.20000 | Rs. 6000/- | Rs. 4000/- | Rs.10000/- |
| | | OR | OR | OR |
| | | Subsidy | Margin Moneyat 20% | Bank Loan at 80% of unit cost |
| | | Nil | Rs.4000/- | Rs. 16000/- |

## ഫണ്ടിംഗ്

ബാങ്ക് ലോണും കേന്ദ്രസർക്കാർ സബ്സിഡിയും

## ലക്ഷ്യം

1. സോളാർ വാട്ടർ ഹിറ്റിംഗ് സിസ്റ്റം (2 തരം) പ്രോത്സാഹിപ്പിക്കുക
2. പരിസ്ഥിതി മലിനീകരണം കുറയ്ക്കുക
3. പാരമ്പര്യേതര ഊർജ്ജ ഉപയോഗം വർദ്ധിപ്പിക്കുക.

## ഗുണഭോക്താക്കൾ

വ്യക്തികൾ, ഗ്രൂപ്പുകൾ, സ്വയംസഹായ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, ഫാർമേഴ്സ് ക്ലബ്ബുകൾ എന്നിവർ.

## നിർവ്വഹണസ്ഥാപനം

ഷെഡ്യൂൾഡ് കമേഴ്സ്യൽ ബാങ്കുകളും ഗ്രാമീണ ബാങ്കുകളും വഴി ഗുണഭോക്താവിന് ലോണും സബ്സിഡി തുകയും ലഭ്യമാക്കുന്നു.

## പ്രവർത്തനങ്ങൾ

1. പ്രോജക്ടാനുമതിക്ക് ഗുണഭോക്താവ് ബാങ്കിന് അപേക്ഷിക്കുന്നു.
2. അംഗീകൃത ഏജൻസിയുമായി എം.ഒ.യു. വയ്ക്കുന്നു.
3. ധനകാര്യ സാങ്കേതിക അനുയോജ്യത പരിശോധിച്ച് ബാങ്കുകൾ പ്രോജക്ട് നബാർഡിന് സമർപ്പിച്ച് സബ്സിഡി ലഭ്യമാക്കുന്നു.
4. സബ്സിഡി ഗുണഭോക്താവിന്റെ അക്കൗണ്ടിൽ റിസർവ്വ് ഫണ്ടായി സൂക്ഷിക്കുന്നു സബ്സിഡി ബാക്ക് എൻഡ് ആയി നല്കുന്നു.
5. ലോക്ക് ഇൻ പിരീഡ് 3 വർഷമാണ്.
6. 3 വർഷം മുമ്പ് ലോൺ തിരിച്ചടച്ചാൽ സബ്സിഡിക്ക് അർഹതയില്ല.
7. റീപേമെന്റ് പിരിഡ് 5 വർഷം
8. മൂന്ന് മാസത്തിനുള്ളിൽ വിനിയോഗ സർട്ടിഫിക്കറ്റ് നബാർഡിന് നൽകണം.

## മോണിറ്ററിംഗ്

സംസ്ഥാനതലത്തിലുള്ള നബാർഡ് രൂപീകരിക്കുന്ന മോണിറ്ററിംഗ് കമ്മിറ്റി സ്കീം നിർവ്വഹണം മോണിറ്റർ ചെയ്യുന്നു. സി.ജി.എം, നബാർഡ്, എം.എൻ.ആർ.ഇ.യ്ക്കു പുറമെ SLBC (സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി) കൺവീനറും ചെയർമാനും അംഗങ്ങളാണ്.

## തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

ഗ്രാമസഭ വഴി വേണ്ട പ്രചാരണം നല്കുക, ആവശ്യക്കാരെ കണ്ടുപിടിച്ച് അപേക്ഷിപ്പിക്കുക, അവബോധം വളർത്തുക, സബ്സിഡിയും ലോണും യഥാസമയം ലഭ്യമാക്കുന്നതിന് ഇടപെടുക, സൗരോർജ്ജ ഉപയോഗം വർദ്ധിപ്പിക്കുവാൻ വേണ്ട അവബോധം നല്കുക.

## പദ്ധതി സംയോജനം

ഊർജ്ജോത്പാദനവുമായി ബന്ധപ്പെട്ട പ്രോജക്ടുകളുമായി മേൽ സ്കീമുകൾ ഏകോപിപ്പിക്കാവുന്നതാണ്, പദ്ധതിരേഖയിൽ വിവരണം നല്കാം, സ്റ്റേറ്റസ് റിപ്പോർട്ടിന്റെ

ഭാഗമാക്കണം.

## 11. പോത്തുവളർത്തൽ പദ്ധതി

**ആമുഖം:**

ഇന്ത്യയിൽ ഏകദേശം 8 ദശലക്ഷം പോത്തുകുട്ടികൾ പ്രതിവര്ഷം പരിചരണമില്ലാതെ കാലിസമ്പത്തിൽ നിന്നും സ്വമേധയാ നീക്കം ചെയ്തുകൊണ്ടിരിക്കുന്നു. അവഗണനയിലൂടെ നഷ്ടപ്പെടുന്ന കാലിസമ്പത്ത് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നപക്ഷം കർഷകർക്ക് തൊഴിലും വരുമനാവുമാക്കി മാറ്റുവാൻ കഴിയുന്നതാണ്. കേരളത്തിൽ മാംസാവശ്യത്തിനാവശ്യമായ വലിയ ഉരുക്കളിൽ 80 ശതമാനത്തിലധികവും അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്നവയാണ്. ആയതിന്റെ ഗുണനിലവാരത്തിൽ പലപ്പോഴും സംശയങ്ങൾക്ക് ഇടയാക്കുന്നു. ഗ്രാമീണ മേഖലയിൽ പോത്തുവളർത്തലിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കേന്ദ്രഗവൺമെന്റ് ധനസഹായത്തോടെ 2010 – 11 സാമ്പത്തിക വർഷം മുതൽ ആവിഷ്കരിച്ച പദ്ധതിയാണിത്.

**ഫണ്ട്**

കേന്ദ്ര സർക്കാർ കൃഷി (മൃഗസംരക്ഷണ വകുപ്പ്) മന്ത്രാലയം മുഖേന നബാർഡിന് ഫണ്ട് ലഭ്യമാക്കുന്നു. നബാർഡിന്റെ സംസ്ഥാനതല ഓഫീസ് മുഖേന ഫണ്ട് ബാങ്കുകൾക്ക് ലഭ്യമാക്കുന്നു. വ്യക്തിഗത യൂണിറ്റുകൾ, വാണിജ്യയൂണിറ്റുകൾ, വ്യവസായ യൂണിറ്റുകൾ എന്നിങ്ങനെ മൂന്ന് തരം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 100 ശതമാനം കേന്ദ്രസഹായം 25 ശതമാനം ധനസഹായം. പൂർണ്ണമായും വായ്പാബന്ധിത പദ്ധതി.

**നിർവ്വഹണ സ്ഥാപനം**

നബാർഡിന്റെ സംസ്ഥാനതല ഓഫീസാണ് ന്ർവ്വഹണ സ്ഥാപനം . ജില്ലാതല ഓഫീസുകൾ പദ്ധതി നിർവ്വഹണത്തിന് സഹായം നൽകുന്നു. വായ്പ നൽകേണ്ട ചുമതല ബാങ്കുകൾക്കാണ്.

**ലക്ഷ്യങ്ങൾ**

1. നഷ്ടപ്പെട്ടുപോകുന്ന പോത്തുകുട്ടികളെ വളർത്തി ഗുണമേൻമയുള്ള മാംസോൽപ്പാദനം പ്രോൽസാഹിപ്പിക്കുക.
2. എല്ല്, തുകൽ, തുടങ്ങിയ ഉപോൽപ്പന്നങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുക.
3. ഗ്രാമീണ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക.

**ഗുണഭോക്താക്കൾ**

കർഷകർ, തൊഴിൽസംരംഭകർ, കമ്പനികൾ, കോർപ്പറേഷനുകൾ, സർക്കാരിതര ഏജൻസികൾ, സ്വാശ്രയസംഘങ്ങൾ സംയുക്തബാധ്യതാസംഘങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവർക്ക് ഗുണഭോക്താക്കൾ ആകുന്നതിന് യോഗ്യതയുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, വനിതകൾ, എന്നിവർക്ക് പദ്ധതിയിൽ മുൻഗണന നൽകും. ഗുണഭോക്താക്കളിൽ കുറഞ്ഞത് 40 ശതമാനമെങ്കിലും മേൽപ്പറഞ്ഞവരായിരിക്കണം.

**ഏറ്റെടുക്കാവുന്ന പ്രവർത്തികളും ധനസഹായനിരക്കും**

| ക്രമ .ന | പ്രോജക്ട് | പരമാവധി യൂണിറ്റ് നിരക്ക് | ധനസഹായം |
|---|---|---|---|
| 01 | വ്യക്തഗത യൂണിറ്റുകൾ (മാതൃക – 1) നിലവിൽ പോത്തുകുട്ടികളെ വളർത്തുന്ന കർഷകർ – ഒന്നുമുതൽ ഒൻപത് വരെ മൃഗങ്ങൾ | 6400 രൂപാ / പോത്തുകുട്ടി (കാലിത്തീറ്റ, മരുന്ന്, രോഗപ്രതിരോധ കുത്തിവയ്പ് | 100 % പലിശരഹിത വായ്പ. ഒരുവർഷം വരെ കാലാവധി. മൂലധന ചെലവുകൾക്ക് പണം അനുവദിക്കുന്നതല്ല. |
| 02 | വാണിജ്യാടിസ്ഥാനത്തിലുള്ള യൂണിറ്റുകൾ ( മാതൃക – 2) പോത്തുകുട്ടികളെ വാങ്ങുന്നതിന് 10 മുതൽ 50 മൃഗങ്ങൾ | 10 പോത്തുകുട്ടികളുടെ യൂണിറ്റിന് 87000 രൂപാ വരെ (മൃഗങ്ങളെ വാങ്ങൽ, കാലിത്തൊഴുത്ത് നിർമ്മാണം, കാലിത്തീറ്റ, തീറ്റപ്പുൽകൃഷി, മരുന്നുകൾ, രോഗപ്രതിരോധകുത്തിവയ്പ്പ്, ഇൻഷ്വറൻസ് മുതലായവ. | 25 % ധനസഹായം അംഗീകൃത മലമ്പ്രദേശങ്ങളിൽ ( 1000 മീറ്റർ സമുദ്ര നിരപ്പിൽ നിന്നും) 33.33 ശതമാനം. 50 മൃഗങ്ങളുടെ യൂണിറ്റിന് പരമാവധി ധനസഹായം 1.09 ലക്ഷം രൂപാ (മലമ്പ്രദേശങ്ങളിൽ 1.45 ലക്ഷം രൂപാ) പലിശ സബ്സിഡി ലഭ്യമല്ല |
| 03 | വ്യവസായാടിസ്ഥാനത്തിലുള്ള യൂണിറ്റുകൾ ( മാതൃക –3) 51 മുതൽ 1000 പോത്തുകുട്ടികളെ വാങ്ങുന്നതിന് | പരമാവധി 83.45 ലക്ഷം രൂപാ 1000 (മൃഗങ്ങളുടെ യൂണിറ്റിന് (മൃഗങ്ങളെ വാങ്ങൽ, കാലിത്തൊഴുത്ത് നിർമ്മാണം, കാലിത്തീറ്റ, തീറ്റപ്പുൽകൃഷി, മരുന്നുകൾ, രോഗപ്രതിരോധകുത്തിവയ്പ്പ്, ഇൻഷ്വറൻസ് മുതലായവ) | 25 % ധനസഹായം അംഗീകൃത മലമ്പ്രദേശങ്ങളിൽ 33.33 ശതമാനം 1000 മൃഗങ്ങളുടെ യൂണിറ്റിന് പരമാവധി ധനസഹായം 20.86 ലക്ഷം രൂപാ. ( മലമ്പ്രദേശങ്ങളിൽ 27.81 ലക്ഷം രൂപാ ഇതോടൊപ്പം പലിശ സബ്സിഡി ലഭ്യമല്ല. |

മേൽപ്പറഞ്ഞ ധനസഹായത്തോടൊപ്പം പ്രോജക്ടുമായി ബന്ധപ്പെട്ട ഗുണഭോക്തൃ പരിശീലനം, പ്രചരണം, സ്ഥിതി വിവര കണക്കുകളുടെ ശേഖരണം, മോണിറ്ററിംഗ് എന്നിവയ്ക്കും ധനസഹായം ലഭ്യമാണ്. മലമ്പ്രദേശങ്ങൾ എന്നത് സമുദ്രനിരപ്പിൽ നിന്നും ശരാശരി 1000 മീറ്റർ ഉയരമുള്ള പ്രദേശം എന്നാകുന്നു.

**പ്രവത്തനങ്ങൾ**

വിവിധ ഏജൻസികളുടെ സഹായത്തോടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. വിശദമായ പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ ബാങ്കുകളുടെ നിബന്ധനയനുസരിച്ച് വായ്പ ലഭ്യമാക്കുന്നു. വായ്പ ഉപയോഗിച്ച് ഉരുക്കളെ വളർത്തുന്നു. വ്യക്തിഗത യൂണിറ്റുകൾ മുതലും പലിശയും അടയ്ക്കുന്നു. ബമാങ്കുകൾ നബാർഡിലേക്ക് ധനസഹായം അനുവദിക്കുന്നു. ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ധനസഹായം വരവ് വയ്ക്കുന്നു. ഗുണഭോക്താവ് നിയമപരമായ നിബന്ധനകൾ പാലിക്കുന്നു.

വാണിജ്യ - വ്യവസായ യൂണിറ്റുകൾക്ക് വിശദമായ പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ ബാങ്കുകളുടെ മാനദണ്ഡ പ്രകാരം വായ്പ ലഭ്യമാക്കുന്നു. ഒന്നാം വായ്പാ ഗഡു അനുവദിച്ചുകഴിഞ്ഞാൽ ബാങ്കുകൾ ധനസഹായത്തിനായി നബാർഡിന്റെ സംസ്ഥാനതല ഓഫീസിലേക്ക് അപേക്ഷിക്കുന്നു. വാണിജ്യയൂണിറ്റുകൾക്ക് സബ്സിഡി തുക പൂർണ്ണമായും വ്യവസായ യൂണിറ്റുകൾക്ക് 50 ശതമാനവും അനുവദിക്കുന്നു. വ്യവസായ യൂണിറ്റുകൾക്ക് പൂർത്തീകരണത്തിനുശേഷം ബാക്കി ധനസഹായം അനുവദിക്കും. വ്യക്തിഗത യൂണിറ്റുകൾക്ക് 1 വർഷവും വാണിജ്യവ്യസായ യൂണിറ്റുകൾക്ക് 6 വർഷവും വായ്പാ തിരിച്ചടവ് കാലാവധി. 3 വർഷത്തിലേക്ക് ഇൻ പിരീയഡ്.

### നിർവ്വഹണ – മോണിറ്ററിംഗ് സംവിധാനങ്ങൾ

നബാർഡിന്റെ ആഭിമുഖ്യത്തിലുള്ള സംസ്ഥാനതല അംഗീകാര - മോണിറ്ററിംഗ് സമിതിയാണ് ( SLSMC) പ്രോജക്ടുകളുടെ അംഗീകാരം നൽകുന്നതും മോണിറ്ററിംഗിന്റെ ചുമതലയും നിർവ്വഹിക്കുന്നത്.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉൽപ്പാദനമേഖലയിൽ വളരെയേറെ ഉപയോഗിക്കാവുന്ന ഒരു പ്രോജക്ടാണിത്. വർക്കിംഗ് ഗ്രൂപ്പുകളിൽ ചർച്ചചെയ്ത് പദ്ധതിയിൽ ഉൾപ്പെടുത്തി മാംസോൽപ്പാദനത്തിനായി മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ പദ്ധതി നടപ്പിലാക്കാം. വനിതാഘടക പദ്ധതി, പട്ടിക വർഗ്ഗ ഉപപദ്ധതി, പട്ടികജാതി വികസന പദ്ധതി എന്നീ മേഖലകളിലും തൊഴിൽ വരുമാന വർദ്ധനവിന് ഉപയോഗപ്പെടുത്താം. വികസനകാര്യ സ്റ്റാൻഇംഗ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ ബാങ്കുകളുമായി ചർച്ച ചെയ്ത് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കാം. പ്രാദേശികമായി മേൽപ്പറഞ്ഞ സമിതികൾക്ക് മോണിറ്ററിംഗിന്റെ ചുമതലയും നിർവ്വഹിക്കാം. ഇപ്രകാരം ചെയ്യുന്നപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താം.

### പദ്ധതി സംയോജന സാധ്യതകൾ

തീറ്റപ്പുൽകൃഷി, കാലിത്തീറ്റ നിർമ്മാണം, കാലിത്തൊഴുത്ത് നിർമ്മാണം, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, അറവുശാലകളുടെ മുൻ -പിൻ ബന്ധം ഉറപ്പാക്കുന്നതിനും പോത്തുവളർത്തൽ പദ്ധതി ഉപയോഗപ്പെടുത്താവുന്നതാണ്. കൂടാതെ മൃഗസംരക്ഷണ വകുപ്പ്, തൊഴിൽ വകുപ്പ്, വ്യവസായ വകുപ്പ് എന്നിവയുടെ പദ്ധതികളുമായും സംയോജിപ്പിക്കാം.

## Eligible activities

The activities eligible for under RIDF are approved by GoI, Ministry of Finance every year. The following activities are covered under RIDF:

1. Rural Roads
2. Rurual Bridges
3. Minor Irrigation Projects/ Micro Irrigation
4. Soil Conservation
5. Flood Protection
6. Watershed Development/Reclamation of waterlogged areas
7. Drainage
8. Forest Development

9. Market Yard/Godown, Apna Mandi, Rural Haats and Other Marketing Infrastructure
10. Cold Storage, Public or Joint sector cold storage at various exit points
11. Seed/Agriculture/Horticulture Farms
12. Plantation and Horticulture
13. Grading and Certifying mechanism such as testing and certifying labouratories etc.
14. Community irrigation wells of irrigation purposes for the village as whole;
15. Fishing harbour/jetties;
16. Riverine Fisheries
17. Animal Huxbandry
18. Modern Abattoir
19. Medium Irrigation Projects
20. Mini Hydel Projects/Small Hydel Projects (upto 10 MW)
21. Major Irrigation Projects (already sanctioned and under execution)
22. Village Knowledge Centres
23. Desalination plants in Coastal areas
24. Infrastructure for Information Technology in rural areas
25. Drinking water
26. Infrastructure for Rural Eduction Institution
27. Public Health Institutions
28. Construction of toilets blocks in existing schools, specially for girls
29. "Pay & Use" toilets in rural areas
30. Construction of Anganwadi Centres
31. Setting up of KVIC industrial estates/centres.

************************

CHAPTER

# X



# ആരോഗ്യം

# X. ആരോഗ്യം

## I. വാർഡ്തല ശുചിത്വ പോഷക കമ്മിറ്റി

**ആമുഖം.**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ സഹായത്തോടെ ഇടപെടലോടെ ആരോഗ്യപ്രവർത്തനങ്ങൾ എൻ.ആർ.എച്ച്.എം ഫണ്ട് പ്രയോജനപ്പെടുത്തി വാർഡുകൾ മുതൽ പ്രാവർത്തികമാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പരിപാടിയാണ് വാർഡ്തല ശുചിത്വ പോഷക കമ്മിറ്റി, ഓരോ വാർഡ്തല ശുചിത്വ പോഷകകമ്മിറ്റിയെ സംബന്ധിച്ചും അതാത് വാർഡ് ചെയർമാനും ആരോഗ്യപ്രവർത്തകൻ/പ്രവർത്തക കൺവീനറുമായിട്ടുള്ള സമിതിയാണ്.

**ഫണ്ട്.**

പ്രതിവർഷം 10.000 രൂപയാണ് ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം മുഖേന ഓരോ വാർഡ് തല ശുചിത്വപോഷക കമ്മിറ്റിക്കും നൽകുന്നത്.

**നിർവ്വഹണസ്ഥാപനം :**

വാർഡ്തലം

**ലക്ഷ്യങ്ങൾ**

പ്രധാനമായും ഉറവിട നശീകരണം, വാർഡ്തല പോഷക ദിനങ്ങൾ അത്യവശ്യഘട്ടങ്ങളിൽ റഫൽ സംവിധാനത്തിലുള്ള ധനസഹായം, കൺവീനറുടെ ഫോൺ അലവൻസ്, ഊർജ്ജിത പകർച്ചവ്യാധി നിയന്ത്രണത്തിനുള്ള അടിയന്തിര നടപടികൾ തുടങ്ങിയ കാര്യങ്ങൾക്കാണ് ടി ഫണ്ട് വിനിയോഗിക്കപ്പെടുന്നത്.

**ഗുണഭോക്താക്കൾ :**

വാർഡിലെ മുഴുവൻ താമസക്കാരും

**പ്രവർത്തനങ്ങൾ**

ഓരോ വാർഡ്തല ശുചിത്വ പോഷക കമ്മിറ്റിയെ സംബന്ധിച്ചും അതാത് വാർഡ് ചെയർമാനും ആരോഗ്യപ്രവർത്തകൻ/പ്രവർത്തക കൺവീനറായിട്ടുള്ള സമിതിയാണ്. പ്രതിവർഷം 10,000 രൂപയാണ് ദേശീയ ഗ്രാമീണ ആരോഗ്യദൗത്യം മുഖേന ഓരോ വാർഡതല ശുചിത്വ പോഷകകമ്മിറ്റിക്കും നൽകുന്നത്. വാർഡിലെ മുഴുവൻ താമസക്കാർക്കും ഇതിന്റെ ഫലം ലഭ്യമാകുന്ന രീതിയിലാണ് ഈ ഫണ്ട് വിനിയോഗിക്കുന്നത്. പ്രധാനമായും ഉറവിടനശീകരണം, വാർഡ്തല പോഷകദിനങ്ങൾ, അത്യാവശ്യഘട്ടങ്ങളിൽ റഫൽ സംവിധാനത്തിനുള്ള ധനസഹായം, കൺവീനറുടെ ഫോൺ അലവൻസ്, ഊർജ്ജിത പകർച്ചവ്യാധി നിയന്ത്രണത്തിനുള്ള അടിയന്തിര നടപടികൾ തുടങ്ങിയ കാര്യങ്ങൾക്കാണ് ടി ഫണ്ട് വിനിയോഗിയ്ക്കപ്പെടുന്നത്.

**നിർവ്വഹണ സംവിധാനങ്ങൾ**

ഫണ്ടുകളുടെ വിനിയോഗം അതാത് വാർഡ്തല പോഷകശുചിത്വ സമിതികളുടെ

തീരുമാനപ്രകാരം മാത്രമെ നടക്കുകയുള്ളു.

**തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്**

1. കൃത്യമായ ഇടവേളകളിൽ വാർഡതല സമിതികൾ ചേരുന്നതിനു ലഭ്യമായിട്ടുള്ള ഫണ്ട് സമയബന്ധിതമായി ചിലവഴിയ്ക്കുന്നതിനുള്ള മുൻഗണന നിശ്ചയിക്കുന്നതിനും വാർഡ് മെമ്പർമാർ തയ്യാറാകണം.
2. വാർഡ്തല സമിതികളിലേക്ക് ധനസമാഹരണത്തിനുള്ള ശ്രമം നടത്തണം.
3. ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച് വ്യക്തവും കൃത്യവുമായ വരവുചിലവുകണക്കുകളുടെ വിലയിരുത്തൽ നടത്തണം
4. പകർച്ചവ്യാധി നിയന്ത്രണ പരിപാടികൾക്കായി ഫണ്ട് ചിലവഴിക്കുവാൻ കൺവീനറിന് സ്വതന്ത്ര്യം നൽകണം

**പദ്ധതി സംയോജനസാധ്യതകൾ**

ഓരോ വാർഡിലും ലഭ്യമാകുന്ന വിവിധതരം ഫണ്ടുകളെ സംബന്ധിച്ച് ധാരണയിലെത്തി വിവിധ ആരോഗ്യപരിപാടികൾ ഏകോപിപ്പിക്കുവാൻ കഴിയും.

## II. ആയുഷ് (ആയുർവ്വേദ, യുനാനി, സിദ്ധ, ഹോമിയോ)

**ആമുഖം**

ദേശീയ ഗ്രാമീണ ആരോഗ്യദൗത്യത്തിന്റെ മറ്റൊരു പ്രധാന ചുവടുവെപ്പാണ് ആയുഷ്. ഒരേ മതിൽക്കെട്ടിനുള്ളിൽ വിവിധങ്ങളായ ചികിത്സാരീതികൾ ഏകോപിപ്പിക്കുകയും പൊതുജനത്തിനു താൽപര്യമുള്ള ചികിത്സാശാഖ തെരെഞ്ഞെടുക്കുവാൻ സേവനങ്ങൾ ലഭ്യമാക്കുന്നു.

**നിർവ്വഹണ സ്ഥാപനം :**

പഞ്ചായത്ത്

**ലക്ഷ്യങ്ങൾ**

ഒരേ മതിൽക്കെട്ടിനുള്ളിൽ വിവിധങ്ങളായ ചികിത്സാരീതികൽ ഏകോപിപ്പിക്കുകയും പൊതുജനത്തിന് താൽപര്യമുള്ള ചികിത്സാശാഖ തെരെഞ്ഞെടുക്കുവാൻ സേവനങ്ങൾ ലഭ്യമാക്കുന്നു

**ഗുണഭോക്താക്കൾ :**

പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും

**പ്രവർത്തനങ്ങൾ**

ഓരോ ഗ്രാമപഞ്ചായത്തുകളും പ്രസ്തുത പഞ്ചായത്തിൽ നിലവിൽ ലഭ്യമല്ലാത്ത ചികിത്സാശാഖ ആരംഭിയ്ക്കുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യം ഏകോപിച്ചശേഷം അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ദേശീയഗ്രാമീണ ആരോഗ്യദൗത്യം മുഖേന ഡോക്ടറുടെ സേവനം ലഭ്യമാകുന്നതോടൊപ്പം മരുന്നും ലഭ്യമാക്കുന്നു. ആശുപത്രികളിൽ ഡോക്ടറെ

സഹായിക്കുന്നതിനും മരുന്ന് വിതരണം ചെയ്യുന്നതിനും ഉള്ള ജീവനക്കാരെ തദ്ദേശസ്വയംഭരണസ്ഥാപനം വഴി നൽകേണ്ടതാണ്.

**നിർവ്വഹണ സംവിധാനങ്ങൾ :**

പഞ്ചായത്ത്/മുനിസിപ്പാലിറ്റി

**തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്**

1. ഡിസ്പെൻസറിയ്ക്ക് അടിസ്ഥാന സൗകര്യം ഒരുക്കുക.
2. തുടർച്ചയായ മരുന്നിന്റെ ലഭ്യത ഉറപ്പാക്കുക.
3. ജീവനക്കാരെ നിയമിക്കുക, വേതനം ലഭ്യമാക്കുക.
4. ആവർത്തന ചിലവുകൾ ലഭ്യമാക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കൽ.

**പദ്ധതി സംയോജനത്തിന്റെ സാധ്യതകൾ**

1. ഔഷധി വഴി മരുന്ന് ലഭ്യമാക്കുന്നുണ്ടെങ്കിലും ഓരോ പഞ്ചായത്തിന്റെയും ആവ്യക്തതയ്ക്കനുസരിച്ച് ഇടതടവില്ലാതെ മരുന്ന് ലഭ്യമാക്കുന്നതിനു സംയോജിത പ്രവർത്തനം അത്യാവശ്യമാണ്.
2. സംയോജിത പ്രവർത്തനം വഴി ആയുഷ് ആശുപത്രികളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുവൻ കഴിയും.

## III. വിദ്യാലയ ആരോഗ്യ പരിപാടി, കൗമാര പ്രജനന ആരോഗ്യ പരിപാടി

**ആമുഖം**

വിദ്യാലയ ആരോഗ്യപരിപാടിയും കൗമാര പ്രജനന ആരോഗ്യ പരിപാടിയും ദേശീയ ഗ്രാമീണ ആരോഗ്യദൗത്യത്തിന്റെ കുടക്കീഴിൽ ആരോഗ്യവകുപ്പിന്റെയും തദ്ദേശസ്വയംഭരണവകുപ്പിന്റെയും കൂട്ടായരീതിയിൽ നടപ്പാക്കുന്നതിനായി വിഭാവനം ചെയതിരിക്കുന്നു.

**ഫണ്ട്**

പ്രോജക്ട് അംഗീകരിച്ച് എല്ലാവർക്കും നിശ്ചിത ഫണ്ട് വിദ്യാലയ ആരോഗ്യ പരിപാടിക്ക് പദ്ധതിയുടെ നടത്തിപ്പിനായി നൽകുന്നു. കൗമാര പ്രജനന ആരോഗ്യ പരിപാടിയുടെ ഭാഗമായി സ്കൂൾ കോളേജുകൾ  കേന്ദ്രീകരിച്ച് കൗമാര ക്ലബ്ബുകൾ സംഘടിപ്പിക്കുന്നതിനുള്ള ഫണ്ടും എൻ.ആർ.എച്ച്.എം. മുഖേന നൽകിവരുന്നു.

**നിർവ്വഹണസ്ഥാപനം :** തെരെഞ്ഞെടുക്കപ്പെടുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ

**ലക്ഷ്യങ്ങൾ**

മുളയിലെ ആരോഗ്യപ്രശ്നങ്ങളും കൗമാര പ്രശ്നങ്ങളും കണ്ടെത്തി പരിഹരിക്കുവാനുള്ള ശ്രമങ്ങളാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.കുട്ടികളുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിനായുള്ള നിത്യേനയുള്ള പരിശോധനകൾ, മെഡിക്കൽ ക്യാമ്പുകൾ, സ്പെഷ്ലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ ഉപരി പരിശോധനകൾ എല്ലാം തന്നെ മേൽ പരിപാടി വഴി നടപ്പിലാക്കുന്നു.

**ഗുണഭോക്താക്കൾ :**

എൽ.കെ.ജി മുതൽ പ്ലസ് 2 വരെ വിദ്യഭ്യാസത്തിനേർപ്പെട്ടിരിക്കുന്ന സർക്കാർ എയ്ഡഡ് സ്കൂളിലെ വിദ്യാർത്ഥികൾ, സർക്കാർ അർദ്ധ സർക്കാർ കോളേജുകളിലെ കൗമാര പ്രായക്കാർ.

**ഏറ്റെടുക്കാവുന്ന പ്രവർത്തികൾ:**

നിത്യേനയുള്ള പരിശോധനകൾ, മെഡിക്കൽ ക്യാമ്പുകൾ, സ്പെഷലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ, ഉപരിപരിശോധനകൾ,കൗൺസലിംഗ് തുടങ്ങിയവ.

**പ്രവർത്തനങ്ങൾ:**

1. എൽ.കെ.ജി മുതൽ പ്ലസ് 2 വരെയുള്ള വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണത്തിനുവേണ്ടിയാണ് നടപ്പിലാക്കുന്നത്. ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുമായി ബന്ധപ്പെട്ടു സ്ക്കൂളുകളുടെ ലിസ്റ്റ് കിട്ടിയാൽ, 2500 വിദ്യാർത്ഥികൾക്ക് ഒരു ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് എന്ന നിലയ്ക്ക് നിയമിക്കുന്നു.
2. ജില്ലയിലെ കോളേജുകൾ കേന്ദ്രീകരിച്ച് കൗമാര ക്ലബ്ബുകൾ രൂപീകരിക്കുകയും വൈദ്യപരിശോധനയും ആരോഗ്യ പരിരക്ഷയും കൗൺസലിംഗും നൽകുന്നു.

**നിർവ്വഹണ സംവിധാനങ്ങൾ**

ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റി/ജില്ലാ മെഡിക്കൽ ഓഫീസ്/സാമൂഹികാരോഗ്യകേന്ദ്രങ്ങൾ/വിദ്യാലയങ്ങൾ, കോളേജുകൾ.

**തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്**

1. ജെ.പി.എച്ച്.എൻ സ്കൂൾ ഹെൽത്ത് പ്രോഗ്രാമിനുവേണ്ട സ്ക്കൂളിൽ എത്തിക്കഴിഞ്ഞാൽ അവിടുത്തെ അടിസ്ഥാന സൗകര്യങ്ങൽ ഒരുക്കേണ്ട ചുമതല അതാത് പഞ്ചായത്തുകൾക്കുള്ളതാണ്.
2. വിദ്യാലയ ആരോഗ്യപരിപാടി നടത്തിപ്പിന് അനുയോജ്യമായ വിദ്യാലയങ്ങൾ തെരെഞ്ഞെടുക്കുന്നതിന് വിദ്യഭ്യാസ ആരോഗ്യവകുപ്പുകൾക്ക് മാർഗ്ഗനിർദ്ദേശം നൽകുക.
3. വിദ്യലയങ്ങൾക്ക് ടി പരിപാടി നടത്തിപ്പിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
4. പഞ്ചായത്തിന്റെ വിവിധ ശിശു-യുവജന പരിപാടികളുമായി വിദ്യാലയ ആരോഗ്യപരിപാടി ഏകോപിപ്പിക്കുക.
5. കോളേജുകൾ കേന്ദ്രീകരിച്ച് നടത്തുന്ന കൗമാര പ്രജനന ആരോഗ്യ പരിപാടികൾക്ക് വേണ്ടെത്ര സഹായ സഹകരണങ്ങൽ ഉറപ്പുവരുത്തുക.
6. പരിപാടിയുടെ നടത്തിപ്പിനുവേണ്ടിയുള്ള ധനസഹായം പ്രോജക്ട് പ്ലാൻ ചെയ്യുമ്പോൾ ഉറപ്പുവരുത്തുക

**പദ്ധതി സംയോജനസാധ്യതകൾ**

1. നിലവിൽ സ്കൂൾ തെരെഞ്ഞെടുപ്പിൽ പഞ്ചായത്തിന്റെ പങ്ക് ഇല്ലാത്തതിനാൽ അത് കൊണ്ടുവരികയെന്നതാണ് പ്രധാനം
2. നിലവിൽ പഞ്ചായത്തിന്റെ പ്രോജക്ട് തയ്യാറാക്കുമ്പോൾ മേൽ പ്രസ്താവിച്ച രീതിയിലുള്ള സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള പ്ലാനിംഗ് നടത്തുന്നില്ല. അത് മാറി സ്കൂൾ അധികാരികളേയും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരെയും പ്രോജക്ട് തയ്യാറാക്കുമ്പോൾ തന്നെ ഉൾപ്പെടുത്തി തയ്യാറാക്കണം.

3. എൻ.ആർ.എച്ച്.എം വഴി കിട്ടുന്ന ഫണ്ടിന് അനുബന്ധമായി പഞ്ചായത്ത് പ്രോജക്ട് വിഹിതം കരുതണം.
4. ഓരോ ഉദ്ദേശശുദ്ധിയോടെ വിവിധ വകുപ്പുകൾ ഒരേ ഗുണഭോക്താവിനു തന്നെ പദ്ധതി പ്രയോജനം നൽകിയാൽ ഇരട്ടിപ്പ് വരുന്നുണ്ട്. ഇത് ഒഴിവാക്കുന്നതിനുള്ള പ്രാരംഭ നടപടികളും ആവശ്യങ്ങളും.

## IV. രോഗി കല്യാൺ സമിതി (ആർ.കെ.എസ്)

### ആമുഖം

ആരോഗ്യവകുപ്പന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് ആശുപത്രി വികസന സമിതിയെന്നറിയപ്പെട്ടിരുന്നതും എൻ.ആർ.എച്ച്,.എം വിഭാവനം ചെയ്യുന്നതുമായ രോഗി കല്യാൺ സമിതി ആണ്.

### ഫണ്ട്

ആർ.കെ.എസ്സിനു വേണ്ടി പ്രതിവർഷം 1,00,000/- രൂപയാണ് എൻ.ആർ.എച്ച്.എം വഴി ലഭ്യമാക്കുന്നത്.

### നിർവ്വഹണ സ്ഥാപനം

തദ്ദേശസ്വയംഭരണസ്ഥാപനവും അതാത് ആരോഗ്യസ്ഥാപനവും ആണ് പദ്ധതിയുടെ നിർവ്വഹണ സ്ഥാപനങ്ങൾ

### ലക്ഷ്യങ്ങൾ:

ഫലവത്തായ രോഗനിയന്ത്രണ ചികിത്സാസംവിധാനങ്ങൾ ഒരുക്കുകയെന്നുള്ളതാണ് ആർ.കെ.എസ്സിന്റെ ലക്ഷ്യം.

### ഗുണഭോക്താക്കൾ:

അതാത് ആരോഗ്യസ്ഥാപനത്തെ ആശ്രയിക്കുന്ന പൊതുജനങ്ങൾ.

### പ്രവർത്തനങ്ങൾ

1. ആരോഗ്യസ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനു മൂന്ന് മാസം കൂടുമ്പോഴോ ആവശ്യാനുസരണമോ യോഗം ചേർന്ന് തീരുമാനങ്ങൾ എടുക്കുന്നു.
2. ആരോഗ്യസ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ , അറ്റകുറ്റപണികൾ, വാഹനങ്ങളും ഉപകരണങ്ങളും, ജലവിതരണം, വൈദ്യുതീകരണം, ശുചീകരണം, രോഗികൾക്ക് നൽകുന്ന സൗകര്യങ്ങൾ, മാതൃശിശുസംരക്ഷണം, പ്രദേശിക ആരോഗ്യ പരിപാടികൾ എന്നിവയ്ക്ക് മേൽനോട്ടം നൽകുന്നു.
3. ആരോഗ്യസ്ഥാപനങ്ങളിൽ പൊതു അത്യാവശ്യസൗകര്യങ്ങൾ, ആശുപത്രി ചികിത്സക്കും പരിചരണത്തിനും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾ എന്നിവ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു.
4. ദൈനംദിന പ്രവർത്തനങ്ങളെ നിയന്ത്രണം വഴി ഫലവത്തായ രോഗനിയന്ത്രണ ചികിത്സാസംവിധാനങ്ങൾ ഒരുക്കുക.
5. ധനവിനിയോഗത്തെക്കുറിച്ചുള്ള മുൻഗണനാക്രമത്തിൽ തീരുമാനം എടുക്കുന്നത്

സാധ്യമാകുന്നു.

6. പകർച്ചവ്യാധികൾ വ്യാപിക്കുമ്പോഴോ മരുന്നുകളുടെ ലഭ്യത കുയുമ്പോഴോ അടിയന്തിരമായി രോഗി കല്യാൺ സമിതി വഴി ബദൽ സംവിധാനം ഒരുക്കുക.
7. അടിയന്തിരഘട്ടങ്ങളിൽ ആരോഗ്യസംബന്ധമായ പരിപാടികൾ നടപ്പിലാക്കുന്നതിനു തീരുമാനങ്ങൾ എടുക്കുകയും പരിപാടികൾ പ്രാവർത്തികമായി എന്ന് ഉറപ്പാക്കുക.

### നിർവ്വഹണ സംവിധാനങ്ങൾ

ഓരോ രോഗി കല്യാൺ സമിതിയിലും തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പ്രസിഡണ്ട് ചെയർപേഴ്സൺ ആയിരിക്കും. അതാത് ആരോഗ്യസ്ഥാപനത്തിന്റെ മെഡിക്കൽ ഓഫീസർ/സൂപ്രണ്ട് ആയിരിക്കും കൺവീനർ. വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും ഉദ്യോഗ പ്രതിനിധികളും അടങ്ങുന്ന രോഗി കല്യാൺ സമിതിയാണ് ആശുപത്രിയെയും രോഗാതുരതയെയും സംബന്ധിച്ച വിശദമായ തീരുമാനം എടുക്കുന്നത്.

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

1. സമയബന്ധിതമായി ജനങ്ങൾക്ക് പ്രയോജനം ലഭിയ്ക്കുമെന്ന് ഉറപ്പുള്ള തീരുമാനങ്ങൾ എടുക്കുന്നതിന് മെഡിക്കൽ ഓഫീസറെ സഹായിക്കുന്നത് എച്ച്.എം.സി/ആർ.കെ.എസ്സ് ചെയർപേഴ്സനും മെമ്പേഴ്സും ആണ്.
2. ആർ.കെ.എസ്സിനുവേണ്ടി പ്രതിവർഷം 1,00,000/- രൂപയാണ് എൻ.ആർ.എച്ച്.എം. വഴി ലഭ്യമാക്കുന്നത്. ഈ ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗത്തിന് മെഡിക്കൽ ഓഫീസർക്ക് മുൻഗണനാക്രമത്തിൽ തീരുമാനമെടുക്കാനുള്ള നിർദ്ദേശങ്ങൾ നൽകാനുള്ള ഉത്തരവാദിത്വം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രതിനിധികൾക്ക് ഉണ്ട്.
3. പകർച്ചവ്യാധികൾ വ്യാപിക്കുമ്പോഴോ മരുന്നുകളുടെ ലഭ്യത കുറയുമ്പോഴോ അടിയന്തിരമായി രോഗി കല്യാൺ സമിതി വഴി ബദൽ സംവിധാനം ഒരുക്കേണ്ടത് രോഗി കല്യാൺ സമിതിയുടെ ചുമതലയാണ്.
4. തദ്ദേശസ്വയംഭരണസ്ഥാപന പദ്ധതികളുടെ പ്രാരംഭ ചർച്ചകൾ മുതൽ തന്നെ നടപ്പിലാക്കുന്ന അധികാരിയായ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിലുള്ള ആരോഗ്യപരമായ പദ്ധതികൾക്ക് മുൻഗണന ഉറപ്പാക്കുന്നതിന് ശ്രദ്ധിക്കുകയും ടി പദ്ധതികൾ പഞ്ചായത്തിന്റെ പദ്ധതിരേഖയിൽ ഉൾപ്പെടുത്തുകയും വേണം.

### പദ്ധതി സംയോജന സാധ്യതകൾ

1. എച്ച്.എം.സി/ആർ.കെ.എസ് നെ സംബന്ധിച്ച് എൻ.ആർ.എച്ച്.എം. പദ്ധതി പ്രകാരം ലഭ്യമാക്കുന്ന 1,00,000/- നു പുറമെ ഫണ്ട് കണ്ടെത്തുന്നതിനുള്ള സാധ്യതകൾ ഉണ്ട്. ഈ വഴികൾ വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താവുന്നതാണ്.
2. എച്ച്.എം.സി/ആർ.കെ.എസ്സ് വഴി ഏതൊക്കെ അടിസ്ഥാന സൗരൃകര്യങ്ങളാണ് ഒരുക്കുന്നത് എന്ന് മനസ്സിലാക്കി പോരായ്മകൾ നിവർത്തിക്കുവാനുള്ള പദ്ധതി ആസൂത്രണം വേണം.
3. വർക്കിംഗ് ഗ്രൂപ്പുകളിൽ എല്ലാം തന്നെ മേൽ പദ്ധതിയെ സംബന്ധിച്ച് ചർച്ച ചെയ്യേണ്ടതുണ്ട്.
4. ഗ്രാമസഭകളിൽ  മേൽ പദ്ധതിയെ സംബന്ധിച്ച് ചർച്ച ചെയ്യേണ്ടതുണ്ട്.

## V. ജീവിതശൈലി രോഗനിർണ്ണയ നിയന്ത്രണ പരിപാടി (എൻ.സി.ഡി.സി.പി)

## ആമുഖം

ദേശീയ ഗ്രാമീണ ആരോഗ്യദൗത്യത്തിന്റെ പദ്ധതി പ്രകാരം വിഭാവനം ചെയ്ത് നടത്തിവരുന്ന വളരെ പ്രധാനപ്പെട്ട പരിപാടിയാണ് ജീവിതശൈലി രോഗനിയന്ത്രണ പരിപാടി

## ഫണ്ട്

എല്ലാ എൻ.ആർ.എച്ച്.എം. പരിപാടിയും പോലെ 80 % കേന്ദ്രവിഹിതവും 20% സംസ്ഥാനവിഹിതവുമാണ് ഈ പരിപാടിയുടെ നടത്തിപ്പിനായുള്ള ഫണ്ട്.

## നിർവ്വഹണ സ്ഥാപനം

ജില്ലാ ആരോഗ്യക്ഷേമ സൊസൈറ്റി/ജില്ലാ മെഡിക്കൽ ഓഫീസ്/സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ/പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ/തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ.

## ലക്ഷ്യങ്ങൾ

താഴെ തലത്തിലുള്ള കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ മുതൽ മേലേതലത്തിലുള്ള ജില്ലാ ആശുപത്രിവരെ നീണ്ടുകിടക്കുന്ന വിവിധങ്ങളായ ചികിത്സാ പരിശോധന സംവിധാനങ്ങളാണ് ഈ പരിപാടിയുടെ ഘട്ടങ്ങൾ. സബ്ബ്സെന്റർ തലത്തിൽ 30 വയസ്സിനുമേൽ പ്രായമുള്ള എല്ലാ വ്യക്തികളേയും ലിംഗവ്യതിയാനം ഇല്ലാതെ ഏതെങ്കിലും തരത്തിലുള്ള ജീവിതശൈലി രോഗത്തിന്റെ പിടിയാണോ എന്നുള്ളത് മുൻകൂട്ടി തിരിച്ചറിയുക എന്നുള്ളതും രോഗത്തിനടിമപ്പെട്ടാൽ ചികിത്സ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം.

## ഗുണഭോക്താക്കൾ

കുടുംബക്ഷേമ ഉപകേന്ദങ്ങളെയും മറ്റു ആരോഗ്യസ്ഥാപനങ്ങളെയും ആശ്രയിക്കുന്ന ജനങ്ങൾ പ്രത്യേകിച്ച് ജീവിതശൈലിരോഗ സാധ്യത കൂടുതലുള്ള വിഭാഗം.

## പ്രവർത്തനങ്ങൾ

പദ്ധതി വഴി എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും എല്ലാ വ്യാഴാഴ്ച്ചകളിലും എൻ.സി.ഡി.ഒ.പി പ്രത്യേകം നടത്തുന്നതിനു നിർദ്ദേശം ഉണ്ട്. എല്ലാ സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും ജീവിതശൈലി രോഗനിയന്ത്രണ പരിപാടിയുടെ ഭാഗമായി പ്രത്യേക ടീമിനെ (ഡോക്ടർ, സ്റ്റാഫ് നേഴ്സ്, കൗൺസിലർ) നിയമിച്ചിട്ടുണ്ട്. ആഴ്ച്ചയിൽ ആറു ദിവസങ്ങളിൽ എൻ.സി.ഡി.ഒ.പി. നടത്തുകയാണ് ടീം ചെയ്യുന്നത്. ജില്ലാ ആശുപത്രിയിലും വിവിധങ്ങളായ ചികിത്സാ സംവിധാനങ്ങൾ ഒരുക്കുന്നുണ്ട്. ഈ പരിപാടിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി ലാബോറട്ടറി സംവിധാനം മെച്ചപ്പെടുത്തുന്നതിനും, ആവശ്യമായ മരുന്നുകൾ ഉറപ്പുവരുത്തുന്നതിനും ഫണ്ട് വിനിയോഗിയ്ക്കപ്പെടുന്നു. രോഗനിർണ്ണയക്യാമ്പുകൾ, ക്ലീനിക്കുകൾ, ചികിത്സാ സംവിധാനങ്ങൾ, കൗൺസലിംഗ് സൗകര്യങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു.

## നിർവ്വഹണ സംവിധാനങ്ങൾ

ജില്ലാ ആരോഗ്യകുടുംബക്ഷേമ സൊസൈറ്റി/ജില്ലാ മെഡിക്കൽ ഓഫീസ്/സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ/ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ

## തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

1. മേൽപ്പറഞ്ഞ ജീവിതശൈലി രോഗനിർണ്ണയ നിയന്ത്രണപരിപാടിയുടെ ഫലപ്രാപ്തി

മരുന്നുകളുടെ ഇടതടവില്ലാതുള്ള ലഭ്യത അനുസരിച്ചാണ്. ടി കാര്യത്തിൽ പഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റിയുടേയും വ്യക്തമായ ആസൂത്രണവും നടത്തിപ്പും ആവശ്യമാണ്.

2. ലാബോറട്ടറി സംവിധാനങ്ങളുണ്ടെങ്കിൽതന്നെയും ആവർത്തന ചിലവുകൾക്ക് ഫണ്ട് വകയിരുത്തേണ്ടത് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പരമമായ ഉത്തരവാദിത്വമാണ്.
3. പ്രോജക്ട് ആസൂത്രണത്തിന്റെ സമയത്ത് തന്നെ അതാത് മെഡിക്കൽ ഓഫീസറെ ഉൾപ്പെടുത്തി മേൽപ്രസ്താവിച്ചിട്ടുള്ള പരിപാടി നടത്തിപ്പിനാവശ്യമായ നിർദ്ദേശങ്ങൾ ആരായുകയും ആവർത്തനചിലവുകൾക്ക് അനുസൃതമായി തുക വിലയിരുത്തുകയും ചെയ്യേണ്ടതാണ്.
4. ഗ്രാമസഭകളിൽ മേൽ പദ്ധതിയെ സംബന്ധിച്ച് ചർച്ച ചെയ്യേണ്ടതുണ്ട്.

### പദ്ധതി സംയോജനസാധ്യതകൾ

ലാബോറട്ടറി ഏജന്റ്സ് വാങ്ങുന്നതിനും/കെ.എം.സി.എൽ.ലിൽ നിന്നും ലഭ്യമാകുന്ന മരുന്നുകൾക്ക് പുറമെ ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനും ആവശ്യമായ തുക തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി വഴി വരുന്നതാണ് അനുയോജ്യമായ നടപടി.

## VI. അംഗീകൃത സാമൂഹ്യആരോഗ്യപ്രവർത്തക (ASHA)

### ആമുഖം

ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി ഒരു പ്രാധാനപ്പെട്ട ചുവടുവെപ്പാണ് ആശപ്രവർത്തകരുടെ വരവ്. നിലവിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രം ഏകദേശം മുപ്പതിനായിരം ജനങ്ങൾക്ക് സേവനവും ജെ.പി.എച്ച്.എൻ/ജെ.എച്ച്.ഐ പ്രവർത്തിക്കുന്ന കുടുംബക്ഷേമ ഉപകേന്ദ്രം ഏകദേശം 5000 മുതൽ 8000 വരെയുള്ള ജനസംഖ്യയ്ക്കാണ് സേവനം നൽകി വരുന്നത്. എന്നാൽ മേൽപറഞ്ഞ ഉദ്യോഗവൃന്ദത്തിനു ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും സന്ദേശങ്ങളും ഗുണഭോക്താക്കളിലേക്ക് സമയബന്ധിതമായി എത്തിക്കുവാൻ കഴിയാതിരുന്ന അവസ്ഥാ വിശേഷത്തിലാണ് ആരോഗ്യ പ്രവർത്തകർ ആരോഗ്യരംഗത്തേയ്ക്ക് ഒരു പുതിയ മുതൽക്കൂട്ടായി എത്തുന്നത്.

### ഫണ്ട്

ആശപ്രവർത്തകരെ സംബന്ധിച്ച് പ്രവർത്തനത്തിനനുബന്ധമായ ആനുകൂല്യത്തിനു പുറമെ പ്രതിമാസം 600 രൂപ ഹോണറേറിയം നിബന്ധനകൾക്ക് വിധേയമായി നൽകി വരുന്നു.

### നിർവ്വഹണസ്ഥാപനം

അതാത് പഞ്ചായത്ത് പ്രസിഡന്റും, വാർഡ് മെമ്പറും ( ഏത് വാർഡിലേയ്ക്കാണോ തെരെഞ്ഞെടുപ്പു നടക്കുന്നത്) ആ പഞ്ചായത്തിലെ ആരോഗ്യസ്ഥാപനത്തിന്റെ മേധാവിയും ആ വാർഡിലെ ആരോഗ്യപ്രവർത്തകരും ചേരുന്ന തെരെഞ്ഞെടുപ്പുകമ്മിറ്റിയാണ് ആശപ്രവർത്തകരെ തെരെഞ്ഞെടുക്കുന്നത്. ടി ആശപ്രവർത്തകയെ ഒഴിവാക്കുന്നതും ടി തെരെഞ്ഞെടുപ്പുക്കമ്മിറ്റി തന്നെയായിരിക്കും.

### ലക്ഷ്യങ്ങൾ

ആരോഗ്യസേവനങ്ങൾക്കായി ബുദ്ധിമുട്ടുന്ന ജനവിഭാഗങ്ങളുടെ, പ്രത്യേകിച്ചും

സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യസംബന്ധമായ ആവശ്യങ്ങൾ അവരുടെ പടിവാതിക്കൽ എത്തിച്ചു നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

### ഗുണഭോക്താക്കൾ

പൊതുജനങ്ങളും പ്രത്യേകമായി പട്ടികജാതി/പട്ടികവർഗ മേഖലകൾ, തീരദേശപ്രദേശങ്ങൾ, പട്ടണങ്ങളിലെ ചേരി പ്രദേശങ്ങൾ എന്നിവിടങ്ങളിലെ നിവാസികൾ.

### പ്രവർത്തനങ്ങൾ

1. മാതൃ-ശിശുസംരക്ഷണം ഉറപ്പാക്കുക, പ്രാഥമിക വൈദ്യസഹായം എത്തിക്കുക, പകർച്ചവ്യാധികൾ തടയുന്നതിന് നടപടികൾ സ്വീകരിക്കുക, അനുബന്ധ സ്ഥാപനങ്ങളുമായി ചേർന്ന് താഴെത്തട്ടിലുള്ളവർക്ക് സേവനം ഉറപ്പാക്കുന്നു. ജീവിതശൈലീ രോഗങ്ങൾ, സാന്ത്വന ശുശ്രൂഷ, സാമൂഹിക പങ്കാളിത്തത്തോടെയുള്ള മാനസികാരോഗ്യപരിപാടി തുടങ്ങിയവയിലേക്കു കൂടി വ്യാപിപ്പിച്ചു.
2. ഗൃഹസന്ദർശനത്തിലുടെ എല്ലാ ജനങ്ങളുമായും നല്ല ബന്ധം സ്ഥാപിക്കുകയും ദരിദ്ര പിന്നോക്ക ജനവിഭാഗങ്ങളുടെ വീടുകൾ നിർബന്ധമായും സന്ദർശിക്കുകയും ചെയ്യുന്നു.
3. ഗർഭിണികളെ കണ്ടെത്തി ഗർഭകാല രജിസ്ട്രേഷൻ, പ്രാഥമിക പരിശോധന, തുടർപരിശോധന, ഗർഭകാല പ്രസാവനന്തര പരിചരണം ഇവ ഉറപ്പുവരുത്തുക.
4. പ്രതിരോധ വാക്സിൻ നൽകേണ്ട കുട്ടികളുടെ പട്ടിക തയ്യാറാക്കുകയും ഇടയ്ക്ക് വച്ച് മുടക്കം വരുത്തിയവരുടെയും, കൃത്യമായി വാക്സിൻ സ്വീകരികാത്തവരുടെയും പട്ടിക പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കുകയും കുത്തിവെപ്പിനായി പ്രേരിപ്പിക്കുകയും ചെയ്യുന്നു.
5. കുടുംബക്ഷേമ കുടുംബാരോഗ്യ സേവനങ്ങൾ സ്വീകരിക്കുവാൻ അർഹരായ ദമ്പതികളെ പ്രോത്സാഹിപ്പിക്കുക.
6. തിമിര ശാസ്ത്രക്രിയയ്ക്ക് ഗുണഭോക്താക്കളെ കണ്ടെത്തി ശസ്ത്രക്രിയയ്ക്ക് അയക്കുക.
7. ഡോട്സ് പ്രൊവൈഡർ ആയി പ്രവർത്തിക്കുക.
8. വാർഡ്തല ആരോഗ്യ പോഷക ദിനങ്ങൾ സംഘടിപ്പിക്കുമ്പോൾ ജനങ്ങളെ പരിപാടിയിൽ പങ്കെടുക്കാൻ പ്രേരിപ്പിക്കുന്നു.
9. ബോധവത്കരണ മറ്റ് പ്രാദേശിക പരിപാടികളിലും പകർച്ചവ്യാധി/ജീവിതശൈലി പരിപാടികളിൽ പങ്കെടുക്കുന്നു.

### നിർവ്വഹണ സംവിധാനങ്ങൾ

ജില്ലാ ആരോഗ്യകുടുംബക്ഷേമ സൊസൈറ്റി അതാത് പഞ്ചായത്ത് പ്രസിഡണ്ടും വാർഡ് മെമ്പറും (ഏത് വാർഡിലേക്കാണോ തെരെഞ്ഞെടുപ്പ് നടക്കുന്നത്) ആ പഞ്ചായത്തിലെ ആരോഗ്യസ്ഥാപനത്തിന്റെ മേധാവിയും ആ വാർഡിലെ ആരോഗ്യപ്രവർത്തകരും അടങ്ങുന്നതാണ് നിർവ്വഹണ സംവിധാനം.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

1. പൊതുജനങ്ങൾക്ക് പ്രയോജനകരമാകുമെന്ന് ഉറപ്പുള്ള വ്യക്തികളെ ആശപ്രവർത്തകരായി തെരെഞ്ഞെടുക്കുന്നതിനു മെഡിക്കൽ ഓഫീസറെ സഹായിക്കുക.
2. പൊതുജന ആരോഗ്യപ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനു വീഴ്ച്ചവരുത്തുന്ന ആശപ്രവർത്തകരെ ആ സ്ഥാനത്തുനിന്നും ഒഴിവാക്കുന്നതിന് മെഡിക്കൽ ഓഫീസറെ സഹായിക്കുക.

3. കാലോചിതമായി വരുമാന പരിഷ്ക്കരണ നിയമനിർമ്മാണങ്ങളിൽ പങ്കാളിയാവുക.
4. അംഗൻവാടി പ്രവർത്തകർ, പ്രാദേശിക ആരോഗ്യ പ്രവർത്തകർ പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവരുമായി നല്ലബന്ധം സ്ഥാപിക്കുക വഴി ഫലവത്തായ പ്രവർത്തനം സ്ഥാപിക്കുക.
5. പ്രവർത്തികൾ ഗ്രാമസഭ ചർച്ചചെയ്യുക.

**പദ്ധതി സംയോജനസാധ്യതകൾ**

തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയിൽ എൻ.ആർ.എച്ച്.എം. പദ്ധതിയിലുണ്ടാകുന്ന വിടവുകൾ നികത്തേണ്ടതുണ്ട്.

## VII. ദേശീയ വയോജന ആരോഗ്യപരിപാലന പരിപാടി (NPHCE)

**ആമുഖം**

ദേശീയ വയോജന ആരോഗ്യപരിപാലന പരിപാടി (National Programme for Health care of Elderly) വയോവൃദ്ധരുടെ ആരോഗ്യപരിപാലനത്തിനായി കേന്ദ്ര ആരോഗ്യമന്ത്രാലയം എൻ.ആർ.എച്ച്. എം. മുഖേന ആവിഷ്ക്കരിച്ചിട്ടുളള നൂതന പദ്ധതിയാണ്.

**ഫണ്ട്:**

കേന്ദ്രം മേൽ പരിപാടികൾക്ക് വാർഷികമായി ഓരോ ജില്ലയ്ക്കും 4 കോടിയോളം രൂപ മാറ്റി വെയ്ക്കുന്നു. ഇതിൽ നിന്നും 10 ലക്ഷം രൂപ മരുന്ന് വാങ്ങി വിതരണം നടത്തുന്നതിനാണ്.

**നിർവ്വഹണ സ്ഥാപനം:**

സാമൂഹികാരോഗ്യകേന്ദ്രങ്ങൾ/പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ/തദ്ദേശഭരണസ്ഥാപനങ്ങൾ.

**ലക്ഷ്യങ്ങൾ:**

വയോജനങ്ങൾ ആരോഗ്യസ്ഥാപനങ്ങളിൽ എത്തുമ്പോൾ നേരിടുന്ന പ്രശ്നങ്ങൾ കണക്കിലെടുത്ത് അവർക്ക് വേണ്ടി മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

**ഗുണഭോക്താക്കൾ :**

വയോജനങ്ങൾ

**പ്രവർത്തനങ്ങൾ:**

പദ്ധതിയിലൂടെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും വയോജനങ്ങൾക്കായി പ്രത്യേകം ക്യൂ ഏർപ്പെടുത്താനും പ്രതിവാരം ഒ.പി. നടത്തുന്നതിനും നിർദ്ദേശമുണ്ട്. എല്ലാ സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും പ്രതിവാരം 2 ദിവസം സ്പെഷൽ ഒ. പി. നടത്തുന്നതിനും പ്രത്യേകം ഒ.പി. കൗണ്ടർ ക്യൂ ഏർപ്പെടുത്താനും നിർദ്ദേശമുണ്ട്. എല്ലാ താലൂക്ക് ആശുപത്രികളിലും പ്രത്യേകം ഒ. പി, ക്യൂ സമ്പ്രദായത്തിനു പുറമെ പ്രത്യേകം കിടക്കകൾ മാറ്റിവെയ്ക്കുന്നതിനും നിർദ്ദേശമുണ്ട്. ജില്ലാ ആശുപത്രിയിൽ എല്ലാ ദിവസങ്ങളിലും ഒ. പി. ഉണ്ടായിരിക്കും. 10

കിടക്കകളുള്ള ജിറിയാട്രിക് വാർഡ്, ഫിസിയോ തെറാപ്പിസ്റ്റ്, കൗൺസിലർ, സ്റ്റാഫ് നേഴ്സ്, തുടങ്ങയവരുടെ സേവനം ഉൾപ്പെടെ ഉറപ്പാക്കിക്കൊണ്ട് സജ്ജീകരിക്കുന്നു.

### നിർവ്വഹണസംവിധാനങ്ങൾ

ജില്ലാ ആരോഗ്യകുടുംബക്ഷേമ സൊസൈറ്റി/ജില്ലാ മെഡിക്കൽ ഓഫീസ്/സാമൂഹികാരോഗ്യകേന്ദ്രങ്ങൾ/പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ/തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ.

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

1. അതാത് എച്ച്.എം.സി മുഖാന്തിരം മേൽപറഞ്ഞ സൗകര്യങ്ങൾ സമയബന്ധിതമായി പ്രാവർത്തികമായി എന്ന് ഉറപ്പുവരുത്തണം.
2. ജില്ലാ ആശുപത്രിയിലൊഴികെ ബാക്കി ഒരു സ്ഥാപനത്തിനും വയോജന ആരോഗ്യ സംബന്ധമായ മരുന്നുകൾ വാങ്ങിക്കുന്നതിനുള്ള ഫണ്ട് ഇല്ലാത്തതിനാൽ പ്രത്യേകം പദ്ധതി വഴി അത് നിവർത്തിക്കേണ്ടതുണ്ട്.
3. മരുന്നു കൂടാതെ വന്നു ചേരാവുന്ന ആവർത്തന ചിലവുകൾ, ചികിത്സയ്ക്കാവശ്യമായ മറ്റ് ഉപകരണങ്ങൾ (Walking aids) പുനരധിവാസത്തിനു ഉപയോഗപ്രദമാകുന്ന ഉപകരണങ്ങൾ എന്നിവയ്ക്കുള്ള പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്.
4. ഗ്രാമസഭകൾ വഴി മേൽ പദ്ധതികളെ സംബന്ധിച്ചുള്ള സന്ദേശം ജനങ്ങളിലേക്ക് എത്തിയ്ക്കുവാനുള്ള ശ്രമവും വേണ്ടി വരും.

### പദ്ധതി സംയോജനസാധ്യതകൾ

ദേശീയ വയോജന ആരോഗ്യപരിപാലന പരിപാടിയെ സംബന്ധിച്ച് സംയോജിത പ്രവർത്തനങ്ങൾക്ക് സാധ്യതയേറേയുണ്ട്. കാരണം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷികപദ്ധതികളിൽ ഒഴിവാക്കാൻ കഴിയാത്തതാണ് വയോജന ആരോഗ്യപരിപാലനം. എൻ.ആർ.എച്ച്.എം. ൽ വരുന്ന വിടവുകൾ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായി ബന്ധപ്പെടുത്തി ദുരീകരിക്കാവുന്നതാണ്.

## VIII. സാന്ത്വന പരിചരണ പദ്ധതി

### ആമുഖം

ഇന്ത്യയിലാദ്യമായി സാന്ത്വന ശുശ്രൂഷാനയം പ്രഖ്യാപിച്ചത് കേരളമാണ്. ദേശീയ ഗ്രാമീണ ആരോഗ്യദൗത്യത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഫലപ്രദമായി നടത്തിവരുന്ന പദ്ധതിയാണ് പാലിയേറ്റീവ് കെയർ അഥവാ സാന്ത്വന പരിചരണ പദ്ധതി. ആരോഗ്യകേരളം സാന്ത്വനശുശ്രൂഷ പദ്ധതി കേരളത്തിന്റെ നാനാഭാഗങ്ങളിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴി വിജയകരമായി നടപ്പിലാക്കി വരുന്നു. ദീർഘകാലരോഗങ്ങളാൽ ദുരിതമനുഭവിക്കുന്നവർക്കും മാറാരോഗികൾക്കും മെച്ചപ്പെട്ട ഗൃഹപരിചരണം ലഭ്യമാക്കുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ദേശീയ ഗ്രാമീണ ആരോഗ്യദൗത്യത്തിന്റെ ഭാഗമായി താഴെ പറയുന്ന ഘടകങ്ങളാണ് നിവർത്തിച്ചു വരുന്നത്.

1. പഞ്ചായത്തുകൾക്ക് പദ്ധതി തയ്യാറാക്കുമ്പോൾ സാന്ത്വന പരിചരണ പദ്ധതിയും രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക.
2. പഞ്ചായത്ത്തലത്തിൽ ഹോംകെയർ എ.എൻ.എം/സ്റ്റാഫ് നേഴ്സുമാരെ പരിശീലിപ്പിക്കുക.
3. പഞ്ചായത്തിൽ ഏറ്റവും കുറഞ്ഞത് ഒരു ഡോക്ടറെങ്കിലും സാന്ത്വന പരിചരണ പദ്ധ

തിയിൽ പ്രാവീണ്യം നേടി എന്ന് ഉറപ്പുവരുത്തുക.

4. ഗൃഹപരിചരണത്തിനാവശ്യമായ സ്റ്റാഫിനെ നിയമിക്കുക, മറ്റു സൗകര്യങ്ങളും നൽകുക
5. ജില്ലാ, താലൂക്ക് ആശുപത്രികളിൽ സാന്ത്വന പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യം വികസനം
6. പ്രതിമാസ അവലോകന യോഗത്തിലൂടെ കാലോചിതമായ പ്രവർത്തന വ്യതിയാനം കൊണ്ടുവരിക.

### ഫണ്ട്

പ്രോജക്ട് അംഗീകരിച്ച് എല്ലാ വർഷവും നിശ്ചിതഫണ്ട് ജില്ലാ ആരോഗ്യ കുടുംബ ക്ഷേമ സൊസൈറ്റിക്ക് പദ്ധതിയുടെ നടത്തിപ്പിനായി നൽകുന്നു.

### നിർവ്വഹണസ്ഥാപനം

തദ്ദേശസ്വയംഭരണസ്ഥാപനവും അതാത് ആരോഗ്യസ്ഥാപനവും ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവരും പ്രവർത്തിക്കാൻ താത്പര്യമുളളവരുമായ സർക്കാർ/സന്നദ്ധപ്രവർത്തകരുടെ ഒരു യോഗം വിളിച്ചു ചേർക്കുന്നു. ആ യോഗത്തിൽ വച്ച് തദ്ദേശഭരണസ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ ഹോംകെയർ സംവിധാനം നടപ്പാക്കുവാൻ താത്പര്യമുളളവരെ ഉൾപ്പെടുത്തി ഒരു ടീമിനെ തെരെഞ്ഞെടുക്കുന്നു. തെരെഞ്ഞെടുക്കപ്പെടുന്ന ടീം അംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. 4 ടീം അംഗങ്ങൾക്ക് പരിശീലനം നൽകിയതിനുശേഷം ഹോംകെയർ സംവിധാനത്തിന്റെ നടത്തിപ്പ് ആരംഭിക്കുന്നു.

### ലക്ഷ്യങ്ങൾ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സാമൂഹികാടിസ്ഥാനത്തിലുളള ഗൃഹപരിചരണസംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം. സഹായമാവശ്യമുളള രോഗികളെ കണ്ടെത്തി ശരിയായ ചികിത്സാ മാർഗനിർദ്ദേശം നൽകുക, കിടപ്പിലായ രോഗികൾക്കും മാറാരോഗമുള്ളവർക്കും ഗൃഹപരിചരണം നൽകുക, സാമൂഹികവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥയിൽ കഴിയുന്ന രോഗികൾ ഉൾപ്പെടെയുളളവർക്ക് മരുന്നും ശുശ്രൂഷയും നൽകാൻ പ്രാഥമികാരോഗ്യ പരിപാലനസംവിധാനത്തെ പ്രാപ്തരാക്കുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

### ഗുണഭോക്താക്കൾ

പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തിലെ ദീർഘകാലരോഗികളും മാറാരോഗികളും

### പ്രവർത്തനങ്ങൾ

1. തദ്ദേശസ്വയംഭരണസ്ഥാപനപരിധിയിൽ ദീർഘകാലരോഗങ്ങളാൽ ദുരിതമനുഭവിക്കുന്ന എല്ലാവരെയും കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കണം.
2. പ്രാഥമികലിസ്റ്റിലെ മുഴുവൻ രോഗികളുടെയും വീടുകളിൽ സന്ദർശനം നടത്തി വിവരങ്ങൾ ശേഖരിച്ചതിനുശേഷം വിദഗ്ദ്ധരേയും ഈ പ്രവർത്തനത്തിൽ സഹകരിക്കുന്നവരെയും പങ്കെടുപ്പിച്ചുകൊണ്ട് തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ അവസ്ഥാവിശകലനം സംഘടിപ്പിക്കുന്നു.
3. ആശ്രയ കുടുംബങ്ങളിലെ ഇത്തരം രോഗികൾ പാലിയേറ്റീവ് പരിചരണപ്രോജക്ടിലെ രോഗികളുടെ ലിസ്റ്റിൽ നിർബന്ധമായും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കുന്നു.
4. ലിസ്റ്റ് അന്തിമമാക്കിയതിനു ശേഷം ഹോംകെയർ ടീം രോഗാവസ്ഥയിലാകുന്നവരുടെ

വീടുകൾ നേരിട്ടു സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കുന്നു. രജിസ്റ്റർ ചെയ്യുന്നു.

5. പരിശീലനം ലഭിച്ച ഹോംകെയർ ടീം രജിസ്റ്റർ ചെയ്ത രോഗികൾക്ക് ഗൃഹപരിചരണം നൽകുന്നു.

### നിർവ്വഹണ സംവിധാനങ്ങൾ

ജില്ലാ ആരോഗ്യകുടുംബക്ഷേമ സൊസൈറ്റി, ആരോഗ്യവകുപ്പ്, തദ്ദേശഭരണസ്ഥാപനങ്ങൾ സാമൂഹിക സംഘടനകൾ(CBOs), ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സർക്കാരിതര സംഘടനകൾ (NGOs)

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

1. പഞ്ചായത്തുകളിൽ പ്രസിഡണ്ടുമാരും ആരോഗ്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരും മെഡിക്കൽ ഓഫീസറുമടങ്ങുന്ന പ്രോജക്ട് മാനേജമെന്റ് കമ്മിറ്റിയാണ്. ഫലവത്തായ പ്രോജക്ട് മാനേജമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം ഉറപ്പാക്കുക.
2. എല്ലാ പഞ്ചായത്തുകളിലും നിർബന്ധമായും ഉൾപ്പെടുത്തേണ്ട പദ്ധതിയായി സാന്ത്വന പരിചരണ പദ്ധതിയെപ്പെടുത്തുക.
3. പദ്ധതി രൂപപ്പെടുത്തുന്നതുപൊലെതന്നെ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള മെഡിക്കൽ ഓഫീസറിനെ ആസൂത്രണഘട്ടങ്ങളിൽ ഉൾപ്പെടുത്തിയെന്ന് ഉറപ്പുവരുത്തുക.
4. പദ്ധതി അംഗീകാരം ലഭിച്ചാൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറുക.
5. ആവർത്തനചിലവുകൾക്ക് പദ്ധതി വെക്കുക.

### പദ്ധതി സംയോജന സാധ്യതകൾ

1. എൻ.ആർ.എച്ച്.എം. സാന്ത്വന പരിചരണ പദ്ധതിയിൽ ഉൾപ്പെടാത്ത ഘടകങ്ങൾ എല്ലാം തന്നെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി പദ്ധതി വഴി പ്രതിനിധീകരിക്കുവാൻ കഴിഞ്ഞാൽ പദ്ധതി 100% വും ഫലവത്തായിരിക്കും.
2. ആവർത്തനചിലവുകൾ കണ്ടെത്തുന്നതിനു പദ്ധതി വെക്കുമ്പോൾ ഇരട്ടിപ്പ് ഒഴിവാക്കുന്നതിനു സംയോജിത പ്രവർത്തനം ആവശ്യമാണ്.
3. നിർവ്വഹണ ഉദ്യോഗസ്ഥനെ എല്ലാതലത്തിലും ഉൾപ്പെടുത്തിയാൽ മാത്രമെ പദ്ധതി ഉദ്ദേശിക്കുന്ന ഫലപ്രാപ്തി ലഭിയ്ക്കൂ.

## IX. ജില്ലാ മാനസികാരോഗ്യ പദ്ധതി (DMHP)

### ആമുഖം

മാനസികരോഗികൾ കൂടി വരുന്ന സാഹചര്യങ്ങളിൽ എൻ.ആർ.എച്ച്.എം.ന്റെ ഭാഗമായി വളരെ ഫലവത്തായി നടന്നുവരുന്ന പരിപാടിയാണ് ജില്ലാ മാനസീകാരോഗ്യ പദ്ധതി.

### ഫണ്ട്.

പ്രതിവർഷം ഏകദേശം ഒരു ജില്ലയ്ക്ക് 25 ലക്ഷത്തോളം രൂപയാണ് ജില്ലാ മാനസീകാരോഗ്യ പദ്ധതിക്കായി എൻ.ആർ.എച്ച്.എം. വഴി നൽകിവരുന്ന കേന്ദ്രവിഹിതം. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി ആവശ്യ മരുന്നുകൾ ലഭ്യമാക്കി വരുന്നു.

### നിർവ്വഹണസ്ഥാപനം

ജില്ലാ മാനസീകാരോഗ്യ ആശുപത്രിയും അതാത് സാമൂഹികാരോഗ്യകേന്ദ്ര ങ്ങൾ/പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ.

### ലക്ഷ്യങ്ങൾ

മാനസികരോഗങ്ങൾ പെട്ടെന്ന് കണ്ടെത്തുക, ചികിത്സാ സംവിധാനങ്ങൾ ലഭ്യമാക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

### ഗുണഭോക്താക്കൾ

അതാത് പഞ്ചായത്തിലെ മാനസികരോഗമുള്ളവർ

### പ്രവർത്തനങ്ങൾ

ജില്ലാ മാനസീകാരോഗ്യ പദ്ധതിയുടെ ഭാഗമായി സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രമാക്കി സ്ഥിരമായ ക്ലീനിക്കുകൽ കൃത്യമായ ഇടവേളകളിൽ സംഘടിപ്പിക്കുക, മരുന്ന് വിതരണം നടത്തുക തുടങ്ങിയവയാണ് നിലവിൽ ജില്ലാ മാനസികാരോഗ്യ പദ്ധതിയുടെ പ്രവർത്തനങ്ങൾ. ഇതുകൂടാതെ സ്ക്കൂൾ കേന്ദ്രീകരിച്ച് കൗൺസലിംഗ് സേവനവും ലഭ്യമാക്കി വരുന്നു.

### നിർവ്വഹണ സംവിധാനങ്ങൾ

ജില്ലാ ആരോഗ്യകുടുംബക്ഷേമ സൊസൈറ്റി/ജില്ലാ മെഡിക്കൽ ഓഫീസ്/ജില്ലാ മാനസീകാരോഗ്യ ആശുപത്രി/സാമൂഹികാരോഗ്യകേന്ദ്രങ്ങൾ/പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ/തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ.

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

1. നിലവിൽ മരുന്നിന്റെ തുടർച്ചയായിട്ടുള്ള ലഭ്യത ഈ പരിപാടിയെ സംബന്ധിച്ചും ഒരു വെല്ലുവിളിയാണ്. അതിനാൽ ഓരോ പഞ്ചായത്തും പ്രോജക്ടുകൾ വയ്ക്കുമ്പോൾ മാനസീകാരോഗ്യത്തിനുംവേണ്ട ഊന്നൽ നൽകി ഫണ്ടു വിലയിരുത്തിയാൽ മാത്രമെ തുടർച്ചയായ മരുന്ന് വിതരണവും പദ്ധതിയുടെ പൂർണ്ണ വിജയവും ഉറപ്പിക്കാനാവു.
2. ഗ്രാമസഭകൾ വഴി ഈ പരിപാടിയെ സംബന്ധിച്ച് ജനങ്ങളിലേക്ക് പരമാവധി സന്ദേശം എത്തിയ്ക്കാൻ ജനപ്രതിനിധികൾ ശ്രമിക്കണം.
3. പദ്ധതി നടത്തിപ്പിലെ ഏറ്റകുറച്ചിലിനെ പറ്റിയും മെച്ചപ്പെടുത്തേണ്ടതിനുള്ള മേഖലകളെ പറ്റിയും ഗുണഭോക്താക്കളുടെ അദാലത്ത് സംഘടിപ്പിക്കുക.

### പദ്ധതി സംയോജന സാധ്യതകൾ

പ്രോഗ്രാമിന്റെ എല്ലാമേഖലകളിലും സംയോജിത പ്രവർത്തനങ്ങൾ കൊണ്ടുവരുവാൻ കഴിയുന്ന, കൊണ്ടുവരേണ്ടുന്ന പദ്ധതി ആണ് ജില്ലാ മാനസീകാരോഗ്യ പദ്ധതി, തുടർച്ചയായി മരുന്നിന്റെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും സംയോജിത പ്രവർത്തനം ആവശ്യമാണ്. ഇതിനാവശ്യമായ മരുന്നുകൾ തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

# X. പ്രതിരോധകുത്തിവെയ്പ്പുകളുടേയും ദേശീയപരിപാടികളുടേയും ശാക്തീകരണം

### ആമുഖം

100% കുത്തിവെയ്പ്പ് ഉറപ്പാക്കി പൂർണ്ണമായും ആരോഗ്യവാൻമാരായ രാഷ്ട്ര നിർമ്മാണ പ്രക്രിയയ്ക്ക് സംഭാവന നൽകുന്ന ഒരു യുവതലമുറയാണ് എൻ.ആർ.എച്ച്.എം വഴി വിഭാവനം ചെയ്യുന്നത്. ഇതിനായി പ്രതിരോധകുത്തിവെയ്പ്പുകളുടേയും ദേശീയപരിപാടി കളുടേയും ശാക്തീകരണത്തിനായി പ്രവർത്തനങ്ങളും നടപടികളും സ്വീകരിച്ചിരിക്കുന്നു.

### ഫണ്ട്

പ്രോജക്ട് അംഗീകരിച്ച് എല്ലാ വർഷവും നിശ്ചിത ഫണ്ട് ജില്ലാ ആരോഗ്യകുടുംബക്ഷേമ സൊസൈറ്റിക്ക് പദ്ധതിയുടെ നടത്തിപ്പിനായി നൽകുന്നു.

### നിർവ്വഹണ സ്ഥാപനം

അതാത് സാമൂഹികാരോഗ്യകേന്ദ്രങ്ങൾ/പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ/തദ്ദേശസ്വയംഭ രണസ്ഥാപനങ്ങൾ

### ലക്ഷ്യങ്ങൾ

വിവിധ രോഗങ്ങളിൽ നിന്ന് പ്രതിരോധം നേടിയ ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുക.

### ഗുണഭോക്താക്കൾ

കുട്ടികൾ. പൊതുജനങ്ങൾ

### പ്രവർത്തനങ്ങൾ

1. എല്ലാ ബുധനാഴ്ചകളിലും പ്രതിരോധകുത്തിവെപ്പു പരിപാടി സാമൂഹികാരോഗ്യകേ ന്ദ്രങ്ങൾ/പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ സംഘടിപ്പിക്കുന്നു.
2. കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ഔട്ട് റീച്ച് പ്രതിരോധകുത്തിവെപ്പുപരി പാടി സംഘടിപ്പിക്കുന്നു.
3. ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.

### നിർവ്വഹണ സംവിധാനങ്ങൾ

ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റി/ജില്ലാമെഡിക്കൽ ഓഫീസ്/സാമൂഹി കാരോഗ്യകേന്ദ്രങ്ങൾ/പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ/തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ.

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

1. പ്രതിരോധ കുത്തിവെയ്പ്പുകളുടേയും ദേശീയ പരിപാടികളുടെ ശാക്തീകരണ ത്തിനും തടസ്സമായിട്ടിരിക്കുന്ന വാഹനലഭ്യത പരിഹരിക്കുന്നതിന് ആവശ്യമായ പദ്ധതി നിർദ്ദേശിക്കുക.
2. പദ്ധതി തയ്യാറാക്കുന്ന പരിപാടിയിൽ തന്നെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയ മെഡി

ക്കൽ ഓഫീസറിന്റെ അഭിപ്രായം ആരായാനും അദ്ദേഹത്തിന്റെ ആശയങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കണം.

3. പ്രതിരോധ കുത്തിവെയ്പ്പുകൾക്കും ദേശീയ പരിപാടികൾക്ക് പ്രവർത്തന മേഖലയിൽ നേരിടേണ്ടിവരുന്ന എതിർപ്പിനെ അതിജീവിക്കാൻ ആരോഗ്യ പ്രവർത്തകരോട് ഒത്തു പ്രവർത്തിക്കാൻ ജനപ്രതിനിധികൾ തയ്യാറാവണം.

4. പരമാവധി കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പ്രവർത്തനമാക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തണം. അതുവഴി പ്രതിരോധ കുത്തിവെയ്പ്പുകളുടെ ശാക്തീകരണം സാധ്യമാക്കുന്നതാണ്.

### സംയോജനസാധ്യതകൾ

തദ്ദേശഭരണസ്ഥാപനത്തിന്റെ ആരോഗ്യ പദ്ധതിയിൽ എൻ.ആർ.എച്ച്.എം. ൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ട്.

## XI. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ

### ആമുഖം

വിദൂരമായ പ്രദേശങ്ങളിലും എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിലും താമസിക്കുന്ന ആദിവാസികൾക്കും മറ്റുജനവിഭാഗങ്ങൾക്കും പ്രാഥമികാരോഗ്യ ശുശ്രൂഷ ലഭ്യമാക്കുക എന്ന വെല്ലുവിളി നേരിടുന്നതിനായി എൻ.ആർ.എച്ച്. എം.ന്റെയും ആരോഗ്യവകുപ്പിന്റേയും സംയുക്ത മേൽ നോട്ടത്തിൽ പലവിധത്തിലുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റ്, തീരദേശ മൊബൈൽ മെഡിക്കൽ യൂണിറ്റ്, ഫ്ളോട്ടിംഗ് ഡിസ്പെൻസറി തുടങ്ങിയവ ചില പ്രധാന സംരംഭങ്ങളാണ്.

### ഫണ്ട്.

പ്രോജക്ട് അംഗീകരിച്ച് എല്ലാ വർഷവും നിശ്ചിത ഫണ്ട് ജില്ലാ ആരോഗ്യകുടുംബക്ഷേമ സൊസൈറ്റിക്ക് പദ്ധതിയുടെ നടത്തിപ്പിനായി നൽകുന്നു.

### നിർവ്വഹണസ്ഥാപനം

അതാത് ആരോഗ്യസ്ഥാപനവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും.

### ലക്ഷ്യങ്ങൾ

എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിൽ പ്രാഥമികാരോഗ്യ ശുശ്രൂഷ ലഭ്യമാക്കുക.

### ഗുണഭോക്താക്കൾ

വിദൂരമായ പ്രദേശങ്ങളിലും എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിലും നിവസിക്കുന്നവർ.

### പ്രവർത്തനങ്ങൾ

മുഴുവൻ സജ്ജമായിട്ടുള്ള മൊബൈൽ യൂണിറ്റുകൾ കൃത്യമായിട്ടുള്ള ഇടവേളക

ളിൽ സ്ഥലങ്ങൾ സഞ്ചരിച്ച് രോഗ പരിശോധനയും, ചികിത്സയും നൽകുക എന്നതാണ് മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തന രീതി. പ്രസവപൂർവ്വ-പ്രസവാനന്തര ശുശ്രൂഷകൾ, പ്രതിരോധ കുത്തിവെയ്പ്പുകൾ, സാംക്രമികരോഗ നിയന്ത്രണം തുടങ്ങിയ സേവനങ്ങൾ ഉൾപ്പെടുത്തിയ ക്യാമ്പുകൾ സംഘടിപ്പിക്കുക.

### നിർവ്വഹണ സംവിധാനങ്ങൾ

ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റി/ജില്ലാ മെഡിക്കൽ ഓഫീസ്/അതാത് ആരോഗ്യ സ്ഥാപനവും/തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും.

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

1. സ്ഥിരമായ മരുന്ന് വിതരണം
2. തുടർച്ചയായ മരുന്ന് വിതരണം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ പഞ്ചായത്ത് വഴി പ്ലാൻ ചെയ്താൽ മാത്രമെ ഉദ്ദേശിക്കുന്ന ഫലം ലഭ്യമാവുകയുള്ളു.
3. ചില അവസരങ്ങളിൽ അനുബന്ധിതമായ ഭക്ഷണം, പോഷകാഹാര കിറ്റ് വിതരണം ആവശ്യമാക്കാറുണ്ട്. പ്രത്യേകിച്ച് ട്രൈബൽ ആർ.സി.എച്ചിൽ അതിനായുള്ള പദ്ധതികൾ ഉൾപ്പെടുത്തണം.
4. ഗ്രാമസഭകളിൽ ജനങ്ങളിലേക്ക് മേൽ സംവിധാനങ്ങളെ സംബന്ധിച്ച് സന്ദേശങ്ങൾ എത്തിക്കാൻ കഴിയണം.
5. വാഹനങ്ങൾ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ വാഹന സൗകര്യം ഏർപ്പെടുത്തുവാനുള്ള ധനസാധ്യതയും നാം കാണേണ്ടതാണ്.

### പദ്ധതി സംയോജന സാധ്യതകൾ

വിവിധ വകുപ്പുകൾ വിവിധങ്ങളായ സാമുദായിക ഗ്രാമങ്ങൾക്കായി പ്രാദേശിക പ്രാധാന്യം ആയിട്ടുള്ള പ്രോജക്ടുകൾ നടത്തുന്നുണ്ട്. ഈ വിവിധോദ്ദേശ പദ്ധതികളും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതികളും ഏകോപിപ്പിച്ച് ആവർത്തനം ഒഴിവാക്കണം.

## XII. ഐ.പി.എച്ച്.എസ് ( ഇന്ത്യൻ പബ്ലിക്ക് ഹെൽത്ത് സ്റ്റാൻഡേർഡ്സ്)

### ആമുഖം

NABH ന്റെ (National Accreditation Board for Hospitals) അംഗീകാരത്തിലൂടെ സർക്കാർ ആശുപത്രികളിൽ ഉയർന്ന നിലവാരമുള്ള ആരോഗ്യപരിചരണ സംവിധാനം ഉറപ്പാക്കുന്നതിനായി ദേശീയ ഗ്രാമീണ ആരോഗ്യദൗത്യത്തിന്റെ നേതൃത്വത്തിൽ കേരള സർക്കാർ വെല്ലുവിളികൾ നിറഞ്ഞ ഒരു നീക്കത്തിനു തുടക്കം കുറിച്ചു ആരോഗ്യസ്ഥാപനങ്ങളുടെ നിലവാരം ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി നടത്തുന്ന നാനാതുറകളിലുള്ള വികസന പ്രവർത്തനങ്ങളാണ് ഐപിഎച്ച് എസ് കൊണ്ടുദ്ദേശിക്കുന്നത്. ഇതിൽ നിർമ്മാണ പ്രക്രിയകളും, മാനവീക മൂല്യങ്ങളും, വിവര സാങ്കേതിക വിദ്യയും എല്ലാം തന്നെ ഉൾപ്പെടും. സാധാരണഗതിയിൽ ജില്ല/ജനറൽ ആശുപത്രി, സാമൂഹിക ആരോഗ്യകേന്ദ്രങ്ങൾ എന്നിങ്ങനെ രണ്ട് തട്ടിലായാണ് മേൽ പ്രവർത്തനം നടക്കുന്നത്. എൻ.എ.ബി.എച്ച്/എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ പരിപാടികൾ ലാബോറട്ടറികളുടേയും ഗുണനിലവാരം പ്രത്യേകം രൂപകല്പന ചെയ്തിട്ടുള്ള സ്റ്റാൻഡേർഡിന്റെ അടിസ്ഥാനത്തിൽ നിജപ്പെടുത്തി അംഗീകാരം നൽകുന്ന പരിപാടിയാണ്.

### ഫണ്ട്

ആശുപത്രിയുടെ തട്ടനുസരിച്ച് 0.5 മുതൽ 10 കോടി രൂപ വരെ ഇതിനായി ലഭ്യമാകുന്നത്.

### നിർവ്വഹണ സ്ഥാപനം

അതാത് ആശുപത്രിയും തദ്ദേശസ്വയംഭരണസ്ഥാപനവും.

### ലക്ഷ്യങ്ങൾ

ആശുപത്രികളുടെ നിലവാരം ചഅആഒ വഴി ഉയർത്തുന്നതിലൂടെ ആശുപത്രിയെ ആശ്രയിക്കുന്ന പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സാ സംവിധാനങ്ങൾ ലഭ്യമാകുന്നു.

### ഗുണഭോക്താക്കൾ

ആശുപത്രിയെ ആശ്രയിക്കുന്ന പൊതുജനങ്ങൾ.

### പ്രവർത്തനങ്ങൾ

സർക്കാർ ആരോഗ്യസ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ, ഉപകരണങ്ങൾ, സേവന നിലവാരം എന്നിവ ഉയർത്തുന്നു.

### നിർവ്വഹണ സംവിധാനങ്ങൾ

ജില്ലാ ആരോഗ്യകുടുംബക്ഷേമ സൊസൈറ്റി/ജില്ലാ മെഡിക്കൽ ഓഫീസ്/ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ കീഴിലുള്ള ചഅആഒ /സാമൂഹികാരോഗ്യകേന്ദ്രങ്ങൾ/പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

1. ഇൻസ്റ്റിറ്റ്യൂഷൻ തെരെഞ്ഞെടുക്കുന്നതിൽ സർക്കാരിനെ ആവശ്യകത ബോധ്യപ്പെടുത്തുക.
2. നിർമ്മാണ പ്രക്രിയകൾ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ സഹായങ്ങൾ നൽകുക.
3. നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടം എച്ച്.എം.സി. ക്കാകയാൽ പൂർണ്ണമായും അത് നിർവ്വഹിക്കുക.
4. ഗ്രാമസഭയിൽ ചർച്ച ചെയ്യുക.

### സംയോജന സാധ്യതകൾ

ഐ.ബി.എച്ച്.എസ്സിൽ ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി വിടവുകൾ നികത്തണം. സ്കീമുകൾ എല്ലാംതന്നെ ചർച്ചയ്ക്ക് വിധേയമാക്കുകയും പദ്ധതിരേഖയുടെ ഭാഗമാക്കുകയും ചെയ്യേണ്ടതാണ്.

## XIII. ദേശീയ മാതൃസഹായപദ്ധതി – ജനനീ സുരക്ഷ യോജന (ജെ.എസ്.വൈ)

### ആമുഖം

എൻ.ആർ.എച്ച്.എം ന്റെ ഭാഗമായി മാതൃ ശിശു മരണനിരക്ക് കുറക്കുന്നതിനും യഥാസമയം ഗർഭണികളെ ആശുപത്രികളിൽ പ്രവേശിപ്പിച്ച് ആശുപത്രി കേന്ദ്രീകൃത പ്രസവ ം ഉറപ്പാക്കുകയുമാണ് ഇതിന്റെ ലക്ഷ്യം. പ്രത്യേകിച്ച് സാധുക്കളായ ഗർഭിണികളായവരുടെ സുരക്ഷയ്ക്കുവേണ്ടണ്ടിയാണീ പദ്ധതി. 2005 ഏപ്രിൽ മാസത്തിൽ ടി പദ്ധതി നിലവിൽ വന്നു. എല്ലാ സംസ്ഥാനങ്ങളിലും യൂണിയൻ പ്രദേശങ്ങളിലും നിലവിൽ വന്നീട്ടുണ്ടണ്ട്..

**ഫണ്ട്**

100 % കേന്ദ്രാവിഷ്കൃതമാണ്.

**ലക്ഷ്യം**

1. പാവപ്പെട്ടവരായ ഗർഭിണികളുടെ സംരക്ഷണം, മാതൃ മരണ നിരക്ക് കുറയ്ക്കാൻ ഇത് ലക്ഷ്യമിടുന്നു.
2. പരമാവധി ആശുപത്രി കേന്ദ്രീകൃത പ്രസവം ഉറപ്പാക്കുക വഴി ശിശു മരണ നിരക്കും കുറയ്ക്കുവാൻ ലഭ്യമിടുന്നു.

**ഗുണഭോക്താക്കൾ**

ദാരിദ്ര്യരേഖയ്ക്ക് കീഴിലുള്ള ഗർഭിണികൾ

**അർഹത**

ബിപിഎൽ റേഷൻ കാർഡിൽ അംഗമാകണം. (എസ്.സി/എസ്ടിക്ക് ഇത് ബാധകമല്ല. ജാതി സർട്ടിഫിക്കറ്റ് വേണം.)

**പ്രവർത്തനങ്ങൾ**

1. ആശാ വർക്കർമാർ ഗുണഭോക്താക്കളെ കണ്ടെണ്ടത്തി രജിസ്റ്റർ ചെയ്യിക്കുന്നു.
2. സർക്കാർ ആശുപത്രികൾ/അക്രഡിറ്റഡ് ആശുപത്രികളിൽ പ്രസവം നടത്തിപ്പിക്കുന്നു.
3. സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആശുപത്രികൾക്ക് നേരിട്ടും അക്രഡിറ്റഡ് ആശുപത്രികളിലാണെങ്കിൽ തുക സാക്ഷിപത്രത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിനും ഹെൽത്ത് സെന്ററിൽ നിന്ന് നൽകുന്നു.
4. ഇപ്പോൾ ഗ്രാമപ്രദേശങ്ങളിലെ ഗുണഭോക്താക്കൾക്ക് 700 രൂപയും നഗര പ്രദേശങ്ങളിലെ ഗുണബോക്താക്കൾക്ക് 600 രൂപയും ഗാർഹിക പ്രസവത്തിന് 500 രൂപയും നൽകി വരുന്നു .

**നിർവ്വഹണ ഏജൻസി**

ഹെൽത്ത് ഡിപ്പാർട്ട്മെന്റ്. ഹെൽത്ത് സെന്ററുകളിലെ മെഡിക്കൽ ഓഫീസർ വഴിയും പ്രസവം നടക്കുന്ന ആശുപത്രി സൂപ്രണ്ടുമാർ വഴിയും പദ്ധതി നടപ്പാക്കി വരുന്നു.
തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

സ്കീമിനെക്കുറിച്ച് ഹെൽത്ത് സെന്ററുകൾ വഴിയും ആശവർക്കർ വഴിയും ഗ്രാമസഭകൾ വഴിയും ജനങ്ങൾക്കുവേണ്ടി അവബോധം നൽകുക. അർഹരായ എല്ലാവർക്കും ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.

**പദ്ധതി സംയോജനം**

തദ്ദേശഭരണസ്ഥാപനത്തിന്റെ മറ്റ് മാതൃ ശിശു ആരോഗ്യ പദ്ധതികളുമായി സംയോജിപ്പിക്കാം.

## XIV. ജനനി ശിശു സുരക്ഷ പദ്ധതി

**ആമുഖം:**

മാതൃശിശു മരണനിരക്കുകൾ കുറയ്ക്കുന്നതിനായി ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം ദേശീയതലത്തിൽ നടപ്പാക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് ജനനി ശിശു സുരക്ഷ പദ്ധതി.

**ഫണ്ട്:**

കേന്ദ്രവിഷ്കൃത ഫണ്ട്. ഏകദേശം 25 കോടിയോളം രൂപയാണ് വാർഷികമായി ഈ പദ്ധതിക്ക് മാറ്റിവെച്ചിരിക്കുന്നത്.

**നിർവ്വഹണ സ്ഥാപനം:**

പ്രസവചികിത്സ ലഭ്യമാകുന്ന സർക്കാർ ആരോഗ്യസ്ഥാപനങ്ങൾ

**ലക്ഷ്യങ്ങൾ**

മാതൃശിശുമരണ നിരക്ക്, ശിശുമരണ നിരക്ക് എന്നിവ കുറക്കുക.

**ഗുണഭോക്താക്കൾ**

സർക്കാർ ആശുപത്രികളിൽ പ്രസവത്തിനെത്തുന്ന അമ്മയും കുഞ്ഞും.

**പ്രവർത്തനങ്ങൾ**

അമ്മമാർക്ക് 42 ദിവസവും നവജാതശിശുക്കൾക്ക് 30 ദിവസവുമാണ് സൗജന്യചികിത്സ. സർക്കാർ ആശുപത്രികളിൽ പ്രസവിക്കാനെത്തുന്ന സ്ത്രീകൾക്ക് ആശുപത്രിയിലേക്കും തിരിച്ചുമുള്ള യാത്രാ ചിലവ്, ആശുപത്രിയിലെ താമസം, ഭക്ഷണം, മരുന്നുകൾ, ഓപ്പറേഷന് രക്തം, ലാബോറട്ടറി ചിലവുകൾ, തുടങ്ങിയ എല്ലാം സൗജന്യമായിരിക്കും. സാധാരണ പ്രസവത്തിന് മൂന്ന് ദിവസവും സിസേറിയന് ഏഴു ദിവസവും ആശുപത്രി വാസവും (പേ വാർഡിന്റെ വാടക ഒഴികെ) ഭക്ഷണവും സൗജന്യമാണ്.പ്രസവവുമായി ബന്ധപ്പെട്ട് ഏതെങ്കിലും കാരണവശാൽ റഫർ ചെയ്യപ്പെട്ടാൽ അതിനും തിരികെ വീട്ടിലേയ്ക്കും യാത്ര സൗജന്യമായിരിക്കും. നവജാത ശിശുവിന് എന്തെങ്കിലും അസുഖം നിമിത്തം ആശുപത്രിയിൽ കിടക്കേണ്ടി വന്നാൽ 30 ദിവസം പ്രായം വരെ മേൽ പറഞ്ഞ എല്ലാ സേവനങ്ങളും സൗജന്യമായി ലഭ്യമാകും. ജില്ലയിൽ പ്രസവ ചികിത്സ നൽകുന്ന മുഴുവൻ സർക്കാർ ആശുപത്രികളിലും പദ്ധതി പ്രകാരമുള്ള സൗജന്യ സേവനങ്ങൾ നൽകുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. സാധാരണ പ്രസവ ത്തിന് 1650 രൂപയും സിസേറിയനു 3300 രൂപയും നവജാതശിശു പരിചരണ ത്തിനു 700 രൂപയു മാണ് നൽകുന്നത്.

## നിർവ്വഹണ സംവിധാനങ്ങൾ

കേന്ദ്രആരോഗ്യമന്ത്രാലയത്തിൽ നിന്ന് ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം വഴി ലഭിക്കുന്ന തുക സംസ്ഥാനങ്ങളിലെ ജില്ലാ ആരോഗ്യകുടുംബക്ഷേമ സൊസൈറ്റി മുഖേന പ്രസവങ്ങൾ നടക്കുന്ന സർക്കാർ ആശുപത്രികളിലേക്ക് ലഭ്യമാക്കുന്നു.

## തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

1. പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനം.
2. ആശുപത്രി വികസന സമിതിയുമായി ബന്ധപ്പെട്ട് ഗർഭിണികളിൽ നിന്നും ഈടാക്കി വരുന്ന തുക ഒഴിവാക്കുന്നതിനുള്ള നടപടികൾ
3. പരമാവധി ഗുണഭോക്താക്കളിലേക്ക് അമ്മയും കുഞ്ഞും പരിപാടിയുടെ സന്ദേശം എത്തിക്കുന്നതിനായി നടപടികൾ സ്വീകരിക്കുക.
4. പരാതിപരിഹാര സെല്ലിന്റെ അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് മേൽ നോട്ടം വഹിക്കുക.
5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി സമർപ്പിക്കുമ്പോൾ അമ്മയും കുഞ്ഞും പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ടുപോകാവുന്ന രീതിയിൽ ആസൂത്രണം ചെയ്താൽ മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കാം.

## പദ്ധതി സംയോജന സാധ്യതകൾ

പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനും സേവനങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുവാനും സാമൂഹ്യക്ഷേമവകുപ്പിന്റെ അംഗൻവാടി പ്രവർത്തകർ വഴിയും കുടുംബശ്രീ പ്രവർത്തകർ സാധ്യമാക്കാവുന്നതാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഇതിനു മേൽനോട്ടം വഹിക്കേണ്ടതാണ.

V

# XV. ജില്ലാ കാൻസർ കെയർ യൂണിറ്റ്

## ആമുഖം :

ജില്ലയിലെ  കാൻസർ രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കാൻ ആവിഷ്ക്കരിച്ചിട്ടുള്ള പരിപാടിയാണ്  ജില്ലാ കാൻസർ കെയർ യൂണിറ്റ്.

## ഫണ്ട്

കേന്ദ്രവിഷ്കൃത ഫണ്ട്. ഏകദേശം 100 ലക്ഷം രൂപയാണ് ഈ പദ്ധതിക്ക് മാറ്റിവെച്ചിരിക്കുന്നത്.

## നിർവ്വഹണ സ്ഥാപനം

കേന്ദ്രആരോഗ്യമന്ത്രാലയത്തിൽ നിന്ന് ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം വഴി ലഭിക്കുന്ന തുക സംസ്ഥാനങ്ങളിലെ ജില്ലാ ആരോഗ്യകുടുംബക്ഷേമ സൊസൈറ്റി മുഖേന ജില്ലാ ആശുപത്രിക്ക് പരിപാടി നടത്തിപ്പിനായി ലഭ്യമാക്കുന്നു.

## ലക്ഷ്യങ്ങൾ

ജില്ലയിലെ കാൻസർ രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

**ഗുണഭോക്താക്കൾ :**

കാൻസർ രോഗികൾ

**പ്രവർത്തനങ്ങൾ**

ജില്ലയിലെ കാൻസർരോഗികളിൽ 100 പേരെ തിരഞ്ഞെടുക്കുകയും ഒരു രോഗിക്ക് ഒരു ലക്ഷം എന്നതോതിൽ തുക ചിലവാക്കി സൗജന്യ കാൻസർ ചികിത്സ ലഭ്യമാക്കുന്നു.

**നിർവ്വഹണ സംവിധാനങ്ങൾ**

കേന്ദ്രആരോഗ്യമന്ത്രാലയത്തിൽ നിന്ന് ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം വഴി ലഭിക്കുന്ന തുക സംസ്ഥാനങ്ങളിലെ ജില്ലാ ആരോഗ്യകുടുംബക്ഷേമ സൊസൈറ്റി മുഖേന ജില്ലാ ആശുപത്രിക്ക് പരിപാടി നടത്തിപ്പിനായി ലഭ്യമാക്കുന്നു.

**തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്**

1. ആശുപത്രി വികസന സമിതിയുമായി സംയോജിച്ച് പരിപാടി നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കേണ്ടതാണ്.
2. ആശുപത്രിയെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനു സഹായിക്കുക

**പദ്ധതി സംയോജന സാധ്യതകൾ**

പരമാവധി ആവർത്തനം ഒഴിവാക്കുകയും അത് വഴി പദ്ധതി നിർവ്വഹണം ഫലവത്താക്കാനും സാധിക്കുന്നു.

## XVI. സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (രാഷ്ട്രീയ സ്വസ്ഥി ഭീമായോജന) RSBY

**ആമുഖം**

ആരോഗ്യകാര്യങ്ങൾക്കായി ഇന്ന് ചെലവഴിക്കേണ്ട തുക സാമാന്യ ജനതക്ക് താങ്ങാവുന്നതല്ല. ആരോഗ്യ കാര്യത്തിൽ അതീവ ശ്രദ്ധ പുലർത്തുന്ന കേരളീയർക്ക് ചികിത്സാ ചെലവിനായി ആകെ വരുമാനത്തിന്റെ വലിയൊരു ഭാഗം നീക്കി വെക്കേണ്ടി വരുന്നു. ആയതിനാൽതന്നെ പ്രസ്തുത ചെലവ് കുടുംബഭാരം വർദ്ധിപ്പിക്കുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ആയത് വളരെയധികം ഋണബാധ്യത വരുത്തിവയ്ക്കുന്നു. പലർക്കും യഥാസമയം യഥാവിധി ചികിത്സ ലഭ്യമാക്കുന്നതിനും കഴിയുന്നില്ല. ആയത് കണ്ടറിഞ്ഞ് കേന്ദ്രസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി.

**ഫണ്ടിംഗ്**

ഗുണഭോക്തൃവിഹിതവും കേന്ദ്രാവിഷ്കൃത വിഹിതവും ചേർത്തത്.

**ലക്ഷ്യം**

ആരോഗ്യപരിപാലന രംഗത്ത് ചികിത്സ യഥാസമയം ഉറപ്പു വരുത്തൽ. ആയതിനുവേണ്ടി കുടുംബത്തിന് ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് വരുത്തി വേണ്ട സമയത്ത് ചികിത്സയ്ക്ക് വേണ്ട ചെലവ് ഉറപ്പു വരുത്തൽ

**ഗുണഭോക്താക്കൾ**

മുഴുവൻ കുടുംബങ്ങളും

**നിർവ്വഹണ ഏജൻസി**

തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ലേബർ ഡിപ്പാർട്ട്മെന്റ് രജിസ്ട്രേഷനും ഇൻഷുറൻസ് ഏജൻസി വഴി ഫണ്ടും ഉറപ്പുവരുത്തുന്നു.

**പ്രവർത്തനങ്ങൾ**

1. തദ്ദേശസ്വയംഭരണസ്ഥാപനം സമഗ്ര ഇൻഷുറൻസ് പദ്ധതിയിൽ എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തുന്നതിന് വേണ്ട പ്രചാരണവും അവബോധവും നൽകുന്നു.
2. അംഗമാകേണ്ട അപേക്ഷകളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.
3. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിൽ നിന്നും പ്രീമിയമായി 30 രൂപയും മറ്റുള്ളവരിൽ നിന്നും 1500 രൂപയും അക്ഷയ കേന്ദ്രം വഴി ലേബർ ഡിപ്പാർട്ട്മെന്റ് ശേഖരിക്കുകയും ഇൻഷുറൻസ് ഏജൻസിയെ ഏല്പിക്കുകയും ചെയ്യുന്നു.
4. കൂടാതെ സൗകര്യപ്രദമായ സമീപ ആശുപത്രികളെ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും നൽകുന്നു.
5. എല്ലാ സർക്കാർ സഹകരണ ആശുപത്രികളും സ്വമേധയാ ഈ സ്കീമിന്റെ പരിധിയിൽ വരും
6. തിമിരശാസ്ത്രക്രിയ ഒഴികെയുള്ള ഏതൊരു അസുഖത്തിനും സ്കീം ലഭ്യമാണ്
7. ലേബർ ഡിപ്പാർട്ട്മെന്റ് ഇൻഷുറൻസിൽ ചേർന്നവർക്ക് സ്മാർട്ട് കാർഡ് നൽകുന്നു.
8. ചികിത്സ ലഭ്യമാക്കേണ്ട കുടുംബത്തിലെ വ്യക്തികൾ ഈ കാർഡ് ബന്ധപ്പെട്ട ആശുപത്രിയിൽ ഹാജരാക്കിയാൽ മതി
9. ഒരു വർഷം 30,000 രൂപ വരെയുള്ള ചികിത്സ ഒരു കുടുംബത്തിലെ ആളുകൾക്ക് സൗജന്യമായി ആശുപത്രി ലഭ്യമാക്കും
10. ഈ സ്കീമിനകത്തു തന്നെ കാൻസർ, ബ്ലോക്ക്, വാൾവ് മാറ്റിവെക്കൽ ശാസ്ത്രക്രിയ എന്നിവയ്ക്കായി മെഡിക്കൽ കോളേജിലും ജില്ലാ ആശുപത്രിയിലും കിടത്തി ചികിത്സക്കായിട്ടുള്ള കോംപ്രിഹെൻസിംവ് ഹെൽത്ത് ഇൻഷുറൻസ് സ്കീമും (ഇകെട), കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷുറൻസ് + സ്കീമും (ഇകെട+) ലഭ്യമാണ്.
11. ആയതിന് 70,000 രൂപയുടെ പരിരക്ഷ ലഭിക്കും.
12. ജില്ലാകളക്ടർ ചെയർമാനും ജില്ലാ ലേബർ ഓഫീസർ കൺവീനറുമായ സമിതി പദ്ധതിയ്ക്ക് മേൽനോട്ടം വഹിക്കുന്നു.
13. വർഷാവർഷം തുക അടച്ച് ലേബർ ഡിപ്പാർട്ട്മെന്റ് വഴി ഇൻഷുറൻസ് പുതുക്കാം

    തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

    അർഹരായ എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തുന്നതിനുള്ള പ്രചാരണവും അവബോധവും നൽകൽ, ഉപകാരപ്രദമായ ആശുപത്രികൾ നിർദ്ദേശിക്കൽ, അപേക്ഷ സ്വീകരിക്കൽ യഥാസമയം ലേബർ ഡിപ്പാർട്ട്മെൻരിന് കൈമാറൽ മുതലായ പ്രവർത്തനങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

**പദ്ധതി സംയോജനം**

ആരോഗ്യ രംഗത്തെ മറ്റ് പദ്ധതികളുമായി ചികിത്സാ ഇൻഷുറൻസിനെ ബന്ധിപ്പിക്കാവുന്നതാണ്. ആയത് പദ്ധതിരേഖയുടെ ഭാഗമാക്കാവുന്നതാണ്.

CHAPTER

# X1



# വിനോദസഞ്ചാരം

# XI. വിനോദസഞ്ചാരം

### ആമുഖം

ദൈവത്തിന്റെ സ്വന്തം നാട് ' എന്നറിയപ്പെടുന്ന നമ്മുടെ സംസ്ഥാനത്തിന്റെ പ്രധാന തൊഴിൽ-വരുമാന മേഖലയാണ് വിനോദസഞ്ചാരം. കേരളത്തിലെ വിനോദസഞ്ചാര യോഗ്യമായ സ്ഥലങ്ങൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന് നേതൃത്വം നല്കുന്നത് വിനോദസഞ്ചാര വകുപ്പാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഈ മേഖലയിൽ നിർണ്ണായകമായ പങ്ക് വഹിക്കാനുണ്ട്.

### ഫണ്ട്

വിനോദസഞ്ചാരകേന്ദ്രങ്ങളുടെ സമഗ്ര ടൂറിസം വികസനത്തിനാവശ്യമായ തുക വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിനോദസഞ്ചാരവകുപ്പ് കണ്ടെത്തുന്നു.

### നിർവ്വഹണസ്ഥാപനം

സംസ്ഥാന വിനോദസഞ്ചാരവകുപ്പ് മറ്റ് ബന്ധപ്പെട്ട വകുപ്പുമായി ചർച്ച ചെയ്ത് സമഗ്ര ടൂറിസം വികസനപദ്ധതികൾ തയ്യാറാക്കുന്നു. ഈ പദ്ധതികൾ വിവിധ സർക്കാർ വകുപ്പുകൾ/ഏജൻസികൾ വഴിയാണ് നടപ്പിലാക്കുന്നത്. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്.

### ലക്ഷ്യങ്ങൾ

- സംസ്ഥാനത്തിന്റെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തൽ
- കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കൽ
- വിനോദസഞ്ചാരമേഖലയോടനുബന്ധിച്ചുള്ള പ്രാദേശിക വികസന സാധ്യതകൾ ഉപയോഗപ്പെടുത്തൽ

### ഗുണഭോക്താക്കൾ

വിനോദസഞ്ചാരമേഖലയുമായി ബന്ധപ്പെട്ട എല്ലാവരും ഈ പരിപാടിയുടെ ഗുണഭോക്താക്കളായിരിക്കും.

### ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

1. വിനോദസഞ്ചാരമേഖലകളുടെ കണ്ടെത്തലും വികസനവും
2. ക്ഷയിച്ചുകൊണ്ടിരിക്കുന്ന കേരളീയകലാരൂപങ്ങളുടെ സംരക്ഷണവും പുനരുദ്ധാരണവും
3. കേരളവാസ്തുശില്പ മാതൃകയിലുള്ള കെട്ടിടങ്ങളുടെ സംരക്ഷണം, പുനരുദ്ധാരണം (ഗൃഹസ്ഥലി)
4. വിവിധ ടൂറിസം പദ്ധതികൾക്കുള്ള ധനസഹായങ്ങൾ (ബീച്ച് ടൂറിസം, ഇക്കോടൂറിസം, ഹെൽത്ത് ടൂറിസം, മുതലായവ)
5. വിനോദസഞ്ചാര പ്രചരണവും മാർക്കറ്റിംഗും

### പ്രവർത്തനങ്ങൾ

1. ഗ്രാമപഞ്ചായത്തു പ്രദേശങ്ങളിൽ വിനോദസഞ്ചാരയോഗ്യമായ സ്ഥലങ്ങളും പ്രവർത്തനങ്ങളും കണ്ടെത്തുന്നു.
2. തുടർന്ന് പ്രസതുത സ്ഥലത്ത് നടത്തേണ്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അടങ്ങിയ വിശദമായ റിപ്പോർട്ട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് സമർപ്പിക്കുന്നു.

## നിർവ്വഹണ മോണിറ്ററിംഗ് സംവിധാനങ്ങൾ

ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, സംസ്ഥാനവിനോദസഞ്ചാരവകുപ്പ് ബന്ധപ്പെട്ട വിവിധ സർക്കാർ വകുപ്പുകൾ/ഏജൻസികൾ എന്നിവർ നിർവ്വഹണമോണിറ്ററിംഗ് പ്രവർത്തനങ്ങൾ നടത്തുന്നു.

## തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

വിനോദസഞ്ചാര യോഗ്യമായ സ്ഥലങ്ങൾ കണ്ടെത്തലും നിലവിലുള്ള സ്ഥലങ്ങളിൽ അവശ്യം വേണ്ട അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വലിയ പങ്ക് വഹിക്കാനുണ്ട്. ശുചിത്വസംവിധാനങ്ങൾ, വിശ്രമകേന്ദ്രങ്ങൾ, പ്രകൃതിദത്ത നീരുറവകളുടെ സംരക്ഷണം എന്നിവ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. വിനോദസഞ്ചാര മേഖലയിൽ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ചുമതലയുമായി ബന്ധപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാവുന്നതും നേരിട്ട് നടത്താവുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് തീരുമാനിക്കുകയും ചെയ്യണം.

## പദ്ധതിസംയോജന സാദ്ധ്യതകൾ

വിനോദസഞ്ചാരപ്രദേശങ്ങളുടെ പ്രചരണത്തിനും ഉത്തരവാദിത്വ ടൂറിസത്തിന്റെ പ്രോത്സാഹനത്തിനു ഈ മേഖലയിലെ ടാക്സി-ഓട്ടോറിക്ഷ ഡ്രൈവർമാർ, ഈ പ്രദേശങ്ങളിലെ ചെറുകിട കച്ചവടക്കാർ തുടങ്ങിയവർക്ക് വിനോദസഞ്ചാരവകുപ്പുമായി ചേർന്ന് അവശ്യാധിഷിത പരിശീലനം സംഘടിപ്പിക്കാവുന്നതാണ്. പ്രാദേശികമായ കലാരൂപങ്ങൾ, കരകൗശലവസ്തുക്കളുടെ പ്രദർശനം, വില്പന, കാർഷികമേളകൾ എന്നിവ വർഷത്തിൽ ചുരുങ്ങിയത് 5 ദിവസമെങ്കിലും സംഘടിപ്പിക്കുന്നതിന് വിനോദസഞ്ചാരവകുപ്പുമായി സംയുക്ത പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഉല്പാദന-സേവനമേഖല പ്രോജക്റ്റുകൾ ഈ പ്രദേശങ്ങളിൽ ഉപയോഗപ്പെടുത്താവുന്നതാണ്. ടൂറിസം സംബന്ധിച്ച വികസനപ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ആയത് എങ്ങനെ പ്രാവർത്തികമാക്കാമെന്നും ആയത് ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ്/ ഏജൻസികളുമായി ചർച്ച ചെയ്യുകയും അവ തദ്ദേശഭരണസ്ഥപനത്തിന്റെ പദ്ധതികൾ തയ്യാറാക്കുമ്പോൾ ഗ്രാമസഭകളിൽ ചർച്ചചെയ്ത് തദ്ദേശഭരണസ്ഥപനത്തിന്റെ പദ്ധതിയിൽ വിടവുകൾ നികത്തുന്നതിനുള്ള പ്രോജക്റ്റുകൾക്ക് രൂപകൽപ്പന നല്കുകയും വേണം. ടൂറിസം സംബന്ധിച്ച വിവിധ ഡിപ്പാർട്ട്മെന്റുകളും ഏജൻസികളും ചെയ്യുന്ന പ്രവർത്തനങ്ങൾ അവരുമായി ചർച്ച ചെയ്യപ്പെടുകയും വേണം.

************************

CHAPTER

# XII



# വിദ്യാഭ്യാസം

# XII. പൊതുവിദ്യാഭ്യാസം

### ആമുഖം

പൊതു വിദ്യാഭ്യാസവകുപ്പ് കേരളത്തിലെ ഏറ്റവും വലിയ വകുപ്പുകളിൽ ഒന്നാണ്.1 മുതല് 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സമഗ്രവും ഗുണമേൻമയുള്ളതുമായ വിദ്യാഭ്യാസം ന ൽകുകയെന്നതാണ് പൊതുവിദ്യാഭ്യാസവകുപ്പിന്റെ ദൗത്യം. ഇതിലേക്കായി അദ്ധ്യാപകർക്ക് പരിശീലനം നല്കി അവരെ സജ്ജരാക്കുക. സ്കൂളിൽ ഭൗതീക സാഹചര്യം ഒരുക്കുക, ആവശ്യത്തിന് പാഠപുസ്തകം തയ്യാറാക്കി വിദ്യാർത്ഥികൾക്ക് നൽകുക, ഉച്ചഭക്ഷണം നൽകുക, വിവിധ വിഭാഗം കുട്ടികൾക്ക് സ്കോളർപ്പ് നൽകുക കായിക വിദ്യാഭ്യാസം നൽകുക, കലോൽ ത്സവങ്ങൾ നടത്തുക തുടങ്ങി വിവിധ ഇനം പ്രവർത്തനങ്ങൾ ഈ വകുപ്പ് നടപ്പിലാക്കിവരുന്നു. മേൽ വിഷയങ്ങളുടെ നടത്തിപ്പിന് പദ്ധതി ഇനത്തിലും പദ്ധതിയേതര ഇനത്തിലും തുക വകകൊള്ളിച്ചിട്ടുണ്ട്. ചില പദ്ധതികൾ പൂർണ്ണമായും കേന്ദ്രസാമ്പത്തിക സഹായം വാങ്ങി നടപ്പിലാക്കുന്നവയാണ്.

## I. മീൻസ് കം-മെറിറ്റ് സ്കാളർഷിപ്പ്

### ആമുഖം

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികളെ പഠനത്തിൽ കൂടുതൽ തൽപ്പരരാക്കുവാനും അവരെ പ്രോത്സാഹിപ്പിക്കാനുമാണ് ഈ പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്.

### ഫണ്ട്

100 % കേന്ദ്രാവിഷ്കൃതപദ്ധതിയാണിത്.

### നിർവ്വഹണസ്ഥാപനം

പൊതുവിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹൈസ്ക്കൂൾ

### ലക്ഷ്യങ്ങൾ

വിദ്യാർത്ഥികളെ പഠനത്തിൽ തൽപ്പരരാക്കുക, സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പ്രത്സാഹിപ്പിക്കൽ, രക്ഷിതാക്കൾക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും.

### ഗുണഭോക്താക്കൾ

- സംസ്ഥാനത്തെ എല്ലാ സർക്കാർ, എയിഡഡ് സ്കൂളിൽ പഠിക്കുന്ന 8-ാം ക്ലാസ് വിദ്യാർത്ഥികൾ
- രക്ഷിതാക്കളുടെ വാർഷികവരുമാനം 1.50 ലക്ഷത്തിൽ താഴെ.
- നാല് വർഷം സ്കാളർഷിപ്പിന് അർഹതയുണ്ടായിരിക്കും
- വാർഷിക സ്കോളർഷിപ്പ് തുക - 6000 രൂപ

### ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

ഈ പദ്ധതിയിൽ സ്കോളർഷിപ്പിനെപ്പറ്റിയുള്ള അവബോധം കുട്ടികളിലും രക്ഷിതാക്കളിലും എത്തിക്കാൻ സ്ക്കൂൾ വാർഷിക യോഗങ്ങളിലും പി.ടി.എ. യോഗങ്ങളിലും ഈ വിഷയം ചർച്ച ചെയ്യപ്പെടാം.

### പ്രവർത്തനങ്ങൾ

വാർഷിക പരീക്ഷയിൽ 50 % മാർക്ക് ലഭിക്കുന്ന കുട്ടികൾക്ക് ഒരു പൊതുപരീക്ഷ നടത്തിയാണ് സ്കൂൾതലത്തിൽ അർഹരായവരെ കണ്ടെത്തുന്നത്.
കൂടാതെ രക്ഷിതാവിന്റെ വാർഷികവരുമാനം 1.5 ലക്ഷത്തിൽ താഴെയായിരിക്കം

### നിർവ്വഹണ മോണിറ്ററിംഗ് സംവിധാനങ്ങൾ

സ്കൂളിലെ പ്രഥമാദ്ധ്യാപകൻ (ഹേഡ്മാസ്റ്റർ) ഉൾപ്പെടുന്ന സ്ക്കൂൾ വികസന സമിതിയാണ് ഇതിന്റെ മേൽ നോട്ടം വഹിക്കുന്നത്.

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടവും, മോണിറ്ററിംഗും ആവശ്യമാണ്. പഞ്ചായത്തുകളുടെ തനത് ഫണ്ട് ഉപയോഗിച്ച് കൂടുതൽ കുട്ടികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോയെന്ന് ചർച്ച ചെയ്യപ്പെടാവുന്നതാണ്.

### പദ്ധതി സംയോജന സാധ്യതകൾ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വിദ്യാർത്ഥികളുടെ തെരെഞ്ഞെടുപ്പിലും, രക്ഷിതാവിന്റെ സാമ്പത്തിക മേഖലയിലും സൂക്ഷ്മപരിശോധന നടത്താവുന്നതും അർഹരായവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കാവുന്നതും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഫണ്ട് ലഭ്യമെങ്കിൽ ഈ പദ്ധതി കൂടുതൽ വ്യാപകമാക്കുന്നതിനും, കൂടുതൽ കുട്ടികൾക്ക് ലഭിക്കുന്നതിനും വേണ്ട നടപടിക്രമങ്ങൾ ചെയ്യാവുന്നതാണ്.

## II. പ്രീ – മെട്രിക് സ്ക്കോളർഷിപ്പ്

### ആമുഖം

ന്യൂനപക്ഷ ക്ഷേമം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ വിഭാവനം ചെയ്യപ്പെട്ട പദ്ധതിയാണ് പ്രീ–മെട്രിക് സ്ക്കോളർഷിപ്പ്. 2008–09 വർഷം മുതലാണ് കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

### ഫണ്ട്

75 % കേന്ദാവിഷ്കൃത പദ്ധതിയാണിത്. മുസ്ലീം– ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ട ന്യൂനപക്ഷ വിഭാഗത്തിനാണ് ഈ പദ്ധതി. 1000 രൂപയാണ് ഒരു വർഷം ഒരു വിദ്യാർത്ഥിക്കുള്ള സ്കോളർഷിപ്പ് തുക.

### നിർവ്വഹണസ്ഥാപനം

കേരളത്തിലെ എല്ലാ സർക്കാർ എയഡഡ്, അംഗീകൃത അൺഎയ്ഡഡ് അഫിലിയേഷനുള്ള സി.ബി. എസ്.ഇ സ്ക്കൂളുകൾ.

### ലക്ഷ്യങ്ങൾ

സമൂഹത്തിൽ ഒറ്റപ്പെട്ടു നിൽക്കുന്ന ന്യൂനപക്ഷ വിഭാഗത്തെ പൊതുസമൂഹത്തിന്റെ ഭാഗമാക്കാനും അവർക്ക് വിദ്യാഭ്യാസപരമായി മറ്റ് സമുദായങ്ങളെപ്പോലെ അർഹതപ്പെട്ടവ ലഭ്യമാക്കുകയാണ് ഇതിന്റെ ലക്ഷ്യം.

### ഗുണഭോക്താക്കൾ

കേരളത്തിലെ എല്ലാ സർക്കാർ, എയഡഡ്, അംഗീകൃത അൺഎയ്ഡഡ് അഫിലിയേഷനുള്ള സി.ബി. എസ്.ഇ സ്ക്കൂളുകളിൽ 1 മുതൽ 10 -ാം ക്ലാസ്സുവരെ പഠിക്കുന്ന മുസ്ലീം-ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ട ന്യൂനപക്ഷ വിദ്യാർത്ഥികൾ, 50% ൽ കൂടുതൽ മാർക്ക് നേടിയവരും കുടുംബ വാർഷികവരുമാനം 1 ലക്ഷം രൂപവരെയുള്ളവരും.

### ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വാർഷികവരുമാനം കുറഞ്ഞ കുടുംബത്തിൽപ്പെട്ടവരെയും ഈ പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്.

### പ്രവർത്തനങ്ങൾ

ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിൽ ശ്രദ്ധ ചെലുത്താനും സുതാര്യമാക്കാനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കഴിയും.

### നിർവ്വഹണ സംവിധാനം

അർഹരായ എല്ലാ വിദ്യാർത്ഥികളും ഈ പദ്ധതിയുടെ കീഴിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് സ്ക്കൂൾ അധികൃതർക്കും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും മോണിറ്ററിംഗ് നടത്താവുന്നതാണ്.

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്.

പദ്ധതിയുടെ പ്രചാരണം, വാർഷിക പദ്ധതിരേഖയിൽ ചർച്ച, ഗുണഭോക്താക്കളുടെ സെലക്ഷൻ, അർഹരായവരെയെല്ലാം പദ്ധതിയിൽ ഉൾപ്പെടുത്തുക, പരാതിരഹിതമായി നടപ്പിലാക്കുക.

### പദ്ധതി സംയോജന സാദ്ധ്യതകൾ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി സംയോജിപ്പിച്ച് ഈ പദ്ധതി അർഹരായവർക്കെല്ലാം ലഭ്യമാക്കാൻ സഹായിക്കും. വിടവുകൾ പഞ്ചായത്തിന്റെ പദ്ധതി വഴി ദുരീകരിക്കാം.

## III. സർവ്വ ശിക്ഷാഅഭിയാൻ (എസ്. എസ്. എ)

## ആമുഖം

പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിന് വേണ്ടി 2000 വർഷത്തിൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണിത്. 2000 മുതൽ 2010 നകം 6 മുതൽ 14 വരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികവും സൗജന്യവുമാക്കാൻ ലക്ഷ്യമിട്ട പദ്ധതിയാണ് എസ്. എസ്. എ

## ഫണ്ട്

65 % കേന്ദ്രവും 35% സംസ്ഥാനവും വഹിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് എസ്. എസ്. എ

## നിർവ്വഹണസ്ഥാപനം

സംസ്ഥാനതലത്തിൽ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷന്റെ (ഡി.പി.ഐ) കീഴിൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറും, ജില്ലകളിൽ ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടും അതിന്റെ കീഴിൽ ബ്ലോക്ക് റിസോഴ്സ് സെന്ററുകളും, ക്ലസ്റ്റർ റിസോഴ്സ് സെന്ററുകളും സ്കൂളുകളുമാണ് നിർവ്വഹണസ്ഥാപനങ്ങൾ.

## ലക്ഷ്യങ്ങൾ

പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമാക്കുക, വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, എല്ലാ കുട്ടികളെയും സ്ക്കൂളിൽ എത്തിക്കുക, അതിനുള്ള ഭൗതീക സാഹചര്യവും പഠനസാഹചര്യവും ഒരുക്കുക, മെച്ചപ്പെടുത്തുക.

## ഗുണഭോക്താക്കൾ

6 മുതൽ 14 വരെ പ്രായമുള്ള എല്ലാ കുട്ടികളും അവർക്ക് വിദ്യാഭ്യാസം നല്കുന്ന എല്ലാ അദ്ധ്യാപകരും, പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങളും.

## ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

ഈ പദ്ധതി പൂർണ്ണമായും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നടത്താവുന്നതാണ്. എങ്കിൽ മാത്രമെ സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസം എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയുകയുള്ളു. കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടയാൻ കഴിയൂ. പ്രാദേശിക പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടാനും പരിഹാരം കാണാനും കഴിയുകയുള്ളു.

## പ്രവർത്തനങ്ങൾ

1. ഓരോ പ്രൈമറി വിദ്യാലയങ്ങളിലും എത്ര കുട്ടികൾ വീതം പഠിക്കുന്നുവെന്ന് മനസ്സിലാക്കാം.
2. ആ പ്രദേശത്തെ ഏതെങ്കിലും കുടുംബങ്ങളിൽ സ്ക്കൂളുകളിൽ ചേർക്കാത്ത കുട്ടികളുണ്ടോയെന്ന് പരിശോധിക്കാം
3. കുട്ടികളുടെ കൊഴിഞ്ഞ് പോക്കിന് കാരണം കണ്ടെത്താം
4. പരിഹാര മാർഗ്ഗങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കാം
5. എല്ലാവരും ഇതിലുൾപ്പെട്ടിട്ടുണ്ടോയെന്ന് വിശകലനം ചെയ്യാം

## നിർവ്വഹണ മോണിറ്ററിംഗ് സംവിധാനം

സ്കൂൾ അധികൃതർ, സി.ആർ.സി, ബി.ആർ.സി, തദ്ദേശസ്വയംഭരണ അംഗങ്ങൾ ഉൾപ്പെടുന്നവർക്ക് പദ്ധതിയുടെ നിർവ്വഹണവും മോണിറ്ററിംഗും നടത്താവുന്നതാണ്.

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

ഈ പദ്ധതിയുടെ എല്ലാ പ്രവർത്തനങ്ങളിലും തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്കുണ്ട്. കൂടാതെ സംസ്ഥാന പദ്ധതി വിഹിതം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലൂടെയാണ് സംസ്ഥാന സർക്കാർ ചെലവഴിക്കുന്നത്. സ്കൂളുകളുടെ മേൽനോട്ടം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങലിൽ നിക്ഷിപ്തമായ സാഹചര്യത്തിൽ ഈ മേഖലയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക് അനന്തമാണ്.

### പദ്ധതിയുടെ സംയോജന സാദ്ധ്യതകൾ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ആ പ്രദേശത്തെ വിദ്യാലയങ്ങളും സംയുക്തമായി നടപ്പിലാക്കി വിജയിപ്പിക്കേണ്ട പദ്ധതിയാണിത്. എസ്. എസ്. എ സ്കീമുകൾ ഒഴിച്ചുള്ള വയ്ക്കു മാത്രം തദ്ദേശഭരണസ്ഥാപനം പദ്ധതി തയ്യാറാക്കിയാൽ മതി. സ്കീമുകളെല്ലാം പദ്ധതിരേഖയുടെ ഭാഗമാക്കുക.

## IV. സ്കീം ഫോർ പ്രൊവൈഡിംഗ് ക്വാളിറ്റി എഡ്യുക്കേഷൻ ഇൻ മദ്രസ്സാ (എസ്.പി.ക്യു.ഇ. എം)

### ആമുഖം:

പരമ്പരാഗതമായി പ്രവർത്തിച്ചുവരുന്ന മദ്രസ്സകളിലും മക്താബുകളിലും പ്രധാന വിഷയങ്ങളായ സയൻസ്, കണക്ക്,ഇംഗ്ലീഷ്, സോഷ്യൽ സ്റ്റഡീസ്, ഹിന്ദി എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്നതിനും, ഇത്തരം സ്ഥാപനങ്ങളുടെ നവീകരണം, സ്ഥാപനങ്ങൾക്കുള്ള ധനസഹായം, അദ്ധ്യാപകർക്കുള്ള വേതനം എന്നിവയ്ക്കുവേണ്ടി ആവിഷ്ക്കരിച്ച പദ്ധതിയാണിത്.

### ഫണ്ട്:

100 % കേന്ദ്രാവിഷ്കൃതപദ്ധതിയാണിത്.

### നിർവ്വഹണസ്ഥാപനം:

സംസ്ഥാന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന മദ്രസ്സകളും മക്താബുകളും.

### ലക്ഷ്യങ്ങൾ:

സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന സമുദായങ്ങളുടെ ഉന്നതിയും അവർ നടത്തിവരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പ്രവർത്തനങ്ങൾക്കും പ്രോത്സാഹനവും, സാമ്പത്തിക സഹായവും നൽകുക.

### ഗുണഭോക്താക്കൾ:

മൂന്ന് വർഷമായി സംസ്ഥാനത്ത് തുടർച്ചയായി പ്രവർത്തിച്ചുവരുന്നതും കേന്ദ്രസംസ്ഥാന സർക്കാർ ആക്ട് പ്രകാരമോ മദ്രസ്സാ ബോർഡ്, വഖഫ് ബോർഡ്, നാഷണൽ

ഓപ്പൺ സ്കൂൾ എന്നിവയിലോ രജിസ്റ്റർ ചെയതിട്ടുള്ള മദ്രസ്സകൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ.

## ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

ഈ പദ്ധതി പൂർണ്ണമായും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നടത്താവുന്നതാണ്. പദ്ധതി വിഹിതം ശരിയായ രീതിയിൽ ഉപയോഗിക്കുന്നുവോയെന്നും പദ്ധതി കൃത്യമായും ഓരോ മദ്രസ്സകളിലും നടക്കുന്നുണ്ടോയെന്നും ചർച്ചചെയ്യപ്പെടാനും, അവ കൂടുതൽ കാര്യക്ഷമമാക്കാനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഇടപെടൽ മൂലം സാധിക്കുന്നതാണ്.

## പ്രവർത്തനങ്ങൾ

മദ്രസ്സകളിൽ പഠിപ്പിക്കുന്ന ബിരുദ അദ്ധ്യാപകർക്ക് പ്രതിമാസം 6,000 രൂപയും ബിരുദാനന്തര ബിരുദമുള്ളവർക്ക് 12,000 രൂപയും നൽകിവരുന്നു. കൂടാതെ ലൈബ്രറി വികസനം, ബുക്ക് ബാങ്ക്, ലേണിംഗ് മെറ്റീരിയൽസ് എന്നിവയ്ക്ക് ഒറ്റത്തവണ 5,000 രൂപയും വാർഷിക ഗ്രാന്റ് 5,000 രൂപയും നൽകുന്നു. സയൻസ് കിറ്റ്, കണക്ക് കിറ്റ്, മറ്റ് പഠന സാമഗ്രികൾ വാങ്ങുന്നതിന് 15,000 രൂപയും സെക്കണ്ടറി/ഹയർ സെക്കണ്ടറി തലത്തിൽ സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, വർക്ക്ഷോപ്പ് മുതലായവയുടെ നിർമ്മാണം, നവീകരണം എന്നിവയ്ക്ക് ഒരു ലക്ഷം രൂപയും വാർഷിക ഗ്രാന്റ് ,5000 രൂപയും നൽകുന്നു. അദ്ധ്യാപക പരിശീലനത്തിന് ഒരദ്ധ്യാപകന് 100 രൂപ പ്രകാരം 15 ദിവസത്തേക്കുള്ള തുകയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ സെക്കണ്ടറി/ഹയർ സെക്കണ്ടറി തലത്തിൽ നാഷണൽ ഓപ്പൺ സ്ക്കൂൾ വഴിയുള്ള പ്രൈവറ്റ് രജിസ്ട്രേഷൻ, പരീക്ഷഫീസ്, പഠന സാമഗ്രികൾ വാങ്ങുന്നതിനുള്ള സഹായവും, സംസ്ഥാന മദ്രസ്സ ബോർഡിന്റെ വികസന പ്രവർത്തനങ്ങൾക്ക് 5 ലക്ഷം രൂപ റിക്കറിംഗ് ഗ്രാന്റും നൽകുന്നു.

നിർവ്വഹണ മോണിറ്ററിംഗ് സംവിധാനം

എ.ഇ.ഒ, ഡി.ഇ.ഒ തലത്തിൽ ഡിപ്പാർട്ട്മെന്റ് തല ആഫീസർമാരും, സംസ്ഥാനതലത്തിൽ ഡി.പി.ഐ. യുടെ കീഴിലുള്ള അറബിക് സ്പെഷ്യൽ ആഫീസറുമാണ് ഇപ്പോൾ മോണിറ്ററിംഗ്, സൂപ്പർ വിഷൻ നടത്തുന്നൂത്.

## തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്താവുന്നതും മറ്റ് തരത്തിൽ ഈ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാണോയെന്ന് പരിശോധിക്കാവുന്നതും എല്ലാ വിദ്യാർത്ഥികൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നവെന്ന് ഉറപ്പുവരുത്താനും കഴിയും.

## പദ്ധതിയുടെ സംയോജന സാദ്ധ്യതകൾ

ഇത്തരം സ്ഥാപനങ്ങൾക്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സാമ്പത്തിക സഹായം നൽകുന്നുണ്ടോയെന്ന് പരിശോധിക്കാം. ലഭിക്കുന്ന സാമ്പത്തിക സഹായം യഥാവിധിയാണോ ഉപയോഗിക്കുന്നതെന്ന് കണ്ടെത്തുകയും അപാകതകൾ ഉണ്ടെങ്കിൽ പുന:പരിശോധനയ്ക്ക് വിധേയമാക്കാവുന്നതുമാണ്. ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർക്കു പുറമെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വിദ്യാഭ്യാസ-സാംസ്ക്കാരിക അംഗങ്ങൾക്കുകൂടി പദ്ധതിയുടെ നിർവ്വഹണത്തിലും സൂപ്പർവിഷനിലും മോണിറ്ററിംഗിലും സജീവ പങ്കാളികളാകാവുന്നതാണ്. ഈ പദ്ധതിയുടെ പോരായ്മകൾ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്, അവരുടെ പദ്ധതി വഴി നികത്താവുന്നതാണ്.

## V. ഇൻസെന്റീവ് ടു ഗേൾസ് ഫോർ സെക്കണ്ടറി എഡ്യുക്കേഷൻ

**ആമുഖം**

20087-09 അദ്ധ്യയന വർഷം മുതൽ ഭാരത സർക്കാർ ആവിഷക്കരിച്ച് നടപ്പിലാക്കിവരുന്ന പുതിയപദ്ധതിയാണ്. ഇൻസെന്റീവ് ടു ഗേൾസ് ഫോർ സെക്കണ്ടറി എഡ്യുക്കേഷൻ.

**ഫണ്ട്**

100 % കേന്ദ്രധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്.

**നിർവ്വഹണ സ്ഥാപനം**

പൊതുവിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഗവൺമെന്റ്, എയ്ഡഡ് അല്ലെങ്കിൽ എൽ. എസ്.ജി.ഐ (ഘടകഏക) സ്ക്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ.

**ലക്ഷ്യങ്ങൾ**

പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ജാതിവ്യത്യാസമില്ലാതെ എല്ലാ പെൺകുട്ടികളേയും പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സഹായിക്കുക, ഹൈസ്ക്കൂൾ തലത്തിന് മുമ്പ് പെൺകുട്ടികളുടെ വിവാഹം നിരുത്സാഹപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

**ഗുണഭോക്താക്കൾ**

സംസ്ഥാനത്തെ സ്ക്കൂളുകളിൽ എട്ടാം ക്ലാസ്സ് പാസായി ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്ന എല്ലാ പെൺകുട്ടികളും.

**ഏറ്റെടുക്കാവുന്ന പ്രവർത്തികൾ**

പെൺകുട്ടികളോട് സമൂഹം കാണിക്കുന്ന വിവേചനം അവസാനിപ്പിക്കുന്നതിനും പെൺകുട്ടികളെ പൊതുധാരയിൽ എല്ലാ മേഖലകളിലേക്കും ഉയർന്നുവരാൻ പ്രാപ്തരാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് വലിയ പങ്ക് വഹിക്കാൻ കഴിയും.

## VI. രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാൻ (ആർ എം. എസ്. എ)

**ആമുഖം**

കേന്ദ്രസർക്കാർ 2008 ൽ ആരംഭിച്ച പദ്ധതിയാണിത്. 2009-10 വർഷം മുതൽ ഈ പദ്ധതി കേരളത്തിൽ നടന്നു വരുന്നു.

**ഫണ്ട്**

50% കേന്ദ്ര സർക്കാരും 50% സംസ്ഥാന സർക്കാരും ചേർന്നാണ് പദ്ധതിയുടെ സാമ്പത്തിക ചെലവ് വഹിക്കുന്നത്.

### നിർവ്വഹണസ്ഥാപനം

സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ആർ എം. എസ്. എ., സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ.

### ലക്ഷ്യങ്ങൾ

സെക്കണ്ടറിതലം വരെ വിദ്യാഭ്യാസം സാർവത്രികമാക്കുകയും ഗുണമേൻമയുള്ള വിദ്യാഭ്യാസം നൽകാൻവേണ്ടി വിദ്യാഭ്യാസ പ്രക്രിയ കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രാപ്യമാക്കുകയുമാണ് ഇതിന്റെ ലക്ഷ്യങ്ങൾ.

### ഗുണഭോക്താക്കൾ

15 വയസ്സു മുതൽ 18 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും ഗുണമേൻമയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുക

### ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഇത്തരം പ്രവർത്തനങ്ങൾ പ്രാദേശികമായി വിലയിരുത്തുവാനും ഇത്തരം സഹായങ്ങളിലും പ്രവർത്തനങ്ങളിലും മറ്റ് ഏജൻസികൾ സഹായം നൽകുന്നുണ്ടോയെന്നു പരിശോധിക്കാവുന്നതും ഒരു വ്യക്തിക്കുതന്നയോ ഒരു സ്ഥാപനത്തിനുതന്നയോ വിവിധയിനം സാമ്പത്തികസഹായം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കാവുന്നതും അതിന് നിയന്ത്രണം ഏർപ്പെടുത്താവുന്നതുമാണ്.

### പ്രവർത്തനങ്ങൾ

പ്രസ്തുത സ്ഥാപനങ്ങളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുക, സമൂഹത്തിൽ പിന്നോക്കം നിലക്കുന്ന വിഭാഗങ്ങൾക്കും മൈനോറിറ്റി സെക്ഷനുകളിലെ റൂറൽ വിദ്യാർത്ഥികൾക്കുമുള്ള പ്രത്യേക സഹായ പദ്ധതികളും ഇതിൽപ്പെടും.

### നിർവ്വഹണ മോണിറ്ററിംഗ് സംവിധാനം

ഈ പരിപാടികൾ സംസ്ഥാനതലത്തിലും ജില്ലാ, ബ്ലോക്ക്, സി.ആർ.സി തലങ്ങളിലും നിർവ്വഹണ മോണിറ്ററിംഗ് നടത്തിവരുന്നു.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഇടപെടൽമൂലം ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി നിർവ്വഹണം കൂടുതൽ സുതാര്യമാക്കുവാനും കഴിയുക.

### പദ്ധതി സംയോജനസാദ്ധ്യതകൾ

ഈ പദ്ധതി കേന്ദ്രസർക്കാർ നൽകുന്ന നിർദ്ദേശതത്വങ്ങളുടെ അടിസ്ഥാനത്തിലാണ്. ആകയാൽ പദ്ധതി സംയോജന സാദ്ധ്യതകൾ സംസ്ഥാന സർക്കാർ തീരുമാനത്തിന് വിധേയമായിരിക്കും. പദ്ധതികളിലെ വിടവുകൾ ഏതെന്നും എന്തെന്നും ആയത് നികത്തുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ തയ്യാറാക്കി അവരുടെ പദ്ധതിയുടെ ഭാഗമാക്കാവുന്നതാണ്.

# VII. ഇൻക്ല്യൂസിവ് എഡ്യുക്കേഷൻ ഫോർ ദി ഡിസേബിൾഡ് അറ്റ് ദി സെക്കണ്ടറി സ്റ്റേജ് (ഐ.ഇ.ഡി.എസ്.എസ്)

## ആമുഖം

ഇൻറഗ്രേറ്റഡ് എഡ്യുക്കേഷൻ ഫോർ ദി ഡിസേബിൾഡ് ചിൽഡ്രൻ (ഐ.ഇ.ഡി.സി) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 2009 മുതൽ ഐ.ഇ.ഡി.എസ്.എസ് എന്ന പദ്ധതിയായി മാറ്റിയിട്ടുള്ളതാണ്.

## ഫണ്ട്

100 % കേന്ദ്രാവിഷ്കൃതപദ്ധതിയാണിത്.

## നിർവ്വഹണ സ്ഥാപനം

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഐ.ഇ.ഡി.എസ്.എസ് വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും ഭരണാധികാരി അതായത് സ്കൂൾ ഹെഡ്മാസ്റ്റർമാർ/ഹയർ സെക്ക ണ്ടറി പ്രിൻസിപ്പാൾമാർ

## ലക്ഷ്യങ്ങൾ

9 മുതൽ 12-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികളിൽ ഈ വിഭാഗത്തിൽപ്പെട്ടവരെ കണ്ടെത്തുക, വ്യക്തിപരമായ സഹായം നൽകുക, ക്ലാസ്സ് റൂമുകളിലും ലൈബ്രറി, ലാബ് മുതലായവയിൽ ഈ വിഭാഗങ്ങൾക്ക് പ്രവർത്തനം നടത്തത്തക്കവിധം സംവിധാനം ചെയ്യുക, പഠന ഉപകരണങ്ങൾ നൽകുക, ഇത്തരം വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകാൻ അദ്ധ്യാപകരെ തയ്യാറാക്കുക.

## ഗുണഭോക്താക്കൾ

14 വയസ്സിനുമുകളിൽ പ്രഥമിക വിദ്യാഭ്യാസം കഴിഞ്ഞ് സെക്കണ്ടറിതലത്തിൽ പഠിക്കുന്ന ഗവൺമെൻറ് എയ്ഡ്ഡ്, എൽ.എസ്.ജി.ഐ സ്ഥാപനങ്ങളിൽ പഠിക്കുന്നതും, ഒന്നും അതിലധികമോ വിഭാഗം ബുദ്ധിമുട്ടനുഭവിക്കുന്നതും (പി.ഡബ്ല്യു.ഡി) ആക്ട് 1995, നാഷണൽ ട്രസ്റ്റ് ആക്ട് 1999 ന്റെ പരിധിയിൽ വരുന്ന കുട്ടികളും

## ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

ഈ പദ്ധതിയുടെ നടത്തിപ്പിന്റെ പൂർണ്ണ മേൽനോട്ടം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കൈകാര്യം ചെയ്യുന്നത് കൂടുതൽ ഫലപ്രദമായിരിക്കും.

## പ്രവർത്തനങ്ങൾ

1. വിദ്യാർത്ഥി – അധിഷ്ഠിതം
2. മറ്റുള്ളവ
    1. കുട്ടികൾക്ക് 3000 രൂപ വാർഷികമായി താഴെ പറയുന്ന കാര്യങ്ങൾക്ക് നൽകുന്നു
       മെഡിക്കൽ അസസ്മെന്റ്, ബുക്ക്, സ്റ്റേഷനറി, യൂണിഫോം, ട്രാൻസ്പോർട്ട്, എസ്കോർട്ട്, പെൺകുട്ടികൾക്ക് സ്പെഷ്യൽ അലവൻസ്, ഹോസ്റ്റൽ

അലവൻസ്, തെറാപ്യൂട്ടിക് സർവ്വീസസ്, എ.സി.റ്റി റിസോഴ്സ്,ഹെൽപേഴ്സ് അലവൻസ് മുതലായവ.

2. മറ്റുള്ളവയിൽ– അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം, രക്ഷിതാക്കൾക്ക് പരിശീലനം, സ്കൂളുകളുടെ ഭൗതീകസാഹചര്യം മെച്ചപ്പെടുത്തൽ, മോണിറ്ററിംഗ് ഇവാല്യുവേഷൻ, റിസർച്ച് ആന്റ് ഡവലപ്പ്മെന്റ്, അഡമിനിസ്ട്രേഷൻ മുതലായവ

### നിർവ്വഹണ മോണിറ്ററിംഗ് സംവിധാനം

സ്കൂൾ ഹെഡമാസ്റ്റർ/പ്രിൻസിപ്പാൾ, എ.ഇ.ഒ., ഡി.ഇ.ഒ., വിദ്യാഭ്യാസ ഉപഡയറക്ടർമാർ (ഡി.ഡി.ഇ),ഡി.പി.ഐയിലെ ഐ.ഇ.ഡി.എസ്.എസ്. സ്പെഷ്യൽ ഓഫീസർ മുതലായവർ

### തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്

ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനും മെഡിക്കൽ അസസ്മെന്റ് ശരിയായ രീതിയിൽ നടത്തുന്നതിനും സഹായം ലഭിക്കേണ്ടവർക്ക് ലഭ്യമായോയെന്ന് പരിശോധിക്കുവാനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കഴിയും.

### പദ്ധതി സംയോജന സാദ്ധ്യതകൾ

വിവിധ ഡിപ്പാർട്ടമെന്റുകളുടേയും ഏജൻസികളുടേയും സംയോജനത്തിന് നേതൃത്വം നൽകാം. പോരായ്മകൾ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പദ്ധതി വഴി പരിഹരിക്കാം.

## VIII. ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് (ഡി.ഐ.ഇ.ടി, DIET)

### ആമുഖം

1985 ലെ ന്യൂ എഡ്യുക്കേഷൻ പോളിസിയുടെ അടിസ്ഥാനത്തിൽ 1989 ൽ സ്ഥാപിതമായ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ, കേരളത്തിൽ ആദ്യം മൂന്ന് ജില്ലകളിലും തുടർന്ന് 1991 ൽ നാലു ജില്ലകളിലും തുടർന്ന് എല്ലാ ജില്ലകളിലും ഈ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

### ഫണ്ട്

100% കേന്ദ്രസഹായം

### നിർവ്വഹണ സ്ഥാപനം

പൊതുവിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ 14 ജില്ലകളിലും പ്രവർത്തിച്ചുവരുന്ന 'ഡയറ്റു'കളിലെ പ്രിൻസിപ്പാൾമാർ.

### ലക്ഷ്യങ്ങൾ

കേരളത്തിലെ പ്രൈമറി മേഖലയിലെ എല്ലാ അദ്ധ്യാപകർക്കും ഇൻസർവ്വീസ് ട്രെയിനിംഗ് നല്കുക, പ്രീ-സർവ്വീസ് ട്രെയിനിംഗ് നല്കുക, റിസോഴ്സ് റിപ്പോർട്ട് നൽകുക

ആക്ഷൻ റിസർച്ച് നടത്തുക, ആറ് ജില്ലകളിൽ  നടപ്പിലാക്കിയ ഡി.പി.ഇ.പി (ഡിസ്ട്രിക് പ്രൈമറി എഡ്യുക്കേഷൻ പ്രോഗ്രാം) ഏകോപിപ്പിക്കൽ, പ്രവർത്തനാധിഷ്ഠിത പാഠ്യപദ്ധതി വ്യാപിപ്പിക്കുൽ തുടങ്ങിയവ.

### ഗുണഭോക്താക്കൾ

വിദ്യാർത്ഥി സമൂഹവും എല്ലാ അദ്ധ്യാപകരും.

### ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ

ഡയറ്റുകളുടെ പ്രവർത്തന സഹായത്തിനായി ബ്ലോക്ക് തലത്തിൽ  ബ്ലോക്ക് റിസോഴ്സ് സെന്ററുകളും (ബി.ആർ.സി) ക്ലസ്റ്റർ റിസോഴ്സ് (സി.ആർ.സി.) സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഇവയുടെ പ്രവർത്തനങ്ങൾ പരിശോധിക്കാവുന്നതും പിന്നോക്കം നില്ക്കുന്നവയെ ഉദ്ധരിക്കാൻ വേണ്ട ക്രിയാത്മക നിർദ്ദേങ്ങൾ വയ്ക്കാവുന്നതുമാണ്.

### പ്രവർത്തനങ്ങൾ

ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും ഓരോ അദ്ധ്യയന വർഷവും വിവിധ പരിശീലന പരിപാടികൾ നടത്തുകയും ചെയ്തുവരുന്നു.

### നിർവ്വഹണ മോണിറ്ററിംഗ് സംവിധാനം

ഡി.പി.ഐ തലത്തിൽ നടത്തുന്ന മോണിറ്ററിംഗ് സംവിധാനം അപര്യാപ്തമാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ചർച്ചചെയ്ത് മോണിറ്ററിംഗ് സംവിധാനം പുന:ക്രമീകരിക്കാവുന്നതാണ്.

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

സംസ്ഥാനതലത്തിൽ ചർച്ച ചെയ്ത് അന്തിമ തീരുമാനം കൈക്കൊള്ളുന്നതായിരിക്കും ഉചിതം.

### പദ്ധതി സംയോജന സാദ്ധ്യതകൾ

സർക്കാർ തലത്തിൽ നയപരമായ തീരുമാനത്തിന് വിധേയം. പരീശലനവുമായി ബന്ധപ്പെട്ട പദ്ധതിയിലെ കാര്യങ്ങൾക്ക് ഡയറ്റിനെ ഉപയോഗപ്പെടുത്താം.

## IX. ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി -സ്കീം 2

### ആമുഖം

കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച്  നടപ്പിലാക്കിവരുന്ന ഇൻഫർമേഷൻ ടെക്നോളജി സ്കീം പ്രകാരം എല്ലാ സ്കൂളുകളിലും ഐ.റ്റി അധിഷ്ഠിത വിദ്യാഭ്യാസം സംജാതമാക്കുക. അതിനു വേണ്ട ഭൗതീക സാഹചര്യം ഒരുക്കുക എന്നിവ ഇതിലുൾപ്പെടുന്നു. ഒന്നാംഘട്ടം (സ്കീം – ഒന്ന്) 2012 ൽ അവസാനിക്കും, ഇപ്പോൾ സ്കീം 2 ആണ് നടപ്പിലാക്കുന്നത്.

### ഫണ്ട്

75% കേന്ദ്രവും 25 % സംസ്ഥാനവും വഹിക്കുന്നു.

### നിർവ്വഹണ സ്ഥാപനം

പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.@സ്കൂൾ പ്രോജക്ട്, എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന തെരെഞ്ഞെടുക്കുന്ന സ്കൂളുകൾ.

### ലക്ഷ്യങ്ങൾ

വിദ്യാഭ്യാസത്തിൽ അതായത് പാഠ്യപദ്ധതി നിർവ്വഹണത്തിൽ കമ്പ്യൂട്ടറുകളുടെ സഹായം, കമ്പ്യൂട്ടർ അധിഷ്ഠിത പഠനപ്രക്രിയ, എല്ലാ സ്കൂളുകളിലും 'സ്മാർട്ട് ക്ലാസ്സുകൾ' - സംസ്ഥാനത്ത് സ്മാർട്ട് സ്കൂളുകൾ സ്ഥാപിക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യം. കുട്ടികളെ പഠനത്തിൽ കൂടുതൽ തത്പരരാക്കാനും ഈ പദ്ധതി ഉപകരിക്കും.

### ഗുണഭോക്താക്കൾ

ഈ പദ്ധതി പ്രകാരം തെരെഞ്ഞെടുക്കുന്ന കേരളത്തിലെ എല്ലാ സ്കൂളുകളും, വിദ്യാർത്ഥികളും അദ്ധ്യാപകരും.

### ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

ഈ പദ്ധതി പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും സ്കൂളുകളിൽ അഥവാ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ സ്കൂളുകളിൽ ഈ പദ്ധതി എത്തിയിട്ടുണ്ടോയെന്ന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് പരിശോധിക്കാം.

### പ്രവർത്തനങ്ങൾ

സ്കീം-2 പ്രകാരം കേരളത്തിലെ ഗവൺമെന്റ് സ്കൂളുകൾ കൂടാതെ എല്ലാ എയ്ഡഡ് ഹൈസ്കൂൾ, എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളും ഇതിന്റെ പരിധിയിൽപ്പെടും.

### നിർവ്വഹണ മോണിറ്ററിംഗ് സംവിധാനം

ഡി.പി.ഐ, ഐ.ടി.@സ്കൂൾ പ്രോജക്ട് ഡയറക്ടർ, സ്കൂൾ ഹെഡ്മാസ്റ്റർമാർ/പ്രിൻസിപ്പാൾമാർ.

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

സ്കൂളുകളുടെ തെരെഞ്ഞെടുപ്പ്, സ്കൂളുകളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തൽ, ഐ.സി.റ്റി. സ്കീമിനു പുറമെ മറ്റെന്തങ്കിലും സമാനസ്കീമുകളുണ്ടെങ്കിൽ അവയെ ഏകോപിപ്പിച്ച് ഈ പദ്ധതി കൂടുതൽ വിജയിപ്പിക്കാൻ കഴിയും.

### പദ്ധതി സംയോജന സാദ്ധ്യതകൾ.

ഇത്തരം പദ്ധതികളോ സമാനസ്വഭാവത്തിലുള്ള പദ്ധതികളോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിലുണ്ടെങ്കിൽ അവ കൂട്ടിയിണക്കി, സംയുക്തമായി വൻ സ്കീമുകൾ നടപ്പിലാക്കാവുന്നതും അത് സ്കൂളുകൾക്ക് സ്ഥിരം സംവിധാനമാക്കി മാറ്റാനും കഴിയും.

## X. എഞ്ചിനീയറിംഗ് കോളേജിലെ ഗേറ്റ് പാസ്സായ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

### ആമുഖം

തിരുവനന്തപുരം, തൃശൂർ, കണ്ണൂർ,ബർട്ടൺ ഗിൽ, പൈനാവ്, വയനാട്, ശ്രീകൃഷ്ണ പുരം കോഴിക്കോട് എന്നീ എഞ്ചിനിയറിംഗ് കോളേജിൽ എം.ടെക് കോഴ്സിന് പഠിക്കുന്ന ഗേറ്റ് സ്കോർ ഉള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ് ഈ പദ്ധതി.

## A. തിരുവനന്തപുരം സർക്കാർ എഞ്ചിനിയറിംഗ് കോളേജിൽ എം.ടെക് കോഴ്സിന് പഠിക്കുന്ന ഗേറ്റ് സ്കോർ ഉള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

### ഫണ്ട് വിവരണം

100% കേന്ദ്രാവിഷ്കൃത പദ്ധതി. 2012 – 13 വർഷത്തിൽ ഈ സ്കീമിന് 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടണ്ട്. രണ്ടണ്ടുവർഷം പഠനകാലയളവിൽ ഗേറ്റ് സ്കോർ ഉള്ള വിദ്യാർത്ഥികൾക്ക് പ്രതിമാസം 8,000 രൂപ വീതം പദ്ധതി അനുസരിച്ച് സ്കോളർഷിപ്പ് ലഭിക്കുന്നു

### നിർവ്വഹണസ്ഥാപനം

ടെക്നിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ്, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം.

### ലക്ഷ്യങ്ങൾ

തിരുവനന്തപുരം സർക്കാർ എഞ്ചിനിയറിംഗ് കോളേജിൽ എം.ടെക് കോഴ്സിന് പഠിക്കുന്ന ഗേറ്റ് സ്കോർ ഉള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ് ഈ പദ്ധതി.

### ഗുണഭോക്താക്കൾ

രണ്ടണ്ടുവർഷം പഠനകാലയളവിൽ ഗേറ്റ് സ്കോർ ഉള്ള വിദ്യാർത്ഥികൾ

### ഏറ്റെടുക്കാവുന്നപ്രവർത്തികൾ

യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതനുസരിച്ച് എ. ഐ. സി. റ്റി. ഇ. ൽ നിന്ന് തുക റീ ഇംപേഴ്സ് ചെയ്തു കിട്ടുന്നു.

### പ്രവർത്തനങ്ങൾ

ഒന്നാം വർഷം അഡ്മിഷൻ പൂർത്തിയായ ഉടൻ സ്കോളർഷിപ്പിന് അർഹരായവരുടെ വിശദവിവരം അടങ്ങുന്ന പ്രൊപ്പോസൽ, കുട്ടികളുടെ 'ഗേറ്റ് സ്കോർ കാർഡ് ' (ഒറിജിനൽ) അടക്കം അതാത് കോളേജ് പ്രിൻസിപ്പൽമാർ എ. ഐ. സി. റ്റി. ഇ. യ്ക്ക് അയച്ചു കൊടുക്കുന്നു. മുൻ വർഷം ചെലവായ സംഖ്യയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെ എ. ഐ. സി. റ്റി. ഇ. യുടെ വെബ്സൈറ്റിൽ നിഷ്ക്കർഷിക്കുന്ന പ്രൊഫോർമയിൽ ആണ് പ്രിൻസിപ്പൽ അപേക്ഷ സമർപ്പിക്കുന്നത്. ഈ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പലിന് തുക അനുവദിക്കുന്നു. അഡ്മിഷൻ ലഭിക്കുന്ന മാസം മുതൽ 24 മാസക്കാലം സ്കോളർഷിപ്പ് ലഭി

ക്കുന്നു.

## B. തൃശൂർ സർക്കാർ എഞ്ചിനിയറിംഗ് കോളേജിൽ എം.ടെക് കോഴ്സിന് പഠിക്കുന്ന ഗേറ്റ് സ്കോർ ഉള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

### ഫണ്ട് വിവരണം

100% കേന്ദ്രാവിഷ്കൃത പദ്ധതി. 2012 – 13 വർഷത്തിൽ ഈ സ്കീമിന് 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടണ്ട്. രണ്ടണ്ടുവർഷം പഠനകാലയളവിൽ ഗേറ്റ് സ്കോർ ഉള്ള വിദ്യാർത്ഥികൾക്ക് പ്രതിമാസം 8,000 രൂപ വീതം പദ്ധതി അനുസരിച്ച് സ്കോളർഷിപ്പ് ലഭിക്കുന്നു

### നിർവ്വഹണസ്ഥാപനം

ടെക്നിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ് – ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജ്, തൃശൂർ.

### ലക്ഷ്യങ്ങൾ

തൃശൂർ സർക്കാർ എഞ്ചിനിയറിംഗ് കോളേജിൽ എം.ടെക് കോഴ്സിന് പഠിക്കുന്ന ഗേറ്റ് സ്കോർ ഉള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ് ഈ പദ്ധതി.

### ഗുണഭോകതാക്കൾ

രണ്ടണ്ടുവർഷം പഠനകാലയളവിൽ ഗേറ്റ് സ്കോർ ഉള്ള വിദ്യാർത്ഥികൾ

### ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതനുസരിച്ച് എ. ഐ. സി. റ്റി. ഇ. ൽ നിന്ന് തുക റീ ഇംപേഴ്സ് ചെയ്തു കിട്ടുന്നു.

### പ്രവർത്തനങ്ങൾ

ഒന്നാം വർഷം അഡ്മിഷൻ പൂർത്തിയായ ഉടൻ സ്കോളർഷിപ്പിന് അർഹരായവരുടെ വിശദവിവരം അടങ്ങുന്ന പ്രൊപ്പോസൽ, കുട്ടികളുടെ 'ഗേറ്റ് സ്കോർ കാർഡ് ' (ഒറിജിനൽ) അടക്കം അതാത് കോളേജ് പ്രിൻസിപ്പൽമാർ എ. ഐ. സി. റ്റി. ഇ. യ്ക്ക് അയച്ചു കൊടുക്കുന്നു. മുൻ വർഷം ചെലവായ സംഖ്യയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെ എ. ഐ. സി. റ്റി. ഇ. യുടെ വെബ്സൈറ്റിൽ നിഷ്ക്കർഷിക്കുന്ന പ്രൊഫോർമയിൽ ആണ് പ്രിൻസിപ്പൽ അപേക്ഷ സമർപ്പിക്കുന്നത്. ഈ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പലിന് തുക അനുവദിക്കുന്നു.

## C. കോട്ടയം സർക്കാർ എഞ്ചിനിയറിംഗ് കോളേജിൽ എം.ടെക് കോഴ്സിന് പഠിക്കുന്ന ഗേറ്റ് സ്കോർ ഉള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

### ഫണ്ട്വിവരണം.

100% കേന്ദ്രാവിഷ്കൃത പദ്ധതി. 2012 – 13 വർഷത്തിൽ ഈ സ്കീമിന് 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടണ്ട്. രണ്ടണ്ടുവർഷം പഠനകാലയളവിൽ ഗേറ്റ് സ്കോർ ഉള്ള വിദ്യാർത്ഥികൾക്ക് പ്രതിമാസം 8,000 രൂപ വീതം പദ്ധതി അനുസരിച്ച് സ്കോളർഷിപ്പ് ലഭിക്കുന്നു

### നിർവ്വഹണസ്ഥാപനം

ടെക്നിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ് – രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി,കോട്ടയം

### ലക്ഷ്യങ്ങൾ

കോട്ടയം സർക്കാർ എഞ്ചിനിയറിംഗ് കോളേജിൽ എം.ടെക് കോഴ്സിന് പഠിക്കുന്ന ഗേറ്റ് സ്കോർ ഉള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ് ഈ പദ്ധതി.

### ഗുണഭോക്താക്കൾ

രണ്ടണ്ടുവർഷം പഠനകാലയളവിൽ ഗേറ്റ് സ്കോർ ഉള്ള വിദ്യാർത്ഥികൾ

### ഏറ്റെടുക്കാവുന്ന പ്രവർത്തങ്ങൾ

യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതനുസരിച്ച് എ. ഐ. സി. റ്റി. ഇ. ൽ നിന്ന് തുക റീ ഇംപേഴ്സ് ചെയ്തു കിട്ടുന്നു.

### പ്രവർത്തനങ്ങൾ

ഒന്നാം വർഷം അഡ്മിഷൻ പൂർത്തിയായ ഉടൻ സ്കോളർഷിപ്പിന് അർഹരായവരുടെ വിശദവിവരം അടങ്ങുന്ന പ്രൊപ്പോസൽ, കുട്ടികളുടെ 'ഗേറ്റ് സ്കോർ കാർഡ് ' (ഒറിജിനൽ) അടക്കം അതാത് കോളേജ് പ്രിൻസിപ്പൽമാർ എ. ഐ. സി. റ്റി. ഇ. യ്ക്ക് അയച്ചു കൊടുക്കുന്നു. മുൻ വർഷം ചെലവായ സംഖ്യയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെ എ. ഐ. സി. റ്റി. ഇ. യുടെ വെബ്സൈറ്റിൽ നിഷ്ക്കർഷിക്കുന്ന പ്രൊഫോർമയിൽ ആണ് പ്രിൻസിപ്പൽ അപേക്ഷ സമർപ്പിക്കുന്നത്. ഈ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പലിന് തുക അനുവദിക്കുന്നു. അഡ്മിഷൻ ലഭിക്കുന്ന മാസം മുതൽ 24 മാസക്കാലം സ്കോളർഷിപ്പ് ലഭിക്കുന്നു.

## D. കണ്ണൂർ സർക്കാർ എഞ്ചിനിയറിംഗ് കോളേജിൽ എം.ടെക് കോഴ്സിന് പഠിക്കുന്ന ഗേറ്റ് സ്കോർ ഉള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

### ഫണ്ട്

100% കേന്ദ്രാവിഷ്കൃത പദ്ധതി. 2012 – 13 വർഷത്തിൽ ഈ സ്കീമിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടണ്ട്. രണ്ടണ്ടുവർഷം പഠനകാലയളവിൽ ഗേറ്റ് സ്കോർ ഉള്ള വിദ്യാർത്ഥികൾക്ക് പ്രതിമാസം 8,000 രൂപ വീതം പദ്ധതി അനുസരിച്ച് സ്കോളർഷിപ്പ് ലഭിക്കുന്നു.

### നിർവ്വഹണസ്ഥാപനം

ടെക്നിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ് – ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജ്, കണ്ണൂർ

### ലക്ഷ്യങ്ങൾ

കണ്ണൂർ സർക്കാർ എഞ്ചിനിയറിംഗ് കോളേജിൽ എം.ടെക് കോഴ്സിന് പഠിക്കുന്ന ഗേറ്റ് സ്കോർ ഉള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ് ഈ പദ്ധതി.

### ഗുണഭോക്താക്കൾ

രണ്ടുവർഷം പഠനകാലയളവിൽ ഗേറ്റ് സ്കോർ ഉള്ള വിദ്യാർത്ഥികൾ.

### ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതനുസരിച്ച് എ. ഐ. സി. റ്റി. ഇ. ൽ നിന്ന് തുക റീ ഇംപേഴ്സ് ചെയ്തു കിട്ടുന്നു.

### പ്രവർത്തനങ്ങൾ

ഒന്നാം വർഷം അഡ്മിഷൻ പൂർത്തിയായ ഉടൻ സ്കോളർഷിപ്പിന് അർഹരായവരുടെ വിശദവിവരം അടങ്ങുന്ന പ്രൊപ്പോസൽ, കുട്ടികളുടെ 'ഗേറ്റ് സ്കോർ കാർഡ് ' (ഒറിജിനൽ) അടക്കം അതാത് കോളേജ് പ്രിൻസിപ്പൽമാർ എ. ഐ. സി. റ്റി. ഇ. യ്ക്ക് അയച്ചു കൊടുക്കുന്നു. മുൻ വർഷം ചെലവായ സംഖ്യയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെ എ. ഐ. സി. റ്റി. ഇ. യുടെ വെബ്സൈറ്റിൽ നിഷ്ക്കർഷിക്കുന്ന പ്രൊഫോർമയിൽ ആണ് പ്രിൻസിപ്പൽ അപേക്ഷ സമർപ്പിക്കുന്നത്. ഈ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പലിന് തുക അനുവദിക്കുന്നു. അഡ്മിഷൻ ലഭിക്കുന്ന മാസം മുതൽ 24 മാസക്കാലം സ്കോളർഷിപ്പ് ലഭിക്കുന്നു.

## F. ബാർട്ടൺ ഹിൽ, പൈനാവ്, വയനാട്, ശ്രീകൃഷ്ണപുരം, കോഴിക്കോട് എന്നീ സർക്കാർ എഞ്ചിനിയറിംഗ് കോളേജിൽ എം.ടെക് കോഴ്സിന് പഠിക്കുന്ന ഗേറ്റ് സ്കോർ ഉള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

### ഫണ്ട് വിവരണം

100% കേന്ദ്രാവിഷ്കൃത പദ്ധതി. 2012 – 13 വർഷത്തിൽ ഈ സ്കീമിന് 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടണ്ട്. രണ്ടണ്ടുവർഷം പഠനകാലയളവിൽ ഗേറ്റ് സ്കോർ ഉള്ള വിദ്യാർത്ഥികൾക്ക് പ്രതിമാസം 8,000 രൂപ വീതം പദ്ധതി അനുസരിച്ച് സ്കോളർഷിപ്പ് ലഭിക്കുന്നു.

### നിർവ്വഹണസ്ഥാപനം

ടെക്നിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ് – ബാർട്ടൺഹിൽ, പൈനാവ്, വയനാട്, ശ്രീകൃഷ്ണപുരം, കോഴിക്കോട് എന്നീ പുതിയ സർക്കാർ എഞ്ചിനിയറിംഗ് കോളേജുകൾ

### ലക്ഷ്യങ്ങൾ

5 പുതിയ സർക്കാർ എഞ്ചിനിയറിംഗ് കോളേജിൽ എം.ടെക് കോഴ്സിന് പഠിക്കുന്ന ഗേറ്റ് സ്കോർ ഉള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ് ഈ പദ്ധതി.

### ഗുണഭോക്താക്കൾ

5 പുതിയ സർക്കാർ എഞ്ചിനിയറിംഗ് കോളേജിൽ എം.ടെക് കോഴ്സിന് പഠിക്കുന്ന ഗേറ്റ് സ്കോർ ഉള്ള വിദ്യാർത്ഥികൾ.

### ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതനുസരിച്ച് എ. ഐ. സി. റ്റി. ഇ. ൽ നിന്ന് തുക റീ ഇംപേഴ്സ് ചെയ്തു കിട്ടുന്നു.

### പ്രവർത്തനങ്ങൾ

ഒന്നാം വർഷം അഡ്മിഷൻ പൂർത്തിയായ ഉടൻ സ്കോളർഷിപ്പിന് അർഹരായവരുടെ വിശദവിവരം അടങ്ങുന്ന പ്രൊപ്പോസൽ, കുട്ടികളുടെ 'ഗേറ്റ് സ്കോർ കാർഡ് ' (ഒറിജിനൽ) അടക്കം അതാത് കോളേജ് പ്രിൻസിപ്പൽമാർ എ. ഐ. സി. റ്റി. ഇ. യ്ക്ക് അയച്ചു കൊടുക്കുന്നു. മുൻ വർഷം ചെലവായ സംഖ്യയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെ എ. ഐ. സി. റ്റി. ഇ. യുടെ വെബ്സൈറ്റിൽ നിഷ്ക്കർഷിക്കുന്ന പ്രൊഫോർമയിൽ ആണ് പ്രിൻസിപ്പൽ അപേക്ഷ സമർപ്പിക്കുന്നത്. ഈ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പലിന് തുക അനുവദിക്കുന്നു. അഡ്മിഷൻ ലഭിക്കുന്ന മാസം മുതൽ 24 മാസക്കാലം സ്കോളർഷിപ്പ് ലഭിക്കുന്നു.

## XI. ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള മെരിറ്റ് – കം – മീൻസ് സ്കോളർഷിപ്പ് സ്കീം

### ആമുഖം

ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ ന്യൂനപക്ഷ മന്ത്രാലയം നടപ്പാക്കുന്ന പദ്ധതിയാണിത്.

### ഫണ്ട് വിവരണം.

100% കേന്ദ്രാവിഷ്കൃത പദ്ധതി. 2012 – 13 വർഷത്തിൽ ഈ സ്കീമിന് 2000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്ണ്ട്.

### നിർവ്വഹണ സ്ഥാപനം

ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ന്യൂനപക്ഷ മന്ത്രാലയം നടപ്പാക്കുന്ന ഈ സ്കോളർഷിപ്പ് കേരളത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പു മുഖേന നിർവ്വഹിക്കുന്നു.

### ലക്ഷ്യങ്ങൾ

2.5 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ബിരുദ ബിരുദാനന്തര പഠനത്തിന് സഹായകമാകുന്നതിന് വേണ്ടണ്ടിയാണ് ഈ സ്കോളർഷിപ്പ്.

### ഗുണഭോക്താക്കൾ

ബിരുദ ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാത്ഥികൾക്ക് പഠനമികവിന്റേയും സാമ്പത്തിക സ്ഥിതിയുടെയും അടിസ്ഥാനത്തിൽ ഈ സ്കോളർഷിപ്പ് നൽകുന്നു. കേരളത്തിൽ അനുവദിച്ചിട്ടുള്ള സ്കോളർഷിപ്പുകളുടെ എണ്ണം 4407 ആണ്.

### പ്രവർത്തനങ്ങൾ

തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളിൽ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥി

കൾക്ക് പ്രതിവർഷം 10,000 രൂപ മെയിന്റനൻസ് അലവൻസും പരമാവധി 20,000 രൂപ വരെയുള്ള യഥാർത്ഥ കോഴ്സ്ഫീസും, മറ്റുളളവർക്ക് പ്രതിവർഷം 5,000 രൂപ മെയിന്റനൻസ് അലവൻസും പരമാവധി 20,000 രൂപ വരെയുള്ള യഥാർത്ഥ കോഴ്സ് ഫീസും നൽകുന്നു. മെയിന്റനൻസ് അലവൻസ് കുട്ടികളുടെ ബാങ്ക് അക്കൗണ്ടണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു. കോഴ്സ് ഫീസ് നേരിട്ട് കുട്ടികൾ പഠിക്കുന്ന സ്ഥാപനത്തിലേയ്ക്ക് നൽകുന്നു.

### തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്

തദ്ദേശസ്ഥാപനങ്ങളിലെ ഗുണഭോക്താക്കളെ കണ്ടെത്തി അർഹരായ എല്ലാവർക്കും സ്കോളർഷിപ്പ് ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുക. പ്രത്യേകിച്ച് ദുർബല വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഗ്രാമസഭയിൽ അറിയിപ്പ് നൽകുക.

## XII. നിലവിലുള്ള പോളിടെക്നിക്കുകളുടെ നിലവാരം ഉയർത്തലും പുതിയവ സ്ഥാപിക്കലും

### ആമുഖം

നിലവിലുള്ള പോളിടെക്നിക്കുകളിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും, നാശോൻമുഖമായ ഉപകരണങ്ങളെ മാറ്റുന്നതിനും, പഠനത്തിനും അദ്ധ്യയനത്തിനും ഇൻഫർമേഷൻ ടെക്നോളജി ഉപയോഗപ്പെടുത്തുന്നതിനുമായി ഒരു പോളിടെക്നിക്കിന് ഗ്രാന്റ് ഇൻ എയ്ഡ് ആയി പരമാവധി 2 കോടി രൂപ എന്ന നിരക്കിൽ ലഭ്യമാവുന്ന പദ്ധതിയാണ്.

### ഫണ്ട് വിവരണം.

100% കേന്ദ്രാവിഷ്കൃത പദ്ധതി. 2012 – 13 വർഷത്തിൽ ഈ സ്കീമിന് 5990 ലക്ഷം രൂപ പ്രതീക്ഷിത കേന്ദ്ര സഹായമായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടണ്ട്.

### നിർവ്വഹണസ്ഥാപനം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ അതാതു പോളിടെക്നിക്ക് പ്രിൻസിപ്പൽമാർ പദ്ധതി നിർവ്വഹണം നടത്തുന്നു.

### ലക്ഷ്യങ്ങൾ

ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും, നാശോൻമുഖമായ ഉപകരണങ്ങളെ മാറ്റുന്നതിനും, പഠനത്തിനും അദ്ധ്യയനത്തിനും ഇൻഫർമേഷൻ ടെക്നോളജി ഉപയോഗപ്പെടുത്തുന്നതിനും ഈ ഗ്രാന്റ് ഉപയോഗിക്കുന്നു.

### ഗുണഭോക്താക്കൾ

കേന്ദ്ര ഗവൺമെന്റി ന്റെ മനുഷ്യ വിഭവമന്ത്രാലയം മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ കേരളത്തിൽ നിന്നും 42 സർക്കാർ പോളിടെക്നിക്കുകളും, ഐ. എച്ച്. ആർ. ഡി യുടെ കീഴിലുള്ള 6 പോളിടെക്നിക്കുകളും ഉൾപ്പെടെ 48 പോളിടെക്നിക്കുകളെ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്

തദ്ദേശസ്വയംഭരണസ്ഥാപനപദ്ധതിയിലെ പോളിടെക്നിക്കുകളിലെ നിലവാരവും പുതിയവ സ്ഥാപിക്കേണ്ട ആവശ്യകതയും ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരുക.

## XIII. പോളിടെക്നിക്കുകളിൽ വിമൻസ് ഹോസ്റ്റലിന്റെ നിർമ്മാണം

**ആമുഖം**

ഇന്ത്യയിലെ 500 പോളിടെക്നിക്കുകളിൽ വനിത ഹോസ്റ്റൽ നിർമ്മിക്കുക എന്ന ലക്ഷ്യം കൈവരിക്കാനായി എം. എച്ച്. ആർ. ഡി യുടെ ധനസഹായത്തോടെ ഉള്ള പദ്ധതിയാണിത്.

**ഫണ്ട്**

100% കേന്ദ്രാവിഷ്കൃത പദ്ധതി കണക്കിനം:- 4202-02-104-95. 2012 - 13 വർഷത്തിൽ ഈ സ്കീമിന് 3010 ലക്ഷം രൂപ പ്രതീക്ഷിത കേന്ദ്ര സഹായമായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടണ്ട്.

**ലക്ഷ്യങ്ങൾ**

ഈ പദ്ധതിയിൽ കേരളത്തിൽ നിന്നും 36 സർക്കാർ പോളിടെക്നിക്കുകളും ഐ. എച്ച്. ആർ. ഡി യുടെ കീഴിലുള്ള 5 പോളിടെക്നിക്കുകളും ഉൾപ്പെടെ 41 പോളിടെക്നിക്കുകളെ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ടണ്ട്.

**ഗുണഭോക്താക്കൾ**

സംസ്ഥാനത്തെ വിവിധ പോളിടെക്നിക്കുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

**പ്രവർത്തനങ്ങൾ**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശ അനുസരിച്ച് സർക്കാരിൽ നിന്നും ഭരണാനുമതി ലഭിക്കുന്നു. അതനുസരിച്ച് പൊതുമരാമത്ത് വകുപ്പ് ടെന്റർ നടപടികൾ സ്വീകരിച്ച് ഈ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നു.

**തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്**

പരധിയിലുള്ള പോളിടെക്നിക്കുകളിൽ വനിത ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ശുപാർശ നൽകുക.

## XIV. സാങ്കേതിക വിദ്യാഭ്യാസഗുണമേന്മ വർദ്ധനപരിപാടി (TEQIP-II)

**ആമുഖം**

എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ നിലവാരവും അടിസ്ഥാന സൗകര്യവും മെച്ചപ്പെടുത്തുന്നതിനുവേണ്ടണ്ടി ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ച പദ്ധതിയാണ് സാങ്കേതിക വിദ്യാഭ്യാസ ഗുണമേന്മ വർദ്ധനപരിപാടി (ടെക്വിപ്).

### ഫണ്ട്

75: 25 കേന്ദ്രസംസ്ഥാന പദ്ധതി.. ഈ പദ്ധതിയ്ക്കായി 4 വർഷത്തേക്കുള്ള മൊത്തം അടങ്കൽ തുക 141.78 കോടി രൂപയാണ്. 2012 – 13 വർഷത്തിൽ പദ്ധതി ഇനത്തിൽ 60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. (Rs 45 കോടി : 15 കോടി എന്ന കേന്ദ്ര : സംസ്ഥാന അനുപാതത്തിൽ)

### ഗുണഭോക്താക്കൾ

കേന്ദ്രാവിഷ്കൃത പദ്ധതിയായ ടെക്വിപിന്റെ രണ്ടണ്ടംഘട്ടം നടപ്പിലാക്കുന്നത് സംസ്ഥാനത്തെ 13 എഞ്ചിനിയറിംഗ് കോളേജുകൾ മുഖേനയാണ്. ഇതിൽ 6 സർക്കാർ എഞ്ചിനിയറിംഗ് കോളേജുകളും എൽ. ബി. എസ്. ന്റേയും കുസാറ്റിന്റേയും കീഴിൽ ഉള്ള ഓരോ കോളേജുകളും CAPE ന്റെ കീഴിലുള്ള 5 കോളേജുകളും ഉൾപ്പെടുന്നു.

### ലക്ഷ്യങ്ങൾ

1. സംസ്ഥാനത്തെ 13 എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ നിലവാരവും അടിസ്ഥാന സൗകര്യവും മെച്ചപ്പെടുത്തുക.
2. വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുക
3. പുതിയ ബിരുദാനന്തര ബിരുദ കോഴ്സുകൾ തുടങ്ങുക
4. അധ്യാപക അനധ്യാപക ഗുണനിലവാരം വർദ്ധിപ്പിക്കുക
5. വ്യവസായങ്ങളുമായുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുക

### പ്രവർത്തനങ്ങൾ

ഓരോ കോളേജിലും ഒരു വിദ്യാഭ്യാസ വിചക്ഷണന്റെ നേതൃത്വത്തിൽ ബോർഡ് ഓഫ് ഗവർണേഴ്സ് നിലവിലണ്ട്ണ്ട്. കൂടാതെ ധനകാര്യം, മോണിറ്ററിംഗ് ആന്റ് ഇവാല്യുവേഷൻ, പ്രൊക്യുർമെന്റ് എന്നിവയ്ക്കായി ഉള്ള കമ്മിറ്റികൾ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നു.

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പരിധിയിയുള്ള കോളേജുകളിലെ നിലവാരവും സൗകര്യവും മെച്ചപ്പെടുത്തുന്നതിനുള്ള കാര്യങ്ങൾ അധികൃതരുടെ ശ്രദ്ധയിൽകൊണ്ടുവരുക.

## XV. കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് ത്രൂ പോളിടെക്നിക്ക് സ്കീം (CDTP)

### ആമുഖം

ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന പോളിടെക്നിക്കിന്റെ സമീപ പ്രദേശങ്ങളിൽ താമസിക്കുന്ന പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചവരും തൊഴിലില്ലാത്തവരുമായ ജനങ്ങൾക്ക് അവരുടെ അഭിരുചിക്ക് അനുസരിച്ച് തൊഴിലധിഷ്ഠിത പരിശീലനം സൗജന്യമായി നല്കി അവരെ സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്ന ഒരു ബൃഹത് പദ്ധതിയാണ് CDTP സ്കീം.

### ഫണ്ട്

2011–12 വർഷം 31 പോളിടെക്നിക്കുകൾക്കായി 419 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള ഉത്തരവ് MHRD യിൽ നിന്നും ലഭിക്കുകയുണ്ടായി. ഇപ്രകാരം 419 ലക്ഷം രൂപ സംസ്ഥാന സർക്കാരിൽ ലഭിക്കുകയും അതിൽ നിന്നും 2011–12 ലെ അവസാനത്തെ ടഉഏ മുഖാന്തിരം 2012 മാർച്ച് മാസത്തിൽ 150 ലക്ഷം രൂപ 2203–00–105 –86 ഹെഡ് മുഖേന അനുവദിക്കുകയും സാങ്കേ

തിക വിദ്യാഭ്യാസ ഡയറക്ടർ മുഴുവൻ തുകയും പോളിടെക്നിക്കുകൾക്ക് അനുവദിച്ചുകൊടുക്കുകയും ചെയ്തു. 2012 – 13 വർഷത്തെ ആദ്യ എസ്. ഡി. ജി. മുഖാന്തിരം 326 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

### ലക്ഷ്യം

കേരളത്തിൽ എ.ഐ.സി.റ്റി അംഗീകാരമുള്ള 35 പോളിടെക്നിക്കുകൾ വഴി തൊഴിലധിഷ്ഠിത പരിശീലനം നൽകൽ, ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന പോളിടെക്നിക്കിന്റെ സമീപ പ്രദേശങ്ങളിൽ താമസിക്കുന്ന പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചവരും തൊഴിലില്ലാത്തവരുമായ ജനങ്ങൾക്ക് അവരുടെ അഭിരുചിക്ക് അനുസരിച്ച് തൊഴിലധിഷ്ഠിത പരിശീലനം സൗജന്യമായി നല്കി അവരെ സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്ന ഒരു ബൃഹത് പദ്ധതിയാണ് CDTP സ്കീം.

### ഗുണഭോക്താക്കൾ

ഈ പദ്ധതിയനുസരിച്ച് കോളേജുകളിൽ നിന്നും കൊഴിഞ്ഞു പോയവർ, പട്ടിക ജാതി പട്ടിക വർഗ്ഗക്കാർ, ന്യൂനപക്ഷ വിഭാഗക്കാർ, വികലാംഗർ എന്നിവരുൾപ്പെടെ യുള്ള ഗ്രാമപ്രദേശങ്ങളിലെ തൊഴിൽ രഹിതർക്ക് തൊഴിലധിഷ്ടിത വിദ്യാഭ്യാസം എ. ഐ. സി. റ്റി. ഇ അംഗീകാരമുള്ള പോളിടെക്നിക്കുകൾ വഴി നൽകിവരുന്നു.

### പ്രവർത്തനങ്ങൾ

സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമുള്ള വൈദഗ്ദ്ധ്യവും വിവരവും ഉണ്ടാക്കുന്ന കോഴ്സുകളിൽ സൗജന്യ പരിശീലനം നൽകുന്നു. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള എന്റർപ്രണർ സ്കിൽ ലഭ്യമാക്കുന്നു. തൊഴിലാളികൾക്ക് അവരുടെ മേഖലകളിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്ന രീതിയിലുള്ള സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാമുകൾ നൽകുന്നു. സ്ത്രീകൾ,പട്ടികജാതി/പട്ടികവർഗ്ഗക്കാർ മറ്റു പിന്നോക്ക വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ, സ്കൂളുകളിൽ നിന്നും കൊഴിഞ്ഞുപോകുന്നവർ, വികലാംഗർ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ എന്നിവർക്കായി പ്രത്യേക സ്കിൽ ട്രെയിനിംഗ് പ്രോഗ്രാമുകളെ കണ്ടെത്തി നടപ്പിലാക്കുന്നു കേന്ദ്ര മാനവ വികസന മന്ത്രാലയം വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ പോളിടെക്നിക്കുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നത് ചെന്നെ ആസ്ഥാനമായുള്ള NITTR വഴിയാണ്.

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

ഓരോ പോളിടെക്നിക്കുകളുടെ കീഴിലുള്ള എക്സ്ടെൻഷൻ സെന്ററുകൾ വഴിയാണ് തൊഴിലധിഷ്ഠിത കോഴ്സുകളിൽ ട്രെയിനിംഗ് നൽകുന്നത്. ഇപ്രകാരം ട്രെയിനിംഗ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള വിദഗ്ധ ഉപദേശവും സഹായവും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്.

## XVI. ദേശീയ വിദ്യാഭ്യാസ മിഷനുവേണ്ടി ഐ. സി. റ്റി വഴിയുള്ള കണക്റ്റിവിറ്റി

### ആമുഖം

വിവര സാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ കമ്മീഷനുമായുള്ള കണക്ടിവിറ്റി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഏർപ്പെടുത്തുന്നതിന് BSNL –ന്റെ സഹകരണ

ത്തോടു കൂടി  നടപ്പിലാക്കുന്ന ഒരു 75% കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്.

**ഫണ്ട്**

75: 25 കേന്ദ്രസംസ്ഥാന പദ്ധതി. 2012 – 13 വർഷത്തിൽ ഈ സ്കീമിന് 200 ലക്ഷം രൂപ പ്രതീക്ഷിത കേന്ദ്ര സഹായമായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. (Rs 150 ലക്ഷം : 50 ലക്ഷം എന്ന കേന്ദ്ര : സംസ്ഥാന അനുപാതത്തിൽ)

**ഗുണഭോക്താക്കൾ**

എല്ലാ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും

**ലക്ഷ്യങ്ങൾ**

75: 25 കേന്ദ്രസംസ്ഥാന പദ്ധതി. എല്ലാ ഉന്നത പഠനകേന്ദ്രങ്ങളിലുമായി ശക്തമായ വിവര സാങ്കേതിക ശൃംഖല സ്ഥാപിച്ച് രാജ്യത്തെ വിദഗ്ദ്ധരുമായി പഠനങ്ങൾ പങ്കുവയ്ക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും വിജ്ഞാനവ്യാപനം നടത്തുന്നതിനും മികച്ച കണ്ടെത്തലുകൾ പങ്കുവയ്ക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.

**പ്രവർത്തനങ്ങൾ**

സംസ്ഥാനത്തെ എഞ്ചിനിയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും ബ്രാഡ് ബാന്റ് കണക്ടിവിറ്റി നൽകുന്നു.

*************************

CHAPTER

# XIII



# സാമൂഹ്യക്ഷേമം

# XIII. സാമൂഹ്യക്ഷേമം

## ശിശുവികസനം

**1. പരിപാടി : സംയോജിത ശിശുവികസന സേവനപദ്ധതി (ICDS)**
**2. മന്ത്രാലയം : കേന്ദ്രവനിതാശിശു വികസന വകുപ്പ്**
**3. ആമുഖം.**

കുട്ടികളുടെ അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും വികസനം ത്വരിതപ്പെടുത്തുന്നതിനും 1974 ലെ ദേശീയ ശിശുനയത്തിൽ പ്രഥമ പരിഗണന നൽകുവാൻ നിർദ്ദേശിച്ചു വരുന്നു. ശിശുക്കൾക്കും ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും ലഭ്യമാക്കേണ്ട എല്ലാ സേവനങ്ങളും സംയോജിതമായി നടപ്പാക്കുകയാണ് ഈ പരിപാടിയുടെ ഉദ്ദേശ്യം. ഈ ഉദ്ദേശ്യം പ്രാബല്യത്തിൽ വരുത്തുക എന്ന ലക്ഷ്യത്തോടെ വിവിധ മന്ത്രാലയങ്ങളുടെയും വകുപ്പുകളുടേയും ശിശുക്കളുടെ ക്ഷേമം സംബന്ധിച്ച പരസ്പരബന്ധിതമായ പ്രവർത്തനങ്ങൾ കൂട്ടിയിണക്കി കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണ് ഐ.സി.ഡി.എസ്. ഈ പദ്ധതിക്ക് 1975 ഒക്ടോബർ 2 ന് ആരംഭം കുറിക്കുകയും ഓരോ പഞ്ചവത്സര പദ്ധതിയിലും വിപുലീകരിക്കപ്പെട്ട് ഇന്ത്യയിൽ ആകമാനം സാർവ്വത്രികമാക്കുകയും ചെയ്ത പരിപാടി.

**4. ഫണ്ട് :**

ജീവനക്കാര്യവും നടത്തിപ്പും 100 % കേന്ദ്രാവിഷ്കൃതം, പോഷകാഹാരചെലവുകൾ 50:50 ക്രമത്തിൽ കേന്ദ്രഫണ്ടും തദ്ദേശപ്ലാൻ ഫണ്ടും.

**5. നിർവ്വഹണസ്ഥാപനം :**

ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ആണ് നിർവ്വഹണ ഏജൻസികൾ. ജനസംഖ്യ കണക്കാകി 700 : 1 എന്ന തോതിൽ അങ്കണവാടികൾ അനുവദിച്ചിരുന്നു. ഒരു ഹോണററി വർക്കറും ഹെൽപ്പറും ചേർന്ന് അങ്കണവാടി പ്രവർത്തനങ്ങൾ നടത്തുന്നു.

**6. ലക്ഷ്യങ്ങൾ :**

- ആറ് വയസ്സുവരെയുള്ള കുട്ടികളുടെ പോഷണ ആരോഗ്യം മെച്ചപ്പെടുത്തുക (അനുപൂരക പോഷകാഹാരം)
- ശിശുവിന്റെ ശാരീരികവും മാനസികവും സാമൂഹികവുമായ വികസനത്തിന് ശരിയായ അടിത്തറ പാകുക (Pre-School)
- ശിശുമരണം, രോഗാതുരത, പോഷണകുറവ് എന്നിവയുടെ തോത് ഗണ്യമായി കുറയ്ക്കുക
- ശിശുവികസനത്തിന് അനുയോജ്യമായ വിധത്തിൽ വിവിധ വകുപ്പുകൾ തമ്മിൽ ഏകോവ്ഃ സാദ്ധ്യമാക്കുക

**7. ഗുണഭോക്താക്കൾ :**

1. ഗർഭിണികളും പാലൂട്ടുന്ന അമ്മമാരും
2. 0–3 പ്രായത്തിലുള്ള ശിശുക്കൾ
3. 3–6 പ്രായത്തിലുള്ള പ്രീ സ്ക്കൂൾ കുട്ടികൾ
4. കൗമാരപ്രായക്കാരായ പെൺകുട്ടികൾ

**8. അർഹതാ മാനദണ്ഡം**

ഗ്രോത്ത് ചാർട്ട് അനുസരിച്ച് ഗ്രേഡ് 1 ൽ താഴെയുള്ള എല്ലാ കുട്ടികൾക്കും, എസ്‌സി/ എസ് ടി വിഭാഗത്തിലെ മുഴുവൻ കുട്ടികളും. പ്രീ സ്കൂൾ കുട്ടികൾക്ക് മാനദണ്ഡം ബാധകമല്ല.

### 9. ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ

1. പശ്ചാത്തല സൗകര്യ വികസനം
2. എല്ലാ കുട്ടികളുടേയും പോഷണ നിലവാരം സാധാരണ നിലവാരത്തിന് മുകളിൽ എത്തിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ
3. അങ്കണവാടികളെ വിവിധോദ്ദേശ കേന്ദ്രങ്ങളായി (multipurpose centre) ഉൾപ്പെടു ത്തുക.

### 10. പ്രവർത്തനങ്ങൾ

1. അങ്കണവാടി പോഷകാഹാര ഗുണഭോകതൃ പട്ടിക മെമ്പർ ചെയർമാനായ വെൽഫെയർ കമ്മിറ്റി സാക്ഷ്യപ്പെടുത്തിക
2. ICDS കോ-ഓർഡിനേഷൻ കമ്മിറ്റി, അങ്കണവാടി ക്ഷേമ കമ്മിറ്റി എന്നിവ പ്രവർത്തിപ്പിക്കുക.

### 11. നിർവ്വഹണ സംവിധാനങ്ങൾ

1. ജില്ലാതലത്തിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും പ്രോഗ്രാം ഓഫീസർ കൺവീനറുമായ കോർഡിനേഷൻ കമ്മിറ്റി.
2. ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടും സിഡിപിഒ യും നിയന്ത്രിക്കുന്ന കമ്മിറ്റി
3. അങ്കണവാടികളുടെ പൂർണ്ണ മേൽനോട്ടവും നിയന്ത്രണവും ഗ്രാമനഗര പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്.

### 12. തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പങ്ക്

പഞ്ചായത്ത് മുൻസിപ്പൽ ആക്റ്റിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നിക്ഷിപതമായ ചുമതലകളിൽ സാമൂഹ്യക്ഷേമമേഖലകളിൽ അങ്കണവാടിയുടെ നടത്തിപ്പ്, പോഷകാഹാരം തടസ്സമില്ലാതെ ലഭ്യമാക്കുക, പ്രീ സ്കൂൾ ആകർഷകമാക്കുക, അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുവരുത്തുക എന്നിവയുടെ ചുമതല ഗ്രാമപഞ്ചായത്തുകൾക്കും മുൻസിപ്പാലിറ്റികൾക്കുമായി നിശ്ചയിച്ചിട്ടുണ്ട്..

### 13. പദ്ധതി സംയോജനം

കുട്ടികളുടേയും അമ്മമാരുടേയും കൗമാരപ്രായക്കാരുടേയും സംരക്ഷണം ദേശീയ നയപരിപാടിയുടെ ഭാഗമാണ്. കൂടാതെ പ്രാദേശിക സർക്കാരുകളുടെ ചുമതലയും അങ്കണവാടികളുടെ നടത്തിപ്പും കുട്ടികളുടെ അവകാശ സംരക്ഷണവും ചേർന്നുള്ള പദ്ധതി ത്രതലപഞ്ചായത്ത് പദ്ധതിയുമായി സംയോജിപ്പിക്കണം.

## 2. 1. പരിപാടി - ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം (Integrated Child Protection Scheme ICPS)

### 2. മന്ത്രാലയം: കേന്ദ്ര വനിത ശിശു വികസന വകുപ്പ്

### 3. ആമുഖം

കുട്ടികളുടെ അവകാശ ഉടമ്പടി നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ 1992 ന് ശേഷം നലവിലുണ്ടായിരുന്ന കുട്ടികളെ സംബന്ധിച്ചു പല നിയമങ്ങൾക്കും ഭേദഗതി വരുത്തിയിരുന്നു. ഈ ഭോദഗതികൾക്കൊപ്പം കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ബാലനീതി നിയമം, തെരുവ് കുട്ടികൾക്കായുള്ള പദ്ധതികൾ, ചൈൽഡ് ലൈൻ, സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് ഏജൻസി തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിരുന്നു. എന്നാൽ ഒറ്റപ്പെട്ട ഈ സേവനങ്ങളിൽ ഗുരുതരമായ വിടവുകളുണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്ന് കുട്ടികളുടെ സംരക്ഷണവും സുരക്ഷയും സംബന്ധിച്ച് മുഴുവൻ സ്കീമുകളും ഒരു കുടക്കീഴിലാക്കുന്നതിന് ഏർപ്പെടുത്തിയ പരിപാടിയാണ് ICPS.

#### 4. ഫണ്ട്

സാമൂഹ്യക്ഷേമ വകുപ്പ് മുഖേന ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഈ പദ്ധതി 100 % കേന്ദ്രാവിഷ്കൃതമാണ്.

#### 5. നിർവ്വഹണ സ്ഥാപനം

പധാനമായും ഈ പരിപാടിയുടെ കീഴിൽ രൂപീകരിക്കപ്പെടുന്ന DCPS എന്ന പേരിലുള്ള സൊസൈറ്റിയാണ് പ്രധാനമായും ജില്ലാതല പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത്.

#### 6. പ്രവർത്തനങ്ങൾ

1. പരിചരണ-സഹായ-പുനരധിവാസ പ്രവർത്തനങ്ങൾ
   a. ചൈൽഡ് ലൈൻ
   b. ഷെൽട്ടേഴ്സ്
   c. ദത്തെടുക്കൽ
   d. അഡോപ്ഷൻ ഏജൻസി
   e. അമ്മതൊട്ടിൽ
   ള. ചിൽഡ്രൻസ് ഹോം (ഫിറ്റ് ഹോം)
   ഴ. ഒബ്സർവേഷൻ ഹോം
   h. സ്പെഷൽ ഹോംസ്

#### 7. പ്രത്യേക പ്രവർത്തനങ്ങൾ

1. ചൈൽഡ് പ്രൊട്ടക്ഷൻ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (CPMIS)
2. Missing Child Network

#### 8. നിർവ്വഹണം

1. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ DCPS.
2. DCPS കൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന State Child Protection Society (SCPS) ഈ സൊസൈറ്റികൾക്ക് ബ്ലോക്ക് തലത്തിലും പഞ്ചായത്തിലും തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കമ്മിറ്റികൾ ഉണ്ടായിരിക്കും.

#### 9. ലക്ഷ്യങ്ങൾ

1. ബാലനീതി നിയമത്തിൽ നിർവചിച്ചിട്ടുള്ള പ്രത്യേക പരിരക്ഷ ആവശ്യമുള്ള ഒൻപത് വിഭാഗം കുട്ടികൾ (CINCP)
2. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ (CICL) എന്നീ വിഭാഗം കുട്ടികളുടെ

സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പുവരുത്തുക

3. കുട്ടികൾ അനുചിത പെരുമാറ്റങ്ങൾക്കും പീഡനങ്ങൾക്കും വിധേയമാകുന്നതിൽ നിന്നും പ്രതിരോധിക്കുക

**10. ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ**

1. തദ്ദേശസ്ഥാപനങ്ങൾ കുട്ടികളുടെ പട്ടികയും അവരുടെ പ്രശ്നങ്ങളും തയ്യാറാക്കുമ്പോൾ ഈ സംരക്ഷണത്തിന്റെ കീഴിൽ വരുന്നവരെ കൂടി ഉൾക്കൊള്ളിക്കുക.
2. ഈ സേവനം സ്ഥാപനങ്ങൾക്ക് സഹായമായ നിലപാടുകൾ സ്വീകരിക്കുക

**11. തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്**

കുട്ടികളുടെ അവകാശ സംരക്ഷണ-ശിശു-സൗഹൃദ പഞ്ചായത്ത് തുടങ്ങിയ ചുമതലകൾ വഹിക്കുന്നതിന് ICPS ശ്രദ്ധേയമായ ഉപാധിയാണ്. ഈ സംവിധാനത്തിന്റെ വിവിധ തട്ടിലുകളിലുള്ള കമ്മിറ്റികൾ പ്രവർത്തനക്ഷമമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കണം. ഗ്രാമസഭയിലുള്ള ഉൽബോധനം, അവകാശ സംരക്ഷണം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കൽ പ്രവർത്തനങ്ങൾ ചർച്ചക്ക് വിധേയമാക്കൽ എന്നിവ പ്രാവർത്തികമാണ്.

**12. സംയോജന സാധ്യതകൾ**

ഗ്രാമപഞ്ചായത്ത് തലത്തിൽ ലഭിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തുന്ന മേൽപറഞ്ഞ അവകാശ സംരക്ഷണത്തിന് പദ്ധതികൾ തയ്യാറാക്കണം. ബാലസഭ, ബാലപഞ്ചായത്ത് എന്നിവ ഇതിന് വേണ്ടിയുള്ള വേദിയായി ഉപയോഗപ്പെടുത്താം. തദ്ദേശ സ്ഥാപനത്തിന്റെ പദ്ധതിരേഖയിൽ കുട്ടികളുടെ പ്രശ്നങ്ങളുടെ പരിഹാരനിർദ്ദേശങ്ങളും ഉൾപ്പെടുത്തണം. ശിശുക്കൾക്കായി തദ്ദേശസ്വയംഭരണസ്ഥാപനം നീക്കി വെക്കുന്ന തുക ഇതിലൂടെ വിടവുകൾ നികത്തുന്ന തരത്തിലുള്ള പ്രോജക്ടുകൾ തദ്ദേശസ്ഥാപനം അവയുടെ പദ്ധതിയുടെ ഭാഗമാക്കണം.

## 3. 1. മേഖല – വനിതാക്ഷേമം

**2. പരിപാടി** – **സാധാർ (SWADHAR)**
**3. മന്ത്രാലയം** – **വനിതാശിശു വികസനം**
**4. ആമുഖം**

പ്രയാസകരമായ ജീവിതസാഹചര്യങ്ങൾ പല സ്ത്രീകളും നേരിടേണ്ടി വരുന്നുണ്ട്. വിധവകൾ, ഉപേക്ഷിക്കപ്പെടുന്നവർ, അഗതികൾ, പ്രകൃതിക്ഷോഭ ഇരകൾ, ആക്രമണത്തിന് വിധേയരാകുന്നവർ തുടങ്ങിയ ഈ നിര വളരെ വലുതാണ്. ഇത്തരം ദുരന്തങ്ങൾ നേരിടുന്ന സ്ത്രീകളിൽ പലരും ടലഃണീൃസലൃെ ആയും ഭിക്ഷാടകരായും മാറിത്തീരുകയാണ് പതിവ്. ഈ സാഹചര്യങ്ങളിൽ എത്തിചേരുന്ന സ്ത്രീകൾക്ക് സംരക്ഷണം നൽകുന്നതിന് നിർദ്ദേശങ്ങൾ (Counselling) സാമ്പത്തികമായ പുനരധിവാസത്തിനും ഏർപ്പെടുത്തിയിട്ടുള്ള പദ്ധതിയാണിത്.

**5. ഫണ്ട്**

75% ഗ്രാന്റായി നൽകുന്നു.

**6. നിർവ്വഹണസ്ഥാപനം**

രജിസ്റ്റർ ചെയ്യപ്പെട്ട സന്നദ്ധ സംഘടനകൾക്കും സർക്കാർ സ്ഥാപനങ്ങൾക്കനുബന്ധമായി രജിസ്റ്റർ സംഘങ്ങൾക്കും ഗ്രാന്റിന് അർഹതയുണ്ട്.

### 7. ലക്ഷ്യങ്ങൾ

1. ദുരന്തങ്ങൾ നേരിടുന്ന സ്ത്രീതൾക്ക് ഭക്ഷണമുൾപ്പെടെയുള്ള പാർപ്പിടം ഏർപ്പെടുത്തുക
2. ഇവർക്ക് വരുമാനമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുക
3. ഇവരെ സ്വതന്ത്രരായി ജീവിക്കാൻ പ്രാപ്തരാക്കുക.

### 8. തദ്ദേശസ്ഥാപനങ്ങളുടെ പങ്ക്

ദുരിതമനുഭവിക്കുന്ന സ്ത്രീകളുടെ ക്ഷേമവും പുനരധിവാസവും ഉറപ്പാക്കുന്ന ഈ പരിപാടി തദ്ദേശസ്ഥാപനങ്ങളുടെ സാമൂഹ്യനീതി ഉറപ്പാക്കുന്നതിനുള്ള ചുമതല സാക്ഷാത്ക്കരിക്കുവാൻ സഹായിക്കുന്നു. അർഹരെ കണ്ടുപിടിച്ച് ഏജൻസികൾക്ക് നൽകുന്നതിനും അവരുടെ പ്രശ്നങ്ങൾ ജാഗ്രതാസമിതി, ഗ്രാമസഭ എന്നിവയിൽ ചർച്ചചെയ്ത് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്. ഗുണഭോക്താക്കളെ കണ്ട്പിടിച്ച് പ്രശ്നങ്ങൾ വിലയിരുത്തി പരിഹാര നടപടികൽ എടുക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളുടെ ചുമതലകളിൽപെടുന്നു.

### 9. സംയോജന സാധ്യതകൾ

ഗുണഭോക്താക്കളുടെ പുനരധിവാസം സംബന്ധിച്ച കാര്യങ്ങൾക്ക് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പദ്ധതി തയ്യാറാക്കാം. ആശ്രയ പദ്ധതിയുമായി ബന്ധപ്പെടുത്താം. മറ്റ് സാമൂഹ്യ ക്ഷേമ പദ്ധതികളുമായി ബന്ധപ്പെടുത്താം.

## 4. 1. മേഖല – സ്ത്രീകൾക്കുള്ള താത്ക്കാലിക താമസസൗകര്യങ്ങൾ

**2. പരിപാടി** – **Scheme for stay home for women and girls**

**3. മന്ത്രാലയം** – **വനിതാശിശുവികസനം**

**4. ആമുഖം**

ദ്രുതഗതിയിലായ നഗരവത്കരണം ജീവിതമാറ്റങ്ങൾ, കുടുംബപ്രശ്നങ്ങൾ, സ്വതന്ത്രമായി കഴിയുന്നതിനുള്ള പെൺകുട്ടികളുടെ താത്പര്യഹ്ങൾ, സാമൂഹ്യബന്ധത്തിലെ പ്രശ്നങ്ങൾ എന്നിവ മൂലം പലപ്പോഴും സ്ത്രീകൾക്ക് വീട് വിടേണ്ടിവരുകയും നഗരപ്രദേശങ്ങളിൽ സുരക്ഷിതമായ താമസവും സുരക്ഷയും ആവശ്യമായി വരുകയും ചെയ്യുന്നുണ്ട്. ഈ പ്രശ്നങ്ങളെ തരണം ചെയ്യുന്നതിനായി സന്നദ്ധസംഘടനകലുടെ സഹായത്തോടെ കേന്ദ്രസർക്കാർ നടപ്പാക്കുന്ന പദ്ധതിയാണ് ഇ്ഃ.

### 5. ഫണ്ട്.

100% ഗ്രാന്റായാണ് തുക നൽകുന്നത് ഫർണീച്ചർ, ഉപകരണങ്ങൾ എന്നിവയുൾപ്പെടെ 450000/- രൂപ ഗ്രാന്റായി വർഷത്തിൽ അനുവദിക്കുന്നു.

### 6. നിർവ്വഹണസ്ഥാപഠനം

രജിസ്റ്റർ ചെയ്ത സന്നദ്ധ സംഘടനകൾക്ക് മാത്രമെ ഗ്രാന്റിന് അർഹത ഉണ്ടായിരിക്കൂ. സാമൂഹ്യക്ഷേമ ബോർഡ് നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം.

**7. ഗുണഭോക്താക്കൾ**

15 മുതൽ 35 വയസ്സുവരെ പ്രായമുള്ള സ്ത്രീകൾ പീഡനങ്ങൾക്ക് വിധേയരായവരോ വിധേയരാകുമെന്ന് സംശയിക്കപ്പെടുന്നവരോ ആഃ.

**8. ലക്ഷ്യങ്ങൾ**

1. സ്ത്രീകൾക്കും കുട്ടികൾക്കും പീഡനങ്ങളിൽ നിന്നും അനുചിത പെരുമാറ്റങ്ങളിൽ നിന്നും സംരക്ഷണം ഏർപ്പെടുത്തുക.
2. പട്ടണത്തിൽ വിവിധ കാരണങ്ങൾക്കായി എത്തിചേരുന്ന സ്ത്രീകൾക്കുള്ള താമസം.

**9. തദ്ദേശസ്ഥാപനങ്ങളുടെ പങ്ക്**

സാമൂഹ്യനീതിയും സുരക്ഷിതത്വവും സ്ത്രീകൾക്ക് ഉറപ്പ് വരുത്തുന്നതിൽ ഈ സ്കീം സഹായകമാകുന്നു. ഗുണഭോക്താക്കളെ സർവ്വേ/ഗ്രാമസഭ/വാർഡ്സഭ/വഴി കണ്ടെത്തുകയും അവർക്ക് വേണ്ട അവബോധവും കൗൺസലിംഗ് നടത്തുകയും ഏജൻസികളെ തിരിച്ചറിഞ്ഞ് അവരുടെ സുരക്ഷ ഉറപ്പുവരുത്തുകയും അവയുടെ പ്രവർത്തനം ചർച്ചയ്ക്കും നിർദ്ദേശങ്ങൾക്കും വിധേയമാക്കുകയും ചെയ്യേണ്ടതാകുന്നു.

**10. പദ്ധതിയുമായി സംയോജനം**

തദ്ദേശഭരണസ്ഥാപനം അവയുടെ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഗുണഭോക്താക്കളുടെ ആവശ്യം തിരിച്ചറിഞ്ഞ് ഏജൻസികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും വിടവുകൾ നികത്തുന്നതിന് തദ്ദേശഭരണതലത്തിൽ പദ്ധതികൽ ആവിഷ്ക്കരിക്കുകയും ചെയ്യണം. ആയതെല്ലാം പദ്ധതിരേഖയുടെ ഭാഗമാക്കണം.

## 5. 1. മേഖല – വനിതാക്ഷേമം (ട്രാഫിക്കിംഗിന് വിധേയമാക്കുന്ന സ്ത്രീകൾക്കുള്ള സുരക്ഷിതത്വം)

**2. പരിപാടി – ഉജ്ജ്വല (Ujjwala)**
**3. മന്ത്രാലയം – വനിതാശിശുവികസനം**
**4. ആമുഖം**

ലൈംഗീകചൂഷണങ്ങൾക്ക് വിധേയമാകുന്ന സ്ത്രീകൾക്കുള്ള പുനരധിവസിപ്പിക്കുന്നതിനും ഇത്തരം ദുരന്തങ്ങൾ അവസാനിപ്പിക്കുന്നതിനും കേന്ദ്രസർക്കാർ രൂപീകരിച്ചിട്ടുള്ള ട്രാഫിക്കിംഗ് പ്രതിരോധിക്കുന്നതിനുള്ള സമഗ്ര പരിപാടിയാണ് ഉജ്ജ്വല.

**5. ഫണ്ട്**

100% കേന്ദ്രാവിഷ്കൃത ഗ്രാന്റ്

**6. നിർവ്വഹണ സ്ഥാപനം:**

രജിസ്റ്റർ ചെയ്ത സന്നദ്ധസംഘടനകൾക്ക് മാത്രമെ ഗ്രാന്റിന് അർഹത ഉണ്ടായിരിക്കൂ. നിർദ്ദിഷ്ട ഫോറത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് മുഖേന അപേക്ഷ നല്കണം.

**7. ഗുണഭോക്താക്കൾ**

1. ലൈംഗീക ചൂഷണങ്ങൾക്ക് വിധേയമാകുന്ന സ്ത്രീകൾ

2. ലൈംഗീക ചൂഷണങ്ങൾക്ക് വിധേയമാകാവുന്ന സാഹചര്യങ്ങളിൽ കഴിയുന്ന പെൺകുട്ടികൾ.

**8. ലക്ഷ്യങ്ങൾ**

1. പെൺകുട്ടികൾ ട്രാഫിക്കിംഗിന് വിധേയമാക്കുന്നത് പ്രതിരോധിക്കുക.
2. ലൈംഗീക ചൂഷണങ്ങൾക്ക് വിധേയമാകുന്ന സ്ത്രീകളെ മോചിപ്പിക്കുകയും പരിരക്ഷിക്കുകയും ചെയ്യുക.
3. ഈ വിഭാഗങ്ങളുടെ പുനരധിവാസം.

**9. തദ്ദേശസ്ഥാപനങ്ങളുടെ പങ്ക്:**

സാമൂഹ്യ നീതിയും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന് ഈ സ്കീം സഹായകമാകും. തദ്ദേശസ്ഥാപനത്തിൽ വസിക്കുന്ന ഇത്തരം ഗുണഭോക്താക്കളെ ഗ്രാമസഭ/വാർഡ്സഭയിൽ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കുകയും സർവ്വേ റിപ്പോർട്ട് അഭിപ്രായത്തിനായി വയ്ക്കുകയും വേണം. നിർവ്വഹണം നടത്തുന്ന ഏൻ.ജി.ഒ കളുമായി നിരന്തരം ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ തയ്യാറാക്കണം. അവരുമായി തദ്ദേശസ്ഥാപനം നിരന്തരം സമ്പർക്കവും ചർച്ചയും നടത്തേണ്ടതാണ്.

**10. പദ്ധതി സംയോജനം**

ഗുണഭോക്താക്കളെ കണ്ടുപിടിച്ച് അവരുടെ പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുടെ ഭാഗമാക്കണം. തദ്ദേശഭരണസ്ഥാപനം പദ്ധതി തയ്യാറാക്കുമ്പോൾ വിടവുകൾ നികത്താനുള്ള പ്രോജക്ടുകൾ അവരുടെ പദ്ധതിയുടെ ഭാഗമാക്കണം. ഗുണഭോക്താക്കളെ സന്ദർശിച്ച് വിവരങ്ങൾ തയ്യാറാക്കുകയും പ്രശ്നപരിഹാരം എങ്ങനെയെന്ന് തീരുമാനിക്കുകയും ചെയ്യണം.

## 6. 1. മേഖല : കുട്ടികളുടെ വികസനം – കൗമാരപ്രായക്കാരായ പെൺകുട്ടികൾ

**2. പരിപാടി : Rajiv Gandhi Scheme for Empowerment of Adolescent Girls (RGSEAG) സബല**

**3. മന്ത്രാലയം : കേന്ദ്ര വനിതാശിശു വികസനം**

**4. ആമുഖം.**

അങ്കണവാടികൾ വഴി ആവിഷ്ക്കരിച്ച് നടപ്പാക്കിയിരുന്ന കിഷോരി ശക്തിയോജന (KSY), ന്യൂട്രീഷൻ പ്രോഗ്രാം ഫോർ അഡോളസെൻസ് ഗേൾസ് (NPAG) എന്നീ പരിപാടികളെ കൂട്ടിച്ചേർത്ത് രൂപം നല്കിയ പദ്ധതിയാണ് സബല. 11 മുതൽ 18 വയസ്സുവരെ പ്രായമുള്ള പെൺകുട്ടികളുടെ വ്യക്തിത്വവും ആത്മധൈര്യവും ഉയർത്തി ലിംഗപദവി അസമത്വങ്ങൾ കാലേകൂട്ടി ഇല്ലായ്മ ചെയ്യുന്നതിനുള്ള ദീർഘവീക്ഷണമുള്ള പദ്ധതിയാണിത്.

**5. ഫണ്ട്.**

പോഷകാഹാരം ഒഴികെ 100% കേന്ദ്രാവിഷ്കൃത ഫണ്ട്. പോഷകാഹാരത്തിന് 50% കേന്ദ്രസഹായം. ബാക്കി വരുന്ന തുക തദ്ദേശതല പ്ലാൻഫണ്ടിൽ നിന്നും കൂട്ടി നൽകുന്നു.

**6. നിർവ്വഹണസ്ഥാപനം**

സാമൂഹ്യക്ഷേമവകുപ്പിന്റെ മാർഗ്ഗനിർദ്ദേശത്തോടെ ഗ്രാമനഗര പഞ്ചായത്തുകൾ പരിപാടി നടപ്പിലാക്കുന്നു. വകുപ്പുതലത്തിൽ ജില്ല പ്രോഗ്രാം ഓഫീസറും ശിസുവികസന ഓഫീസറും പ്രവർത്തന മേൽ നോട്ടം വഹിക്കും.

**7. ലക്ഷ്യങ്ങൾ**

1. പെൺകുട്ടികളുടെ ആരോഗ്യപോഷണനിലാവാരം ഉയർത്തുക
2. ആരോഗ്യം, ശുചിത്വം, പോഷണം, ARSH (അഡോൾസന്റ് റീ പ്രോഡക്ടീവ് സെക്ഷ്വൽ ഹെൽത്ത്), Child Care തുടങ്ങിയവയിൽ ബോധവത്ക്കരണം
3. കൗമാരപ്രായക്കാരുടെ മാനസികാരോഗ്യ വികസനം, ശാക്തീകരണ സ്വയം വികസനം, ജീവിത നൈപുണ്യവിദ്യാഭ്യാസം എന്നിവ ഉറപ്പാക്കൽ.

**8. ഗുണഭോക്താക്കൾ**

1. 11-18 പ്രായത്തിലുള്ള പെൺകുട്ടികൾ
2. ബോഡി മാസ്സ് ഇൻഡക്സ് ( BMI) 18 ൽ താഴെ വരുന്ന പെൺകുട്ടികൾക്ക് പോഷകാഹാരം,.

**9. ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ**

1. കുമാരി ക്ലബ്ബുകളുടെ രൂപീകരണവും പ്രവർത്തനങ്ങളും മോണിറ്റർ ചെയ്യുക
2. Psycho social counselling പ്രവർത്തനങ്ങളും മോണിറ്റർ ചെയ്യുക.
3. ഇവയുടെ പ്രവർത്തനങ്ങൾക്കായി അങ്കണവാടിയിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

**10. തദ്ദേശ സ്ഥാപനങ്ങളുടെ പങ്ക്**

കുട്ടികളുടെ അവകാശ സംരക്ഷണത്തിന് പ്രത്യേകിച്ച് പെൺകുട്ടികളുടെ സുരക്ഷിതത്വത്തിനും ഉതകുന്ന പരിപാടികൾ ആവിഷ്ക്കരിക്കുക. എല്ലാ കൗമാരക്കാരെയും ഈ സ്കീമിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പുവരുത്തുക, പ്രവർത്തനം ഗ്രാമസഭവഴി അവലോകനം ചെയ്യുക, അയൽക്കൂട്ടം വഴി ഗുണഭോക്താക്കളെ കണ്ടെത്തുക.

**11. പ്രവർത്തനങ്ങൾ**

1. അങ്കണവാടികളിൽ എ ജി ക്ലബ്ബ് രൂപീകരണവും പോഷണവിതരണവും.
2. തെരഞ്ഞെടുക്കപ്പെട്ട സ്ക്കൂളുകളിൽ സാമൂഹ്യക്ഷേമ വകുപ്പ് മുഖേനയുള്ള സ്ക്കൂൾ കൗൺസിലർ നിയമനവും സൈക്കോ സോഷ്യൽ കൗൺസലിംഗും.

**12. പദ്ധതി സംയോജനം**

തദ്ദേശഭരണസ്ഥാപനങ്ങളുടെ കൗമാരപ്രായക്കാർക്കുവേണ്ടിയുള്ള വിവിധ പരിപാടികളുമായി ഇവയെ സംയോജിപ്പിക്കണം. പ്രശ്നപരിഹാരത്തിനുള്ള വെവ്വേറെ പരിപാടികൾ ആസൂത്രണം ചെയ്ത് വിടവുകൾ ദുരീകരിക്കണം. കുടുംബശ്രീ, ജാഗ്രാതാ സമിതി, മുതലായവരുമായി ചർച്ച ചെയ്ത് ആസൂത്രണം ചെയ്യണം. ഇവയെല്ലാം പദ്ധതിരേഖയുടെ ഭാഗമാക്കണം.

## 7.1. മേഖല : വനിതാക്ഷേമം/വർക്കിംഗ് വിമൻസ് ഹോസ്റ്റൽ

**2. പരിപാടി** : **Scheme for Working Womens Hostel**

**3. മന്ത്രാലായം : കേന്ദ്ര വനിതാശിശു വികസനം**

**4. ആമുഖം.**

മാറിയ സാമൂഹികസാമ്പത്തിക ചുറ്റുപാടുകളിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് സൗകര്യപ്രദമായ താമസം ഉറപ്പുവരുത്തുന്നതിന് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ പദ്ധതിയാണിത്. സന്നദ്ധസംഘടനകൾക്കൊപ്പം പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കും നഗരസഭകൾക്കും ഈ പദ്ധതി പ്രകാരം ഗ്രാന്റിന് അർഹതയുണ്ട്.

**5. ഫണ്ട്.**

75% കേന്ദ്ര സർക്കാർ ഗ്രാന്റായി (non recurring) അനുവദിക്കുന്നു. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ സാമൂഹ്യക്ഷേമ വകുപ്പു മുഖേന കേന്ദ്രമന്ത്രാലയത്തിൽ സമർപ്പിക്കണം.

**6. നിർവ്വഹണം.**

ഗ്രാന്റ് ലഭിക്കുന്ന മുറയ്ക്ക് എൻജിനീയർ ഉൾക്കൊള്ളുന്ന നിർമ്മാണകമ്മിറ്റിയും നിർമ്മാണ ശേഷം പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് ഗുണഭോക്താക്കൾ ഉൾക്കൊളളുന്ന ഹോസ്റ്റൽ മാനേജ്മെന്റ് കമ്മിറ്റിയും നിർബന്ധമായിരിക്കും. താമസക്കാരിൽ നിന്നും സർക്കാർ നിർദ്ദേശിക്കുന്ന നിരക്കിൽ വാടക ഈടാക്കി പ്രവർത്തനം നടത്തേണ്ടതാണ്.

**7. തദ്ദേശസ്ഥാപനങ്ങളുടെ പങ്ക്**

സാമൂഹ്യ നീതി ഉറപ്പാക്കുക എന്ന തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതല നിർവ്വഹിക്കുന്നതിന് വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ ഫലപ്രദമായ ഒരുപാധിയായിരിക്കും. വർക്കിംഗ് വനിതകളെ കണ്ടുപിടിച്ച് അവർക്ക് ആവശ്യമായ ഹോസ്റ്റലുകൾ തദ്ദേശഭരണ പ്രദേശത്തോ അടുത്ത തദ്ദേശഭരണസ്ഥാപനത്തിലോ ഉറപ്പു വരുത്തുക, ലിസ്റ്റ് തയ്യാറാക്കി വയ്ക്കുക. ഗ്രാമസഭയിൽ റിപ്പോർട്ട് വയ്ക്കുക.

**8. പദ്ധതി സംയോജനം**

വനിതാ വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ടി വിഷയവും ചർച്ചയ്ത് വിധേയമാക്കണം. എൻ ജി ഒ കളുമായി ചർച്ച ചെയ്ത് അവരുടെ സേവനം ലഭ്യമാക്കണം. അവ പദ്ധതി രേഖയുടെ ഭാഗമാക്കണം.

## 8.1. മേഖല : മദ്യം മയക്കുമരുന്ന് ദുരുപയോഗ പ്രതിരോധം

**2. പരിപാടി : പ്രിവൻഷൻ ഓഫ് ആൾക്കഹോളിസം ആന്റ് സബ്സറ്റൻസ് അബ്യൂസ്**

**3. മന്ത്രാലയം : സോഷ്യൽ ജസ്റ്റീസ് ആന്റ് എംപവർമെന്റ്**

**4. ആമുഖം.**

ഭരണഘടനയുടെ 47 -ാം അനുച്ഛേദം പൊതുജനങ്ങളുടെ ആരോഗ്യം ഉയർത്തുകയും മദ്യം മയക്കുമരുന്ന് ഉപയോഗം നിരോധിക്കുകയും ചെയ്യണമെന്ന് അനുശാസിക്കുന്നു. ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമ്പോൾ തന്നെ മദ്യം മയക്കുമരുന്ന് ദുരുപയോഗത്തിന്റെ ഫലപ്രദമായ കഷ്ടത അനുഭവിക്കുന്നവരെ മോചിപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണിത്.

**5. ഫണ്ട്**

90% ധനസഹായം ഈ പരിപാടി വാഗ്ദാനം ചെയ്യുന്നു. രജിസ്റ്റർ ചെയ്യുന്ന സന്നദ്ധ സ്ഥാപനങ്ങൾക്കൊപ്പം തദ്ദേശഭരണസ്ഥാപനങ്ങൾക്കും മദ്യം മയക്കുമരുന്ന് വിയോജന ചികിത്സക്കായുള്ള ഗ്രാന്റിന് അർഹതയുണ്ട്.

**6. ഉപപദ്ധതികൾ**

ആസക്തി വിമോചന ചികിത്സക്കായി എട്ടോളം ഉപപദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

1. Treatment cum Rehabilitation Centres
2. Work place prevention programe
3. De-addiction camps
4. Drug Awareness Counselling
5. Awareness Programe
6. Innovative CBR
7. Manpower Development
8. Survey Studies and Research

ഓരോ ഉപപദ്ധതിക്കും പ്രത്യേകമായ ഘടനയും ബഡ്ജറ്റും ഈ പദ്ധതിയിൽ തയ്യാറാക്കി വച്ചിട്ടുണ്ട്.

**7. ഗുണഭോക്താക്കൾ**

ദരിദ്രസമ്പന്ന വ്യത്യാസമില്ലാതെ അഡിക്ഷന് വിധേയമായ വ്യക്തികൾ

**8. ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ**

മദ്യ വിമോചന ചികിത്സയ്ക്ക് ലഭ്യമായ സ്ഥാപനങ്ങൾ പട്ടികപ്പെടുത്തുക. ആരോഗ്യ വകുപ്പ്, കുടുംബശ്രീ, അയൽക്കൂട്ടം തുടങ്ങിയവയിൽ നിന്നും ലഭിക്കുന്ന അറിയിപ്പുകളുടെ അടിസ്ഥാനത്തിൽ വിമോചന ചികിത്സ ആവശ്യമുള്ളവരെ അതിലേക്കായി പ്രേരണ നൽകി അയക്കാവുന്നതാണ്.

**9. തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്**

പഞ്ചായത്ത്രാജ് ആക്ട് അനുസരിച്ച് മദ്യപാനത്തിനെതിരായിട്ടുള്ള പ്രവർത്തനങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലകളിൽപ്പെടുന്നു. ഈ ചുമതലകൾ കേന്ദ്രസർക്കാരിന്റെ പദ്ധതികൾ പ്രയോജനപ്പെടുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കഴിയും. കൂടാതെ മദ്യപാനത്തിനെതിരായുള്ള അവബോധം ജനകീയ സംഘടനാ സംവിധാനങ്ങൾ വഴി ഉണ്ടാക്കുക (സാമൂഹ്യതിന്മകൾക്കെതിരെ) വിമുക്തി നേടുന്നതിനുള്ള ചികിത്സകൾ ഏർപ്പെടുത്തുക. സാമൂഹ്യ തിന്മകൾക്ക് വശംവദരായവരെ ഗ്രാമസഭവഴി കണ്ടുപിടിച്ച് മോചനം നൽകുക.

**10. പദ്ധതി സംയോജനം**

മദ്യം മയക്കുമരുന്ന് എന്നിവയുടെ മോചനം പുനരധിവാസം, കൗൺസലിംഗ്, അവബോധം നൽകൽ, ആരോഗ്യസംരക്ഷണം എന്നിവയും വരും തലമുറയെ ദുശ്ശീലത്തിൽ നിന്നും തടയൽ മുതലായവ തദ്ദേശഭരണസ്ഥാപനത്തിന് പദ്ധതി തയ്യാറാക്കാവുന്നതും സന്നദ്ധസംഘടനയും മറ്റ് ഏജൻസികളും ചെയ്യാവുന്ന പ്രവർത്തനങ്ങൾ ചർച്ചയ്ക്ക് വിധേയമാക്കുകയും ഈ പദ്ധതികൾ തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾക്കൊള്ളിക്കുകയും ചെയ്യണം.

## 9.1. മേഖല : വയോജനക്ഷേമം – വൃദ്ധസദനങ്ങളുടെ നിർമ്മാണം

**2. പരിപാടി : സ്കീം ഓഫ് കൺട്രക്ഷൻ ഓഫ് ഓൾഡേജ് ഹോം ടു പഞ്ചായത്ത് രാജ് ഇൻസ്റ്റിറ്റ്യൂഷൻ**

**3. മന്ത്രാലയം : സോഷ്യൽ ജസ്റ്റീസ് ആൻറ് എംപവർമെന്റ്**

**4. ആമുഖം**

വയോജനങ്ങളുടെ പരിചരണവും സംരണവും ഉറപ്പാക്കുന്നതിന് പൂർണ്ണമായും കുടുംബങ്ങൾക്ക് കഴിയാത്ത സാഹചര്യത്തിൽ വൃദ്ധസദനങ്ങൾ അനുിവാര്യമായിരിക്കുന്നു. ഈ പ്രശ്നത്തിന്റെ തീക്ഷ്ണത കണക്കിലെടുത്ത് കേന്ദ്രസർക്കാർ വിവിധ രീതിയിലുള്ള വൃദ്ധ മന്ദിരങ്ങൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങൾക്ക് കൂടി നൽകുന്നതിനുള്ള തീരുമാനമാണ് ഈ പദ്ധതി.

**5. ഫണ്ട്**

ആകെ ചെലവിന്റെ 75% കേന്ദ്ര-ധനസഹായമായി ലഭിക്കും.

**6. നിർവ്വഹണസ്ഥാപനം**

തദ്ദേശഭരണസ്ഥാപനം

**7. ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ**

സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാനത്തിൽ സംയോജിതമായി തദ്ദേശസ്ഥാപന ങ്ങൾക്ക് ആവശ്യമായ ഭൂമി ലഭ്യമാണെങ്കിൽ പ്രോജക്ട് നിർദ്ദേശിക്കാം. ഇതോടൊപ്പം പ്രോപ്പോസൽ തയ്യാറാക്കൽ, പ്രായോഗികത, തുടർ പ്രവർത്തനം മറ്റുസ്കീമുകൾ, സംയോജന സാധ്യത തുടങ്ങിയവ കണക്കിലെടുക്കണം.

**8. നിർവ്വഹണസ്ഥാപനത്തിന്റെ പങ്ക്**

വയോജന സുരക്ഷ ഉറപ്പാക്കുന്നതിന് ഈ പദ്ധതി തദ്ദേശസ്ഥാപനങ്ങളെ സഹായിക്കുന്നു.

## 10.1.മേഖല : ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ വികസനം

**2. പരിപാടി : ദീനദയാൽ ഡിസേബിൾഡ്-റീഹാബിലിറ്റേഷൻ സ്കീം**

**3. മന്ത്രാലയം : സോഷ്യൽ ജസ്റ്റിസ് ആൻറ് എംപവർമെന്റ്**

**4. ആമുഖം**

വൈകല്യമുള്ളവർക്കായുള്ള ദേശീയ നയവും ഭരണഘടനയുടെ 41 -ാം വകുപ്പും നട പ്പിലാക്കുന്നതിനായി രൂപീകരിച്ച നിയമമാണ്. ദേശീയ വികലാംഗ ജനനിയമം 1995. പ്രസ്തുത നിയമത്തിൽ പ്രഖ്യാപിച്ചിട്ടുള്ള നിർബന്ധിത-വിദ്യാഭ്യാസം സഹായസംവിധാനങ്ങൾ തുടങ്ങി യവ ഉറപ്പുവരുത്തുന്നതിനുള്ള കേന്ദ്രപദ്ധതിയാണ് (DDRS)

## 5. ഫണ്ട്

ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്ന പരിപാടികൾക്ക് 90% കേന്ദ്രസഹായമായി നൽകും. സന്നദ്ധസംഘടനകൾക്ക് മാത്രം ധനസഹായം ലഭ്യമാകുക.

## 6. ഉപപദ്ധതികൾ

ദീനദയാൽ സ്കീം ഏതെങ്കിലും ഒരു വിഭാഗത്തിന് മാത്രമായിട്ടുള്ള പരിപാടിയല്ല മറിച്ച് 7 ൽ കൂടുതൽ വരുന്ന വൈകല്യമുള്ള വിഭാഗങ്ങൾക്ക് വിദ്യഭ്യാസം, തൊഴിൽ പരിശീലനം, ഇആഞ(കമ്മ്യൂണിറ്റി ബേയ്സ്ഡ് റീഹാബിലിറ്റേഷൻ), Early Intervention തുടങ്ങി പല മേഖലകളിലും ഗ്രാൻറ് അനുവദനീയമാണ്.

പ്രധാനമായും 7 സ്കീമുകലാണ് ഇതിൽ ഉൾക്കൊള്ളുന്നത്.

1. പ്രീസ്ക്കൂൾ സംവിധാനം
2. പ്രത്യേക സ്ക്കൂൾ
3. വൊക്കേഷണൽ ട്രെയിനിംഗ്
4. കമ്മ്യൂണിറ്റി ബേയ്സ്ഡ് റീഹാബിലിറ്റേഷൻ
5. മാനവശേഷി വികസനം(ട്രെയിനിംഗ്)
6. മനോരോഗബാധിതരുടെ പുനരധിവാസം
7. കുഷ്ഠരോഗവിമുക്തർക്കായുള്ള പരിപാടി

മേൽപ്പറഞ്ഞവയിൽ ആദ്യത്തെ നാല് പരിപാടികളിലും മാനസിക വെല്ലുവിളികൾ-അന്ധത-ശ്രവണ, വൈകല്യം എന്നിവ ബാധിച്ച മൂന്ന് വിഭാഗങ്ങൾക്കായി 12 പ്രത്യേക പ്രോജക്ടുകലും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

## 7. ലക്ഷ്യം

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന മുഴുവൻ പേർക്കും തുല്ല്യതയും സാമൂഹ്യ പരിഗണനയും അവസരങ്ങളും ഉറപ്പാക്കി ശാക്തീകരിക്കുക

## 8. ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ

ഓരോ തദ്ദേശഭരണസ്ഥാപനവും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പട്ടികയും അവസ്ഥാവിശകലനവും നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. അവരുടെ കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടെ ഈ പദ്ധതികൾ പ്രയോജനപ്പെടുത്താവുന്നതാണ്.

## 9. തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

വൈകല്യമുള്ളവരുടെ നിർബന്ധിത വിദ്യഭ്യാസം അവരുടെ ക്ഷേമം ഉറപ്പാക്കൽ എന്നിവ തദ്ദേശസ്ഥാപനങ്ങളുടെ ചുമതലയാണ്. ഈ ചുമതല നിർവ്വഹിക്കുന്നതിൽ ഈ പരിപാടിക്ക് കാര്യമായ പങ്ക് വഹിക്കാനാകും. ഡിസേബിൾഡ് ആയ കുട്ടികൾക്കുള്ള സ്കാളർഷിപ്പ് തുടങ്ങിയ ആനുകൂല്യങ്ങൾ വിതരണം ചെയ്യുമ്പോൾ ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങളിൽ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ലഭിക്കുന്ന അവസരം പൂർണ്ണമായും പ്രയോജനപ്പെടുത്തണം.

## 10. പദ്ധതി സംയോജന സാധ്യതകൾ

മാനസീക ശാരീരിക വൈകല്യമുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കി അവരുടെ ആരോഗ്യ

വിദ്യാഭ്യാസകാര്യങ്ങൾക്കായി തദ്ദേശഭരണസ്ഥാപനം പദ്ധതികൾ തയ്യാറാക്കി വിടവുകൾ നികത്തണം. വകുപ്പ്തല പ്രവർത്തനങ്ങൾ ഏതെന്നും എന്തെന്നും പദ്ധതിരേഖയിൽ വിസ്തരിക്കണം.

## 11. 1. മേഖല : വയോജനക്ഷേമം

**2. പരിപാടി : ഇന്റഗ്രേറ്റഡ് പ്രോഗ്രാം ഫോർ ഓൾഡർ പേഴ്സൻ**
**3. മന്ത്രാലയം : സോഷ്യൽ ജസ്റ്റീസ് ആന്റ് എംപവർമെൻറ്**
**4. ആമുഖം**

ദേശീയ വളർച്ചയുടെ ആയുർദൈർഘ്യം ഉയർത്തുന്നതിന്റെയും ഫലമായിട്ടും സാമൂഹ്യഘടനയിൽ വന്ന മാറ്റങ്ങൾ കൊണ്ടും വയോജനങ്ങൾ പലതരം പ്രശ്നങ്ങൾക്ക് പാത്രമായിട്ടുണ്ട്. ഒറ്റപ്പെടൽ, സുരക്ഷിതത്വ കുറവ്, ആരോഗ്യപോഷണപ്രശ്നങ്ങൾ തുടങ്ങിയവ ഇവയിൽ പ്രധാനമാണ്.

വയോജനങ്ങളുടെ ജീവിതഗുണമേന്മ ഉയർത്തുന്നതിന് പരിചരണ-സുരക്ഷ-സേവനങ്ങൾ ഏർപ്പെടുത്തുന്നതിന് കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ഇത്.

**5. ഫണ്ട്**

സ്ഥാപനപ്രവർത്തനങ്ങൾക്ക് 90% ഗ്രാന്റ് നൽകുകയാണ് ഈ പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത്. സന്നദ്ധസംഘടനകൾക്കൊപ്പം പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആകാവുന്നതാണ്.

**6. ഉപപദ്ധതികൾ**

വയോജനപരിപാടിക്ക് കീഴിൽ താഴെ പറയുന്ന ഉപപദ്ധതികൾ ലഭ്യമാണ്.
വൃദ്ധസദനങ്ങൾ (25 പേർക്ക് മേൽ)

1. Respite care home
2. Milti service centre
3. Mobile medicare unit
4. Day care centre for old age
5. mental health care centre

പ്രധാനപ്പെട്ട മേൽപ്പറഞ്ഞ ഉപപദ്ധതികൾക്ക് പുറമെ ബോധവത്കരണ പ്രോജക്ടുകൾ, മുതിർന്ന വിധവകൾക്കുള്ള സ്ഥാപനങ്ങൾ, വൃദ്ധജനങ്ങൾക്കുള്ള സ്വയം സഹായസംഘങ്ങൾ എന്നിങ്ങനെ 17 പ്രോജക്ടുകൾ ഈ സ്കീമുകളിൽപെട്ടതാണ്.

**7. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ**

ഓരോ സ്കീമിനും പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കി നിശ്ചിത അപേക്ഷാഫോറത്തിൽ സാമൂഹ്യക്ഷേമവകുപ്പ് മുഖേന അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

കെട്ടിടനിർമ്മാണത്തിന് ഒഴികെ ഏത് ആവർത്തന ഗ്രാന്റ് ലഭിക്കണമെങ്കിലും സ്ഥാപനം ആരംഭിച്ച് ഓർഫനേജ് കൺട്രോൾ മുഖേന അംഗീകാര സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.

**8. ഗുണഭോക്താക്കൾ**

അറുപത് വയസ്സിനു മേൽ പ്രായമുള്ള വയോജനങ്ങൾ, മറവി രോഗം ബാധിച്ചവർ

**9. ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ**

തദ്ദേശസ്ഥാപനങ്ങളുടെ മേഖലാ ചുമതലകളിൽ പ്രാധാനമായ ഒന്ന് വയോജനക്ഷേമ മാണ്. അതുകൊണ്ട് തന്നെ ഈ വിഭാഗത്തിന്റെ സ്ഥിതി വിവരകണക്കും അവസ്ഥാവിശകല നവും ലഭ്യമാക്കുന്ന സേവനവും തയ്യാറാക്കേണ്ടതുണ്ട്. അതുകൊണ്ട് തന്നെ സന്നദ്ധ സംഘട നകൾ ഈ സേവനങ്ങൾ ലഭ്യമാക്കുമ്പോഴും വികസനരേഖയിലും പ്രോജക്ട് ആമുഖങ്ങളിലും ഈ വിവരങ്ങൾ ഉൾപ്പെടുത്താവുന്നതാണ്.

**10. തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്**

സാമൂഹ്യനീതി ഉറപ്പാക്കുന്നതിന്റെ ഭാഗമായി വയോജനങ്ങൾക്ക് സേവനങ്ങൾ ഉറപ്പാ ക്കുന്നതിന് ഈ പദ്ധതി തദ്ദേശഭരണസ്ഥാപനങ്ങളെ സഹായിക്കുന്നു.

**11. സംയോജന സാധ്യതതകൾ**

തദ്ദേശഭരണസ്ഥാപനത്തിന്റെ ചുമതലകൾ ഏതെല്ലാം സന്നദ്ധ സംഘടനകൾ വഴി ചെയ്യുന്നുണ്ടെന്ന് നിശ്ചയിക്കുക. അവർക്ക് ചെയ്യാൻ സാധിക്കാത്ത കാര്യങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുടെ ഭാഗമാക്കി എല്ലാവർക്കും സഹായം ലഭ്യമാക്കുക.

# നാഷണൽ സോഷ്യൽ അസിസ്റ്റന്റ് പ്രോഗ്രാം

## I2. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ

**അർഹത**

1. 65 വയസ്സ് പൂർത്തിയായ അഗതികൾക്ക്
2. ബി.പി.എൽ കുടുംബമായിരിക്കണം. (ഭാര്യ/ഭർത്താവ്, ആൺമക്കൾ (അടക്കം) ഉൾപ്പെടുന്നതാണ് കുടുംബത്തിന്റെ വരുമാനം.)

ഇത് വയസ്സിന്റെ അടിസ്ഥാനത്തിൽ 1.4.2011 മുതൽ താഴെ പറയുന്ന രണ്ടു വിഭാഗങ്ങളായി തിരി ച്ചുകൊണ്ട് പെൻഷൻ നൽകുന്നതിന് സംസ്ഥാന സർക്കാരിന് കേന്ദ്രസർക്കാരിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

**വിഭാഗം**

1. 60 വയസ്സ് മുതൽ 79 വയസ്സുവരെയുള്ളവർക്ക് പ്രതിമാസം കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്ന പെൻഷൻ 200 ക.
2. 80 വയസ്സു മുതൽക്ക് പ്രതിമാസം ലഭിക്കുന്ന പെൻഷൻ 500 ക.
3. സംസ്ഥാന സർക്കാർ കുറഞ്ഞത് തുല്ല്യ വിഹിതമെങ്കിലും ചേർത്താണ് പെൻഷൻ നൽകേണ്ടത്. ഭിക്ഷാടനം നടത്തുന്നവർക്കും, സംസ്ഥാനസർക്കാരോ, തദ്ദേശസ്വയംഭ രണസ്ഥാപനങ്ങളോ നടത്തുന്ന ശരണാലയങ്ങളിൽ താമസ്സിക്കുന്നവർക്കും പെൻഷന് അർഹതയില്ല. കൂടാതെ കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, തദ്ദേശഭര ണസ്ഥാപനങ്ങൾ, കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി പ്രവർത്തി ക്കുന്ന മറ്റ് സംഘടനകളിൽ നിന്നും പെൻഷൻ ലഭിക്കുന്നവർ ക്കും ഊ പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല.

നിശ്ചിത ഫോറത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളിലെ സെക്രട്ടറിയ്ക്കാണ് അപേക്ഷ നൽകേണ്ടത്.

അന്വേഷണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

കുടുംബ വരുമാനം, അർഹത എന്നിവ സംബന്ധിച്ച് അന്വേഷണ ഉദ്യോഗസ്ഥൻ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ തീരുമാനം എടുക്കണം. വരുമാനം കണക്കാക്കിയത് ശരിയല്ലെന്ന് തദ്ദേശഭരണസ്ഥാപനങ്ങളിലെ അധികാരികൾക്ക് അഭിപ്രായം ഉണ്ടെങ്കിൽ അപേക്ഷകന് വരുമാന സർട്ടിഫിക്കറ്റ് നൽകുന്നതിന് വില്ലേജ് ഓഫീസറോട് ആവശ്യപ്പെടാം.അപേക്ഷ ലഭിച്ച് 10 ദിവസത്തിനകം അപേക്ഷയിൻമേൽ അന്വേഷണം പൂർത്തിയാക്കി 30 ദിവസത്തിനകം ഭരണസമിതി തീരുമാനം എടുക്കണം. അപേക്ഷ നിരസിക്കുന്ന സംഗതികളിൽ ജില്ലാകളക്ടർക്ക് അപ്പീൽ നൽകാം. പെൻഷൻ അനുവദിച്ചുകൊണ്ടുള്ള തീരുമാനം എടുക്കേണ്ടത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളാണ്. ഫണ്ട് ജില്ലാ കളക്ടറിൽ നിന്നാണ് ലഭിക്കുക.

വിധവാപെൻഷൻ, വികാലാംഗപെൻഷൻ ലഭിക്കുന്ന 60 വയസ്സ്പൂർത്തിയാക്കിയവരെ തുടർന്ന് വാർദ്ധക്യകാലപെൻഷന്റെ പരിധിയിലാണ് ഉൾപ്പെടുത്തേണ്ടത്.

**ഹാജരാക്കേണ്ട രേഖകൾ**

1. അപേക്ഷ നിശ്ചിതഫോറത്തിൽ
2. സ്ഥിരതാമസ്സം തെളിയിക്കുന്നതിന് റേഷൻകാർഡ് ഉൾപ്പെടെയുള്ളതിന്റെ പകർപ്പ്
3. വയസ്സു തെളിയിക്കുന്ന രേഖ

## 13. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ സ്കീം.

**അർഹത**

1. 40 മുതൽ 59 വയസ്സു വരെ ( 60 വയസ്സ് പൂർത്തിയായാൽ വാർദ്ധക്യകാല പെൻഷൻ സ്കീമിലേക്ക് മാറ്റണം. ഇതിന് പ്രത്യേകം അപേക്ഷയുടെ ആവശ്യമില്ല.)
2. ബി.പി.എൽ കുടുംബമായിരിക്കണം. (ഭാര്യ/ഭർത്താവ്, ആൺമക്കൾ(അടക്കം) ഉൾപ്പെടുന്നതാണ് കുടുംബത്തിന്റെ വരുമാനം.)
3. വിധവയായിരിക്കണം. 7 കൊല്ലമായി ഭർത്താവ് കാണാതാവുകയാണെങ്കിലും വിധവയായി കണക്കാക്കാം.

പ്രതിമാസ പെൻഷൻ – കേന്ദ്രസർക്കാരിൽ നിന്നും 200 ക.

സംസ്ഥാന സർക്കാർ കുറഞ്ഞത് തുല്ല്യ വിഹിതമെങ്കിലും ചേർത്താണ് പെൻഷൻ നൽകേണ്ടത്. ഭിക്ഷാടനം നടത്തുന്നവർക്കും, സംസ്ഥാനസർക്കാരോ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളോ നടത്തുന്ന ശരണാലയങ്ങളിൽ താമസ്സിക്കുന്നവർക്കും പെൻഷന് അർഹതയില്ല. കൂടാതെ കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, തദ്ദേശഭരണസ്ഥാപനങ്ങൾ, കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ നിന്നും പെൻഷൻ ലഭിക്കുന്നവർ ക്കും ഈ പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല.

നിശ്ചിത ഫോറത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളിലെ സെക്രട്ടറിയ്ക്കാണ് അപേക്ഷ നൽകേണ്ടത്

അന്വേഷണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

**ഹാജരാക്കേണ്ട രേഖകൾ**

1. അപേക്ഷ നിശ്ചിതഫോറത്തിൽ
2. സ്ഥിരതാമസ്സം തെളിയിക്കുന്നതിന് റേഷൻകാർഡ് ഉൾപ്പെടെയുള്ളതിന്റെ പകർപ്പ്
3. വയസ്സു തെളിയിക്കുന്ന രേഖ
4. വിധവയാണെന്ന് തെളിയിക്കുന്നതിനുള്ള രേഖ

കുടുംബ വരുമാനം, അർഹത എന്നിവ സംബന്ധിച്ച് അന്വേഷണ ഉദ്യോഗസ്ഥൻ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ തീരുമാനം എടുക്കണം. വരുമാനം കണക്കാക്കിയത് ശരിയല്ലെന്ന് തദ്ദേശഭരണസ്ഥാപനങ്ങളിലെ അധികാരികൾക്ക് അഭിപ്രായം ഉണ്ടെങ്കിൽ അപേക്ഷകന് വരുമാന സർട്ടിഫിക്കറ്റ് നൽകുന്നതിന് വില്ലേജ് ഓഫീസറോട് ആവശ്യപ്പെടാം. അപേക്ഷ ലഭിച്ച് 10 ദിവസത്തിനകം അപേക്ഷയിൻമേൽ അന്വേഷണം പൂർത്തിയാക്കി 30 ദിവസത്തിനകം ഭരണസമിതി തീരുമാനം എടുക്കണം. അപേക്ഷ നിരസിക്കുന്ന സംഗതികളിൽ ജില്ലാകളക്ടർക്ക് അപ്പീൽ നൽകാം. പെൻഷൻ അനുവദിച്ചുകൊണ്ടുള്ള തീരുമാനം എടുക്കേണ്ടത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളാണ്. ഫണ്ട് ജില്ലാ കളക്ടറിൽ നിന്നാണ് ലഭിക്കുക.

വിധവാപെൻഷൻ ലഭിക്കുന്ന 60 വയസ്സ് പൂർത്തിയാക്കിയവരെ തുടർന്ന് വാർദ്ധക്യകാലപെൻഷന്റെ പരിധിയിലാണ് ഉൾപ്പെടുത്തേണ്ടത്.

## 14. ഇന്ദിരാഗാന്ധി ദേശീയ വികലാംഗപെൻഷൻ

**അർഹത**

1. 18 മുതൽ 59 വരെ ( 60 വയസ്സ് പൂർത്തിയായാൽ വാർദ്ധക്യകാല പെൻഷൻ സ്കീമിലേക്ക് മാറ്റണം. ഇതിന് പ്രത്യേകം അപേക്ഷയുടെ ആവശ്യമില്ല.)
2. ബി.പി.എൽ കുടുംബമായിരിക്കണം. (ഭാര്യ/ഭർത്താവ്, ആൺമക്കൾ(അടക്കം) ഉൾപ്പെടുന്നതാണ് കുടുംബത്തിന്റെ വരുമാനം.)
3. വികലാംഗത്വം 40 % ഉണ്ടായിരിക്കണം.
4. പ്രതിമാസ പെൻഷൻ – കേന്ദ്രസർക്കാരിൽ നിന്നും 200 ക.
   സംസ്ഥാന സർക്കാർ കുറഞ്ഞത് തുല്ല്യ വിഹിതമെങ്കിലും ചേർത്താണ് പെൻഷൻ നൽകേണ്ടത്. ഭിക്ഷാടനം നടത്തുന്നവർക്കും, സംസ്ഥാനസർക്കാരോ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളോ നടത്തുന്ന ശരണാലയങ്ങളിൽ താമസ്സിക്കുന്നവർക്കും പെൻഷന് അർഹതയില്ല. കൂടാതെ കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, തദ്ദേശഭരണസ്ഥാപനങ്ങൾ, കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ നിന്നും പെൻഷൻ ലഭിക്കുന്നവർ ക്കും ഈ പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല.

നിശ്ചിത ഫോറത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളിലെ സെക്രട്ടറിയ്ക്കാണ് അപേക്ഷ നൽകേണ്ടത്
അന്വേഷണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

**ഹാജരാക്കേണ്ട രേഖകൾ**

1. അപേക്ഷ നിശ്ചിതഫോറത്തിൽ
2. സ്ഥിരതാമസ്സം തെളിയിക്കുന്നതിന് റേഷൻകാർഡ് ഉൾപ്പെടെയുള്ളതിന്റെ പകർപ്പ്
3. വയസ്സു തെളിയിക്കുന്ന രേഖ
4. വികലാംഗത്വം തെളിയിക്കുന്നതിനുള്ള രേഖ

കുടുംബ വരുമാനം, അർഹത എന്നിവ സംബന്ധിച്ച് അന്വേഷണ ഉദ്യോഗസ്ഥൻ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ തീരുമാനം എടുക്കണം. വരുമാനം കണക്കാക്കിയത് ശരിയല്ലെന്ന് തദ്ദേശഭരണസ്ഥാപനങ്ങളിലെ അധികാരികൾക്ക് അഭിപ്രായം ഉണ്ടെങ്കിൽ അപേക്ഷകന് വരുമാന സർട്ടിഫിക്കറ്റ് നൽകുന്നതിന് വില്ലേജ് ഓഫീസറോട് ആവശ്യപ്പെടാം. അപേക്ഷ ലഭിച്ച് 10 ദിവസത്തിനകം അപേക്ഷയിൻമേൽ അന്വേഷണം പൂർത്തിയാക്കി 30 ദിവസത്തിനകം ഭരണസമിതി തീരുമാനം എടുക്കണം. അപേക്ഷ നിരസിക്കുന്ന സംഗതികളിൽ ജില്ലാകളക്ടർക്ക് അപ്പീൽ നൽകാം. പെൻഷൻ അനുവദിച്ചുകൊണ്ടുള്ള തീരുമാനം എടുക്കേണ്ടത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളാണ്. ഫണ്ട് ജില്ലാ കളക്ടറിൽ നിന്നാണ് ലഭിക്കുക.

വികാലാംഗപെൻഷൻ ലഭിക്കുന്ന 60 വയസ്സ് പൂർത്തിയാക്കിയവരെ തുടർന്ന് വാർദ്ധക്യകാലപെൻഷന്റെ പരിധിയിലാണ് ഉൾപ്പെടുത്തേണ്ടത്.

## 15. ദേശീയ കുടുംബക്ഷേമ പദ്ധതി – നാഷണൽ ഫാമിലി ബെനഫിറ്റ് സ്കീം.(NFBC)

**ആമുഖം**

ദരിദ്ര കുടുംബത്തിലെ വരുമാനമുള്ള ഗൃഹനാഥൻ/ഗൃഹനാഥയുടെ മരണം മൂലം ദുരിതമനുഭവിക്കുന്ന കുടുംബത്തിലെ ആശ്രിതന് സഹായം നൽകുന്ന പദ്ധതിയാണിത്.

**ഫണ്ട്**

100% കേന്ദ്രസഹായമാണ്. സംസ്ഥാന സർക്കാർ വഴി വനിതരണം ചെയ്യുന്നു. സ്വാഭാവികമരണത്തിന്/ അപകടമരണത്തിന് 10000 രൂപയുമാണ് ഇപ്പോൾ നൽകി വരുന്നത്.

**ലക്ഷ്യം**

പാവപ്പെട്ട കുടുംബങ്ങളിലെ മുഖ്യവരുമാനമുള്ള വ്യക്തി മരണപ്പെടുമ്പോൾ കുടുബത്തിനുണ്ടാകുന്ന ദുരുതം കുറയ്ക്കുന്നതിന് കുടുംബത്തിന് (മുഖ്യ ആശ്രിത്ന്) ധനസഹായം നൽകുക.

**അർഹത:** ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബം

**നിർവ്വഹണ സ്ഥാപനം:** റവന്യു ഡിപ്പാർട്ട്മെന്റ് – ജില്ലാ കളക്ടർ

**പ്രവർത്തനങ്ങൾ**

1. മരണം സംഭവിച്ച് ഒരുമാസത്തിനകം മുഖ്യ ആശ്രിതർ ധനസഹായത്തിന് അപേക്ഷിക്കുന്നു.
2. ജില്ലാകളക്ടർ/തഹസിൽദാർ അപേക്ഷ കൈപ്പറ്റി വില്ലേജ് ഓഫീസർ വഴി അന്വേഷണം നടത്തുന്നു.
3. തുക മുഖ്യ ആശ്രിതർക്ക് നൽകുന്നു.
4. 3 മാസം വരെ താമസം (അപേക്ഷ നൽകുന്നതിലെ) ജില്ലാ കളക്ടർക്ക് മാപ്പാക്കാം.

**തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്:**

1. മരണം സംഭവിച്ചാൽ കുടുംബത്തിലെ ആശ്രിതനെക്കൊണ്ട് യഥാസമയം അപേക്ഷ

റവന്യു അധികാരികൾക്ക് സമർപ്പിച്ചുവെന്ന് ഉറപ്പുവരുത്തൽ.

2. അന്വേഷണം നടത്തി അധികൃതർ യഥാസമയം ഗുണഭോക്താവിന് ധനസഹായം നൽകി എന്ന് ഉറപ്പ് വരുത്തുക
3. സ്കീമിനെക്കുറിച്ച് ഗ്രാമസഭവഴിയും മറ്റു തരത്തിലും അവബോധം നൽകൽ.

പദ്ധതി സംയോജനം

ദാരിദ്ര്യനിർമ്മാർജന പദ്ധതി തയ്യാറാക്കുമ്പോൾ ടി വിവരങ്ങൾ പദ്ധതിരേഖയുടെ ഭാഗമാക്കാം. നൽകിയ വിവരങ്ങളും പ്രസിദ്ധപ്പെടുത്തുന്നു.

## 16. ആം ആദ്മി ഭീമായോജന (AABY)

### ആമുഖം

ഗ്രാമപ്രദേശങ്ങളിലെ ഭൂരഹിത കുടുംബങ്ങളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിന് കേന്ദ്രസംസ്ഥാന സർക്കാരുകൾ സംയുക്തമായി ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫാ ഇന്ത്യ മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് ആം ആദ്മി ഭീമാ യോജന (AABY). കുടുംബനാഥൻ/നാഥ മരണപ്പെട്ടാൽകുടുംബത്തിനായി ഇൻഷുറൻസ് തുക ലഭ്യമാക്കുന്ന പദ്ധതിയാണിത്. കുടുംബനാഥന്റെ മരണം മൂലം സാമ്പത്തികമായും മാനസികമായും തളരുന്ന കുടുംബങ്ങളിലെ അംഗങ്ങൾക്കുള്ള സാമൂഹ്യ സുരക്ഷ പദ്ധതിയാണിത്.

### ഫണ്ടിംഗ്

കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഇതിന്റെ ഫണ്ടിംഗ് നിർവ്വഹിക്കുന്നു.

### ലക്ഷ്യം:

പാവപ്പെട്ട ഭൂരഹിത കുടുംബങ്ങളിലെ അംഗങ്ങൾക്ക് കുടുംബനാഥന്റെ മരണം മൂലമുള്ള സാമ്പത്തിക ബുദ്ധിമുട്ട് കുറയ്ക്കുന്നതിനുള്ള ഇൻഷുറൻസ് ധനസഹായം ലഭ്യമാക്കുന്നതിനാണീ പദ്ധതി.

### ഗുണഭോക്താവ്:

ഭൂരഹിതരും 5 സെന്റ് വരെ ഭൂമിയുള്ളവരും സംഘടിതമേഖലയിൽ തൊഴിൽ ഇല്ലാത്ത കുടുംബങ്ങളാണ്. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

### നിർവ്വഹണസ്ഥാപനം:

ലേബർ ഡിപ്പാർട്ട്മെന്റ്, ഇൻഷുറൻസ് ഏജൻസികൾ മുഖേന ഇതിന്റെ നിർവ്വഹണം നടപ്പിലാക്കുന്നു.

### പ്രവർത്തനങ്ങൾ:

1. കുടുംബശ്രി മിഷൻ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുള്ള ഡാറ്റാബേസിൽ നിന്നും നിശ്ചിത ഗുണഭോക്താക്കളുടെ പട്ടിക വേർത്തിരിച്ചെടുത്ത് തൊഴിൽ വകുപ്പിന് ലഭ്യമാക്കുന്നു.
2. അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രാമപഞ്ചായത്തുകളുടെ സഹായത്തോടെ ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ നിന്നും അന്വേഷിച്ച് അർഹതയുള്ളവരെ തെരെഞ്ഞെടുക്കുന്നു.
3. തെരെഞ്ഞെടുക്കുന്നവരെ ഇൻഷുറൻസ് സ്കീമിൽ ചേർക്കുന്നു.
4. വി.ഇ.ഒ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി/വില്ലേജ് ഓഫീസർ എന്നിവർ യോഗ്യത സർട്ടിഫൈ ചെയ്യുന്നു.

5. കുടുംബനാഥൻ/നാഥയുടെ സ്വാഭാവിക മരണത്തിന് 30,000 രൂയും അപകടമരണത്തിന് 75,000 രൂപയും ഇൻഷുറൻസ് നൽകുന്നു. അംഗവൈകല്യം മുഴുവനായി സംഭിവിച്ചാൽ 75,000 രൂപയും ഭാഗികമായി സംഭവിച്ചാൽ 37,500 രൂപയും ലഭിക്കും. കൂടാതെ രണ്ട് കുട്ടികൾക്ക് 9 മുതൽ 12 -ാം ക്ലാസ്സ് വരെ പഠിക്കുന്നതിന് മാസം 100 രൂപ വച്ച് വർഷം രണ്ട് ഗഡുക്കളായി ലഭ്യമാക്കുന്നു. ജില്ലാ ലേബർ ഓഫീസർ/ഡെപ്യൂട്ടി ഡയറക്ടർ സ്കോളർഷിപ്പ് ബന്ധപ്പെട്ട സ്കൂൾ വഴി നൽകുന്നു.

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

വേണ്ടത്ര പ്രചാരണം വഴി അർഹതപ്പെട്ട എല്ലാ കുടുംബങ്ങളേയും സ്കീമിൽ കൊണ്ടുവരുന്നതിനുള്ള തീവ്രയത്നം നടത്തുന്നു. ലേബർ ഓഫീസർക്ക് വേണ്ട നിർദ്ദേശവും സഹായവും നൽകുന്നു.യഥാസമയം ഇൻഷുറൻസും സ്കോളർഷിപ്പും വിതരണം ചെയ്യുന്നു എന്നുറപ്പാക്കുന്നു. ഗ്രാമസഭയിൽ വേണ്ട പ്രചാരണവും വിവരങ്ങളും നൽകുന്നു.

### പദ്ധതി സംയോജനം

തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ മറ്റ് സാമൂഹ്യ സുരക്ഷ പദ്ധതികളുമായി ഇതിനെ സംയോജിപ്പാക്കാവുന്നതാണ്.

*************************

CHAPTER

# XIV



# പട്ടികജാതി – പട്ടികവർഗ്ഗ മറ്റ് ന്യൂനപക്ഷ വികസനം

# XIV. പട്ടികജാതി /പട്ടികവർഗ്ഗ മറ്റ് പിന്നോക്ക ന്യൂനപക്ഷ വികസനം

## I. മേഖല : പട്ടികജാതി വികസനം

### A. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസം

**1. ആമുഖം:**

ചരിത്രപരമായ കാരണങ്ങളാൽ സാമൂഹ്യമായും സാമ്പത്തികമായും , വിദ്യാഭ്യാസപ ര മായും പിന്നിലായിപ്പോയ ജനവിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പരിശ്രമങ്ങളിൽ പ്രധാനപ്പെട്ടതാണ് പട്ടികജാതി വികസനവകുപ്പ് നടത്തുന്ന വിദ്യാഭ്യാസപരിപാടികൾ.

**2. ഫണ്ട്**

100 ശതമാനം ഫണ്ട് ലഭിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഒന്നാണിത്.

**3. നിർവ്വഹണവകുപ്പുകൾ**

- പട്ടികജാതിവികസന ഡയറക്ടറേറ്റ്
- ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ

**4. ലക്ഷ്യങ്ങൾ**

- പട്ടികജാതി വിഭാഗങ്ങളുടെ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ പ്രക്രിയയ്ക്ക് ധനസഹായം നൽകുക.
- മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുക
- വിദ്യാഭ്യാസത്തിലൂടെ മുന്നേറി പിന്നോക്കാവസ്ഥയ്ക്ക് മാറ്റം വരുത്തുക
- തൊഴിൽ അധിഷ്ഠിതമായ വിദ്യാഭ്യാസത്തിന് മുൻഗണന നൽകുക.

**5. ഗുണഭോക്താക്കൾ**

കേരളത്തിലെ പട്ടികജാതി വിഭാഗങ്ങളായി അംഗീകരിച്ചിട്ടുള്ള പോസ്റ്റ്മോട്രിക് വിദ്യാർത്ഥികൾ.
മാതാപിതാക്കളുടെ വരുമാനം ഒരു ലക്ഷം രൂപയിൽ കുറവുള്ളവർ.
ഒരു ലക്ഷം കൂടുതൽ വരുമാനമുള്ള കുടുംബത്തിലെ പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനായി നീക്കിവെച്ചിട്ടുള്ള പ്രത്യേക ഘടകപദ്ധതിയുടെ ഫണ്ട് പ്രയോജനപ്പെടുത്തുന്നു.

**6. പ്രവർത്തനങ്ങൾ.–**

21 തരത്തിലുള്ള പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ പരിപാടികളാണ് നടപ്പാക്കുന്നത്.

1. ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും – പ്ലസ് വൺ മുതൽ പി.എച്ച്.ഡി വരെ പഠനം നടത്തുന്നവർക്ക് 405 രൂപ സ്റ്റൈപ്പന്റ് നൽകുന്നു. 8 കി.മീ കൂടുതൽ യാത്രചെയ്യുന്നവർക്ക് 475 രൂപ ആണ് ലംപ്സംഗ്രാന്റ് നിരക്ക്. പ്ലസ്ടു 715 രൂപ, ഡിഗ്രി 790 രൂപ, പി.ജി 1010 രൂപ. പ്രൊഫഷണൽ കോഴ്സുകൾ–265 രൂപ മുതൽ 2065 രൂപ വരെ കോഴ്സ് അനുസരിച്ച്. നിലവിൽ ടി ആനുകൂല്യം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ എ.ടി.എമ്മുകൾ വഴി, ഇ – ഗ്രാന്റ്സ് എന്ന പേരിൽ വിതരണം ചെയ്യുന്നു.

2. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ- 18 ഹോസ്റ്റലുകൾ വകുപ്പ് നടത്തുന്നു. അന്തേവാസികൾക്ക് ഭക്ഷണത്തിനായി പ്രതിമാസം 1500 രൂപ, പോക്കറ്റ് മണിയായി 100120 രൂപ നൽകുന്നു. അംഗീകൃഹോസ്റ്റലുകളിൽ പഠിക്കുന്നവർക്കും ആനുകൂല്യം നൽകുന്നു. ഹോസ്റ്റൽ സൗകര്യമില്ലാത്ത പ്രൊഫഷണൽ സ്ഥാപനത്തിൽ പഠിക്കുന്നവർക്ക് ബോർഡിംഗ് ഗ്രാന്റായി 1500 രൂപ നൽകുന്നു.

3. പ്രത്യേകപ്രോത്സാഹന സമ്മാനം - വിവിധ പരീക്ഷയിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നു. ഡിസ്റ്റിംഗഷൻ ഗ്രേഡ്, ഫസ്റ്റ് ക്ലാസ് ഗ്രേഡ് എന്നിങ്ങനെ എസ്.എസ്.എൽ.സി മുതൽ പി.ജി മറ്റ് പ്രൊഫഷണൽ കോഴ്സുകൾ വരെയുള്ളവർക്ക് 750 രൂപ മുതൽ 4000 രൂപ വരെ നൽകുന്നു.

4. റാങ്ക് ജേതാക്കൾക്ക് സ്വർണ്ണമെഡൽ - പ്ലസ്ടു, എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ പ്ലസ് ഗ്രേഡ് , മെഡിക്കൽ/എൻജിനീയറിംഗ് പ്രവേശന പരീക്ഷയിൽ ആദ്യ റാങ്കുകളിൽ വരുന്നവർക്ക് അരപവൻ സ്വർണ്ണനാണയം നൽകുന്നു.

5. ക്ഷേത്രപ്രവേശന വിളംബരസ്മാരക സ്കോളർഷിപ്പ് -ഡിഗ്രി, പി.ജി, എൽ.എൽ.ബി, മെഡിക്കൽ, എഞ്ചിനീയറിംഗ് പഠനം നടത്തുന്ന അർഹരായവർക്ക് സ്കോളർഷിപ്പ് നൽകുന്നു.

6. മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷയ്ക്ക് പ്രത്യേക പരിശീലനം
2011 എസ്.എസ്.എൽ.സിയിൽ എല്ലാ വിഷയങ്ങൾക്കും ബി പ്ലസിന് മുകളിൽ ലഭിച്ച വിദ്യാർത്ഥികൾക്ക്, മെഡിക്കൽ /എഞ്ചിനീയറിംഗ് പരീക്ഷയ്ക്ക് ദീർഘകാല കോച്ചിംഗിന് 20,000 രൂപ വരെ ധനസഹായം .ഇഷ്ടമുള്ള നിലവാരമുള്ള സ്ഥാപനമായിരിക്കണം. രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 4.5 ലക്ഷം.

7. സ്വാശ്രയസ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്നവർക്ക് ആനുകൂല്യം-മെറിറ്റിലൊ റിസർവേഷനിലോ അഡ്മിഷൻ നേടുന്നവർക്ക് സർക്കാർ അംഗീകരിച്ച നിരക്കിൽ ഫീസ് ആനുകൂല്യം നൽകുന്നു. കൂടാതെ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവയും നൽകുന്നു.

8. എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ് - മെഡിക്കൽ കോഴ്സിന് 10,000/; എഞ്ചിനീയറിംഗിന് 5000 രൂപ.

9. ഈവനിംഗ് കോഴ്സ് പഠിക്കുന്നവർക്ക് ധനസഹായം- സർക്കാർ, സർക്കാർ അംഗീകൃതസ്ഥാപനങ്ങളിൽ പഠിക്കുന്നതിന് ഫീസ് അനുവദിക്കുന്നു.

10. വിദൂര വിദ്യഭ്യാസത്തിനുള്ള സഹായം - യൂണിവേഴ്സിറ്റി കറസ്പോണ്ടൻസ് കോഴ്സ് പഠിക്കുന്നവർക്ക് ഫീസ് അനുവദിക്കുന്നു.

11. സംസ്ഥാനത്തിന് പുറത്ത് പഠനം നടത്തുന്നവർക്ക് ആനുകൂല്യം - സംസ്ഥാനത്തിന് പുറത്ത് അംഗീകൃത സ്ഥാപനങ്ങളിൽ മെറിറ്റ്/ റിസർവേഷൻ സിറ്റിൽ പ്രവേശനം നേടിയവർക്ക് ഫീസ് ആനുകൂല്യം നൽകുന്നു.

12. ഭാരതത്തിന് വെളിയിൽ പഠിക്കുന്നവർക്കുള്ള ധനസഹായം - അപേക്ഷ മെറിറ്റ് പരിശോധിച്ച് 5 ലക്ഷം വരെ അനുവദിക്കുന്നു.

13. പാരലൽകോളേജ് പഠനത്തിനുള്ള ധനസഹായം - സർക്കാർ/ എയ്ഡഡ് സ്ഥാപനത്തിൽപ്ലസ്ടു, ഡിഗ്രി, പി.ജി. കേഴ്സുകളിൽ പ്രവേശനം ലിക്കാത്ത വിദ്യാർത്ഥികൾക്ക് റഗുലർസ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ എല്ലാ ആനുകൂല്യവും നൽകുന്നു.

14. എൻ.ഐ.റ്റി/ അംഗീകൃത വൊക്കേഷണൽ സ്ഥാപനങ്ങൾ - വിവിധ ട്രേഡുകളിൽ പരിശീലനം നൽകുന്ന 44 ഇൻഡസ്ട്രീയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂകൾ ( ഐ.ടി.ഐ) വകുപ്പ്നേരിട്ട് നടത്തുന്നു. കൂടാതെ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും, യൂണിഫോം അടക്കമുള്ള എല്ലാ ആനുകൂല്യവും നൽകുന്നു.

15. പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ - നാല് സെന്ററുകൾ പ്രവർത്തിക്കുന്നു. തെരെഞ്ഞടുക്കപ്പെടുന്നവർക്ക് സ്റ്റൈപ്പന്റോടു കൂടിയ പരിശീലനം, മെഡി

ക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ പരിശീലനം, ജോബ് ഓറിയന്റഡ് കോഴ്സുകൾ എന്നിവയും നടത്തുന്നു.

16. സിവിൽ സർവ്വീസ് അക്കാഡമി – തിരുവനന്തപുരം, മാർച്ച് മാസത്തിൽ അപേക്ഷ ക്ഷണിക്കുകയും, പ്രാഥമിക സെലക്ഷൻ പരീക്ഷയിൽ പാസ്സാക്കുന്നവർക്ക്, സൗജന്യ താമസസൗകര്യം, പുസ്തക അലവൻസ് – 2000 രൂപ; പ്രതിമാസ ഭക്ഷണത്തിന് 1500 രൂപ; പോക്കറ്റ് മണി 250 രൂപ എന്നിവയും നൽകുന്നു.

17. പാരാമെഡിക്കൽ സ്ഥാപനങ്ങൾ– തിരുവനന്തപുരം, തൃശൂർ മെഡിക്കൽ കോളേജുകളിൽരണ്ടു പാരാമെഡിക്കൽ സ്ഥാപനങ്ങൾ, കുഴൽ മന്ദത്ത് പെൽത്ത് ഇൻസ്പെക്ടർ കോഴ്സ്,പയ്യന്നൂരിൽ ഡി.എം.എൽ.റ്റി. കോഴ്സ് എന്നിവ പ്രവേശനം നേടുന്നവർക്ക് എല്ലാ വിധവിദ്യഭ്യാസ ആനുകൂല്യവും നൽകുന്നു.

18. സെന്റർഫോർ റിസർച്ച് ആൻഡ് എഡ്യുക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ–മത്സരശേഷി വർദ്ധിപ്പിക്കുന്നതിന് കോർപ്പറേറ്റ് മേഖലയിൽ ജോലി ലഭിക്കുന്നതിന് വേണ്ടപരിശീലനം നൽകുന്നു. 4 മാസം നീണ്ടു നൽക്കുന്ന കോഴ്സിൽ പോസ്റ്റ് ഗ്രാജുവേറ്റ്, ഡിഗ്രിതലത്തിലുള്ള പ്രൊഫഷണൽ കോഴ്സ് കഴിഞ്ഞവർക്ക് യൂണിഫോം, താമസം, സ്റ്റൈഫന്റ് എന്നിവ നൽകുന്നു. കോഴിക്കോട് കീർത്താഡ്സ് കാമ്പസിലാണ് ആസ്ഥാനം.

19. മോഡൽ റസിഡൻഷ്യൽ പോളി ടെക്നിക്ക്, പാലക്കാട്. മുപ്പത് കുട്ടികൾക്ക് പ്രവേശനം. സാങ്കേതിക വിദഗ്ദ്ധരെ സൃഷ്ടിക്കുന്നതിനായിട്ടാണ് ഈ സ്ഥാപനം.

20. ബുക്ക് ബാങ്ക് സ്കീം – പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിലയേറിയ റഫറൻസ് പുസ്തകം ലഭിക്കുന്ന പദ്ധതി.

21. പഠനനിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതി – 9 മുതൽ 12 –ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥകളെ മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾ വിജയിപ്പിക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി തെരെഞ്ഞെടുക്കുന്ന വിദ്യാർത്ഥികളെ ബോഡിംഗ് സ്ക്കൂളിൽ പഠിപ്പിച്ച് പ്രത്യേക പരശീലനം നൽകുന്നു.

### 7. നിർവ്വഹണ സംവിധാനങ്ങൾ

ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ, പട്ടികജാതി വികസന ഡയറ്ററ്റേറ്റ് എന്നിവ ഇപ്പോൾ പ്രധാനമായും ഇ–ഗ്രാന്റായി നൽകുന്ന വിദ്യാഭ്യാസ പരിപാടികൾ മോണിട്ടർ ചെയ്യുന്നു. വകുപ്പ് സെക്രട്ടറിയും റിവ്യൂമീറ്റിംഗുകൾ നടത്തുന്നുണ്ട്.

### 8. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

വിദ്യാഭ്യാസത്തിന് വകുപ്പ് നൽകി വരുന്ന പരിപാടികളെക്കുറിച്ച് വേണ്ട പ്രചാരണം ഗ്രാമസഭ സംവിധാനത്തിലൂടെ നൽകുക. കാലതാമസം ഒഴിവാക്കാൻ വേണ്ട ഓർമ്മപ്പെടുത്തലുകൾ ബന്ധപ്പെട്ടവർക്ക് നൽകുക. ദുർബ്ബലരായ വിദ്യാർത്ഥികൾക്ക് അധിക സഹായം, പശ്ചാത്തല സൗകര്യം ഒരുക്കൽ എന്നിവ നൽകുക.

### 9. പദ്ധതിയുടെ സംയോജന സാധ്യതകൾ.

കഴിയുന്നത്ര സാമൂഹിക സാമ്പത്തിക ഉന്നമന പരിപാടികളുമായി വിദ്യാഭ്യാസ പദ്ധതികൾ സംയോജിപ്പിച്ച് നടത്താവുന്നതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഈ സ്കീമുകൾ പറയാവുന്നതും പട്ടികജാതി /പട്ടികവർഗ പദ്ധതി തയ്യാറാക്കുമ്പോൾ വിടവുകൾ നികത്തേണ്ടതുമാണ്. ഡിപ്പാർട്ട്മെന്റ് സ്കീമുകളും നടത്തിപ്പും ഗുണഭോക്തൃ തെരെഞ്ഞെടുപ്പും ഗ്രാമസഭയിൽ ചർച്ചയ്ക്കു വിധേയമാക്കാവുന്നതുമാണ്. ടി സ്കീമുകൾ ഗ്രാമസഭകളുടെ അഭിപ്രായത്തിന് വെക്കേണ്ടതുമാണ്.

## 2. സഫായി കർമ്മചാരി പദ്ധതി

പരമ്പരാഗതമായി വൃത്തിഹീനമായ ജോലിയിൽ ഏർപ്പെട്ടിരുന്നവരുടെ പുനരധിവാസത്തിന് വേണ്ടി നൂറ് ശതമാനം കേന്ദ്ര ഫണ്ട് അനുവദിക്കുന്നത്. മുനിസിപ്പൽ കോർപ്പറേഷനുകളിൽ മാലിന്യം നീക്കം ചെയ്തിരുന്ന പട്ടികജാതി വിഭാഗക്കാരാണ് ഈ പദ്ധതിയുടെ ഗുണഭാക്താക്കൾ. പശ്ചാത്തലസൗകര്യം ഒരുക്കൽ, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം തുടങ്ങി ആ വിഭാഗത്തിന്റെ സമഗ്ര പുരോഗതിയ്ക്ക് വേണ്ടിയിട്ടുള്ള പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.
തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പ്രത്യേകിച്ച് നഗരവികസന വകുപ്പിന്റെ കീഴിൽ താമസിക്കുന്ന പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിൽ ഈ പദ്ധതിയുമായി കൂട്ടിയിണക്കാവുന്നതാണ്.

## 3. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം

പട്ടികജാതി വിഭാഗങ്ങളിൽ പെൺകുട്ടികൾക്ക് വീട്ടിലെ പ്രതികൂല സാഹചര്യങ്ങൾ തരണം ചെയ്തു വിദ്യഭ്യാസം മുന്നോട്ടുകൊണ്ടുപോകുവാൻ പ്രാധാനകേന്ദ്രങ്ങളിൽ ഹോസ്റ്റൽ സംവിധാനം അനിവാര്യമാണ്. ഇതിലേയ്ക്ക് വേണ്ടി നൂറ് ശതമാനം കേന്ദ്രഫണ്ട് അനുവദിക്കുന്നുണ്ട്.
വകുപ്പ് ഇത്തരത്തിലുള്ള ഹോസ്റ്റൽ ഏതെങ്കിലും ഭാഗത്ത് തുടങ്ങിയിട്ടില്ലെങ്കിൽ ഈ പദ്ധതി പ്രയോജനപ്പെടുത്തുവാൻ വേണ്ടി നേതൃത്വപരമായ ഇടപെടൽ നടത്താവുന്നതാണ്.

## 4. വിവിധതരത്തിലുള്ള പരിശീലനങ്ങൾ

പട്ടികജാതി വിഭാഗങ്ങളുടെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് വേണ്ടി പുതിയ മേഖലകൾ കണ്ടെത്തി പരിശീലിപ്പിക്കുന്നതാണ് നൂറ് ശതമാനം കേന്ദ്രഫണ്ട് നൽകുന്ന ഈ പദ്ധതി. ഇതിന് വേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകേണ്ടതാണ്.
തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ അഭ്യസ്ഥവിദ്യരായവരെ കണ്ടെത്തി പുതിയ തൊഴിൽ അവസരങ്ങളെ പ്രാദേശികമായും അല്ലാതെയും തിരിച്ചറിഞ്ഞ് പരിശീലനപദ്ധതികൾ തയ്യാറാക്കി സ്വതന്ത്രമായോ, മറ്റു വകുപ്പുകളുമായി കൂടിച്ചേർന്നോ നടത്താവുന്നതാണ്.

## 50 ശതമാനം കേന്ദ്രസർക്കാരിന്റെ ഫണ്ട് ലഭിക്കുന്ന പദ്ധതികൾ

**5.** പട്ടികജാതി വിഭാഗക്കാർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയൽ, നിയമം നടപ്പിലാക്കൽ. അതിക്രമങ്ങൾക്ക് ഇരയായവർക്ക് നിയമസഹായം എത്തിക്കുന്നതിനും പരിഹാരതുക നൽകുന്നതിനും, തൊഴിൽ, പുനരധിവാസം എന്നിവയ്ക്കുമാണ് ഈ ഫണ്ട് ചെലവഴിക്കപ്പെടുന്നത്.

**6.** മിശ്ര വിവാഹക്ലേശം അനുഭവിക്കുന്നവർക്ക് ധനസഹായം 40,000 രൂപയിൽ കുറവ് വരുമാനമുള്ളവർക്ക് മാത്രം)

**7.** ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം

**8.** പട്ടികജാതി – പട്ടികവർഗ്ഗ വികസന കോർപ്പറേഷനുള്ള മൂലധന ഓഹരിയുടെ പങ്ക്.

**9.** അധിക കേന്ദ്ര സഹായം (എ. സി.എ)

1. ഭൂമി വാങ്ങാനുള്ള ധനസഹായം –
   സംസ്ഥാനത്ത് ബി പി എൽ പട്ടികയിലുള്ളവരും ഭൂരഹിതരും, കൃഷി ഭൂമി ഇല്ലാത്തവരുമായവരുടെ പട്ടിക തയ്യാറാക്കി സമർപ്പിക്കണം. അധിക കേന്ദ്ര സഹായത്തിന് വേണ്ടി ചെലവിടുന്ന കണക്കുകൾ ഹാജരാക്കണം.
2. ഹോസ്റ്റൽ വികസനം
3. വിവിധ പദ്ധതികൾ നടപ്പിൽ വരുത്തുമ്പോൾ ഉണ്ടാക്കുന്ന വിടവുകൾ നിരീ

ക്ഷിക്കപ്പെടുകയും, അവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങളും പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കാൻ വേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ച് അധിക കേന്ദ്രസഹായം ലഭ്യമാക്കാവുന്നതാണ്.

4. പട്ടികജാതി വിഭാഗങ്ങൾക്കിടയിലെ ദുർബല വിഭാഗങ്ങൾക്ക് അധിക കേന്ദ്ര സഹായം – ഭൂമി 5 സെന്റെങ്കിലും വാങ്ങി ഭവനനിർമ്മാണം നടത്തുക.

## 10. പ്രത്യേക കേന്ദ്രസഹായം (എസ്.സി.എ) പ്രത്യേക ഘടക പദ്ധതികൾക്ക് (എസ്.സി.പി)

പ്രത്യേക കേന്ദ്രസഹായം തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിച്ച് വരുമാനം കൂട്ടാനും, അതിലേയ്ക്ക് ആവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിക്കുവാനുമാണ് നൽകി വരുന്നത്. ഭൂരഹിത കർഷകത്തൊഴിലാളികൾ, പരമ്പരാഗത കൈതൊഴിലുകാർ, നാമമാത്ര കർഷകർ എന്നിവരെ ലക്ഷ്യമിടുന്നത്.

**നിബന്ധനകൾ**

- ഗഡുക്കൾക്കായാണ് കേന്ദ്രസഹായം നൽകുന്നത്.
- എസ്.ജി.എസ്.വൈ/എസ്.ജി.എസ്.ആർ.വൈ മാനദണ്ഡങ്ങൾ ബാധകം.
- സാമ്പത്തിക വർഷാദ്യ നീക്കിയിരിപ്പും ഒന്നാംഗഡുവും ചേർന്നുള്ള തുകയുടെ 75% വിനിയോഗിച്ചാൽ മാത്രമേ അടുത്ത ഗഡു അനുവദിക്കുകയുള്ളു.
- സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പ്രോജക്ടുകൾ നിർവ്വഹണം തുടങ്ങണം. അടുത്തവർഷത്തേക്കുള്ള പ്ര ജക്ടുകൾ ഈ സാമ്പത്തിക വർഷം തന്നെ കണ്ടെത്തി തീരുമാനിക്കപ്പെടണം
- 15% തുക സ്ത്രീകളുടെ വരുമാന വർദ്ധനവിന് പ്രയോജനപ്പെടുത്തണം.
- 5% ശാരീരിക മാനസിക വൈകല്യമനുഭവിക്കുന്നവർക്ക്.
- 3% തുക പ്രോജക്ടുകളുടെ മേൽനോട്ടം മൂല്യനിർണയം എന്നിവയ്ക്ക് വേണ്ടി.
- 50% ത്തിൽ അധികം പട്ടികജാതി ജനസംഖ്യടുള്ള വില്ലേജുകലിൽ 5% തുക നിപുണി വികസനത്തിനും, പരിശീലനത്തിനും ഉപയോഗപ്പെടുത്താവുന്നതാണ്.
- 10% തുക അടിസ്ഥാന സൗകര്യവികസനം

## എസ്. സി. എ. പദ്ധതികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

ഈ കേന്ദ്രാവിഷ്കൃത പദ്ധതികൾ എല്ലാം തന്നെ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ പദ്ധതികൾ തയ്യാറാക്കുമ്പോൾ ചർച്ചാവിധേയമാക്കേണ്ടതുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളിലും സ്റ്റാന്റിംഗ് കമ്മിറ്റികളിലും ഗ്രാമസഭ/വാർഡ് സഭകളിലും ടി ഉദ്യോഗസ്ഥരെ വരുത്തി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കി രണ്ട് തലത്തിലുള്ള വിടവുകളും ഇതു മൂലം നികത്തണം. പദ്ധതി ഏതായാലും ഗ്രാമസഭ/വാർഡ്സഭ ചർച്ചയ്ക്കും നിർദ്ദേശങ്ങൾക്കും വിധേയമാക്കണം.

- കൃഷിഭൂമി വാങ്ങുന്നവർക്ക് – ഭൂവികസനത്തിനും കൃഷിക്കും സഹായം
- മൂരിക്കുട്ടൻ വളർത്തൽ – പരിശീലനം, തീറ്റപ്പുൽകൃഷി, ബയോഗ്യാസ് / പൗൾട്രി ഫാമുകൾ പ്ലാന്റ് – ജൈവകൃഷി

അതിക്രമങ്ങൾക്ക് ഇരയായവർക്ക് – ജീവനോപാധികൾ നൽകൽ

- പ്രാദേശിക സാമ്പത്തിക വികസന– പ്രോജക്ടുകൾ – അനുബന്ധ സൗകര്യങ്ങൾ

| | | |
|---|---|---|
| • സഹകരണ സംഘങ്ങൾ | - | പങ്കാളിത്തം പരിശീലനം |
| • വനിതാസ്വയംസഹായകൾ | - | ഉത്പാദന പരിശീലനം, തൊഴിൽ യൂണിറ്റു സംഘങ്ങൾ |
| • കൃഷി, ഖാനി, മൃഗസംരക്ഷണം, | - | അനുബന്ധപ്രോജക്ടുകൾ ഡയറി വ്യവസായം |
| • പോൾട്രി കൾച്ചർ | - | വിപണനസൗകര്യങ്ങൾ |
| • മത്സ്യം വളർത്തൽ | - | സഹകരണസംഘങ്ങൾ |
| • സമ്പൂർണ്ണ ഭവനനിർമ്മാണം | - | വനിതാമേസൻ യൂണിറ്റുകൾ |
| • പരമ്പരാഗത തൊഴിലാളികൾക്ക് | - | പരിശീലനം, പബ്ലിസിറ്റി ആധുനിക ഉപകരണം |

ഇത്തരത്തിൽ കേന്ദ്ര/സംസ്ഥാന പദ്ധതികളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസനത്തിലെ പാകപ്പിഴകൾ നേരിട്ട് മനസിലാക്കി സന്തുലിതാവസ്ഥ സൃഷ്ടിക്കുവാനുള്ള പ്രോജക്ടുകൾ ഏറ്റെടുത്താൽ മാത്രമേ 'സംയോജനതത്വം' പ്രയോഗത്തിൽ വരുകയുള്ളു.

## B. മേഖല – പട്ടികവർഗ്ഗ വികസനം

പട്ടികജാതി വികസനത്തിൽ വിവരിച്ച ഉദ്ദേശ ലക്ഷ്യങ്ങൾ ഏതാണ്ട് സമാനമായി തന്നെയാണ് പട്ടികവർഗ്ഗവികസനത്തിലുമുള്ളത്.

പട്ടികവർഗ്ഗ വികസനത്തിനുവേണ്ടി കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതികളെ പ്രധാന മായ രണ്ടായി തരംതിരിക്കാം ഒന്നാമതായി വിദ്യാഭ്യാസപരിപാടികളും, രണ്ടാമതായി സാമൂഹ്യ സാമ്പത്തിക ഉന്നമന പരിപാടികളുമാണ്.

## A) വിദ്യാഭ്യാസ പരിപാടികൾ

### 11. വികസനത്തിനുള്ള മൂലധന ആവർത്തനഫണ്ട്.

ഭരണഘടനയുടെ ആർട്ടിക്കിൾ – 275 (1)

ഭാരതസർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും, പാർലിമെന്റിന്റെ അംഗീകാരത്തോ ടെ, സംസ്ഥാനങ്ങളിലെ പട്ടികവർഗ്ഗക്ഷേമ പദ്ധതികൾക്കും, പട്ടികപ്രദേശങ്ങളുടെ വികസന ത്തിനും നൽകുന്ന മൂലധന – ആവർത്തന ഫണ്ടാണിത്. സംസ്ഥാനങ്ങൾ ഇതിലേക്ക് ആവശ്യ മായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. കേരളം പ്രധാനമായി മോഡൽ റസി ഡൻഷ്യൽ സ്ക്കൂളുകൾ വികസിപ്പിക്കുന്നതിനാണ് ഈ ഫണ്ട് പ്രയോജനപ്പെടുത്തിയിരിക്കു ന്നത്. നടപ്പുവർഷം ഇടുക്കി, തിരുവനന്തപുരം ജില്ലയിലെ ഞാറനീലി, വയനാട് ജില്ലയിലെ പൂക്കോട്, എന്നീ എം. ആർ. എസ് കെട്ടിടങ്ങൾ ഈ ഫണ്ട് പ്രയോജനപ്പെടുത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്നതാണ്.

### 12. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തൽ

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രൊഫഷണൽ കോഴ്സിലേക്കുള്ള പ്രവേശനം സുഗ മമാക്കുന്നതിന് പ്രത്യേക പരിശീനം നൽകുന്ന പദ്ധതിയാണിത്. നൂറ് ശതമാനം കേന്ദ്രസഹായം ലഭിക്കുന്നു.

### 13. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പുവ രുത്തൽ.

നൂറ് ശതമാനം അധിക കേന്ദ്രസഹായപദ്ധതിലഭിക്കുന്ന ഈ പദ്ധതിയിൽ, സ്കൂളുകളിലെ അഡ്മിഷൻ 100 ശതമാനം ഉറപ്പുവരുത്തുക, ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കുക, പഠന നിലവാരം നിശ്ചയിക്കുന്നതിനുള്ള ടെസ്റ്റ് നടത്തുക, പരിഹാര അദ്ധ്യയനം നടത്തുക, സ്പെഷ്യൽ കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുക, പ്രവേശന പരീക്ഷയിൽ പങ്കെടുക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുക, സമർത്ഥരായ വിദ്യാർത്ഥികളെ പ്രശസ്തമായ വിദ്യാലയങ്ങളിൽ ചേർത്ത് പഠിപ്പിക്കുക എന്നീ പരിപാടികളാണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്.

**14. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**

പത്താംക്ലാസ് കഴിഞ്ഞ് പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഈ ഗ്രാന്റ് വഴി ഓൺ ലൈനിലൂടെ ബാങ്ക് വഴി വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നു. വിവിധ കോഴ്സുകൾക്ക് പട്ടികജാതി വകുപ്പ് നൽകുന്ന നിരക്കുകൾ തന്നെയാണുള്ളത്. നൂറ് ശതമാനം കേന്ദ്രഫണ്ട് ലഭിക്കുന്നുണ്ട്.

**15. പ്രീമെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യവികസനം.**

1 08 പ്രീ മെട്രിക് ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യവികസനത്തിന് വേണ്ടി നൂറ് ശതമാനം അധിക കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്. ഇതിൽ അഢീഷണൽ കെട്ടിടനിർമ്മാണം, ഫർണീച്ചർ, ലാബ് സൗകര്യം, കുടിവെള്ളം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

**16. പ്രീമെട്രിക് ഹോസ്റ്റലുകളുടെ കെട്ടിടനിർമ്മാണം**

50 ശതമാനം കേന്ദ്രാവിഷ്കൃത പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതിയിൽ പ്രീമെട്രിക് ഹോസ്റ്റലുകളുടെ കെട്ടിടനിർമ്മാണ പ്രവർത്തനമണ് നടക്കുന്നത്. 108 പ്രീമെട്രിക് ഹോസ്റ്റലുകളിൽ 69 ഹോസ്റ്റലുകൾക്ക് സ്വന്തമായി സ്ഥിരം കെട്ടിടം ഉണ്ട്. ഹോസ്റ്റലുകളുടെ പണി വിവിധ ഘട്ടങ്ങളിലാണ്.

**7. മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ/ ആശ്രമം സ്ക്കൂളുകൾ**

സമർത്ഥരായ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനും പബ്ലിക്ക് സ്കൂൾ മാതൃകയിൽ റസിഡൻഷ്യൽ സൗകര്യത്തോടുകൂടി ആരംഭിച്ചിട്ടുള്ളവയാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ. നിലവിൽ 18 മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ തിരുവനന്തപുരത്തുള്ള പെൺകുട്ടികളുടെ കട്ടേല, വയനാട് ജില്ലയിലെ ആൺകുട്ടികളുടെ നല്ലൂർനാട് എന്നിവയിൽ ഹയർസെക്കന്ററി സ്കൂളുകളാണ്.

മലപ്പുറം (മഞ്ചേരി), വയനാട് (നൂൽപ്പുഴ) തിരുനെല്ലി, പാലക്കാട് (മലമ്പുഴ) എന്നീ സ്ഥലങ്ങളിൽ നാലു സ്ക്കൂളുകൾ പ്രത്യേക ഗോത്ര വിഭാഗക്കാർക്കായി ആരംഭിച്ചിട്ടുള്ളതാണ്. സ്ക്കൂളുകളുടെ കെട്ടിടനിർമ്മാണത്തിന് 100 ശതമാനം കേന്ദ്രസഹായം ആർട്ടിക്കിൾ (275(1)ലഭിക്കുന്നവയെ മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ എന്നും 50 ശതമാനം കേന്ദ്രസഹായം ലഭിക്കുന്നവയെ ആശ്രമം സ്ക്കൂളുകളെന്നും കേന്ദ്രസർക്കാർ തരംതിരിച്ചിട്ടുണ്ട്.

പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് താമസം വിദ്യാഭ്യാസം തുടങ്ങി എല്ലാ ചെലവുകളും സൗജന്യം. ഡിസംബർ/ജനുവരിയിൽ അപേക്ഷ ക്ഷണിക്കുന്നു. പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് തെരെഞ്ഞെടുപ്പ്. രക്ഷിതാക്കളുടെ വരുമാനപരിധി ഒരുലക്ഷം രൂപയാണ്. ജില്ലയിലെ ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർക്കാണ് അപേക്ഷ നൽകേണ്ടത്.

**18. വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്.**

ദേശീയ തൊഴിലധിഷ്ഠിത പരിശീലന കൗൺസിലിന്റെ അംഗീകാരമുള്ള വിഷയങ്ങളിൽ പരിശീലനം നൽകുന്നതിന് തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് കുട്ടമലയിലും ഇടുക്കി ജില്ലയിലെ പൂത്തോടത്തും, പത്തനംതിട്ടജില്ലയിലെ റാന്നിയിലും 100 ശതമാനം കേന്ദ്രസഹായത്തോടെ ഓരോ ഐ.റ്റി.സി. പ്രവർത്തിച്ചുവരുന്നു.

### 19. പട്ടികവർഗ്ഗ വികസനം അടിസ്ഥാനമാക്കി റിസർച്ച് ഫെല്ലോഷിപ്പ്.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക പുരോഗതിയെക്കുറിച്ച് ഗവേഷണപഠനം പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഒരുവർഷം മൂന്ന് ഗവേഷകരെയാണ് പരിഗണിക്കുന്നത്. നൂറ്ശതമാനം ഫണ്ട് കേന്ദ്രം നൽകുന്നതാണ്.

## C. സാമൂഹിക സാമ്പത്തിക ഉന്നമന പരിപാടികൾ

**100 ശതമാനം ഫണ്ട് ലഭിക്കുന്ന പദ്ധതികൾ**

**20.** 13–ാം കേന്ദ്രധനകാര്യകമ്മീഷൻ കേരളത്തിലെ 5 പ്രത്യേക ദുർബലവിഭാഗങ്ങളുടെ, കൊറഗ, കാട്ടുനായ്ക്കൽ. ചേലനായ്ക്കൻ, കുറുമ്പർ, കാടർ എന്നീ വിഭാഗങ്ങൾക്ക് 148 കോടിരൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നടത്തിപ്പിനായി പ്രത്യേക ദൗത്യ സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അഞ്ചുവർഷം കൊണ്ട് ഈ വിഭാഗങ്ങളെ സമഗ്രമായ വികസനത്തിന്വിധേയമാക്കി സ്വയംപര്യപ്തമായ നിലയിൽ എത്തിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**21.** പ്രത്യേകദൂർബല വിഭാഗക്കാരുടെ വികസനം, പരിപാലനം, അടിസ്ഥാനസൗകര്യം എന്നിവയിലെ നിലവിലുള്ള പോരായ്മകൾ പരിഹരിക്കുവാനുള്ള ഫണ്ട്.

**22.** പ്രത്യേക ദൂർബല വിഭാഗക്കാരുടെ ഇൻഷുറൻസ് പദ്ധതി.

**23.** എറണാകുളം പട്ടമത്തിൽ, പട്ടികവർഗ്ഗ കോംപ്ലക്സ് നിർമ്മാണം, പട്ടികവർഗ്ഗ കഥാപ്രദർശനം വിപണന സൗകര്യങ്ങൾ എന്നിവയ്ക്ക്വേണ്ടി 36 പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുംസ്ഥിരം വേദി ഉണ്ടായിരിക്കണം.

**24.** വനാവകാശനിയമം നടപ്പിലാക്കാൻ വേണ്ടി വനത്തിൽ താമസിക്കുന്ന കുടുംബങ്ങൾക്ക്വേണ്ടിയുള്ള പദ്ധതികൾ.

**25.** പട്ടികവർഗ്ഗ ഉപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം
**26.** കീർത്താഡ്സ് വകുപ്പിന് വേണ്ടിയുള്ള അടിസ്ഥാന സൗകര്യം.
**27.** പട്ടികജാതി - പട്ടികവർഗ്ഗ വികസന സഹകരണ ഫെഡേഷനുള്ള ഗ്രാന്റ് - ഇൻ - എയ്ഡ്- മൂലധന ഓഹരി.

ഈ ഫണ്ട് വനവിഭവശേഖരണം, കളക്ഷൻ ഷെഡ്നിർമ്മാണം എന്നിവയ്ക്ക് വേണ്ടി ചെലവഴിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

### 50% കേന്ദ്രഫണ്ട് ലഭിക്കുന്ന പദ്ധതികൾ

**28.** പട്ടികവർഗ്ഗക്കാർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ അതിക്രമങ്ങൾക്ക് ഇരയാകുന്ന പട്ടികവർഗ്ഗക്കാർക്ക് നിയമസഹായം എത്തിക്കുന്നതിനും, തൊഴിൽ, പുനരധിവാസം എന്നിവയ്ക്കായിട്ടാണ് ഈ ഫണ്ട് ചെലവഴിക്കുന്നത്.

29. കീർത്താഡ്സ് വകുപ്പിനുള്ള ഗ്രാന്റ് - ഇൻ - എയ്സ്.

30. പട്ടികജാതി - പട്ടികവർഗ്ഗ വികസന കേർപ്പറേഷനുള്ള മൂലധന ഓഹരിയുടെ പങ്ക്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്**

കഴിഞ്ഞ 60 വർഷമായി നടത്തിവന്നിട്ടുള്ള നിരവധി വികസന പദ്ധതികളും ഉദ്യോഗ സംവരണ വ്യവസ്ഥയും കൂടി ഒരുമിച്ച് പ്രയോജനപ്പെടുത്തി പൊതു സമൂഹത്തോടൊപ്പം മുന്നേറിയ സമുദായങ്ങളും, വികസനത്തിന്റെ ഗുണഫലങ്ങൾ അവരുടെ വാതുവക്കലിലേയ്ക്ക് എത്തിച്ചേരാത്ത വിഭാഗങ്ങളും ഉണ്ട്. വികസനം കാരണം ഒരു അസന്തുലിതാവസ്ഥ സൃഷ്ടിക്കപ്പെടുകയും പാർശ്വവത്കരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഭൂരഹിതർ, ഭവനരഹിതർ, തൊഴിൽ രഹിതർ, നിരക്ഷരർ എന്നീ വിഭാഗത്തിൽപ്പെട്ടവർ ഇപ്പോഴും പട്ടികവർഗ്ഗ വിഭാഗങ്ങളിലുണ്ട്. ഈ വിഭാഗങ്ങളുടെ സമഗ്ര വികസനത്തിന് വേണ്ട ഒരു ദീർഘകാലാടിസ്ഥാനത്തിലും ഹൃസ്വകാലാടിസ്ഥാനത്തിനുമുള്ള കാഴ്ചപ്പാട് ഉണ്ടാക്കിയെടുക്കുവാൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സാമൂഹ്യനീതി ഉറപ്പുവരുത്തേണ്ടതിന്റെ ഭാഗമായി ചെയ്യേണ്ടതാണ്.

ഇപ്പോൾ ലഭ്യമായ വിവരാധിഷ്ഠിത സൂക്ഷ്മതല വിവരശേഖരണം പ്രയോജനപ്പെടുത്തി പദ്ധതികൾ തമ്മിലുള്ള ബന്ധങ്ങളേയും, മാനുഷിക വികസനത്തേയും പുനർനിർവചിക്കപ്പെടണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇടപെടാൻ സാധ്യമാകുന്ന ചില ഉദഹരണങ്ങൾ മാത്രം ഇവിടെ വിവരിക്കുന്നു.

| | |
|---|---|
| 1. സ്ക്കൂളിലെ കൊഴിഞ്ഞുപോക്ക് തടയുവാൻ, രാവിലെ ഭക്ഷണവും, ട്രാൻസ്പ്പോർട്ടും ഏർപ്പെടുത്തി. | - വീട്ടിൽ ഒരു മുറി മാത്രമാണുള്ളത്, വീട് വിപൂലീകരിക്കുകയൊ പുതിയ വീട്, വൈദ്യുതീ കണക്ഷനോടുകൂടി നൽകുക. |
| 2. പ്രത്യക ദുർബലവിഭാഗങ്ങളുടെ 13-ാം ധനകാര്യകമ്മീഷന്റെ പദ്ധതികൾ. | - സംസ്ഥാന പദ്ധതി വിഹിതം, 100 % സി.ഡി.എസ്, ആർട്ടിക്കിൾ 275 (1) തുടങ്ങിയവയിൽ നിന്നും വിഭവസമാഹരണം പദ്ധതികളുടെ മോണിറ്ററിംഗ് നടത്തി, പ്രധാനപ്പെട്ട വിടവുകൾ കണ്ടെത്തി പരിഹാരം ഉടനടി നൽകുക. |
| 3. വനാവകാശനിയമം നടപ്പിലാക്കി- കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിച്ചവർ | - വീട്, കുടിവെള്ളം, വൈദ്യുതി, നടപ്പാത എന്നിവ കൂടി നൽകുക. |
| 4. ഒരേക്കർ ഭൂമി ലഭിച്ചവർ | - കാർഷിക വികസനം വിഭാവനം ചെയ്തു സുസ്ഥിരമായ വരുമാനം ഉണ്ടാക്കാനുള്ള പ്രോജക്ടുകൾ |
| 5. തൊഴിലധിഷ്ഠിത പരിശീലനം ലഭിച്ചവർ | - പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷനിൽ നിന്നും സ്വയംതൊഴിൽ പ്രോജക്ടുകൾക്കുള്ള ഏറ്റെടുക്കു വാനുള്ള സഹായം. |
| 6. ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നവർ | - ഇൻഷുറൻസ് ഏർപ്പെടുത്തുക. സൊസൈറ്റി ശക്തിപ്പെടുത്തി, കടബാദ്ധ്യതയ്ക്ക് പരിഹാരം കാണുക. |
| 7. പ്ലസ്ടു കഴിഞ്ഞ് ഉന്നത വിദ്യഭ്യാസം ചെയ്യുന്നവർക്ക് സ്ക്കോളർഷിപ്പ് ലഭിക്കുന്നവർ | - പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്നവർക്ക് വിലകൂടിയ പുസ്തകങ്ങളും, മറ്റുപകരണങ്ങളും വാങ്ങാനുള്ള സഹായം. |
| 8. സിക്കിംഗ് സെൽ അനീമിയ ബാധിച്ചവർക്ക് വൈദ്യസഹായം നൽകുന്നു. | - തൊഴിൽ സംരംഭങ്ങൾ കൂടി നൽകുക. |

9. മദ്യത്തിന് അടിമപ്പെട്ടവർക്ക് ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്ന പദ്ധതി – യഥാർത്ഥ കാരണങ്ങൾ അന്വേഷിച്ച് കൗൺസിലിംഗ് നൽകുക.

10. വനിതകളുടെ സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള പദ്ധതികൾ – സ്ഥിരമായി ബ്രാഡ് ചെയ്യപ്പെട്ട ഉത്പന്നങ്ങൾ വിൽക്കാനും ആഗോള വിപണന ശൃംഖലയിൽ അംഗീകാരം കിട്ടാനുമുള്ള പരിശീലന പരിപാടികൾ.

ഓരോ പ്രദേശത്തും നിലനിൽക്കുന്ന സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾ കണക്കിലെടുത്ത് കേന്ദ്ര–സംസ്ഥാന പദ്ധതികളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളും സംയോജിപ്പിച്ച് കൊണ്ട് മുന്നേറാനുള്ള വികസന തന്ത്രങ്ങൾക്ക് രൂപം നൽകേണ്ടതാണ്. എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളും കണക്കിലെടുത്തുവേണം തദ്ദേശ ഭരണ സ്ഥാപനത്തിൽ പദ്ധതികൾ തയ്യാറാക്കാൻ. ഒരു കുടുംബവും വിട്ടു പോകുന്നില്ലെന്ന് ഉറപ്പുവരുത്തുക, ഓരോ ബില്ലിനെക്കുറിച്ചും അവബോധം നൽകുക, അപേക്ഷകൾ എല്ലാവരും നൽകി എന്നുറപ്പുവരുത്തുക, സംശയങ്ങൾ തീർക്കുന്നതിന് സെൽ ഉണ്ടാക്കുക, ഗ്രാമസഭയിൽ എല്ലാ സ്കീമുകളും ചർച്ചയ്ക്ക് വിധേയമാക്കുക. വിടവുകൾ നികത്തി തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കുക മുതലായവ.

## D. കേരള സംസ്ഥാന പട്ടികജാതി–പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

### (i) ആമുഖം

കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ മനുഷ്യ വിഭവശേഷി ഫലപ്രദമായി പ്രയോജനപ്പെടുത്തി സ്വയം തൊഴിൽ സംരഭങ്ങളിൽ ഏർപ്പെടാൻ പ്രാപ്തരാക്കുകയും അത് വഴി ദേശീയ വികസനത്തിന്റെ പൊതുധാരയിലേക്ക് കൊണ്ട് വന്ന് അവരുടെ സർവ്വതോൻമുഖമായ പുരോഗതി കൈവരിക്കുകയും ചെയ്യുക എന്ന പരമമായ ലക്ഷ്യം മുൻനിർത്തി 1972 – ൽ രൂപംകൊണ്ട സ്ഥാപനമാണിത്. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗവികസന കോർപ്പറേഷൻ, വിവിധ സ്വയം തൊഴിൽ പദ്ധതികളും, സാമൂഹ്യക്ഷേമപദ്ധതികളും, തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ എന്നിവയാണ് കോർപ്പറേഷൻ നടപ്പിലാക്കുന്ന പരിപാടികൾ.

### (ii) ഫണ്ട്

കോർപ്പറേഷന് വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നത് കേന്ദ്ര സംസ്ഥാന സർക്കാരുകൾ, ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ (എൻ.എസ്.സി.എഫ്.ഡി.സി), ദേശീയ പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ(എൻ.എസ്.ടി.എഫ്.ഡി.സി) എന്നിവിടങ്ങളിൽ നിന്നാണ്.

### (iii) പദ്ധതികൾ

കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവിധ വായ്പാ പദ്ധതികളെ മൂന്നായി തരം തിരിക്കാവുന്നതാണ്.

1. എൻ.എസ്.സി.എഫ്.ഡി.സി പദ്ധതികൾ (NSCFDC)
2. എൻ.എസ്.ടി.എഫ്.ഡി.സി പദ്ധതികൾ (NSTFDC)
3. കെ.എസ്.ഡി.സി. പദ്ധതികൾ (KSDC)

### (iv) ലക്ഷ്യങ്ങൾ

തൊഴിൽ മേഖലയുടെ ആവശ്യങ്ങൾക്കനുസൃതമായി യുവതീയുവാക്കളുടെ മാനു

ഷിക വിഭവശേഷി വളർത്തിയെടുക്കുവാൻ പര്യപ്തമായ പരിശീലന പരിപാടികൾ, സംരംഭ കത്വ വികസനം, ഇൻഫർമേഷൻ ടെക്നോളജി, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം എന്നീ മേഖലകളിൽ ഊന്നിയ പരിശീലനപദ്ധതികൾ.

## (v) ഗുണഭോക്താക്കൾ, പ്രവർത്തനങ്ങൾ, നിർവ്വഹണ സംവിധാനങ്ങൾ

## കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവിധ വായ്പാ പദ്ധതികൾ

### (1) എൻ.എസ്.സി.എഫ്.ഡി.സി പദ്ധതികൾ

| ക്രമ ന. | പദ്ധതി യുടെ പേര് | പദ്ധതി യുടെ നിരക്ക് | പലിശനി രക്ക് (%ൽ) | തിരിച്ചടവ് കാലയളവ് | കുടുംബ വാർഷിക വരുമാന പരിധി | അപേക്ഷ കന്റെ പ്രായപ രിധി | ഗുണഭോക്താക്കൾ | |
|---|---|---|---|---|---|---|---|---|
| | | | | | ഗാമപ്ര ദേശം | നഗരപ്ര ദേശം | | |
| 31 | കർഷക തൊഴിലാളി കൾക്കുള്ള കൃഷിഭൂമി വായ്പാപ ദ്ധതി | 2,00,000 | 6 | 8 വർഷം | 40,000 | 55,000 | 21-50 | പട്ടികജാ തിക്കാർ |
| 32 | മിനി വെഞ്ചർ പദ്ധതികൾ | 1,00,000മു തൽ 2,00,000 വരെ | 6 | 5വർഷം | 40,000 | 55,000 | 18-45 | പട്ടികജാ തിക്കാർ |
| 33 | ലഘുവ്യവ സായ യോജന | 2,00,000 | 6 | 5 വർഷം | 40,000 | 55,000 | 18-45 | പട്ടികജാ തിക്കാർ |
| 34 | ത്രീ വീലർ ഓട്ടോ പിക്അ പ്വാൻ | 1,50,000 | 6 | 5 വർഷം | 40,000 | 55,000 | 18-45 | പട്ടികജാ തിക്കാർ |
| 35 | മൈക്രോ ക്രെഡിറ്റ് ഫൈനാൻ സ് | 30,000 | 5 | 3 വർഷം | 40,000 | 55,000 | 18-45 | പട്ടികജാ തിക്കാർ |
| 36 | മഹിളാ സമൃദ്ധി യോജന | 30,000 | 4 | 3 വർഷം | 40,000 | 55,000 | 18-45 | പട്ടികജാ തി യിൽപ്പെട്ട വനിതകൾ |
| 37 | മഹിളാ കിസാൻ യോജന | 50,000 | 5 | 5 വർഷം | 40,000 | 55,000 | 18-45 | പട്ടികജാ തി യിൽപ്പെട്ട വനിതകൾ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 38 | ശിൽപി സമൃദ്ധി യോജന | 50,000 | 5 | 5 വർഷം | 40,000 | 55,000 | 18-45 | പട്ടികജാതിയിൽപ്പെട്ട ശിൽപികൾ |
| 39 | എസ്.ജി.എസ്.വൈ. ഗ്രൂപ്പ് വായ്പാ പദ്ധതി | 3,00,000 | 6 | 3വർഷം | 20,000 | 27,500 | 18-50 | പട്ടികജാതിക്കാർ |
| 40 | എൻ.എസ്.എഫ്.ഡി. സിയുടെവായ്പാ പദ്ധതി | 10,00,000 | (വിദ്യാർത്ഥികൾക്ക് 4 വിദ്യാർത്ഥിനികൾക്ക് 3,5) | പഠനം കഴിഞ്ഞുള്ള 5 വർഷം | 40,000 | 55,000 | 18-35 | പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾ |

(2) എൻ.എസ്.ടി.എഫ്.ഡി.സി പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ പേര് | പദ്ധതിയുടെ നിരക്ക് | പലിശനിരക്ക് (%ൽ ) | തിരിച്ചടവ് കാലയളവ് | കുടുംബ വാർഷിക വരുമാനപരിധി | അപേക്ഷകന്റെ പ്രായപരിധി | ഗുണഭോക്താക്കൾ | |
|---|---|---|---|---|---|---|---|---|
| | | | | | ഗ്രാമപ്രദേശം | നഗരപ്രദേശം | | |
| 41 | ആദിവാസി മഹിളാ സശാക്തീകരൻ യോജന | 50,000 | 4 | 5വർഷം | 39.500 | 54.500 | 18-45 | പട്ടിക വർഗ്ഗത്തിൽപ്പെട്ട വനിതകൾ |
| 42 | പട്ടികവർഗ്ഗ സംരംഭകർക്കുള്ള വായ്പാ പദ്ധതി | 75,000 | 6 | 5വർഷം | 39.500 | 54.500 | 18-45 | പട്ടിക വർഗ്ഗക്കാർ |
| 43 | ഡീസൽ ഓട്ടോറിക്ഷ | 1,45,000 | 6 | 5വർഷം | 39.500 | 54.500 | 18-45 | പട്ടിക വർഗ്ഗക്കാർ |
| 44 | സ്മോൾ എന്റർപ്രൈസസ് പദ്ധതി | 50,000 | 6 | 5വർഷം | 39.500 | 54.500 | 18-45 | പട്ടിക വർഗ്ഗക്കാർ |
| 45 | എസ്.ജി.എസ്. വൈ.ഗ്രൂപ്പ് വായ്പാ പദ്ധതി | 3,00,000 | 6 | 3വർഷം | 19,750 | 27,250 | 18-50 | പട്ടിക വർഗ്ഗക്കാർ |

## (vi) വായ്പാ സംബന്ധമായ നിബന്ധനകൾ

1. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് മാത്രമാണ് ഈ കോർപ്പറേഷനിലൂടെ വായ്പാസഹായം നൽകുന്നത്.
2. ആകാശവാണി, പ്രമുഖ ദിനപത്രങ്ങൾ എന്നിവയിലൂടെ പരസ്യപ്പെടുത്തിയാണ് സാധാരണയായി അപേക്ഷ സ്വീകരിക്കുന്നത്.
3. കൃഷിഭൂമി വായ്പാ പദ്ധതിക്ക് വിജ്ഞാപനത്തിനുശേഷമുള്ള അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളു.
4. ഗുണഭോക്താക്കൾ പൊതുവേ 18 നും 45നും ഇടയിൽ പ്രായമുള്ളവരായിരിക്കണം.
5. കുടുംബ വാർഷിക വരുമാനം എൻ.എസ്.എഫ്.ഡി.സി. പദ്ധതികളിൽ ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 40,000/ രൂപയിലും പട്ടണപ്രദേശങ്ങളിലുള്ളവർക്ക് 55,000/- രൂപയിലും കവിയാൻ പാടില്ല.
6. കുടുംബ വാർഷിക വരുമാനം എൻ.എസ്യ്ടി.എഫ്.ഡി.സി പദ്ധതികളിൽ ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 39,500/- രൂപയിലും പട്ടണപ്രദേശങ്ങളിലുള്ളവർക്ക 54,500/-രൂപയിലും കവിയാൻ പാടില്ല.
7. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതിയിൽപ്പെട്ട സംരംഭകർക്ക് ഫണ്ടിന്റെ ലഭ്യത പ്രകാരം പരമാവധി 10,000/- രൂപ വരെ അർഹത അനുസരിച്ച് സബ്സിഡി നൽകുന്നതാണ്.
8. വായ്പാ തുകയും വലിശയും 60 മാസഗഡുക്കളായി തിരിച്ചടക്കണം. എന്നാൽ മൈക്രോക്രെഡിറ്റ് ഫിനാൻസ്, കൃഷി ഭൂമി വായ്പാ പദ്ധതി തുടങ്ങി ചില പദ്ധതികൾക്ക് ഇതിൽ വ്യത്യാസമുണ്ട്.
9. വായ്പക്ക് കോർപ്പറേഷൻ നിഷ്ക്കർഷിക്കുന്ന ഉദ്യോഗസ്ഥ ജാമ്യമോ വസ്തു ജാമ്യമോ നൽകേണ്ടതാണ്.
10. പദ്ധതികളുടെ സ്വഭാവമനുസരിച്ച് പദ്ധതി തുകയുടെ 2% മുതൽ 5% വരെ ഗുണഭോക്താക്കളുടെ വിഹിതമായി നൽകേണ്ടിവകും.
11. ഒരു കുടുംബത്തിൽനിന്ന് ഒരാൾക്ക് മാത്രമേ സ്വയം തൊഴിൽ വായ്പാ നൽകുകയുളളു.

## (vii) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്.

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന വായ്പാപദ്ധതികളുടെ ഗുണഭോക്താക്കളെ തിരിച്ചറിയുക. അവർക്ക് വേണ്ട പ്രോത്സാഹനവും സഹായവും നൽകുക. പട്ടികജാതിക്കാരായ ഭൂരഹിതർ, ഭവനരഹിതർ മറ്റു വിധത്തിൽ ദുർബലരായവർക്ക് കോർപ്പറേഷൻ നൽകുന്ന പലിശയോടുകൂടിയ വായ്പ കൊണ്ടുമാത്രം സാമ്പത്തിക സ്ഥിതി ഉദ്ദേശിച്ച രീതിയിൽ മെച്ചപ്പെടുത്താൻ കഴിയാറില്ല. ഈ യാഥാർത്ഥ്യം മനസ്സിലാക്കി ഏറ്റവും പിന്നോക്കം നിൽക്കുന്നവരെ ഒരു സുസ്ഥിര സാമ്പത്തികമുളളവരായി മാറ്റിയെടുക്കുവാൻ വേണ്ട പിൻതുണാ സംവിധാനം നൽകേണ്ടത് അനിവാര്യമാണ്.

## (viii) സംയോജന സാദ്ധ്യതകൾ

കോർപ്പറേഷന്റെ വായ്പാപദ്ധതികളിൽ ഏറ്റവും പ്രയോജനകരമായെന്ന് വിലയിരുത്തപ്പെടുന്നത്. പട്ടികജാതി കർഷകതൊഴിലാളികൾക്കുള്ള കൃഷി ഭൂമി വായ്പാപദ്ധതിയാണ്. പലപ്പോഴും കൃഷി ഭൂമി വാങ്ങിയത് കൊണ്ടുമാത്രം മുന്നോട്ടു പോകാനാകാത്ത അവസ്ഥ നിലവിലുണ്ട്. കൃഷി ചെയ്യുവാൻ വേണ്ട വിത്ത്, പണി ആയുധങ്ങൾ, ജലസേചനം, ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാൻ വേണ്ട ചാണകം, പച്ചില എന്നിവ ഭൂമി മാത്രം കിട്ടിയ ഗുണഭോക്താവിന് ഉമ്ടാവില്ല. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പ്രാദേശിക സാമ്പത്തിക ഉന്നമനത്തിന് വേണ്ടി നടത്തുന്ന പദ്ധതികൾ കൂടി സംയോജിപ്പിച്ച് കൊണ്ട് പോയാൽ വളരെയധികം മാറ്റ

ങ്ങൾ ഉണ്ടാകുമെന്ന് ചില പഞ്ചായത്തുകൾ ഇതിനകം തന്നെ തെളിയിച്ചിട്ടുണ്ട്. എന്നാൽ മാത്രമെ പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് സാമൂഹ്യനീതി ഉറപ്പുവരുത്തുവാൻ കഴിയുകയുള്ളു.

ഇതേ രീതിയിൽ തന്നെ മറ്റു പദ്ധതികൾക്കുമുള്ള പിൻതുണാസംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുവാൻ കഴിയും. മിനി വഞ്ചർ പദ്ധതി, മൈക്രോക്രെഡിറ്റ് ഫൈനാൻസ് പദ്ധതി, ലഘുവ്യവസായ പദ്ധതി, മഹിളാ കിസാൻ യോജന, ശിൽപി സമൃദ്ധി യോജന പദ്ധതി എന്നീ എൻ.എസ്.എഫ്.ഡി.സി. പദ്ധതികളുടെ പൂർണ്ണവിജയത്തിന് വേണ്ടി പഞ്ചായത്ത് തലത്തിലോ, ബ്ലോക്ക്തലത്തിലോ, മാർക്കറ്റിംഗിന് വേണ്ടിയുള്ള സംവിധാനം ഏർപ്പെടുത്താവുന്നതാണ്. ജില്ലാപഞ്ചായത്തിന് പട്ടികജാതിക്കാരുടെ സഹകരണസംഘങ്ങൾ ഉണ്ടാക്കുവാനും ഉൽപ്പന്നങ്ങൾ വിൽക്കാനുമുള്ള സൗകര്യം ചെയ്യുവാൻ സാധിക്കുന്നതാണ്. പട്ടികവർഗ്ഗക്കാർക്കുള്ള ആദിവാസി മഹിളാ സശാക്തീകരൻ യോജന, പട്ടികവർഗ്ഗ സംരംഭകർക്കുള്ള വായ്പാ പദ്ധതി, സ്മോൾ എന്റ്ർപ്രൈസസ് പദ്ധതി, എസ്.ജി.എസ്.വൈ ഗ്രൂപ്പ് വായ്പാ പദ്ധതി പദ്ധതി എന്നിവയിലും കൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കരങ്ങൾ നീട്ടാവുന്നതാണ്. ഇത്തരത്തിലുള്ള സംയോജിത പ്രവർത്തനങ്ങളാണ് പട്ടികവിഭാഗങ്ങളുടെ സാമ്പത്തിക ശാക്തീകരണത്തിനും, അത് വഴി ആകെ മൊത്തത്തിലുള്ള വികസനത്തിലും ഉൾച്ചേർക്കപ്പെടുന്നത്.

തദ്ദേശസ്ഥാപനങ്ങളുടെ വിവിധ മേഖലാപദ്ധതികളിലും സ്വയം തൊഴിൽ പ്രോജക്ടുകൾ ഉൾപ്പെടുന്നുണ്ട്. SJSRY, SGSY(NRLM), ദാരിദ്ര്യനിമ്മാർജ്ജന പ്രവൃത്തികളും കേന്ദ്രാവിഷ്കൃത/സംസ്ഥാനാവിഷ്കൃത ഏജൻസികൾ വഴിയുമുള്ള പദ്ധതികളും പരസ്പരമറിഞ്ഞും ചർച്ചവഴിയം വിടവ് നികത്തിയും നടത്തണം. ഇവയെല്ലാം തന്നെ നിർവ്വഹണഉദ്യോഗസ്ഥതലത്തിലും തദ്ദേശ ഭരണ സ്ഥാപനതലത്തിലും ഗ്രാമസഭ/വാർഡ്സഭ തലത്തിലും ചർച്ചയും മോണിറ്ററിംഗിനും വിധേയമാക്കേണ്ടതാണ്. ഡാറ്റകളും ഗുണഭോക്താക്കളുടെ കുടുംബ സർവ്വെ ലിസ്റ്റും എല്ലാവർക്കും ഒരേപോലെ ലഭ്യമാക്കാവുന്നതുമാണ്. 100% അർഹരേയും ആശ്രയ സ്കീമുകളിൽ ഉൾപ്പെടുത്തിയെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തണം.

## E. കേരള സംസ്ഥാന പട്ടികജാതി – പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ.

### (i) ആമുഖം:–

കേരള സംസ്ഥാന പട്ടികജാതി – പട്ടികവർഗ്ഗ വികസന ഫെഡറേഷൻ 1981– ലാണ് പ്രവർത്തനം ആരംഭിച്ചത്.

### (ii) ഫണ്ട്

ഫെഡറേഷന്റെ അംഗീകൃത ഓഹരിമൂലധനം 10 കോടി രൂപയാണ്. വിഭവസമാഹരണം, കേന്ദ്രപട്ടിക വർഗ്ഗമന്ത്രാലയം, എൻ.സി.ഡി.സി.(NCDC) സംസ്ഥാനസർക്കാർ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നുണ്ട്. അംഗീകൃത പ്രോജക്ടുകൾക്കും ധനസഹായം ലഭ്യമാക്കുന്നു. ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന ട്രൈബൽ കോ–ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഡെവലപ്പ്മെന്റ് ഫെഡറേഷനിൽ (TRIFED) നിന്നും ധനസഹായം ലഭിക്കാവുന്നതാണ്.

### (iii) ലക്ഷ്യങ്ങൾ

പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങൾക്ക് അവരുടെ അംഗങ്ങളുടെ സാമൂഹ്യവും

സാമ്പത്തികവുമായ പുരോഗതിയെ ലക്ഷ്യമാക്കി, ഉൽപാദനം, വിപണനം, ഉപഭോഗം തുടങ്ങിയ ആവഷ്യങ്ങൾക്കുളള വായ്പ നൽകുക, വനവിഭവശേഖരണവും, വിപണനവും നടത്തുക, സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുക, സംഘങ്ങൾക്ക് മറ്റു സഹായങ്ങൾ ചെയ്യുക എന്നിവ ലക്ഷ്യമാക്കിയാണ് ഫെഡറേഷൻ പ്രവർത്തിക്കുന്നത്.

## (iv) പ്രവർത്തനങ്ങൾ

46. സംസ്ക്കരണ യൂണിറ്റുകൾ – തേൻ സംസ്ക്കരണത്തിന് ഒരു യൂണിറ്റും, ആയുർധാര എന്നപേരിൽ ആയുർവ്വേദമരുന്ന് നിർമ്മാണത്തിന് അംഗീകാരമുള്ള ഒരു ഫാക്ടറിയും തൃശൂരിൽ പ്രവർത്തിക്കുന്നു.
47. ധന്യബാങ്ക് – കേന്ദ്രസർക്കാർ, സംസ്ഥാനസർക്കാർ എന്നിവയുടെ സാമ്പത്തിക സഹായത്താൽ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പഞ്ഞമാസങ്ങളിൽ ധാന്യം നൽകുന്നതിന് ധാന്യബാങ്ക് ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ, വയനാട്, പറമ്പിക്കുളം, അട്ടപ്പാടി എന്നിടങ്ങളിൽ പ്രവർത്തിക്കുന്നു.
48. തിരുവനന്തപുരത്ത് ഫെഡറേഷൻ ഡീലറായി ഒരു ഇന്ധന റീട്ടെയിൽ ഔട്ട് പ്രവർത്തിച്ചുവരുന്നു.
49. തൊഴിലധിഷ്ഠിത വായ്പാ പദ്ധതി.
50. ചൂരൽ ശേഖരണവും ഉൽപ്പന്നങ്ങളുടെ വിപണനവും.
51. സംഘാംഗങ്ങൾക്ക് പ്രവർത്തനമൂലധനമായും കൺസ്യൂമർ സ്റ്റോർ, മാവേലിസ്റ്റോർ എന്നിവ തുടങ്ങുന്നതിനായി സാമ്പത്തിക സഹായം.

## (v) തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ പങ്ക്

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രത്യേകിച്ച് വനത്തിലും വനത്തിനോട് സമീപവും താമസിക്കുന്നവരുടെ ഒരു പ്രധാനതൊഴിലും വരുമാനവുമാണ് തടിയേതര വനവിഭവശേഖരണം. ഇടനില്കകാർ ചൂഷണം ചെയ്യുന്നത് തടയുവാനാണ് പട്ടിക വർഗ്ഗ സേവന സഹകരണ സംഘങ്ങൾക്ക് രൂപം നൽകിയത്. എന്നാൽ സംഘങ്ങളുടെ ഭരണ നിയന്ത്രണം സഹകരണവകുപ്പിനാണ്. പട്ടികവർഗ്ഗത്തിൽ ഉൾപ്പെടാത്തവർ വീണ്ടും ഇടനിലക്കാരായി ചമഞ്ഞു പട്ടികവർഗ്ഗ വിഭാഗക്കാരെ സംഘങ്ങളെ നേരിട്ടും സമീപിക്കാനുള്ള അവസരം തടസ്സപ്പെടുത്തുന്നുണ്ട്. സംഘങ്ങൾ പട്ടിക വർഗ്ഗക്കാരുടെ കടബാദ്ധ്യതയ്ക്ക് ഒരു ആശ്വാസം എന്ന നിലയ്ക്ക് പലിശരഹിത വായ്പ നൽകേണ്ടതും, കൂടുതൽ വിപുലീകരണത്തിനും സാദ്ധ്യതകളുണ്ട്. പ്രസ്തുത തരംഗങ്ങളിൽ എല്ലാം തന്നെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നീതി ഉറപ്പുവരുത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇടപെടാൻ കഴിയും. ചൂഷണവലയത്തിൽ നിന്നും സംഘാംഗങ്ങളെ പൂർണ്ണമായും മോചിപ്പിക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുത്താൽ മാത്രമെ സത്ഭരണ വ്യവസ്ഥകൾ നടപ്പിലായതായി കരുതാൻ പറ്റുകയുള്ളു.

## (vi) സംയോജന സാദ്ധ്യതകൾ

പ്രാദേശികതലത്തിൽ പഞ്ചായത്തുകളും സംഘാംഗങ്ങളുടെ പ്രതിനിധികളെയും ഉൾപ്പെടുത്തികൊണ്ടുള്ള ഒരു മാനേജ് കമ്മിറ്റിക്ക് രൂപം നൽകാവുന്നതാണ്. ഒപ്പം സംയോജന സാധ്യതകളും ആസൂത്രണം ചെയ്യണം. സംഘത്തിന്റെ പ്രവർത്തനം തദ്ദേശ ഭരണ സ്ഥാപനത്തിന്റേയും ഗ്രാമസഭ/വാർഡ്സഭകളുടേയും ചർച്ചയ്ക്ക് വിധേയമാക്കണം. ഇതിനുവേണ്ടി പ്രത്യേക ഗ്രാമസഭകളും (എസ്സി/എസ്ടി) ഊരു കൂട്ടങ്ങളും ചേരേണ്ടതാണ്. വിവിധ സർക്കാരുകളും ഏജൻസികളും തദ്ദേശഭരണ സ്ഥാപനങ്ങളും നടത്തുന്ന പദ്ധതികൾ ഗുണഭോക്താക്കളുടെ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണം. തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതി രേഖയിൽ സ്കീമുകളെക്കുറിച്ചും സംഘത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും പ്രത്യേക റിപ്പോർട്ടുകൾ ഉൾക്കൊളളിക്കണം. അവബോധം തദ്ദേശഭരണ സ്ഥാപനം നൽകേണ്ടതാണ്.

# F. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ

## (i) ആമുഖം

പട്ടികജാതിയിൽ നിന്നും ക്രസ്തുമതം സ്വീകരിച്ചവർ, പട്ടികജാതിയിലേക്ക് ശുപാർശ ചെയ്യപ്പെട്ടവർ, എന്നീ വിഭാഗങ്ങളുടെ സർവ്വതോൻമുഖമായ ഉന്നമനത്തെ ലക്ഷ്യമാക്കിയാണ് 1980-ഡിസംബറിൽ രൂപീകൃതമായ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗവികസന കേർപ്പറേഷൻ.

## (ii) ഫണ്ട്

ഈ കോർപ്പറേഷൻ സംസ്ഥാന സർക്കാറിന്റേയും കേന്ദ്രപിന്നോക്കവിഭാഗ ധനവികസന കോർപ്പറേഷന്റെയും (എൻ.സി.സി.എഫ്.ഡി.സി) ധനസഹായത്തോടെ വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

## (iii) പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ (NBCFDC)

| | പദ്ധതിയുടെ പേര് | പരമാവധി വായ്പതുക | പലിശനിരക്ക് |
|---|---|---|---|
| 52 | കൃഷി അനുബന്ധ പദ്ധതി,<br>ചെറുകിട വ്യവസായം,<br>വർക്ക്ഷോപ്പ്,<br>വാഹന വായ്പ, - എന്നിവയ്ക്ക് കോർപ്പറേഷൻ നേരിട്ട് അംഗീകാരം നൽകുന്നു. | 50,000<br>50,000<br>50,000<br>50,000 | 6%<br>6%<br>6% 60 തവണ<br>6% |
| | 'എ'യിൽ വിവരിച്ച പദ്ധതികൾക്ക് എൻ.ബി.സി.എഫ്.ഡി.സി. അംഗീകാരത്തോടെ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ | 5 ലക്ഷം രൂപ വരെ | 6% -<br>60 തവണ |
| 53 | വിദ്യാഭ്യാസ വായ്പാ പദ്ധതി എ.ഐ.സി.റ്റി. ഇ അംഗീകരിച്ച പ്രൊഫഷണൽ കോഴ്സ്കളായ (അലോപ്പതി, ആയൂർവ്വേദം, ഹോമിയോപ്പതി, യുനാനി) എന്നീ കോഴ്സുകൾക്ക്. | 3 ലക്ഷം രൂപ വരെ | 4.5 - കോഴ്സ് തീർന്ന് 6 മാസത്തിന് ശേഷമോ, ജോലികിട്ടി 3 മാസത്തിന് ശേഷമോ, എതാണ് - ആദ്യം വരുന്ന മുറയ്ക്ക് തിരിച്ചടവ് |

## (iv) വായ്പാ നിബന്ധനകൾ

1. പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെട്ട സമൂദായങ്ങളിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചതും, പട്ടികജാതിയിലേക്ക് ശുപാർശ ചെയ്യപ്പെട്ടവരും ( ലിസ്റ്റ് കോർപ്പറേഷൻ പ്രസിദ്ധീകരി

ച്ചിട്ടുണ്ട്.)

2. പ്രായ പരിധി 18 – 45
3. ഉദ്യോഗസ്ഥ ജാമ്യം/ വസ്തുജാമ്യം
4. വിശദവിവരങ്ങൾക്ക് ഓഫീസുമായി നേരിട്ട് ബന്ധപ്പെടുക

### (v) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്ക്.

മുകളിൽ സൂചിപ്പിച്ച വിവധ ഇനം പദ്ധതികളിൽപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തി അറിയിപ്പ് നൽകുന്നതാണ്. വായ്പ എടുത്തിട്ടുള്ളവരെ മറ്റു മേഖലകളുമായി കണ്ണിചേർത്ത്, സമഗ്രവികസന സാധ്യതകൾക്ക് രൂപം കൊടുക്കാവുന്നതാണ്. സ്കൂമുകളെക്കുറിച്ചുള്ള അറിവ്, അപേക്ഷിക്കേണ്ട വിധം, ഗുണഭോക്തൃ ലിസ്റ്റ് എന്നിവ തദ്ദേശ ഭരണ സ്ഥാപനത്തിന് നൽകാവുന്നതാണ്. അർഹരായവരെ കണ്ടുപിടിച്ച് ഡിപ്പാർട്ട്മെന്റിന് നൽകാം. പ്രവർത്തനം ജനകീയ മോണിറ്ററിംഗിന് വിധേയമാക്കണം. പദ്ധതി തയ്യാറാക്കുമ്പോൾ ടി കാര്യങ്ങളുടെ അവലോകനവും തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിരേഖയുടേയും ഭാഗമാക്കണം.

## G. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

### (i) ആമുഖം

കേരള സർക്കാരിന്റെ ഉടമസ്ഥതയിൽ 28-02-1995 ൽ സ്ഥാപിതമായ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരളത്തിലെ മറ്റ് പിന്നോക്ക വിഭഗങ്ങൾ, ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ, സാമ്പത്തികവും, സാമൂഹികവുമായ ഉന്നമനത്തിനുവേണ്ടി വിവിധ വായ്പ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

### (ii) ഫണ്ട്

ഇതിനുള്ള സാമ്പത്തിക സ്രോതസ്സ് മുഖ്യമായും ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMFDC) എന്നീ ഏജൻസികളിൽ നിന്നുമാണ് ലഭിക്കുന്നത്. ഇതിന് പുറമെ കേരള സർക്കാരിൽ നിന്നും മൂലധന സഹായവും ലഭിച്ചുവരുന്നു.

### (iii) ലക്ഷ്യങ്ങൾ

വിവിധ വായ്പാ പദ്ധതികൾക്കു പുറമെ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പിന്നോക്ക ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി വിവിധ മേഖലകളിൽ സൗജന്യ പ്രസ്വകാല തൊഴിലധിഷ്ഠിത പരിശീലനം, സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് ഏകദിന പരിശീലന പരിപാടികൾ, ഗുണഭോക്താക്കൾ നിർമ്മിക്കുന്ന ഉൽപന്നങ്ങളുടെ വിപണനത്തിനും പ്രചാരണത്തിനും വേണ്ടി പ്രദർശന വിപണനമേളകൾ എന്നിവ ലക്ഷ്യമിടുന്നു. പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്കായി കോർപ്പറേഷൻ സ്കോളർഷിപ്പ് നൽകുക, നാളിതുവരെ 993 കോടി രൂപ വായ്പയായി വിതരണം ചെയതതിൽ 2.30 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനപ്പെട്ടിട്ടുണ്ട്.

### (iv) {പവർത്തനങ്ങൾ & നിർവ്വഹണ സംവിധാനങ്ങൾ

എ. മറ്റു പിന്നോക്ക വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ (NBCFDC)

| ക്രമ ന. | പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശനിരക്ക് |
|---|---|---|---|
| 54 | സ്വയം തൊഴിൽ പദ്ധതി | 10 ലക്ഷം രൂപ | 5 ലക്ഷംരൂപ വരെ - 6%<br>5 ലക്ഷത്തിനു മുകളിൽ - 8% |
| 55 | കാർഷിക വായ്പ പദ്ധതി | 1 ലക്ഷം രൂപ | 6% |
| 56 | വിദ്യഭ്യാസ പദ്ധതി | 3 ലക്ഷം രൂപ (75000 രൂപ പ്രതി വർഷം) | ആൺകുട്ടികൾക്ക് - 4 %<br>പെൺകുട്ടികൾക്ക് - 3.5% |
| 57 | ലഘുവായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ/ സി.ഡി.എസ് വഴി നൽകുന്ന വായ്പ) | ഒരു വ്യക്തിക്ക് 50000 രൂപ വരെ | ചഏഛ/ഇഉട - 3%<br>ടഒഏ - 5% |
| 58 | വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ | 1 ലക്ഷം രൂപ | 5% |
| 59 | സാക്ഷം ( പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയവർക്കുള്ള സ്വയം തൊഴിൽ പദ്ധതി) | 10 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5ലക്ഷത്തിനു മുകളിൽ - 8% |
| 60 | ശിൽപ സമ്പദ (കരകൗശല മേഖലയിൽ പ്രവർത്തിക്കുന്ന വർക്ക്) | 5 ലക്ഷം രൂപ | 6% |
| 61 | കൃഷി സമ്പദ ( കർഷകർക്കുള്ള ലഘു വായ്പ) | ഒരു വ്യക്തിക്ക് 50000 വരെ | ചഏഛ/ഇഉട - 3%<br>ടഒഏ - 5% |
| 62 | മഹിളാ സമൃദ്ധി യോജന ( വനിതകൾക്കുള്ള ലഘുവായ്പ) | ഒരു വ്യക്തിക്ക് 50000 വരെ | ചഏഛ/ഇഉട - 3%<br>ടഒഏ - 5% |

**ബി, മതന്യൂനപക്ഷങ്ങൾക്കുള്ള പദ്ധതികൾ (NMDFC)**

| ക്ര ന. | പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശനിരക്ക് |
|---|---|---|---|
| 63 | സ്വയം തൊഴിൽ പദ്ധതി | 5 ലക്ഷം രൂപ | 6% |
| 64 | കാർഷിക വായ്പ പദ്ധതി | 1 ലക്ഷം രൂപ | 6% |
| 65 | ലഘുവായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ/ സി.ഡി.എസ് വഴി നൽകുന്ന വായ്പ) | ഒരു വ്യക്തിക്ക് 25000 രൂപ വരെ | NGO/CDS - 3%<br>SHG - 5% |

| | | | |
|---|---|---|---|
| 66 | വിദ്യാഭ്യാസ പദ്ധതി | 2 ലക്ഷം രൂപ (പ്രതിവർഷം 50000 രൂപ) | 3% |

## (v) വായ്പാ സംബന്ധമായ നിബന്ധനകൾ

1. പിന്നോക്ക/ ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ടവർക്ക് മാത്രം (ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവരും എല്ലാ വിഭാഗം ക്രസ്ത്യൻ/മുസ്ലീം വിഭാഗത്തിൽപ്പെട്ടവരും)
2. വാർഷിക കുടുംബവരുമാനം ഗ്രാമപ്രദേശങ്ങളിൽ 39500/ രൂപയിലും, നഗര പ്രദേശങ്ങലിൽ 54500/ രൂപയിലും താഴെയായിരിക്കണം.
   ഉദ്യോഗസ്ഥർക്കുള്ള വായ്പ, കമ്പ്യൂട്ടർ വായ്പ
3. പ്രായപരിധി –
   - വിദ്യാഭ്യസ പദ്ധതി, വിദ്യാശ്രി 16–32
   - ഉദ്യോഗസ്ഥർക്കുള്ള വായ്പ, വിദേശജോലി വായ്പ – 18–50
   - വിവാഹ വായ്പ 18–60
   - മറ്റു പദ്ധതികൾ 18–55
4. തിരിച്ചടവ് കാലാവധി
   - ലഘുവായ്പ 36 മാസം
   - കാർഷിക വായ്പ, സുവർണ്ണശ്രി, ഭവനശ്രി ഉദ്യോഗസ്ഥർക്കുള്ള ഭവനപുനരുദ്ധാരണ വായ്പ – 72 മാസം
   - സാക്ഷം 10 വർഷം
   - മറ്റു പദ്ധതികൾ 60 മാസം
5. ഉദ്യോഗസ്ഥ ജാമ്യം/ വസ്തു ജാമ്യം
6. മറ്റു സ്ഥാപനങ്ങളിൽ നിന്നും ജാമ്യം എടുത്തിട്ടുണ്ടെങ്കിൽ പ്രസ്തുത സ്ഥാപന മോധാവിയിൽ നിന്നും കുടിശികയില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം.
7. ജങ്ങഞ്ഞ,കഞ്ഞഉഅ, മുതലായ സർക്കാർ സഹായ പദ്ധതികൾ പ്രകാരം നിലവിൽ വായ്പയുണ്ടെങ്കിൽ ഈ സ്ഥാപനത്തിൽ നിന്നും വായ്പ ലഭിക്കുന്നില്ല.
8. ഒരു ലക്ഷത്തിന് മുകളിലുള്ള വായ്പകൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ചും, കേന്ദ്ര ഏജൻസികളുടെ അംഗീകാരത്തിനു വിധേയമായും മാത്രമെ നൽകുകയുള്ളു.(വിദ്യാഭ്യാസ വായ്പ ഒഴികെ)
9. സമർപ്പിക്കേണ്ട രേഖകൾ, ജാമ്യ വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് അതാത് ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## (vi) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്:

1. മറ്റു പിന്നോക്ക വിഭാഗങ്ങൾക്കുള്ള പദ്ധതികളുടെ അറിവ് ഗ്രാമസഭകൾ വഴി നൽകാവുന്നതാണ്.
2. വനിതാ ഘടകപദ്ധതികളുമായി, വനിതകൾക്കായുള്ള പ്രത്യേക സ്വയംതൊഴിൽ വായ്പ, മഹിളാ സമൃദ്ധി യോജന, വിവാഹ വായ്പാ പദ്ധതി എന്നിവ എങ്ങിനെയൊക്കെ സംയോജിപ്പിച്ചുകൊണ്ടുപോകാമെന്ന് ആലോചിക്കേണ്ടതാണ്.

## (vii) സംയോജന സാധ്യതകൾ:

1. കോർപ്പറേഷൻ നൽകുന്ന മൂന്ന് തരത്തിലുള്ള വായ്പകൾ സി.ഡി.എസ്, എസ്.എച്ച്.ജി എന്നിവ മുഖാന്തിരം നൽകുന്നു. ഇത് പഞ്ചായത്തുകൾ ചെയ്തുകൊണ്ടിരി

ക്കുന്ന കുടുംബശ്രീ പദ്ധതികളുമായി സംയോജിപ്പിച്ച് കൂടുതൽ മികവുറ്റതാക്കാനുള്ള സാധ്യതകൾ ചർച്ചചെയ്യേണ്ടതാണ്.

2. കരകൗശല മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് വിപണന സാധ്യതകൾ ഏർപ്പെടുത്താവുന്നതാണ്.

3. മറ്റു പിന്നോക്ക വിഭാഗക്കാരിലേക്കും, മതന്യൂനക്ഷത്തിലും ഉൾപ്പെട്ട ബിപിഎൽ പട്ടികയുള്ളവരെ വിവിധ ഇനം പദ്ധതികളുമായി കണ്ണിചേർത്ത് കൊണ്ടുള്ള ഒരു വികസന തന്ത്രം രൂപപ്പെടുത്തുവാനുള്ള ഗൗരവപരമായ ആലോചനകൾ നടത്താവുന്നതാണ്.

തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ ടി സ്കീമുകളുടെ അവലോകനം നടത്തണം. ഗ്രാമസഭയിൽ ചർച്ചയ്ക്കു വിധേയമാക്കണം. തദ്ദേശ ഭരണ സ്ഥാപനം അവരുടെ പദ്ധതി തയ്യാറാക്കലിൽ വിടവുകൾ നികത്തണം. കേന്ദ്രാവിഷ്കൃത/സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഗുണഭോക്താക്കളേയും പ്രവൃത്തിയേയും പദ്ധതിരേഖയിൽ ഉൾപ്പെടുത്തണം. അർഹരായ എല്ലാവരും വിവിധ സർക്കാരുകലുടെ സ്കീമിൽ വന്നീട്ടുണ്ടെന്നും ഗ്രാമസഭ/വാർഡ്സഭവഴി തദ്ദേശസ്വയം ഭരണ സ്ഥാപനം ഉറപ്പുവരുത്തണം.

## H. പിന്നോക്ക സമുദായ വികസന വകുപ്പ്

### (i) ആമുഖം

സംസ്ഥാന പിന്നോക്ക സമുദായ വികസന വകുപ്പ് നവംബർ 2011 ലാണ് രൂപീകരിച്ചത്. പിന്നോക്ക സമുദായക്കാരുടെ വികസനം ഇതേവരെ കൈകാര്യം ചെയ്തിരുന്നത് പട്ടിതജാതി വികസന വകുപ്പാണ്. മണ്ഡൽ റിപ്പോർട്ട് നടപ്പിലാക്കിയതിനുശേഷം കേന്ദ്ര സർക്കാർ പിന്നോക്ക സമുദായങ്ങളുടെ സമഗ്രമായ വികസനത്തിന് വേണ്ടി വിവിധതരം പദ്ധതികൾക്ക് ധനസഹായം നൽകി വരുന്നുണ്ട്.

### (ii) ഫണ്ട്.

കേന്ദ്രസർക്കാരിൽ നിന്നും വിവിധ പദ്ധതികൾക്ക് ഫണ്ട് ലഭ്യമാക്കുന്നുണ്ട്.

### (iii) ലക്ഷ്യം

പുതുതായി രൂപംകൊണ്ട ഈ വകുപ്പ് സംസ്ഥാനത്തെ പിന്നോക്ക സമുദായങ്ങളുടെ സർവ്വതോൻമുഖമായ വികസനമാണ് ലക്ഷ്യമിടുന്നത്.

### (iv) പ്രവർത്തനങ്ങൾ

67. പ്രീമെട്രിക് സ്കോളർഷിപ്പ് – 50% കേന്ദ്രസഹായം

| | | |
|---|---|---|
| 1 മുതൽ 6 വരെയുള്ള കുട്ടികൾക്ക് | – | 750 രൂപ |
| 6 മുതൽ 8 വരെയുള്ള കുട്ടികൾക്ക് | – | 900 രൂപ |
| 9 മുതൽ 10 വരെയുള്ള കുട്ടികൾക്ക് | – | 1000 രൂപ |

68. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് – പ്ലസ് ടു പ്രൊഫഷണൽ കോഴ്സ് എന്നിവയ്ക്ക് സ്കോളർഷിപ്പ് നൽകുവാനുള്ള നടപടികൾ എടുത്തുവരുന്നുണ്ട്.

### (v) തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പങ്ക്

പിന്നോക്ക സമൂദായ വികസന വകുപ്പ് നടത്തുന്ന വിദ്യാഭ്യാസ പദ്ധതികളെക്കുറിച്ചു

ളള അറിവ് ഗുണഭോക്താക്കൾക്ക് ഗ്രാമസഭമുഖാന്തരമോ, മറ്റുസംവിധാനത്തിലൂടേയോ നൽകാവുന്നതാണ്.

## (vi) സംയോജന സാധ്യതകൾ

ഗുണഭോക്താക്കൾക്ക് പ്രത്യേകിച്ച് ദുർബല വിഭാഗങ്ങൾക്ക് അനുബന്ധ സൗകര്യങ്ങൾ കൂടി നൽകുവാനുള്ള സാദ്ധയ്തകൾ ആസൂത്രണം ചെയ്യേണ്ടതാണ്.

സ്കീമുകളെക്കുറിച്ചുള്ള അവബോധം അർഹരായ എല്ലാവർക്കും സഹായം ലഭിച്ചു വെന്നാ ഉറപ്പുവരുത്തൽ, അവലോകനം എന്നിവ തദ്ദേശ സ്വയം ഭരണ സ്ഥാപനം ഗ്രാമസഭ വഴി നടത്തണം. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പദ്ധതികൾ ഇതിന്റെ അവലോകനം നടത്തുകയോ പോരായ്മകൾ അടുത്ത പദ്ധതിയിൽ ഉൾപ്പെടുത്തുകയോ ഡിപ്പാർട്ട്മെൻറ്തലത്തിൽ ചർച്ച നടത്തി പരിഹരിക്കുകയോ വേണം.

************************

CHAPTER

# XV



# ഭക്ഷ്യവിതരണം

# XV. ഭക്ഷ്യവിതരണം.

## I. അന്നപൂർണ്ണ യോജന

### ആമുഖം

ദരിദ്ര കുടുംബങ്ങളിലെ വാർദ്ധക്ക്യകാല പെൻഷന് അർഹരും എന്നാൽ പെൻഷൻ ലഭിക്കാത്തവരുമായ അഗതികൾക്ക് അവരുടെ ഭക്ഷണാവശ്യം നിറവേറ്റുന്നതിന് അരിയും ഗോതമ്പും സൗജന്യമായി നൽകുന്ന പദ്ധതിയാണിത്

### ഫണ്ടിംഗ്

100% കേന്ദ്രാവിഷ്കൃതം – മാസത്തിൽ 10 കി. ഭക്ഷ്യധാന്യം സൗജന്യമായി നൽകൽ (6 കിലോ ഗോതമ്പ്, 4 കിലോ അരി)

### ലക്ഷ്യം

ദരിദ്ര കുടുംബത്തിലെ നിരാശ്രരായ വൃദ്ധജനങ്ങൾക്ക് മനുഷ്യന്റെ അടിസ്ഥാനാവശ്യമായ ഭക്ഷണം ഉറപ്പുവരുത്തുക

### ഗുണഭോക്താക്കൾ

ദാരിദ്യരേഖയ്ക്കു താഴെയുള്ള വാർദ്ധക്യകാലപെൻഷൻ ലഭിക്കുന്നതിന് അർഹതയുള്ളവർ, വാർദ്ധക്യകാല പെൻഷൻ ലഭിക്കാത്തവർ.

### നിർവ്വഹണ സ്ഥാപനം

സിവിൽ സപ്ലൈ ഡിപ്പാർട്ട്മെന്റ്

### പ്രവർത്തനങ്ങൾ

1. അപേക്ഷ ക്ഷണിക്കുന്നു.
2. ഗ്രാമസഭ വഴി ഗുണക്ഭോക്താക്കളെ കണ്ടത്തി നൽകുന്നു.
3. റേഷൻ കട വഴി ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യം സൗജന്യമായി നൽകുന്നു.

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

1. യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി നൽകിയെന്ന് ഉറപ്പുവരുത്തൽ
2. ഗ്രാമസഭയിൽ അർഹത ഉറപ്പാക്കൽ
3. യഥാസമയം ഭക്ഷ്യധാന്യം ലഭിക്കുന്നുവെന്ന് ഉറപ്പാക്കൽ

### പദ്ധതി സംയോജനം

തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ആശ്രയ പദ്ധതിയുമായി ഇതിനെ സംയോജിപ്പിക്കാം. ആശ്രയ പദ്ധതിയലുൾപ്പെട്ട വ്യക്തികൾക്ക് ഭക്ഷണം പാകം ചെയ്ത് നൽകാം (അങ്കണവാടികൾ വഴി). ആയതിന് തുക വകയിരുത്തണം.

## II. അന്ത്യോദയ അന്നയോജന

### ആമുഖം

ദരിദ്രരിൽ ദരിദ്രരായവർക്ക് അടിസ്ഥാനാവശ്യമായ ഭക്ഷണം യഥാസമയം ലഭ്യമാക്കി ദാരിദ്ര്യം ലഘൂകരിക്കുന്നതിന് കേന്ദ്രസർക്കാർ ആസൂത്രണം ചെയ്ത് സംസ്ഥാനസർക്കാർ ഡിപ്പാർട്ട്മെന്റ് വഴി നടപ്പിലാക്കുന്നു.

### ഫണ്ട്

100% കേന്ദ്രാവിഷകൃത വിഹിതം

### ലക്ഷ്യം

ദരിദ്രരിൽ ദരിദ്രരായ കുടുംബങ്ങൾക്ക് മാസത്തിൽ 35 കി അരി ഒരു രൂപയ്ക്ക് ലഭ്യമാക്കി അടിസ്ഥാനാവശ്യം നിറവേറ്റുന്നു.

### ഗുണഭോക്താവ്

ബി.പി.എൽ റേഷൻ കാരഡിൽ ടി വിഭാഗത്തിൽ ഉൾപ്പെടുത്തി വിടുന്ന അംഗങ്ങൾ

### നിർവ്വഹണ ഏജൻസി

സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ്

### പ്രവർത്തനങ്ങൾ

1. ബി.പി.എൽ ലിസ്റ്റിൽ നിന്നും ദരിദ്ര കുടുംബങ്ങളെ തെരെഞ്ഞെടുക്കൽ
2. തദ്ദേശസ്വയംഭരണസ്ഥാപനം വഴി ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കൽ
3. റേഷൻ കാർഡിൽ രേഖപ്പെടുത്തൽ
4. റേഷൻകട വഴി അരി വിതരണം.

### തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

ബി.പി.എൽ ലിസ്റ്റിൽ നിന്നും ദരിദ്രരിൽ ദരിദ്രരായ ഗുണഭോക്താക്കളെ കണ്ടുപിടിച്ച് ഗ്രാമസഭ സഹാടെ ലിസ്റ്റ് സിവിൽ സപ്ലൈ ഡിപ്പാർട്ട്മെന്റിന് നൽകൽ. കൂടാതെ ഗ്രാമസഭ ഗുണബോക്താക്കൾക്കും സ്കീമിനെക്കുറിച്ച് വേണ്ട അവബോധം നൽകുന്നതിനും തദ്ദേശഭരണ സ്ഥാപനത്തിന് കഴിയും.

### പദ്ധതി സംയോജനം

തദ്ദേശഭരണസ്ഥാപനത്തിലെ ആശ്രയ പ്രോജക്ടും ആശ്രയ ഗുണഭോക്താക്കളുമായി ഇതിനെ ബന്ധപ്പെടുത്തി പദ്ധതി ആസൂത്രണം ചെയ്യാവുന്നതാണ്.

## III. ബി.പി.എൽ കുടുംബങ്ങൾക്കുളള അരിവിതരണം

### ആമുഖം

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് അടിസ്ഥാനാവശ്യമായ ഭക്ഷണാവശ്യം നിറവേറ്റുന്നതിനായി അരിയും ഗോതമ്പും വിതരണം ചെയ്യുന്നതിനാണ് ഈ പദ്ധതി

**ഫണ്ട്**

100% കേന്ദ്രാവിഷ്കൃതം

**ലക്ഷ്യം**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മാസത്തിൽ 25 കിലോ ദാന്യഹ്ങൾ അരിയും ഗോതമ്പും റേഷൻ കാർഡ് വഴി കുറഞ്ഞനിരക്കിൽ വിതരണം ചെയ്ത് ദാരിദ്ര്യരേഖയ്ക്ക് കീഴിലുള്ള കുടുംബങ്ങളുടെ ഭക്ഷണാവശ്യം നിറവേറ്റൽ.

**ഗുണഭോക്താക്കൾ**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ബി.പി.എൽ കാർഡുടമകളുടെ കുടുംബം. എല്ലാ ബി. പി.എൽ കാർഡുടമളും ഇതിന്റെ ഗുണഭോക്താക്കൽ ആ്.

**പ്രവർത്തനങ്ങൾ**

1. ബി.പി.എൽ ലിസ്റ്റിൽപ്പെട്ട കാർഡുടമകളെ കണ്ടെത്തി കാർഡ് നൽൽ
2. മാസത്തിൽ 25 കിലോ (അരി+ഗോതമ്പ്) ധാന്യങ്ങൾ നൽകൽ ( കിലോയ്ക്ക് ഒരു രൂപയായി)

**തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്**

ഗ്രാമസഭവഴി ഉൽബോധനവും അറിയിപ്പും നൽകൽ. പദ്ധതികൾ സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിന് റഫൽ ചെയ്യൽ. ധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തൽ. ജനങ്ങൾക്കുവേണ്ടി സ്കീമിനെക്കുറിച്ച് അവബോധം നൽകൽ.

## IV. എ.പി.എൽ കുടുംബങ്ങൾക്ക് കുറഞ്ഞ നിരക്കിൽ അരി വിതരണം

**ആമുഖം**

ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ളവർക്കും കുറഞ്ഞ നിരക്കിൽ ഭക്ഷണാവശ്യത്തിനായി ധാന്യങ്ങൾ വിതരണം ചെയ്യുന്നതിനാണി പദ്ധതി. കേന്ദ്രാവിഷ്കൃത പദ്ധതിയാണെങ്കിലും സംസ്ഥാന സർക്കാർ വഴിയാണിത് വിതരണം ചെയ്യുന്നത്.

**ഫണ്ടിംഗ്**

100% കേന്ദ്രാവിഷ്കൃത പദ്ധതി

**ലക്ഷ്യം**

ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള കുടുംബങ്ങൾക്ക് ഭക്ഷണാവശ്യം നിറവേറ്റുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്.

**ഗുണഭോക്താവ്**

എ.പി.എൽ കാർഡുള്ള എല്ലാ കാർഡുടമകളും

**പ്രവർത്തനങ്ങൾ**

1. എ.പി.എൽ കാർക്ക് റേഷൻ കാർഡ് നൽകൽ
2. എ.പി.എൽ കാർഡുടമകൾക്ക് മാസത്തിൽ 35 കിലോ ഭക്ഷ്യധാന്യങ്ങൽ (അരി+ഗോതമ്പ്) കുറഞ്ഞ വിലയ്ക്ക് ( ഇപ്പോൾ 8.90 ക) വിതരണം ചെയ്യൽ.

**തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്**

ഗ്രാമസഭവഴി അവബോധം നൽകൽ, ഗുണനിലവാരമുളള ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നവെന്ന ഉറപ്പു വരുത്തുന്നു.

*************************

CHAPTER

# XVI



# ഊർജ്ജം

# XVI. ഊർജ്ജോൽപാദനം

## I. മാലിന്യത്തിൽ നിന്നും ഊർജ്ജോത്പാദനം

### ആമുഖം

മാലിന്യസംസ്ക്കരണം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. മാലിന്യം ശരിയായ രീതിയിൽ സംസ്ക്കരിക്കുന്നതിന് ബഹുഭൂരിപക്ഷം തദ്ദേശഭരണസ്ഥാപനങ്ങൾക്കും കഴിയുന്നില്ല. ദീർഘ വീക്ഷണക്കുറവ്, സാങ്കേതികജ്ഞാനം ഇല്ലായ്മ എന്നിവ ഇതിന് കാരണങ്ങളാണ്. മാലിന്യത്തെ ഊർജ്ജമായി മാര്റുമ്പോൽ രണ്ട്കാര്യങ്ങളാണ് സാധിക്കപ്പെടുന്നത്. (1) മാലിന്യം ഇല്ലാതാകുന്നതിനാൽ മാലിന്യപ്രശ്നം പരിഹരിക്കപ്പെടുന്നു.(2) ഊർജ്ജമാക്കി പരിവർത്തനം ചെയ്യപ്പെടുന്നതിനാൽ അത്രയും വൈദ്യുതോർജ്ജം ലാഭിക്കാൻ കഴിയുന്നു. മാലിന്യം വൈദ്യുതിയും ഊർജ്ജവുമാക്കി മാറ്റുന്നതിന് രണ്ട് മോഡലുകൾ ഇന്ന് ലഭ്യമാണ്. 1.കെ.എൽ.ഐ.സി, 2. ദിനബസു മോഡൽ

### ഫണ്ട്

100% കേന്ദ്രാവിഷകൃത വിഹിതം

മുനിസിപ്പൽ സോളിഡ് വേസ്റ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന 5 പൈലറ്റ് പ്ലാന്റുകൾ, ആദ്യം അപേക്ഷിക്കുന്നവർക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകാറുണ്ട്. ആകെ ചെലവ് – 10 കോടി നല്കാവുന്നത്. 2 കോടി (20%)

### ബയോഗ്യാസ് പ്ലാന്റ് – വൈദ്യുതി ഉല്പാദനത്തിന്

1. 3.20 കിലോവാട്ട് ജനറേറ്റർ സ്ഥാപിച്ച് വൈദ്യുതി ഉൽപാദനം 25–85 ക്യു.മീറ്റർ വലിപ്പമുള്ള പ്ലാന്റ് സ്ഥാപിക്കണം.
2. 20 കിലോ വാട്ട് മുതൽ 100 കിലോ വാട്ട് വരെ ശേഷിയുള്ള ജനറേറ്റർ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുക. 25–85 ക്യു. മീറ്റർ വലിപ്പമുള്ള ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കണം. സബ്സിഡി 35000/രൂപ/കി.വാട്ട്
3. 100–250 കി.വാട്ട് ശേഷിയുള്ള ജനറേറ്റർ സ്ഥാപിക്കുന്നതിന് 25–85 ക്യു.മീറ്റർ വലിപ്പമുള്ള ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കണം. സബ്സിഡി 30000/രൂപ/കി.വാട്ട്

### ലക്ഷ്യം

1. മാലിന്യം ഇല്ലാതാക്കുക
2. ഊർജ്ജം ഉൽപാദിപ്പിക്കുക.

### ഗുണഭോക്താക്കൾ

തദ്ദേശസ്വയംഭരണസ്ഥാപനം/വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവർക്ക് ഇതിന്റെ ഗുണഭോക്താക്കളാകാം

### നിർവ്വഹണസ്ഥാപനം – തദ്ദേശഭരണസ്ഥാപനം

### പ്രവർത്തനങ്ങൾ

പ്ലാന്റ് നടത്തിപ്പിന് വാറന്റി/വാർഷിക അറ്റകുറ്റപണിക്ക് ടെണ്ടർ വിളിച്ച് ഏജൻസിയെ

ഏൽപിക്കുന്നു. പ്ലാന്റിൽ ആവശ്യത്തിനുള്ള ജൈവ വസ്തുക്കൾ നിശ്ചിത അളവിൽ ദിവസവും ഇടണം. വെള്ളവും നിശ്ചിത അളവിൽ നൽകണം. (ഒരാഴ്ചയിൽ കൂടുതൽ ഇതിന് ഭംഗം വന്നാൽ പ്ലാന്റ് പ്രവർത്തന രഹിതമാകും.)

### തദ്ദേശഭരണസ്ഥാപനത്തിന്റ് പങ്ക്

മാലിന്യത്തിന്റെ അളവും തരവും നോക്കി അനുയോജ്യമായ പ്രോജക്ടുകൾ കണ്ടെത്തുക. യഥാസമയം ഏ.എം.എസി സൗകര്യം ഉണ്ടാക്കിയെന്ന് ഉറപ്പുവരുത്തുക. ആയതിന് വേണ്ട എല്ലാ പ്രവർത്തനങ്ങളും സമയബന്ധിതമായി ചെയ്യിക്കുക.

### പദ്ധതി സംയോജനം

തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ മാലിന്യനിർമ്മാർജനവുമായി ബന്ധപ്പെട്ട മറ്റ് മേഖലയിലെ പ്രോജക്ടുകളുമായി ഇതിനെ സംയോജിപ്പിക്കാം. ഉദാ. കൃഷി, ശുചിത്വമേഖലാ പ്രോജക്ടുകൾ.

## II. കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കൽ

### ആമുഖം

പാരമ്പര്യേതര ഊർജ്ജോത്പാദനം കാലഘട്ടത്തിന്റെ ആവശ്യമായിരിക്കുന്നു. ആയത് വമ്പിച്ച ഊർജ്ജാവശ്യം നിറവേറ്റുന്നതിന് പുറമെ പരിസ്ഥിതിയെ ഒട്ടും ബാധിക്കുന്നുമില്ല. ആയതിനാൽ തന്നെ പ്രസ്തുത ഊർജ്ജോത്പാദനത്തിന് കേന്ദ്രസർക്കാരുകളും സംസ്ഥാന സർക്കാരുകളും മുൻതൂക്കം നൽകിയിട്ടുമുണ്ട്. സൗരോർജ്ജത്തിന് പുറമെ വറ്റാത്ത ഉറവിടമാണ് കാറ്റിൽ നിന്നുള്ള ഊർജ്ജോത്പാദനം. കാറ്റിൽ നിന്നുള്ള ഊർജ്ജം വെള്ളം പമ്പു ചെയ്യുന്നതിനും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനും ഉപയോഗിക്കാം. കാറ്റാടി യന്ത്രങ്ങൾ രണ്ട തരത്തിലുണ്ട്. വെള്ളം നേരിട്ട് പമ്പു ചെയ്യുന്നവ കിണറ്റിന് മുകളിൽ സ്ഥാപിക്കുന്നതും വൈദ്യുതി ഉൽപാദിപ്പിക്കുന്നവ നന്നായി കാറ്റുള്ള സ്ഥലങ്ങളിലും സ്ഥാപിക്കപ്പെടുന്നു.

### ഫണ്ടിംഗ്

വെള്ളം പമ്പു ചെയ്യുന്ന കാറ്റാടി യന്തങ്ങൾ (മണിക്കൂറിൽ കുറഞ്ഞത് 12 കി.മീറ്റർ വേഗതയുള്ള കാറ്റുള്ള ,സ്ഥലങ്ങൾ) തീരപ്രദേശങ്ങളിൽ 3–4 മാസം വരെ മാത്രമെ ആവശ്യമായ വേഗതയിലുള്ള കാറ്റ് ലഭ്യമാകു എന്നതിനാൽ സാധാരണ തീരപ്രദേശങ്ങൾ അനുയോജ്യമല്ല.

1. മോഡൽ 12 ൗ 500 (12 ഇലകളുള്ള കാറ്റാടി യന്ത്രം) ഒരു ദിവസം 20000 ലിറ്റർ വെള്ളം പമ്പ് ചെയ്യാം. വില 70000 ക. , സബ്സിഡി 20000 ക.
2. മോഡൽ – ഗിയർ ഉള്ളവ
   20 മീ. ആഴത്തിൽ നിന്നും മണിക്കൂറിൽ 1000 ലിറ്റർ വെള്ളം പമ്പ് ചെയ്യാം.
   വില 80000 ക. , സബ്സിഡി 30000 ക.
3. മോഡൽ – ആരോവില്ലി
   15 മി. ആഴത്തിൽ നിന്നും മണിക്കൂറിൽ 40,000 ലി. വെള്ളം പമ്പ് ചെയ്യാം.
   വില 1,50,000. ക., സബ്സിഡി – 45000 ക. ബാക്കി ഗുണഭോക്തൃ വിഹിതം
   വൈദ്യുതി ഉല്പാദിപ്പിക്കുന്ന കാറ്റാടി യന്ത്രങ്ങൾ
   വിൻഡ് സോളാർ ഹൈബ്രിഡ് സിസ്റ്റം (സോളാർ പാനലും ചെറിയ കാറ്റാടി യന്ത്രവും ഒരുമിച്ചുള്ള യൂണിറ്റ്)

1.കി.വാട്ട് ശേഷിയുള്ളവയ്ക്ക് 2.5 ലക്ഷം രൂപ വില
സർക്കാർ സ്ഥാപനങ്ങൾക്ക് 1.5 ലക്ഷം സബസിഡി. മറ്റുള്ളവർ/ വ്യക്തികൾക്ക് 1 ലക്ഷം രൂപ സബ്സിഡി

### ലക്ഷ്യം

കാറ്റിൽ നിന്നും ഊർജ്ജോൽപാദവും വൈദ്യുതോൽപ്പാദവും പ്രോത്സാഹിപ്പിക്കൽ. പരിസ്ഥിതി സൗഹൃദങ്ങളായ ഊർജ്ജോത്പാദനം സാധ്യമാക്കൽ.

### ഗുണഭോക്താക്കൾ

തദ്ദേശ ഭരണസ്ഥാപനങ്ങൾ, വ്യക്തികൾ, കച്ചവടസ്ഥാപനങ്ങൾ, വ്യവസായശാലകൾ തുടങ്ങി ഏവർക്കും ഇതിന്റെ ഗുണഭോക്താക്കളാകാവുന്നതാണ്.

### പ്രവർത്തനങ്ങൾ

നന്നായി കാറ്റുള്ള സ്ഥലങ്ങളുടെ വിശദാംശം അനർട്ടിൽ അറിയിക്കുക. അവർ ഒരു വർഷത്തോളം വേഗത അളന്ന് 100 മീ. ഉയരമുള്ള ടവർ സ്ഥാപിച്ച് മീറ്റർ ഘടിപ്പിച്ച പഠനം നടത്തുന്നു. വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് മണിക്കൂറിൽ 16 കി.മീറ്റർ വേഗതയുള്ള കാറ്റ് ആവശ്യമാണ്. സ്ഥലം കണ്ടെത്തി സ്ഥിതികരിച്ചാൽ അംഗീകൃത ഏജൻസികൾ വഴി യന്ത്രം സ്ഥാപിക്കുന്നു. സബ്സിഡി കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകുന്നു.

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

തദ്ദേശസ്വയംഭരണസ്ഥാപനത്തിനകത്തുള്ള കാറ്റാടി യന്ത്രം സ്ഥാപിക്കാനുതകുന്ന പൊതു/സ്വകാര്യ സ്ഥലങ്ങൾ കണ്ടുപിടിച്ച് അനർട്ടിന് റിപ്പോർട്ട് ചെയ്യുകയും ഊർജ്ജം/വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുക. ഗ്രാമസഭയിൽ സാദ്ധ്യതയെക്കുറിച്ചും സ്കീമിനെക്കുറിച്ചും അവബോധം നൽകുക.

### പദ്ധതി സംയോജനം

ഊർജ്ജോൽപാദനം പാരമ്പര്യേതര ഉറവിടങ്ങളിൽ നിന്ന് ഉൽപാദിപ്പിക്കുന്നതിന് മറ്റ് ഊർജ്ജമേഖല പ്രോജക്ടുകളുമായി സംയോജിപ്പിക്കുകയും ഊർജ്ജോത്പാദനത്തിൽ സ്വയം പര്യപ്തത കൈവരിക്കുന്നതിന് ജനങ്ങൾക്ക് അവബോധം നൽകുന്നതിനുള്ള പ്രോജക്ടുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.

## III. സൗരോർജ്ജപദ്ധതി

### ആമുഖം

പാരമ്പര്യ ഊർജ്ജോത്പാദനം പരിമിതമായതിനാൽ സൗരോർജ്ജ ഉത്പാദനത്തിലേക്ക്  മാറേണ്ട സ്ഥിതിയിലേക്ക് ലോകം മുഴുവൻ ശ്രദ്ധതിരിക്കുകയാണ്. ഇന്ത്യൻ ജവഹർലാൽ നെഹ്റു നാഷ്ണൽ സോളാർ മിഷന്റെ നേതൃത്വത്തിൽ സൗര വൈദ്യുത, താപ പദ്ധതികൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച പ്രധാനപ്പെട്ട പദ്ധതിയാണ് സൗരോർജ്ജപദ്ധതി. അ.ഉ 2012 മുതൽ അ.ഉ 2012 വരെയുള്ള കാലയളവിൽ 20000 മെഗാവ്ട്ട് വൈദ്യുതോർജ്ജം ഉല്പാദിപ്പിക്കുവാൻ ഇത് ലക്ഷ്യമിടുന്നു.

## ഫണ്ടിംഗ്

കേന്ദാവിഷ്കൃത ഫണ്ട് – താഴെപറയുന്ന രീതിയിൽ ലഭ്യമാക്കാം. അപേക്ഷിക്കുന്നവർക്ക് മുൻഗണനാക്രമത്തിൽ ഒരു കിലോവാട്ട് മുതൽ 250 കി.വാട്ട് വരെ ശേഷിയുള്ള സൗരനിലയങ്ങൾ സ്ഥാപിക്കാം. പാനൽ, ബാറ്ററി, ഇൻവെർട്ടർ എന്നിവയാണ് ഭാഗങ്ങൾ. 2 ലക്ഷം മുതൽ 3 ലക്ഷം വരെ ചെലവ് വരുന്ന 1 കിലോ വാട്ട് നിലയത്തിന് 30% സബ്സിഡി ലഭ്യമാണ്. അല്ലെങ്കിൽ ഒരു വാട്ടിന് 81 രൂപ എന്നതിൽ ഏതാണോ കുറവ് ആയത് സബ്സിഡി നൽകുക. കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുള്ള ഉൽപാദകരും വിതരണക്കാരും ആണ് നിലയങ്ങൾ സ്ഥാപിക്കേണ്ടത്. ഉത്പാദകർ 5 വർഷം വാറണ്ടി നൽകേണ്ടതാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ സബ്സിഡിയായി 39000 രൂപയും ലഭ്യമാക്കാവുന്നതാണ്.

## ലക്ഷ്യം

സൗരോർജ്ജ ഉൽപാദനം പ്രോത്സാഹിപ്പിക്കൽ. വോൾട്ടേജ് ക്ഷാമം പരിഹരിക്കൽ ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറക്കുക.

## ഗുണഭോക്താവ്

പ്രത്യേക കാറ്റഗറി ഇല്ല. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഒരേപോലെ സബ്സിഡി ലഭ്യമാക്കാം.

## പ്രവർത്തനങ്ങൾ

സെറ്റിൽ ലഭ്യമായ അപേക്ഷാഫോമുകൾ പൂരിപ്പിച്ച് അനർട്ടിലെ ഓഫീസർ വഴി കേന്ദ്ര സർക്കാരിന് സമർപ്പിക്കണം. അനുമതി ലഭ്യമായതിനുശേഷം സൗരനിലയങ്ങൾ സ്ഥാപിക്കണം. സബ്സിഡി റി ഇംപേഴ്സ് ചെയ്യുന്നു.

## നിർവ്വഹണസ്ഥാപനം

ഗുണഭോക്താക്കൾ അംഗീകൃത ഉൽപാദകരെ/ഏജൻസികളെ നിയോഗിച്ച് നേരിട്ട് നിർവ്വഹണം നടത്തണം. വാറന്റിയും ഏജൻസികൾ ഗുണഭോക്താക്കൾക്ക് നൽകണം.

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്

സൗരോർജ്ജോൽപാദനത്തിന്റെ ആവശ്യകതയെ സംബന്ധിച്ചും പ്രയോജനത്തെക്കുറിച്ച് ഗ്രാമസഭവഴിയും അല്ലാതെയും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക. കെട്ടിട നിർമ്മാണ ചട്ടവുമായി ബന്ധപ്പെടുത്തി സൗരോർജ്ജ ഉൽപാദനം ഉറപ്പുവരുത്തണം. അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി അനർട്ടിൽ അറിയിക്കുക. ഉദാ. കൃഷിയ്ക്ക് ഉപയുക്തമല്ലാത്ത ചെങ്കൽ/പാറപ്രദേശം. സ്വകാര്യ/പൊതുസ്ഥലങ്ങളുടെ വിവരം (വിസ്തീർണം, പഞ്ചായത്ത് എന്നിവ) കായൽ, റിസർവോയർ എന്നിവയുടെ വിവരങ്ങൾ നൽകണം.

## പദ്ധതി സംയോജനം

തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ വിവിധ ഊർജ്ജോത്പാദന പദ്ധതികളുമായി ഇതിനെ സംയോജിപ്പിക്കാം.

# IV. ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ

### ആമുഖം

മാലിന്യം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രധാനപ്പെട്ട വിഷയമായി മാറിക്കൊണ്ടിരിക്കുന്നു. അതേസമയം മാലിന്യം ശരിയായി കൈകാര്യം ചെയ്തു തദ്ദേശഭരണസ്ഥാപനത്തെ മാലിന്യ വിമുക്തമാക്കുന്നതിന് അവർക്ക് കഴിയുന്നില്ല. മാലിന്യം തരം തിരിച്ച് ഉപയോഗിക്കുന്നപക്ഷം നമുക്ക് ആവശ്യമുള്ള ഊർജ്ജാവശ്യങ്ങളിൽ കുറേഭാഗം പൂർത്തീകരിക്കാനും സാധിക്കും. വികേന്ദ്രീകൃത മാലിന്യസംസ്ക്കരണം സാക്ഷാൽക്കരിക്കുന്നതിന്റെ പ്രധാന നടപടിയാണ് ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ. തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലയിൽ വരുന്ന ഒന്നാണ്.

### ഫണ്ടിംഗ്

കേന്ദ്രാവിഷ്കൃത വിഹിതം സബ്സിഡിയായി ലഭിക്കുന്നു ആയത് സംസ്ഥാന സർക്കാർ/അനർട്ട്/ഡിപ്പാർട്ട്മെന്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ/വ്യക്തികൾക്ക് ലഭ്യമാക്കുന്നു. താഴെപറയുന്ന രീതിയിൽ സബ്സിഡി ലഭ്യമാണ്.

1 ക്യു.മീറ്റർ പ്ലാന്റ് - ചെലവ് 22,000/- സബ്സിഡി - 4000 ക.
2 ക്യു. മീറ്റർ പ്ലാന്റ് - ചെലവ് 26,000/ സബ്സിഡി - 8000 ക

### ലക്ഷ്യം

1. ബയോഗ്യാസ് പ്ലാന്റുകൾ വീടുകൾതോറും സ്ഥാപിച്ച് പ്രദേശം മാലിന്യ വിമുക്തമാക്കൽ
2. ബയോഗ്യാസ് ഉൽപാദിപ്പിക്കുക വഴി വൈദ്യുതി ലാഭിക്കുക
3. ഫോസിലിന്ധന ഉപയോഗം കുറയ്ക്കുക

### ഗുണഭോക്താവ്

എല്ലാ ഗാർഹിക ഗുണഭോക്താക്കളും

### നിർവ്വഹണ ഏജൻസി

അനർട്ട്/തദ്ദേശസ്വയംഭരണസ്ഥാപനം

### പ്രവർത്തനങ്ങൾ

ആവശ്യമുള്ളവർ നേരിട്ട്/തദ്ദേശസ്വയംഭരണസ്ഥാപനം വഴി അപേക്ഷ നൽകുന്നു. മാലിന്യത്തിന്റെ അളവ് കണക്കിലെടുത്ത് പ്ലാന്റിന്റെ ശേഷി കണക്കാക്കുന്നു.

| | | | |
|---|---|---|---|
| ഉദാ. | 1 ക്യൂ. മീറ്റർ പ്ലാന്റ് | - 6þ12 kg/day | (2) |
| | 2 ക്യു. മീറ്റർ പ്ലാന്റ് | - 13þ24 kg/day | |
| | 1/2 or 3/4 ക്യു.മീറ്റർ പ്ലാന്റ് | - Below 5 kg/day | |

പ്ലാന്റ് സ്ഥാപിക്കുന്ന സബ്സിഡി കഴിച്ചുള്ള തുക ഗുണഭോക്താവിന്റ കയ്യിൽ നിന്നും ഈടാക്കുന്നു.

## തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

ഗുണഭോക്താക്കളെ കണ്ടെത്തൽ, ഉൽബോധനം നൽകൽ, പ്ലാന്റ് പ്രവർത്തനം ബോദ്ധ്യപ്പെടുത്തൽ, ഗുണങ്ങൾ പറഞ്ഞ് ബോദ്ധ്യപ്പെടുത്തൽ, എന്നിവ ഗ്രാമ സഭ/അയൽക്കൂട്ടം വഴി നടത്തി മുഴുവൻ പേർക്കും പ്ലാന്റ് ലഭ്യമാക്കൽ. ആയതിനുവേണ്ട തുക പദ്ധതിയിൽ ഉൾപ്പെടുത്തൽ, കേന്ദ്രാവിഷ്കൃതവിഹിതം ലഭ്യമാക്കൽ, അനർട്ടിന്/ഏജൻസിക്ക് ഗുണഭോക്താക്കളുടെ ലിസ്റ്റ് നൽകൽ.

## പദ്ധതി സംയോജനം

തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയ മാലിന്യ നിർമ്മാർജ്ജന ബയോഗ്യാസ് പ്ലാന്റ് പദ്ധതികളുമായും ഫണ്ടുമായും കേന്ദ്രാവിഷ്കൃത പദ്ധതിയെ സംയോജിപ്പിക്കുക.

*************************

CHAPTER

# XVII



# സാംസ്ക്കാരികം

# VII. സാംസ്ക്കാരിക വകുപ്പ്

## I. യുവകലാകാരൻമാർക്കുള്ള സ്കോളർഷിപ്പ്

### ആമുഖം

ഇന്ത്യയിലെ ശാസ്ത്രീയ സംഗീതം/നൃത്തം, തിയറ്റർ, മൈം, ദൃശ്യകലകൾ, നാടൻ - പാരമ്പര്യ കലകൾ , ലളിതഗാനം എന്നിവയിൽ ഉപരിപഠനം/പരിശീലനം ലഭിക്കുന്നതിന് അതാതു തലങ്ങളിൽ മികവ് തെളിയിച്ച ഭാവി വാഗ്ദ്ധാനങ്ങളായ യുവാക്കൾക്കാണ് ഈ സ്കോളർഷിപ്പ് നല്കുക. ഓരോ വർഷവും 400 എണ്ണമായി നിജപെടുത്തിയിരിക്കുന്നു.

### ഫണ്ടിംഗ്

മുഴുവൻ കേന്ദ്രാവിഷ്കൃത വിഹിതമാണ്. 2 വർഷത്തേക്ക് മാസം 500 രൂപവച്ച് സഹായം നല്കുന്നു.

### അർഹത

1. ഇന്ത്യൻ പൗരനായിരിക്കണം
2. ആവശ്യമായ പൊതു വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരിക്കണം (മിനിമം ബിരുദം)
3. ബന്ധപ്പെട്ട മേഖലയിലെ യോഗ്യതയുടെ തെളിവ് നല്കണം
4. അഞ്ചു വർഷം ഒരു ഗുരു/സ്ഥാപനത്തിൽ നിന്നും പരിശീലനം നേടിയിരിക്കണം.
5. ഏപ്രിൽ 1 ന് 18 വയസ്സ് തികഞ്ഞിരിക്കേണ്ടതും 25 വയസ്സ് കവിയാത്തതുമായിരിക്കണം.

### നിർവ്വഹണ സ്ഥാപനം

കേന്ദ്രസർക്കാരിന്റെ സാസംസ്ക്കാരിക മന്ത്രാലയം

### നടപടിക്രമങ്ങൾ

അപേക്ഷയോടൊപ്പം എസ്.എസ്.എൽ. സി യുടെയും ഡിഗ്രി/ഡിപ്ലോമയുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്പോർട്ട് സൈസ് ഫോട്ടോയും അയക്കണം. പെർഫോർമൻസിന്റെ ചിത്രങ്ങളും ആവശ്യമാണ്. ഒരു ദിവസം മൂന്ന് മണിക്കൂറെങ്കിലും പരിശീലനം നേടണം.2 വർഷത്തേക്ക് പ്രതിമാസം 500 രൂപയാണ് സാമ്പത്തിക സഹായം.

#### അപേക്ഷ അയക്കേണ്ട വിലാസം

സെക്ഷൻ ഓഫീസർ,ട & എ എസ് ആന്റ് എഫ് സെക്ഷൻ, സാസ്ക്കാരിക മന്ത്രാലയം, എൻ.എ.ഐ ബിൽഡിംഗ്,അനെക്സ്, രണ്ടാംനില, ജനപഥ്, ന്യൂഡെൽഹി - 110001

### തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

അർഹരായ ഗുണഭോക്താക്കളെ തദ്ദേശഭരണസ്ഥാപനത്തിൽ കണ്ടെത്തി ധനസഹായം ലഭ്യമാക്കുക, ഗ്രാമസഭ വഴി വേണ്ട പ്രചാരണവും അവബോധവും നല്കുക. അർഹതയുള്ള എല്ലാവരും അപേക്ഷിച്ചു എന്നും അവർക്ക് ധനസഹായം ലഭ്യമാക്കി എന്നും ഉറപ്പാക്കണം.

### പദ്ധതി സംയോജനം

അർഹതയുള്ള യുവകലാകാരൻമാരെ തിട്ടപ്പെടുത്തി കേന്ദ്രസഹായം ലഭ്യമാക്കുകയും ശേഷിക്കുന്നവർക്ക് തദ്ദേശഭരണസ്ഥാപനത്തിന്റെ ഫണ്ട് വിനിയോഗിച്ച് അനുവദിക്കാവുന്ന പ്രോത്സാഹനം നൽകുകയും അവരുടെ പദ്ധതികളുമായി ഏകോപിപ്പിക്കുകയും ചെയ്യാവുന്നതാണ്.

## II. സീനീയർ/ ജൂനിയർ ഫെല്ലോഷിപ്പ്

### ആമുഖം

സർഗ്ഗാത്മക/പരമ്പരാഗത കലകൾക്ക് നല്കുന്ന സാമ്പത്തിക സഹായമാണിത്. വിദ്യാർത്ഥികൾക്ക് കൊടുക്കുന്നതുപോലെയുള്ള ഗവേഷണാത്മക പ്രോജക്ടുകളാണിത്. പരിശീലനം, ശില്പശാല, സെമിനാർ എന്നിവ നടത്തുന്നതിനോ ഓർമ്മകൾ രേഖപ്പെടുത്തുന്നതിനോ ആത്മ ചരിത്രമെഴുതുന്നതിനോ ഉള്ളതിനല്ല ഈ പദ്ധതി.

### ഫണ്ട്

കേന്ദ്രസാംസ്ക്കാരിക വകുപ്പിന്റെ പൂർണ്ണ സാമ്പത്തിക സഹായം ഓരോ വർഷവും ഓരോ മാസവും 20000 രൂപ വീതമുള്ള 200 സീനിയിർ ഫെലോഷിപ്പും പ്രതിമാസം 10000 രൂപ വീതമുള്ള 200 ജൂനിയർ ഫെലോഷിപ്പും കൂടി ആ സാമ്പത്തിക വർഷം ആകെ 400 പേർക്ക്. ഇതുകൂടാതെ 80 പേർക്ക് തെരെഞ്ഞെടുക്കപ്പെട്ട പ്രോജക്ട് രേഖകൾ പ്രസിദ്ധികരിക്കുന്നതിന് പരമാവധി 20000 രൂപയോ പ്രസാദനചെലവിന്റെ 50% മോ ഒറ്റ തവണ ഗ്രാന്റായി നല്കും.

### ഗുണഭോക്താവ്

25 – 40 പ്രായപരിധിയിലുള്ളവർക്ക് ജൂനിയർ ഫെലോഷിപ്പും 40 വയസ്സിനു മുകളിലുള്ളവർക്ക് സീനിയർ ഫെലോഷിപ്പിനും അർഹതയുണ്ടാവും. സാംസ്ക്കാരിക വകുപ്പിന്റെ അവശ കലാകാര പെൻഷൻ വാങ്ങിക്കുന്നവർക്ക് സീനിയർ ഫെലോഷിപ്പിന് അർഹതയുണ്ടായിരിക്കില്ല. ഒരിക്കൽ ഫെലോഷിപ്പ് ലഭിച്ചവർക്ക് വീണ്ടും അർഹതയില്ല. പഴയ പ്രോജക്ട് അവസാനിപ്പിച്ച്  അഞ്ച് വർഷത്തിന് ശേഷം ജൂനിയർ കലാകാരൻമാർക്ക് സീനിയർ ഫെലോഷിപ്പിന് അപേക്ഷിക്കാം.

### ലക്ഷ്യം

25 വയസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് കലാരംഗത്തെ പ്രവർത്തനങ്ങൾക്ക് സഹായവും പ്രോത്സാഹനവും ലഭിച്ചവരുണ്ട്. എന്നാൽ വ്യത്യസ്ത മേഖലകളിൽ പ്രത്യകിച്ച് ഗ്രാമീണ/ആദിവാസി മേഖലകളിൽ മികവ് പുലർത്തുന്ന കലാപ്രതിഭകൾക്ക് കലാ-സാംസ്ക്കാരിക രംഗത്തെ സമകാലീന പ്രശ്നങ്ങളെ കൈകാര്യം ചെയ്യാനുള്ള സാങ്കേതിക കഴിവും പുതിയ ഗവേഷണ തന്ത്രങ്ങളെ അപഗ്രഥനാത്മകമായി പ്രയോഗിക്കാനുള്ള സിദ്ധിയും പ്രദാനം ചെയ്യുക എന്നതാണ് പ്രധാന ഉദ്ദേശ്യം. പുതുമയാർന്നതും (Innovative) വിഭിന്ന മേഖലകളുമായി പരസ്പരം ബന്ധപ്പെടുത്തുന്നതുമായിരിക്കണം പ്രോജക്ട്. വിഷയങ്ങൾ താഴെ ചേർത്തിരിക്കുന്നു.

1. ഇന്ത്യൻ സംസ്ക്കാരം (Indology)
2. ശിലാലിഖിതങ്ങൾ (Epigraphy)
3. സംസ്ക്കാരത്തിന്റെ സാമൂഹ്യശാസ്ത്രം

4. സാംസ്ക്കാരിക സാമ്പത്തിക ശാസ്ത്രം
5. സ്മാരകങ്ങളുടെ ഘടനാത്മകവും സാങ്കേതികവുമായ വശങ്ങൾ
6. നാണയ പഠനം
7. പുരാവസ്തു സംരക്ഷണത്തിന്റെ ശാസ്ത്ര-സാങ്കേതിക രീതികൾ
8. കലയുടേയും പൈതൃകത്തിന്റേയും സർഗ്ഗാത്മകതയുടേയും മേഖലകളിൽ ശാസ്ത്ര - സാങ്കേതിക വിദ്യ പ്രയോഗിക്കുന്നതു സംബന്ധിച്ച പഠനങ്ങൾ
   ഈ വിഷയം ഏറ്റെടുക്കുന്നതിന് ബിരുദമാണ് കുറഞ്ഞ യോഗ്യത.

### പൊതു മേഖലകൾ

1. അനുഷ്ഠാന കലകൾ (സംഗീതം, നൃത്തം, തിയറ്റർ - പാവനാടകം ഉൾപ്പെടെ, നാടൻ/ പാരമ്പര്യ കലകൾ)
2. സാഹിത്യകലകൾ (യാത്രാവിവരണം, സാഹിത്യത്തിന്റെ ചരിത്രവും സിദ്ധാന്തവും)
3. പ്ലാസ്റ്റിക് ആർട്ട്സ് (ഗ്രാഫിക്സ്/ശില്പം/പരമ്പരാഗത പെയിന്റിംഗിനെ സംബന്ധിച്ച നാടൻ പെയന്റിംഗ് ഉൾപ്പെടുന്ന പെയിന്റിംഗ്)

### നിബന്ധനകൾ

1. ഉദ്യോഗസ്ഥർ മേലധികാരികൾ മുഖേന അപേക്ഷിക്കണം.
2. ഫെലോകൾ 6 മാസം കൂടുമ്പോൾ പുരോഗതി റിപ്പോർട്ട് സമർപ്പിക്കണം അല്ലാത്തപക്ഷം ഫെലോഷിപ്പ് നല്കുന്നതല്ല.
3. അക്കാദമികമായി പ്രയോജന സാധ്യതയുള്ള ഗവേഷണം നടത്തണം
4. രണ്ടു വർഷത്തിനുള്ളിൽ പ്രോജക്ട് പൂർത്തീകരിക്കണം. അതിനുശേഷം ആവശ്യമെങ്കിൽ സാമ്പത്തിക സഹായമില്ലാതെ മൂന്ന് മാസത്തെ സമയം അനുവദിക്കുന്നതാണ്.
5. വാർഷിക വിലയിരുത്തലിനുശേഷമായിരിക്കും തുടർന്നുള്ള സാമ്പത്തിക ആനുകൂല്യം.

### നടപടിക്രമം

1. നിശ്ചിത ഫോറത്തിൽ അപേക്ഷിക്കാം
2. വിശദമായ പ്രോജക്ട് നിർദ്ദേശം അടക്കം ചെയ്തിരിക്കണം.
3. ഉദ്യോഗസ്ഥർ 2 വർഷത്തെ ലീവ് എടുക്കേടതുണ്ട്. ആയതിന്റെ അനുമതി സമർപ്പിച്ചാൽ മാത്രമെ ആദ്യഗഡു തുക ലഭിക്കുകയുള്ളു.
4. വിദഗ്ദ്ധ സമിതിയാണ് അർഹരായവരുടെ കരട് ലിസ്റ്റ് തയ്യാറാക്കുക.
5. മുഖാമുഖത്തിന്റെ അടിസ്ഥാനത്തിലാണ് ജൂനിയർ ഫെലോകളെ തെരെഞ്ഞെടുക്കുക.

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണസ്ഥാപനങ്ങളിലെ അർഹരായവരെ കണ്ടുപിടിച്ച് ആനുകൂല്യം ലഭ്യമാക്കി വേണ്ടത്ര പ്രചാരണം ഗ്രാമസഭ വഴി നല്കുക. അവബോധം ഉണ്ടാക്കുക.

### പദ്ധതി സംയോജനം

തദ്ദേശഭരണസ്ഥാപനത്തിന്റെ വികസനരേഖയിൽ പ്രസ്തുത കലാകാരൻമാരെ കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളിക്കാം. അർഹതയുള്ളവരുടെ സ്ഥിതി വിവര കണക്ക് പ്രസിദ്ധീകരിക്കാം ആനുകൂല്യം നല്കുന്നവർക്ക് മറ്റ് അനുവദനീയമായ പ്രോത്സാഹനം തദ്ദേശഭരണ പരിധിയിലുൾപ്പെടുത്താം.

# III. അവശത അനുഭവിക്കുന്ന കലാകാരൻമാർക്കുള്ള പെൻഷൻ ഗ്രാന്റ്

## ആമുഖം

സവിശേഷ കലാരംഗങ്ങളിൽ മികവ് പുലർത്തുന്നവരും എന്നാൽ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവരുമായ കലാകാരൻമാർക്കുള്ള സമാശ്വാസമാണിത്. ഗുണഭോക്താവിന്റെ മരണശേഷം ഭാര്യ /ഭർത്താവിന് മരണം വരെയും ആശ്രിതർക്ക് വിവാഹം/ജോലി കിട്ടുക/21 വയസ്സ് വരെയോ ലഭിക്കും. ആശുപത്രിയിലാകുന്ന കലാകാരൻമാർക്ക് അത്തരം ചെലവുകൾക്കായി പെൻഷൻ തുക മുൻകൂറായും നല്കാൻ സാധ്യതയുണ്ട്.

## വിഭവ സ്രോതസ്സ്

1. 58 വയസ്സായിരിക്കണം
2. പ്രതിമാസ വരുമാനം 4000/- രൂപയിൽ അധികമാകരുത്. (ഗസറ്റഡ് ഓഫീസർ/മജിസ്ട്രേറ്റ്/എം.പി/എം.എൽ.എ/കൗൺസിലർ/തഹസിൽദാർ സാക്ഷ്യപ്പെടുത്തണം (നിശ്ചിത മാതൃകയിൽ)
3. മേൽ പറഞ്ഞവരിലാരെങ്കിലും സാക്ഷ്യപ്പെടുത്തിയ നിശ്ചിത മാതൃകയിലുള്ള ലൈഫ്/വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
4. നിർദ്ദിഷ്ട മേഖലയിലെ വൈദഗ്ദ്ധ്യം/അംഗീകാരം സംബന്ധിച്ച സാക്ഷിപത്രം/ബയോഡാറ്റ.
5. അപേക്ഷകന്റെ അക്കൗണ്ട് സംബന്ധിച്ച ബാങ്കിന്റെ അധികാരപത്രം
6. ബന്ധപ്പെട്ട അക്കാദമികൾ വഴി സംസ്ഥാന ഗവൺമെന്റിന്റെ ശുപാർശയോടെയാണ് പെൻഷൻ പരിഗണിക്കുക.

## നടപടിക്രമങ്ങൾ

നിശ്ചിത ഫോറത്തിലുള്ള അപേക്ഷ നിർദ്ദിഷ്ട മേഖലകളിലുള്ള സംസ്ഥാന അക്കാദമികളിലാണ് സമർപ്പിക്കേണ്ടത്. ഇതിനായി നിയോഗിക്കുന്ന വിദഗ്ദ്ധ സമിതി സംസ്ഥാന-കേന്ദ്ര ക്വാട്ട നിശ്ചയിക്കുകയും കേന്ദ്രസർക്കാരിന്റെ വിഹിതം നേരിട്ട് ഗുണഭോക്താവിന് നല്കുകയും ചെയ്യുന്നു. ഇതുപോലെ തന്നെ സംസ്ഥാന വിഹിതവും അനുവദിക്കേണ്ടതാണ്. എല്ലാവർഷവും നല്കുന്ന ലൈഫ്/വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് പെൻഷന്റെ കാലയളവ് നിശ്ചയിക്കുക.വരുമാനം വർദ്ധിക്കുകയോ സർക്കാരിന്റെ മൂന്നുമാസം മുൻകൂർ നോട്ടീസ് നല്കിയോ പെൻഷൻ നിറുത്തുന്നതാണ്.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

അർഹതയുള്ളവരെ കണ്ടുപിടിച്ച് ആനുകൂല്യം ലഭ്യമാക്കുന്നതിന് സഹായിക്കുക, ഗ്രാമസഭ വഴിയും മറ്റ് തരത്തിലും അറിവ് നല്കുക. യഥാസമയം ആനുകൂല്യം നേടിയെടുക്കുന്നതിന് സഹായിക്കുക.

## പദ്ധതി സംയോജനം

അവശതയനുഭവിക്കുന്ന കലാകാരൻമാരെ ക്കുറിച്ചുള്ള വിവരങ്ങൾ വികസനരേഖയിലുൾപ്പെടുത്താം. കേന്ദ്രാനുകൂല്യം ലഭിക്കുന്നവർക്ക് പദ്ധതിയിലുൾപ്പെടുത്തി അനുവദനീയമായ ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കണം.

## IV. കലാ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ്.

**ആമുഖം**

സംഗീതം, നൃത്തം, നാടകം എന്നീ മേഖലകളിലെ ഗവേഷണം, സർഗ്ഗ അവതരണം, പരിശീലനം മുതലായവ പ്രോത്സാഹിപ്പിക്കുന്നതിനായി സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും കേന്ദ്രസംഗീത നാടക അക്കാദമി നല്കുന്ന ഗ്രാന്റ്.

**ഫണ്ട്**

കേന്ദ്രസർക്കാർ ഫണ്ട്. നാമമാത്രമായ (പരമാവധി 10000, 20000 രൂപ) ധനസഹായമാണ് ലഭിക്കുക. തികയാത്ത ഫണ്ട് ഗുണഭോക്തൃ സ്ഥാപനം കണ്ടെത്തണം.

**അർഹത**

രജിസ്റ്റർ ചെയ്ത സന്നദ്ധ സംഘടനകൾക്കും മുകളിൽ സൂചിപ്പിച്ച മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും അപേക്ഷിക്കാം

**പ്രവർത്തനങ്ങൾ**

നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറത്തിലാണ് അപേക്ഷിക്കേണ്ടത്. സ്ഥാപനത്തിന്റെ പ്രവർത്തന റിപ്പോർട്ട് , ഓഡിറ്റ് ചെയ്ത് അക്കൗണ്ട്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്,മുതലായവ ഉള്ളടക്കം ചെയ്യണം. കേരള സംഗീത നാടക അക്കാദമി/ സംസ്ഥാന സാംസ്ക്കാരിക വകുപ്പ് വഴിയാണ് അപേക്ഷിക്കേണ്ടത്. വിശദമായ പ്രോജക്ട് റിപ്പോർട്ട് വേണം. പരിശീലനമാണെങ്കിൽ അദ്ധ്യാപകരുടെ യോഗ്യത, ശമ്പളം തുടങ്ങിയവ ചേർക്കണം, സംഗീതം, ഉപകരണങ്ങൾ, നൃത്തം, നാടകം/ പാവകളി തുടങ്ങിയവയ്ക്ക് പ്രത്യേകം ഫോറം കൂടി ചേർക്കണം.

**തദ്ദേശഭരണസ്ഥാപനങ്ങളുടെ പങ്ക് / സംയോജനം**

തദ്ദേശഭരണസ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന സന്നദ്ധ സംഘടനകൾക്ക് അവരുടെ കലാപ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം കണ്ടെത്താനാകും പഞ്ചായത്തിന്റെ വിജ്ഞാപനങ്ങളിലും ഗ്രാമസഭകളിലും സ്റ്റേക്ക് ഹോൾഡർമാരുടെ യോഗത്തിലും ഇക്കാര്യം അറിയിക്കാവുന്നതാണ്. അങ്ങനെ കലാസാംസ്ക്കാരിക പ്രവർത്തനങ്ങളിൽ ഇത് ഒരു കൈ താങ്ങാവും.

കൂടുതൽ ധനസഹായമാവശ്യമുള്ള പ്രോജക്ടുകൾ കേന്ദ്ര സംഗീത നാടക അക്കാദമി വഴി കേന്ദ്ര സാംസ്ക്കാരിക വകുപ്പിന് അയക്കാവുന്നതാണ്. തഞ്ചാവൂരിൽ സൗത്ത് സോൺ കൾച്ചറൽ സെന്ററിൽ നിന്നും (വഴിയും) സാമ്പത്തിക സഹായം ലഭിക്കും.

## V. ടാഗോർ സാംസ്ക്കാരിക സമുച്ചയം

**ആമുഖം**

നാടകാവതരണത്തിന് ഇടം കണ്ടെത്താനുള്ള പ്രയാസം ഈ രംഗത്തെ പിറകോട്ടടിക്ക് ഒരു കാരണമാണ്. പുതിയ തിയറ്റർ നിർമ്മാണവും നിലവിലുള്ളതിന്റെ നവീകരണവും ഒരു പോലെ പ്രധാനം. ഈ കുറവ് പരിഹരിക്കാൻ സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൽക്കും

കേന്ദ്ര സാംസ്ക്കാരിക വകുപ്പും നൽകുന്ന ഗ്രാന്റാണിത്. ശബ്ദ ദീപാ വിതാനം, ഫർണീച്ചർ, തിയ്യറ്റർ നവീകരണ സാമഗ്രികൾ, ചമയങ്ങൾ, ഓഡിയോ, വീഡിയോ ഉപകരണങ്ങൾ എന്നിവക്കും ഇതുപയോഗിക്കാം.

### ഫണ്ട്

പദ്ധതിയുടെ 60 ശതമാനം കേന്ദ്രസാംസ്ക്കാരിക വകുപ്പ് നൽകും. 40 ശതമാനം തുക ഗുണഭോക്തൃ സ്ഥാപനം കണ്ടെത്തണം. ഇത് തെളിയിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റ്/സി.എ.യുടെ സർട്ടിഫിക്കറ്റ്, ലോൺ അനുവദിച്ച സാക്ഷ്യപത്രം, ഏതെങ്കിലും സർക്കാരി വകുപ്പുകൾ അനുവദിക്കുന്ന ഫണ്ട് അനുവദിച്ച കത്ത് എന്നിവ വെക്കണം.

### അർഹത

1. Bttp : ngo.india.gov.in എന്ന NGO പാർട്ട്നർഷിപ്പ് സിസ്റ്റത്തിൽ സ്ഥാപനം/സംഘടന signup ചെയ്യണം.
2. ദേശീയ /സംസ്ഥാന സർക്കാർ സ്ഥാപനം/അക്കാദമിയുടെ ശുപാർശ വേണം.
3. സന്നദ്ധസംഘടനകൾ/തദ്ദേശസ്ഥാപനങ്ങൾ/യൂണിവേഴ്സിറ്റി/കോളേജുകൾ/സർക്കാർ സ്ഥാപനങ്ങൾ എന്നിവക്ക് അപേക്ഷിക്കാം.

### നടപടിക്രമം

1. നിശ്ചിത പ്രഫോർമയിൽ സംഘടനകളുടെ തീരുമാനം, 20 രൂപ മുദ്രപത്രത്തിലുള്ള ഉടമ്പടി, ബാങ്കിന്റെ അധികാര പത്രം തുടങ്ങിയവയോടൊപ്പം സ്ഥാപനത്തിന്റെ നിയമാവലി കണക്കുകൾ, പാൻകാർഡ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ കൂടി നിർദ്ദിശ്ട അപേക്ഷയോടൊപ്പം സമർപ്പിക്കണം. ഇനി പറയുന്ന വിശദാംശങ്ങളും വേണം.
   a. നിലവിലുള്ളതിന്റെയോ പുതിയതിന്റെയോ ബിൽഡിംഗ് പ്ലാൻ
   b. സൗകര്യങ്ങളുടെ/സാധനങ്ങളുടെ/കെട്ടിടത്തിന്റെ എസ്റ്റിമേറ്റ്
   c. പൂർത്തീകരിക്കുന്നതിന്റെ സമയപരിധി
   d. പൂർത്തീകരണത്തിനുശേഷമുള്ള നടത്തിപ്പ്, ആവർത്തന ചെലവുകൾ, അറ്റകുറ്റപണികൾ എന്നിവ സംബന്ധിച്ച കുറിപ്പ്
   e. ഭൂമിയുടേയും പുതിയതാണെങ്കിൽ പ്ലാനും, നിലവിലുള്ളതാണെങ്കിൽ അവയുടെ വിവരങ്ങളും.

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പങ്ക്/സംയോജനം

പഞ്ചായത്തുകൾക്കോ അവിടുത്തെ സാംസ്ക്കാരിക സ്ഥാപനങ്ങൾക്കോ സംഘടനങ്ങൾക്കോ ഈ ധനസഹായം ഉപയോഗപ്പെടുത്താവുന്നതാണ്. ഏതു സമയത്തും ഈ ഗ്രാന്റിന് അപേക്ഷിക്കാം. മാച്ചിംഗ് ഗ്രാന്റ് ഉള്ളതിനാൽ തദ്ദേശസ്ഥാപനങ്ങളും സംഘടനകലും അവരുടെ വിഹിതം സ്വന്തം ബജറ്റിൽ നിന്നും കണ്ടെത്തേണ്ടതുണ്ട്. ത്രിതല പഞ്ചായത്തുകൾക്ക് പ്രചരണത്തിനായി അവരുടെ നെറ്റ് വർക്ക് ഉപയോഗിക്കാം.

### വിലാസം

Section Officer, (Performing Arts)
Ministry of Culture, Goverment of India,
Central Secretary Library (Ground Floor),
Shastri Bhavan, New Delhi - 110115

CHAPTER

# XVIII



# പ്രത്യേക സ്കീമുകൾ

# XVIII. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ട് അടിസ്ഥാനത്തിൽ പണം ലഭ്യമാക്കാവുന്ന പ്രത്യേക സ്കീമുകൾ

ദാരിദ്ര്യ നിർമ്മാർജ്ജനം, അടിസ്ഥാന സൗകര്യ വികസനം, സ്വയം തൊഴിൽ സംരംഭങ്ങളും സൂക്ഷ്മ സംരംഭങ്ങളും രൂപീകരണം തുടങ്ങിയ വിവിധ വികസന പ്രവർത്തനങ്ങൾക്കായി നിരവധി കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പൊതുവെ മൂന്ന് രീതിയിലാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.

1. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലൂടെ മാത്രം.
2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിവിധ വകുപ്പുകളും സംയുക്തമായി.
3. വിവിധ വകുപ്പുകളും ഏജൻസികളും വഴി മാത്രം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് സാമാന്യ ധാരണ എല്ലാവർക്കും ഉണ്ടണ്ടാകും. എന്നാൽ വിവിധ വകുപ്പുകൾ മാത്രമായി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചുള്ള അറിവ് പരിമിതമാണ്.

ഇതോടൊപ്പം തന്നെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഒരു നിശ്ചിത ശതമാനം തുക വിശേഷാൽ പ്രോജക്ടുകൾക്കായി നീക്കിവെച്ചിരിക്കുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ സംസ്ഥാന സർക്കാരുകൾ എന്നിവർക്ക് പ്രത്യേക പ്രോജക്ടുകൾ സമർപ്പിക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം, തൊഴിൽ വൈദഗ്ദ്ധ്യപോഷണം തുടങ്ങിയ മേഖലകളിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിബന്ധനകൾക്കനുസൃതമായി പ്രോജക്ടുകൾ ആവിഷ്ക്കരിക്കാം. ഇത്തരം പ്രോജക്ടുകൾ സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെ കേന്ദ്രാ സർക്കാരിന് സമർപ്പിച്ച് അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കാവുന്നതാണ്. സമഗ്ര പദ്ധതികൾക്കാണ് കേന്ദ്ര സർക്കാർ മുൻഗണന നൽകുന്നത്.

ഇത്തരം വിശേഷാൽ പ്രോജക്ടുകൾ നൽകാൻ കഴിയുന്ന പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികൾ താഴെ ചേർക്കുന്നു.

1. സമ്പൂർണ്ണ ഗ്രാമ സ്വറോസ്ഗാർ യോജന (SGSY)/ ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM)
2. പുര (പ്രൊവൈഡിംഗ് അർബൻ അമിനിറ്റീസ് ഇൻ റൂറൽ ഏരിയാസ്)
3. സംയോജിത നീർത്തട പരിപാലന പ്രോജക്ട് (IWMP)
4. റൂറൽ ഇൻഫ്രാ സ്ടക്ച്ചർ ഡവലപ്പ്മെന്റ് ഫണ്ടണ്ട് (RIDF)
5. അഗ്രികൾച്ചറൽ ടെക്നോളജി ആന്റ് മാർക്കറ്റിംഗ് ഏജൻസി (ആത്മ)
6. . ഇന്റഗ്രേറ്റഡ് പ്രോഗ്രാം ഫോർ ഓൾഡർ പേഴ്സൻ
7. രാജീവ് ഗാന്ധി പഞ്ചായത്ത് ശാക്തീകരൺ അഭിയാൻ

## 1 (i) സമ്പൂർണ്ണ ഗ്രാമ സ്വറോസ്ഗാർ യോജന (SGSY)

IRDP + TRYSEM+SITRA+MWS+GKY എന്നീ പദ്ധതികൾ സംയോജിപ്പിച്ച് 1999 ൽ ആരംഭിച്ചു. മൊത്തം തുകയുടെ 15 % പ്രോജക്ടുകൾക്ക് മറ്റു വകുപ്പുകൾ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ , അന്തർ ദേശീയ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കാം. ഒരു ജില്ലയ്ക്ക് മുഴുവനായോ ഒന്നിലധികം ജില്ലകൾ ചേർന്നോ ആകാം. പ്രോജക്ട് തയ്യാറാക്കി സംസ്ഥാന സർക്കാർ വഴി കേന്ദ്ര സർക്കാരിന് സമർപ്പിക്കണം.

ഉദാ.

1. ' സുഭിക്ഷ', പേരാമ്പ്ര (നാളികേര അധിഷ്ഠിത മൂല്യ വർദ്ധിത ഉത്പന്നങ്ങൾ)

2. മെഡിക്കോം, കഞ്ഞിക്കുഴി (കയറുത്പന്നങ്ങൾ, ചകിരിയുത്പന്നങ്ങൾ, കുട നിർമ്മാണം, റെഡിമെയ്ഡ് ഷർട്ടുകൾ)

## (ii) ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM)

1999 ൽ ആരംഭിച്ച എസ്.ജി.എസ്. വൈ പദ്ധതി 2010 മുതൽ ദേശീയ ഗ്രാമീണ ഉപജീവ നമിഷൻ കീഴിൽ നടപ്പിലാക്കി വരുന്നു. സ്വയം തൊഴിൽ, വൈദഗ്ദ്ധ്യ പോഷണം എന്നിവ പ്രധാന ലക്ഷ്യങ്ങളാണ്. ദുർബല ജനവിഭാഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കു ന്നതിനും (സ്വയം തൊഴിൽ വഴി) അതു വഴി ദാരിദ്ര്യനിർമ്മാർജ്ജനം സാദ്ധ്യമാക്കി അവരെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരുന്നതിനും പദ്ധതി ലക്ഷ്യമിടു ന്നു. സ്വയം സഹായ സംഘങ്ങൾ വഴി സാമൂഹ്യ ശാക്തീകരണം ഇതിനാവശ്യമാണ്. സ്വയം തൊഴിൽ, വൈദഗ്ദ്ധ്യ പോഷണം എന്നിവ ഇതുവഴി ലക്ഷ്യമിടുന്നു.

പ്രോജക്ട് രൂപീകരണം - പ്രത്യേക പ്രോജക്ടുകൾ രൂപീകരിക്കാം. പരിശീല നവും കാര്യശേക്ഷി വികസനവും സംബന്ധിച്ച പ്രോജക്ടുകൾക്ക് രൂപം നൽകാം. ഇതുവഴി തൊഴിൽ സാദ്ധ്യതാ പ്രോജക്ടുകളുടെ രൂപീകരണം സാദ്ധ്യമാക്കണം.

ഉദാ. എം.കെ.എസ്.പി.( മഹിള കിസാൻ ശാക്തീകരൺ പരിയോജന). പ്രോജക്ട് രൂപീകരണം റിസോഴ്സ് ഏജൻസികൾ വഴി നടത്താവുന്നതാണ്. തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ ആരംഭിച്ചിരിക്കുന്നു.(ഗ്രീൻ ആർമി, വടക്കാഞ്ചേരി മോഡൽ)

### 2 . പുര (പ്രൊവൈഡിംഗ് അർബൻ അമിനിറ്റീസ് ഇൻ റൂറൽ ഏരിയാസ്)

തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ മാത്രം (വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാ ക്കണം.)

### 3. സംയോജിത നീർത്തട പരിപാലന പ്രോജക്ടv (IWMP)

2008 ൽ ആരംഭിച്ച സംയോജിത നീർത്തട പരിപാലന പദ്ധതിയാണിത്. ഹരിയാലി, ഐ.ഡബ്ല്യു.ഡി.പി (ഇൻഡഗ്രേറ്റഡ് വേയ്സ്റ്റ് ലാന്റ് പ്രോഗ്രാം)എന്നിവ സംയോജിപ്പിച്ചാണ് ഈ പദ്ധതി ആരംഭിച്ചത്.

കേന്ദ്ര സർക്കാർ ജില്ലാ പഞ്ചായത്ത് ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് വഴി ബ്ലോക്ക് പഞ്ചായത്തുകൾ പണം നൽക്കുന്നത്. ഗ്രാമപഞ്ചായത്തുകൾ വഴി നീർത്തട കമ്മിറ്റികൾക്ക് പണം നൽകുന്നു. ഒരു ഹെക്ടറിന് 15,000 രൂപയും സമതല പ്രദേശങ്ങളിൽ 12,000 രൂപയും അനുവദിക്കുന്നു. പദ്ധതി തയ്യാറാക്കി സംസ്ഥാന സർക്കാർ വഴി കേന്ദ്ര സർക്കാരിന് അയച്ച് പദ്ധതി അംഗീകരിക്കയും ഫണ്ടണ്ട് ലഭ്യമാക്കയും ചെയ്യുന്നു. ബ്ലോക്ക് പഞ്ചായത്തുകളാണ് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുകൾ. ഡി.പി.ആർ തയ്യാറാക്കുന്നതിനായി സ്ഥാപനങ്ങളെ സംഘടനകളെ നിയോഗിക്കാവുന്നതാണ്. 3 വർഷത്തിനുള്ളിൽ പദ്ധതി നിർവ്വഹണം നടത്ത ണം. വാർഷിക പദ്ധതിയും തയ്യാറാക്കണം. പി.ഐ.എ പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസി ഇവയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ നീർത്തട കമ്മിറ്റി, നീർത്തട അയൽക്കൂട്ടം എന്നിവ രാണ് എല്ലാ പ്രവർത്തികളും നടത്തേണ്ടത്. പ്രവർത്തികൾ സ്കിൽഡ് ലേബർ ഗ്രൂപ്പ്, എം ജി എൻ ആർ ഇ ജി എസ്, ലേബർ ടീം. വഴി മോണിറ്ററിംഗ് ത്രിതല പഞ്ചായത്തുകളാണ് നിർവ്വഹി ക്കുന്നത്.

## 4. റൂറൽഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് ഫണ്ടണ്ട് (RIDF)

നബാർഡ് വായ്പ ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം സാദ്ധ്യമാക്കുന്ന പദ്ധതി. വിശദമായ പ്രോജക്ടുകൾ തയ്യാറാക്കി സംസ്ഥാന സർക്കാർ ഡിപ്പാർട്ട്മെന്റുകൾ നോഡൽ ഏജൻസിയായ ഫിനാൻസ് ഡിപ്പാർട്ട്മെന്റ് വഴി നബാർഡിന്റെ റീജനൽ ഓഫീസിൽ സമർപ്പിക്കുകയും സാംഗ്ഷൻ ലഭ്യമാക്കുകയും ചെയ്യുന്നു. സംസ്ഥാന ഗവൺമെന്റ് മൂന്നാം വർഷം മുതൽ ഏഴ് വർഷത്തിനുള്ളിൽ നബാർഡിന് പേയ്മെന്റ് നൽകുന്നു. റിസർവ്വ് ബാങ്ക് നിർദ്ദേശിച്ച പലിശയും 31 പ്രവർത്തികൾക്ക് തുക ലഭ്യമാണ്. അവയിൽ ചിലത് താഴെ കൊടുക്കുന്നു.

1. ഗ്രാമീണ റോഡുകൾ
2. ഗ്രാമീണ പാലങ്ങൾ
3. ചെറുകിട ജലസേചന പ്രോജക്ടുകൾ
4. മണ്ണ് സംരക്ഷണം
5. വെള്ളപ്പൊക്ക നിയന്ത്രണം
6. നീർത്തട വികസനം
7. വനവികസന പരിപാടികൾ
8. സാമൂഹ്യജലസേചന സംവിധാനങ്ങൾ
9. അറവുശാലകൾ
10. ഫിഷിംഗ് ഹാർബറുകൾ
11. കുടിവെള്ളം
12. പൊതുജനാരോഗ്യകേന്ദ്രങ്ങൾ

## 5. അഗ്രികൾച്ചറൽ ടെക്നോളജി ആന്റ് മാർക്കറിറിംഗ് ഏജൻസി (ആത്മ)

കൃഷി വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി. കർഷകർക്കും കർഷക തൊഴിലാളികൾക്കും സാങ്കേതിക പരിശീലനം നൽകി ഉത്പാദന വർദ്ധനവും തൊഴിലും സാദ്ധ്യമാക്കൽ. യന്ത്രവത്ക്കരണ സാദ്ധ്യതകൾ, തൊഴിലാളി ക്ഷേമം പരിഹരിക്കൽ എന്നിവ ലക്ഷ്യമിടുന്നു. ഉദ. ഗ്രീൻ ആർമി, വടക്കാഞ്ചേരി,മോഡൽ)

## 6. ഇന്റഗ്രേറ്റഡ് പ്രോഗ്രാം ഫോർ ഓൾഡർ പേഴ്സൻസ്

സന്നദ്ധ സംഘടനകൾക്കൊപ്പം പഞ്ചായത്താരാജ് സ്ഥാപനങ്ങൾക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാം. വയോജനങ്ങളുടെ ജീവിത ഗുണമേൻമ ഉയർത്തുന്നതിന് പരിചരണ- സുരക്ഷ- സേവനങ്ങൾ ഏർപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണിത്. പ്രവർത്തനങ്ങൾക്ക് 90 % ഗ്രാന്റ് ലഭ്യമാക്കാം. 17 പ്രോജക്ടുകൾ ഇവയുടെ കീഴിൽ വരുന്നു. സാമൂഹ്യ ക്ഷേമ വകുപ്പു മുഖേന അപേക്ഷകൾ സമർപ്പിക്കണം. ആവർത്തനകാര്യങ്ങൾക്കും ഗ്രാന്റ് ലഭ്യമാക്കാം. ഉദാ. വൃദ്ധ സദനങ്ങൾ, കെയർ ഹോംസ്, മൾട്ടി സർവ്വീസ് സെന്റർ, ഡേകെയർ സെന്റ്ർ, മെന്റൽ ഹെൽത്ത് കെയർ സെന്റർ എന്നിവ

## 7. രാജീവ് ഗാന്ധി പഞ്ചായത്ത് ശാക്തീകരൺ അഭിയാൻ

ഈ സ്കീം അനുസരിച്ച് പഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിട നിർമ്മാണത്തിന് (12 ലക്ഷം), പ്രിപ്പയർ (3 ലക്ഷം) ലഭിക്കുന്ന നടപ്പാക്കാൻ പോകുന്ന പദ്ധതിയാണ്. സംസ്ഥാന സർക്കാർ വഴി അപേക്ഷ നൽകണം.

************************

CHAPTER

# XIX



# ബാങ്കിംഗ് രംഗം

# XIX. ബാങ്കിംഗ് രംഗം

രാജ്യത്തിന്റെ പുരോഗതിക്ക് ബാങ്കുകളുടെ പങ്കാളിത്വം അത്യന്താപേക്ഷിതമാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജന – തൊഴിൽ ദാന പദ്ധതികൾ വിജയിക്കണമെങ്കിൽ ഗുണഭോക്താവിന് സർക്കാരുകൾ നൽകുന്ന സാമ്പത്തിക സഹായത്തിനുപരിയായി ബാങ്ക് വായ്പ കൂടി ലഭ്യമാക്കണം. ഇത് ലക്ഷ്യമിട്ടാണ് കേന്ദ്രസർക്കാർ 1969 ൽ 14 വൻകിട ബാങ്കുകൾ ദേശസാത്ക്കരിക്കുകയും, അവയെ പൊതു മേഖലയിൽ കൊണ്ടുവരുകയും ചെയ്തത്. 1980 വീണ്ടും 6 വൻകിട ബാങ്കുകൾ കൂടി ദേശസാൽക്കരിച്ചു. ഈ വിധത്തിൽ ദേശസാൽക്കരിക്കപ്പെട്ട ബാങ്കുകളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും അതിന്റെ അസോസിയേറ്റ് ബാ്കുകൾ ഉൾപ്പെടെ ഭൂരിഭാഗം ബാങ്കുകളും പൊതുമേഖലയിൽ വന്നതോടെ സർക്കാരിന്റെ പദ്ധതികൾ നടപ്പിലാക്കുന്നത് കൂടുതൽ എളുപ്പവും, ഉപബോക്താവിന് വായ്പ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനും സാധിച്ചു. പഴയ തലമുറയിലുള്ള സ്വകാര്യ ബാങ്കുകളുമ സർക്കാർ പദ്ധതികൾ നടപ്പാക്കുന്നതിൽ പങ്കു ചേർന്നു.

പിന്നീട് സർക്കാർ നടപ്പിലാക്കിയ 'സർവ്വീസ് ഏരിയ അപ്രോച്ച്' പ്രകാരം ബാങ്കുകൾക്ക് വായ്പ നൽകുന്നതിനുള്ള സേവന മേഖല (വില്ലേജുകൾ, അല്ലെങ്കിൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി കോർപ്പറേഷൻ വാർഡുകൾ) നിർവചിക്കപ്പെട്ടു. സ്വകാര്യ ബാങ്കുകൾ ഉൾപെടെയുള്ള എല്ലാ ബാങ്കുകൾക്കും 'സർവ്വീസ് ഏരിയ' നൽകിയതോടെ അവർക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടതായി വന്നു.

ബാങ്കുകൾ അവർക്കു നൽകിയിട്ടുള്ള സേവനമേഖലയിൽ വായ്പകൾ വേണ്ട വിധം നൽകുന്നുണ്ടോ എന്ന് നിരീക്ഷിക്കുവാനും നിർദ്ദേശങ്ങൾ നൽകുവാനുമായി സംസ്ഥാനതല ബാങ്കോഴ്സ് കമ്മിറ്റിയും, ജില്ലാ തലത്തിൽ ഡിസ്ട്രിക്ട് കൺസൽറ്റേറ്റീവ് കമ്മിറ്റിയും ബ്ലോക്ക് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്. ഈ കമ്മിറ്റികളിലെല്ലാം തന്നെ ബാങ്കുകളുടെ പ്രതിനിധികളെ കൂടാതെ സർക്കാരിന്റെ വിവിധ വകുപ്പിന്റെ പ്രതിനിധികൾ അംഗങ്ങളാണ്. അതുകൊണ്ട് തന്നെ സർക്കാർ ന്ടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് ഒരു അവലോകനം ഈ സമിതികലുടെ യോഗങ്ങളിൽ നടക്കാറുണ്ട്. ഈ കമ്മിറ്റികളെ സംബന്ധിച്ചുള്ള ഒരു ചെറിയ വിവരണം താഴെ കൊടുക്കുന്നു.

## സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി (SLBC)

ഒരു സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാങ്കുകളുടെ വികസന പരിപാടികൾ നടപ്പിലാക്കുവാനും, ചർച്ച ചെയ്യുവാനുമുള്ള സമിതിയാണ് എസ്.എൽ.ബി.സി. ഇത് ഒരു ബാങ്കുകളുടെ സമിതിയാണെങ്കിലും, ഗവൺമെന്റിന്റെ ഉന്നത ഉദ്യോഗസ്ഥരും എസ്.എൽ.ബി.സിയിൽ അംഗങ്ങളാണ്. സംസ്ഥാനത്തിന്റെ സമഗ്രമായ വികസനത്തിനുള്ള ബാങ്കുകളുടെ പദ്ധതികളെപ്പറ്റി ചർച്ച ചെയ്യുകയും, അവ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടെണ്ടങ്കിൽ അവ പരിഹരിച്ച് സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുവാനുമുള്ള പരിപാടികൾ ആവിഷ്ക്കരിക്കുകയുമാണ് ഉദ്ദേശ ലക്ഷ്യം. ഓരോ സംസ്ഥാനത്തും ഓരോ ബാങ്കുകളേയാണ് എസ്.എൽ.ബി.സി യുടെ കൺവീനർമാരായ റിസർവ്വ് ബാങ്ക് നിയമിച്ചുട്ടുള്ളത്. കേരളത്തിൽ എസ്.എൽ.ബി.സി യുടെ ചുമതല കനറാ ബാങ്കിനാണ്.

## ഘടന

എസ്.എൽ.ബി.സി യുടെ ചെയർമാനും കൺവീനറും ഒരു ബാങ്ക് തന്നെയായിരിക്കും. റിസർവ്വ് ബാങ്ക്, നബാർഡ്, ഇതര ധനകാര്യ സ്ഥാപനങ്ങൾ, സംസ്ഥാനത്തെ എല്ല ജില്ലയിലേയും ലീഡ് ബാങ്ക് മാനേജർമാർ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാങ്കുകളുടെ ഉന്നത ഉദ്യോഗസ്ഥർ, സംസ്ഥാന സഹകരണ ബാങ്ക്, കെ.എഫ്.സി, റീജിയണൽ റൂറൽ ബാങ്ക് എന്നിവയുടെ പ്രതിനിധികൾ, സംസ്ഥാന ധനകാര്യസെക്രട്ടറി, ഗ്രാമ വികസന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവർ മെമ്പർമാരും, പട്ടികജാതി പട്ടിക വികസന വകുപ്പ്, ന്യൂനപക്ഷ സമുദായ വികസന ബോർഡിന്റെ അല്ലെങ്കിൽ കോർപ്പറേഷൻ എന്നിവയുടെ ഉന്നത പ്രതിനിധികൾ എന്നിവർ ക്ഷണിതാക്കളാണ്. ആവശ്യമെങ്കിൽ മറ്റ് വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരേയും എസ്.എൽ.ബി.സി യോഗത്തിന് ക്ഷണിക്കാവുന്നതാണ്. എസ്.എൽ.ബി.സി യിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളുടെ പ്രതിനിധികൾ തീരുമാനങ്ങൾ കൈക്കൊളളുവാൻ അധികാരപ്പെട്ടവരായിരിക്കണം എന്നാണ് റിസർവ്വ് ബാങ്ക് നിർദ്ദേശം

എസ്.എൽ.ബി.സി മീറ്റിംഗുകൾ 3 മാസത്തിലെരിക്കലെങ്കിലും കൂടേണ്ടതാണ്.

## പ്രവർത്തനം

1. കേന്ദ്രസർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ ധനകാര്യസ്ഥാപനങ്ങളുടെ പങ്ക് ഉറപ്പുവരുത്തുക.
2. സംസ്ഥാനത്ത് ബാങ്കിംഗ് സേവനം ലഭിക്കാത്ത മേഖലയിൽ അത് ലഭ്യമാക്കുവാനുള്ള നടപടികൾ എടുക്കുക.
3. സംസ്ഥാനത്ത് ബാങ്കുകളും സർക്കാരും തമ്മിലുള്ള ബന്ധവും അതുപോലെ തന്നെ റിസർവ് ബാങ്ക്, നബാർഡ് എന്നീ സ്ഥാപനങ്ങളുമായുള്ള ബന്ധവും ഉറപ്പുവരുത്തുക.
4. സംസ്ഥാനത്തെ ബാങ്കുകളുടെ വാർഷിക വായ്പ പദ്ധതി തയ്യാറാക്കുക.
5. ഗവൺമെന്റ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ ഓരോ ബാങ്കിനും വായ്പ നൽകേണ്ടുന്ന പദ്ധതിയിൽ അവർ നൽകേണ്ടുന്ന വായ്പകളുടെ എണ്ണവും തുകയും നിശ്ചയിക്കുക..
6. വിവിധ പദ്ധതികൾ നടപ്പിലാക്കുവാനായി സർക്കാരിന്റെ സഹായം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.
7. ബാങ്കുകൾക്ക് നൽകിയിട്ടുള്ള പ്ലാനുകൾ പ്രകാരം വായ്പകൾ നൽകുന്നുണ്ടോയെന്ന് പരിശോധിക്കുകയും, പോരായ്മകൾ ഉണ്ടെങ്കിൽ അത് നികത്താൻ വേണ്ട നടപടികൾ സ്വീകരിക്കുക.
8. ബാങ്കുകളുടെ വായ്പാ കുടിശികകൾ വസൂൽ ചെയ്യുന്നതിന് സർക്കാരിന്റെ സഹായം തേടുക.
9. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാങ്കുകളുടേയും, സർക്കാർ സ്ഥാപനങ്ങളുടേയും കൂട്ടായ പ്രവർത്തനത്തിനും അതുമൂലം വികസന പ്രക്രിയയിൽ ബാങ്കുകളുടെ പങ്ക് ഉറപ്പു വരുത്തുന്നതിനും എസ്.എൽ.ബി.സി ക്ക് സാധിക്കണമെന്നുള്ളതാണ് ഉദ്ദേശ ലക്ഷ്യം.
   ബാങ്കുകളുടെ ജില്ലാതല കൺസൽറ്റേറ്റീവ് കമ്മിറ്റി (ഉഇഇ)
   1972 ലെ ബാങ്കിംഗ് കമ്മീഷന്റെ നിർദ്ദേശപ്രകാരമാണ് ലീഡ് ബാങ്ക് പദ്ധതിയുടെ നടത്തിപ്പിനായി ഡി.സി.സി കൾ നിലവിൽ വന്നത്. ജില്ലയിൽ പ്രവർത്തിക്കുന്ന എല്ലാ ബാങ്കുകളും, സർക്കാർ പദ്ധതികൾ നടത്തിപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരും ഇതിൽ അംഗങ്ങളാണ്.

## ഘടന

| | | |
|---|---|---|
| ചെയർമാൻ | - | ജില്ലാ കളക്ടർ |
| കൺവീനർ | - | ലീഡ് ബാങ്ക് മാനേജർ |

മെമ്പർമാർ – ജില്ലാ പ്ലാനിംഗ് ഓഫീസർ, പ്രോജക്ട് ഓഫീസർ, ഡി.ആർ.ഡി.എ ജനറൽ മാനേജർ, ജില്ലാ വ്യവസായകേന്ദ്രം പട്ടികജാതി പട്ടിക വികസന കോർപ്പറേഷൻ, കൃഷി വകുപ്പ്, മൃഗസംരക്ഷണവകുപ്പ്, വെറ്ററിനറി, ഫിഷറീസ് വകുപ്പ്, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് എന്നിവയുടെ ജില്ലാതല വകുപ്പ് മേധാവുകൾ, റിസർവ് ബാങ്കിന്റെ ലീഡ് ഡിസ്ട്രിക്ട് ഓഫീസർ, നബാർഡിന്റെ ഡിസ്ട്രിക്ട് ഡവലപ്മെന്റ് മാനേജർ, ജില്ലാ സഹകരണ ബാങ്ക്, റീജിയണൽ റൂറൽ ബാങ്ക്, ഏറ്റവും കൂടുതൽ ശാഖകളുള്ള ജില്ലയിലെ അഞ്ചോ ആറോ വാണിജ്യ ബാങ്കുകളുടെ മേലധികാരികൾ, കെ.എഫ്.സി, കെ.വി.ഐ.ഇ, കെ.വി.ഐ.ബി എന്നിവർ മെമ്പർമാരാണ്.

ആവശ്യമെങ്കിൽ മറ്റുസ്ഥാപനങ്ങളിലേയോ, സർക്കാർ വകുപ്പിലേയോ ഉദ്യോഗസ്ഥരേയും ഡി.സി.സി മീറ്റിംഗിന് ക്ഷണിക്കാവുന്നതാണ്.

ഡി.സി.സി. യുടെ യോഗം മൂന്ന് മാസത്തിലൊരിക്കൽ ചേരണമെന്നതാണ് നിർദ്ദേശം

**പ്രവർത്തനം**

1. ജില്ലയിൽ നടപ്പിലാക്കുവാൻ യോജ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുക.
2. ബ്ലോക്കുതല പ്ലാനുകളുടെ അടിസ്ഥാനത്തിൽ ജില്ലയുടെ വായ്പാ പ്ലാൻ തയ്യാറാക്കുക.
3. ജില്ലയിലെ ബാങ്കുകൾക്ക് ഗവൺമെന്റും മറ്റും ഏജൻസികളും നടപ്പിലാക്കുന്ന വായ്പാ പദ്ധതിയിൻ കീഴിൽ നൽകേണ്ടണ്ടുന്ന വായ്പകളുടെ എണ്ണവും, അതുപോലെ തന്നെ തുകയും നിശ്ചയിക്കുക.
4. ഗവൺമെന്റ്, മറ്റു ഏജൻസികളും നടപ്പിലാക്കുന്ന വായ്പാ പദ്ധതികളിലുള്ള വായ്പാ വിതരണം ബാങ്കുകൾക്ക് നൽകിയ വിഹിതത്തിനനുസരിച്ച് നൽകുന്നുണ്ടേണ്ടായെന്ന് അവലോകനം ചെയ്ത് വേണ്ടണ്ട നടപടികൾ സ്വീകരിക്കുക.
5. വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടെണ്ടങ്കിൽ അത് ചർച്ച ചെയ്ത് പരിഹരിക്കുക.
6. ജില്ലാ വായ്പാ പ്ലാൻ പ്രകാരം ബാങ്കുകൾ ഓരോ വിഭാഗത്തിനും നൽകിയ വായ്പകൾ അവലോകനം ചെയ്ത് വേണ്ടണ്ട നടപടികൾ സ്വീകരിക്കുക.
7. വിവിധ വകുപ്പുകളിൽ നിന്നും പദ്ധതി നടത്തിപ്പിനായി ലഭിക്കേണ്ടണ്ടുന്ന സബ്സിഡി ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുക. കാലതാമസം ഒഴിവാക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.
8. ജില്ലയിൽ മുൻഗണനാ വിഭാഗത്തിന് അർഹമായ വായ്പ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുകയും, പിന്നോക്കാ വിഭാഗങ്ങളുടെ വായ്പ പദ്ധതികൾ വേണ്ടണ്ടവിധം നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടണ്ടത് ഡി.സി.സി യുടെ ചുമതലയാണ്. ഇവയുടെ നടത്തിപ്പിൽ ഏതെങ്കിലും വീഴ്ചയോ, അപാകതയോ ഉണ്ടെണ്ടങ്കിൽ അത് ബന്ധപ്പെട്ട ജില്ലാതല വകുപ്പുകളുമായി ചർച്ച ചെയ്ത് പദ്ധതികളുടെ നടത്തിപ്പ് സുഗമമാക്കണം. ആവശ്യമെങ്കിൽ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ട് വന്ന് പരിഹാരം തേടാവുന്നതാണ്.

## ബ്ലോക്ക് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി (BLBC)

**ഉദ്ദേശ ലക്ഷ്യം**

ലീഡ് ബാങ്ക് പദ്ധതികളുടെ വിവിധ വശങ്ങളെക്കുറിച്ച് ചർച്ചചെയ്യുവാനും ഗവൺമെന്റ് സ്പോൺസേർഡ് സ്കീമുകളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുവാനും, പുരോഗതി

പരിശോധിക്കുവാനും വേണ്ടണ്ടി.

**ഘടന**

ബ്ലോക്ക് ഡെവലപ്പമെന്റ് ഓഫീസറുടെ കീഴിലുള്ള വിവിധ വികസന വകുപ്പുകളും, പ്രസ്തുത ബ്ലോക്കിൽ പ്രവർത്തിക്കുന്ന ബാങ്ക് ശാഖകളുടെ മാനേജർമാരും ഉൾപ്പെട്ടതാണ് ബി.എൽ.ബി.സി.

ചെയർമാൻ – ജില്ലയിലെ ലീഡ് ബാങ്ക് മാനേജർ
കൺവീനർ–ബ്ലോക്ക് ഹെഡ്ക്വർട്ടേഴ്സിലുള്ള ലീഡ് ബാങ്കിന്റെ ശാഖാ മാനേജർ അല്ലാത്തപക്ഷം
ബ്ലോക്കിൽ ഏറ്റവും കൂടുതൽ ശാഖയുള്ള ബാങ്കിന്റെ ശാഖാ മാനേജർ
മെമ്പർമാർ
ബ്ലോക്ക് ഡെവലപ്പമെന്റ് ഓഫീസർ
ടെക്നിക്കൽ ഓഫീസർ (കൃഷി)
ടെക്നിക്കൽ ഓഫീസർ (മൃഗസംരക്ഷണം)
കമേഴ്സ്യൽ ബാങ്കുകളുടേയും, റീജിയണൽ റൂറൽ ബാങ്കുകളുടേയും, ജില്ലാ സഹകരണ ബാങ്കുകളുടേയും, ഭൂ വികസന ബാങ്കുകളുടേയും ശാഖാ മാനേജർമാർ
റിസർവ് ബാങ്കിന്റെ ലീഡ് ഡിസ്ട്രിക്റ്റ് ഓഫീസർ (ലഭ്യമെങ്കിൽ)
നബാർഡിന്റെ ഡിസ്ട്രിക്ട് ഡെവലപ്പമെന്റ് മാനേജർ (ലഭ്യമെങ്കിൽ)

ബി.എൽ.ബി.സി. മീറ്റിംഗിന്റെ കാലാവധി – 3 മാസത്തിലൊരിക്കൽ

**പ്രവർത്തനം**

1. വിവിധ ബാങ്ക് ശാഖകളുടെ വാർഷിക വായ്പ പദ്ധതികൾ പരിശോധിച്ച് ബ്ലോക്ക്തല വായ്പ പ്ലാൻ നിർമ്മിക്കുക.
2. ബ്ലോക്ക്തല വായ്പ പദ്ധതികൾ നടത്തിപ്പിലുള്ള പുരോഗതി പരിശോധിച്ച് ഓരോ ബാങ്ക് ശാഖയും അനുവദിച്ച വായ്പാതുക വിലയിരുത്തൽ
3. വായ്പാ പദ്ധതികൾ വിലയിരുത്തുമ്പോൾ ഉണ്ടണ്ടാവുന്ന പ്രശ്നങ്ങളെ വിലയിരുത്തി സർക്കാരിൽ നിന്നും ആവശ്യമായ സഹകരണം ഉറപ്പുവരുത്തൽ
4. കേന്ദ്ര – സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന വിവിധ വായ്പ പദ്ധതി നടത്തിപ്പിലുള്ള പുരോഗതിയും, ഗുണഭോക്താക്കളിൽ പ്രസ്തുത പരിപാടികൾ ഉണ്ടണ്ടാക്കുന്ന മാറ്റങ്ങളും വിലയിരുത്തൽ
5. പുതുതായി ആരംഭിക്കുന്ന ബാങ്ക് ശാഖകൾക്ക് സേവന മേഖല അനുവദിച്ച് കൊടുക്കൽ
6. വായ്പാ തിരിച്ചടവിനുവേണ്ടണ്ട സഹായം സർക്കാരിന്റെ സഹകരണത്തോടെ നടപ്പിലാക്കുക.

പദ്ധതികളുടെ നയപരമായ വിഷയങ്ങളോ, വ്യക്തിഗത പരാതികളോ ബി.എൽ.ബി.സി. യിൽ ചർച്ച ചെയ്യപ്പെടുകയോ ചെയ്യാറില്ല. പക്ഷേ അത്തരം വിഷയങ്ങൾ ഉണ്ടണ്ടാകുമ്പോൾ അത് മേലധികാരികളുടേയോ ബാങ്കുകളുടെ ജില്ലാതല കൺസൽറ്റേറ്റീവ് കമ്മിറ്റിയുടേയോ (ഡി.സി.സി) ശ്രദ്ധയിൽ കൊണ്ടുവരുവാൻ ശ്രദ്ധിക്കാറുണ്ടണ്ട്.

************************

| കൈപുസ്തകം തയ്യാറാക്കുന്നതിൽ മുഖ്യ പങ്കു വഹിച്ചവർ | | |
|---|---|---|
| 1 | കൃഷ്ണകുമാർ.ജി | 9895324375 |
| 2 | രേണുകുമാർ.എം. | 9496346320 |
| 3 | ജോസ് വർഗ്ഗീസ് .സി | 9846917592 |
| 4 | ബൈജു.ടി.വി | 9447238707 |
| 5 | ഹർഷകുമാർ. എൻ.ആർ | 9447084814 |
| 6 | പ്രകാശ് .എം. | 9447887332 |
| 7 | ഷാജി.കെ.ബി. | 9446430888 |
| 8 | സുകുമാരൻ. വി.എസ് | 9388551947 |
| 9 | അശോക് കുമാർ. പി.ആർ | 9447617751 |
| 10 | മുരളീധരൻ. പി | 9400301395 |
| 11 | ഉഷ. പി.ടി. | 9447374708 |
| 12 | ദിലീപ്കുമാർ.എസ്.ആർ | 9946105486 |
| 13 | ഔസേപ്പ്. പി.വി. | 9847531070 |
| 14 | പുഷ്പേന്ദ്രൻ. എം.ഒ | 9809083406 |
| 15 | രാജേന്ദ്രൻ | 9446176748 |
| 16 | കാളിദസൻ.എം.ജി | 9447050945 |
| 17 | മോഹൻകുമാർ.വി.കെ | 9495890015 |
| 18 | അജിത് കുമാർ. സി.ടി | 9447527301 |
| 19 | ശ്രീധരൻ.വി.കെ | 9497073324 |
| 20 | പി.ആർ.ആർ.എസ്.അയ്യർ | 9447215414 |
| 21 | ജയദേവൻ.പി,കെ | 9895287950 |
| 22 | രവീന്ദ്രനാഥൻ.എം.കെ | 9746342952 |

| ബന്ധപ്പെട്ട വെബ്സൈറ്റുകൾ<br>കേന്ദ്രാവിഷ്കൃത പദ്ധതികൾ – Centrally Sponsered Schemes (CSS) | | |
|---|---|---|
| 1 | ഗ്രാമവികസനം | www.crd.kerala.gov.in |
| 2 | കൃഷി | www. keralaagriculture.gov.in |
| 3 | മൃഗസംരക്ഷണം | www.animalhusbandry.kerala.gov.in |
| 4 | ക്ഷീരവികസനം | www.dairykerala.gov.in |
| 5 | മത്സ്യവികസനം | www.fishnet.kerala.gov.in |
| 6 | ഖാദി ആന്റ് വില്ലേജ് ഇൻഡ സ്ട്രീസ് | www. kvic.gov.in |
| 7 | മിനിസ്ട്രി ഓഫ് സ്മോൾ ആന്റ് മീഡിയം എൻർപ്രൈസസ് | www. msme.gov.in |
| 8 | കയർ ബോർഡ് | www. coirboard.gov.in |
| 9 | റബർബോർഡ് | www. rubberboard.gov.in |
| 10 | നാളികേര വികസന ബോർഡ് | www. coconutboard.nic.in |
| 11 | സ്പൈസസ് ബോർഡ് | www. indianspices.com |
| 12 | മിനിസ്ട്രി ഓഫ് ഫുഡ് പ്രൊസ സിംഗ് ഇൻഡസ്ട്രീസ് | www. mofpi.nic.in |
| 13 | മിനിസ്ട്രി ഓഫ് ഹാൻടി ക്രാഫ്റ്റ്സ് | www.handicrafts.nic.in |
| 14 | മിനിസ്ട്രി ഓഫ് ടെക്സ്റ്റൈൽസ് | www. texmin.nic.in |
| 15 | എന്റർപ്രൊണർഷിപ്പ് ഡവല പ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ | www. ediindia.org |
| 16 | നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് | www.en.nimsme.org |
| 17 | ഓഫീസ് ദി ഡവലപ്മെന്റ് കമ്മീഷണർ ഫോർ ഹാന്റലൂംസ് | www.handlooms.nic.in |

| | | |
|---|---|---|
| 18 | നാഷ്ണൽ സയൻസ് ആന്റ് ടെക്നോളജി എന്റർപ്രൊണർ ഷിപ്പ് ഡവലപ്മെന്റ് | www.nstedb.com |
| 19 | ടീ ബോർഡ് | www.teaboard |
| 20 | കോഫി ബോർഡ് | www.indiacoffee.org |
| 21 | എസ്.ഐഡി.ബി.ഐ | www.sidbi |
| 22 | വനവികസനം | www.keralaforest.gov |
| 23 | നബാർഡ് | www. nabard.org |
| 24 | ആരോഗ്യം, ശുചിത്വം | www. arogyakeralam.gov.in, www. Sanitation.kerala.gov.in |
| 25 | ടൂറിസം | www. keralatourism.org |
| 26 | വിദ്യാഭ്യാസം | www. dhsekerala.gov.in, www. vhse.kerala.gov.in, www. keralassa.org, www. education.kerala.gov.in |
| 27 | സാമൂഹ്യക്ഷേമം | www. swd.kerala.gov.in |
| 28 | പട്ടികവർഗ്ഗ വികസനം | www. scheduledtribekerala.gov.in |
| 29 | പട്ടികജാതി വികസനം | www. keralascdepartment.org |
| 30 | ഊർജ്ജ വികസനം | www. anert.gov.in |
| 31 | കില | www. kilaonline.org |

കോർഡിനേറ്റർ – എം.കെ.രവീന്ദ്രനാഥൻ
കില ഹെൽപ് ഡെസ്ക്ക്
04872204097



Cover & layout Design- Anu David

KILA

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുക്കാവ്, തൃശൂർ680581

ഫോൺ : 0487 2201768, 2200244